


# വ്യാകുലഭംഗപ്പാട്

Lillykutty A

## ന. കർത്താവിൻെറ

# വ്യാകുലപങ്കപ്പാട്

എമരിച്ച് അന്നക്കത്രീന
എന്ന കന്യക ധ്യാനപരവശങ്ങളിൽ കണ്ട
നമ്മുടെ കർത്താവീശോമ്ശിഹായുടെ

## കഷ്ടാനുഭവ ചരിത്രം.


വിവർത്തകൻ
റെവ. ഫാദർ പൌലോസ് സി. എം. ഐ.


(ശ്രേഷ്ഠാനുമതിയോടെ)


എൽത്തുരുത്ത്

സെൻറ് ജോസഫ്സ് ഐ. എസ്സ്. പ്രസ്സ്.

(പരിഷ്കരിച്ച 12-ാം പതിപ്പ്)

1960



നമ്മുടെ കർത്താവീശോമ്ശിഹായുടെ
തിരുപ്പാടുകൾ നമ്മെ രക്ഷിക്കട്ടെ.

# അവതാരിക.

എവ്മരീച്ച് അന്നക്കത്രീന എന്ന കന്യകയുടെ ധ്യാനങ്ങ ളിൽനിന്നു് "ന. കത്താവീശോമിശിഹായുടെ കഷ്ടാനുഭവചരിത്രം" എന്നു പേരായി, അന്യഭാഷയിൽ എഴുതപ്പെട്ട ഒരു പ്രബന്ധം ഞാൻ വായിപ്പാനിടയായി. ഇതിൽ ന. കത്താവിൻെറ പീഡകളും ദിവ്യകാരുണ്യസ്ഥാപനവും സംബന്ധിച്ചുള്ള സുവിശേഷചരിത്രങ്ങൾ വളരെ തെളിവും, പരമാത്ഥവും, സൂക്ഷ്മവുമായി വിവരിച്ചിട്ടുണ്ടു്. ആകയാൽ ഈ പുസ്തകം വായനക്കാരിൽ മനസ്താപകണ്ണുനീരും ദിവ്യകാരുണ്യം, കത്താവിൻ പാടുകൾ, മാതാവിൻ വ്യാകുലങ്ങൾ എന്നിവയിന്മേൽ അത്യന്ത അലിവും, സ്നേഹവും, ഭക്തിയും ഉളവാക്കുന്നതിനു് ഏററം ഉത്തമവും സഫലവുമായതാണെന്നതിനു് സന്ദേഹമില്ല. എന്നാൽ ന. കത്താവു് ഈ കന്യകക്കു് ഇവ വെളിപ്പെടുത്തിയതിൻെറ പ്രധാന ലാക്കായ, മേല്പറഞ്ഞ ഫലങ്ങൾ അനുഭവിക്കുന്നതിൽ നമ്മുടെ ഈ മലയാളത്തിലെ സഹോദരരും പങ്കുകൊള്ളണമെന്നുള്ള അത്യാഗ്രഹം നിമിത്തം, ഇതു് മലയാളഭാഷയിൽ പരിഭാഷപ്പെടുത്തുവാൻ ഞാൻ പരിശ്രമിച്ചു.

ജ്ഞാനവായനയെ, അറിവു് എന്ന ആത്മികസമ്പത്തു് നിറഞ്ഞിരിക്കുന്ന ഭണ്ഡാഗാരമെന്നു് പുണ്യവാന്മാരൊക്കെയും പേർ വിളിക്കുന്നുവെങ്കിലും ഈ സാരമായ സുകൃതാഭ്യാസത്തിൽ നമ്മുടെ ഈ നാട്ടുകാരായ സഹോദരക്കു്, തൽക്കാലം അത്ര അഭിരുചി വന്നിട്ടില്ലാസ്ലയാൽ, വിസ്താരമായ പ്രബന്ധങ്ങൾ വായിക്കുന്നതിൽ മടുപ്പും ചലിപ്പും അരോചകവും ഉളവായേക്കാമെന്നു് ഭയപ്പെട്ടു് ചുരുങ്ങിയ വാക്കുകളിൽ പല സംഗതികൾ ഒന്നിച്ചു് സൂചിപ്പിക്കുന്നതിനു് പ്രയത്നിച്ചു. കൂടാതെ ഇത്ര ആശ്ചര്യകരമായ കാഴ്ചകൾ കണ്ടവൾ ഇന്ന സ്ഥിതിക്കാരിയാകുന്നു എന്നു് ഒരു നിഴൽപോലെയെങ്കിലും അറിയുന്നതു് ചരിത്ര വിശ്വാസ്തതക്കു് അത്യാവശ്യമാകയാൽ നന്നാ സംക്ഷേപമായി മാത്രം അവളുടെ ചരിത്രവും ചേത്തിരിക്കുന്നു.

അവളുടെ കാഴ്ചവിവരണങ്ങളിലും സംഗതികൾ ഒന്നും വിടാതിരിക്കണമെന്നും, വാചകം ഏവരും ഗ്രഹിക്കത്തക്കവണ്ണം ലളിതമെങ്കിലും സംക്ഷേപമാകണമെന്നും മാത്രം കരുതിയതിനാൽ വാക്യരചനയിൽ ചില ന്യൂനതകളും പ്രതിപദതജ്ജമ എന്ന

തിൽനിന്നു് അല്പവ്യതിചലനവും ഭവിച്ചിരിക്കാമെങ്കിലും ഈ ചരിത്രം നല്ല ക്രീസ്തവൎക്കു് മഹാ വത്സല്യവിഷയമായി പ്രത്യക്ഷപ്പെട്ടകയാൽ ഈ പതിപ്പു് കുറെക്കൂടെ വിസ്തീൎണ്ണപ്പെടുത്തുകയും പരിഷ്കരിക്കയും ചെയ്തിട്ടുണ്ടു്.

വിശേഷിച്ചും ഈ വക പുസ്തകങ്ങൾ വായിക്കുന്നതിനുമുമ്പു് ചില സംഗതികൾ അവശ്യം അറിയേണ്ടതുണ്ടു്. എല്ലാ കാലങ്ങളിലും പരിശുദ്ധന്മാർ വൎത്തമാനം, ഭൂതം, ഭാവി എന്ന മൂന്നു് കാലങ്ങളിലേയും കാര്യങ്ങൾ സംബന്ധിച്ച മനുഷ്യബുദ്ധിക്കെത്തുവാൻ വഹിയാത്ത സംഗതികൾ ദൈവത്താൽ കണ്ടറിഞ്ഞു് അറിയിച്ചിട്ടുണ്ടു്. എന്നാൽ ഇപ്പോഴത്തെ മനുഷ്യർ ഇത്തരം കാഴ്ചകൾ വെറും മായാവിചാരങ്ങൾ എന്നും ദേഹത്തിൻെറ രോഗസ്ഥിതിയിൽനിന്നുളവാകുന്ന സ്വപ്നങ്ങളെന്നുംമാത്രം കരുതുമാറാകുന്നു. എങ്കിലും "അരൂപികൾ ദൈവത്തിൽനിന്നുള്ളവ തന്നെയൊ എന്നു് പരിശോധിപ്പിൻ" എന്ന വി. യോഹന്നാൻെറ സാക്ഷിക്കൊത്തവണ്ണം തിരുസ്സഭ എല്ലാ കാലങ്ങളിലും ഇപ്രകാരമുള്ള പരവശക്കാരായ പുണ്യാത്മാക്കളെ പരിശോധിച്ചു് പേരുവിളിക്കയും അവരുടെ പ്രബന്ധങ്ങളെ അംഗീകരിക്കയുംചെയ്തുവരാറുണ്ടു്. എന്നാൽ ഈ സമ്മതത്തിൻെറ താല്പൎയ്യം ആ പുസ്തകങ്ങളിൽ വിശ്വാസവിരുദ്ധങ്ങളില്ലെന്നും ക്രീസ്തവരിൽ പുണ്യവൎദ്ധനയ്ക്കു് ഉപകരിക്കുന്നവയാണു് എന്നും മാത്രമാകുന്നു. എന്തുകൊണ്ടെന്നാൽ കത്തോലിക്ക വിശ്വാസത്തിൻെറ അടിസ്ഥാനം ക്രീസ്തുവിൻ തിരുവചനങ്ങളും ശ്ലീഹന്മാൎക്കു് ലഭിച്ച വെളിപാടുകളും മാത്രമാകുന്നു. എന്നാലും തിരുസ്സഭ ഈ വിഷയത്തിൽ തൻെറ മക്കൾ തെററിപ്പോകാതിരിപ്പാനായി മൂന്നുവക പരവശങ്ങളെ ലക്ഷീകരിച്ചു് അതിൽ ദൈവത്തിൽനിന്നുള്ളതിനെ തിരിച്ചറിയുന്നതിനുള്ള അടയാളങ്ങളെ കാണിച്ചുതരുന്നുണ്ടു്. എങ്ങനെയെന്നാൽ:

1. സ്വഭാവപ്രകൃതിയാലും വിചാരശക്തിയാലുമുള്ളതു്. 2. ദൈവീകമായതും സ്വൎഗ്ഗീയവിഷയങ്ങളിലുള്ള സാഹചൎയ്യം നിമിത്തവും ഉള്ളതു്. 3 പൈശാചികതന്ത്രത്താലുള്ളതു്. ഇവ സംബന്ധിച്ചുള്ള സൂക്ഷ്മവിവരണങ്ങളും ലക്ഷണോക്തികളും പരിശോധനകളും മഹാ ശാസ്ത്രീയവും വിസ്തീൎണ്ണവുമാകയാൽ സംക്ഷേപമെന്നസ്ഥിതിയെ അതിക്രമിക്കും എന്നു് ഭയപ്പെട്ടു് അവയെ വിട്ടു്, അരൂപികളെ വേർതിരിക്കുന്നതിനു് തിരുസ്സഭ കാണിക്കു

ന്ന പോംവഴികൾ മാത്രം ഇവിടെ പറയുന്നു. അവയിൽ പ്രധാനമായതു്: വേദപാരഗരുടെ അഭിപ്രായത്തിനൊത്തവണ്ണം "അവയുടെ ഫലങ്ങൾകൊണ്ടു് അവയെ തിരിച്ചറിയാം" എന്ന വേദവാക്യംതന്നെ ഒന്നാകുന്നു. ആകയാൽ ഈ കാഴ്ചകൾ കാണുന്ന, ആൾ അവയെ നിബ്ബന്ധബുദ്ധ്യാ വിശ്വസിക്കുന്നൊ എന്നും തിരുസ്സഭയുടെ അഭിപ്രായത്തിനുതന്നെ ഭരമേല്പിച്ചുകൊണ്ടാണൊ അവയെ വെളിപ്പെടുത്തുന്നതു് എന്നും സാമാന്യരെപ്പോലെ അല്ലാതെ വിചാരിക്കപ്പെടുവാൻ ആഗ്രഹിക്കുന്നൊ എന്നും, കൈക്കൊള്ളുന്ന അസാമാന്യ വരങ്ങളെ പ്രശംസിക്കുന്നൊ എന്നും, അതുകളെ കേവലം മറച്ചു്, കീഴ്വഴക്കം നിർബന്ധിക്കുമ്പോൾ മാത്രമാണൊ വെളിപ്പെടുത്തുന്നതെന്നും, ഒടുവിൽ എളിമ, ആശാനിഗ്രഹം, കീഴ്വഴക്കം, ഉപവി എന്ന പുണ്യങ്ങളിൽ മേല്ക്കുമേൽ വദ്ധിക്കുന്നതിനു് പ്രയത്നിക്കുന്നൊ എന്നും മററും പരിശോധിക്കേണ്ടതാകുന്നു.

ദശ്നങ്ങളേയും സൂക്ഷ്മമായി പരിശോധിക്കണം. അവയിൽ വിശ്വാസവിരുദ്ധങ്ങളുണ്ടോയെന്നും അവ വേദാഗമങ്ങൾക്കും ശ്ലീഹന്മാരുടെ പാരമ്പര്യങ്ങൾക്കും യോജിക്കുന്നുവൊയെന്നും, തിരുസ്സഭ അവയുടെ പ്രതിപാദനത്തെ വിലക്കീട്ടുണ്ടോയെന്നും മററും ശോധനചെയ്യണം. എന്നാൽ ഈ സംഗതികൾ സംബന്ധിച്ചു് എമരീച്ചു് എന്ന കന്യകയിൽ ഒരു സംശയത്തിനും ഇടയില്ലെന്നു് ഈ അവതാരികയും താഴെ കാണുന്ന ഇവളുടെ ചരിത്രവും കാഴ്ചവിവരണങ്ങളും വായിക്കുന്നവക്കു് നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണു്. എന്തുകൊണ്ടെന്നാൽ, ഇവൾ ഈ കാഴ്ചകൾ വെറും സ്വപ്നങ്ങൾ എന്നു മാത്രം കരുതി പുറമെ വെളിപ്പെടുത്താതിരിക്കുമ്പോൾ കുമ്പസാരക്കാരനും ചില മെത്രാന്മാരും നിബ്ബന്ധിച്ചതിനാൽ മാത്രമാണു്, ശാസ്ത്രീയും സകലക്കും സമ്മതനുമായ ഒരു എഴുത്തുകാരനു് നാലുവഷത്തോളം അവയെ ചൊല്ലിക്കൊടുത്തു് എഴുതിച്ചതു്. എന്നുതന്നെയുമല്ല, കാഴ്ചകൾ പരവശക്കാഴ്ചക്കാരായ വി. ഇംദഗാദെ, ഫ്രാൻസിസ് അസീസ്സി, ജെനുവക്കത്രീന, സെയ്യനക്കത്രീന, ബ്രിജീത്ത, ബെർണ്ണാർദ്ദ്, ഇഗ്നാസിയോസ്സു്, കുരിശിന്റെ യോഹന്നാൻ, ത്രേസ്യാ മുതലായ മററും അനേകരുടെ കാഴ്ചകൾക്കു് തുല്യമായിരിക്കയും ചെയ്യുന്നു.

ഇവകളെപ്പററി ആലോചിക്കുമ്പോൾ എമരീച്ചു് എന്ന

കന്യക ദിവ്യവരത്താലാണ് ഇവ കണ്ടതെന്നു് നിസ്സംശയം കരുതാമെങ്കിലും തിരുസ്സഭയുടെ അഭിപ്രായത്തോടു് ചേൎന്നു് വിശ്വാസവിരുദ്ധങ്ങളതിലില്ലെന്നും ഭക്തിക്കുപകരിക്കുന്നവയാണെന്നും മാത്രം കരുതേണ്ടതാണ്. വിശേഷിച്ചും തിരുസ്സഭയിലെ അനേകം സൽഗുരുക്കളും പ്രത്യേകം ശാസ്ത്രത്തിലും, ഭക്തിയിലും, വൈദികശുശ്രൂഷാന്തിയിലും കീൎത്തിപ്പെട്ടവരായ റത്തിസബോനിലെ രണ്ടു് മെത്രാന്മാരും അതിതാല്പൎയ്യം ചെയ്തിട്ടാണ് ഈ പ്രബന്ധം പ്രസിദ്ധപ്പെടുത്തിയതു്.

ഒടുവിൽ എന്റെ അതിവത്സല സഹോദരരേ! വലിയ നോമ്പു് ദിവസങ്ങളിലെ ധ്യാനങ്ങളിൽ ഈ കന്യക കണ്ടു എഴുതിയ ഈ വിശേഷധ്യാനങ്ങൾ നിങ്ങൾ വായിച്ചു് ഹൃദയത്തിൽ അലിവും, സ്നേഹവും, കണ്ണുനീരും നിങ്ങളിൽ ഉളവാകുന്ന ആ സാഫല്യസമയങ്ങളിൽ ഇവ വായിപ്പാൻ നിങ്ങൾക്കിടവരുത്തിയ ഈ അയോഗ്യ സഹോദരനെ ഓൎത്തു്, വലത്തുഭാഗത്തു് തൂങ്ങിയ ആ പരിശുദ്ധ കള്ളൻ, ന. കൎത്താവിനോടു് പ്രാൎത്ഥിച്ചതുപോലെ, കൎത്താവേ! നിന്റെ രാജ്യത്തിൽ നീ വരുമ്പോൾ ഈ അയോഗ്യപാപിയെ ഓൎക്കണമെയെന്നു് ഒരു നെടുവീൎപ്പു് മാത്രം എരിവോടെ നിങ്ങൾ വിട്ടാൽ അതു് ഞാൻ ചെയ്ത ഈ അല്പശുശ്രൂഷയ്ക്കു് ധാരാളമായ പ്രതിഫലം ആയിയെന്നു് കരുതികൊള്ളുന്നു. വിശേഷിച്ചും നാം ഇരുഭാഗക്കാൎക്കും ഈ സുകൃതഫലങ്ങൾ സിദ്ധിപ്പാനായി നിങ്ങൾ പലപ്പോഴും പ്രത്യേകം നോമ്പുകാലത്തും ഈ പ്രബന്ധം ശ്രദ്ധയോടും മനസ്സലിവോടുംകൂടെ വായിക്കണമെന്നു് വിനയപൂൎവ്വം യാചിച്ചുകൊള്ളുന്നു.

എന്നു് ഏൽത്തുരുത്തു് ശുദ്ധീകരമാതാവിൻ ആശ്രമത്തിൽ നിന്നു് 1900-എടവം 1-ാംനു- മാലയാളത്തിലെ സുറിയാനി കൎമ്മലീത്ത ഗുരുക്കളിൽ ഒരുവൻ ത്രേ. പൌലോസ്.

## അഗുസ്തീൻ സഭാംഗമായ
## എമരീച്ച് അന്നക്കത്രീന എന്ന കന്യകയുടെ
## സംക്ഷേപചരിത്രം.

എമരീച്ച് അന്നക്കത്രീന എന്ന കന്യക ജെൎമ്മാന്യരാജ്യത്തിൽ ഫ്ലാംസ്ക എന്ന ഗ്രാമത്തിൽ 1774-ാം കാലം എമരീച്ച്. ബെൎണ്ണാൎദ എന്നും, ഹില്ലർ അന്ന എന്നും പേരുള്ളവരായ മാതാപിതാക്കന്മാരിൽനിന്നു് പിറന്നു. ഇവൾ പൈതൽ പ്രായത്തിൽ ശ്രു. ബെത്തലുമ്മായുടെ ഗാൎസ്യ അന്ന, പറദീസായുടെ ദൊമിനിക്കാ എന്ന രണ്ടു വാഴ്ത്തപ്പെട്ടവരോടു് തുല്യതയുള്ളവളായിരുന്നു. ഇവളുടെ കാവൽദൂതൻ ഒരു പൈതൽരൂപത്തിൽ ഇവൾക്കു് എപ്പോഴും കാണപ്പെടുമാറായിരുന്നു. എന്നാൽ കുറച്ചു് വളൎന്നു് വയലിൽ ആടുമേച്ചിരുന്നപ്പോൾ, നല്ല ഇടയനായ ദിവ്യരക്ഷിതാവു് ഒരു കൊച്ചിടയൻെറ രൂപത്തിൽ പലപ്പോഴും കാണപ്പെട്ടു് ഇവളെ സഹായിച്ചിരുന്നു.

ആ പ്രായംമുതൽതന്നെ ഇവൾക്കു് തഴക്കമായിരുന്ന എല്ലാവക അതിശയകാഴ്ചകൾനിമിത്തം, ദിവ്യമായ ഒരു അറിവു് ഇവൾക്കു് സിദ്ധിച്ചു. ദൈവജനനിയും പലപ്പോഴും മാധുൎയ്യസ്നേഹവും മഹിമയുമുള്ള ഒരു നാഥയുടെ ഭാവത്തിൽ പ്രത്യക്ഷയായി ദിവ്യപൈതലിനെ ഇവൾക്കു് കൂട്ടായി കൊടുക്കയും അവിടുന്നു് ഇവളോടു് നീ എന്നെ സ്നേഹിക്കുമെങ്കിൽ നിന്നെ ഞാൻ ആദരിച്ചു് സഹായിക്കുമെന്നു് വാക്കുകൊടുക്കയും ചെയ്യുമാറായിരുന്നു.

മററു് പല പരിശുദ്ധരും പ്രത്യക്ഷരായി അവരുടെ തിരുനാളുകൾക്കു് ഇവൾ ആസ്തമാക്കുന്ന പൂക്കെട്ടുകൾ സ്വീകരിക്കുമാറായിരുന്നു. എന്നാൽ ഈ കാഴ്ചകൾകൊണ്ടു് ഇവൾക്കു ഒരാശ്ചൎയ്യവും തോന്നാതെ, പരമാൎത്ഥതയോടെ മററു് സ്നേഹിതരോടെന്നപോലെ, അവരോടും പെരുമാറിയിരുന്നു. നന്നാ ചെറുപ്പത്തിൽതന്നെ വേദാഗമത്തിൽ മിക്ക ചരിത്രങ്ങളും ഒരു പ്രയാസവുംകൂടാതെ മററുള്ളവരെ പറഞ്ഞു കേൾപ്പിച്ചിരുന്നു.

ഏകദേശം ശൈശവംമുതൽതന്നെ വി. സിബില്ലീന, ഐദാ, ഉൎസുള എന്ന പുണ്യാത്മാക്കളെപ്പോലെ, സ്ഥൂലപരവും സ്ഥൂലരഹിതവും ആയവയിൽ നല്ലതും തണ്യതും ഏതെന്നും, ഐഹികവും പാരത്രികവുമായതു് ഏതെന്നും, ആശീൎവ്വ

ദിക്കപ്പെട്ടതും ശപിക്കപ്പെട്ടതും ഏതെന്നും തിരിച്ചറിവാനുള്ള വരം പ്രാപിച്ചിരുന്നു.

തന്മൂലം ബാല്യത്തിൽതന്നെ ഇതുവരെ ആരും കണ്ടുപിടിക്കാത്ത പ്രയോജനകരമായ മരുന്നുചെടികൾ വയലുകളിൽനിന്നു പറിച്ചുകൊണ്ടുവന്നു് തന്റെ തോട്ടത്തിൽ നടുകയും, നഞ്ചായവയും പ്രത്യേകം വല്ല മൂഢഭക്തിക്കൊ പൈശാചിക ക്രിയകൾക്കൊ ഉപയോഗിക്കുന്നവയും തിരിച്ചറിഞ്ഞു് പറിച്ചുകളകയും ചെയ്തിരുന്നു. വല്ലൊരു നിർമ്മര്യാദ പണ്ടു് വല്ലകാലത്തും നടന്നിട്ടുള്ള സ്ഥലത്തുകൂടെ കടപ്പാനിടവന്നാൽ ആ സ്ഥലത്തെ തിരിച്ചറിഞ്ഞു് വ്യസനിച്ചോടിപ്പോകയും, ആശീർവ്വദിക്കപ്പെട്ടതൊ പള്ളിയായി വല്ലപ്പോഴും അഭിഷേചിക്കപ്പെട്ടതൊ ആയ സ്ഥലത്തുകൂടെ കടന്നാൽ അതറിഞ്ഞു് അവിടെനിന്നു് ദൈവത്തെ സ്തുതിക്കുകയും ചെയ്തിരുന്നു. രോഗികൾക്കു് ദിവ്യകാരുണ്യം കൊണ്ടുപോകുന്ന ഗുരു വളരെ ദൂരത്തുകൂടെ പോകുന്നതായാലും അതറിഞ്ഞു് ഓടിച്ചെന്നു് ആരാധിക്കുമാറായിരുന്നു.

പരിശുദ്ധരുടെ തിരുശേഷിപ്പുകളിന്മേലുള്ള ഭക്തിനിമിത്തം, അവരുടെ അസ്ഥികൾ വെച്ചിരിക്കുന്ന അരുളിക്ക മുൻപു ഒരിക്കലും അവൾ കാണാത്തതായിരുന്നാലും, അതിലുള്ള പരിശുദ്ധരുടെ പേരുകളും അവരുടേയും ആ അരുളിക്കായുടേയും അറിയപ്പെടാത്ത ചരിത്രങ്ങളും കൂടെ വിവരമായി പറഞ്ഞിരുന്നു. ഇവളുടെ ആയുഷ്കാലം മുഴുവനും ശുദ്ധീകരണാത്മാക്കളുടെ നേരെ വളരെ സ്നേഹവും, ഭക്തിയും, അലിവുമായി ഇവളുടെ സകല പ്രവൃത്തികളും അവർക്കായി സമർപ്പിച്ചിരുന്നതിനാൽ പലപ്പോഴും ഇവൾ ഉറങ്ങുമ്പോൾ ഈ ആത്മാക്കൾ കൂട്ടമായി വന്നു് ഇവളെ ഉണർത്തി പള്ളിയിൽ തരുപ്പാഥ കഴിപ്പാൻ കൊണ്ടുപോയിരുന്നു. ഇവളുടെ ബാല്യംമുതൽ മരണംവരെ രോഗികളുടെനേരെ മഹാ അലിവും സ്നേഹവും നിറഞ്ഞു്, അവരുടെ മുറിവുകളേയും വ്രണങ്ങളേയും വെച്ചുകെട്ടുവാനും പൊറുപ്പിപ്പാനും സകല പ്രയത്നവും ചെയ്തും ഇവൾ സമ്പാദിച്ചിരുന്ന ഒട്ടുക്കത്തെ ചെമ്പുകാശുകൂടെ അവർക്കായി ചിലവിടുകയും ചെയ്യുമാറായിരുന്നു.

ഇവൾ ഞെരുക്കം, അരിഷ്ടം, ദുഃഖം, കുരിശു് എന്ന പള്ളിക്കൂടങ്ങളിൽ സാംഗോപാംഗം അഭ്യസിച്ചതിനാൽ, ദേഹത്തിൽ ജീവൻ നിലനിൽക്കേണ്ടതിന്നാവശ്യമായ ഭക്ഷണവും, ഉറക്കവും മാത്രമേ അതിനു് അനുവദിച്ചിരുന്നുള്ളു. ആയതും, വല്ലവരും

തിന്നുശേഷിച്ചതു മാത്രം തിന്നുകയും, അതിൽ നല്ല പങ്കു ദരിദ്രക്കു കൊടുക്കയും ചെയ്തിരുന്നു. കൂടാതേയും ഒരു തടിമേൽ കിടന്നു ഉറങ്ങുകയും ചെയ്തിരുന്നു. മുന്തിരിയുടെ ചിനപ്പുകൾ വെട്ടിയാൽ കായ്ക്കുന്നതുപോലെ, നമ്മുടെ ഹൃദയം ഞെരുങ്ങുന്തോറും നാം പുണ്യത്തിൽ അഭിവൃദ്ധി പ്രാപിക്കുമെന്നു അവൾ സദാ പറഞ്ഞിരുന്നു. എന്നാൽ ഇവളുടെ ചെറുപ്പംമുതൽതന്നെ ഇവൾ ജീവിക്കുന്നതിന്റെ അന്ത്യവും, അതു പ്രാപിപ്പാനുള്ള പോംവഴിയും, വരുംകാലങ്ങളിൽ സഹിക്കേണ്ടിവരുമെന്ന ഞെരുക്കങ്ങളും ഉപമിക്കുന്നതായ പലതരം കാഴ്ചകളും കണ്ടിരുന്നു.

പതിനാറുവയസ്സു പ്രായത്തിൽ ഒരു ദിവസം തോട്ടത്തിൽ വേല ചെയ്യുമ്പോൾ ഒരു കന്യകാശ്രമത്തിൽ മണി അടിക്കുന്നതു കേട്ട സമയം, അവൾക്കും കന്യകയാകണമെന്നുള്ള അത്യാശ തോന്നി. എന്നാലതു അവളുടെ ദാരിദ്ര്യംനിമിത്തം സാധിക്കായ്കയാൽ, മയങ്ങി തളൎന്നു പല ദിവസത്തേക്കു രോഗിണിയായിപ്പോയി. ആകയാൽ 20—ാം വയസ്സിൽ കന്യകയാകുന്നതിനു പണം സമ്പാദിക്കണമെന്നു കരുതി കിന്നരവായന അഭ്യസിപ്പാൻ പോയി; എങ്കിലും ദരിദ്രരെ സഹായിക്കണമെന്നുള്ള തടുക്കുവാൻ പാടില്ലാത്ത ആശനിമിത്തം മുൻ ഇവൾ സമ്പാദിച്ചിരുന്ന പണംകൂടെ ചിലവാക്കി എന്നു കാരണവന്മാർ അറിഞ്ഞു ഇവളെ അവിടെനിന്നും കൊണ്ടുപോന്നു.

കൎത്താവു തന്നെ സ്നേഹിക്കുന്നവൎക്കു തന്റെ പാടുകളിന്മേൽ ധ്യാനിപ്പാൻ മാത്രമല്ല, പിന്നെയൊ അതുകളിൽ പങ്കു കൊള്ളുന്നതിനുകൂടെ കൃപചെയ്യുമാറാകുന്നു. തന്മൂലം ഇവൾക്കു 24-വയസ്സായിരിക്കവെ, ഒരു ദിവസം ഈശോസഭക്കാരുടെ ഒരു ദേവാലയത്തിൽ ധ്യാനിച്ചിരിക്കുമ്പോൾ, പെട്ടെന്നു ഇവളുടെ തലയിൽ കഠിനമായതെങ്കിലും ഇമ്പമുള്ള ഒരു ഉഷ്ണംതോന്നി. ഉടനെ ദിവ്യകാരുണ്യം സ്ഥാപിച്ചിരിക്കുന്ന പീഠത്തിൽനിന്നു ദിവ്യമണവാളൻ ഒരു സുന്ദരബാലകന്റെ രൂപത്തിൽ വെണ്മയുള്ള വസ്ത്രം ധരിച്ചു, ഒരു കയ്യിൽ പുഷ്പമുടിയും, മറേറതിൽ മുൾമുടിയും പിടിച്ചുകൊണ്ടു അവളുടെ പക്കൽ വന്നു, നിനക്കിഷ്ടമുള്ളതു തെരഞ്ഞെടുത്തുകൊൾക എന്നു കല്പിച്ചു. അപ്പോൾ ഇവൾ മുൾമുടി ചോദിക്കയാൽ അതു ഇവളുടെ തലയിൽ വെച്ചുകൊടുത്തു അദ്ദേഹം മറഞ്ഞുപോയി. എന്നാൽ ഇവൾ അതു തലയിൽ അമൎത്തിപ്പതിച്ചുകൊണ്ടു അതിന്റെ വേദന മരണ

ത്തോളം ഇവൾ അനുഭവിച്ചതുകൂടാതെ, പലപ്പോഴും രക്തവും ഒലിച്ചിരുന്നു. ഈ ചരിത്രമെഴുത്തുകാരൻതന്നെ ഈ കന്യകയുടെ തലയിൽനിന്നു് രക്തം ഒലിച്ച മുക്കാട്ടു് മുതലായതു നനഞ്ഞിരിക്കുന്നതു് പലപ്പോഴും കണ്ടിട്ടുണ്ടു്.

കന്യകാശ്രമത്തിൽ ചേരണമെന്നുള്ള അവളുടെ അത്യാശ ഒടുവിൽ സാധിച്ചതു് ഇങ്ങനെയാണു്. അഗുസ്തിൻസഭക്കാരായ കന്യകകൾ തങ്ങളുടെ സഭയിൽ ഗുണലക്ഷണമുള്ള ഒരു യുവതിയെ ചേർപ്പാനാഗ്രഹിച്ചിരുന്നു എന്നാൽ ആ യുവതിയുടെ കാരണവന്മാർ തങ്ങളുടെ കുട്ടിയോടൊന്നിച്ചു് എമരീച്ചു് അന്നയെക്കൂടെ മഠത്തിൽ ചേർക്കാമെങ്കിൽ മാത്രമേ അവരുടെ കുട്ടിയെ അയയ്ക്കയുള്ളുവെന്നു് പറഞ്ഞതിനാൽ ഇവർ ഇവളെയും കൈക്കൊണ്ടു. ഇങ്ങനെ 1802 വൃശ്ചികം 13-ാംനു- നമ്മുടെ അന്ന നവസന്യാസിനിയായിച്ചേർന്നു.

പുണ്യാത്മാക്കൾക്കു് ഇഹത്തിൽവെച്ചു സഹിക്കേണ്ട പലവക ഞെരുക്കസങ്കടങ്ങൾ ഉണ്ടു്. എന്നാൽ സന്യാസാശ്രമവാസികളിൽ ഒരുവനെ ശ്രേഷ്ഠനും മററു സഹോദരരും ഇഷ്ടക്കേടായി പലപ്പോഴും കാരണംകൂടാതെ കുററപ്പെടുത്തുകയും ശാസിക്കയും കഠിനമായി ശിക്ഷിക്കയും ചെയ്ക എന്നുവന്നാൽ ആ ഞെരുക്കം ക്ഷമയോടെ സഹിക്കയെന്നതു് എത്രയും പ്രയാസമുള്ളതും മററെല്ലാററിനെക്കാൾ കർത്താവിന്റെ കുരിശിനോടു് ഒരുവിധം തുല്യതയുള്ളതുമാകുന്നു. ഇതത്രെ ഈശോ തന്റെ ഈ പ്രിയ മകൾക്കു് ചുമപ്പാനായി കൊടുത്ത ഒരു കുരിശു്; ഇതിനാൽ ഇവൾ ചെയ്യുന്നതും, പറയുന്നതും, വിചാരിക്കുന്നതുമെല്ലാം കപടഭക്തി നിമിത്തമാണെന്നും, ശാസനകൾ ഒന്നും മിണ്ടാതെ ക്ഷമിച്ചാൽ അതു് നിന്ദയാണെന്നും, മമറുള്ളവർ പലപ്പോഴും പറകയും ശാസിക്കയും ചെയ്തിരുന്നു. ഇതുകൂടാതെ ഇവൾ ഒരു പ്രകാരവും അവർക്കു് സഹിച്ചുകൂടാത്തവളാകുന്നു എന്നും, പിതൃധനം ഇല്ലാതെ സൌജന്യമായി ഇവളെ സഭയിൽ ചേർത്തതു് അബദ്ധമായി എന്നും സങ്കോചംകൂടാതെ പറകയും ചെയ്തിരുന്നു. ഇവളുടെ പരവശങ്ങൾ, ധ്യാനത്തിലെ കണ്ണുനീരു്, കൂടക്കൂടെയുള്ള ദിവ്യകാരുണ്യസ്വീകരണം എന്നിവകൊണ്ടു് അസൂയയും, വെറുപ്പും, ഇഷ്ടക്കേടുമായി, ഇവൾ ഒരുത്തനും ഒരിക്കലും കണ്ടുകൂടാത്ത ഒരു വസ്തുവായി തീർന്നിരുന്നു. എന്നുവരികിലും ഇവൾ ഇങ്ങനെ മററുള്ളവർക്കു് കുററത്തിനു് സദാ കാരണം ആകുന്നതിനാൽ മാത്രം വള

രെ ദുഃഖിച്ചിരുന്നതുകൂടാതെ തന്നോട്ട കാണിക്കുന്ന ഈ ഉപവി ക്കേട്ട് എന്ന കുററത്തിനുള്ള ശിക്ഷ തനിക്കുതന്നെ കല്പിക്കണമെന്നു് കർത്താവിനോട് മുട്ടിപ്പായി അപേക്ഷിക്കയും ചെയ്തിരുന്നു.

1802-ാം കാലം പിറവിത്തിരുനാളിൽ ഈ കന്യകയ്ക്കു് ചങ്കിനുനേരെ ഒരു കഠിനവേദന തുടങ്ങുകയും അതു് ഇവരം ഒന്നും മിണ്ടാതെ ക്ഷമിക്കയും ചെയ്തിരുന്നു. എങ്കിലും മററുള്ളവക്കു് ഇവളുടെ രോഗസ്ഥിതിയിന്മേൽ ഈഷ്യമായി, ഇവരം ആശ്രമത്തിനു് ഒരു അസഹ്യഭാരമായിതീർന്നല്ലൊ എന്നു് പലപ്പോഴും പറഞ്ഞിരുന്നു. എന്നാൽ 1812-ൽ ആ വേദനയുള്ള ഇടത്തിൽ ഒരു ചെറിയ കുരിശു് ചുവപ്പുനിറത്തിൽ തെളിവായി കാണപ്പെട്ടു.

1803-ാം കാലം വൃശ്ചികം 14-ാംനു- നമ്മുടെ കന്യകയ്ക്കു് 29 വയസ്സായിരിക്കെ, വലിയ പറഞ്ഞൊപ്പുകരം ചെയ്തു. ഇതിലിന്നെ ഇവളുടെ ദിവ്യമണവാളനു് ഇഷ്ടപ്പെടണമെന്നും, അദ്ദേഹത്തോടുചെയ്ത നേച്ച് നിറവേററണമെന്നുമല്ലാതെ, വേറൊരു വിചാരവും ഇവരംക്കുണ്ടായിരുന്നില്ല. മേല്പറഞ്ഞ വിരോധങ്ങളും, ഞെരുക്കങ്ങളും രോഗങ്ങളും എല്ലാം അനുഭവിച്ചിരുന്നെങ്കിലും ചിലപ്പോരം, മോക്ഷത്തിൽ ഇരിക്കുന്നതുപോലെയുള്ള ഹൃദയസന്തോഷവും അനുഭവിച്ചിരുന്നു. ഇതിനാൽ പലപ്പോഴും രാത്രി മുഴുവനും, ഇവളുടെ ചെറുപ്പംമുതൽ പരിചയിച്ചിരുന്നതുപോലെ കർത്താവിനോടു് സ്നേഹസംഭാഷണം ചെയ്യുന്നതിൽ ചിലവഴിച്ചിരുന്നു. ദിവ്യകാരുണ്യം ഉരംക്കൊള്ളുവാനുള്ള അത്യാശനിമിത്തം കഠിനവഷത്തിൽക്കൂടേയും രാത്രി മുറിവിട്ടു് പള്ളിവാതുക്കൽ ച്ചെന്നു സാഷ്ടാംഗംവീണു് പരവശയായി കിടക്കുന്നതു് ആശ്രമനടത്തുകാരൻഗുരു കാലത്തുവരുമ്പോരം കാണ്മാനിടയായിട്ടുണ്ടു്.

ഇവരം സങ്കീത്തിക്കാരിയായിരുന്നപ്പോരം പള്ളിയുടെ എത്ര ഉയന്ന സ്ഥലം വെടിപ്പാക്കുന്നതിനും ഒരു സഹായവും ഉപകരണവുംകൂടാതെ വാനാരൂപികളുടെ സഹായത്താൽ പറക്കുന്നതുപോലെ കയറിപ്പോയിരുന്നു. ഇതുപോലെയുള്ള മററനേക സംഭവങ്ങരം വിസ്താരഭയംനിമിത്തം ഉപേക്ഷിച്ചു്, മഗ്ദലൈത്താമറിയം ദെപ്പാസീസു് എന്ന പുണ്യവതിയുടെതുപോലെയാണു് ഇവളുടെയും ജീവിതം എന്നുമാത്രം പ്രിയ വായനക്കാരോടു് പറഞ്ഞുകൊള്ളുന്നു.

എമരീച്ചു് അന്നാ സ്വാഭാവികമായി ബലഹീനയായിരുന്നതുകൂടാതെ, ഇടവിടാതുള്ള നോമ്പും, പ്രായശ്ചിത്തവും, ഉറക്ക

മൊഴിച്ചലും അശ്രാന്ത ദേഹദണ്ഡവും മുഖാന്തിരം മിക്കപ്പോഴും രോഗിണിയായിരുന്നു. എന്നുതന്നെയുമല്ല പലരുടേയും പാപങ്ങൾക്ക് ശിക്ഷയായുള്ള ദീനങ്ങളും, ഇതരന്മാർ ക്ഷമയോടെ സഹിക്കാത്ത രോഗങ്ങളും ശുദ്ധീകരണാത്മാക്കളുടെ അവധി കുറയ്ക്കുന്നതിനും, ഇവളുടെ സ്വന്ത സഹോദരരുടേയും, തിരുസ്സഭയിൽ പലരുടേയും പാപങ്ങളെ പരിഹരിക്കുന്നതിനുമുള്ള രോഗങ്ങളും വേദനകളും മററും തൻെറമേൽ ഏററു് അവ തനിക്ക് കല്പിച്ചരുളുവാൻ ദൈവത്തോട്ട് അപേക്ഷിച്ചിരുന്നു. തന്മൂലം എപ്പോഴും പീഡിക്കപ്പെടുന്നതിന്നു് സംഗതിയായിരുന്നു എന്നു് ഈ എഴുത്തുകാരൻ മററുവഴിക്ക് അറിഞ്ഞിട്ട് ഇവളോട്ട് ചോദിച്ചപ്പോൾ മറയ്ക്കുവാൻ കഴിയാതെ സമ്മതിച്ചു.

ഈ രോഗങ്ങളുടെ ശമനത്തിനായി വൈദ്യന്മാർ വളരെ പ്രയാസപ്പെട്ടുവെങ്കിലും അവ സ്വർഗ്ഗീയാജ്ഞപ്രകാരം വരുന്നവയായിരുന്നതിനാൽ പറയത്തക്ക യാതൊരു ഗുണവും കണ്ടിരുന്നില്ലെന്നു തന്നെയുമല്ല, ഇവൾക്ക് ആ രോഗങ്ങൾ വളരെ ആകഷ്ണീയ വിഷയങ്ങളുമായിരുന്നു. ഏതന്മൂലം അസൂയ ഒരു കുററമല്ലെങ്കിൽ മാലാഖാമാർ നമ്മുടെ ഈ രോഗങ്ങളാൽ നമുക്കു സിദ്ധിക്കുന്ന യോഗ്യതകൾ കണ്ടു് അസൂയ വിചാരിച്ചേനെ എന്നിവൾ പറഞ്ഞിരുന്നു. എന്നാൽ ഇവൾ രോഗത്താൽ കഷ്ടപ്പെട്ടതിനെക്കാൾ തക്കതല്ലാത്ത ഔഷധങ്ങളാലാണ് അധികം കഷ്ടപ്പാടുകൾ അനുഭവിച്ചതു്. എങ്കിലും സകലതും ദൈവചിത്തത്തിന്നു് സമപ്പിച്ച് ക്ഷമിച്ചിരുന്നു.

ഒരു ദിവസം ഇവൾ ലംബേത്തുപുണ്യവാൻെറ പള്ളിയിൽ ഒരു പ്രത്യക്ഷകുരിശിനെ വണങ്ങുവാനായി മുട്ടുകുത്തിയിരിക്കുമ്പോൾ നമ്മുടെ കത്താവു് മാനുഷക്കായി അനുഭവിച്ച പാടുകളിൽ ഒരു പങ്ക് തനിക്കും അനുഭവിപ്പാൻ അനുഗ്രഹം ചെയ്യണമെന്നു് കത്താവിനോട്ട് സാദ്ധ്യമായി അപേക്ഷിച്ചു. ഉടനെ കൈകാലുകളിൽ ദുസ്സഹമായ വേദനയും പനിയും തുടങ്ങി. തന്മൂലം പലപ്പോഴും നടക്കുവാനും വേലചെയ്യുവാനുംകൂടെ പാടില്ലാതായിത്തീർന്നു.

1811 ധനു 3-ാംനു- ഇവളുടെ മഠം സക്കാർ പിടിച്ചു് കന്യാസ്ത്രീകളെ ഇറക്കിക്കളഞ്ഞെങ്കിലും, രോഗിണിയായ ഈ കന്യകയും ഒരു ശുശ്രൂഷിയും അവിടെ പാക്കുന്നതിനു് വിരോധിച്ചില്ല. പരദേശിയായ ഒരു വന്ദസ്സൻ ഗുരു ഇവരുടെ പള്ളി

യിൽ പൂജയുമണച്ചിരുന്നു. ഇവിടെ ഇവരുടെ സ്ഥിതി വളരെ ശോചനീയമായിരുന്നു. എങ്കിലും സകലത്തിലും ദൈവചിത്തത്തിന്നു കീഴ്പ്പെട്ടു് ആശ്വസിച്ചിരുന്നു. കർത്താവിന്നു് മനുഷ്യരുടെ മേലുള്ള സ്നേഹം മറക്കാതിരിപ്പാനായി അവിടത്തെ കുരിശിനെ ഇവളുടെ ഹൃദയത്തിൽ പതിക്കണമെന്നു് ചെറുപ്പംമുതൽ ഇവൾ അപേക്ഷിച്ചിരുന്നതു് ഇവിടെവെച്ചു് നിറവേറി. എങ്ങിനെയെന്നാൽ:

ചിങ്ങം 28-ാംനു- ആഗുസ്തീനോസുപുണ്യവാൻെറ തിരുനാൾ ദിവസം മേല്പറഞ്ഞ അപേക്ഷതന്നെ അത്യന്ത എരിവോടെ ആവർത്തിച്ചു്, ധ്യാനത്തിൽ പരവശയായിക്കിടക്കുമ്പോൾ ദിവ്യമണവാളൻ പതിവിൻപ്രകാരം പ്രത്യക്ഷനായി തൻെറ വലത്തെ തൃക്കൈകൊണ്ടു് ഇവളുടെ ഹൃദയത്തിന്മേൽ ഒരു കുരിശു വരച്ചു് മറഞ്ഞുപോയി. പിന്നീടു് ആ സ്ഥലത്തു് മൂന്നു വിരൽനീളത്തിലും ഒരു വിരൽ വീതിയിലും ഒരു കുരിശുഭാഷയിൽ തീപൊള്ളിയവണ്ണം പോളച്ചു് പൊട്ടി വെള്ളം ഒലിച്ചിരുന്നു. മറെറാരു ദിവസം ആ മനോഗുണംതന്നെ അപേക്ഷിച്ചു് പരവശയായിരിക്കുമ്പോൾ കർത്താവു് വീണ്ടും പ്രത്യക്ഷനായി വെള്ളമെഴുകുസമമായ ഒരു കുരിശു കൊണ്ടുവന്നു കൊടുക്കയും ഇവൾ ആശയോടെ അതു വാങ്ങി മാറിൽ അണച്ചു് തഴുകുകയും ചെയ്തുവേ അതിൻെറ ഛായ അവിടെ പതിയുകയുംചെയ്തു.

ന. കർത്താവിൻെറ പിറവി ദിവസത്തിൽ ഒരു കുരിശുകൂടെ ഇവളുടെ ഹൃദയത്തിൽ മുമ്പിലത്തെ കുരിശിൻെറ മീതെ കാണപ്പെടുകയും, ആദ്യം ബുധനാഴ്ചതോറും പിന്നീടു് വെള്ളിയാഴ്ചതോറും അതിന്മേൽ വെയ്ക്കുന്ന കടലാസ്സിൽ ആ സ്ലീവാ പതിയത്തക്കവണ്ണം രക്തം പുറപ്പെടുകയും ചെയ്തിരുന്നു. 1814-ൽ ഈ ചോരവിയപ്പു കുറഞ്ഞു് വെള്ളിയാഴ്ചകളിൽ അതു് തീപോലെ ചുവന്ന നിറമായി കാണപ്പെടുകയും, ദുഃഖവെള്ളിയാഴ്ചകളിൽ രക്തം പുറപ്പെടുകയും ചെയ്തിരുന്നു. ഇങ്ങനെയുള്ള കുരിശുകൾ മററു പല പരിശുദ്ധർക്കും ഉണ്ടായിട്ടുണ്ടു്. 1812-ധനു 29-ാംനു- ഉച്ചകഴിഞ്ഞു മൂന്നുമണിക്കു് ഒരു ദീർഘപരവശമുണ്ടായതിൽ ന. കർത്താവു് കുരിശിൽ തൂങ്ങിയ ഭാവമായി കാണപ്പെട്ടു് തൻെറ അഞ്ചു മുറിവുകളിൽനിന്നു് വീശിയിരുന്ന മൂച്ചയായ കതിരുകൾ ഈ കന്യകയുടെ കൈകാലുകളിലും വിലാവിലും പതിച്ചു് അഞ്ചു മുറിവുകളേല്പിച്ചു. ആ സമയം ഉണ്ടായ സ്നേഹവും ദുഃഖവും പറഞ്ഞറി

യിക്കാവതല്ലെന്നു് ഇവരം പറഞ്ഞിരുന്നു (അഞ്ചുമുറിവേററ പരിശുദ്ധരിൽ ഒന്നാമൻ വി. ഫ്രാൻസീസ് അസ്സീസിയാകുന്നു. പിന്നീട്ടു് ഉദ്ദേശം അമ്പതുപേരോളം ഈ പ്രത്യേകവരം പ്രാപിച്ചിട്ടുണ്ടു്.) എന്നാൽ നമ്മുടെ എമരീച്ചുകന്യക, ഇതിനോടെ മഹാ ക്ഷീണസ്ഥിതിയിലായെന്നു മാത്രമല്ല, ഭക്ഷണം അശേഷം അനുഭവിപ്പാൻ കഴിയാതെ വെള്ളംമാത്രം കുടിച്ചുകൊണ്ടു് അനേകനാരം ജീവിച്ചിരുന്നതു് വൈദ്യന്മാക്കു് ഗ്രഹിക്കുവാൻ വഹിയാത്ത ഒരു രഹസ്യവുമായി തീൎന്നിരുന്നു.

ഇവളിൽ സംഭവിച്ചിരുന്ന ഈ അതിശയങ്ങരം ഒക്കയും 1823 കുംഭം 15-ാംനു- വരെ ആരും അറിഞ്ഞിരുന്നില്ല; എങ്കിലും പിന്നീട്ടു് ഇവളുടെ ഒരു സഹോദരിക്കന്യകമൂലം അവ പരസ്യമായി. ആയതിനാൽ മീനം 28-ാംനു- മുതൽ വൈദ്യന്മാരും ശ്രേഷ്ഠന്മാരും കഴിച്ച അനേക പരീക്ഷണങ്ങരംക്കും, ശോധനകരംക്കും തീരുമാനങ്ങരംക്കും കീഴ്വഴക്കംമൊഴിത്തം ഇവരം കീഴ്പെടേണ്ടിവരികയും അതിനായി ഇവളെ വഴിമദ്ധ്യെ ഒരു ചെറിയ മുറിയിൽ അനേകനാരം താമസിപ്പിക്കയുംചെയ്തു. എന്നാൽ മുൻകാലങ്ങളിൽ ഈവക പരീക്ഷണങ്ങരം ശ്രേഷ്ഠന്മാർ രഹസ്യമായി കഴിച്ചിരുന്നെങ്കിലും ഇവളുടെ ക്ഷമയ്ക്കായി ദൈവചിത്തത്താൽ കൎത്താവിന്റെ തിരുമുറിവുകളെക്കൂടെയും മുഴുവൻ വിശ്വസിക്കാത്ത നാനാവിധ മനുഷ്യരുടെ നടുവിൽ രക്തംനനഞ്ഞ ഉടുപ്പും ധരിച്ചു ഇവരം കിടക്കേണ്ടിവന്നു.

1817-ൽ വൃദ്ധയായ ഇവളുടെ അമ്മ തന്റെ മകളുടെ മുറിവേററ കൈകൊണ്ടുതന്നെ ഒടുവിൽ തന്റെ കണ്ണടയ്ക്കുന്നതിനു് ആഗ്രഹിച്ചു് ഇവളുടെപക്കൽ വന്നപ്പോരം മകരം വളരെ ദയയോടെ അവളെ കൈക്കൊണ്ടു്, ആ ആണ്ടു്, മീനം 13-ാംനു- അമ്മയുടെ ആഗ്രഹം നിറവേററിക്കൊടുത്തു. എന്നാൽ ഇവളുടെ അപ്പൻ കുറെ മുമ്പെ മരിച്ചിരുന്നു. അഞ്ചുമുറിവു് കാണ്മാനും പരിശോധിപ്പാനും വന്നിരുന്നവർ മുഖാന്തിരം ഇവരം കുഴങ്ങി, പുറമെയുള്ള ആ അടയാളം മാററിക്കൊടുക്കണമെന്നു് കത്താവിനോടു് അപേക്ഷിച്ചു. ഏതന്മൂലം അധികമായി രക്തം ഒഴുകിയിരുന്ന കരപാദങ്ങളിലെ ആ മുറിവുകരം ഏഴാംവഷം ഉണങ്ങി പൊററയടന്നു് ഒരു വെള്ളവട്ടമാത്രം ശേഷിച്ചിരുന്നുള്ളു. എങ്കിലും വേദനയ്ക്കു് ഒരു കുറവും ഇല്ലായിരുന്നു. എന്നു തന്നെയുമല്ല, മാവ്വിലെ മുറിവും കുരിശടയാളവും, മുൻപോലെതന്നെ സ്ഥിതിചെയ്തിരുന്നു.

ചില പ്രത്യേക ദിവസങ്ങളിൽ തലയിലെ മുൾമുടി കൈകൊണ്ടു് പിടിച്ചമൎത്തിയാലെന്നപോലെ വേദന അനുഭവിച്ചിരുന്നതുകൂടാതെ, രക്തം ഒലിക്കയും ആ വേദനയാൽ തല കുനിപ്പാനോ കിടപ്പാനോ പാടില്ലാതെ ഒരു തലയിണമേൽ താങ്ങിയിരുന്നുകൊണ്ടു് പല രാത്രികൾ കഴിക്കയും ചെയ്തിരുന്നു.

എന്നാൽ ഈ ചരിത്രഎഴുത്തുകാരനു് ഈ സൂക്ഷ്മവിവരങ്ങൾ അറിവുകിട്ടിയതു് ഇപ്രകാരമാണു്: പുണ്യത്തിലും ശാസ്ത്രത്തിലും കീൎത്തിപ്പെട്ട സെയലർ എന്നു പേരായ ഒരു മെത്രാൻ ഇവളെ കാണ്മാൻ വന്നു്, പല ദിവസങ്ങൾ ഇവളുമായി സംഭാഷിക്കയും, ഇവളുടെ തലയിൽനിന്നും, മുറിവുകളിൽനിന്നും, കുരിശിൽനിന്നും രക്തമൊഴുകുന്നതു് താൻതന്നെ കണ്ടുബോധിക്കയും ചെയ്തിട്ടു്, പിൻതിരിഞ്ഞപ്പോൾ ഈ എഴുത്തുകാരനെ ഇവൾക്കു കാണിച്ചു്– "ഈയാളോടു് ഒന്നും ഒളിക്കാതെ സകല വിവരങ്ങളും പറയണം" എന്നു് ഇവളോടു പ്രമാണിച്ചു. എന്നുതന്നെയുമല്ല, ഇവളുടെ പതിവുള്ള ആത്മഗുരുവായിട്ടു് ഈ എഴുത്തുകാരനു് സംസൎഗ്ഗമുണ്ടായിരുന്നു. ഈ മെത്രാൻ ഒടുവിൽ ഇവളുടെ പാപസങ്കീൎത്തനം കേട്ടു് ദിവ്യകാരുണ്യവുംകൊടുത്തു് തമ്മിൽ വിട്ടുപിരിഞ്ഞപ്പോൾ അന്യോന്യം അപേക്ഷിക്കണമെന്നു കല്പിച്ചതുകൂടാതെ ഒടുക്കംവരെ ഇവളുടെനേരെ വളരെ താല്പൎയ്യവും, സ്നേഹവുമായി ഇവളുടെ ദുഃഖങ്ങളിൽ ആശ്വസിപ്പിച്ചുകൊണ്ടും ഇരുന്നു. ഈ എഴുത്തുകാരനും ഇവളുടെ മരണപൎയ്യന്തം ദിവസേന അറിയുന്നവ കുറിച്ചെടുത്തു് ക്രമമായി എഴുതിയിരുന്നു. എന്നാൽ പരവശങ്ങളും കാഴ്ചകളും മുറിവുകളുടെ അടയാളങ്ങളിൽനിന്നുള്ള ചോരവിയൎപ്പും അനവധി പ്രാവശ്യം ഉണ്ടായിട്ടുണ്ടെങ്കിലും സംക്ഷേപം നിമിത്തം അവയെല്ലാം വിട്ടിരിക്കുന്നു.

1821 കുംഭം 8–ാംനു- മറെറാരിടത്തു് നടന്നിരുന്ന ഒരു പുണ്യവാനായ ഗുരുവിന്റെ ശവസംസ്കാരസമയത്തു് ഇവൾ പരവശയായികിടക്കയിൽ ഒരുവൻവന്നു് നിനക്കെന്താണിപ്പോൾ സുഖക്കേടു് എന്നു് ചോദിച്ചതിനു് ഇവൾ പുഞ്ചിരിയോടെ "ഞാൻ ഒരു ശവസംസ്കാരത്തോടുകൂടെ ആയിരുന്നു; മരിച്ചവൎക്കായുള്ള പാട്ടുകളും തിരുസംഗീതങ്ങളും കുറച്ചു മുമ്പെ ഞാൻ കേട്ടിരുന്നു"എന്നുത്തരിച്ചു. അതിന്റെശേഷം മൂന്നാം വൎഷം ഈ ദിവസം കന്യക മരിക്കുമെന്നു് ഇവളുടെ ധ്യാനത്തിൽ അറിഞ്ഞു് ഈ എഴുത്തുകാരനോടു് ഇവൾ പറഞ്ഞറിയിച്ചു.

മീനം 30-ാംനു- പത്തുമണിക്കു് ഇവാം പരവശയായപ്പോാം മുറിവുകളിൽനിന്നു് രക്തം പുറപ്പെട്ടുകയും, ദേഹം സർവ്വാംഗം അടിപ്പെട്ടു് തൊലി ഉരിഞ്ഞപ്രകാരം കാണപ്പെട്ടുകയുംചെയ്തു. എന്നാൽ പിറെറക്കൊല്ലം ഇടവം 3-ാംനു- കരിശു കണ്ടെത്തിയ തിരുനാാംദിവസം ഇവളുടെ മാർവ്വിലെ കുരിശിൽ രക്തം പ്രത്യക്ഷപ്പെട്ടുകയും, വി. എലന്നാ കുരിശു കണ്ടെത്തിയ വിവരം തെളിവായി ഇവാം കാണുകയുംചെയ്തു.' കാഴ്ചക്കാരായ അനേക പുണ്യവാന്മാരുടെ ചരിത്രങ്ങളിൽ കാണുന്ന ആശ്ചര്യകരമായ സംഗതികാം മിക്കതും ഇവരിലും കാണ്മാനുള്ളതിനാൽ ദൈവം ഇവക്കു് നിയമിച്ച വഴിയും അതുതന്നെ എന്നു കരുതുവാനിടയുണ്ടു്.

പുണ്യാത്മാക്കാം തങ്ങളുടെ ജീവിതം മുഴുവൻ ഇടവിടാതുള്ള ദൈവാരാധനപ്രകരണമാക്കുന്നതിന്നായി അവരുടെ ദിനംപ്രതിയുള്ള ലൌകികവേലകളും വല്ല രൂപകാൎത്ഥംകരുതി ഈശോമ്ശിഹായുടെ യോഗ്യതകളോടൊന്നിച്ചു് ദൈവത്തിനു് അവയെ കാഴ്ചകൊടുക്കുമാറാകുന്നു. ഇവരിൽ ചിലർ ഇങ്ങനെയുള്ള പ്രവൃത്തിപരമായ ജീവിതംവിട്ടു് ധ്യാനപരമായ ജീവിതത്തിലേക്കു് കടക്കുമ്പോാം തങ്ങളുടെ ഈ ജ്ഞാനവേലകളെ മുൻ അവർ ചെയ്തിരുന്ന ലൌകിക വേലകളുടെ സാദൃശ്യത്തിൽ കാണുമാറാകുന്നു. മുമ്പു് അവരുടെ വേലകാം ജപങ്ങാംപോലെ ആയിരുന്നു. എന്നാൽ ഇപ്പോാം ഇവരുടെ ജപങ്ങാം ഒരുവക വേലകാംപോലെ ആകുന്നു; എങ്കിലും ദൈവസ്തുതിക്കായിട്ടു് എന്നുള്ള സാരമായ ലക്ഷണം അപ്പോഴും ഇപ്പോഴും മാറുന്നില്ല. ഇങ്ങനെയാണു് മുൻ അന്നക്കത്രീന എന്നവരുടെ ലൌകികവേലയായിരുന്ന കൃഷി, കളപറിക്കൽ, നെയിത്തു്, ആട്ടമേയ്ക്കൽ മുതലായവയുടെ സാദൃശ്യത്തിൽ ഇപ്പോഴത്തെ വൈദികവേലയായ തിരുസ്സഭയ്ക്കുവേണ്ടിയുള്ള ഇവളുടെ ജപങ്ങളെ അവാം കണ്ടിരുന്നതു്.

ആകയാൽ ഈ പലവക വേലകളിൽ തിരുസ്സഭയുടെ ഓരോ കാലത്തെ ആവശ്യം സൂചിപ്പിക്കുന്ന വേലകളെ ദിനംപ്രതി തിരുനാാം കൊണ്ടാടുന്ന പരിശുദ്ധരുടേയും തിരുസ്സഭയിലെ മററ പ്രത്യേക വരപ്രസാദങ്ങളുടേയും സഹായങ്ങളോടെ അനുപിയാൽ ഇവാം നിറവേററിയിരുന്നു. അതുകൊണ്ടു് മേല്പറഞ്ഞ വേലകാം വഴിയായി ഇവളുടെ ആത്മത്തിൽ നടന്ന അതിശയങ്ങളെ അറിയാം. അതെങ്ങനെയെന്നാൽ ഇവാം കുട്ടിയായിരിക്കുമ്പോാം ഇവളുടെ സഹോദരർ ഒന്നിച്ചു് തോട്ടത്തിൽ പുല്ലുപറിക്ക

വേ തിരുസ്സഭയെന്ന തോട്ടത്തിലെ കളകളെ നീക്കണമെയെന്നു് അപേക്ഷിക്കയും ആ സമയം അനുഭവിക്കേണ്ടിവരുന്ന അസഹ്യതയും, മടിയന്മാർ പറിക്കാതെ ഉപേക്ഷിച്ച പുല്ലുകൾ ഇവൾതന്നെ പറിപ്പാൻ ഇടവരുമ്പോൾ ഉണ്ടാകുന്ന നൊമ്പരവും ദൈവത്തിന്നു കാഴ്ചവെച്ചു്, തിരുസ്സഭയുടെ ഇടയന്മാരിൽ മടിയുണ്ടാകാതെ അവരെ ജാഗ്രതയുള്ള വേലക്കാരാക്കണമെയെന്നു് അപേക്ഷിക്കയും ചെയ്തിരുന്നു.

എന്നു തന്നെയുമല്ല ഇവളുടെ ജീവിതം മുഴുവനിലും നിരന്തരമായുണ്ടായിരുന്ന പരവശങ്ങളിൽ പലപ്പോഴും, കൈകൾകൊണ്ടു് കള പറിക്കുംവണ്ണം ആംഗ്യം കാണിച്ചിരുന്നു. ഇങ്ങനെ ഒരു ദിവസം കാലത്തു് തന്റെ കൈകൾക്കു് ചൊറിച്ചലും നോവും തോന്നുന്നുയെന്നു പറഞ്ഞപ്പോൾ മററുള്ളവർ സൂക്ഷിച്ചു നോക്കുകയും അപ്പോൾ കൈകൾ തണുത്തും കഠിനവേല ചെയ്താലെന്നപോലെ വീങ്ങിയിരിക്കുന്നതും കാണ്മാൻ ഇടയാകയുംചെയ്തു. ഇതിന്റെ കാരണം ചോദിച്ചപ്പോൾ "ആ! എനിക്കു് മുന്തിരിത്തോട്ടത്തിൽനിന്നു് വളരെ പുല്ലുകൾ പറിപ്പാനുണ്ടായിരുന്നു; അവ പറിക്കേണ്ടിയിരുന്നവർ മടിയാൽ അതിന്റെ വേരു പറിക്കാതെ തണ്ടുകൾമാത്രം പൊട്ടിച്ചതുകൊണ്ടു് ആ കൽഭൂമിയിൽനിന്നു് വേരു പറിച്ചെടുപ്പാൻ ഞാൻ വളരെ പ്രയത്നിക്കേണ്ടിവന്നു" എന്നു് പറഞ്ഞു. ഇത്ര മടിയന്മാരാരെന്നു ചോദിച്ചവരോടു് "പക്ഷെ നീ തന്നെ അതിൽ ഒരുവനായിരിക്കാം; എന്തുകൊണ്ടെന്നാൽ സൂക്ഷമില്ലാതെ നമസ്കരിക്കുന്നവർ വേരു പറിക്കാത്ത മടിയന്മാരാണു്" എന്നു ഉത്തരിച്ചു.

എന്നാൽ ഇവളുടെ കാഴ്ചകളിൽ, പ്രയത്നിക്കാതെ കാടുപിടിച്ചു കിടക്കുന്ന മുന്തിരിത്തോട്ടത്തിന്റെ സാദൃശ്യത്തിൽ കാണിക്കപ്പെട്ട പല രൂപതകൾക്കായി അപ്പോൾ ഇവൾ അപേക്ഷിച്ചിരുന്നതിനാലാണു് ഇത്ര പ്രയത്നങ്ങൾ ആ തോട്ടത്തിൽ ഇവൾ ചെയ്യേണ്ടിവന്നതു്. ഈ വേലകൾ അരൂപിയാലായിരുന്നുവെങ്കിലും ദേഹംകൊണ്ടുകൂടെ അവ നിറവേററിയവണ്ണം കൈമേൽ മുള്ളുകൊണ്ടു് കീറിയും മററുമുള്ള ലക്ഷണങ്ങൾ പിന്നീടും കണ്ടിരുന്നു; എന്നു തന്നെയുമല്ല ഈ പ്രയത്നങ്ങളുടെ ഫലം ആ രൂപതകളിലും കണ്ടിരുന്നു. ഇതുപോലെ ആത്മാവിന്റെ പ്രയത്നലക്ഷ്യങ്ങൾ ദേഹത്തിന്നുകൂടെയും പററുന്നതു പരവശക്കാരായ മററനേകർക്കും ഉണ്ടായിട്ടുണ്ടു്. ഇതിൽ വിശ്വാസവിരുദ്ധം ഒരു

മില്ല. വി. ഈറാനീമ്മോസ് പറയുംവണ്ണം ശ്ശു. പാവുള, കൊളുമ്പാ, ലുദിവിനാ മുതലായവർ പരവശത്തിൽ അരൂപിയാലെ തിരുസ്ഥലങ്ങൾ സന്ദർശിക്കവേ ദേഹംകൊണ്ടുകൂടെ ആ പ്രയാണം ചെയ്താലെന്നപോലെ ക്ഷീണവും കാലിന്മേൽ കല്ലും മുള്ളും കൊണ്ടപോലെയുള്ള സകല ലക്ഷ്യങ്ങളും പാരവശ്യം തെളിഞ്ഞിട്ടും, ദേഹത്തിൽ കണ്ടിരുന്നതുപോലെതന്നെ ഈ കന്യകയിലും, ഈവക പ്രയത്നങ്ങളുടെശേഷം മേല്പറഞ്ഞ അടയാളങ്ങൾ കണ്ടിരുന്നു.

എന്നാൽ ഇവരുടെ പ്രയാണങ്ങൾ ഇവരുടെ കാവൽമാലാഖായെ പിൻചെന്നുകൊണ്ട് സമീപെയുള്ള പള്ളിയിൽനിന്നാണ് ആരംഭിച്ചിരുന്നത്. വിശുദ്ധ ഭൂമിയും തിരുസ്ഥലങ്ങളും ഇവൾ സന്ദർശിച്ച വൃത്താന്തങ്ങൾ ഇവൾ എഴുതിയ കർത്താവിന്റെ പീഡകളുടെ ചരിത്രത്തിൽ വിവരിച്ചിരിക്കുംവണ്ണംതന്നെയത്രെ. ഇവൾ തിരുസ്സഭയുടെ അനുദിനതിരുനാൾ വിഷയങ്ങളിന്മേൽ ധ്യാനിക്കുമ്പോൾ, ആ തിരുനാളുകൾ സംബന്ധിച്ച് അതത് ചരിത്രങ്ങൾ സംഭവിച്ച ഇടങ്ങളിൽ ഇവൾക്കൂടെ അരൂപിയാൽ സന്നിഹിതയായിരുന്നതിനാൽ ചിലപ്പോൾ ഒരു വൎഷത്തിനിടക്ക് ലോകം മുഴുവനും സഞ്ചരിപ്പാൻ സംഗതി വന്നിരുന്നു. ഇവളുടെ ഈ ദീൎഘപ്രയാണത്തിനിടക്ക് പലരേയും ആത്മശരീരസംബന്ധമായ കാൎയ്യങ്ങളിൽ മുൻപറഞ്ഞ മുറയ്ക്ക് ഓരോതരം വേലകൾ വഴിയായി സഹായിച്ചിരുന്നു. ഇങ്ങനെ വൎഷാവൎത്തനയിൽ മുൻ കണ്ട ആളുകളേയും സ്ഥലങ്ങളേയും വീണ്ടും കാണുമ്പോൾ ഒരു വൎഷത്തിനിടക്ക് അവരിൽ ഉണ്ടായ പുണ്യവൎദ്ധനയൊ പാപങ്ങളൊ അവരോടറിയിച്ചിരുന്നു.

ഈ വക ജ്ഞാനവേലകൾ എല്ലാം എപ്പോഴും തിരുസഭയേയും ഭൂമിയിലുള്ള ദൈവരാജിതത്തേയും സംബന്ധിച്ചായിരുന്നു. എന്നാൽ ദിവസേനയുള്ള ഈ പ്രയാണങ്ങളുടെ അവസാനം പറഞ്ഞോപ്പിന്റെ നാട്ടിൽക്കൂടി ആയിരുന്നതിനാൽ ഇതിന്റെ എല്ലാ അംശങ്ങളും ഇവൾ നടന്നുകണ്ടിട്ടുണ്ട്. എന്നാൽ അതു് ചിലപ്പോൾ കൎത്താവിന്റെ കാലത്തെ സ്ഥിതിയിൽ, മറെറാരിക്കൽ അതിനു മുമ്പിലത്തെ സ്ഥിതിയിൽ; പിന്നൊരിക്കൽ അദ്ദേഹത്തിന്റെ അറിയിപ്പിന്റെ ശേഷമുള്ള സ്ഥിതിയിൽ; ഇങ്ങനെ പല കാലഘട്ടങ്ങളുടെ സ്ഥിതികളിലാകയാൽ ആ പകൎപ്പുകൾ വിവരമായി കണ്ടിരുന്നു. പ്രത്യേക ദൈവാനുമതിയാലുള്ള

ഈ കാഴ്ചകളാൽ വേദാഗമത്തിൽ ഇരുനിയമങ്ങളും, അതിൽപ്പെട്ട സ്ഥലങ്ങളും, ആളുകളും, സംഭവങ്ങളും മുതലായവയും, ഇവരു ധ്യാനിക്കുന്ന ഓരോ പുണ്യവാൻെറ ചരിത്രം, ഞതിൽപ്പെട്ട ആളുകളും, മററു തിരുനാളുകളുടെ ആരംഭങ്ങളും, സാരങ്ങളും, അത്ഭുതങ്ങളും മുതലായവയും, കത്താവിൻെറ പരസ്യജീവിതത്തിൽ സ്വർഗ്ഗാരോഹണംവരെയുള്ള ആ മൂന്നുവർഷത്തെ സംഗതികളും പന്തക്കുസ്ത കഴിഞ്ഞു് പല ആഴ്ചകളുംവരെയുള്ള ശ്ലീഹന്മാരുടെ ചരിത്രവും എത്രയും വിവരമായും കൃത്യമായും കണ്ടറിഞ്ഞിരുന്നു. എന്നാൽ ഇവരു ഈ മനോഹര കാഴ്ചകളാൽ ആത്മിക സന്തോഷത്തിൽ നിമഗ്നയാകുക മാത്രമല്ല ചെയ്തിരുന്നതു്: പിന്നെയൊ മ്ശിഹായുടെ പാടുകളുടെ അളവററ യോഗ്യതകളാൽ വീണ്ടെടുത്ത സുഭിക്ഷവും ഫലവത്തുമായ തിരുസഭയെന്ന ഭൂമി തക്കവെണ്ണം കൃഷിചെയ്യാതെ കിടക്കുന്നതു കണ്ടു് തിരുസഭയുടെ അവകാശമായ കത്താവിൻെറ യോഗ്യതകൾ തിരുസഭയ്ക്കുതന്നെ നൽകണമെന്നു് പരമാത്ഥതയോടെ ദൈവത്തോടു് പ്രാത്ഥിച്ചിരുന്നു. എന്നാൽ ഇവളുടെ പുറമെയുള്ള ക്രിസ്തീയജീവിതത്തിൽ ഈ കാഴ്ചകൾ ഒരു ചരിത്രമെന്നോ, അതിസാരമായ വിവരണങ്ങളെന്നോ അശേഷം കരുതാതെ ചെറുപ്പത്തിൽ പഠിച്ച വേദോപദേശവും, ഞായറാഴ്ചകളുടേയും തിരുനാളുകളുടേയും സുവിശേഷചരിത്രവുംമാത്രം സ്ഥിരമായി വിശ്വസിച്ചിരുന്നു. എങ്കിലും വിസ്താരമായ സ്വപ്നവനികളിൽ മാഗ്ഗദശിയായി സ്ഥാപിച്ചിട്ടുള്ള കമ്പിപോലെ ഈ വിശ്വാസത്തെ ഉപയോഗിച്ചു് ആ കമ്പി പിടിച്ചുകൊണ്ടു് അതതുദിവസത്തെ പുണ്യവാൻെറ സഹായത്തോടെ ഇവളുടെ വിസ്താരമായ കാഴ്ചകളിൽ ഓരോ രഹസ്യത്തിൻെറ പക്കൽചെന്നു് അതിലെ ആദ്ധ്യാത്മികമായ ദ്രവ്യങ്ങൾ പെറുക്കി എടുത്തിരുന്നു.

ഇവളുടെ ജീവിതകാലം മുഴുവനും ഇവരു തിരുസഭയെയും പ്രത്യേകം പീഡിതരായ അതിലെ ചില അവയവങ്ങളേയും പ്രതി അനേകം കഷ്ടപ്പാടുകൾ അനുഭവിച്ചിരുന്നു. അതെങ്ങിനെയെന്നാൽ; കുറെ ദിവസങ്ങൾക്കിടയിൽ ക്ഷയരോഗത്താൽ ഉണ്ടാകുന്ന മരണത്തിന്നടുത്ത സകല ലക്ഷണങ്ങളും പെട്ടെന്നു് ഇവളിൽ കണ്ടിരുന്നു. പനി, ചുമ, നെഞ്ചുവേദന മുതലായവയോടെ മഹാ മനോദുഃഖവിഷാദങ്ങളും, ശരണക്കേടു്, ദ്വേഷ്യം മുതലായ മററനേകം സഹിക്കരുതാത്ത പരീക്ഷകളും ഒന്നിച്ചു

കൂടി വന്നതിനാൽ ഇടവിടാതെ കരഞ്ഞുകൊണ്ടു് മരിക്കത്തക്ക സ്ഥിതിയിലായി. ഇങ്ങനെയിരിക്കെ ഒരു ദിവസം പെട്ടെന്നു് ഇവൾ ചാടി എഴുന്നേററു് "മരണപ്രമാദത്തിൽ ഇരിക്കുന്ന ഒരാളെക്കുറിച്ചു നാം പ്രാർത്ഥിക്ക" എന്നുപറഞ്ഞു് മുട്ടുകുത്തി പ്രാർത്ഥിച്ചു. അതു് കഴിഞ്ഞപ്പോൾ പള്ളിയിൽ മരിച്ചവർക്കായുള്ള മണി അടിക്കുന്നതു് കേട്ടതിനോടെ ഇവളുടെ രോഗവും ഞെരുക്കങ്ങളും അശേഷം മാറി സുഖമായി. എന്നുതന്നെയുമല്ല, കണ്ടുപരിചയമുള്ള ഒരു യുവാവു് ഇവളുടെ പക്കൽ വന്നു് അപ്പോൾതന്നെ മരിച്ച അവൻെറ സഹോദരിയുടെ രോഗവിവരങ്ങൾ പറഞ്ഞു കേൾപ്പിച്ചു. എന്നാൽ അവ സകലവും അല്പംമുമ്പു് ഇവൾക്കുണ്ടായതിനോടു് ശരിയായി ഒത്തിരുന്നു. ആകയാൽ ആ മരിച്ചവൾ ആശ്വാസമായി മരിക്കേണ്ടതിനു് അവളുടെ സകല പീഡകളും ഇവൾ ദൈവത്തോടു് അപേക്ഷിച്ചു് വാങ്ങിയതാണെന്നു് ഏവരും ഗ്രഹിച്ചു.

ഇതുപോലെതന്നെ മറെറാരിക്കൽ ഇവളുടെ ഒരു സ്നേഹിതൻ മഹാ ദുഃഖസാഗരത്തിൽ മുഴുകി ഇവളുടെ കട്ടിലിന്നരികെ ഇരുന്നു് വിലപിക്കുമ്പോൾ പെട്ടെന്നു് ഇവൾ പരവശയായി, "കർത്താവേ! ഈ ഭാരം ഞാൻതന്നെ ചുമക്കാൻ അനുവദിക്കണമെ" എന്നപേക്ഷിക്കുന്നതു കേട്ടു്, അവൾ എന്താണു് ഈ പറയുന്നതെന്നു് ചോദിച്ചപ്പോൾ "ഞാൻ കർത്താവിനോടുകൂടെ ഗോല്ഗൊത്തേക്കുള്ള യാത്രയിൽ ആണു്: ഒരു പാവപ്പെട്ടവൻ എടുക്കരുതാത്ത ഒരു ചുമടിൻകീഴു് നന്നാ ഞെരുങ്ങുന്നതു് ഞാൻ കാണുന്നു" എന്നുത്തരിച്ചു. പാരവശ്യം തെളിഞ്ഞപ്പോൾ അവൻെറ ദുഃഖഞെരുക്കങ്ങൾ മുഴുവൻ നീങ്ങി, അതെല്ലാം ഇവളിലായി കാണപ്പെട്ടിരുന്നു. ഇതുപോലെയുള്ള സംഭവങ്ങൾ കണക്കില്ലാത്തവണ്ണമുണ്ടു്. അന്യരുടെ രോഗങ്ങളും, കഠിന പരീക്ഷകളും, ഞെരുക്കങ്ങളും തൻെറമേൽ ഏററിരുന്നതിനാൽ വളരെ പാടുപെടുന്നതിനു് സംഗതിയായിരുന്നു.

ഇവളുടെ ജപങ്ങൾ സഫലമാകുന്നതു് മുൻപറഞ്ഞപോലെ, ഓരോതരം വേലകളുടെ സാദൃശ്യത്തിൽ ആയിരിക്കുന്നതിനാൽ 1820-ൽ ഇവൾ അപേക്ഷിച്ചിരുന്ന പല രൂപതകളുടെ ഗുണത്തിനായി അനേക പ്രയത്നങ്ങൾ ചെയ്യേണ്ടിവന്നു. കന്നി 6-ാംനു- ഇവളുടെ സ്വർഗ്ഗീയ കാവൽക്കാരൻ ഇവളോടു് പറഞ്ഞതായതു്: നീ മുന്തിരിത്തോട്ടത്തിൽ കളപറിച്ചു് അവ കുഴി

ച്ചുമൂടി കട കിളച്ച് വളവുമിട്ട് തണ്ടുകളുടെ ചിനപ്പുകൾ വെട്ടി
വെടിപ്പാക്കിയുംകൊണ്ട്, തോട്ടത്തിൽനിന്നുപോയി പ്രാൎത്ഥന
വിട്ട് സുഖമായി ആശ്വസിച്ചുവെല്ലൊ; എന്നാൽ ഇപ്പോൾ
പരിശുദ്ധ കന്യകയുടെ പിറവിത്തിരുനാൾമുതൽ, മിഖായേൽ
എന്ന പ്രധാന ദൈവദൂതന്റെ തിരുനാൾവരെ കഠിനവേല
ക്കൊരുങ്ങിക്കൊൾക. എന്തുകൊണ്ടെന്നാൽ മുന്തിരിക്കുലകൾ
പഴുത്തുതുടങ്ങിയിരിക്കയാൽ നല്ല കാവൽ അത്യാവശ്യമാണ്. *
പിന്നെ ലിബേരിയുടെ മുന്തിരിത്തോട്ടത്തിലേക്ക് ഇവളെ കൂട്ടി
ക്കൊണ്ടുപോയി. അവിടെ അവളുടെ പ്രയത്നം ഫലസിദ്ധിയു
ള്ളതായിഭവിച്ചു. പലേടത്തും മുന്തിരിക്കുലകൾ വളൎന്ന് പഴുത്തു
തുടങ്ങുകയും, ചിലേടത്ത് പഴങ്ങളിൽനിന്നു നീരൊലിച്ച് നി
ലത്ത് തുള്ളികളായി വീഴുകയും ചെയ്തിരുന്നു.

എന്നാൽ പുണ്യാത്മാക്കളുടെ സൽകൃത്യങ്ങൾ പുറമെ പ്രകാ
ശിച്ചു തുടങ്ങുമ്പോൾ പരീക്ഷ, ഞെരുക്കം, ദുഃഖം, നിന്ദ മുത
ലായവയാലുള്ള യുദ്ധത്താൽ അവർ ഞെരുക്കപ്പെടേണ്ടതാണെ
ന്ന് കാവൽദൂതൻ അവളോടു പറഞ്ഞു. പരീക്ഷ, ഞെരുക്കങ്ങൾ
എന്ന മോഷ്ടാക്കളും, കാട്ടുജന്തുക്കളും, പഴങ്ങൾ നശിപ്പിക്കാതി
രിപ്പാൻ നല്ല വേലി കെട്ടണമെന്നു പറഞ്ഞ്, കല്ലുകൊണ്ട് മാട്ടം
മാടി മുള്ളുകൊണ്ട് വേലി കെട്ടേണ്ടും വിധം അയാൾ അവളെ
പഠിപ്പിച്ചു. ഈ കഠിന വേലയാൽ അവളുടെ കൈകൾ
മുറിഞ്ഞു രക്തമൊഴുകുമ്പോൾ അവളെ ധൈൎയ്യപ്പെടുത്തുന്നതി
നായി ഈ തോട്ടത്തിലുള്ള മുന്തിരിച്ചെടിയുടേയും മററു ഫലവൃ
ക്ഷങ്ങളുടേയും രൂപകാൎത്ഥം അവളെ ഗ്രഹിപ്പിക്കുവാൻ ദൈവം
ചിത്തമായി.

അതു് ഇപ്രകാരമായിരുന്നു: "സത്യമായ മുന്തിരി ഈശോ
മ്ശിഹാ ആകുന്നു; അതു് നമ്മിൽ വേരുപിടിച്ച് വളരണം;
ദിവ്യകാരുണ്യത്തിൽ നമ്മുടെ കൎത്താവിന്റെ തിരുരക്തമായി പക
രുവാനുള്ള വീഞ്ഞായ ആ നല്ല രസത്തെ അനാവശ്യവൃക്ഷങ്ങൾ
ഫലിച്ചുകളയാതിരിപ്പാനായി അവയെ നമ്മിൽനിന്നു വെട്ടിക്ക
ളയണം. മുന്തിരിത്തണ്ടിന്റെ ചിനപ്പുകൾ വെട്ടുന്നതു്, നേരായ
പുണ്യകൃത്യങ്ങൾ നമ്മിൽ നന്നായി വളരുവാനായി പുറമെ
കാണപ്പെടുന്ന ഫലമററ സ്വയംകൃതങ്ങൾ ഉപേക്ഷിക്കണമെ

* ഇതു് ഒരു രൂപതയുടെ സാദൃശ്യമാണ്.

ന്ന രൂപകാത്ഥത്തിലാണു്; എന്നാലും കടയായ തായിത്തണ്ടി
നെ വെട്ടിക്കൂടാത്തവണ്ണം പരിശുദ്ധ കന്യകമൂലം മനുഷ്യവർഗ്ഗ
ത്തിൽ നടപ്പെട്ട മ്ശിഹായെന്ന തായിത്തണ്ടിൽനിന്നു് ഒരിക്ക
ലും ഒന്നും വെട്ടേണ്ടതല്ല. സത്യമായ മുന്തിരി ആകാശത്തോടു്
ഭൂമിയേയും, ദൈവികത്തോടു് മാനുഷികത്വത്തേയും ഒന്നിപ്പി
ക്കുന്നു. ഈ മുന്തിരിയെപ്പറ്റി ഒരു വലിയ പ്രബന്ധം നിറ
വാൻമാത്രം സംഗതികൾ ഞാൻ കണ്ടു്".

ഒരിക്കൽ ഇവളുടെ നെഞ്ചുവേദന സഹിക്കവെഹിയാതെ
ഇരിക്കെ, "ചുമന്നുകൂടാത്ത ഭാരം എനിക്കു കല്പിക്കല്ലെ" എന്നു്
കർത്താവിനോടു് അപേക്ഷിച്ചപ്പോൾ, മോക്ഷമണവാളൻ കാണ
പ്പെട്ടു് അരുളിച്ചെയ്തതായതു്: "പാടുകൾ എന്ന എൻെറ മണ
വറക്കിടക്കമേലാണു് ഞാൻ നിന്നെ കിടത്തിയിരിക്കുന്നതു്; പരി
ഹാരവും പീഡയും എന്ന കല്യാണാഭരണങ്ങളും വസ്ത്രങ്ങളും നി
നക്കു് ഞാൻ തന്നിട്ടുള്ളതിനാൽ, ഈ പാടുകൾ നീ സഹിക്കാ
തെ നിവ്വാഹമില്ല. നിന്നെ മുന്തിരിക്കടയോടു ചേർത്തു് ഒട്ടിച്ചി
രിക്കുന്നു; നീ നശിച്ചുപോകയില്ല." അപ്പോൾ എല്ലാ ഞെരു
ക്കങ്ങൾക്കും വളരെ ആശ്വാസം അവൾ പ്രാപിച്ചു.

നമ്മുടെ കർത്താവിൻെറ സംബന്ധികളായ ശു. യോയാ
ക്കിം, അന്നാ, യൗസേപ്പുപിതാവു മുതലായവരുടേയും, അഞ്ചു
മുറിവേററ പുണ്യവാന്മാരുടേയും തിരുനാളുകൾ സംബന്ധിച്ച
കാഴ്ചകളിൽ ആ തിരുനാളുകൾ കൊണ്ടാടുന്ന പള്ളികൾ ഒരു
മുന്തിരിച്ചെടിയുടെ സാദൃശ്യത്തിൽ എപ്പോഴും ഇവൾ കണ്ടിരുന്ന
തിൻെറ സാരവും ഇവൾക്കു് അറിയിച്ചുകൊടുത്തു. അതുപോ
ലെതന്നെ അവളുടെ അംഗങ്ങൾ ഒക്കെയിലുമുള്ള വേദനകളുടെ
സാരവും അവളെ മനസ്സിലാക്കി. അതു് ഇപ്രകാരമായിരുന്നു.

സവ്വ അംഗങ്ങൾക്കും ഊനം ഭവിച്ചിരിക്കുന്ന ഒരു ബ്രഹ്മാ
ണ്ഡമായ മനുഷ്യശരീരം ആകാശത്തോളം ഉയരത്തിൽ നിന്നി
രുന്നതു് അവൾ കണ്ടു. അതിൻെറ കൈകാലുകളിൽ വിരലുകൾ
ഇല്ലായിരുന്നു. കൂടാതെ പഴുത്തു ചീഞ്ഞു് രക്തമൊലിക്കുന്ന മുറി
വുകൾ ദേഹം മുഴുവനിലും ഉണ്ടായിരുന്നു. ഈ ബ്രഹ്മാണ്ഡരൂപ
ത്തിൻെറ ഒരു വശം മുഴുവനും അർബ്ബുദവ്യാധി പിടിച്ചു് ദഹിച്ചു
പോലെ കരുത്തിരുന്നു. എന്നാൽ ഈ കാഴ്ചയാൽ അതു് അവളു
ടെ ദേഹമായിരുന്നാലെന്നപോലെ അവൾക്കു വളരെ ദുഃഖവും
വ്യസനവും തോന്നിയപ്പോൾ അവളുടെ കാവൽദൂതൻ "ഇതു് തി

രുസ്സഭയുടെ ഉടലാകുന്നു. സകല മനുഷ്യരുടേയും നിൻെറയും ദേഹമിതാകുന്നു" എന്നു് അവളോടു പറഞ്ഞു. പിന്നെയും അയാൾ ആ രൂപത്തിൻെറ ഓരോ മുറിവു് ചൂണ്ടിക്കാണിച്ചുകൊണ്ടു് ആ മുറിവുകളുടെ സാദൃശ്യമായി ലോകത്തിൽ ഓരോവക മനുഷ്യർ തിരുസ്സഭയിൽനിന്നു് പിരിഞ്ഞു് സ്വന്ത ഇഷ്ടംപോലെ നടക്കുന്നതു് കാണിച്ചുകൊടുത്തതിനാൽ അവർ അവളുടെ ദേഹത്തിൽനിന്നു പറിച്ചുകീറി എടുക്കപ്പെട്ട അംഗങ്ങളായിരുന്നാലെന്നപോലെ അവൾക്കു് മഹാ വ്യാകുലമുണ്ടായി.

അപ്പോൾ മാലാഖാ "നിൻെറ ഈ ദുഃഖം നമ്മുടെ കർത്താവിൻെറ ദുഃഖത്തോടു ചേർത്തു് ദൈവത്തിനു് കാഴ്ചവെച്ചു് അതിൽനിന്നു് ഫലമെടുക്കുക. ഒരു അംഗത്തിനു് കേടുവന്നാൽ മററു് അംഗങ്ങൾ അതിനെ നന്നാക്കുവാൻ ശ്രമിക്കേണ്ടയോ?" എന്നു് അവളോടു പറഞ്ഞു. പിന്നെയും അയാൾ ആ രൂപത്തിൽ ദഹിച്ചുപോയ ഭാഗം കാണിച്ചുകൊണ്ടു് അതു് പതിതരുടെ സാദൃശ്യമാണെന്നും, അതു് വീണ്ടും നന്നാകുമെന്നും, ആ ചീത്തമാംസങ്ങൾ അരൂപിക്കടുത്ത വിചാരമില്ലാതെ അരൂപിയിൽ ചത്തവരാണെന്നും, അസ്ഥിപോലെ കടുത്തിരിക്കുന്നവ ഹൃദയം കടുത്ത പതിതരാണെന്നും അവളോടു പാഞ്ഞു. പിന്നീടു് അതു് വളന്നു് ആകാശം മുട്ടി. ഈ രൂപം മ്ശിഹായുടെ മണവാട്ടികളുടെ ഉടലായിരിക്കുന്നു എന്നും പറയുകയാൽ അവൾ ഈ പ്രലാപകരമായ കാഴ്ചയാൽ ഹൃദയം തകന്നു കരഞ്ഞുകൊണ്ടു് വീണ്ടും വീണ്ടും വേലയും പ്രയത്നവും ആരംഭിച്ചു.

എന്നാൽ ഇവൾ പലപ്പോഴും പ്രയത്നത്താൽ ക്ഷീണിച്ചു മടുത്തു് കർത്താവിൻെറ പക്കലേക്കു് തന്നെ വേഗത്തിൽ എടുക്കണമെന്നു് അദ്ദേഹത്തോടു് അപേക്ഷിക്കയും, ഉടനെ മരണപ്രമാദത്താൽ കവറിടത്തിന്നരികെ ആയി എന്നു് കാണുകയും, അപ്പോൾ ഇവൾ വീണ്ടും "കർത്താവേ! എൻെറ മനസ്സുവേണ്ട, നിൻെറ തിരുമനസ്സു മതി. എൻെറ ഞെരുക്കങ്ങളും ജപങ്ങളും ആയുസ്സുംകൊണ്ടു് വല്ല ഉപകാരവുമുണ്ടെങ്കിൽ ആയിരംകൊല്ലം ഞാൻ ജീവിച്ചുകൊള്ളാം. എന്നാൽ നിന്നെ ഉപദ്രവിക്കുംമുമ്പു് എന്നെ മരിപ്പിക്കണമെ" എന്നപേക്ഷിക്കയും ചെയ്തു ഉടനെ അവിടുന്നു് ജീവിപ്പാൻ കല്പിക്കയും, ഇവളുടെനേരെ കുരിശു [illegible]കൊണ്ടു് നടന്നിരുന്ന അദ്ദേഹത്തെ അനുഗമിക്കുന്നതിനു [illegible] വീണ്ടും ഇവൾ എഴുന്നേൽക്കയും ചെയ്തിരുന്നു. മാ[illegible]

മല്ല ഇവൾ നടക്കുന്ന പുണ്യവഴിയും പലപ്പോഴും ഇവൾക്കു് കാണിച്ചുകൊടുത്തിരുന്നു. അതു് ഇപ്രകാരമായിരുന്നു: ദൂരത്തിൽ അധികമായി പ്രകാശിച്ചു വിളങ്ങുന്ന ചെറിയ മലയിലേയ്ക്കു് മാലാഖാ ഇവളെ കൊണ്ടുപോയിരുന്നു; ആകാശത്തിനടുത്ത ഓറശ്ലം എന്ന വിശേഷമായ പട്ടണം പണിതിരിക്കുന്നതു് അതിന്മേലായിരിക്കുന്നു. എന്നാൽ പലപ്പോഴും നന്നാ അടുത്തതായി തോന്നിയിരുന്ന ആ വാസസ്ഥലത്തിൽ എത്തിയെന്നു് ഇവൾ വിചാരിക്കവേ, പെട്ടെന്നു് അതു് വളരെ ദൂരെ ഇരിക്കുന്നു എന്നും, ഒരു താഴ്വര കടന്നശേഷം വേറൊരു ഊടുവഴിയായി തിരിഞ്ഞു്, വളരെ അലഞ്ഞും തിരിഞ്ഞും വഴിനീളെ ഉപവിപ്രവൃത്തികൾ ചെയ്തുകൊണ്ടും പോകേണ്ടതാണെന്നും കണ്ടറിഞ്ഞിരുന്നു. എന്നു തന്നെയുമല്ല ഈ വഴിമദ്ധ്യേ നിറവേറേണ്ടും മനോജ്ഞപ്രവൃത്തികളായ:- വഴിതെറ്റി അലഞ്ഞുനടക്കുന്നവരെ നേർവഴി കാട്ടുക, വീണവരെ എഴുന്നേല്പിക്കുക, തളൎവ്വാതക്കാരെ ചുമന്നുകൊണ്ടും, നടപ്പാൻ മനസ്സില്ലാത്തവരെ വലിച്ചിഴച്ചുകൊണ്ടും കൊണ്ടുപോകുക എന്നീപ്രകാരമുള്ള അനേക ഉപവിക്കടുത്ത ഭാരങ്ങളും ഇവളുടെ സ്വന്ത കുരിശിനോടു് ചേൎന്നിരുന്നു.

ആകയാൽ ഇവളുടെ ഈ ഭാരമുള്ള കുരിശും ചുമന്നുകൊണ്ടു് വളരെ പ്രയാസത്തോടെ വീണും എഴുന്നേറ്റും കരഞ്ഞും നടന്നിരുന്നു. ഈ കഠിനപ്രയത്നങ്ങളാൽ ഇവൾ തളൎന്നു് ക്ഷീണിച്ചു് മരണത്താൽ വേഗത്തിൽ കൎത്താവിനോടൊന്നിപ്പാൻ അപേക്ഷിച്ചിരുന്നു. വി. സ്യനക്കത്രീനായെപ്പോലെ ഇഹത്തിൽവെച്ചു് നിറവേറുവാൻ കഴിയാത്ത നന്മപ്രവൃത്തികൾ പരത്തിൽവെച്ചു് അപേക്ഷയാൽ സാധിക്കുമെന്നു് കാഴ്ചയിൽ കണ്ടറിഞ്ഞിരുന്നു.

എന്നാൽ ഒടുക്കത്തേതായ 1823-ാംകാലത്തിൽ എല്ലാററിലും അധികം പ്രയത്നിച്ചുകൂടാതെ താഴെ കാണുന്ന വലിയനോമ്പിന്റെ ധ്യാനങ്ങളെന്ന കൎത്താവിന്റെ പീഡാനുഭവചരിത്രം മുഴുവൻ പറഞ്ഞെഴുതിക്കാമെന്നു് മുമ്പു ഇവൾ ചെയ്തിരുന്ന വാഗ്ദാനം നിറവേററി. ഒടുക്കത്തെ ഈ ആണ്ടിലെ വലിയനോമ്പുദിവസങ്ങളിലെ, ഇവളുടെ ധ്യാനവിഷയങ്ങൾ ദിവ്യകാരുണ്യസ്ഥാപനവും ന. കൎത്താവിന്റെ പാടുകളും ആയിരുന്നു; എങ്കിലും മററുകാലങ്ങളിൽ ഈ തപസ്സുകാലത്തിന്റെ അടിസ്ഥാനമായ രഹസ്യങ്ങളും ഇതിനിടയിൽ വരുന്ന തിരുസ്സഭയിലെ ഓരോ തിരുനാൾ സംബന്ധിച്ച പരമരഹസ്യങ്ങളുംകൂടെ ഇവൾ വിവരമായി

കണ്ടിട്ടുണ്ടു്. ഇതു് അറിയുന്നതിനു് ഓരോ തിരുനാൾ ദിവസത്തിൽ ഇവളുടെ മനസ്സിലും ശരീരത്തിലും പെട്ടെന്നു് സംഭവിച്ചിരുന്ന ആശ്ചൎയ്യകര പകൎച്ചകളും അതിശയങ്ങളും സൂക്ഷിച്ചാൽ മതി. അവയെല്ലാം ഈ പുസ്തകത്തിലെ ദുഃഖാനുഭവധ്യാനത്തിൽ "ഇടകലൎന്ന കാഴ്ചകൾ" എന്നു പേരായ ഒരു അദ്ധ്യായത്തിൽ തെളിവായി വിവരിച്ചിട്ടുണ്ടു്.

തിരുസ്സഭയിലെ സകല തിരുനാളുകളുടെ പരമരഹസ്യങ്ങളും, അവയ്ക്കുള്ള കാരണങ്ങളും, ക്രമങ്ങളും, സംഗതികളും സൂക്ഷ്മമായും തെളിവായും ഇവൾ കണ്ടിട്ടുണ്ടു്. കെട്ടുപോയ മനുഷ്യവൎഗ്ഗത്തെ ഉദ്ധരിക്കുന്നതിനായി ദൈവബോധജ്ഞാനം നടത്തുന്ന ആശ്ചൎയ്യകരപ്രവൃത്തികൾ ആ മനോഹര കാഴ്ചകൾവഴി നാം അറിഞ്ഞു് അവയിൻഫലം പ്രാപിക്കുന്നതിനു് പ്രയത്നിക്കുവാൻവേണ്ടി തിരുസ്സഭ വൎഷന്തോറുമുള്ള ഓരോ തിരുനാൾ വഴിയായി നമ്മെ ഓൎപ്പിക്കുന്നതു് ഇവൾ കണ്ടു് നന്ദിയോടെ ദൈവത്തിനു് സ്തോത്രം ചെയ്തിരുന്നു.

ഒടുവിൽ 1823-ാം കാലത്തിന്റെ അവസാനത്തിൽ കണ്ട ഒരു കാഴ്ചയിൽ ആ വൎഷത്തിൽ തിരുസ്സഭ ഒട്ടുക്കും അതിന്റെ അവയവങ്ങൾക്കും, ദൈവം നൽകിയ സകല വരപ്രസാദങ്ങളും അവയിൽ ഫലിപ്പിക്കാത്തവയും, വൃഥാ കളഞ്ഞവയും ഇവൾ ഓരോ സാദൃശ്യമായി കണ്ടു. ഓരോ ആണ്ടിൽ കൎത്താവു് തന്റെ മണവാട്ടിയായ തിരുസ്സഭയ്ക്കു് അതതാവശ്യങ്ങൾക്കു തക്ക വരപ്രസാദങ്ങൾ തന്റെ പീഡാനുഭവത്തിന്റെ യോഗ്യതകളാൽ ശേഖരിച്ചു് വെച്ചിരിക്കുന്നതും അവയെ ഫലിപ്പിക്കായ്കനിമിത്തം യുദ്ധത്തിൽ ഇരിക്കുന്ന തിരുസ്സഭ ശത്രുക്കളാൽ ഞെരുക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യുന്നതും ഇവൾ കണ്ടു. ആകയാൽ തിരുസ്സഭയ്ക്കായി വളരെ സാദ്ധ്യമായി അപേക്ഷിച്ചു് തന്നെത്തന്നെ പരിഹാരബലിയായി ദൈവത്തിനു് പൂജിച്ചു്, ഈ അപേക്ഷ കൈക്കൊള്ളപ്പെടുന്നതുവരെ മാറുകയില്ലെന്നു് നിഷ്കപടമായി അദ്ദേഹത്തോടു് അപേക്ഷിച്ചിരുന്നു. അതുകൊണ്ടു് പല ദിവസം ഒന്നായിട്ടു് പരവശയായി ഇളക്കമില്ലാതെ ഒരു ചത്ത ആട്ടിൻകുട്ടിയെപ്പോലെ ഇവൾ കിടന്നിരുന്നു.

ആഗമനകാലത്തു് പ. കന്യകാമറിയം വി. യൌസേപ്പു് ഒരുമിച്ചു് ബെതു്ലഹമിലേക്കു് പോകുന്നതിനോടുകൂടെ ഇവളും അരൂപിയാൽ പോയി ആ കാഴ്ചകൾ കണ്ടിരുന്നതിനാൽ ഇവ

ളുടെ ഞെരുക്കങ്ങൾക്ക് അല്പം ആശ്വാസമായി. ആണ്ടുതോറും ഈ സമയങ്ങളിൽ ഇവൾ ചില തുണിക്കഷണങ്ങൾ കൈകളിൽ എടുത്തു രാത്രിയിൽ അവകൊണ്ട് ശിശുക്കൾക്കായുള്ള ഉടുപ്പുകളും തൊപ്പികളും ഉണ്ടാക്കി സമീപെയുള്ള ദരിദ്രസ്ത്രീകളുടെ ഉപയോഗത്തിനായി ഉണ്ണിമ്ശിഹായെപ്രതി ദാനമായി കൊടുത്തിരുന്നെങ്കിലും ഇവൾ പിറെറ ദിവസം തൻെറ പെട്ടിയിൽതന്നെ അവ ഇരിക്കുന്നതുകണ്ട് അതിശയിച്ചിരുന്നു.

ഈ ഒടുക്കത്തെ ആണ്ടിൽ ഉണ്ണിമ്ശിഹാ അവൾക്ക് ഒരു കുരിശുമാത്രമേ കൊടുത്തുള്ള എന്ന് അവൾ പറഞ്ഞിരുന്നെങ്കിലും അവളുടെ രോഗസ്ഥിതി ദിവസേന ഭയപ്പെടത്തക്ക വിധത്തിൽ അധികരിച്ചിരുന്നു. മകരം 15-ാംനു- ഉണ്ണിമ്ശിഹാ തൻെറ പിറവി ദിവസത്തിൽ അധികം പാടുകൾ അവൾക്കു കല്പിച്ചുകൊടുത്തുവെന്നും, അവൾ ഒരിക്കൽക്കൂടെ ബെസ്ലഹമ്മിൽ അദ്ദേഹത്തിൻെറ അരികെ ആയിരുന്നുവെന്നും, അദ്ദേഹവും അദ്ദേഹത്തിൻെറ അമ്മയും കുളിരാലും കഠിന പനിയാലും വിറച്ചിരുന്നുവെന്നും ഇവർ നന്നാ ദരിദ്രസ്ഥിതിയിൽ ആയിരുന്നതിനാൽ, ഒരു പൂത്ത അപ്പക്കഷ്ണമല്ലാതെ മറെറാന്നും അവക്കു ഭക്ഷിപ്പാനില്ലായിരുന്നുവെന്നും അവൾ പറഞ്ഞു. അദ്ദേഹം അധികം പാടുകൾ അവൾക്കു കൊടുത്തുകൊണ്ട് "നീ എൻേറതാകുന്നു, നീ എൻെറ മണവാട്ടിയാകയാൽ, പാടുകളുടെ കാരണം അന്വേഷിക്കാതെ ഞാൻ സഹിച്ചതുപോലെ നീയും സഹിക്കണം" എന്നു കല്പിച്ചു. എന്നാൽ തൻെറ ഈ പാടുകൾ എന്താകുമെന്നും എവിടത്തോളമാകുമെന്നും മരണത്തോളമൊ എന്നും ഒന്നും ആലോചിക്കാതെ കണ്ണടച്ച് അവൾ കീഴ്വഴങ്ങി, ദൈവത്തിൻെറ രഹസ്യലാക്കുകൾ അവളിൽ പൂണ്ണമായി നിറവേറണമെന്നുമാത്രം ആഗ്രഹിച്ചിരുന്നു. എന്നാൽ ഒരു വശത്ത് അവൾക്കു വളരെ സന്തോഷവും ആശ്വാസവുമാണ്. "ഇന്നു കാലത്തുതന്നെ എൻെറ ഹൃദയത്തിൽ മഹാ സന്തോഷം ഞാൻ അനുഭവിച്ചിരുന്നു; ദൈവനാമം സ്തുതിക്കപ്പെടട്ടെ" എന്നിവൾ പറഞ്ഞിരുന്നു.

ഇവളുടെ ദീനങ്ങൾ വർദ്ധിച്ചിരുന്നതിനാൽ കണ്ണടച്ചിരുന്നുകൊണ്ടും, അങ്ങോട്ടുമിങ്ങോട്ടും ചരിഞ്ഞും പരിഞ്ഞും, ക്ഷീണിച്ച ഞരക്കങ്ങളോടും, നെടുവീപ്പുകളോടുംകൂടെ ക്ഷമയായി കഴിച്ചുകൂട്ടിയിരുന്നു. കിടന്നാൽ ശ്വാസം മുട്ടും; സംസാരിച്ചാൽ വലി

യ കിതപ്പും സംഭ്രമവും വിറയലും മററും ഒന്നായി ഇവളിൽ കാണപ്പെട്ടിരുന്നതുകൂടാതെ വലിയ ഛർദ്ദിയും, വയറുനോവും, തൊണ്ട ഉലച്ചിലും ഉണ്ടായിരുന്നു. പനിയാൽ ദേഹം വിളറി, നാടി ഒരു മിനിററിടയിൽ നൂററമ്പതും നൂററി എമ്പതോളവും അടിച്ചിരുന്നു. 26-ാംനു- ഉച്ചതിരിഞ്ഞു് "ഇന്നു ഒമ്പതാംനാളാകുന്നു; വി. അന്നാഅമ്മയുടെ ജപക്കൂടത്തിൽ നവനാൾ ജപിക്കുന്നതിനായി തിരിവാങ്ങിക്കണം" എന്നു് മററൊരു സഹോദരിയോടു് ഇവൾ പറഞ്ഞു.

27-ാംനു- ഉച്ചകഴിഞ്ഞു് രണ്ടു മണിക്കു് ഒപ്രൂശുമ കൈക്കൊണ്ടശേഷം ആത്മശരീരവ്യാധികൾക്കു് വളരെ ആനുകൂല്യം കിട്ടിയതിനാൽ "ഇത്രയോ നല്ലതും ഫലമുള്ളതുമാകുന്നു: എന്റെ കർത്താവു് ആയിരം പ്രാവശ്യം സ്തുതിക്കപ്പെടട്ടെ" എന്നിവൾ പറഞ്ഞു. കുംഭം 1-ാംനു- സന്ധ്യക്കു് ശുദ്ധീകരണമാതാവിന്റെ തിരുനാൾ ആരംഭിക്കുന്ന മണി കേൾക്കയിൽ ഇവൾ പരവശയായി, ആ രാത്രിയും പകലും പരിശുദ്ധ കന്യകയുടെനേരെ സ്നേഹവും മാധുര്യവും നിറഞ്ഞ പല വാക്കുകൾ പറഞ്ഞിരുന്നു. എന്നാൽ ഉച്ചസമയമായപ്പോൾ "എനിക്കു് ദീനമായിട്ടു് ഇപ്പോൾ ഒരാഴ്ച കഴിഞ്ഞിരിക്കുന്നു; ലോകവർത്തമാനങ്ങൾ എനിക്കശേഷം ഓർമ്മയില്ലാതെയായി. ഞാൻ മാതാവിനോടുകൂടെ ആയിരുന്നു. ഓ! ദിവ്യജനനി എന്തൊരു നല്ല പ്രകാശമാണു് എനിക്കു് കാണിച്ചുതന്നതു്" എന്നു പറഞ്ഞു. പിന്നീടു് അല്പം ചിന്തിച്ചിട്ടു് ചുണ്ടിന്മേൽ വിരൽ വെച്ചുകൊണ്ടു് "ഇനി ഒരിക്കലും ഈ വക വർത്തമാനം ഞാൻ പറകയില്ല" എന്നു് പതുക്കെ പറഞ്ഞു.

പിറേറ ദിവസം സുഖക്കേടു് ഇരട്ടിച്ചു. 7-ാംനു- ഉച്ചതിരിഞ്ഞു് അല്പം ആശ്വാസവും തെളിവും ഉണ്ടായിരുന്നു. അപ്പോൾ "ആ എന്റെ മധുരമുള്ള ഈശോകർത്താവേ! എന്റെ ജീവിതത്തിൽ എനിക്കു് നീ ചെയ്തരുളിയ സകല മനോഗുണങ്ങളെപ്രതി നിനക്കു സദാകാലവും സ്തോത്രമുണ്ടായിരിക്കട്ടെ. കർത്താവേ! എന്റെ ഇഷ്ടം അല്ല; പിന്നെയോ നിന്റെ തിരുമനസ്സുമാത്രം നിറവേറട്ടെ" എന്നു ഇവൾ പറഞ്ഞു.

28-ാംനു- ഇവളുടെ ആത്മഗുരു ഇവളുടെപക്കൽ വന്നപ്പോൾ അയാളുടെ കൈ മുത്തിക്കൊണ്ടു് "പിതാവേ! എന്റെ മരണനേരത്തു് എന്നെ സഹായിക്കണമെ" എന്നപേക്ഷിച്ചു് വീണ്ടും പറ

ഞ്ഞു: കർത്താവേ! ഞാൻ നിനക്കായി ജീവിക്കുന്നു, നിനക്കായിത്തന്നെ മരിക്കയും ചെയ്യും; നിന്റെ തിരുനാമത്തിന്നു് സ്തുതിയുണ്ടായിരിക്കട്ടെ" പിന്നീടു് "ഇപ്പോൾ എനിക്കു് കാണ്മാനും കേൾപ്പാനും പാടില്ലാതെ ആയി" എന്നു പറഞ്ഞപ്പോൾ, മററു സഹോദരികൾ ഇവളുടെ വേദനക്കു് ആശ്വാസത്തിനായി ഒന്നു തിരിച്ചു കിടത്തുവാൻ ശ്രമിച്ചു. എന്നാൽ ഇവൾ "വേണ്ട; ഞാൻ കുരിശിന്മേലാണു് കിടക്കുന്നതു്; എല്ലാം വേഗം തീരും, ഞാൻ അടങ്ങിക്കിടന്നുകൊള്ളട്ടെ" എന്നു പറഞ്ഞു.

പിന്നീടു് അന്ത്യകൂദാശകൾ എല്ലാം കൈക്കൊണ്ടപ്പോൾ മുൻ അനേകം പ്രാവശ്യം പാപസങ്കീർത്തനത്തിൽ പറഞ്ഞിട്ടുള്ള ഒരു അല്പകുററം വീണ്ടും കുമ്പസാരിക്കണമെന്നു പറഞ്ഞു. ഇവൾ ഇത്ര മനസ്താപപ്പെടുന്ന ഈ മഹാ കുററം എന്തായിരിക്കും? പൈതലായിരിക്കുമ്പോൾ ഒരു വേലിക്കഴയിൽക്കൂടി അയൽപറമ്പിൽ കടന്നു് അവിടെ വീണുകിടന്നിരുന്ന ഒരു ആപ്പിൾപ്പഴത്തെ ഒന്നു നോക്കിയതത്രെ. എന്നാൽ തൊട്ടതേയില്ല. ശുദ്ധ പരിപൂർണ്ണ പാപവിമോചനം നല്കിയശേഷം ഇവൾ നിവൎന്നു കിടന്നപ്പോൾ മരിപ്പാൻപോകുന്നുവെന്നു് എല്ലാവരും കരുതി.

ഇവൾക്കു് ചില ദുഃഖങ്ങൾക്കു് മുൻ ഇടവരുത്തീട്ടുള്ള ഒരുവൻ ഇവളുടെ പക്കൽവന്നു് മാപ്പപേക്ഷിക്കവെ ഇവൾ ആശ്ചര്യത്തോടെ അവനെ നോക്കി "ഞാൻ യാതൊരു സൃഷ്ടിയോടും ഒന്നും പൊറുപ്പാനില്ല" എന്നു് മാധുര്യഭാവത്തിൽ പറഞ്ഞു. ഇവളുടെ ചുററും കൂടിയിരുന്നവർ ഇവളുടെ പുണ്യങ്ങളെക്കുറിച്ചു് രഹസ്യമായി സംസാരിക്കുന്നതു് ഇവൾ അല്പം കേട്ടപ്പോൾ പെട്ടെന്നു് മരണപ്രമാദസ്വരത്തിൽ "അയ്യോ! നിങ്ങൾ ദൈവത്തെപ്രതി എന്നെ സ്തുതിച്ചുപറയരുതേ; എന്തെന്നാൽ: അത്തരം വാക്കുകൾ എന്നെ ഇവിടെ താമസിപ്പിക്കും; മാത്രമല്ല ഇരട്ടി ഞാൻ പാടുപെടേണ്ടിയും വരും." ഇവൾ അനുഭവിച്ച പാടുകളുടെ സാദൃശ്യമായി വളരെ പുഷ്പങ്ങൾ ഇവളുടെമേൽ വീണപ്പോൾ "ആ! എന്റെ കർത്താവേ, എത്രമാത്രം പച്ചപ്പൂക്കളാണു് എന്റെമേൽ വീഴുന്നതു്" എന്നു് പറഞ്ഞു. ദൈവം മാത്രം നല്ലവനായിരിക്കുന്നു, ഞാൻ അനേക പാപങ്ങളാൽ ഭാരപ്പെട്ടവളായിരിക്കുന്നു. അവസ്ഥായി ഒടുക്കത്തെ കാശുവരെ ഞാൻ ഉത്തരിക്കണം. കർത്താവേ, നീ വേഗത്തിൽ വന്നു് എന്നെ സഹായിക്കണമെ" എന്നും മററും പറകയും അപേക്ഷിക്കയും ചെയ്തിരുന്നു.

വീണ്ടും ദുഃഖത്തോടെ പറഞ്ഞതായതു്: ഈ നല്ല മനുഷ്യർ എന്റെ സ്ഥിതി അറിയാതെ, എന്നെ ഇങ്ങനെ സ്തുതിച്ചാൽ എനിക്കു സമാധാനമായി മരിപ്പാൻ സാധിക്കയില്ല. തിരുസ്സഭ വഴിയായി ഞാൻ പ്രാപിച്ച അനവധി വരപ്രസാദങ്ങൾമൂലം ആ നല്ലകള്ളനെക്കാൾ ഞാൻ എത്രയോ വലിയ പാപി ആയിരിക്കുന്നു. ആകയാൽ എല്ലാവരും ഞാനൊരു മഹാ പാപിയാണെന്നു പറയുന്നതിന്നു് അപേക്ഷിക്കുന്നു." ഇതിന്റെശേഷം ഗുരുവിന്റെനേരെ തിരിഞ്ഞു് "പിതാവേ! ഇപ്പോൾ എനിക്കു് ഒരു സമാധാനവും, പാപം ചെയ്തിട്ടില്ലായെന്നപോലെ നല്ല മനോശരണവും തോന്നുന്നുണ്ടു്" എന്നു പറഞ്ഞു.

ഇവളുടെ അരികെ വെച്ചിരുന്ന ക്രൂശിക്കപ്പെട്ട രൂപത്തിന്മേൽ ഉററ സൂക്ഷിച്ചു് എളിമനിമിത്തം അതിന്റെ തിരുപ്പാദങ്ങൾ മാത്രം എപ്പോഴും മുത്തിയിരുന്നു. അരികിൽ ഇരുന്നു കരഞ്ഞുകൊണ്ടു് വെള്ളംതൊട്ടു് ചുണ്ടു നനച്ചിരുന്ന ഒരു ആളിന്റെ കൈയുടെമേൽ പിടിച്ചു് അല്പം മുറുക്കി യാത്രപറയുന്നതിനായി അടയാളം കാണിച്ചപ്പോൾ ഇവളുടെ മുഖത്തിൽ സമാധാനവും ശാന്തതയും ഒരു മോക്ഷമഹിമയും പ്രകാശിച്ചിരുന്നു. എന്നാൽ ഗുരു മരണ പ്രമാദജപങ്ങൾ ചൊല്ലിയപ്പോൾ ഇവൾ മൂന്നുനാലുപ്രാവശ്യം വലിയ നെടുവീപ്പുകൾ വിട്ടുകൊണ്ടു് "ഈശോ! എന്നെ സഹായിക്കണമെ: കർത്താവേ! വേഗം എഴുന്നെള്ളിവരേണമെ," എന്നു് ആഴമായ സ്വരത്തിൽ നിലവിളിച്ചു പറഞ്ഞു.

ഗുരു തന്റെ കയ്യിലിരുന്ന മണി കിലുക്കി "ഇതാ ഇവൾ മരിക്കുന്നു" എന്നു് പറഞ്ഞപ്പോൾ, അടുത്ത മുറിയിൽ ഉണ്ടായിരുന്ന പല സ്നേഹിതരും സംബന്ധികളും ഓടിവന്നു് മുട്ടുകുത്തി നമസ്കരിച്ചുതുടങ്ങി. അവർ മെഴുകുതിരിയും കുരിശും കയ്യിൽ പിടിച്ചിരുന്നു. എട്ടുമണി അടിച്ചപ്പോൾ ഇവൾ രണ്ടുമൂന്നു പ്രാവശ്യംകൂടെ ഉറക്കെ ശ്വാസംവലിച്ചിട്ടു്, ഇവളുടെ പരിശുദ്ധാത്മാവു ദിവ്യമണവാളന്റെ തിരുമുമ്പിൽ കാണപ്പെടുന്നതിന്നും, ദിവ്യചെമ്മരിയാട്ടിൻകുട്ടിയെ എപ്പോഴും പിൻതുടരുന്ന ആ പരിശുദ്ധ കന്യകാക്കൂട്ടത്തിൽ ചേരുന്നതിന്നുമായി പൂർണ്ണശരണത്തോടെ ആ വിരക്തദേഹം വിട്ടു് പുറപ്പെട്ടു.

ഈ കന്യക മരിച്ചുകിടക്കുമ്പോൾ ആ പരിശുദ്ധദേഹത്തിൽ വിളങ്ങിയിരുന്ന മോക്ഷമഹിമയും പരമാത്ഥശാന്തതയും കണ്ടിരുന്നവരുടെ ഹൃദയങ്ങളിൽ പാപങ്ങളിന്മേൽ മനസ്താപവും

അവരുടെ ജീവിതം നന്നാക്കുന്നതിന്നാശയും ഉത്ഭവിച്ചിരുന്നുവെന്നു് മാത്രമല്ല, ഇവരം കത്താവിൻെറ സ്നേഹത്തെപ്രതി കണക്കററ പരോപകാരപ്രയത്നങ്ങളാക്കു് തന്നെത്താൻ പൂജിച്ചാണു് മരിച്ചതെന്നു് ഈ മനോഹരകാഴ്ചയാൽ ഏവരും ഗ്രഹിച്ചിരുന്നു. എന്നു മാത്രമല്ല ഇവളുടെ ദേഹത്തിലെ തിരുമുറിവുകളുടെ ലക്ഷ്യങ്ങളം പൂർവ്വാധികം ചുവന്നു പ്രകാശിക്കുന്നതായി കാണപ്പെട്ടിരുന്നു.

13-ാംനു- വെള്ളിയാഴ്ച സംസ്കാരത്തിന്നായി ആ പരിശുദ്ധ ദേഹത്തെ എടുത്തപ്പോൾ മരിച്ചിട്ടു് നാലാംദിവസം ആയിരുന്നെങ്കിലും, യാതൊരു വിറങ്ങലിപ്പോ ദുർഗ്ഗന്ധമോ അശേഷം ഇല്ലാതെ ഉറങ്ങിക്കിടക്കും വണ്ണമായി കാണപ്പെട്ടിരുന്നു. ഈ പരിശുദ്ധ പ്രേതത്തെ ആ പട്ടണവാസികൾ എല്ലാവരും മററനേകം മഹാന്മാരും കൂട്ടമായിക്കൂടി സെമിത്തേരിയിലേയ്ക്കു് കൊണ്ടുപോയി അത്യന്തഭക്തിവണക്കത്തോടെ ഭൂമിദാനം ചെയ്തു; അവിടെ ദിവ്യവിധിയാളൻെറ ഒടുക്കത്തെ വരവും കാത്തുകൊണ്ടു് ആശ്വസിച്ചു കിടക്കുന്നു.

എന്നാൽ ഈ കന്യകയിൽ സംഭവിച്ച ആശ്ചര്യങ്ങളം വിശ്വസിക്കാതെ ഒരു പതിതവൈദ്യൻ പരിശോധനയ്ക്കായി ഈ പ്രേതം വിലക്കു ചോദിച്ചെങ്കിലും, ജനകലഹം ഭയന്നു് സക്കാർ, അതു് അനുവദിക്കാഞ്ഞതിനാൽ, അവനതിനെ മോഷ്ടിച്ചിരിക്കുമോ എന്നുള്ള സന്ദേഹം നിമിത്തം ഈ പ്രേതത്തെ അടക്കീട്ടു് ഏഴു ആഴ്ചകൾ കഴിഞ്ഞശേഷം, കല്പനപ്രകാരം ഏഴുസാക്ഷികളുടെ മുമ്പാകെ രഹസ്യമായി കവറിടം തുറന്നുനോക്കിയപ്പോൾ ആ ദേഹത്തിൽ അഴിവിൻെറ യാതൊരു ലക്ഷ്യവും ഇല്ലാതെ ഉറങ്ങുന്ന ഭാവമായി കാണപ്പെട്ടു.

സർവ്വേശ്വരൻ തൻെറ പരിശുദ്ധരിൽ വിസ്മയനീയനാകുന്നു.
67-ാം സങ്കീർത്തനം 36-ാം വാക്യം.

## പെസഹാസ്സ് ആയത്തമായുള്ള ഒമ്പതു ധ്യാനങ്ങൾ.

## 1-ാം ധ്യാനം.

പെസഹാവ്യാഴാഴ്ച (നീസാൻ 14. മീനം 29-ാംനു-)

കഴിഞ്ഞ രാത്രിയിൽ നമ്മുടെ കത്താവു് തൻെറ സ്നേഹിതരൊന്നിച്ചു ബേസനിയായിൽ ശെമഓൻ എന്നുപേരായ, കുഷ്ഠരോഗിയുടെ വീട്ടിൽവച്ചു തൻെറ ഒടുവിലത്തെ വിരുന്നു് പരസ്യമായിക്കഴിച്ചു. അതിൽവച്ചാണു മഗ്ദലേനമറിയം വിലയേറിയ സുഗന്ധതൈലംകൊണ്ടു മ്ശിഹായുടെ പാദങ്ങളെ ഒടുവിലത്തെ പ്രാവശ്യം അഭിഷേകം ചെയ്തതു്. എന്നാൽ ഈ സംഗതിയിൽ യൂദാ നീരസമായി സംസാരിച്ചതിനു കത്താവു് ഉത്തരിച്ച വാക്കുകളാൽ അവനു് ഇച്ഛാഭംഗം ഭവിക്കയാൽ ശ്രേഷ്ഠാചാര്യന്മാർക്കു മ്ശിഹായെ ഒററിക്കൊടുക്കുന്ന കാര്യം വീണ്ടും ആലോചിക്കുന്നതിനായി അവൻ വേഗത്തിൽ ഓറശ്ലേമിലേക്കു പൊയ്ക്കളഞ്ഞു.

എന്നാൽ അത്താഴാനന്തരം മ്ശിഹാ ലാസറിൻെറ വീട്ടിലേക്കും ചില ശിഷ്യർ ബെസഥനിയായ്ക്കു് അപ്പുറമുള്ള സത്രങ്ങളിലേക്കും പോയശേഷം നിക്കാദെമ്മോസ് വീണ്ടും ലാസറിൻെറ ഭവനത്തിലേക്കുചെന്നു കത്താവുമായി ദീർഘസംഭാഷണം ചെയ്കയുണ്ടായി. അനന്തരം ലാസർ വഴിമദ്ധ്യേയോളം അയാളെ പിന്തുടന്നുകൊണ്ടു് പുലച്ചക്കുമുമ്പു് ഓറശ്ലേമിലേക്കു മടങ്ങി എത്തി.

പെസഹാ ഭക്ഷിക്കേണ്ടതു് എവിടെവെച്ചാണെന്നു് ശിഷ്യർ മ്ശിഹായോടു മുൻചോദിച്ചിട്ടുണ്ടായിരുന്നു. ആകയാൽ അന്നു പുലച്ചക്കുമുമ്പു ന. കത്താവു പത്രോസിനേയും യാക്കോവിനേയും, യോഹന്നാനേയും വിളിച്ചു പറഞ്ഞതായതു്: "സെഹിയോൻമലയിൽ നിങ്ങൾ കയറുമ്പോൾ ഒരു കുടം വെള്ളവുംകൊണ്ടു് ഒരു ആൾ പോകുന്നതു് നിങ്ങൾ കാണും, [മ്ശിഹായ്ക്കു് കഴിഞ്ഞയാണ്ടു പെസഹാവിരുന്നു തയ്യാറാക്കി കൊടുത്തതും ഈ ആൾതന്നെ ആകയാലാണു് ഒരു ആൾ എന്നുമാത്രം മത്തായി എവൻഗലിസ്ത പറയുന്നതു്.] നിങ്ങൾ അവനെ പിൻചെന്നു വീട്ടിൽ എത്തുമ്പോൾ "എൻെറ സമയം അടുത്തിരിക്കുന്നു. ഞാൻ എൻെറ ശിഷ്യരോടുകൂടെ നിൻെറ വീട്ടിൽവെച്ചു പെസഹാ

കഴിപ്പാൻ നിശ്ചയിച്ചിരിക്കുന്നുവെന്നു ഞങ്ങളുടെ കൎത്താവ് അരുളിച്ചെയ്യുന്നു എന്നു അവനോടു പറയുവിൻ" (മത്തായി 18. 26.)

ഇങ്ങനെ സെഹിയോൻ മലയുടെ വടക്ക് ദേവാലയത്തിനു തെക്കുവശം, ഓറശ്ലത്തേക്കുള്ള മലവഴിയിൽകൂടി രണ്ടു ശ്ലീഹന്മാർ കയറിപ്പോകുന്നതു ഞാൻ കണ്ടു. അവർ സെഹിയോൻ മലമുകളിൽ എത്തി, തെക്കോട്ടു തിരിച്ചു, അല്പം നടന്നപ്പോൾ, അവരോട് ഈശോ പറഞ്ഞിരുന്ന ആളെ കണ്ടെത്തുകയും, അവനെ അവർ പിൻചെന്നു മ്ശിഹാ തങ്ങളോടു കല്പിച്ചിരുന്ന വിവരം അറിയിക്കയും ചെയ്തു. അതിനുശേഷം ഒരു വിരുന്നു കൎത്താവിനായി തന്റെ വീട്ടിൽ ഒരുക്കുവാൻ മുൻകൂട്ടിത്തന്നെ നിക്കാദെമോസ് പറഞ്ഞിട്ടുണ്ടെന്നു നന്ദിപൂൎവ്വം അവരോടറിയിച്ചുകൊണ്ടു വിരുന്നുശാല കാണിച്ചുകൊടുക്കുകയും അവർ എല്ലാം തയ്യാറാക്കുകയും ചെയ്തു.

ഈ ആൾ ഹെബ്രോനിലെ സ്ഖറിയായുടെ അമ്മായിയപ്പനായ ഹെലി എന്ന ആളാകുന്നു. കൎത്താവു യോഹന്നാൻ മാംദാനായുടെ മരണവിവരം അറിഞ്ഞതു ഈയാളുടെ വീട്ടിൽവെച്ചാണ്. ഇയാൾക്കു ലേവായക്കാരനായ ഒരു പുത്രനും, വിവാഹം കഴിഞ്ഞ അഞ്ചു പുത്രിമാരും ഉണ്ടായിരുന്നു. ഈ പുത്രൻ വി. ലൂക്കായുടെ ഉററ സ്നേഹിതനായിരുന്നു. എന്നാൽ ടി. ഹെലി ആണ്ടുതോറും പെസഹാപ്പെരുന്നാൾ തന്റെ ശുശ്രൂഷകളോടുകൂടെ ഓറശ്ലത്തു ചെന്നു അവിടെ പെസഹാ കഴിപ്പാൻ വരുന്ന വിദേശിയൎക്കായി ഒരു വീടു കൂലിക്കുവാങ്ങി വേണ്ടതെല്ലാം ചട്ടംകെട്ടുക പതിവായിരുന്നു. ഈ ആൾ ഈ ആണ്ടിൽ നിക്കാദെമോസിന്റെയും റാംസ യൌസേപ്പിന്റെയും സ്വന്തമായ ഒരു വീടു കൂലിക്കു വാങ്ങിയിരുന്നു.

## 2-ാം ധ്യാനം

## വിരുന്നുശാലയെക്കുറിച്ച്

സെഹിയോൻ മലയുടെ തെക്ക് ദാവീദിന്റെ ജീൎണ്ണിച്ച കോട്ടയുടെ സമീപെ ചുററും വലിയ വൃക്ഷങ്ങളും, മതിലുമുള്ള ഒരു പുരാതനകെട്ടിടവുമുണ്ടായിരുന്നു. ഇതിന്റെ നടവാതിലിനു ഇടവും വലവും കാരുസ്ഥന്റെ പാൎപ്പിടവും അതിനരികെ കൎത്താവിന്റെ

മരണശേഷം പരിശുദ്ധ കന്യകയും മററു പുണ്യസ്ത്രീജനങ്ങളും മിക്കസമയവും കഴിച്ചിരുന്ന ആ വീടും ഉണ്ടായിരുന്നു.

ഏററവും വലുതായിരുന്ന ഈ വിരുന്നുശാലയിലാണു് പണ്ടു ദാവീദിന്റെ സേനാധിപന്മാർ പാർത്തു് ആയുധാഭ്യാസം ചെയ്തിരുന്നതു് എന്നു മാത്രമല്ല, ദേവാലയം പണിയുന്നതിനുമുമ്പു് വളരെക്കാലം വാഗ്ദാനത്തിന്റെ പെട്ടകം ഇതിൽ സ്ഥാപിച്ചിരുന്നതിന്റെ ചില ലക്ഷ്യങ്ങൾ ഇതിന്റെ നിലവറകളിൽ കാണ്മാനുണ്ടു്. മാലാകിനിവ്യാ, ദിവ്യകാരുണ്യവും പുതിയ ഏർപ്പാടിലെ പൂജയും സംബന്ധിച്ചുള്ള ദീർഘദർശനങ്ങൾ എഴുതിയതും, ശ്ലേമോൻ പല സാരമായ സംഗതികൾ നടത്തിയതും, ഈ വീട്ടിൽ വെച്ചുതന്നെയാണു്. എന്നു മാത്രവുമല്ല ഓറശ്ലത്തെ, ബാബേൽക്കാർ നശിപ്പിച്ചപ്പോഴും ദൈവവിചാരണയാൽ ഈ വീടുമാത്രം കാക്കപ്പെട്ടു. ഈ വീടുസംബന്ധിച്ചു് മററു പല കാര്യങ്ങളും ഞാൻ കണ്ടു.

എന്നാൽ ഈ വീടു് റാംസയൌസേപ്പിന്റെയും നിക്കാദെമോസിന്റെയും കൈവശം വന്നപ്പോൾ വളരെ ജീർണ്ണിച്ചിരുന്നെങ്കിലും വിശേഷിയ്ക്കുള്ള പെസഹാവിരുന്നുശാല അതായിരിക്കത്തക്കവണ്ണം ഇതിലെ പ്രധാന കെട്ടിടത്തെ അവർ നന്നാക്കി ഒരുക്കിയിട്ടിരുന്നതിനാലാണു് നമ്മുടെ കർത്താവു് മുൻകാലങ്ങളിലും ഇതിൽ പെസഹാ കഴിച്ചിരുന്നതു്. മാത്രമല്ല ഇവർ ഇതും ഇതിനു പുറമുള്ള കെട്ടിടങ്ങളും കല്ലുകൊണ്ടു് സ്മാരകസ്തംഭങ്ങൾ മുതലായവ ഉണ്ടാക്കുന്ന കൊത്തുപണി നടത്തുവാനും അതിനുള്ള കല്ലുകൾ സൂക്ഷിപ്പാനുമായി ഉപയോഗിച്ചിരുന്നു. കാരണം റാംസയൌസേപ്പിനു തന്റെ സ്വന്തനാട്ടിൽ വിലയേറിയ ഈ വക മാർബിൾക്കല്ലു് വെട്ടുന്ന മടകൾ ഉണ്ടായിരുന്നതിനാൽ കച്ചവടത്തിനായി സ്മാരകസ്തംഭങ്ങൾ, തൂണുകൾ മുതലായ അലങ്കാരപ്പണികൾ തന്റെ കൺമുമ്പാകെവെച്ചുതന്നെ പണിയിക്കുന്നതിനായി വലിയ കർത്തളിരങ്ങൾ കൊണ്ടുവന്നു് അതിൽ ശേഖരിച്ചിരുന്നു. ഈ ഏർപ്പാടിൽ നിക്കാദെമോസിനും ഒരു പങ്കുണ്ടായിരുന്നതിനാൽ ഇയാൾ തന്റെ ആശ്വാസസമയം മിക്കവാറും ഇവിടെ വിശേഷകൊത്തുപണികൾ ചെയ്യുന്നതിൽ ചിലവഴിച്ചിരുന്നു. ഈ ഏർപ്പാടുനിമിത്തം ഇയാൾക്കു് റാംസയൌസേപ്പിനോടു് വളരെ കൂട്ടുകെട്ടും സ്നേഹവും ഉണ്ടായിരുന്നതിനാൽ, മിക്ക കാര്യങ്ങളിലും അവർ യോജിച്ചു നടന്നിരുന്നു.

എന്നാൽ ഒരാഴ്ചക്കുമുമ്പു് പണിക്കാർ ഈ കല്ലുകളെ ഒരു അരികിലേക്കു് മാററി പെസഹാ അടിയന്തരത്തിനായി തയ്യാറാക്കുന്നതു ഞാൻ കണ്ടു. അവരിൽ ചിലർ റാംസയൌസേപ്പിൻെറ ഭ്രാതാപുത്രന്മാരായ ആറാമും, തെമിയാനും എന്ന നമ്മുടെ കർത്താവിൻെറ രണ്ടു് ശിഷ്യന്മാരായിരുന്നു. എന്നാൽ സാക്ഷാൽ ഈ ഭവനത്തിൽ നടുവിലായിരുന്ന അത്താഴമുറിയുടെ നീളം വീതിയിലധികമായിരുന്നു; നാലുവശത്തുമുള്ള തൂണുകളുടെ ഇടകൾ തുറന്നും കിടന്നിരുന്നു. എങ്കിലും ചില പെരുന്നാൾ അവസരങ്ങളിൽ ഈ ഇടകൾ അടയ്ക്കുമാറായിരുന്നു. വെളിച്ചത്തിനായി ചുമരിൻെറ മുകളിൽ തുറവികളും മുഖപ്പിൽ മൂന്നു് വാതിലുകളും ഉണ്ടായിരുന്നതുകൂടാതെ, അതിൽ പല വിളക്കുകളും തൂക്കിയിരുന്നു. പെരുന്നാളുകളിൽ ചുമരു പകുതിവരെ ഭംഗിയുള്ള ചിത്രങ്ങളാലും തിരശ്ശീലകളാലും അലങ്കരിക്കയും മേല്പുരമേലുള്ള തുറവി നേരിയ നീലപ്പട്ടുകൊണ്ടു് മൂടുകയും ചെയ്തിരുന്നു.

എന്നാൽ ഈ വിരുന്നുമുറിയുടെ പിൻഭാഗവും നേരിയ നീലപ്പട്ടുകൊണ്ടുള്ള തിരശ്ശീലകൊണ്ടു് മൂന്നായി വേർതിരിച്ചിരുന്നതിനാൽ, ഈ വേർതിരിവു് ദേവാലയത്തിൻെറ ഹൈക്കലായും, മദ്ബഹായുംപോലെ ആയിരുന്നു. പിൻവശമുള്ള മൂന്നുമുറികളിൽ ഇരുവശമുള്ളവയിൽ പെരുന്നാളിനാവശ്യപ്പെട്ട ഉടുപ്പുകളും ചമയങ്ങളും വെയ്ക്കുകയും, നടുവിലത്തേതിൽ സമത്രികോണായി മൂന്നു കല്പടവികളുണ്ടായിരുന്ന ഒരു പീഠത്തിൽ പെസഹാ ആട്ടിൻകുട്ടിയെ ചുടുകയും ചെയ്തിരുന്നു. അതുകൊണ്ടു് ഇതിൻെറ മേൽഭാഗം വിരുന്നുസമയം വളരെ ചൂടാക്കി ഇട്ടിരുന്നു.

വിരുന്നുശാലയുടെ ഈ ഭാഗത്തുണ്ടായിരുന്നതെല്ലാം വിവരിച്ചുപറവാൻ എനിക്കു് പ്രയാസമെങ്കിലും പെസഹാവിരുന്നിനു് വേണ്ടതെല്ലാം അവിടെ ഒരുക്കീട്ടുണ്ടായിരുന്നു. ഈ പീഠത്തിൻെറ മുകളിൽ ചുമരിൽ ഉണ്ടായിരുന്ന ഒരു കൂടിൻെറ മുൻവശത്തു് പെസഹാ ചെമ്മരിയാട്ടിൻകുട്ടിയുടെ കഴുത്തിൽ കത്തിവെച്ചു് രക്തം തുള്ളിയായി ഈ പീഠത്തിന്മേലേക്കു് വീണുകൊണ്ടിരുന്ന പ്രകാരത്തിൽ ഞാൻ കണ്ടതു് എങ്ങനെ ഉണ്ടായതെന്നു് തിരിച്ചു ഓക്കുന്നില്ല. നമ്മുടെ സക്രാരിപോലെ തുറക്കാവുന്നതും പലനിറത്തിലുള്ളതുമായ മൂന്നു വാതിലുകളുള്ള വേറൊരു കൂടും ഉണ്ടായിരുന്നതിൽ പെസഹാ അടിയന്തിരത്തിനുള്ള പാത്രങ്ങൾ വെച്ചിരുന്നു. പിന്നീടു് വി. കുർബാന ഈ കൂട്ടിൽ ആണു് സ്ഥാപിച്ചിരുന്നതു്.

വിരുന്നുശാലയുടെ ഇരുവശമുള്ള മുറികളിൽ ഘനമുള്ള മെത്ത കരം ചുരുട്ടി വെച്ചിരുന്ന ഇരിപ്പിടങ്ങരം കിടന്നിരുന്നു. ഈ കെട്ടിടത്തിന്റെ കീഴ് വിസ്താരമുള്ള നിലവറകളും ഉണ്ടായിരുന്നു. എന്നാൽ ടി. പീഠം ഇരുന്നതിന്നു നേരെ കീഴെതന്നെയാണു് വാ ശാനത്തിന്റെ പെട്ടകം പണ്ടു് വെച്ചിരുന്നതു്. അഴുക്കുകരം കള യുവാനായി അഞ്ചു് ഓവുകരം കുന്നിന്റെ ചരിവിലേക്കായിട്ടു് ഈ വീടിന്നു താഴെ ഉണ്ടായിരുന്നു. മ്ശിഹാ പലപ്പോഴും ഈ വീട്ടിൽവെച്ചു് പ്രസംഗിക്കുന്നതും, രോഗങ്ങരം പൊറുപ്പിക്കുന്നതും, ശ്ലീഹന്മാർ ഇതിലെ ഇരുവശവുമുള്ള മുറികളിൽ പല പ്പോഴും രാത്രി കഴിക്കുന്നതും മുമ്പിൽ ഞാൻ കണ്ടിട്ടുണ്ടു്.

# 3-ാം ധ്യാനം

## പെസഹാചെമ്മരിയാട്ടിൻകുട്ടിയെ ഭക്ഷിപ്പാനുള്ള ഒരുക്കങ്ങരം.

ശിഷ്യർ ഹേബ്രോനിലെ ഹേലിയോടു് മുൻപറഞ്ഞ പ്രകാരം വിവരം പറഞ്ഞപ്പോരം ഈയാരം തിരികെ വീട്ടിലേക്കും, ശ്ലീഹന്മാർ തോട്ടിനക്കരെ ഉണ്ടായിരുന്ന ശെമഓൻബാവായുടെ വീട്ടിലേക്കുംപോയി. ഈ വന്ദ്യൻ, മാതാവു ഉണ്ണിയെ കാഴ്ചവെച്ചശേഷം, ദേവാലയത്തിൽവെച്ചു് മരിച്ചു. എന്നാൽ പിൻകാലങ്ങളിൽ ഈയാളുടെ മക്കളിൽ ചിലർ രഹസ്യമായി നമ്മുടെ കൎത്താവിന്റെ ശിഷ്യരായി ജീവിച്ചിരുന്നു. ഇവരിൽ ദേവാലയ ഉദ്യോഗസ്ഥനായ ഒരുവനോടു് ശ്ലീഹന്മാർ എന്തോ ഒരു കാര്യം പറഞ്ഞ ഉടനെ അവൻ അവരോടുകൂടെ ഓശാന ഞായറാഴ്ച കൎത്താവു് കടന്നുപോയ ഓപ്പെൽ എന്ന ദിക്കിൽക്കൂടി ദേവാലയത്തിനു് വടക്കുവശത്തുള്ള കാലിച്ചന്തയിലേയ്ക്കു പോയി. ഈ ചന്തക്കു് തെക്കുവശമുള്ള ചെറിയ വേലിക്കെട്ടിനുള്ളിൽ ഭംഗിയുള്ള ആട്ടിൻകുട്ടികരം കളിക്കുന്നതു് ഞാൻ കണ്ടു; പെസഹാ ആട്ടിൻകുട്ടികളെ വില്ക്കുന്നതു് ഇവിടെയാണു്.

ശെമഓൻബാവായുടെ മകൻ ഈ വേലിക്കെട്ടിൽ കന്നിൽ കടന്നപ്പോരം ആട്ടിൻകുട്ടികരം അവനെ അറിഞ്ഞതുപോലെ അ

വന്റെ പുറവും ചാടികളിച്ചിരുന്നു. അവൻ അതിൽ നാലെണ്ണത്തിനെ തെരിഞ്ഞെടുത്തു് വിരുന്നുശാലയിലേക്കു് കൊണ്ടുപോയി; ഉച്ചതിരിഞ്ഞു് അതുകളെ അവിടെ തയ്യാറാക്കുന്നതും ഞാൻ കണ്ടു. എന്നാൽ പത്രോസും യോഹന്നാനും പട്ടണത്തിൽ പല സ്ഥലങ്ങളിലുംപോയി, പലകാര്യങ്ങളും ചട്ടംകെട്ടിയിരുന്നതിനിടയ്ക്കു് ഗാഗുൽത്താമലയ്ക്കു് വടക്കുവശത്തുള്ള ഒരു വീട്ടിന്റെ വാതുക്കൽ അവർ നിന്നിരുന്നു; ഇതു് കത്താവിന്റെ ശിഷ്യർ മിക്കപ്പോഴും പാർത്തിരുന്ന (സെറാപിയ) പിന്നീടു് വെറോനിക്കാ എന്നു് പേരായവളുടെ ഒരു വീടായിരുന്നു. പത്രോസും യോഹന്നാനും ഇവിടെനിന്നു് പല ശിഷ്യരേയും, പല സംഗതികൾക്കായി വിരുന്നുശാലയിലേയ്ക്കു് അയയ്ക്കുന്നതു കണ്ടുവെങ്കിലും അതു് ഏതെല്ലാം കാര്യങ്ങൾക്കു് എന്നു ഞാൻ ഓക്കുന്നില്ല. പല കാര്യങ്ങളും ഒരുക്കുന്നതിനായി, വെറോനിക്കാ പാക്കുന്ന വീട്ടിലും അവർ പോയി.

അവളുടെ ഭത്താവു് സംഘത്തിൽ ഒരംഗമായിരുന്നതുകൊണ്ടു് മിക്കപ്പോഴും സംഘജോലിയിൽ ഏപ്പെട്ടിരുന്നതിനാൽ പലപ്പോഴും വീട്ടിലുണ്ടായിരുന്നില്ല. അവരം ഉദ്ദേശം പരിശുദ്ധകന്യകയുടെ പ്രായമുള്ളവളും ദീഘനാളായി പരിശുദ്ധകുടുംബത്തോടു് താല്പര്യമുള്ളവളും ആയിരുന്നു. മിശിഹാ തന്റെ ബാല്യത്തിൽ പെരുന്നാളിന്റെശേഷം മൂന്നു ദിവസം ഓറശ്ലത്തിൽ താമസിച്ചപ്പോരം ഇവരാകുന്നു അദ്ദേഹത്തിനു് ഭക്ഷണം കൊടുത്തതു്. ആ രണ്ടു ശ്ലീഹന്മാരും ഈ വീട്ടിൽനിന്നും പല സാമാനങ്ങരം കൊണ്ടുപോയതുകൂടാതെ, നമ്മുടെ കത്താവു് ആദ്യം ദിവ്യകാരുണ്യം സ്ഥാപിക്കുന്നതിനു് ഉപയോഗിച്ച ആ വിശേഷ കാസകൂടേയും കൊണ്ടുപോയി.

## 4-ാം ധ്യാനം

### ദിവ്യകാരുണ്യസ്ഥാപനത്തിൽ ഉപയോഗിച്ച കാസ

വെറോനിക്കായുടെ വീട്ടിൽനിന്നും ശ്ലീഹന്മാർ കൊണ്ടുപോന്ന ആ കാസ എത്രയും വിസ്മയകരവും രൂപകാന്തിസംപൂണ്ണവുമായിരുന്നു. ഇതിന്റെ ഉത്ഭവവും ഉപയോഗവും തിരിച്ചറിയാ

തെ, അനേകകാലമായി പള്ളിയിൽ പുരാതന സാമാനങ്ങളോടുകൂടെ സൂക്ഷിച്ചിരുന്നു. എന്നാൽ പ്രതിഷ്ഠിക്കപ്പെട്ട പല പള്ളിസാമാനങ്ങളും, കാലപ്പഴക്കത്തിൽ പെരുമാററമില്ലാതെ ആയിത്തീരുമ്പോൾ അവയെ പള്ളിയിൽ കുഴിച്ചിട്ടശേഷം, അവയെത്തന്നെ ചിലപ്പോൾ വാങ്ങിയെടുത്തു് വില്ക്കയൊ, വീണ്ടും ഉപയോഗിക്കയൊ ചെയ്യുക പതിവായിരുന്നു. എന്നാൽ ദൈവവിചാരണയാൽ കാക്കപ്പെട്ട പള്ളിവക പഴയ സാമാനശേഖരണത്തിൽ കിടന്നിരുന്ന ഈ കാസ പട്ടക്കാർ എടുത്തു പുരാതനവസ്തു പ്രിയയായ വെറോനിക്കായ്ക്കു വിററു. പെരുന്നാൾ ദിവസങ്ങളിൽ ന. കത്താവു് ഇതിനെ ഉപയോഗിച്ചു് വന്നിരുന്നു. ഒടുക്കത്തെ അത്താഴം മുതൽ ഇതു പഴയ നിയമത്തിൽനിന്നു് വേർപ്പെട്ടു് പുതിയ ക്രിസ്ത്യാനികളുടെ ഒരു വിശുദ്ധ നിക്ഷേപമായിത്തീരുകയുംചെയ്തു. ന. കത്താവു് ഇതിനെ മുൻഉപയോഗിച്ചതു് ഇതിൻെറ എല്ലാ അംശങ്ങളോടുംകൂടിയല്ല. ഒടുക്കത്തെ അത്താഴത്തിലാണു് ഇതിൻെറ എല്ലാ അംശങ്ങളും ആദ്യമായി ഒന്നിച്ചുകൂട്ടിയതു്. ഒരു വലിയ തട്ടത്തിൽ നിറുത്തിയിരുന്ന ഈ വലിയ കാസയുടെ അടിയിൽനിന്നും വലിച്ചെടുക്കാവുന്ന ചില തകിടുകളിന്മേൽ ആറു് ചെറിയ പാനപാത്രങ്ങൾ അതിനു ചുററും ഉണ്ടായിരുന്നു; ഒരു കൈൽ എളുപ്പത്തിൽ ഊരി എടുക്കാവുന്ന വിധത്തിൽ തിരുകിയുമിരുന്നു; ഇവ എല്ലാം ഒരു വിശേഷ വക്കതുവാല കൊണ്ടു് മൂടി തുകൽകൊണ്ടുള്ള ഉറയിൽ ഇട്ടുവെച്ചിരുന്നു.

ഈ വലിയ കാസയുടെ കോപ്പയും, അതിൻെറ ചുവടും വെവ്വേറെ ലോഹമാകയാൽ ചുവടു് പിൻകാലങ്ങളിൽ കൂട്ടിച്ചേർത്തതായിരിക്കാം. കോപ്പാ പേരയ്ക്കാഭാഷയിൽ ഘനമാക്കിതീൎത്തു്, ഇരുണ്ട നിറത്തിൽ പൊന്നലങ്കാരങ്ങളും പതിച്ചു്, രണ്ടു് പിടുത്തങ്ങളും വെച്ചിട്ടുള്ളതായിരുന്നു. അടി പച്ചപ്പൊന്നുകൊണ്ടു് തീൎത്തു്, ഒരു സൎപ്പത്തിൻെറയും ഒരു മുന്തിരിങ്ങാക്കുലയുടേയും ആകൃതി അലങ്കാരമായി കൊത്തി വിലയേറിയ രത്നങ്ങൾ പതിച്ചു് വളരെ ഭംഗിയിൽ അലങ്കരിച്ചതായിരുന്നു.

എന്നാൽ പിന്നീടു് ചെറിയ യാക്കോബ്ശ്ലീഹാ ഓറശ്ലേംപള്ളിയിൽ സൂക്ഷിച്ചിരുന്ന ഈ വലിയ കാസ ഇപ്പോഴും ആ പട്ടണത്തിൽ സൂക്ഷിച്ചുവെച്ചു് ചില പ്രത്യേക ദിവസങ്ങളിൽ ഉപയോഗിച്ചുവരുന്നതായി ഞാൻ കാണുന്നു. അതിനു് ചുററുമുണ്ടായിരുന്ന പാത്രങ്ങളൊ എന്നാൽ മററു പള്ളിക്കാർ കൊണ്ടുപോയി;

ഒന്നു് അന്തിയോക്യാ പാത്രിയൎക്കീസിന്റെ പക്കലും, മറെറാന്നു അപ്പെസ്സോസു് പാത്രിയൎക്കീസിന്റെ പക്കലും ആയിരുന്നു. അവർ വാഴ്വു് കൊടുക്കയൊ കൈക്കൊള്ളുകയൊ ചെയ്യുന്ന സമയം ഈ പാത്രങ്ങളിൽ ചില വിശുദ്ധ പാനീയങ്ങൾ അനുഭവിച്ചുവന്നിരുന്നതു് ഞാൻ കണ്ടിട്ടുണ്ടു്.

വലിയ കാസ മുമ്പിനാലെ അബ്രാഹത്തിന്റെ കൈവശമായിരുന്നു. എന്നാൽ പിന്നീടു് മൽക്കസു്ദേക്ക പട്ടക്കാരൻ സെമിരാമിയുടെ നാട്ടിൽനിന്നും, കനാൻനാട്ടിൽ ഓറശ്ലേംപുരിയിരുന്ന സ്ഥലത്തു് പാൎപ്പാനായി പോന്നപ്പോൾ കൂടെ കൊണ്ടുപോന്നു; എന്നു മാത്രമല്ല ഇയ്യാൾ അബ്രാഹത്തിന്റെ മുമ്പാകെ അപ്പവും വീഞ്ഞുംകൊണ്ടു് പൂജ അണെയ്ക്കുന്നതിനു് ഇതു് ഉപയോഗിച്ചുംവന്നിരുന്നു. ഈ കാസ ദൈവാധീനത്താൽ വെള്ളപ്രളയത്തിൽ നോഹിന്റെ പെട്ടകത്തിൽ സൂക്ഷിച്ചു് കാക്കപ്പെട്ടിരുന്നുവെന്നും ഞാനറിയുന്നു.

## 5-ാം ധ്യാനം

### മ്ശിഹാ പെസഹാ ഭക്ഷിപ്പാനായി ഓറശ്ലേത്തേക്കു് പോയതു്.

ഇന്നു കാലത്തു് ശ്ലീഹന്മാർ ഓറശ്ലേമ്മിൽ പെസഹാവിരുന്നു് തയ്യാറാക്കിക്കൊണ്ടിരിക്കുമ്പോൾ നമ്മുടെ കൎത്താവു് ബെസനിയായിൽചെന്നു് തന്റെ മാതാവിനേയും, ലാസറിനേയും, ആ പുണ്യസ്ത്രീകളേയും കണ്ടു് പ്രത്യേകം ചില ഉപദേശങ്ങൾ അവരോടു് പറഞ്ഞു് ഒടുക്കത്തെ യാത്രയുംചൊല്ലി പിരിഞ്ഞു. എന്നാൽ കൎത്താവു് തന്റെ അമ്മയോടുകൂടെ വേർതിരിഞ്ഞുനിന്നു് പല കാൎയ്യങ്ങൾ സംസാരിച്ചതുകൂടാതെ, വിശ്വസ്തനായ പത്രോസിനേയും പ്രിയ യോഹന്നാനേയും പെസഹാ തയ്യാറാക്കുന്നതിനു് ഓറശ്ലേത്തേക്കു് അയച്ചിട്ടുണ്ടെന്നും, മഗ്ദലേനായുടെ സ്നേഹം വലുതായിരിക്കുന്നുവെങ്കിലും, അവളുടെ ദുഃഖം സ്വാഭാവികമായതാകകൊണ്ടു് അതു് കവിഞ്ഞതായിരിക്കരുതെന്നും മററും പറകയും ചെയ്തു.

പിന്നെയും ദ്രോഹിയായ യൂദാസിന്റെ ഉപായതന്ത്രങ്ങളെക്കുറിച്ച് പറഞ്ഞപ്പോൾ പരിശുദ്ധ കന്യക അവനെക്കുറിച്ച് അപേക്ഷിച്ചു; പക്ഷെ യൂദാ ചില കടങ്ങൾ വീട്ടുവാനുള്ള ഭാവത്തിൽ വീണ്ടും ഓറശ്ലത്തേക്ക് പോയതുകൂടാതെ ഈ ദിവസം മുഴുവനും അവന്റെ ദുഷ്ടഉടമ്പടി തീർച്ചയാക്കുന്നതിനായിട്ട് പ്രീശരുടെ വീടുകളിൽ ബദ്ധപ്പെട്ട് കയറിയും ഇറങ്ങിയും കഴിച്ചുകൂട്ടി. ദിവ്യരക്ഷിതാവിനെ പിടിപ്പാൻ നിശ്ചയിച്ചിരുന്ന സേവകരെ അവർ ഇവന് കാണിച്ചുകൊടുക്കുകയും അവന്റെ ആകാര്യം എപ്പോഴെങ്കിലും ഒരുപക്ഷെ അവൻ കൂടെ ഇല്ലാഞ്ഞാലും നടക്കത്തക്കവിധം സകലവും ചട്ടംകെട്ടുകയും ചെയ്തു. എന്നാൽ അവൻ സ്വാഭാവികമായി, ചുറുചുറുപ്പും ഉപചാരവും ഉള്ളവനായിരുന്നെങ്കിലും അവനിലുണ്ടായിരുന്ന ലുബ്ധ്, ദ്രവ്യാശ, അസൂയ മുതലായ ദുർഗ്ഗുണങ്ങളാൽ മേല്പറഞ്ഞ സൽഗുണങ്ങൾ ഇല്ലാത്തതുപോലെ ആയിരുന്നു. ന. കർത്താവ് ഇല്ലാതെയിരുന്ന ചില സമയങ്ങളിൽ ചിലരുടെ രോഗങ്ങൾ അവൻ അത്ഭുതകരമായ വിധത്തിൽ സുഖപ്പെടുത്തുകക്കൂടെയും ചെയ്തിട്ടുണ്ട്.

എന്നാൽ നമ്മുടെ കർത്താവ് സംഭവിപ്പാനിരിക്കുന്ന കാര്യങ്ങളെ തന്റെ മാതാവിനോട് വെളിപ്പെടുത്തിയപ്പോൾ വളരെ സങ്കടത്തോടെ തന്നോടൊന്നിച്ച് മരിപ്പാനനുവദിക്കണമെന്ന് മാതാവു പുത്രനോടു അപേക്ഷിച്ചു. എങ്കിലും അവൾ മററു സ്ത്രീകളെപ്പോലെ ആകാതെ, വളരെ സമാധാനമായിരിക്കണമെന്നും താനുയർത്തിട്ട് ഇന്ന സ്ഥലത്തുവെച്ച് അവൾക്കു കാണപ്പെടുമെന്നും മററും അവിടുന്ന് അവളോടു പറഞ്ഞാശ്വസിപ്പിച്ചു.

മാതാവ് വളരെ കരഞ്ഞിരുന്നില്ലെങ്കിലും അവളുടെ ദുഃഖം അവർണ്ണനീയവും അവളുടെ മുഖഭാവം അവളുടെ ഹൃദയത്തിലെ വ്യസനാധിക്യം സൂചിപ്പിക്കുന്നതുമായിരുന്നു. നമ്മുടെ ദിവ്യരക്ഷിതാവ് ഒരു സ്നേഹമുള്ള മകനെപ്പോലെ, മാതാവ് തന്റെ നേരെ കാണിച്ചിട്ടുള്ള എല്ലാവക സ്നേഹകൃത്യങ്ങൾക്കും അത്യന്തം കൃതജ്ഞതയോടെ മാതാവിനെ തന്റെ ഹൃദയത്തോടു ചേർത്തുപിടിച്ച് ആശ്ലേഷിച്ച് ഒടുക്കത്തെ അത്താഴം അത്രപിയാലെ തന്നോടുകൂടെ കഴിക്കുമെന്നും തന്റെ വിലയേറിയ തിരുശ്ശരീരവും, മാണിക്യമായ തിരുരക്തവും ഇന്ന സമയത്ത് മാതാവ് കൈക്കൊള്ളുമെന്നും അമ്മയെ അറിയിച്ചു. പിന്നീട് ഒന്നുകൂടി മനസ്സിലാകത്തക്ക വിധത്തിൽ എല്ലാവരോടും പല ഗുണദോഷ

ങ്ങളും പറഞ്ഞുകൊണ്ടു് യാത്രചൊല്ലി പിരിയുകയുംചെയ്തു.

പകൽ 12-മണിക്കു് കർത്താവു് 9-ശിഷ്യരോടുകൂടെ ഓറശ്ലേത്തേക്കു പോകുമ്പോൾ, കഴിഞ്ഞ വ്യാഴാഴ്ച അദ്ദേഹം ദേവാലയത്തിൽ പ്രസംഗിച്ചിരുന്നസമയം ഒരു ചെമ്പുകാശു് ഭണ്ഡാരത്തിൽ നേർച്ചയിട്ട ആ വിധവയുടെ മകനും ഉണ്ടായിരുന്നു. എന്തെന്നാൽ കുറെ ദിവസംമുമ്പു് ഇവനെ കർത്താവു് തന്റെ ശിഷ്യഗണത്തിൽ ചേർത്തിരുന്നു. പരിശുദ്ധ സ്ത്രീജനങ്ങൾ ഓറശ്ലേത്തേക്കു് പുറപ്പെട്ടതു് പിന്നീടാണു്.

എന്നാൽ കർത്താവും ശിഷ്യരും സൈത്തുമലയുടെ ചുററും യോസപ്പാത്തിന്റെ താഴ്വരയും ഗാഗുൽത്താമലയുംവരെ നടന്നു കണ്ടപ്പോൾ, ആ സമയം മുഴുവനും പ്രത്യേക ഉപദേശങ്ങൾ അവർക്കു പറഞ്ഞുകൊടുത്തിരുന്നു. ശിഷ്യരോടു് ഇതുവരേയും താൻ അവർക്കു അപ്പവും വീഞ്ഞുമേ കൊടുത്തിരുന്നുള്ളയെന്നും, എന്നാൽ ഇന്നേദിവസം തന്റെ തിരുശ്ശരീരവും തിരുരക്തവും തന്നെ മുഴുവനും അതായതു്: തനിക്കുള്ളതെല്ലാം താനാകുന്നതു മുഴുവനും അവർക്കു കൊടുപ്പാനിരിക്കുന്നുവെന്നും അരുളിച്ചെയ്തു. തന്നെ മുഴുവനും മനുഷ്യർക്കു് കൊടുക്കുമെന്ന ഈ വചനങ്ങൾ കർത്താവു് ഉച്ചരിച്ചപ്പോൾ, അദ്ദേഹത്തിന്റെ മുഖഭാവം മനസ്സിളകത്തക്കവണ്ണം പകന്നു് ഹൃദയം മുഴുവനും ആ വാക്കുകളിൽക്കൂടി ഒഴുകുന്നതുപോലെയും, സ്നേഹാധികൃത്താൽ മയങ്ങി തളർന്നുപോകുന്നതുപോലെയും ആയിരുന്നു. എങ്കിലും ശിഷ്യർക്കു് അദ്ദേഹം പറഞ്ഞതിന്റെ സാരം മനസ്സിലാകാതെ പെസഹാചെമ്മരിയാട്ടിൻകുട്ടിയെക്കുറിച്ചാണു് ഈ പറയുന്നതെന്നുമാത്രം വിചാരിച്ചിരുന്നു. എന്നാൽ കർത്താവു് ഓറശ്ലേത്തേക്കു് പോയപ്പോൾ ബെസനിയായിൽവെച്ചുണ്ടായ അദ്ദേഹത്തിന്റെ ഈ ഒടുക്കത്തെ സംഭാഷണത്തിൽ സൂചിപ്പിച്ച സ്നേഹകരുതലുകൾ ആരാലും ഒരു വിധവും വർണ്ണിക്കാവതല്ല.

അദ്ദേഹത്തോടുകൂടെ ഉണ്ടായിരുന്ന 9 ശിഷ്യരും ഒന്നിച്ചു് ഓറശ്ലേത്തേക്കു് എത്തിയില്ല. പിന്നെയൊ അവരിൽ പലർ പെസഹാചാരത്തിനുള്ള ഉടുപ്പുകൾ വിരുന്നുമുറിയിൽ കൊണ്ടുപോയി വെച്ചിട്ടു് മർക്കോസിന്റെ അമ്മയായ മറിയത്തിന്റെ വീട്ടിലേക്കു മടങ്ങിപ്പോയി. കാസയുംകൊണ്ടു് പത്രോസും യോഹന്നാനും വിരുന്നുമുറിയിൽ വന്നപ്പോൾ വിരുന്നുടുപ്പുകളെല്ലാം ശിഷ്യർ അവിടെ കൊണ്ടുവന്നു; ചുവരിന്റെ മുകളിലുള്ള തുറവി

കരം വെടിപ്പാക്കി, ചുമരുവിരികളും ഇട്ടു്, 3-വിളക്കുകളും തൂക്കിയിട്ടുണ്ടായിരുന്നു.

ഇതിന്റെശേഷം പത്രോസും യോഹന്നാനും യോസപ്പാത്തിന്റെ താഴ്വരയിൽചെന്നു്, കർത്താവിനേയും ശ്ലീഹന്മാരേയും വിരുന്നിനു് ക്ഷണിച്ചു. ഈ മുറിയിൽതന്നെ പെസഹാ ഭക്ഷിപ്പാനിരുന്ന മററു ശിഷ്യരും സ്നേഹിതന്മാരും പിന്നീടാണു് വന്നുചേന്നതു്.

# അദ്ധ്യായം 6

## ഒടുക്കത്തെ അത്താഴം.

കർത്താവു് തന്റെ ശിഷ്യരൊന്നിച്ചു് താഴെ പറയുംപ്രകാരം പെസഹാവിരുന്നു കഴിച്ചു. കർത്താവും തന്റെ 12-ശ്ലീഹന്മാരും നടുവിലെ മുറിയിലും, നസ്സനിയേലും വേറെ 12-ശിഷ്യന്മാരും പള്ളവശത്തെ ഒരു മുറിയിലും സ്നാപകയോഹന്നാന്റെ ശിഷ്യനും, ഹേലിയുടെ മകളായ മറിയത്തിന്റെയും കലിയോപ്പായുടേയും മകനുമായ എലിയാക്കു്മും വേറെ 12-ശിഷ്യന്മാരും മറെറ പള്ളവശത്തെ മുറിയിലും ഇരുന്നിരുന്നു. 3-ആട്ടിൻകുട്ടികളെ ദേവാലയത്തിൽ ബലി അണച്ചുകൊണ്ടു് വന്നിരുന്നതുകൂടാതെ, നാലാമതൊന്നിനെ വിരുന്നുശാലയിൽവെച്ചുതന്നെ പൂജിച്ചു് അതിനെ കർത്താവും തന്റെ 12-ശ്ലീഹന്മാരും ഭക്ഷിക്കയും ചെയ്തു.

യൂദാസു് നമ്മുടെ കർത്താവിനെ ഒററിക്കൊടുക്കുന്ന കാര്യത്തിൽ ഏർപ്പെട്ടിരുന്നതിനാൽ ഈ സംഗതികളൊന്നും അറിയാതെ, ആട്ടിൻകുട്ടികളെ പൂജിച്ചുകഴിഞ്ഞു് പെസഹാ ഭക്ഷിക്കുന്നതിന്നു് അല്പംമുമ്പു് മാത്രമെ വന്നുചേന്നൊള്ളു. കർത്താവും ശ്ലീഹന്മാരും ഭക്ഷിപ്പാനിരുന്ന ആ ആട്ടിൻകുട്ടിയെ വിരുന്നുശാലയുടെ പൂമുഖത്തുവെച്ചു് അവർ പൂജിച്ചതു് എത്രയും ഹൃദയമിളകത്തക്ക വിധമായിരുന്നു.

എങ്ങനെയെന്നാൽ: ശ്ലീഹന്മാരും ശിഷ്യരും ഇതിനുപുറമം നിന്നുകൊണ്ടു്, 118-ാം സങ്കീർത്തനം പാടിത്തീർന്നപ്പോൾ, കർത്താവു് ഒരു പുതിയ നിത്തു് പിന്തുടനു് ചൊല്ലിയതായതു്: മൂശയുടെ ബലികാംക്ഷം, പെസഹാചെമ്മിരിയാട്ടിൻകുട്ടിയുടെ

സാദൃശ്യത്തിനും ഇപ്പോൾ അവസാനം വന്നിരിക്കുന്നു. ഇതു കൊണ്ടുതന്നെ ആയിരിക്കുന്നു, പണ്ടു് എജിപ്തിൽവെച്ച അടിമയുടെ വീട്ടിൽനിന്നു് പുറപ്പെട്ടപ്പോൾ പൂജിച്ചതുപോലെതന്നെ, ഇപ്പോൾ ഈ ആട്ടിൻകുട്ടിയേയും പൂജിക്കുന്നതു്.

പിന്നീടു് ശുശ്രൂഷികൾ പാത്രങ്ങളും മററ സാമാനങ്ങളും ഒരുക്കിയതിൻെറശേഷം, ഭംഗിയുള്ള ചെറിയ ആട്ടിൻകുട്ടിയെ തലയിൽ ഒരു മുടിയുംവെച്ചു് കൊണ്ടുവന്നു. (ഇതിനെയാണു് പരിശുദ്ധകന്യകയും മററ പുണ്യസ്ത്രീകളും ഇരുന്ന മുറിയിലേക്കു് കൊടുത്തയച്ചതു്) ഈ ആട്ടിൻകുട്ടിയുടെ പുറം ഒരു മരപ്പടിയോടു് ചേർത്തു് കയറുകൊണ്ടു് കെട്ടിയിരുന്നു. ഇതു് നമ്മുടെ കർത്താവിനെ കൽത്തൂണിന്മേൽ കെട്ടിയടിച്ചഭാഷ എന്നെനിക്കുതോന്നി.

ശെമയോൻെറ മകൻ ആ ആട്ടിൻകുട്ടിയുടെ തലകു പിടിച്ചു കൊണ്ടിരിക്കെ, നമ്മുടെ കർത്താവു് ഒരു കത്തിയുടെ മുനകൊണ്ടു് അല്പം മുറിവേല്പിച്ചു്, അതിനെ കൊല്ലുന്നതിനായി അവനെ ഏല്പിച്ചു. എന്നാൽ അപ്പോൾ അദ്ദേഹത്തിൻെറ മുഖഭാവം മഹിമയുള്ളതും ആംഗ്യങ്ങൾ വളരെ വണക്കംതോന്നിക്കുന്നതുമായിരുന്നു. മുറിപ്പെടുത്തി വ്യസനിപ്പിക്കുന്നതിന്മേൽ വളരെ മനസ്സുകേടായിരുന്നുവെങ്കിലും ക്ഷണത്തിൽ ആ പ്രവൃത്തി നിറവേററി. ശുശ്രൂഷികൾ ഇതിൻെറ രക്തം ഒരു തട്ടത്തിൽ വീഴ്ത്തിയപ്പോൾ, കർത്താവു് ഒരു സോപ്പാച്ചില്ല വാങ്ങി അതിൽ മുക്കി മുറിയുടെ വാതുക്കൽചെന്നു കട്ടിളപ്പടിമേലും സാക്ഷാമേലും തളിച്ചു് ആ ചില്ല കതകിൻെറ മുകളിൽ സ്ഥാപിച്ചു.

അദ്ദേഹം ശിഷ്യരോടു് സംഹാരദൂതൻ ഇതിലെ കടന്നു പോകുമെന്നും, സത്യമായ പെസഹാചെമ്മരിയാട്ടിൻകുട്ടിയായി താൻ പൂജിക്കപ്പെടുമ്പോൾ ഭയംകൂടാതെ അവർകു തന്നെ ആരാധിക്കാമെന്നും, ലോകാവസാനത്തോളം നിലനിൽക്കുന്നതായ ഒരു പുതിയ യുഗവും ഒരു പുതിയ പൂജയും തുടങ്ങാറായിരിക്കുന്നുവെന്നും അരുളിച്ചെയ്തു. അതിൻെറശേഷം അവർ മുറിയുടെ മറവശത്തുണ്ടായിരുന്ന ആ പീഠത്തിനരികെ ചെന്നു്, കർത്താവു് അതിനെ ത്രോണോസായി അഭിഷേകം ചെയ്യുവാനായി കുറെ രക്തം അതിന്മേൽ വീഴ്ത്തി; ശേഷമുള്ള രക്തവും കൊഴുപ്പും പീഠത്തിനു കീഴെയുള്ള തീയ്യിൽ ഇട്ടുകളഞ്ഞു.

ഇതിൻെറശേഷം കർത്താവു മുമ്പും ശിഷ്യർ പിമ്പുമായി നടന്നു്, ആ വിരുന്നുശാലകു ചുററും ചില സംഗീതങ്ങൾ പാടി

കൊണ്ടു ചുററി പ്രദിക്ഷണം ചെയ്തു. അതിനെ ഒരു പുതിയ ദേവാലയമായിട്ടു് അഭിഷേചിച്ചു. ഈ സമയം വാതിലുകളെല്ലാം അടച്ചിരുന്നു. ഇതിന്നിടയിൽ ശെമഓൻെറ മകൻ ആട്ടിൻകുട്ടിയെ എല്ലാം ത്യാറാക്കി അതിൻെറ നടുവിൽ കുരിശുപോലെയുള്ള ഒരു വടി തിരുകി. ഇതിൻെറ വിലങ്ങിന്മേൽ അതിൻെറ മുൻകൈകളും വടിയുടെ അററത്തേക്കു് പിൻകാലുകളും നിവത്തികെട്ടി. (ഇതിനാൽ കുരിശിന്മേൽ തറയ്ക്കപ്പെട്ട കത്താവിൻെറ ഓമ്മ മാഞ്ഞുപോകാത്തവണ്ണം മനസ്സിൽ പതിഞ്ഞിരുന്നു.) പിന്നീട്ടു് ഇതിനെ പള്ളിയിൽനിന്നു് കൊണ്ടുവന്നിട്ടുള്ള മററു മൂന്നിനോടുകൂടെ ചുടുന്നതിനായിട്ടു് ചൂളയിൽവെച്ചു.

യൂദന്മാരുടെ പെസഹാ ചെമ്മരിയാട്ടിൻകുട്ടിയെ പൂജിക്കുന്നതു മുഖപ്പുകളലാണു്; എങ്കിലും അതു ഭക്ഷിപ്പാനിരിക്കുന്നതു പാവപ്പെട്ടവരോ, സമ്പന്നന്മാരോ, അന്യരോ എന്ന സാഹചയ്യംപോലെ സ്ഥലം മാററി ഉപയോഗിച്ചുവന്നിരുന്നു. കത്താവു ഭക്ഷിച്ച ആട്ടിൻകുട്ടി പള്ളിയിൽ പൂജിച്ചതല്ലായിരുന്നു. എങ്കിലും സകലവും സൂക്ഷ്മക്രമം അനുസരിച്ചാണു് അതിനെ പൂജിച്ചതു്. ഇതു യഥാത്ഥമായ പെസഹാചെമ്മരിയാട്ടിൻകുട്ടിയുടെ ഒരു സാദൃശ്യം മാത്രമാണെന്നും താൻ പിറെറ ദിവസം സത്യമായ പെസഹാ ചെമ്മരിയാട്ടിൻകുട്ടി ആയിത്തീരുവാനിരിക്കുന്നു എന്നും അവിടുന്നവരോടു് അരുളിച്ചെയ്തു. കത്താവു് അവരോടു പറവാനുള്ളതെല്ലാം പറഞ്ഞുതീന്നതിൻെറശേഷം നേരവുമായി; യൂദായും വന്നുചേന്നതിനാൽ വിരുന്നാരംഭിച്ചു.

ശിഷ്യർ മുഖപ്പിൽ വെച്ചിരുന്ന യാത്രക്കുപ്പായങ്ങളം, അതായതു്, വെള്ളനിറത്തിൽ കറിയ ഒരു അങ്കിയും അതിൻമീതെ മുൻവശം നീളംകുറഞ്ഞു പുറകു നീണ്ടുകിടക്കുന്നതും, മടക്കിവെക്കപ്പെട്ട ദീർഘ കൈകളുള്ളതുമായ ഒരു നെടിയ മുഴക്കുപ്പായവും, അതിൻമീതെ ഒരു എടക്കെട്ടും ഒരു പ്രത്യേക ചെരിപ്പും ധരിച്ചു. ഇങ്ങനെ ഓരോരുത്തരും അവരവരുടെ സ്വന്ത മേശയുടെ അടുക്കൽചെന്നു് അവരവരുടെ വടി കയ്യിൽ പിടിച്ചുകൊണ്ടു് ഈരണ്ടായി മേശയ്ക്കരികെ നിന്നു് ഭുജങ്ങളിന്മേൽ വടി താങ്ങി, കൈകളും പൊക്കിപ്പിടിച്ചു്, അതതു സ്ഥലത്തുനിന്നു.

മേശ വീതി കുറഞ്ഞതും മുട്ടിനുമേൽമാത്രം പൊക്കമുള്ളതും കുതിരക്കുളമ്പുപോലെ അദ്ധവൃത്താകൃതിയിൽ നടുവിൽ ശുശ്രൂഷിക്കാം കടന്നു പെരുമാറുവാൻ തക്കവണ്ണം ഇടയുള്ളതുമായിരുന്നു.

കൎത്താവിന്റെ വലത്തുവശത്ത് യോഹന്നാനും, വലിയ യാക്കോബും, ചെറിയ യാക്കോബും, ബൎത്തുൽമായും, തോമ്മായും; നെററിയിൽ യൂദാസും ആയിരുന്നു. എന്നാൽ ഇടത്തുവശത്ത് പത്രോസും അന്ത്രയോസും, തദ്ദേവൂസും, ശെമഓനും, മത്തായിയും, നെററിയിൽ പീലിപ്പോസും ആയിരുന്നു.



പെസഹാ ചെമ്മരിയാട്ടിൻകുട്ടിയെ ഉള്ളിപ്പോളകളാൽ അലംകൃതമായ ഒരു തസ്സിയിൽ മേശപ്പുറത്തുവെച്ചു അതിനരികെ സത്തുക്കളുള്ള പല സുഗന്ധസസ്യങ്ങളും ഒരുവക കൈപ്പുള്ള സസ്യവും പല പാത്രങ്ങളിലും വെച്ചിരുന്നു. ഈ പലതര സ

സ്യങ്ങളും ഒന്നിച്ചുവെച്ചിരുന്ന ഒരു തട്ടവും, മറെറാന്നിൽ തവിട്ടു നിറമുള്ള ഒരു ചാറും കത്താവിനരികെ ഉണ്ടായിരുന്നു. വിരുന്നുകാർ ഓരോരുത്തൻെറയും മുമ്പിൽ വസ്സികൾക്കു പകരം വട്ടത്തിൽ ഓരോ അട വെച്ചിരുന്നതു് ആനക്കൊമ്പുകത്തികൊണ്ടാണു് അവർ കണ്ടിച്ചിരുന്നതു്.

ജപങ്ങൾ കഴിഞ്ഞതിൻെറശേഷം കാര്യസ്ഥൻ ഒരു കത്തിയും ഒരു കോപ്പ വീഞ്ഞും കത്താവിൻെറ മുമ്പിലും ഈരണ്ടു ശ്ലീഹന്മാരുടെ ഇടയിൽ ഓരോന്നായി 6-കോപ്പ വീഞ്ഞും വെക്കവേ, കത്താവു് അതു് ആശീർവ്വദിച്ചു് പാനം ചെയ്തതിനോടെ, ശ്ലീഹന്മാരും ഓരോന്നിൽനിന്നു് ഈരണ്ടുപേരായി കുടിക്കയും ചെയ്തു. ഇതിൻെറശേഷം കത്താവു് ആട്ടിനെ കണ്ടിപ്പാൻ തുടങ്ങിയപ്പോൾ ശ്ലീഹന്മാർ അവരവർക്കുള്ള അട നീട്ടിക്കാണിച്ചു; അവരവരുടെ പങ്കു വാങ്ങി ബദ്ധപ്പെട്ടു് തിന്നശേഷം അസ്ഥി ഭേദിപ്പിച്ചുകളഞ്ഞു. എന്നാൽ അവരുടെ ഇരിപ്പിടത്തിന്മേൽ അല്പംമാത്രം ചാരിനിന്നുകൊണ്ടു് ഉള്ളിയും പച്ചസസ്യങ്ങളും ചാററിൽ മുക്കി ഭക്ഷിച്ചിരുന്നു. കത്താവു് പുളിക്കാത്ത ഒരു അപ്പമെടുത്തു് പകുതി പൊട്ടിച്ചു് മറച്ചുവെച്ചു്, മറേറ പകുതികൊണ്ടു് ശ്ലീഹന്മാക്കു് പകുത്തുകൊടുത്തു. ഒരു കോപ്പ വീഞ്ഞുംകൂടി കൊണ്ടുവന്നെങ്കിലും കത്താവു് അതു് കുടിക്കാതെ അരുളിച്ചെയ്തതായതു്: "ഇതെടുത്തു് നിങ്ങൾതന്നെ ഭാഗിച്ചു കുടിച്ചുകൊൾവിൻ, എന്തെന്നാൽ എൻെറ പിതാവിൻ രാജ്യത്തിൽ നിങ്ങളോടുകൂടെ ഞാൻ മുന്തിരിങ്ങാരസം കുടിക്കുന്നതുവരെ ഞാൻ ഇതു് കുടിക്കയില്ല."

(മത്തായി 26-29.)

അവർ വീഞ്ഞുകുടിച്ചുകഴിഞ്ഞപ്പോൾ ഒരു സങ്കീത്തനം പാടി. പിന്നീടു് കത്താവു് എന്തോ പഠിപ്പിക്കയൊ, പ്രാത്ഥിക്കയൊ ചെയ്തശേഷം, അവരെല്ലാവരും കൈ കഴുകി ഇരിപ്പിടങ്ങളിൽ ഇരുന്നു. കത്താവു് വേറെ ഒരാട്ടിനെ കണ്ടിച്ചു് വിരുന്നുശാലയുടെ മറെറാരു മുറിയിൽ മേശക്കിരുന്നിരുന്ന പുണ്യസ്ത്രീജനങ്ങൾക്കു് കൊടുത്തയച്ചു. എന്നാൽ പരിശുദ്ധകന്യക തൻെറ മുക്കാടുമാററി മററു സ്ത്രീജനങ്ങളോടു് സംഭാഷിക്കുമ്പോൾ അവളുടെ സകല ആംഗ്യങ്ങളിലും അതിമാധുര്യമായ സ്വാനിഗ്രഹവും, നയശീലവും, സമാധാനവും, സൌമ്യതയും വിളങ്ങിയിരുന്നു.

നമ്മുടെ കത്താവിൻെറ മുഖഭാവം ഞാൻ മുമ്പൊരിക്കലും കണ്ടിട്ടില്ലാത്തതിൻവണ്ണം അവണ്ണനീയവിധത്തിൽ ശോഭനമായി

യും സ്മരണീയമായും വിളങ്ങിക്കൊണ്ടു്, തൻെറ ശ്ലീഹന്മാരോടു് അവരുടെ മനോവിഷാദങ്ങളൊക്കെയും വിട്ടുകളയണമെന്നു് കല്പിച്ചു. ന. കർത്താവു് തൻെറ ശിഷ്യരോടു് ആദ്യം വളരെ സ്നേഹത്തോടും മഹിമയോടുംകൂടെ സംഭാഷിച്ചിട്ടു്, കുറെ കഴിഞ്ഞപ്പോഠം ദുഃഖവും വ്യസനവും നിറഞ്ഞു് അരുളിച്ചെയ്തതായതു്: "നിങ്ങളിൽ ഒരുവൻ എന്നെ ഒററിക്കൊടുപ്പാനിരിക്കുന്നു: ആയതു് എന്നോടൊരുമിച്ചു് പാത്രത്തിൽ കയ്യിടുന്നവനാകുന്നു, എന്നു് സത്യമായി നിങ്ങളോടു് ഞാൻ പറയുന്നു."

(മത്തായി 26-21.)

തൻെറ അരികിലുള്ള ശ്ലീഹന്മാക്കു് കർത്താവും, യൂദായുടെ അരികിലുള്ളവക്കു് അദ്ദേഹത്തിൻെറ കല്പനയാൽ യൂദായും ഒരേ പാത്രത്തിൽനിന്നുതന്നെ പച്ചസസ്യങ്ങഠം എടുത്തുകൊടുക്കവെയാണു് മേല്പറഞ്ഞ വാക്യം അരുളിച്ചെയ്തതു്. "എന്നോടൊരുമിച്ചു് പാത്രത്തിൽ കയ്യിടുന്നവൻ" എന്നുള്ള അദ്ദേഹത്തിൻെറ ഈ വാക്യം ശ്ലീഹന്മാരെ അത്യന്തം വ്യസനിപ്പിച്ചു. എന്തെന്നാൽ "എന്നോടുകൂടെ ഭക്ഷിക്കയും കുടിക്കയും ചെയ്യുന്ന പന്ത്രണ്ടുപേരിൽ ഒരുവൻ" എന്നത്രെ ഇതിൻെറ താല്പര്യം. എന്നാൽ ഒരു പാത്രത്തിൽ ഒരുമിച്ചു കയ്യിടുക എന്ന വാക്യം പ്രീതിയുടേയും സഖ്യത്തിൻെറയും വാചകമായി ഉപയോഗിച്ചതല്ലാതെ അതിനാൽ യൂദായെ തിരിച്ചു് അവക്കു് കാണിച്ചില്ല; എങ്കിലും തത്സമയം തന്നോടൊരുമിച്ചു് കൈനീട്ടിയിരുന്ന യൂദായെ ഒന്നു് ഓപ്പിക്കണമെന്നു് അദ്ദേഹം കരുതിയിരുന്നു.

വീണ്ടും അവിടുന്നു് അരുളിച്ചെയ്തതായതു്: "മനുഷ്യപുത്രൻ തന്നെക്കുറിച്ചു എഴുതപ്പെട്ടിരിക്കുംവണ്ണം നിശ്ചയമായി പോകുന്നു; എന്നാൽ മനുഷ്യകുമാരനെ ഒററിക്കൊടുക്കുമെന്ന മനുഷ്യനു് ഹാ! കഷ്ടം. ആ മനുഷ്യൻ പിറക്കാതെ ഇരുന്നെങ്കിൽ അവനേററം നന്നായിരുന്നു". എന്നാൽ അദ്ദേഹം അരുളിച്ചെയ്യുന്നതു് ശ്ലീഹന്മാർ അശേഷം അറിയാത്തതും ഗ്രഹിക്കാത്തതുമായ കാര്യമാകയാൽ അവരത്യന്തം വ്യസനിച്ചു "കർത്താവേ അതു് ഞാനാകുന്നോ" എന്നു് ഓരോരുത്തൻ നിലവിളിച്ചിരുന്നു; അപ്പോഠം പത്രോസു് കർത്താവിൻെറ പുറകിൽക്കൂടെ യോഹന്നാൻെറ പക്കലേക്കു് ചാഞ്ഞു്, അതാരായിരിക്കുമെന്നു് കർത്താവിനോടു് ചോദിപ്പാൻ അടയാളം കാണിച്ചു. എന്തെന്നാൽ കർത്താവു് അയാളെ പലപ്പോഴും കുററപ്പെടുത്തിയിരുന്നതിനാൽ ഈ പറഞ്ഞതു്

തന്നെക്കുറിച്ചായിരിക്കുമൊ എന്നു് പത്രോസ് ഭയന്നു് ഭ്രമിച്ചിരുന്നു.

അപ്പോ൦ യോഹന്നാൻ കത്താവിൻെറ വലത്തുവശത്തു് അദ്ദേഹത്തിൻെറ പക്കലേക്കു് അല്പം ചാഞ്ഞിരുന്നു് അദ്ദേഹത്തിൻെറ മാറിടത്തിലേക്കു് ഒന്നുകൂടെ അടുത്തു് കത്താവേ, അതാരായിരിക്കും" എന്നു ചോദിച്ചു. "ഞാൻ അപ്പംമുക്കികൊടുക്കുന്നവൻ" എന്നു് കത്താവു് അയാളോടു് ഉത്തരിക്കുന്നതു് ഞാൻ കേട്ടില്ല. പക്ഷെ ഗൂഢമായി പറഞ്ഞൊ എന്നും അറിഞ്ഞില്ല. എങ്ങനെയെന്നാൽ അദ്ദേഹം അപ്പത്തിന്മേൽ പച്ചസസ്യംപൊതിഞ്ഞു് ചാററിൽമുക്കി പ്രീതിയോടെ യൂദാസ്സു് നീട്ടിക്കൊടുത്തപ്പോ൦ യോഹന്നാനു് കാര്യം മനസ്സിലായി. അപ്പോ൦ "ഞാനാണോ കത്താവേ!" എന്നു് യൂദായും ചോദിച്ചു. അദ്ദേഹം സ്നേഹത്തോടെ അവനെ തൃക്കണ്ണോത്തു്, പൊതുവായ വാക്കുകളായിട്ടുമാത്രം ഉത്തരം പറഞ്ഞു.

അപ്പം ചാററിൽമുക്കി കൊടുക്കുന്നതു് യൂദന്മാരുടെ ഇടയിൽ സ്നേഹത്തിൻെറയും മനോവിശ്വാസത്തിൻെറയും ഒരു അടയാളമായിരുന്നതിനാൽ നമ്മുടെ കത്താവു് ഈ അവസരത്തിൽ യൂദാസ്സു് ഈ അപ്പനുറുക്കുകൊടുത്തതു് അവൻെറ പാതകത്തെ മററുള്ളവരെ അറിയിക്കാതെ അവനെ ഒന്നു് ഓമ്മിപ്പിക്കണമെന്നു് കരുതിയത്രെ. എന്നാൽ യൂദായുടെ ഹൃദയം കോപത്താൽ എരിഞ്ഞിരുന്നു എന്നു മാത്രമല്ല, വിരുന്നുസമയം മുഴുവൻ ഒരു ഭയങ്കര വികൃതരൂപം അവൻെറ കാൽക്കൽ നിൽക്കയും, ചിലപ്പോ൦ അതു് അവൻെറ ഹൃദയത്തിലേക്കു് കയറുകയും ചെയ്യുന്നതു് ഞാൻ കണ്ടു. യോഹന്നാൻ കത്താവിൽനിന്നറിഞ്ഞതു് പത്രോസിനോടു് പറയുന്നതു് ഞാൻ കണ്ടില്ല. എങ്കിലും ഒരു നോട്ടത്താൽ അയാളുടെ പേടി നീക്കി ആശ്വസിപ്പിച്ചു.

## 7-ാം ധ്യാനം.

### കാല്യ കഴുകൽ

കാര്യസ്ഥൻ രണ്ടു ശുശ്രൂഷികളോടുകൂടെ വന്നു്, മേശസാമാനങ്ങളും എല്ലാം എടുത്തു് മാററിയപ്പോ൦, ന. കർത്താവു് തൻെറ ശിഷ്യരുടെ നടുവിൽനിന്നു്, വളരെ സാരവും ഗംഭീര

ഭ്യമായ ഭാവത്തിൽ ദീർഘമായി സംഭാഷിച്ച കർത്താവിൻെറ ആ പ്രസംഗം പദംപ്രതി പറവാൻ ഞാനോക്കുന്നില്ലെങ്കിലും, അദ്ദേഹത്തിൻെറ രാജിതത്തേയും പിതാവിൻ പക്കലേക്കുള്ള അദ്ദേഹത്തിൻെറ യാത്രയേയും അദ്ദേഹമവരെ വിട്ടുപിരിയാറായിരിക്കുന്നതിനേയുംകുറിച്ചു് പറഞ്ഞുവെന്നു് ഞാനോക്കുന്നു. പിന്നെ മനസ്താപം, പാപോച്ചാരണം, പ്രതിജ്ഞ, പ്രായശ്ചിത്തം, നീതീകരണം എന്നിവയെപ്പററിയും ചില ഉപദേശങ്ങൾ അദ്ദേഹം അവരോടു് പറഞ്ഞു. ഇവ കാലുകഴുകൽ സംബന്ധിച്ചാണെന്നു് എനിക്കു് തോന്നി; എന്നുതന്നെയുമല്ല യൂദാ ഒഴികെ മററ ശ്ലീഹന്മാർ, തങ്ങളുടെ പാപങ്ങളെപ്പററി ചിന്തിച്ചു് മനസ്താപപ്പെടുന്നതും ഞാൻ കണ്ടു.

പിന്നീടു് ന. കർത്താവു് മുഖപ്പിൽപോയി ഒരു തുവാല അരയിൽ ചുററികെട്ടുന്നതിനിടയിൽ ശ്ലീഹന്മാർ തമ്മിൽതമ്മിൽ സംസാരിച്ചു്, തങ്ങളിൽ ആരു് വലിയവനെന്നു് തക്കിച്ചുതുടങ്ങി. എന്തുകൊണ്ടെന്നാൽ ന. കർത്താവു് അവരെ വിട്ടുപിരിയാറായി എന്നും, അദ്ദേഹത്തിൻെറ രാജിതം നന്നാ അടുത്തിരിക്കുന്നുവെന്നും, അദ്ദേഹം വെളിവായി പറകയാൽ അദ്ദേഹം ചില രഹസ്യഉദ്ദേശ്യങ്ങൾ കരുതിയിട്ടുണ്ടെന്നും, അദ്ദേഹം ഈ പറയുന്നതു് ലൌകിക ജയസന്തോഷത്തെപ്പററിയാണെന്നും, ഒടുവിൽ അതു് തങ്ങൾക്കു് അവകാശമായി വരുമെന്നും തെററിധരിക്കനിമിത്തം അവരുടെ മനസ്സിൽ പുതിയ ചില തന്നിലാക്കുകൾ തോന്നിയിരുന്നു.

പിന്നീടു് ന. കർത്താവു് യോഹന്നാനോടു് ഒരു തട്ടവും, യാക്കോവിനോടു് ഒരു വെള്ളപ്പാത്രവുമെടുപ്പാൻ കല്പിക്കയാൽ അവരതുംകൊണ്ടു് കർത്താവു് ഒരുമിച്ചു് മുറിയിലേക്കുവന്നു. കർത്താവു് ശാന്തനായി തൻെറ ശിഷ്യരുടെ പക്കൽവന്നു്, അവരിലുത്ഭവിച്ച തക്കവിഷയത്തെപ്പററി ചില സൽബുദ്ധികൾ പറഞ്ഞുകൊണ്ടു്, അദ്ദേഹം അവരുടെ ശുശ്രൂഷിയാണെന്നും, അവരുടെ കാലുകൾ തനിക്കു് കഴുകുവാനായി അവർ ഇരിക്കണമെന്നും കല്പിച്ചു. പിന്നീടു് അദ്ദേഹം ഓരോരുത്തൻെറ പക്കൽചെന്നു് യോഹന്നാൻെറ പാത്രത്തിൽനിന്നു് വെള്ളം കാലിന്മേൽ ഒഴിച്ചു് കഴുകി, തൻെറ അരയിലെ തുവാലകൊണ്ടു് തുടച്ചിരുന്നു.

എന്നാൽ അദ്ദേഹം വളരെ അലിവും സ്നേഹവും തോന്നിക്കുന്ന ഭാവത്തിലത്രെ തൻെറ ശിഷ്യരുടെ കാല്പാദങ്ങളിൽ ഈ എ

ളിയ പ്രവൃത്തി നിറവേററിയതു്. പത്രോസിൻെറപക്കൽ വന്നപ്പോൾ കർത്താവു് അയാളുടെ കാലു കഴുകാതിരിപ്പാൻ അയാൾ എളിമനിമിത്തം വളരെ പ്രയാസപ്പെട്ടു: "കർത്താവേ, നീ എൻെറ കാലു കഴുകുന്നോ" എന്നു് അയാൾ നിലവിളിച്ചു പറഞ്ഞു. അതിന്നു് കർത്താവുത്തരിച്ചതായതു്: "ഞാൻ ചെയ്യുന്നതെന്തെന്നു് ഇപ്പോൾ നീ അറിയുന്നില്ല; പിന്നീടു നീ അറിയും. ശെമഓനേ! ഞാനാരെന്നും ഞാനെവിടെനിന്നു വന്നുവെന്നും എവിടേക്കുപോകുന്നുവെന്നും എൻെറ പിതാവു് നിനക്കു് വെളിപ്പെടുത്തിയതിനാൽ നീ മാത്രം അതിനെ അനുസരിച്ചു പറഞ്ഞു, എന്നതിനെക്കൊണ്ടു് നിൻെറമേൽ എൻെറ പള്ളി ഞാൻ പണിയും; നരകവാതിലുകൾ അതിനെതിരായി പ്രബലപ്പെടുകയില്ല. ലോകാവസാനത്തോളം എൻെറ ശക്തി നിൻെറ പിൻഗാമികളോടുകൂടെ ഉണ്ടാകും" എന്നു് രഹസ്യമായി അയാളോടു് പറഞ്ഞു എന്നു് എനിക്കു് തോന്നി. എന്നു മാത്രമല്ല, മററ "ശ്ലീഹന്മാൎക്കു്" അയാളെ കാണിച്ചുകൊടുത്തു് താനവരുടെ ഇടയിൽ ഇല്ലാതെയാകുമ്പോൾ തൻെറ സ്ഥാനത്തു് അയാളെ വിചാരിച്ചുകൊള്ളണമെന്നും അദ്ദേഹം കല്പിച്ചു.

അപ്പോൾ അയാൾ "കർത്താവേ, എൻെറ കാലു് ഒരുനാളും നീ കഴുകേണ്ട" എന്നു പറഞ്ഞതിന്നു് "ഞാൻ നിന്നെ കഴുകാഞ്ഞാൽ എൻെറകൂടെ നിനക്കു പങ്കുണ്ടാകയില്ല" എന്നു കർത്താവുത്തരിച്ചു. അപ്പോൾ പത്രോസു് നിലവിളിച്ചതായതു്: "എന്നാൽ കർത്താവേ! കാലു് മാത്രമല്ല തലയും കയ്യുംകൂടെ കഴുകിക്കൊൾക" എന്നതിന്നു് കർത്താവു് കുളിച്ചിരിക്കുന്നവൻെറ കാലുമാത്രമേ കഴുകുവാനാവശ്യമുള്ളു; ശേഷമെല്ലാം വെടിപ്പായിരിക്കുന്നു; നിങ്ങൾ എല്ലാവരും ശുദ്ധിയുള്ളവരായിരിക്കുന്നു. എന്നാൽ എല്ലാവരുമല്ല" എന്നുത്തരിച്ചു. ഈ ഒടുവിലത്തെ വാക്കുകളാൽ യൂദാസിനെയാണു് കാണിച്ചതു്.

ഈ പാദക്ഷാളനം പാപവിമോചനത്തിൻെറ സാദൃശ്യമായിരുന്നു. എന്നാൽ പത്രോസു് അയാളുടെ പരമാൎത്ഥതീക്ഷ്ണതയാൽ ഇതു് കർത്താവിൻെറ ഒരു അത്യന്ത എളിയ പ്രവൃത്തി എന്നു മാത്രം കരുതിയതല്ലാതെ അയാളെ രക്ഷിപ്പാനായി പിറെറ ദിവസം അദ്ദേഹം എത്രയും അവമാനകരമായ കുരിശുമരണത്തോളം തന്നെത്താൻ താഴ്ത്തുമെന്നു് ഗ്രഹിച്ചില്ല. അതിൻെറശേഷം ന. കർത്താവു് എത്രയും സ്നേഹവും ദയയും നിറഞ്ഞ ഭാവത്തിൽ

യൂദായുടെ കാലുകഴുകുമ്പോൾ, ആ ദ്രോഹിയുടെ കാല്പാദങ്ങളോളം തന്റെ തിരുമുഖം ചായിച്ചു. ഇപ്പോഴെങ്കിലും, അവൻ കഴിഞ്ഞ കാലങ്ങളിൽ അവിശ്വാസിയും ദ്രോഹിയുമായിരുന്നതു് ഓർക്കണമെന്നു് താണസ്വരത്തിൽ അവനോടു് അദ്ദേഹം ഉപദേശിച്ചു.

എന്നാൽ യൂദാസു് കർത്താവിന്റെ ആ ദയനിറഞ്ഞ ഉപദേശത്തിൽ ശ്രദ്ധവെപ്പാൻ മനസ്സില്ലാതെ, യോഹന്നാനോടു് സംസാരിച്ചിരുന്നതു് പത്രോസു കണ്ടു് അത്യന്തം കോപിച്ചു് "യൂദായേ, നമ്മുടെ ഗുരുനാഥൻ നിന്നോടു് പറയുന്നതു് കേൾക്ക" എന്നു നിലവിളിച്ചു പറഞ്ഞു. അപ്പോൾ അവൻ "അയ്യോ കർത്താവേ! ആകാശം അതു തടയട്ടെ" എന്നും മററും നിരർത്ഥവും വഞ്ചകവുമായ വാക്കുകൾമാത്രം പറഞ്ഞു.

നമ്മുടെ കർത്താവിന്റെ പാടുകളെല്ലാററിലുംവെച്ചു് യൂദായുടെ ഈ പാതകത്തെപ്പോലെ, അദ്ദേഹത്തെ ഇത്ര ആഴമായി ദുഃഖിപ്പിച്ച സംഗതി മറെറാന്നുമില്ലായിരുന്നു. എന്നാൽ ന. കർത്താവു് ഒടുവിൽ യോഹന്നാന്റെയും യാക്കോവിന്റെയും കാലുകളും കഴുകിട്ടു്, എളിമ എന്ന പുണ്യത്തെക്കുറിച്ചു് വീണ്ടും പറഞ്ഞതായതു്: "നിങ്ങളുടെ ഇടയിൽ ഏററം വലിയവനായ ഞാൻ നിങ്ങളുടെ ശുശ്രൂഷിയെന്നപോലെ നിങ്ങളുടെ കാലുകൾ കഴുകിയിരിക്കെ നിങ്ങളും മേലാൽ തമ്മിൽത്തമ്മിൽ കാലുകഴുകേണ്ടതാകുന്നു." അതിന്റെശേഷം കർത്താവു് തന്റെ സാധാരണ ഉടുപ്പുകൾ ധരിച്ചപ്പോൾ ശിഷ്യരും വിരുന്നിനായി ധരിച്ച ഉടുപ്പുമാററി.

## 8-ാം ധ്യാനം

### ദിവ്യകാരുണ്യസ്ഥാപനം.

കർത്താവു് കാര്യസ്ഥനോടു് മേശ അല്പംകൂടെ ഉയർത്തുവാനും, ഇരുപാത്രങ്ങളിൽ വീഞ്ഞും വെള്ളവും, വേറെ ഇരുപാത്രങ്ങളിൽ ഉറച്ച എണ്ണയും ദ്രാവക എണ്ണയും തയ്യാറാക്കുവാനും കല്പിച്ചു. അപ്പോൾ പത്രോസും യോഹന്നാനും തങ്ങൾ വെറോനിക്കായുടെ വീട്ടിൽനിന്നും കൊണ്ടുവന്ന പാനപാത്രം എടുത്തുകൊണ്ടുവന്നു് മേശമേൽ ന. കർത്താവിന്റെ മുമ്പിൽ വെച്ചു. അദ്ദേഹം വിരുന്നുസമയം പകുതി പൊട്ടിച്ചു മറച്ചുവച്ചിരുന്ന അപ്പക്കഷണ

ത്തോടുകൂടെ, ഒരു തട്ടത്തിൽ മൂന്നു വെണ്മയുള്ള പുളിക്കാത്ത അപ്പങ്ങളും വെച്ചിട്ടുണ്ടായിരുന്നു.

പൂർവ്വകാലങ്ങളിൽ വിരുന്നുകൾ അവസാനിക്കുമ്പോൾ തമ്മിൽത്തമ്മിലുള്ള സ്നേഹവും മനോവിശ്വാസവും വെളിപ്പെടുത്തുന്നതിനും തമ്മിൽ സ്വസ്തിചൊല്ലി യാത്രപറയുന്നുവെന്നു കാണിപ്പാനുമായി ഒരേ അപ്പംതന്നെ പൊട്ടിച്ച് എല്ലാവർക്കും കൊടുക്കുകയും, ഒരേ പാത്രത്തിൽനിന്നുതന്നെ എല്ലാവരും കുറേശ്ശെ കുടിക്കയും ചെയ്ക എന്നൊരു സ്തുത്യർഹമായ ചട്ടമുണ്ടായിരുന്നു. ഇതെപ്പററി വേദാഗമത്തിലും പറഞ്ഞിട്ടുണ്ടായിരിക്കാം. എന്നാൽ ആ കാലസന്ധിയിൽ നടപ്പില്ലാതെ, ഒരു വെറും രൂപക മര്യാദയെന്നുമാത്രം കരുതിയിരുന്ന ഈ സ്തുത്യമുറയെ ഒടുക്കത്തെ അത്താഴദിവസത്തിൽ ന. കർത്താവ് ഉയർത്തി എല്ലാററിലും ഉന്നതക്കൂദാശ എന്ന മാന്യനാമത്തിനു് അതിനെ പാത്രമാക്കി.

എന്നാൽ യൂദായുടെ പാതകത്തിനുശേഷം ആരംഭിച്ച കയ്യാപ്പായുടെ വിസ്താരത്തിൽ, ന. കർത്താവിൻെറമേൽ ചുമത്തിയ ഒരു കുററം, മേല്പറഞ്ഞ സ്തുത്യർഹമായ പ്രവൃത്തിയാൽ പെസഹാചാരത്തിൽ പുതിയ മുറ അനുസരിച്ചുയെന്നതായിരുന്നു; എങ്കിലും അതു് ഒരു പൂർവ്വമര്യാദതന്നെയാണെന്നു് നിക്കാദെമോസു് വേദാഗമംകൊണ്ടുതന്നെ തെളിയിക്കയുംചെയ്തു. ന. കർത്താവു് പത്രോസു്, യോഹന്നാൻ എന്നിവരുടെ ഇടയിലിരുന്നു് വാതിലുകൾ അടച്ചു് സകലവും വളരെ സാരമായ വിധത്തിലത്രെ നിറവേററിയതു്. കർത്താവു് പാനപാത്രം ഉറയിൽനിന്നു് എടുത്തുവെച്ചിട്ടു് അല്പനേരം നമസ്കരിച്ചശേഷം ആ അത്താഴവും, അതിലെ സകല ക്രിയകളും സംബന്ധിച്ചു് വളരെ സാരവും, മഹിമയും, ഘനവുമുള്ള ഭാവത്തിൽ ശിഷ്യരോടു് സംഭാഷിച്ചിരുന്നു. എന്നാൽ ഇതു് ഒരു ഗുരു മറെറാരു ഗുരുവിനെ പൂജചെയ്വാൻ പഠിപ്പിക്കുംപ്രകാരം തന്നെയെന്നും എനിക്കു തോന്നി.

പിന്നീടു് കർത്താവു് ഒരു ചതുരപ്പലക എടുത്തു് മേശമേൽ തൻെറ മുമ്പിൽവെച്ചു് കാസ പൊതിഞ്ഞിരുന്ന വക്കുശീല അതിന്മേൽ വിരിക്കയും പീലാസയിൽ ആ പുളിക്കാത്ത അപ്പം വെച്ചു് തൻെറ മുമ്പിൽ ആ പലകമേൽ സ്ഥാപിക്കയും ചെയ്തു. പിന്നെ കാസയും ആറു ചെറിയ പാത്രങ്ങളും ക്രമപ്പെടുത്തിവെച്ചശേഷം പീലാസ എടുത്തു് കണ്ണുകളുയർത്തി നമസ്കരിച്ചുകൊണ്ടു് കാഴ്ചയണച്ചു് പലകമേൽ വെച്ചു. പിന്നീടു് അദ്ദേഹം കാസ

എടുത്തു് കരങ്ങളിൽ പിടിച്ചപ്പോൾ, പത്രോസു് വീഞ്ഞും, യോഹന്നാൻ വെള്ളവും അതിലൊഴിക്കവെ, താനാശീൎവ്വദിച്ചു് വാങ്ങി ഉയൎത്തിപ്പിടിച്ചുകൊണ്ടു് നമസ്കരിക്കയും കാഴ്ചവെച്ചിട്ടു്, മേശമേൽ വെക്കുകയും ചെയ്തു.

അതിന്റെശേഷം കൎത്താവു് തന്റെ കരങ്ങൾ ഒരു തട്ടത്തിൽ കാണിച്ചപ്പോൾ, അവർ വെള്ളമൊഴിച്ചു് കഴുകുകയും, അദ്ദേഹമൊരു ചെറിയ കൈലുകൊണ്ടു് കുറെ വെള്ളം കോരി അവരുടെ കരങ്ങളിന്മേൽ ഒഴിക്കുകയും പിന്നീടു് ആ പാത്രംതന്നെ മററു് ശ്ലീഹന്മാരുടെ പക്കലും അയച്ചു് അവരുടെ കരങ്ങളും കഴുകിക്കയും ചെയ്തു. എന്നാൽ ഈ ക്രിയകൾ നിറവേററിയ സമയം അദ്ദേഹം സ്നേഹത്താലധികമധികമായി അലിഞ്ഞുപോയിരുന്നതുകൂടാതെ തനിക്കുള്ള മുഴുവനും, അതായതു്; താനാകുന്നതു മുഴുവൻ അവൎക്കു് കൊടുപ്പാൻപോകുന്നുവെന്നു് തന്റെ ശിഷ്യരോടു് അരുളിച്ചെയ്തപ്പോൾ, അദ്ദേഹം മുഴുവൻ സ്നേഹംതന്നെ ആയി പകൎന്നുപോകയും ചെയ്തു. ഒടുവിൽ അദ്ദേഹം ഒരു തിളങ്ങുന്ന ഉൾപ്രസന്നനിഴൽ മാത്രമായി തീരുമാറു് സ്നേഹത്താൽ ലഘുവായിപ്പോയിയെന്നു് എനിക്കു് തോന്നി. അദ്ദേഹം അപ്പമെടുത്തു് പല കഷണങ്ങളായി പൊട്ടിച്ചു്, അതിലൊരു കഷണമെടുത്തു് കാസയിൽ ഇട്ടപ്പോൾ പരിശുദ്ധ കന്യക ദിവ്യകാരുണ്യമുൾക്കൊള്ളുന്നതു് അരൂപിയാൽ ഞാൻ കണ്ടു. കൎത്താവു് ഇന്നു കാലത്തു് ബേസനിയായിൽവെച്ചു് മാതാവു് ദിവ്യകാരുണ്യമുൾക്കൊൾവാനായി ഇന്ന സമയത്തു് ഒരുങ്ങി നമസ്കരിക്കണമെന്നു് പറഞ്ഞിട്ടുണ്ടായിരുന്നു.

വീണ്ടും നമ്മുടെ കൎത്താവു് നമസ്കരിക്കയും അവരെ പറഞ്ഞു പഠിപ്പിക്കയും ചെയ്യുമ്പോൾ, അദ്ദേഹത്തിന്റെ തിരുവചനങ്ങൾ തീക്കനല്പോലെയും, ഒരു പ്രകാശക്കതിരുപോലെയും അദ്ദേഹത്തിൽനിന്നു് പുറപ്പെട്ടു്, യൂദ ഒഴികെ മററു ശ്ലീഹന്മാരിൽ ഇറങ്ങിപ്പോയിരുന്നു. പിന്നീടു് കൎത്താവു് അപ്പമിരുന്ന പീലാസ എടുത്തു് അരുളിച്ചെയ്തതായതു്: "നിങ്ങൾ വാങ്ങി ഭക്ഷിപ്പിൻ, ഇതു് നിങ്ങൾക്കായി തരപ്പെട്ട എന്റെ ശരീരമാകുന്നു" എന്നുപറഞ്ഞു് കൈനീട്ടി ആശീൎവ്വദിച്ചപ്പോൾ, ആ തിരുവചനങ്ങൾ അധിക കാന്തിയുള്ള പ്രകാശക്കതിർപോലെ അദ്ദേഹത്തിൽനിന്നു് പുറപ്പെട്ടിരുന്നു.

ആ തിരുഅപ്പം ഒരു തിളങ്ങുന്ന ശോഭയുള്ള സാധനമായി

പകൎന്നു് ശ്ലീഹന്മാരുടെ വായിലേക്കിറങ്ങി, അവരിൽ വ്യാപിച്ചു്, അവരെ മുഴുവൻ പ്രകാശമാക്കിത്തീൎത്തു. യൂദായും അതു് ഉൾക്കൊണ്ടെങ്കിലും അവൻമാത്രം ഇരുട്ടായിത്തന്നെ ഇരുന്നിരുന്നു. പിന്നീടു് കൎത്താവു് ദിവ്യകാരുണ്യം ഒന്നാമതു് പത്രോസിനും, രണ്ടാമതു് യോഹന്നാനും കൊടുത്തു; മൂന്നാമതു് യൂദാ വരുവാൻ അടയാളം കാണിച്ചു്, ദിവ്യകാരുണ്യം അവനും കൊടുത്തു. എന്നാൽ ന. കൎത്താവിന്റെ തിരുവാക്കുകൾ അവനിൽ ഉൾപ്രവേശിക്കാതെ അവിടത്തെ പക്കലേക്കുതന്നെ പിൻതിരിയുന്നതു് കണ്ടപ്പോൾ എനിക്കു് വളരെ കലക്കമായിപ്പോയി. അപ്പോൾ "നീ ചെയ്യുന്നതു് വേഗത്തിൽ ചെയ്തുകൊൾക" എന്നു് ന. കൎത്താവു് അവനോടു് അരുളിച്ചെയ്തു.

പിന്നീടു് അദ്ദേഹം മററു ശിഷ്യരിൽ ഈരണ്ടിരണ്ടുപേൎക്കു് ദിവ്യകാരുണ്യം കൊടുത്തശേഷം, കാസ എടുത്തുയൎത്തി, കൂദാശവചനങ്ങൾ ഉച്ചരിച്ചു. ഈ വചനങ്ങൾ ഉച്ചരിക്കുമ്പോൾ, അദ്ദേഹം മുഴുവൻ ഉൾപ്രസന്നനായി, ശ്ലീഹന്മാൎക്കു് അദ്ദേഹം കൊടുപ്പാൻ പോകുന്നതിലേക്കു് അദ്ദേഹം മുഴുവനും പകൎന്നുപോകുന്നതു് ഞാൻ കണ്ടു. ഇതിന്റെശേഷം അദ്ദേഹം കാസ പിടിച്ചുകൊണ്ടു് പത്രോസിനേയും യോഹന്നാനേയും അതിൽനിന്നു് ഉൾക്കൊള്ളിപ്പിച്ചിട്ടു്, മേശമേൽ വെച്ചപ്പോൾ യോഹന്നാൻ ആ തിരുരക്തം മററു ചെറിയ പാത്രങ്ങളിൽ പകരുകയും, പത്രോസു് ഈരണ്ടു് ശ്ലീഹന്മാരെ ഓരോന്നിൽനിന്നു് ഉൾക്കൊള്ളിപ്പിക്കയും ചെയ്തു.

യൂദാ ദിവ്യകാരുണ്യമുൾക്കൊണ്ടശേഷം, സ്വന്ത ഇടത്തിൽ പിന്തിരിയുകകൂടെയും ചെയ്യാതെ, ഉടനെ ആ ശാലവിട്ടു പൊയ്ക്കളഞ്ഞതിനാൽ; കൎത്താവു് വല്ല പ്രത്യേകകാൎയ്യം അവനെ ഏല്പിച്ചിട്ടുണ്ടായിരിക്കുമെന്നു്, മററു ശിഷ്യന്മാർ കരുതി. എങ്ങിനെയെങ്കിലും അവൻ ഒട്ടും ഉപകാരസ്മരണ ചെയ്യാതേയും, നമസ്കരിക്കാതേയും പൊയ്ക്കളഞ്ഞു. ഇതിനാൽ നാം ദിവസേനയുള്ള ശരീരഭക്ഷണം കഴിച്ചശേഷവും മാലാഖാമാരുടെ അപ്പമായ ദിവ്യകാരുണ്യം ഉൾക്കൊണ്ടശേഷവും ഉപകാരസ്മരണ ചെയ്യാതെ ഇരിക്കുന്നതു് എത്ര വലിയ നന്ദികേടും പാപവുമാണെന്നു് ഓൎക്കണം.

ഈ അത്താഴസമയം മുഴുവൻ ഒരു ഉണങ്ങിയ അസ്ഥിപോലെ, ഒററക്കാലനായ ഒരു ഭയങ്കരരൂപം യൂദായുടെ അടുക്കൽ ഇരു

ന്നിരുന്നു. എന്നാൽ അവൻ പോകുവാനായി വാതുക്കൽ വന്നപ്പോഠം, മൂന്നു പിശാചുക്കഠംവന്നു് അവനെ കെട്ടിപ്പിടിക്കയും, അതിൽ ഒന്നു് അവൻെറ വായിൽക്കൂടി കടന്നുപോകയും, മറെറാന്നു് അവനെ ധൃതികൂട്ടുകയും, മൂന്നാമത്തേതു് മുൻനടന്നു് വഴികാണിക്കയും ചെയ്തപ്പോഠം, യൂദാ ഒരു ഭ്രാന്തനെപ്പോലെ ഓടിപ്പോയി.

അവസാനത്തിൽ ന. കത്താവു് കാസയിൽ ശേഷിച്ചിരുന്ന രക്തത്തുള്ളികഠം, മുൻപറഞ്ഞ കൊച്ചുപാത്രത്തിൽ ഒഴിച്ചു, കാസയിന്മേൽ തൻെറ വിരലുകഠം കാണിച്ചപ്പോഠം, പത്രോസും യോഹന്നാനും വീണ്ടും വെള്ളവും ഒഴിച്ചു് കഴുകി; ആ വെള്ളം അവരും മററ ശിഷ്യരും കുടിച്ചു. പിന്നീട്ടു് കത്താവു കാസ തുടച്ചുവെച്ചിട്ടു്, ശേഷിച്ച തിരുരക്തം ഒഴിച്ച ആ ചെറിയ പാത്രം അതിനരികിലും, കൂദാശചെയ്ത തിരുഅപ്പനുറക്കകളിരിക്കുന്ന പീലാസ അതിൻമീതേയും വെച്ചു്, ആ ചെറിയ പാത്രങ്ങഠംക്കു് നടുവിൽ നിറുത്തി മൂടി. എന്നാൽ ഉയിപ്പു് കഴിഞ്ഞിട്ടു് ശ്ലീഹന്മാർ ആ ശേഷിച്ച ദിവ്യഭോജനം ഉഠംക്കൊണ്ടതു് ഞാൻ കണ്ടു.

ന. കത്താവു് താൻതന്നെ കൂദാശചെയ്ത ആ സാധനങ്ങഠം അനുഭവിച്ചതായി ഞാൻ കണ്ടില്ല. അപ്രകാരംതന്നെ മൽക്കസെദേക്കു പട്ടക്കാരനും അപ്പവും വീഞ്ഞും പൂജ അണച്ചുമ്പോഠം, അതുകളെ അയാഠം കഴിക്കുന്നതും ഞാൻ കണ്ടിട്ടില്ല. ദിവ്യകാരുണ്യം സ്ഥാപിച്ചപ്പോഴുള്ള ന. കത്താവിൻെറ സകല പ്രവൃത്തികളിലും, പറഞ്ഞൊപ്പിക്കരുതാത്ത ഒരു മഹിമയും ഗൌരവവും സൌമ്യതയും വിളങ്ങിയിരുന്നു. എന്നാൽ ശ്ലീഹന്മാർ വഹിച്ചിരുന്ന ചില എഴുത്തുകൽച്ചുരുളുകളിൽ ചില സംഗതികഠം കുറിച്ചെടുക്കുന്നതും, ദിവ്യകാരുണ്യം സ്ഥാപിക്കും സമയം അവർ പലപ്പോഴും നമ്മുടെ ഗുരുക്കഠം ചെയ്യുന്നതുപോലെ, തമ്മിൽ തമ്മിൽ കുനിഞ്ഞാചാരം ചെയ്യുന്നതും, ഞാൻ കണ്ടു.

## 9-ാം ധ്യാനം

### ഉപദേശവും ഗുരുപ്പട്ടാഭിഷേകവും

ന. കത്താവു് ദിവ്യകാരുണ്യം സംബന്ധിച്ചു് തൻെറ ശ്ലീഹന്മാരോടു് ചില ഉപദേശങ്ങഠം പറകയും, ലോകാ

സാനത്തോളം ദിവ്യകാരുണ്യം തൻെറ ജ്ഞാപകമായി നിലനില്ക്കേണ്ടതു് എങ്ങനെയെന്നും, അതിനെ പെരുമാറുകയും ഉൾക്കൊള്ളുകയും ചെയ്യേണ്ടതിനു ആവശ്യമായവ ഏവയെന്നും, ഈ ദിവ്യരഹസ്യം ക്രമേണ മററുള്ളവരെ അറിയിച്ചു് പരസ്യമാക്കേണ്ടതെങ്ങനെയെന്നും അവരെ പഠിപ്പിക്കയും ചെയ്തു. ഒടുവിൽ കൂദാശചെയ്യപ്പെട്ട ആ സാധനങ്ങളിൽ സൂക്ഷിച്ചുവെച്ചിട്ടുള്ളതു്, അവർ എപ്പോഴും കൈക്കൊള്ളണമെന്നും, പരിശുദ്ധ കന്യകയ്ക്കു് ദിവ്യകാരുണ്യം കൊടുക്കേണ്ടതു് എപ്പോഴെന്നും, ദിവ്യാശ്വാസകനെ അവർക്കയച്ചശേഷം, അവർ ദിവ്യകാരുണ്യം കൂദാശചെയ്യേണ്ടതെങ്ങനെയെന്നും, അവരോടു് അദ്ദേഹം കല്പിക്കയുംചെയ്തു.

പിന്നീടു് ഗുരുപ്പട്ടവും ഒപ്രൂശുമായും ക്രീസ്മാ എന്ന സൈത്തും സംബന്ധിച്ചും അദ്ദേഹം പറഞ്ഞു. രണ്ടു പാത്രങ്ങളിൽ വെച്ചിരുന്ന എണ്ണയും സുഗന്ധതൈലവും എങ്ങനെ കലർത്തേണ്ടതാണെന്നും, ദേഹത്തിൽ ഏതു് അവയവങ്ങൾ ഏതു് അവസരങ്ങളിൽ പൂശേണ്ടതാണെന്നും അവരെ പഠിപ്പിച്ചു. * അദ്ദേഹം മററു പലവക അഭിഷേകങ്ങളെക്കുറിച്ചു്, പ്രത്യേകിച്ചു് രാജാക്കളുടെതിനെപ്പററി പറഞ്ഞപ്പോൾ അവർ ദുഷ്ടരായിരുന്നാലും ആ അഭിഷേകംമൂലം അവർ പ്രത്യേകശക്തി പ്രാപിക്കുമെന്നു് കല്പിച്ചശേഷം, ഒഴിഞ്ഞ പാത്രത്തിൽ എണ്ണയും സുഗന്ധതൈലവും പകർന്നു് കലത്തി.

പിന്നീടു് അദ്ദേഹം പത്രോസിനേയും യോഹന്നാനേയും അഭിഷേചിച്ചു. എന്നാൽ മുമ്പേതന്നെ അവരുടെ കരങ്ങളിന്മേൽ തൻെറ കരങ്ങൾ കഴുകിയ വെള്ളമൊഴിക്കയും തിരുകരം താൻതന്നെ അവർക്കു് കൊടുക്കയും ചെയ്തിട്ടുണ്ടായിരുന്നുവല്ലോ. അവർ അദ്ദേഹത്തിൻെറ മുമ്പിൽ കരങ്ങൾ കൂപ്പി നന്നാ കുനിഞ്ഞുനിൽക്കവേ, അവരുടെ തലയിലും തോളിലും അദ്ദേഹം തൻെറ കരങ്ങൾവെക്കയും, അവരുടെ കൈകളുടെ പെരുവിരലുകളും ചൂണ്ടാണിവിരലുകളും എണ്ണകൊണ്ടു് അഭിഷേചിക്കയും,

* ഫബിയാനോസ് പാപ്പ പൌരസ്ത്യ മെത്രാന്മാൎക്കെഴുതിയപ്പോൾ ന. കൎത്താവു് ദിവ്യകാരുണ്യം സ്ഥാപിച്ചശേഷം, തിരുസൈത്തുണ്ടാക്കുന്ന വിധവും മററും ശ്ലീഹന്മാരെ പഠിപ്പിച്ചുവെന്നു് തൻെറ മുൻഗാമികൾമൂലം പാരമ്പര്യമായി തനിക്കറിവുണ്ടെന്നു് എഴുതിയിരിക്കുന്നതായി റോമാ വേദോപദേശത്തിൽ കാണുന്നുണ്ടു്.

ക്രിസ്മാകൊണ്ടു് നെററിമേൽ കുരിശുവരച്ചു്, ലോകാവസാനത്തോളം അതു് അവരിൽ നിലനില്ക്കുമെന്നു് കല്പിക്കയും ചെയ്തു.

ചെറിയ യാക്കോപ്പു്, വലിയ യാക്കോവ്വു്, ബത്തുൽമൈ, അന്ത്രയോസു് എന്നിവരേയുംകൂടെ അഭിഷേചിച്ചശേഷം, ഒരുവക ഊറാല പത്രോസിൻെറ കഴുത്തിലിട്ടു, നെഞ്ചത്തു് കുരിശടയാളത്തിലും, മററവരുടെ വലത്തെ തോളിൽനിന്നു് ഇടത്തുവശത്തോട്ടുമാത്രമായും ധരിപ്പിച്ചു. മാത്രമല്ല, കത്താവു് ഈ അഭിഷേകസമയം എനിക്കു് കണ്ടുപിടിച്ചുകൂടാത്ത ചില കാൎയ്യങ്ങൾ അവരോടു് പറഞ്ഞുവെന്നു് എനിക്കു് മനസ്സിലായി. അവർ ദിവ്യാശ്വാസകനെ കൈക്കൊണ്ടശേഷം ദിവ്യകാരുണ്യം കൂദാശ ചെയ്യണമെന്നും, മററു ശ്ലീഹന്മാരെ അഭിഷേചിക്കണമെന്നും കല്പിച്ചപ്രകാരം, പന്തക്കുസ്താദിവസം പത്രോസും യോഹന്നാനും മററു ശ്ലീഹന്മാരേയും, ഒരാഴ്ച കഴിഞ്ഞു് മററു പല ശിഷ്യരേയും അഭിഷേചിച്ചതു് ഞാൻ കണ്ടു.

ഉയിപ്പു് കഴിഞ്ഞിട്ടു് യോഹന്നാൻ പരിശുദ്ധ കന്യകയ്ക്കു് ദിവ്യകാരുണ്യം ഒന്നാമതായി കൊടുത്ത ഈ സംഭവം ശ്ലീഹന്മാരുടെ ഇടയിൽ ഒരു തിരുനാളായി ഘോഷിക്കപ്പെട്ടു. എന്നാൽ ഈ പെരുന്നാൾ ഭൂമിയിലെ സഭയിൽ പിന്നീടു് ഘോഷിച്ചിരുന്നില്ലെങ്കിലും, പരലോകത്തിൽ ആനന്ദിക്കുന്ന സഭയിൽ ഘോഷിക്കുന്നുവെന്നു് ഞാൻ കാണുന്നു; പന്തക്കുസ്ത കഴിഞ്ഞു് കുറെ ദിവസത്തേക്കു് പത്രോസും യോഹന്നാനും മാത്രമെ പൂജ ചെയ്തിരുന്നുള്ളു. എങ്കിലും പിന്നീടു് മററവരും ചെയ്തിരുന്നു. ന. കത്താവു് പിന്നീടു് തീ ആശീൎവ്വദിക്കയും, ആ വിശുദ്ധതീ പുറത്തു കൊണ്ടുപോകാതെ പള്ളി ആവശ്യങ്ങൾക്കു് മാത്രമുപയോഗിപ്പാനായി ദിവ്യകാരുണ്യം സ്ഥാപിച്ചിരുന്നതിനരികെയുള്ള പെസഹാ ആടിനെ ചുട്ട ചൂളയിൽ സൂക്ഷിച്ചു കാക്കയും ചെയ്തു.

കത്താവു് ഈ അവസരത്തിൽ പറഞ്ഞതും പ്രവൎത്തിച്ചതുമൊക്കെയും മഹാ രഹസ്യമായിട്ടത്രെ. എന്നാൽ തിരുസ്സഭ ഈ രഹസ്യോപദേശത്തിൽ കാതലായവ കാത്തുസൂക്ഷിച്ചു് പരിശുദ്ധാരൂപിയുടെ തോന്നിപ്പിനൊത്തവണ്ണം ആവശ്യങ്ങൾക്കു് ഒപ്പിച്ചു് ഉപയോഗിക്കുന്നു. പത്രോസും യോഹന്നാനും ഇരുവരുംമെത്രാന്മാരായൊ, അതൊ പത്രോസുമാത്രം മെത്രാനും, മററയാൾ ഗുരു മാത്രവും ആയൊയെന്നും, മററു നാലു് ശ്ലീഹന്മാർ ഏതെ

ങ്കിലും സ്ഥാനത്തിലേക്ക് ഉയൎത്തപ്പെട്ടുവോയെന്നും എനിക്ക് പറഞ്ഞുകൂടാ. എങ്കിലും ന. കൎത്താവു് അവരെ ഊറാല വ്യത്യാസപ്പെട്ട ആകൃതിയിൽ ധരിപ്പിച്ചതിനാൽ, വ്യത്യാസപ്പെട്ട സ്ഥാനാഭിഷേകങ്ങളായിരുന്നുവെന്നു് ഊഹിക്കാം. ഈ തിരുകൎമ്മങ്ങൾ അവസാനിച്ചാറെ, കാസയും തിരുസൈത്തുപാത്രവും പത്രോസും യോഹന്നാനും എടുത്തു് ഈ വിരുന്നുമുറിക്കു് പുറകിൽ തിരശ്ശീല ഇട്ടു് വേൎതിരിച്ചിട്ടുള്ള മുറിയിൽ കൊണ്ടുപോയി സ്ഥാപിച്ചതിനാൽ, അന്നുമുതൽ അതു് മദുബഹാ ആയിത്തീൎന്നു.

ദിവ്യകാരുണ്യം സ്ഥാപിച്ചിരുന്ന ആ ഇടം പെസഹാച്ചൂളക്കരികെ ആയിരുന്നു. എന്നു മാത്രമല്ല റാംസയൌസേപ്പും നിക്കാദെമ്മോസും ശ്ലീഹന്മാരില്ലാത്ത സമയം ഊട്ടുശാലയും മദുബഹായും സൂക്ഷിച്ചിരുന്നു. കൎത്താവു് വീണ്ടും വളരെനേരം ശ്ലീഹന്മാരെ പഠിപ്പിക്കയും നമസ്കരിക്കയും ചെയ്തപ്പോൾ, പലപ്പോഴും തന്റെ മോക്ഷപിതാവിനോടു് അത്യന്ത എരിവോടും സ്നേഹത്തോടും സംഭാഷിച്ചിരുന്നപ്രകാരം തോന്നി. ശ്ലീഹന്മാരും തീക്ഷ്ണതയും ആനന്ദവുംനിറഞ്ഞു പലതും അദ്ദേഹത്തോടു് ചോദിച്ചപ്പോൾ ഉടൻ അദ്ദേഹം ഉത്തരിച്ചിരുന്നു. ഈ ഒടുക്കത്തെ സംഭാഷണം മിക്കതും വേദാഗമത്തിൽ ഉണ്ടായിരിക്കണം. അദ്ദേഹം പത്രോസിനോടും യോഹന്നാനോടും വെവ്വേറെ ചില കാൎയ്യങ്ങൾ കല്പിക്കയും, അതവർ പിന്നീടു് മററ ശ്ലീഹന്മാരോടും ഇവർ ശിഷ്യരോടും പുണ്യസ്ത്രീജനങ്ങളോടും അവരവരുടെ പ്രാപ്തിക്കു് തക്കവണ്ണം പറയണമെന്നു കല്പിക്കയും ചെയ്തു.

യോഹന്നാനുമായുണ്ടായ രഹസ്യസംഭാഷണത്തിൽ അയാളുടെ ആയുസ്സു് മററവരുടേതിലും നീളുമെന്നു് പറഞ്ഞതുകൂടാതെ, വെളിവാടിൽ പറയുന്ന ആ ഏഴ പള്ളികളെക്കുറിച്ചും ചില കിരീടങ്ങൾ, ചില ദൈവദൂതന്മാർ, മുതലായവയെപ്പററിയും പറകയും, ചില വ്യത്യാസകാലാവധികളെ ലക്ഷീകരിക്കുന്ന പല രഹസ്യരൂപങ്ങളെക്കുറിച്ചുംകൂടെ അയാളോടു് ഉപദേശിക്കയും ചെയ്തു. എന്നാൽ യോഹന്നാനോടുള്ള ഈ മനോവിശ്വാസമായ സംഭാഷണംനിമിത്തം മററ ശ്ലീഹന്മാൎക്കു് അല്പം അസൂയ തോന്നി. ന. കൎത്താവു് യൂദ ഇപ്പോൾ ഇന്നതു ചെയ്യുന്നുയെന്നു് പറഞ്ഞപ്പോൾ, ആ സമയത്തു് സൂക്ഷമായേട്ടു് ആയതു അവൻ ചെയ്യുന്നതും ഞാൻ കണ്ടിരുന്നു. അദ്ദേഹം ശ്ലീഹന്മാരോടു് "പണസഞ്ചിയും ഭാണ്ഡവും ചെരിപ്പും മററുംകൂടാതെ ഞാൻ നിങ്ങ

ളെ അയച്ചിട്ടു് നിങ്ങൾക്കെന്തെങ്കിലും കുറവുവന്നുവോ" എന്നു ചോദിച്ചതിനു് "ഒന്നും കുറഞ്ഞില്ല" എന്നവർ ഉത്തരിച്ചു. വീണ്ടും അദ്ദേഹം പറയുന്നു: "എന്നാലിപ്പോൾ പണസഞ്ചിയും ഭാണ്ഡവും ഉള്ളവൻ അതു എടുക്കട്ടെ, ഇല്ലാത്തവൻ പുറംകുപ്പായം വിററു ഒരു വാളു വാങ്ങട്ടെ; എന്തുകൊണ്ടെന്നാൽ എന്നെ സംബന്ധിച്ച സംഗതികൾക്കു് അവസാനം വന്നിരിക്കയാൽ ദുഷ്ടരോടുകൂടെ അവനെണ്ണപ്പെട്ടു, എന്നെഴുതപ്പെട്ടിരിക്കുന്നതു് എന്നിൽ നിറവേറേണ്ടതാകുന്നുവെന്നു് ഞാൻ നിങ്ങളോടു പറയുന്നു"

എന്നാൽ ശ്ലീഹന്മാർ അദ്ദേഹത്തിൻെറ തിരുവചനങ്ങൾ ലൌകികമായിമാത്രം ഗ്രഹിച്ചതിനാൽ പത്രോസു് "ഇതാ ഇവിടെ രണ്ടു വാളുകളുണ്ടു്" എന്നു പറഞ്ഞതിനു് കർത്താവു് "അതു മതി, നാം ഇവിടെനിന്നു പോക" എന്നുത്തരിച്ചശേഷം, അവർ സ്തോത്രഗീതങ്ങൾ പാടി മുഖപ്പിലേക്കു പോകയുംചെയ്തു. അവിടെ അദ്ദേഹത്തിൻെറ അമ്മയും കലിയോപ്പാമറിയവും മഗ്ദലേനായും വന്നു്, ശത്രുക്കൾ അദ്ദേഹത്തെ പിടിക്കുവാനന്വേഷിക്കുന്നുവെന്നു് കേൾക്കുന്നതിനാൽ സെത്തുമലയിലേക്കു് പോകാതിരിക്കണമെന്നു് സാദ്ധ്യമായി അപേക്ഷിച്ചു. അദ്ദേഹം ചില വചനങ്ങൾ പറഞ്ഞു് അവരെ ആശ്വസിപ്പിച്ചു. ഉദ്ദേശം ഒമ്പതുമണി ആയിരുന്നതിനാൽ വേഗത്തിൽ സെത്തുമലയിലേക്കു പോകയുംചെയ്തു

പെസഹാവിരുന്നും ദിവ്യകാരുണ്യസ്ഥാപനവും മേൽപറഞ്ഞ ക്രമത്തിൽത്തന്നെ നടന്നതായി മുൻ പലപ്പോഴും ഞാൻ കണ്ടിട്ടുണ്ടെങ്കിലും, ആ സമയങ്ങളിൽ എൻെറ മനോചിന്തകൾ നന്നാ എരിഞ്ഞിരുന്നതിനാൽ ബാഹ്യക്രമങ്ങളിന്മേൽ അത്ര ശ്രദ്ധവെപ്പാൻ കഴിഞ്ഞിരുന്നില്ല. ഇപ്പോഴാണു് നല്ല തെളിവായി കണ്ടു് മനസ്സിൽ പതിഞ്ഞതു്. നന്ദിയററ ഹൃദയങ്ങളുടെ ഗ്രുപ്തമായ ചില നന്ദികേടുകളും അതിനെതിരായി കർത്താവിനു് സംഭവിപ്പാനിരിക്കുന്ന പാടുകളിൽ അദ്ദേഹം കാണിച്ച സ്നേഹം, സ്ഥിരതമുതലായവയും കണ്ടറിയുന്നതു് എത്ര വേദനയുള്ളതും ക്ഷീണിപ്പിക്കുന്നതുമായ കാര്യമാണെന്നു് പറഞ്ഞൊപ്പിക്കാവതല്ല. ഹൃദയത്തിൽ സ്നേഹവും ആശ്ചര്യവും കവിഞ്ഞൊഴുകുമ്പോൾ, പുറമെയുള്ള ക്രമങ്ങൾ സൂക്ഷ്മമായി മനസ്സിൽ നിറുത്തുവാൻ കഴിയുന്നതെങ്ങനെ? ഭൂവാസികളുടെ നന്ദികേടുകളും പാപങ്ങളും വിചാരിക്കുമ്പോൾ ആത്മം ദുഃഖത്തിൽ മുഴുകുകയും, മനുഷ്യരുടെ

അന്ധത തീരെ അഗ്രാഹ്യമായിതീരുകയും ചെയ്യുന്നു. പെസഹാഭക്ഷണം നമ്മുടെ കർത്താവു് കഴിച്ചതു് അതിനിമിഷത്തിലും കല്പിക്കപ്പെട്ട ക്രമങ്ങൾ സൂക്ഷ്മമായി അനുസരിച്ചുമാണു്. എന്നാൽ പ്രീശർ അതിൽ അല്പാല്പ മൂഢഭക്തിക്രമങ്ങൾ ചേർക്കുക പതിവായിരുന്നു.

## നമ്മുടെ കർത്താവീശോമ്ശിഹായുടെ പീഡാനുഭവചരിത്രം. (തുടർച്ച.)

ഉന്നതമായ സ്വർഗ്ഗീയ സംഗതികളിന്മേൽ ധ്യാനിക്കുന്നതിനു നിനക്കു് അറിഞ്ഞുകൂടെങ്കിൽ കർത്താവിൻെറ പാടുകളിന്മേൽ അലിവോടെ ധ്യാനിച്ചുകൊണ്ടു്, ഭക്തിയോടെ അങ്ങെ തിരുമുറിവുകളിൽ നീ വസിക്കുക. എന്തുകൊണ്ടെന്നാൽ ഞെരുക്കങ്ങളിൽ ഈശോയുടെ തിരുമുറിവുകളിലേക്കു് ആശയോടുകൂടെ നീ ഓടിച്ചെല്ലുമെങ്കിൽ നീ അവയിൽ വളരെ ആശ്വാസം പ്രാപിക്കും. (തോമ അകെമ്പീസു്. 2-1.)

1823-ാം കാലം കുംഭം 18-ാംനു- ഉച്ചകഴിഞ്ഞു് എമ്മരിച്ച അന്നക്കത്രീന പരവശയായി കിടന്നിരുന്നിടത്തു് അവളുടെ ഒരു സ്നേഹിതൻ ചെന്നു്, ഈ കന്യകയുടെ മുഖത്തെ പ്രഭയും ദുഃഖഭാവവും സൂക്ഷിച്ചു് അന്ധനായി നിന്നിരുന്നു. അപ്പോൾ ന. കർത്താവീശോമ്ശിഹായുടെ പീഡകളോടുകൂടെ പുണ്യവാന്മാരുടെ ഞെരുക്കങ്ങളേയും ചേർത്തു്, ദൈവത്തിനു കാഴ്ചകൊടുക്കണമെന്നു് ഒരു എരിവുള്ള ആശ അയാൾക്കു തോന്നി; ഹൃദയംകൊണ്ടു് ആ ചെറിയ പ്രകരണം ചൊല്ലുന്നതിനിടയിൽ ഈ കന്യകയുടെ മുറിവേററ കരങ്ങളിന്മേൽ ഉററു സൂക്ഷിച്ചു. ഉടനെ അവൾ ആ കൈക്കു് ഒരടികൊണ്ടപോലെ പെട്ടെന്നു് കൈ വലിച്ചു കട്ടിൽവിരിക്കുള്ളിൽ മറച്ചുകളഞ്ഞു.

അവൻ ഇതുകണ്ടു് ആശ്ചര്യത്തോടെ "സഹോദരി! നിനക്കെന്തുസംഭവിച്ചു?" എന്നു ചോദിച്ചതിനു, "പല സംഗതികൾ സംഭവിച്ചു. ആദ്യമെതന്നെ അണയനായ സാത്താൻ മഗ്ദലും ഉടമ്പടിയും, അതുപോലെയുള്ള സംഗതികളും സംബന്ധിച്ചു

കത്താവിനെ കുററം ചുമത്തുന്നു. ആ ദ്രവ്യം മുഴുവനും അദ്ദേഹം വൃഥാ ചിലവഴിച്ചുകളഞ്ഞുവെന്നു് അവൻ പറയുന്നു” എന്നു പറഞ്ഞു.

“പണം ചിലവഴിച്ചതാർ? അപ്രകാരം പറയുന്നതു് ആരെക്കുറിച്ചാണു്?” എന്നു അവളോടു് ചോദിച്ചപ്പോൾ “ആരാധന വിഷയമായ എൻെറ ദിവ്യമണവാളൻ സൈത്തുമലയിൽ പോകുന്നു” എന്നുമാത്രം ഉത്തരിച്ചു. വീണ്ടും ഓ! നുണയുടെ പിതാവേ! മഗ്ദാലും ഉടമ്പടി എന്നു നീ പറയുന്നതിൻെറ സാരമെന്തു്? മഗ്ദലേനായുടെ വസ്തുവിററ പണംകൊണ്ടു തൈർസായിലെ ഇരുപത്തെട്ടു ദരിദ്രതടവുകാരെ അദ്ദേഹം മോചിപ്പിച്ചില്ലേ? എന്നിട്ടു് ആ വീട്ടുടമസ്ഥന്മാരെ അതിൽനിന്നു് പുറപ്പെടുത്തി അതിൻെറ വിലയായ പണമൊക്കെയും ദുർവ്യയംചെയ്തുവെന്നു് നീ പറയുന്നോ? ശപിക്കപ്പെട്ട അരൂപി, ഇപ്പോൾ നിൻെറ സമയമാണു്; എന്നാൽ നീ ചങ്ങലയാൽ ബന്ധിക്കപ്പെടുകയും നിൻെറ തല അദ്ദേഹം തകൎക്കുകയും ചെയ്യുന്ന സമയം വരും” എന്നു പറഞ്ഞു.

പിറെറ ദിവസം രാവിലെ ഈ കന്യകയോടു് ആ കാൎയ്യത്തെപ്പററി ചോദിച്ചപ്പോൾ “കഴിഞ്ഞരാത്രി ന. കത്താവു ദിവ്യകാരുണ്യം സ്ഥാപിച്ചിട്ടു്, സൈത്തുതോട്ടത്തിലേക്കു പോയപ്പോൾ അദ്ദേഹത്തെ അവൾ പിൻചെന്നിരുന്നുവെന്നും, അദ്ദേഹത്തിൻെറ തിരുസന്നിധിയിൽവെച്ചു് ഒരുവൻ അവളുടെ കരങ്ങളിന്മേൽ വണക്കത്തോടെ ഉററുസൂക്ഷിച്ചതിന്മേൽ വെറുപ്പും ലജ്ജയുംതോന്നി കൈ വലിച്ചുകളഞ്ഞതാണെന്നും” അനുസരിച്ചു പറഞ്ഞു. ഇങ്ങനെ അവൾ സൈത്തുതോട്ടത്തിൽ കണ്ട വിവരങ്ങൾ വെളിപ്പെടുത്തത്തുടങ്ങിയതിനാൽ, എഴുത്തുകാരൻ അവയെ ഭംഗിയായി എഴുതിയിരുന്നു. എന്നാൽ അസാമാന്യദൈവസഹായത്തോടെ ഇയാൾ നിറവേററിയ ഈ വേലക്കു കൂലിയായി അപേക്ഷ എന്ന ധൎമ്മംമാത്രം യാചിക്കുന്നു. അവൾ സാമാന്യം ഒരു സാധാരണ വാചകമായിട്ടാണു ജൎമ്മൻ ഭാഷ സംസാരിച്ചിരുന്നതു്. എന്നാൽ പരവശസ്ഥിതിയിലെ അവളുടെ വാചകം ഏററം ശുദ്ധമായതും, കുട്ടികളുടേതുപോലെ പരമാൎത്ഥമായതും ഉൽകൃഷ്ടാശയ സംപൂൎണ്ണമായതുമായിരുന്നു.

# അദ്ധ്യായം 1

## 1-ാം നിവത്ത്: ഈശോമ്ശിഹാ സൈത്തു തോട്ടത്തിൽ പോയത്.

ഈശോമ്ശിഹാ ആരാധനാവിഷയമായ ദിവ്യകാരുണ്യം സ്ഥാപിച്ചശേഷം, തൻെറ പതിനൊന്നു ശ്ലീഹന്മാരൊരുമിച്ചു യോസപ്പാത്തു താഴ്വരയിലേക്കു പോയപ്പോൾ, അദ്ദേഹത്തിൻെറ ആത്മത്തിൽ അധികരിച്ചിരുന്ന ആഴമായ വ്യാകുലം ആരാൽ പറഞ്ഞൊപ്പിക്കാവതു? അവിടെ അദ്ദേഹം നടന്നുകൊണ്ട്, ഇനി ഒരിക്കൽ ലോകത്തെ വിധിപ്പാനായി താനവിടെ വരുമെന്നും, അതു ഇപ്പോഴത്തെപ്പോലെ ദാരിദ്ര്യവും, വിനീതവുമായ ഭാവത്തിലല്ലായ്കയാൽ മനുഷ്യർ ഭ്രമിച്ചു, "മലകളെ ഞങ്ങളുടെമേൽ വീഴുവിനെന്നു നിലവിളിക്കും" എന്നു ശ്ലീഹന്മാരോടു അരുളിച്ചെയ്തു.

എന്നാൽ അവർക്കിതൊന്നും മനസ്സിലാകാതെ, ആ രാത്രിയിലെ ക്ഷീണവും തളർച്ചയും മുഖാന്തരമാണ് ഇങ്ങനെ അവിടുന്നു പറയുന്നതെന്നുമാത്രം കരുതിയിരുന്നു. വീണ്ടും അദ്ദേഹം "ഇടയനെ ഞാൻ അടിക്കും, ആടുകൾ ചിതറും എന്നെഴുതിയിരിക്കയാൽ, ഈ രാത്രി നിങ്ങളെല്ലാവരും എന്നിൽനിന്നു ഇടറിപ്പോകും; എന്നാൽ ഞാൻ ഉയിർത്തിട്ടു, നിങ്ങൾക്കുമുമ്പിൽ ഗ്ലീലായ്ക്കു പോകും" എന്നു പറഞ്ഞതിനു പത്രോസ്, "എല്ലാവരും നിന്നിൽ ഇടറിയാലും ഞാൻ ഒരുനാളും ഇടറുകയില്ല" എന്നു നിലവിളിച്ചു പറഞ്ഞു. അപ്പോൾ അദ്ദേഹം "സിമയോനേ! പിശാചു് കോതമ്പുപോലെ നിങ്ങളെ കൊഴിപ്പാൻ ചോദിക്കുന്നു. എന്നാൽ നിൻെറ വിശ്വാസം കെട്ടുപോകാതെയിരിപ്പാനും, നീ ഒരിക്കൽ തിരിഞ്ഞു, നിൻെറ സഹോദരരെ ഉറപ്പിപ്പാനുമായി, നിന്നെക്കുറിച്ചു ഞാൻ അപേക്ഷിച്ചു. നിങ്ങൾ എന്നെ പിഞ്ചെല്ലുവാൻ വശമില്ലാത്ത ഒരു സ്ഥലത്തേക്കു ഞാൻ പോകുന്നു" എന്നു അരുളിച്ചെയ്തു.

അതിനു പത്രോസ്, "കർത്താവേ, ഞാൻ നിന്നോടുകൂടെ വിലങ്ങിടത്തിലേക്കു മരണത്തിനുകൂടേയും പോരുവാൻ ആയത്തമായിരിക്കുന്നു". എന്നുത്തരിച്ചപ്പോൾ അദ്ദേഹം "ഇന്നു രാത്രി രണ്ടുവട്ടം കോഴി കൂകുന്നതിനുമുമ്പ്, നീ മൂന്നു പ്രാവശ്യം എന്നെ

ഉപേക്ഷിക്കും എന്നു് സത്യമായി നിന്നോടു ഞാൻ പറയുന്നു" എന്നരുളിച്ചെയ്തു. കർത്താവു വ്യസനാധിക്യത്താൽ ഇടയ്ക്കിടെ കരനിന്നും, കുറേശ്ശെ നടന്നുംകൊണ്ടു മുമ്പോട്ടു പോകവേ അദ്ദേഹം വിചാരിക്കുന്ന ഈ സംഗതികൾ സംഭവിപ്പാൻ അസാദ്ധ്യമായവയാണെന്നു ശ്ലീഹന്മാർ തീർച്ചയായി പറഞ്ഞുകൊണ്ടു്, മനുഷ്യന്യായങ്ങളാൽ അദ്ദേഹത്തെ ആശ്വസിപ്പിക്കുന്നതിനു പ്രയത്നിച്ചിരുന്നെങ്കിലും ഒടുവിൽ അവരും, പരീക്ഷകളാൽ അലഞ്ഞുതുടങ്ങി. അവർ കെദറോൻ എന്ന തോടിനക്കരെക്കടന്നതു കർത്താവിനെ കുററക്കാരനായി സേവകർ കൊണ്ടുപോയ ആ പാലംവഴിയെ അല്ല, പിന്നെയൊ വേറൊരിടത്തുവെച്ചാണു്.

അവർ പോയിരുന്ന ഗെദസെമാൻതോട്ടം വിരുന്നുശാലയിൽനിന്നു് ഒന്നരനാഴിക ദൂരെ ആയിരുന്നു. അതു് ചുററും വേലിയും അകത്തു് ചില ഫലവൃക്ഷങ്ങളും പുഷ്പച്ചെടികളും ഉള്ള ഒരു വലിയ തോപ്പായിരുന്നു. എട്ടു ശ്ലീഹന്മാർ അതിലുണ്ടായിരുന്ന ചില കുടിലുകളിൽ കയറിയശേഷം, ചിലരുകൂടെ അതിൽ വന്നുചേന്നു. ഗേദസെമാൻെറയും സൈത്തുതോട്ടത്തിൻെറയും ഇടയിൽ ഒരു വഴിയുണ്ടായിരുന്നു. ഈ സൈത്തുതോട്ടം ചെറിയതായാലും ഗുഹകളും മൈതാനങ്ങളും, വളരെ സൈത്തുമരങ്ങളും ഉള്ളതായിരുന്നതിനാൽ ജപധ്യാനത്തിനു് ഏററം തക്കതുമായിരുന്നു. ഇതിൽ ഏററം കാട്ടുള്ള സ്ഥലത്താണു് കർത്താവു് പ്രാർത്ഥിപ്പാനായി പോയതു്.

കർത്താവു് തൻെറ ശിഷ്യരോടൊരുമിച്ചു് ഗെദസെമാൻ പൂങ്കാവനത്തിൽ എത്തിയപ്പോൾ, ഉദ്ദേശം 9-മണിയായി. ചന്ദ്രൻ ഉദിച്ചു് പൊങ്ങിയിരുന്നുവെങ്കിലും, നിലത്തു് ഇരുട്ടു് വിട്ടിട്ടില്ലായിരുന്നു കർത്താവു് അത്യന്തം ദുഃഖിതനായി ശ്ലീഹന്മാരോടു് ആപത്തു സമീപിച്ചിരിക്കുന്നുവെന്നു് പറഞ്ഞപ്പോൾ, അവർക്കു് ചലിപ്പായിപ്പോയി. അദ്ദേഹം തന്നോടുകൂടെയുള്ളവരിൽ എട്ടുപേരോടു് ഗെദസെമനിൽ ഇരിപ്പാൻ കല്പിച്ചുകൊണ്ടു്, പത്രോസു്, യോഹന്നാൻ, യാക്കോവു് എന്ന മൂവരോടുകൂടെ അല്പംകൂടി നടന്നു്, സൈത്തുതോട്ടത്തിൽ കടന്നപ്പോൾ അദ്ദേഹത്തിൻെറ തിരുആത്മത്തെ ബാധിച്ചിരുന്ന ദുഃഖാധിക്യം വാക്കാൽ വർണ്ണനീയമല്ല.

ഇതുവരെ എപ്പോഴും അവരെ പറഞ്ഞാശ്വസിപ്പിച്ചിരുന്ന അദ്ദേഹം, ഇപ്പോൾ ഇത്ര ദുഃഖിതനായിരിക്കുന്നതു് എങ്ങിനെ

യെന്നു് യോഹന്നാൽ ചോദിച്ചതിനു്, "എന്റെ ആത്മം മരിക്കത്തക്കവണ്ണം ദുഃഖിതയായിരിക്കുന്നു" എന്നുത്തരിച്ചു. "നിങ്ങൾ ഇവിടെ ഇരുന്നു് പരീക്ഷയിൽ അകപ്പെടായ്വാൻ എന്നോടുകൂടെ ഉണർന്നിരുന്നു് പ്രാർത്ഥിപ്പിൻ" എന്നു് ആ മൂന്നുപേരോടു് കല്പിച്ചുകൊണ്ടു്, അദ്ദേഹം ഇടത്തോട്ടു് അല്പം മാറി അഞ്ചാറടികൂടെ നടന്നു്, ഒരു പാറയുടെ അടിയിലുള്ള ഗുഹയിൽ കയറി. ആ മൂന്നു ശിഷ്യന്മാർ അതിനു മുകളിലുള്ള ഒരു കുഴിയിൽ ഇരുന്നിരുന്നു. കർത്താവു് കയറിയ ഗുഹ അവർ ഇരുന്നിരുന്നതിനു് ആറടി താഴെയായി ഉള്ളിലേക്കു് അല്പം ചാഞ്ഞു് ഉള്ളതായിരുന്നതുമാത്രമല്ല, ആ പാറയുടെ മുകളിൽ പടന്നുകിടന്നിരുന്ന ചെടികൾ ഒരു തിരശ്ശീലപോലെ അതിന്റെ ദ്വാരം മൂടിയുമിരുന്നു. അദ്ദേഹത്തിന്റെ വ്യസനവും ദുഃഖവും അത്യന്തം അധികരിച്ചിരുന്നതിനാൽ, ഗുഹയിൽ പ്രവേശിച്ചപ്പോൾ, ഞെട്ടി വിറച്ചുകൊണ്ടു്, ദീർഘപ്രയാണത്തിൽവെച്ചു് ഉഗ്രപെശറിനെ ഭയപ്പെട്ടവനെപ്പോലെ അങ്ങുമിങ്ങും ആശ്രയം തേടിയിരുന്നു. അയ്യോ, ആദത്തിന്റെ ആ പാപംമുതൽ ലോകാവസാനംവരെ ചെയ്തതും ചെയ്യാനിരിക്കുന്നതുമായ സകല പാപങ്ങളുടേയും, അവയ്ക്കു് കടപ്പെട്ട പരിഹാര ശിക്ഷകളുടേയും, ഭയങ്കര രൂപങ്ങൾ ഒന്നായി ആ ചെറിയ ഗുഹയിൽ കാണപ്പെട്ടു.

ആദവും ഹാവായും പിഴച്ചശേഷം, ഭൂമിയിൽ അലഞ്ഞു നടപ്പാനായി പറുദീസായിൽനിന്നും തള്ളപ്പെട്ടിട്ടു്, സങ്കേതം കണ്ടെത്തിയതു് ഈ സൈത്തുമലയിൽ ആയിരുന്നു. എന്നുതന്നെയുമല്ല, ഈ ഗുഹയിൽതന്നെ അവർ ഇരുന്നു് ദുഃഖിച്ചു് കരഞ്ഞു് പ്രലപിച്ചിട്ടുമുണ്ടു്.

## 2-ാം നിറുത്തു്.

### ആദ്യജപവും പൈശാചികതന്ത്രവും.

ഭൂലോകപാപപ്പരിഹാരമായി ഈശോ തന്നെത്താൻ ദൈവനീതിക്കു് കയ്യാളിച്ചപ്പോൾ, ലോകത്തിന്റെ സകല പാപങ്ങളും അവയ്ക്കുള്ള യഥാർത്ഥ വിരൂപതയോടെ അദ്ദേഹത്തിന്റെ തിരുമുമ്പിൽ കാണപ്പെടുകയും, അദ്ദേഹം തന്റെ ജപത്തിൽവെച്ചു് അവയെല്ലാം തന്റെമേൽ ഏൽക്കുകയുംചെയ്തു. ഈ ഭയങ്കര

രൂപങ്ങൾക്കു നടുവിൽ പിശാച് ഒരു രാജാവിനെപ്പോലെ, പൈശാചിക പ്രസന്നതയോടെ കാണപ്പെട്ട് അവന്റെ ഉഗ്രകോപം മുഴുവൻ ഈശോയുടെനേർക്ക് വീശി പറഞ്ഞതായത്: "ഈ പാപങ്ങളുംകൂടെ നിന്റെമേൽ ഏൽക്കുന്നോ? അവയ്ക്കുള്ള ശിക്ഷകളും വഹിപ്പാൻ നീ മനസ്സാകുന്നോ?"

ഈ സമയം അന്തരീക്ഷത്തിൽകൂടി ഒരു പ്രകാശമുള്ള പാതപോലെ ഒരു ദീർഘ കതിർ ആകാശത്തിൽനിന്ന് ഇറങ്ങി. അത് കർത്താവിനെ ആശ്വസിപ്പിച്ചുറപ്പിക്കുന്നതിനായി വന്നിരുന്ന മാലാഖാമാരുടെ ഒരു പ്രദക്ഷിണമായിരുന്നു. ദൈവത്തിന്റെയും മനുഷ്യരുടേയും നേരെയുള്ള അനന്തസ്നേഹംനിറഞ്ഞിരുന്ന ആ ആരാധനാവിഷയമായ കർത്താവിന്റെ ഹൃദയം, ഇത്രവളരെ അസ്സൂത്തക്ക പാതകങ്ങളുടെ ഭാരത്തിൻകീഴ്, അത്യന്തം ഞടുങ്ങി ദുഃഖസാഗരത്തിൽ മുഴുകിയതിനോടെ, ഈ പാതകങ്ങളുടെ കുമ്പാരം നിലയില്ലാത്ത സമുദ്രതിരകൾപോലെ, അദ്ദേഹത്തിന്റെ പരിശുദ്ധ ആത്മദൃഷ്ടിയിൽ കിടന്ന് ഓളമടിച്ചിരുന്നു.

അപ്പോൾ പിശാച് നാരകീയ നിർലജ്ജയോടെ ന. കർത്താവിന്റെപേരിൽ, ഊഹിതകുററവിഷയങ്ങളായിട്ട്, അദ്ദേഹത്തിന്റെ ശിഷ്യരുടെ തെററുകൾനിമിത്തം ഉതപ്പ് വരുത്തിയിരിക്കുന്നു എന്നും, അദ്ദേഹം പൂർവ്വമര്യാദകൾ ലംഘിച്ചുകൊണ്ട്, ലോകത്തിൽ കലഹമുണ്ടാക്കിയിരിക്കുന്നു എന്നും, ആ കറയററ ശിശുക്കളെ കൊല്ലുവാനും അദ്ദേഹത്തിന്റെ മാതാപിതാക്കൾ മെസ്രേനിൽപോയി കഷ്ടപ്പെടുവാനും അദ്ദേഹം കാരണമായിയെന്നും, സ്നാപകയോഹന്നാനെ മരണത്തിൽനിന്ന് രക്ഷിച്ചില്ലെന്നും, കുടുംബങ്ങളിൽ സമാധാനക്കേടുവരുത്തിയെന്നും, അരോചക സ്വഭാവങ്ങളെ ആദരിച്ചുയെന്നും, പല രോഗികളേയും പൊറുപ്പിക്കാതിരുന്നുയെന്നും, * ഗാഗ്ഗെസ്സാദേശവാസികളുടെ മദ്യപ്പാത്രങ്ങൾ പിശാചുബാധിതരെക്കൊണ്ട് മറിപ്പിച്ച് മഹാനഷ്ടം അവർക്ക് വരുത്തിയെന്നും, ആ പിശാചുക്കളാൽ പന്നി

* 1812—ധനു 11-ാംനു- ന. കർത്താവിന്റെ പരസ്യജീവിതത്തെ സംബന്ധിച്ച കാഴ്ചയിൽ ഗാഗ്ഗെസാക്കാരായ ആ പിശാചുബാധിതർ ഒരു പുളിച്ച മദ്യംനിറഞ്ഞ പാത്രം മറിച്ചുകളയുന്നതും, പിന്നീട് അവരിലുണ്ടായിരുന്ന ആ അശുദ്ധാരൂപികൾ പന്നികളിൽ പ്രവേശിക്കുന്നതിന് അവിടുന്ന് അനുവദിക്കുന്നതും ഈ കന്യക കണ്ടു.

കളെ കടലിൽ ചാടിച്ച് ഉടമസ്ഥർക്ക് വലിയ നഷ്ടം വരുത്തി യെന്നും, അന്യവസ്തുക്കളെ ദുർവ്യയം ചെയ്തുകളഞ്ഞുവെന്നും ഇങ്ങനെ അനേക കുററങ്ങൾ അദ്ദേഹത്തിൻെറ മേൽ അവൻ ചുമത്തി.

ഇപ്രകാരം മാനുഷത്വത്തിന്ന് മേൽപ്പെട്ട ഒരു നിയോഗം കൂടാതെ ഇവ പ്രവത്തിച്ച ഒരു സാധാരണ മനുഷ്യന്ന് മരണാവ സ്ഥയിൽ തോന്നിക്കുമാറാകുന്ന സകലവിധ തന്ത്രനിനവുകളും അവൻ തോന്നിച്ചു. എന്തുകൊണ്ടെന്നാൽ ഈശോ ദൈവകുമാ രനാണെന്നുള്ളത് പിശാചിന്ന് മറഞ്ഞിരുന്നതിനാൽ അദ്ദേഹം മനുഷ്യരിൽവെച്ച് ഏററം നീതിമാൻ എന്നു മാത്രമെ അവൻ കരുതിയിരുന്നൊള്ളു. ഇപ്രകാരം ന. ദിവ്യരക്ഷകൻ തൻെറ ദൈവികത്വത്തിന്ന് അശേഷം യോജിക്കാത്ത സകല ഉപദ്രവ ങ്ങളും തൻെറ മാനുഷത്വത്തിന്ന് വരുന്നതിന്ന് അവിടുന്ന് അനു വദിച്ചു. ഇതിനാൽ അദ്ദേഹത്തിൻെറ പ്രവൃത്തികളിൽവെച്ച് അവൻെറ ഉപായതന്ത്രത്താൽ കുററമാക്കിത്തീക്കാത്തത് യാതൊ ന്നുമില്ലായിരുന്നു. മാത്രമല്ല അദ്ദേഹം തൻെറ പേരിൽ വഹിച്ച കണക്കററ ലോകപാപങ്ങളുടെ ഇടയിൽ എൻെറ സ്വന്ത കുററ ങ്ങൾകൂടേയും ഞാൻ കണ്ടു. അവ അദ്ദേഹം സഹിച്ചിരുന്ന ആ മഹാ പാടുകളുടെ സമുദ്രത്തിൽനിന്ന് ഒരു പുഴപോലെ എൻെറ നേരെ പാഞ്ഞു് ഒഴുകിയിരുന്നു. ഇതിൽ എൻെറ കുററങ്ങൾ തെളിവായി ഞാൻ കണ്ടതിനാൽ ഈ സമയം എൻെറ കണ്ണുകൾ ദിവ്യമണവാളൻെറനേരെ ഞാൻ തിരിച്ച് അദ്ദേഹത്തോടുകൂടെ കരഞ്ഞു പ്രാത്ഥിച്ചിരുന്നു.

ആ! സത്യമായിട്ട് ന. രക്ഷകൻ ഈ പാടുകളുടെ ഭാര ത്തിൻകീഴ് ഒരു പുഴപോലെ കിടന്നു് പുളഞ്ഞിരുന്നു. പിശാ ച് അദ്ദേഹത്തിന്ന് വിരോധമായ കുററപ്പാടുകൾ ചൊരിഞ്ഞിരു ന്ന കൂട്ടത്തിൽ മഗ്ദലേനായുടെ വസ്തു വിററ കാര്യവും പറഞ്ഞ പ്പോൾ എനിക്ക് സഹിപ്പാൻ നിവൃത്തിയില്ലാതായി. ഈ സം ഗതിയിൽ "അദ്ദേഹത്തെ നീ കുററം ചുമത്തുന്നതെങ്ങനെ? അദ്ദേ ഹത്തിന്ന് ലാസർ കൊടുത്ത ആ പണംകൊണ്ടു്, തൈർസാ എ ന്ന ദിക്കിൽ കടം നിമിത്തം തടവിൽ കിടന്നിരുന്ന 28 ദരിദ്രരെ അദ്ദേഹം വിടുവിച്ചതു് ഞാൻതന്നെ കണ്ടില്ലേ" എന്നൊക്കെ പറഞ്ഞുപോയി.

കത്താവു് ആദ്യം മുട്ടിന്മേൽ നിന്നുകൊണ്ടു് സമാധാനമാ

യി പ്രാൎത്ഥിച്ചിരുന്നു. കുറച്ചുകഴിഞ്ഞപ്പോഠ മനുഷ്യരുടെ കണക്കററ പാപങ്ങളെയും ദൈവത്തിന്റെ നേരെയുള്ള അവരുടെ നന്ദികേടുകളെയും കണ്ടു് ഞെട്ടിഞ്ഞി വിറച്ചുകൊണ്ടു്, "പിതാവേ! പാടുണ്ടായിരുന്നാൽ ഈ കാസ എന്നിൽനിന്നു് കടന്നുപോകട്ടെ; പിതാവേ! നിനക്കു് സൎവ്വതും വശമാകുന്നു, ഈ കാസ എന്നിൽനിന്നു് കടത്തിവിടേണമെ, എന്നാലും എന്റെ മനസ്സല്ല നിന്റെ തിരുമനസ്സു് നിറവേററട്ടെ" എന്നു് നിലവിളിച്ചുപറഞ്ഞു. അദ്ദേഹത്തിന്റെയും പിതാവിന്റെയും മനസ്സു് ഒന്നായിരുന്നുവെങ്കിലും, ഇപ്പോഠ മാനുഷത്വത്തിന്റെ സകല ക്ഷീണങ്ങഠക്കും തന്നെത്താൻ കയ്യാളിച്ചിരുന്നതിനാൽ, മരണത്തേയും പാപത്തേയുംകണ്ടു് ഭയന്നു് ഞെട്ടിഞ്ഞിയിരുന്നു.

അദ്ദേഹം വിരലുകഠ കോൎത്തുപിടിച്ചുകൊണ്ടു് അങ്ങോട്ടുമിങ്ങോട്ടും വീഴുകയും അദ്ദേഹത്തിന്റെ ഉടൽ മുഴുവൻ വിയൎത്തൊലിക്കയും ചെയ്തിരുന്നു. കൂടാതെ അദ്ദേഹം എഴുന്നേല്പ്പാൻ ശ്രമിച്ചിരുന്നെങ്കിലും മുട്ടുകഠ വിറച്ചു് ദേഹഭാരം താങ്ങുവാൻ അശക്തനായി തീൎന്നതിനാൽ മുട്ടുകാലുകളിന്മേൽ എഴുന്നേററു് ബലമില്ലാതെ വിറയ്ക്കുന്ന തന്റെ കാലടികളെ ആ മൂന്നു ശിഷ്യരുടെ പക്കലേക്കു് തിരിച്ചു. അപ്പോഠ ഉദ്ദേശം 10മണി കഴിഞ്ഞിരുന്നു.

## 3-ാം നിരുത്ത്.

### ആദ്യം ശിഷ്യരുടെ പക്കൽ വന്നതു്.

ഇങ്ങനെ അദ്ദേഹം ആ ഗുഹയുടെ ഇടത്തുവശത്തു് മഹാപ്രയാസത്തോടെ ഇഴഞ്ഞുവലിഞ്ഞു് കയറി ശ്ലീഹന്മാരുടെ പക്കൽ വന്നപ്പോഠ അവർ ആകുലചിന്തയാലും ദുഃഖത്താലും തളൎന്നറങ്ങിയിരുന്നു. കയ്പായ ദുഃഖസാഗരത്തിൽ മുഴുകിയിരുന്ന ഒരുവൻ ആശ്വാസത്തിനായി സ്നേഹിതരുടെ പക്കലേക്കു് വരികയും, നല്ല ഇടയൻ തന്റെ ആട്ടിൻകൂട്ടത്തിനു് അടുത്തിരിക്കും അപകടം അറിഞ്ഞു്, അവയെ പോയി അന്വേഷിക്കയും ചെയ്യുംവിധമത്രെ ശിഷ്യരുടെ പക്കൽ അദ്ദേഹം വന്നതു്. എന്തുകൊണ്ടെന്നാൽ അവരും തന്ത്രങ്ങളാലും പരീക്ഷകളാലും ബാധിക്കപ്പെടുന്നുവെന്നു് അദ്ദേഹമറിഞ്ഞിരുന്നു.

ശിഷ്യർ ഉറങ്ങുകയാണെന്നു് കണ്ടതിനാൽ ദുഃഖത്താൽ തള

ന്നു് വീണുകൊണ്ടു് അരുളിച്ചെയ്തതായതു്; "ശെമ്ഓനേ, നീ ഉറങ്ങുകയാണോ? ഉടനെ അവർ ഉണന്നു് അദ്ദേഹത്തെ എഴുന്നേല്പിച്ചപ്പോറം, അദ്ദേഹം മഹാ മനോദുഃഖത്തോടെ "എന്താ! ഒരു മണിക്കൂറു് എന്നോടുകൂടെ ഉണർന്നിരിപ്പാൻ നിങ്ങറക്കു് കഴിഞ്ഞില്ലേ?" എന്നു് അരുളിച്ചെയ്തു. എന്നാൽ അവർ അദ്ദേഹത്തെ സൂക്ഷിച്ചുനോക്കിയപ്പോറം അദ്ദേഹം ക്ഷീണിച്ചു് വിളറിയും, തലയിൽ രോമഹർഷംകൊണ്ടും, തന്നെത്താൻ നില്പാൻ അശക്തനായും, വിയൎത്തുമുങ്ങിയും, ഞെട്ടഞെട്ടങ്ങി വിറച്ചും, സ്വരംപകന്നു് കേറംപ്പാനസാദ്ധ്യമായും ഇരുന്നിരുന്നു. ഈ സ്ഥിതിയിൽ അദ്ദേഹത്തെ അവർ കാണുകയാൽ എന്തു ചെയ്യണമെന്നു് അറിയാതെ അന്ധരായി നിന്നുപോയി.

കത്താവിൻെറ തിരുത്തലയിൽ വീശുമാറായിരുന്ന, ആ പ്രകാശ കതിർവില്ലിനെ അവർ കാണാഞ്ഞെങ്കിൽ, അദ്ദേഹത്തെ തിരിച്ചറിയാഞ്ഞേനെ. അപ്പോറം യോഹന്നാൻ, "ഗുരുവേ! അങ്ങെക്കെന്തു് സംഭവിച്ചു? ഞാൻ മററു ശിഷ്യരേയും വിളിക്കട്ടെ" എന്നു പറഞ്ഞതിനു് അദ്ദേഹം ഉത്തരിച്ചതായതു്: "ഞാനിനിയും 33 സംവത്സരം ജീവിച്ചു പഠിപ്പിക്കയും, അത്ഭുതങ്ങറം പ്രവൎത്തിക്കയും മററം ചെയ്താലും, അവ നാളെ ഈ നേരത്തിനിടയിൽ നിറവേററവാനിരിക്കുന്നതുപോലെ ഫലസിദ്ധിയുള്ളതാകയില്ല. ആ എട്ടുപേരെ വിളിക്കണ്ട; എന്തെന്നാൽ ഞാനവരെ ഇവിടെ കൊണ്ടുവരാഞ്ഞതു്, ഈ പ്രമാദസ്ഥിതിയിൽ എന്നെ അവർ കണ്ടാൽ, അവർ പരീക്ഷയിൽ അകപ്പെട്ടു് കഴിഞ്ഞവ മറന്നു്, എന്നിലുള്ള അവരുടെ വിശ്വാസം കളഞ്ഞേക്കും എന്നു് ഭയന്നിട്ടത്രെ; നിങ്ങളോ എന്നാൽ മനുഷ്യകുമാരൻ തൻെറ ദൈവികമഹിമയിൽ മറുരൂപമായതിനെ കണ്ടിരിക്കുന്നു. ആകയാൽ അദ്ദേഹം അരൂപിയിൽ ഉപേക്ഷിക്കപ്പെട്ടു, ദുഃഖമേഘത്തിൽ അകപ്പെടുന്നതും, കാണേണ്ടിയിരിക്കുന്നു. എന്നാലും നിങ്ങറം പരീക്ഷയിലുറംപ്പെടായ്വാൻ ഉണർന്നിരുന്നു് നമസ്കരിപ്പിൻ: എന്തെന്നാൽ അരൂപി ആയത്തമായിരിക്കയും ശരീരം ക്ഷീണിച്ചിരിക്കയും ചെയ്യുന്നു".

ഈ വചനങ്ങളാൽ സ്ഥിരമായി നില്ക്കുന്നതിനു് അവരെ ധൈര്യപ്പെടുത്തണമെന്നും, അദ്ദേഹത്തിൻെറ ബലഹീനതയുടെ കാരണമായ മരണത്തോടുള്ള മാനുഷത്വത്തിൻെറ യുദ്ധം അവരെ അറിയിക്കണമെന്നും അദ്ദേഹം കരുതിയിരുന്നു. അദ്ദേഹത്തിൻെറ

സഹിക്കരുതാത്ത ഈ ദുഃഖസ്ഥിതിയിൽ ഒരു കാൽ മണിക്കൂർ നേരം അവരുടെ പക്കൽ താമസിച്ച്, വീണ്ടും ഗുഹയിലേക്ക് പിന്തിരിഞ്ഞപ്പോ൦, അവിടെ അദ്ദേഹത്തിൻെറ ആഭ്യന്തരങ്ങെരുക്കങ്ങളും അത്യന്തം വർദ്ധിച്ചു. ഈ സമയം ശ്ലീഹന്മാർ കരഞ്ഞുകൊണ്ടും അദ്ദേഹത്തിൻെറനേരെ കൈകൾ നീട്ടിക്കൊണ്ടും, "അയ്യോ! അങ്ങേക്ക് എന്തു സംഭവിച്ചു? ഇത്ര വലിയ വ്യസനത്തിന് കാരണമെന്ത്? അങ്ങേക്ക് മഹാ ദുഃഖമായിരിക്കുന്നുവെന്ന് തോന്നുന്നുവല്ലൊ" എന്നും മററും പറഞ്ഞിരുന്നു.

അപ്പോ൦ ന. കത്താവു് സെത്തുതോട്ടത്തിൽവന്നിട്ട് ഉദ്ദേശം $1\frac{1}{2}$മണിക്കൂറ് കഴിഞ്ഞിരുന്നു. കത്താവിനരികെ ഉണ്ടായിരുന്ന ആ ശിഷ്യർ, ആദ്യം നമസ്കരിച്ചിരുന്നെങ്കിലും, പിന്നീട് അവക്ക് ദൈവത്തിൽ മനോവിശ്വാസം പോരായ്കയാൽ, പരീക്ഷയിൽ അകപ്പെട്ട് ഉറക്കത്തിൽ വീണുപോയി. തോട്ടത്തിന് പുറത്തിരുന്ന ആ എട്ടു ശിഷ്യർ അത്യന്തവ്യസനവും പാടുകളും സൂചിപ്പിച്ചിരുന്ന കത്താവിൻെറ ആ ഒടുക്കത്തെ വാക്യങ്ങളാൽ, അവരിൽ അധൈര്യവിചാരങ്ങ൦ നിറഞ്ഞിരുന്നതിനാൽ, ഉറങ്ങാതെ സെത്തുമലക്കു സമീപം ചുററി നടന്നുകൊണ്ട്, അപകടസമയത്ത് ഒളിച്ചിരിപ്പാൻതക്ക തരങ്ങ൦ അന്വേഷിച്ചിരുന്നു.

എന്നാൽ ഓറശ്ലംപുരിയിൽ യൂദന്മാർ തിരുനാ൦ഘോഷത്തിനു വേണ്ടവ തയ്യാറാക്കുമ്പോ൦, കത്താവിൻെറ ചില ശിഷ്യരും സ്നേഹിതരും, എന്തൊ ഒരു സാരമായ കാര്യസംഭവം അറിവാനാഗ്രഹിച്ചപോലെ, ഗൌരവമായ മുഖഭാവത്തോടെ തമ്മിൽ തമ്മിൽ സംസാരിച്ചുകൊണ്ട് അങ്ങോട്ടുമിങ്ങോട്ടും ഓടി നടന്നിരുന്നു. കന്യകാമറിയം കത്താവിൻെറ കാര്യത്തെപ്പററി കേട്ടിരുന്ന സംഗതിക൦നിമിത്തം വളരെ ഭയംപൂണ്ട്, അവളുടെ സ്നേഹിതകളോട് ഒന്നിച്ച് ആ കാര്യം സംബന്ധിച്ച് വല്ലതും കേ൦പ്പാനായി, പട്ടണത്തിലേക്ക് പോകുവാനാഗ്രഹിച്ചിരുന്നു. അപ്പോ൦ ലാസരം നിക്കാദെമോസും റാംസയൌസേപ്പും എബ്രോങ്കാരായ ചില സംബന്ധികളും അവളെ ആശ്വസിപ്പിപ്പാനായി വന്നു.

എന്നാൽ ഇവർ കത്താവിൻെറ കാര്യം സംബന്ധിച്ച് അവക്ക് പരിചയമുള്ള ചില പ്രീശരോട് അന്വേഷിച്ചെങ്കിലും, തല്ക്കാലം അദ്ദേഹത്തിനു വിരോധമായി ഒരു ദുരാലോചനയും നടന്നതായി അറിവാൻ കഴിഞ്ഞില്ല. എന്നുതന്നെയുമല്ല, യൂദായുടെ

പാതകം അവരശേഷം അറിഞ്ഞിട്ടില്ലായിരുന്നതിനാൽ, അത്ര അപകടം അവക്കു തോന്നിയുമില്ല. ആകയാൽ ശത്രുക്കാം പെസഹായ്ക്കു മുമ്പു് അദ്ദേഹത്തെ പിടിപ്പാൻ ഒരു യത്നവും ചെയ്കയില്ലെന്നു് മാതാവിനോടു് അവർ പറഞ്ഞു.

അടുത്ത ദിവസങ്ങളിൽ യൂദാ നന്നാ സമാധാനമില്ലാതെ വളരെ ബദ്ധപ്പെട്ടിരുന്നുവെന്നും, എന്തൊരു ധൃതിയോടെയാണു് അവൻ വിരുന്നുശാലവിട്ടു് പൊയ്ക്കളഞ്ഞതെന്നും, മാതാവു് അവരോടു പറഞ്ഞറിയിച്ചു. അവൻ ന. കർത്താവിനെ ഒററിക്കൊടുപ്പാനാണു് പോയതു് എന്നതിന്മേൽ, മാതാവിനു് ഒരു സംശയവുമില്ലായിരുന്നു. എന്തുകൊണ്ടെന്നാൽ അവനൊരു നശീകരപുത്രനാണെന്നു് മാതാവു് അറിഞ്ഞു പലപ്പോഴും അവനെ സൂചിപ്പിച്ചിട്ടുണ്ടായിരുന്നു.

## 4-ാം നിറുത്തു്. 2-ാം ജപം.

ഈശോ തൻെറ പാടുകാംക്കൊരു ആശ്വാസവുമില്ലാതെ ഗുഹയിലേക്കുതന്നെ പിന്തിരിഞ്ഞു. അവിടെ തൻെറ കരങ്ങാം വിരിച്ചു്, മുഖം നിലത്തോടു പതിച്ചുകൊണ്ടു്, സാഷ്ടാംഗം വീണു് നിത്യപിതാവിനോടു് പ്രാർത്ഥിച്ചിരുന്നു. എന്നാൽ അപ്പോാം അദ്ദേഹത്തിൻെറ തിരുആത്മം മുക്കാൽ മണിക്കൂറു് നീളിച്ച, രണ്ടാമത്തെ ഒരു ഉാംയുദ്ധം സഹിച്ചുതുടങ്ങി. മാലാഖാമാർ വന്നു്, പാപപ്പരിഹാരത്തിനായി അദ്ദേഹം പെടേണ്ടും പാടുകാം പലതര രൂപങ്ങളായി അദ്ദേഹത്തെ കാണിച്ചതുകൂടാതെ, ഈ ഉത്തരവാദം ദൈവകുമാരൻെറ കുററമററ മാനുഷത്വത്താൽമാത്രം നിറവേറേണ്ടതാണെന്നും അദ്ദേഹത്തോടു് അറിയിച്ചു.

ഇത്ര ഭയങ്കരമായ ഒരു പരിഹാരത്തിൻെറ കാഴ്ചയാൽ അദ്ദേഹത്തിൻെറ ആത്മം എന്തൊരു വ്യസനത്തിലും ഭയത്തിലും മുഴുകിയെന്നു് വാക്കാൽ വർണ്ണിക്കാവതല്ല. ഈ വ്യസനം അദ്ദേഹത്തിൻെറ സകല രോമകൂപങ്ങളിൽനിന്നും രക്തവിയപ്പു് പുറപ്പെടുവിക്കത്തക്കവണ്ണം ഭയങ്കരമായിത്തീൎന്നു. മ്ശിഹായുടെ ആരാധനാവിഷയമായ മനുഷ്യത്വം ഇത്ര ഭയങ്കരപാടുകാം എന്ന ഭാര

ത്തിൻ കീഴ് ഞെരുങ്ങി അമൻ് ഭൂമിയോട്ട പതിയുന്നത് മാലാഖാമാർ കണ്ടു്, അവക്കലിവുതോന്നി, അദ്ദേഹത്തെ ആശ്വസിപ്പിപ്പാനായി ദൈവസിംഹാസനത്തിങ്കൽ ശുഷ്ക്കാന്തിയോടെ അവർ പ്രാത്ഥിച്ചു.

ഈ സമയം ദൈവത്തിന്റെ സ്വരൂപം കാണ്മാൻ എനിക്കു അനുവദിക്കപ്പെട്ടുവെങ്കിലും, അതു മുമ്പിലത്തെപ്പോലെ, ദൈവസിംഹാസനത്തിന്മേൽ ഇരുന്നുകൊണ്ടല്ല, പിന്നെയൊ ഒരു പ്രകാശരൂപമായിട്ടത്രെ; പിതാവിൽനിന്നു സുതനും, പിതാവിൽനിന്നും സുതനിൽനിന്നും പരിശുദ്ധാരൂപിയും പുറപ്പെട്ടതായി കണ്ടുവെങ്കിലും, മുഴുവനും ഒന്നായി ഒരു ദൈവമായിരുന്നു. എന്നാൽ ഈ സംഗതികഠം ഉള്ളിലുള്ള ഒരു അറിവെന്നല്ലാതെ വൎണ്ണിക്കത്തക്ക തിരിച്ചുള്ള ഒരു കാഴ്ചയെന്നു് കരുതിക്കൂടാ. പിന്നീട് എല്ലാം മറഞ്ഞുപോയി. മാലാഖാമാരും അദ്ദേഹത്തിന്റെ പക്കൽനിന്നു പിരിഞ്ഞുപോയി; അദ്ദേഹത്തിന്റെ ആത്മം പുതിയ പാട്ടുകഠം സഹിച്ചുതുടങ്ങി.

കത്താവിന്റെ ഈ പ്രമാദത്തിന്റെ ഒന്നാംഭാഗത്തിൽ പിശാച് അദ്ദേഹത്തിന്റെ കൺമുമ്പാകെ അദ്ദേഹം വീട്ടുവാനിരിക്കുന്ന ആ പാപകടത്തിന്റെ ഭയങ്കരത്വം കാണിച്ചുതുക്കൂടാതെ, അവന്റെ നിഗളത്താലും ദ്വേഷ്യത്താലും ന. ദിവ്യരക്ഷിതാവിന്റെ സകല പ്രവൃത്തികളിലും കുററവും കുറവും അന്വേഷിക്കയും ചെയ്തു. രണ്ടാം ഭാഗത്തിൽ ദൈവനീതിക്കു് അദ്ദേഹം വീട്ടേണ്ടും പരിഹാരകടങ്ങളെ അവയുടെ യഥാത്ഥസ്ഥിതിയിലും, അളവിലും, പൂൎണ്ണതയിലും മാലാഖാമാർ അദ്ദേഹത്തെ കാണിച്ചു. എന്തെന്നാൽ പാപപ്പരിഹാരം സാധിക്കുന്നതാണെന്നു കാണിക്കുന്നതു പിശാചിന്റെ കാര്യമല്ല, നരകങ്ങളുടെ ആ ശരണമററ പിതാവു് ദൈവാനുഗ്രഹത്തിൻ പ്രവൃത്തികഠം കാണിക്കയില്ല.

ഈശോകത്താവു തന്റെ പിതാവിനു മുഴുവനായി കീഴ്വഴങ്ങി സകലവും കയ്യേൽക്കയാൽ, ആദ്യത്തേതിലും ഘോരമായ പുതിയ രൂപങ്ങഠം പിന്തുടന്നു. ആയതു മനുഷ്യനന്ദികേടായിരുന്നു. ഇതിനാൽ അദ്ദേഹത്തിന്റെ ഈ ഭയങ്കരപാട്ടുകഠം എന്ന പൂജകൊണ്ടുണ്ടാകും ഫലമെന്തായിരിക്കും? എന്നു വ്യസനത്തോടെ തന്നെത്താൻ ചോദിച്ചിരുന്നു. ഹാ! കത്താവിന്റെ അലിവുനിറഞ്ഞ ഹൃദയം മഹാ വ്യസനത്തില കപ്പെട്ടുപോയി.

# 5-ാം നിറുത്തു്.

## പതിതർമൂലം തിരുസ്സഭയ്ക്കുണ്ടായ നാശങ്ങളുടെ കാഴ്ച.

ദൈവം ആദത്തെ സൃഷ്ടിച്ചിട്ടു്, അവനുറക്കം നൽകിക്കൊണ്ടു്, അവൻെറ പള്ള തുറന്നു ഒരു വാരിഎല്ലു എടുത്തു്, അതുകൊണ്ടു് അവൻെറ ഭാൎയ്യയും സകലരുടേയും മാതാവുമായ ഹാവായെ സൃഷ്ടിച്ചു. ഈ ആദ്യസ്ത്രീയെ ആദത്തിനുകൊടുത്തപ്പോൾ അവൻ ഇതു തൻെറ അസ്ഥിയിൽനിന്നുള്ള അസ്ഥിയും മാംസത്തിൽനിന്നുള്ള മാംസവും ആകുന്നുവെന്നു നിലവിളിച്ചു. "ആകയാൽ മനുഷ്യൻ പിതാവിനേയും മാതാവിനേയുംവിട്ടു്, അവൻെറ ഭാൎയ്യയോടു ചേരണം. അവർ ഇരുപേരും ഒരു ശരീരമാകും." "ഇതു് ഒരു വലിയ കൂദാശയാകുന്നു. ഞാൻ മ്ശിഹായിലും സഭയിലുമാണു പറയുന്നതു്".

എന്നാൽ രണ്ടാമത്തെ ആദമായ ഈശോമ്ശിഹായും സ്ലീവായിൽ മരണമെന്ന ഉറക്കം തനിക്കു വരുന്നതിനു ചിത്തമായിക്കൊണ്ടു്, തിരുസ്സഭ എന്ന സകലരുടേയും മാതാവും, തൻെറ വിരക്ത മണവാട്ടിയുമായ രണ്ടാമത്തെ ഹാവായെ അതിൽനിന്നു് ഉരുവാക്കുന്നതിനായി, തൻെറ തിരുവിലാവു് കുത്തിത്തുറക്കുന്നതിനു് തിരുമനസ്സായതുകൂടാതെ, തൻെറ രക്ഷണീയ തിരുരക്തവും, ശുദ്ധീകരണജലവും തൻെറ അരൂപിയുംകൂടെ അവൾക്കു നൽകി. ഇതുകൂടാതേയും അവൾ നിൎമ്മലയും പരിശുദ്ധയും ആകേണ്ടതിനായി പരിശുദ്ധ കൂദാശകളും അവൾക്കു് നൽകുകയുംചെയ്തു. അദ്ദേഹം അവളുടെ ശിരസ്സും, നാം അവളുടെ അവയവങ്ങളുമായി, ശിരസ്സിനോടുള്ള കീഴ്വഴക്കംമൂലം അദ്ദേഹത്തിൻെറ അസ്ഥിയിൽനിന്നുള്ള അസ്ഥിയും മാംസത്തിൽനിന്നുള്ള മാംസവും നാം ആകേണ്ടതാകുന്നു.

നമ്മെപ്രതി മരിപ്പാനായി അദ്ദേഹം മനുഷ്യസ്വഭാവമെടുക്കവെ, അദ്ദേഹത്തിൻെറ മണവാട്ടിയായ തിരുസ്സഭയോടു് ഒന്നിപ്പാനായി, നിത്യപിതാവിനെ വിട്ടുപിരിഞ്ഞുവെന്നു പറയാം. അദ്ദേഹത്തോടു് നമ്മെ ഒന്നിപ്പിക്കുന്ന ആരാധനാവിഷയമായ ദിവ്യകാരുണ്യംകൊണ്ടു് അവളെ പോഷിപ്പിക്കുന്നതിനാൽ അദ്ദേഹം അവളോടു് ഏകമാംസമായി തീരുകയും ചെയ്യുന്നു. കൂടാതെ,

അദ്ദേഹം നാമെല്ലാവരും ഒരുമിച്ചു് തിരുസ്സഭയെന്ന തൊഴുത്തിൽ ചേരുംവരെ ഭൂമിയിലുള്ള തിരുസ്സഭയോടു് ഒന്നിച്ചിരിക്കുമെന്നും, നരകവാതിലുകൾ ഒരുനാളും അതിനെ ജയിക്കയില്ലായെന്നും അരുളിച്ചെയ്കയുംചെയ്തു.

കത്താവിൻെറ ഈ സ്നേഹമണവാട്ടിയുടെ അവയവങ്ങളായ പാപികളുടെ നേരെയുള്ള തൻെറ അവർണ്ണനീയ സ്നേഹപൂർത്തിക്കായി അദ്ദേഹം മനുഷ്യനായി ചമഞ്ഞു. പാപങ്ങൾക്കു് കടപ്പെട്ട ശിക്ഷകൾ സകലവും തൻെറപേരിൽ വഹിക്കേണ്ടതിനായി പാപികളുടെ ഒരു സഹോദരൻ താനാകുന്നതിനും തിരുമനസ്സായി. അദ്ദേഹത്തിൻെറ മോക്ഷമണവാട്ടിയായ തിരുസ്സഭയുടെ സകല മുറിവുകളും ഞെരുക്കങ്ങളും, ശ്ലീഹന്മാൎക്കും, ശിഷ്യൎക്കും, തൻെറ സ്നേഹിതൎക്കും, ഉണ്ടാകുവാനിരിക്കുന്ന സകല ഉപദ്രവങ്ങളും അവിടുന്നു കണ്ടു; എന്നുതന്നെയുമല്ല ക്രമേണ ക്രിസ്ത്യാനികളുടെ എണ്ണം വൎദ്ധിക്കയും, പതിതർ, ശീശ്മക്കാർ മുതലായവരാൽ അവളുടെ മക്കൾ കലങ്ങി, തങ്ങളുടെ നിഗളവും, കീഴ്വഴക്കമില്ലായ്മയും മുഖാന്തരം ആദത്തിൻ പാപത്തെ അവർ പുതുപ്പിക്കുകയും ചെയ്യുന്നതു് അവിടുന്നു കണ്ടു.

കണക്കില്ലാത്ത ക്രിസ്ത്യാനികളുടെ മന്ദതയും, വഷളത്വവും, ദ്വേഷവും, അഹംഭാവികളായ ശാസ്ത്രികളുടെ വ്യാജങ്ങളും, ചതിവുകളും, ഗുരുക്കളുടെ സകല ദൈവദോഷങ്ങളും, തൻെറ മാണിക്യരക്തവും, പാടുകളും എന്ന വിലകൊടുത്തു് രക്ഷിപ്പാനിരിക്കുന്ന ആ നന്ദികെട്ട മനുഷ്യർ തൻെറ ശുദ്ധസ്ഥലത്തു വെച്ചുകൂടേയും ചെയ്യുന്ന അശുദ്ധ പാപങ്ങളും അദ്ദേഹം കണ്ടു. സകല മതത്യാഗികൾ, പതിതത്തലവന്മാർ പുണ്യഭാവത്തിൽ മനുഷ്യരെ തട്ടിക്കുന്ന മതനവീകരണക്കാർ, എല്ലാക്കാലങ്ങളിലെ ആത്മവിധ്വംസകർ അവർമൂലം നശിച്ചവർ എന്നിവരൊക്കെയും തിരുസ്സഭയുടെ തുന്നലില്ലാത്ത ആ വസ്ത്രത്തെ പറിച്ചുകീറുകയും, കത്താവിനെ ശകാരിച്ചു നിന്ദിക്കയും ചെയ്തിരുന്നു.

അവരുടെ നാശത്തെപ്പററി ദുഃഖിച്ചുകൊണ്ടു് അവരെ തഴുകുവാൻ കൈനീട്ടി ഓടിച്ചെല്ലുന്ന തന്നെ അവർ തള്ളിക്കളഞ്ഞു് നിന്ദയോടെ തലകുലുക്കി പാതാളത്തിലേക്കു് ഓടിപ്പോകയും, ഒടുവിൽ ആ പാതാളത്തിൽത്തന്നെ അവരടയ്ക്കപ്പെടുകയും ചെയ്യുന്നതും അദ്ദേഹം കണ്ടു. കണക്കില്ലാത്ത മററനേകർ, മോഷ്ടാക്കളുടെ കൈകളിലകപ്പെട്ട പ്രയാണിയായ ആ യൂദനെ കണ്ടു്,

നിർദ്ദയനായി കടന്നുപോയ ആ ലെവായക്കാരനെപ്പോലെ, തി
രുസ്സഭയുടെ മുറിവുകളെ കണ്ടു് അരോചകത്തോടെ കടന്നുപൊ
യ്ക്കളയുന്നതായും കണ്ടു. ഇവർ വിശ്വസിക്കത്തക്കവരല്ലാത്ത
മക്കൾ തങ്ങളുടെ ഉദാസീനതയാലോ, ദുർമ്മനസ്സാലോ വീട്ടുവാ
തിൽ പൂട്ടാതെ നിദ്രചെയ്യുമ്പോൾ, അർദ്ധരാത്രിസമയം മോഷ്ടാ
ക്കളും കൊള്ളക്കാരും വന്നതറിഞ്ഞു്, തങ്ങളുടെ പെററ മാതാ
വിനെ വിട്ടു് ഭീരുക്കളായി ഓടിഒളിച്ചു പോകുംവണ്ണം, തിരു
സ്സഭയെന്ന അദ്ദേഹത്തിൻെറ മുറിവേല്പ്പെട്ട മണവാട്ടിയെ
വിട്ടു് ഓടിപ്പോയിരുന്നു

ചിലപ്പോൾ അവർ പൊയ്പ്പോയ ആട്ടുകളെപ്പോലെ ചെ
ന്നായ്ക്കളുടെ ക്രൂരതയ്ക്കു് ഇരയായി തീർന്നിരുന്നു; അവർ തൻെറ
ആട്ടുകൾക്കായി തൻെറ ആയുസ്സു മുഴുവനും കൊടുക്കുന്ന ആ നല്ല
ഇടയൻെറ തൊഴുത്തിൽ വന്നു് കയറുവാൻ മനസ്സില്ലാതെ നീച
അടിമകളാൽ തണ്യ ആട്ടിൻകൂട്ടത്തിൽ ചേർക്കപ്പെടുന്നതായും
അദ്ദേഹം കണ്ടു. കാലാവസാനത്തോളം താനതിനോടു് ഒന്നി
ച്ചു് ഇരിക്കുമെന്നു് വാഗ്ദാനം ചെയ്തിരിക്കുന്ന തിരുസ്സഭയെന്ന
തൻെറ മണവാട്ടിയുടെ ഭവനം കാണ്മാൻ അവർക്കു് മനസ്സില്ലാ
തെ സിദ്ധാന്തികളായി നിന്നിരുന്ന ഈ ദുഷ്ടർ മണലിന്മേൽ
ചില ചെറിയ ഭവനങ്ങൾ പണിതുണ്ടാക്കുകയും, അവയെ കൂട
ക്കൂടെ മറിച്ചു കളഞ്ഞു് വീണ്ടുംവീണ്ടും പണിയുകയും ചെയ്തിരു
ന്നതും അദ്ദേഹം കണ്ടു.

പലപ്പോഴും തങ്ങളുടെ സ്വന്തപാപ്പിടങ്ങൾ തങ്ങൾതന്നെ
തകർത്തു്, അവയുടെ കഷണങ്ങൾകൊണ്ടു് തിരുസ്സഭയുടെ മൂല
ക്കല്ലിന്മേൽ എറിഞ്ഞിരുന്നെങ്കിലും, തിരുസ്സഭ എപ്പോഴും ഇളക്കം
കൂടാതെ നിലനിന്നിരുന്നു. എന്നുമാത്രമല്ല അഗാധമായ കുഴിക്ക
രികെ വെച്ചുകൂടേയും അവരെ വിളിച്ചിരുന്ന ഈ ദിവ്യമണവാട്ടി
യുടെ സ്വരത്തിനു ചെവികൊടുക്കാതെ പശിയാൽ മരിക്കാറാ
യിരുന്നെങ്കിലും, മോക്ഷകല്യാണവിരുന്നിനു് ക്ഷണിപ്പാനായി
അവരുടെ പക്കലേക്കു് അവൾ അയച്ച ദൂതരെ പരിഹസിക്കയും
ശാസിച്ചു് കയ്യേററം ചെയ്കയും ചെയ്തിരുന്നു.

കർത്താവു് അവരെ എല്ലാവരേയുംപ്രതി പ്രലപിച്ചുകരയുക
യും, അവരെ രക്ഷിക്കുന്നതിനായി സകലവിധ പാടുകൾ പെടു
ന്നതിനു് ചിത്തമാകയും ചെയ്തു. അദ്ദേഹത്തിൻെറ ഈ പരിതാ
പകര കാഴ്ചയുടെ ഒരുഭാഗത്തു് അദ്ദേഹത്തിൻെറ തിരുരക്തത്താൽ

വീണ്ടുരക്ഷിച്ചു്, പരിശുദ്ധ കൂദാശകളാൽ ശുദ്ധീകരിച്ച അനേക ആത്മാക്കളെ പിശാചു തട്ടിച്ചുകൊണ്ടുപോയി നശിപ്പിച്ചിരുന്നതുകൂടാതെ "ഇത്ര നന്ദികെട്ട ഈ ദ്രോഹികളെപ്രതി ഈ പാടുകഠം നീ സഹിപ്പാൻ മനസ്സാകുന്നതെങ്ങനെ?" എന്നു് അദ്ദേഹത്തോടു് അവൻ നിൎത്താതെ ചോദിച്ചിരുന്നു. ദൈവത്തിൻെറ അഭിഷിക്തനായ മനുഷ്യകുമാരൻ ഈശോ ഈ ഭയങ്കരപാടുകളുടെ ഭാരത്തിൻകീഴു് ഞെരുങ്ങി അമൎന്നു ശൂന്യമായതുപോലെ തളൎന്നു വീണുപോയി. എന്നുമാത്രമല്ല ഇത്ര നന്ദികെട്ട ഒരു വംശത്തെപ്രതി ഈ പാടുകഠം സഹിക്കുന്നതിനു് അദ്ദേഹത്തിൻെറ മാനുഷത്വത്തിൽ ഉണ്ടായ വിരുദ്ധ ശക്തിയാൽ ദേഹത്തിലെ സകല സ്വേദകൂപങ്ങളിൽനിന്നും രക്തം വലിയ തുള്ളികളായി പുറപ്പെട്ടു നിലത്തു വീണിരുന്നു

തൻെറ ഈ വ്യസനം നിറഞ്ഞ പ്രമാദത്തിൽ ആദരവിനെന്നപോലെ, പുറം തിരിഞ്ഞുനോക്കിക്കൊണ്ടു് ആകാശത്തെയും, ഭൂമിയേയും, നക്ഷത്രങ്ങളേയും ഈ പാടുകളുടെ സാക്ഷികളായി വിളിച്ചു നിറുത്തിയിരുന്നു. കൎത്താവു തൻെറ ഈ ആഭ്യന്തര ഞെരുക്കാധിക്യത്താൽ, പലപ്രാവശ്യം ഉച്ചസ്വരത്തിൽ പ്രലപിക്കയാൽ, ആ മൂന്നു ശ്ലീഹന്മാർ ഉണൎന്നു ചെവി പാൎത്തപ്പോഠം അദ്ദേഹത്തെ ഒന്നു് പോയി നോക്കുവാനാഗ്രഹിച്ചിരുന്നു. എന്നാൽ പത്രോസു് മററവരോടു "നിങ്ങഠം ഇവിടെ ഇരിപ്പിൻ. ഞാനൊന്നു പോയി നോക്കട്ടെ" എന്നു പറഞ്ഞു ധൃതിയായി ഓടി, ഗുഹയിൽ പ്രവേശിക്കുന്നതു ഞാൻ കണ്ടു. "ഗുരുവേ! ഗുരുവേ! അങ്ങേക്കു് എന്തു അപകടം നേരിട്ടു?" എന്നു അയാഠം സാമാന്യം ഉറക്കെ ചോദിച്ചെങ്കിലും, ഈശോ രക്തത്തിൽ മുങ്ങി മരണഭീതിയും വ്യസനവുമെന്ന ഭാരത്തിൻകീഴു് ഇപ്രകാരം ഞെരുങ്ങി അമൎന്നു കിടക്കുന്നതു കണ്ടതിനാൽ, അയാഠം ഭയപ്പെട്ടു ഞെട്ടങ്ങി പുറകോട്ടു വലിഞ്ഞു അന്ധനായി നിന്നുപോയി.

ഈശോ അയാളോടു് ഒന്നും ഉത്തരിക്കായ്കയാൽ, അദ്ദേഹം ഇന്നവരെ മയങ്ങിക്കിടക്കയാകുന്നുവെന്നു കരുതി, മററു രണ്ടു പേരുടെ പക്കലേക്കു പിന്തിരിഞ്ഞു്, കൎത്താവിൻെറ വ്യസനാന്തരങ്ങളും നെടുവീൎപ്പുകളും കേട്ടതല്ലാതെ അദ്ദേഹം ഒന്നും ഉത്തരിച്ചില്ല, എന്നവരോടു പറഞ്ഞു. ഇതിനാൽ അവർ അതി ദുഃഖിതരായി തങ്ങളുടെ തലയും മൂടിയിരുന്നുകൊണ്ടു് കരഞ്ഞു് പ്രാൎത്ഥിച്ചിരുന്നു. പിന്നീടു് അദ്ദേഹം ഓ! എൻെറ പിതാവേ! ഇങ്ങ

നന്ദിയററ വംശത്തെപ്രതി ഞാൻ ഇവ സഹിപ്പാൻ കഴിയുന്നതെങ്ങനെ? ഓ! എൻെറ പിതാവേ! ഈ കാസ എന്നിൽനിന്നു് നീങ്ങാതെ ഞാൻ അതിനെ കുടിക്കണമെന്നാണു് നിൻെറ തിരുമനസ്സെങ്കിൽ അങ്ങനെതന്നെ ആകട്ടെ" എന്നു് പലപ്രാവശ്യം നിലവിളിച്ചുപറയുന്നതു ഞാൻ കേട്ടു.

## 6-ാം നിരത്തു്.

### ദിവ്യകാരുണ്യം വഴിയായുള്ള മനുഷ്യ നന്ദികേടുകളെ കണ്ടതു്.

ഈ ഭയങ്കര കാഴ്ചകളുടെ ഇടയിൽ പിശാചു പലവക പാപങ്ങളുടെ സാദൃശ്യമായി അനേക വികൃതരൂപങ്ങളിൽ കർത്താവിൻെറ തിരുമുമ്പിൽ കാണപ്പെട്ടിരുന്നു. ചിലപ്പോൾ ഒരു ബ്രഹ്മാണ്ഡമായ കറുത്ത സാധനമായും, ചിലപ്പോൾ പുലി, ചെന്നായു്, നരി, ചിറകുള്ള പെരുമ്പാമ്പു്, സർപ്പം മുതലായവയുടെ രൂപങ്ങളിലും അവൻ കാണപ്പെട്ടിരുന്നെങ്കിലും, ഈ ഭയങ്കരരൂപങ്ങൾ ഒന്നും ഒരു സൃഷ്ടിയുടെ യഥാർത്ഥരൂപമാകാതെ അരോചകം, വിപരീതം, മറുതല, പാപം എന്നിവയുടെ സൂചക സാദൃശ്യങ്ങൾ മാത്രമായിരുന്നു. ഈ പൈശാചിക വികൃതജന്തുക്കൾ വന്നു്, അദ്ദേഹം ആരുടെ രക്ഷയെപ്രതി ഈ വ്യസനകരമായ കുരിശിൻെറ വഴിയിൽ പ്രവേശിക്കുന്നുവോ ആ മനുഷ്യരെ ആക്രമിച്ചു്, അവരിൽ അനേകംപേരെ അദ്ദേഹത്തിൻെറ സന്നിധിയിൽവെച്ചുതന്നെ കീറിപ്പറിച്ചു ശൂന്യമാക്കി നശിപ്പിച്ചിരുന്നു. മാത്രമല്ല, അരോചക ഇഴജന്തുവായ പാമ്പു് അസാമാന്യ വലിപ്പവും ബലവും ഉള്ളതായ അതിൻെറ തലയിൽ, ഒരു കിരീടവും ധരിച്ചുകൊണ്ടു് എല്ലാ കാലങ്ങളിലും സകല ജാതികളിലും ഉണ്ടായ, മ്ശിഹായുടെ എണ്ണമററ ശത്രുഗണത്തേയും അതിനോടുകൂടെ കൂട്ടിക്കൊണ്ടുവന്നു.

അവയെല്ലാം സകലവിധ നശീകര ആയുധങ്ങൾ ധരിച്ചു്, ചിലപ്പോൾ ക്രൂരതയോടെ തങ്ങളെത്തന്നെ കഷണം കഷണമായി കീറുകയും, പിന്നീടു് അതിലിരട്ടി മൂർക്കതയോടെ ന. കർത്താവിൻെറ നേരെ പാഞ്ഞെത്തുകയും ചെയ്തിരുന്നു. മാത്രമല്ല, അവയുടെ ആ വാളുകൾ കുന്തങ്ങൾ മുതലായ നശീകര ആയുധങ്ങൾ വിലങ്ങേയും നീളേയും ആയി അദ്ദേഹത്തിനു ചുററും ആകാശ

ത്തിൽ പരപ്പിക്കയും ചെയ്തിരുന്നു. ഇവ ഓരോന്നിൻെറ കോപ വെറി മുഴുവൻ മനുഷ്യരെ സജീവ അപ്പംകൊണ്ടു പോഷിപ്പിപ്പാനായി, ഭൂമിമേൽ ഇറങ്ങിവന്ന ആകാശകോതമ്പുമണിയായ ഈ ശോയുടെ നേരെ അതിഘോരമായി എരിഞ്ഞിരുന്നു. ഈ നാരകീയ സൈന്യം പാപത്താൽ കുരുടരായ മനുഷ്യരായിരുന്നു.

അദ്ദേഹം പല പ്രാവശ്യം അങ്ങോട്ടുമിങ്ങോട്ടും തിരിയുകയും മറിയുകയും, ചിലപ്പോൾ തന്നെത്താൻ എഴുന്നേൽക്കയും, വീണ്ടും ക്ഷീണിച്ചു വീഴുകയും ചെയ്തിരുന്നു. അപ്പോൾ സപ്പം അതിൻെറ കൂട്ടഗണം ഒക്കെയോടുംകൂടെ ഈ ഈശോകത്താവിൻെറ നേരെ പായുകയും, അതിൻെറ വാലുകൊണ്ടു കോപത്തോടെ നിലത്തടിക്കയും ചെയ്തിരുന്നു. ഈ ഭയങ്കര കാഴ്ച ദിവ്യകാരുണ്യമെന്ന കൂദാശയിൽ സത്യമായും കാതലായും സന്നിഹിതനായിരിക്കുന്ന ഈശോകത്താവിനെ പല പ്രകാരത്തിൽ നിന്ദിക്കയും, അപമാനിക്കയും, അതിക്രമിക്കയും ചെയ്യുന്നവരുടെ സാദൃശ്യങ്ങളാണെന്നു് എനിക്കു് അറിയിക്കപ്പെട്ടു. അവർ ഈ ദിവ്യകൂദാശയെ കഥവെക്കാതെ അനാചാരമായി പെരുമാറുക, അദ്ദേഹത്തിനു യോഗ്യമായവയെ ഗണ്യമാക്കാതെ ഉപേക്ഷിക്കുക, നേരെ തന്നെ അദ്ദേഹത്തെ നിന്ദിച്ചു ദൂഷിക്ക, ഈ ദിവ്യകാരുണ്യംവഴി അതിഭയങ്കരമായ ദൈവദോഷങ്ങൾ പ്രവത്തിക്ക, ലൌകിക വിഗ്രഹങ്ങളെ ആരാധിക്ക, തെററായവയെ മാത്രം അറിഞ്ഞു വൈദിക അറിവുകളെ കഥവെക്കാതെ ആത്മിക അന്ധരും അവിശ്വാസികളും, മൂഢന്മാരും, വേദവിരോധികളുമായി വ്യാപരിക്ക, എന്നീവിധ അതിക്രമങ്ങളാൽ അദ്ദേഹത്തെ നിന്ദിച്ചപമാനിക്കുന്നതും മഹാ വ്യസനത്തോടെ ഞാൻ കണ്ടു.

പ്രത്യേകിച്ച് അനേക പൈതങ്ങൾ തങ്ങളെ ലൌകികമായി മാത്രം സ്നേഹിച്ചു ദൈവത്തെ അശേഷം മറന്നു നടക്കുന്ന മാതാപിതാക്കളേയും വാദ്ധ്യാന്മാരേയും പിന്തുടരുകയാൽ നേർവഴി തെററി നശിക്കയും ലൌകിക സൌഭാഗ്യങ്ങളാലും, അജ്ഞാനത്താലും മാത്രം പോഷിപ്പിക്കപ്പെട്ടു, വേദസംബന്ധമായതൊക്കയും മറന്നു നടക്കയും ചെയ്യുന്നതും ഞാൻ കണ്ടു. ന. കത്താവു പൈതങ്ങളെ അത്യന്തം സ്നേഹിക്കുന്നതിനാൽ, ഈ ബാലഗണത്തിൻെറ കാഴ്ചയാൽ എനിക്കു മഹാ സങ്കടമായി. ഈ ഗണത്തിൽ തിരുകമ്മശുശ്രൂഷികളും, പൂജസഹായികളുമായ അനേക പൈതങ്ങൾ, അവർ അംശഭാക്കുകളായിരിക്കുന്നുവെന്ന ആ തിരുകമ്മ

സമയങ്ങളിൽക്കൂടേയും കാണിക്കുന്ന അനാചാരങ്ങളും, അയോഗ്യതകളും, അസഹ്യനീയങ്ങളായ പ്രവൃത്തികളുംകൊണ്ടു്, അദ്ദേഹത്തെ ബഹുമാനിക്കുന്നതിനു് പകരം അപമാനിക്കുന്നതായും ഞാൻ കണ്ടു.

ഇതു കൂടാതെ ഗുരുക്കൾ, പ്രത്യേകിച്ചു തങ്ങൾ വിശ്വസ്തരും ഭക്തരുമാകുന്നുവെന്നു് കരുതപ്പെട്ടിരുന്ന ചില ഗുരുക്കൾ ഈ ആരാധനവിഷയമായ ദിവ്യകാരുണ്യംവഴി അദ്ദേഹത്തെ നിന്ദിച്ചു് അപമാനിക്കുന്നതും പരിഭ്രമത്തോടെ ഞാൻ കണ്ടു. അനേകം പേർ ദിവ്യകാരുണ്യത്തിൽ കർത്താവു് സന്നിഹിതനായിരിക്കുന്ന സത്യം തങ്ങൾ വിശ്വസിക്കയും, ഇതരന്മാരെ പഠിപ്പിക്കയും ചെയ്തിരുന്നു. എങ്കിലും ഈ സത്യം ആഴമായി അവരുടെ ഹൃദയത്തിൽ പതിയായ്കയാൽ സജീവദൈവത്തിൻെറ അരമനയും, ഇരിപ്പിടവുമായ ദേവാലയവും, അതിലെ പീഠം, സക്രാരി, കാസ, അരുളിക്ക മുതലായ ചമയ അലങ്കാരങ്ങളും ഉദാസീനതയോടെ ഉപേക്ഷിച്ചിട്ടിരിക്കുന്നു. അതിനാൽ സകലവും അഴുക്കും പൊടിയും നിറഞ്ഞു് ദൈവാരാധന ദൈവദ്രോഹം മാത്രമായി പകന്നു്, ദൈവാരാധനയ്ക്കടുത്ത വിഷയങ്ങൾ എങ്ങിനെയെങ്കിലുമാകട്ടെ, എന്നുള്ള മനോഭാവവും മടിയും, ലൌകികവും മായവുമായ വിഷയങ്ങളിന്മേലുള്ള ക്രമാതീതമായ ഇഷ്ടവും, അഹംഭാവത്താൽ ഉളവാകും നിർജീവ അരുചിയും നിമിത്തമത്രെ ഈ സ്ഥിതിയിൽ അവരാകുന്നതു്. ഈ വക ഉദാസീനത ദേവാലയങ്ങളിലും ഇടയന്മാരിലും സമ്പത്തുള്ള ചില സന്യാസ സഖ്യതകളിൽക്കൂടേയും ഉണ്ടായിരിക്കയാൽ, ആകാശത്തിൻെറയും ഭൂമിയുടേയും നാഥനായ ദൈവം, തൻെറ ദേവാലയങ്ങളിൽ ആരാധിക്കപ്പെടുന്നതിനെക്കാൾ അധികമായി ഏററവും ദരിദ്രവാസിയായ ഒരുവനാൽ അവൻെറ ഹീനകുടിലിൽ ആരാധിക്കപ്പെടുന്നതും ഞാൻ കണ്ടു.

ഹാ! മനുഷ്യർക്കു് ഭക്ഷണമായി തന്നെത്താൻ കയ്യാളിച്ച ഈശോ, അവരുടെ നന്ദികേടുകളാൽ എത്രയൊ ആഴമായ വ്യസനവും വ്യാകുലവും അനുഭവിച്ചു. അദ്ദേഹത്തെ സ്നേഹത്തോടെ കൈക്കൊള്ളുന്നതിനു് നിശ്ചയമായിട്ടു ഒരു സമ്പത്തും വേണമെന്നില്ല. നമ്മുടെ ആത്മത്തെ മാത്രം ദാഹിക്കുന്ന ദിവ്യരക്ഷിതാവിനു് അതിനെ മുഴവൻ കൊടുക്കാതിരിക്കയൊ, പാപത്താൽ മലിനമാക്കിക്കൊടുക്കയൊ ചെയ്യുന്നതു് എത്രയൊ ലജ്ജാവഹമായ

നന്ദികേടാകുന്നു. ആരാധനാവിഷയമായ ദിവ്യകാരുണ്യം ലൌകികമായി നിന്ദിക്കപ്പെടുകയും, ദേവാലയങ്ങളിൽ ആരും വരാതെ ഒഴിഞ്ഞു കിടക്കുകയും, ഗുരുക്കൾ നിന്ദിച്ചാക്ഷേപിക്കപ്പെടുകയും ചെയ്യുന്നതിനുള്ള കാരണം മേല്പറഞ്ഞ ഉദാസീനതയത്രെ. ഈ വിധ ഉപേക്ഷ വിശ്വസ്തരായ ആത്മാക്കളിൽക്കൂടെ ഉണ്ടായിരിക്കയാൽ, അവരുടെ ഹൃദയമെന്ന ദേവാലയത്തെ തക്കവണ്ണം ആയത്തമാക്കാതെ, മേല്പറഞ്ഞപ്രകാരം ത്രൊണോസും മററും ഇട്ടിരിക്കുംവണ്ണംതന്നെ, അതിനേയും ഇട്ടിരുന്നു. ആരാധനവിഷയമായ ദിവ്യകാരുണ്യംവഴി അദ്ദേഹം അനുഭവിക്കുന്ന നിന്ദാപമാനങ്ങൾ ഞാൻ കണ്ടവയെല്ലാം ഒരുവൎഷം മുഴുവൻ ഇടവിടാതെ പറഞ്ഞാലും തീരാത്തവണ്ണം അത്ര അധികമായിരുന്നു.

ഈവക കൃതഘ്നന്മാർ തങ്ങളുടെ പലതര ഉപദ്രവങ്ങൾക്കു യോജിക്കുന്ന വിവിധരൂപത്തിൽ, ഓരോ കൂട്ടംകൂട്ടമായി വന്നു്, കൎത്താവിനെ നിന്ദിക്കയും ആക്രമിക്കയും ചെയ്തിരുന്നു പിന്നെയും തിരുകൎമ്മങ്ങളിൽ സൂക്ഷമില്ലാത്തവരും ദൈവദോഷക്കാരുമായ ഗുരുക്കളേയും, മന്ദതയോടേയും യോഗ്യതകൂടാതെയും ദിവ്യകാരുണ്യം ഉൾക്കൊള്ളുന്നവരുടെ ഒരു മഹാ ശേഖരത്തേയും കണ്ടതുകൂടാതെ ദുഷ്ടരായ സൎക്കാരുദ്യോഗസ്ഥന്മാർ തിരുപ്പാത്രങ്ങളെ ലൌകികമായി ഉപയോഗിക്കുന്നതും, പൈശാചിക സേവകർ, അവരുടെ നാരകീയ ജോലിയായ ക്ഷുദ്രപ്രയോഗങ്ങൾക്കു്, ദിവ്യകാരുണ്യം ഉപകരണമാക്കുന്നതും കണ്ടു. ഈ ഭയങ്കര ദ്രോഹികളിൽ അനേക വേദശാസ്ത്രികൾ നിഗളം നിമിത്തം പതിതരായി, തിരുസ്സഭയിലെ ദിവ്യകാരുണ്യം വഴി അദ്ദേഹത്തെ ഉപദ്രവിക്കയും, അദ്ദേഹത്തിന്റെ തിരുരക്ത വിലയായ അനേക ആത്മാക്കളെ ഇവരുടെ കപടതന്ത്രങ്ങളാലും, ഉടമ്പടികളാലും, കള്ള ഉപദേശങ്ങളാലും, അദ്ദേഹത്തിന്റെ തിരുഹൃദയത്തിൽനിന്നു് പിടിച്ചുപറിച്ചുകൊണ്ടുപോയി നശിപ്പിക്കയും ചെയ്തിരുന്നു.

ഇങ്ങനെ പരസ്പരം വിഭിന്നരായി വേർപിരിഞ്ഞിരുന്ന മനുഷ്യരെ, അദ്ദേഹത്തിന്റെ പരിശുദ്ധ മണവാട്ടിയായ തിരുസ്സഭയെന്ന ഉടലിനോടു ഏക ശരീരമായി ഒന്നിപ്പിക്കുന്നതിനുള്ള അദ്ദേഹത്തിന്റെ സ്നേഹപ്രവൃത്തിയായ ദിവ്യകാരുണ്യം മേല്പറഞ്ഞ കള്ളബോധകരുടെ തിന്മനിമിത്തം ഭിന്നതയ്ക്കു് കാരണമാക്കിയിരുന്നു. ഒടുവിൽ ഇങ്ങനെ തിരുസ്സഭയെ വിട്ടുപിരിഞ്ഞവർ ഒക്കെയും അവിശ്വാസം, മൂഢഭക്തി, പതിതത്വം, തെററായ

ലൌകിക തത്വശാസ്ത്രവും എന്ന വിഷയങ്ങളിൽ മുഴുകിയിരുന്നു. ഈ കാഴ്ചകളാൽ ഞാൻ അവർണ്ണനീയ ഭയവും, പരിഭ്രമവും, അരോചകവും പൂണ്ടിരുന്നതിനാൽ, എന്റെ മോക്ഷമണവാളൻ എന്റെ പക്കൽ വന്നു്, കരുണയോടെ തന്റെ തിരുരക്തം എന്റെ ഹൃദയത്തിന്മേൽ വെച്ചു്, ഈ സംഗതികൾ ഇന്നേവരെ യാതൊരുത്തനും കണ്ടിട്ടില്ലെന്നും, നിന്നെ ഞാൻ പ്രത്യേകിച്ചു് ബലപ്പെടുത്തിയില്ലെങ്കിൽ, നിന്റെ ഹൃദയം ദുഃഖാധിക്യത്താൽ തകർന്നുപോയേനെ എന്നും അരുളിച്ചെയ്തു. അപ്പോൾ കർത്താവിന്റെ വിളറിയ ആ തിരുമുഖത്തിൽനിന്നു് രക്തം വലിയ തുള്ളികളായി ഒഴുകുന്നതും അദ്ദേഹത്തിന്റെ തിരുമുടിയും മീശയും രക്തംനനഞ്ഞു് ജടയായിരിക്കുന്നതും ഞാൻ കണ്ടു.

## 7-ാം നിരത്തു്.

### കർത്താവു് രണ്ടാമതു് ശിഷ്യന്മാരുടെ പക്കൽ പോയതു്.

ഈ ഒടുവിൽ വിവരിച്ച കാഴ്ചയുടെ ശേഷം, അദ്ദേഹം വേഗം ഗുഹയിൽ പുറത്തിറങ്ങി, വെയ്ക്കുന്ന കാലടികൾ എല്ലാം വേച്ചും വിറച്ചുംകൊണ്ടു്, മൂന്നു ശിഷ്യരുടെപക്കൽ വന്നപ്പോൾ അവർ മുൻപോലെ, മുട്ടിന്മേൽ ഇരുന്നു് കുമ്പിട്ടു്കിടന്നു് ഉറങ്ങിയിരുന്നു. ഈശോ ഇങ്ങനെ വിറച്ചുകൊണ്ടും, വ്യസനങ്ങളുടെ പുറപ്പെടുവിച്ചുകൊണ്ടും, അവരുടെ പക്കൽ വന്നപ്പോൾ, അവർ ഉണർന്നു് എഴുന്നേററു്, സ്നേഹത്തോടെ അവരുടെ കരങ്ങളിൽ അദ്ദേഹത്തെ താങ്ങിപ്പിടിച്ചു. അപ്പോൾ അദ്ദേഹം അവരോടു്, പിറേറ ദിവസം താൻ മരണത്തിനു് വിധിക്കപ്പെടുമെന്നും, ഒരു മണിക്കൂറിനകം താൻ ശത്രുക്കളാൽ പിടിക്കപ്പെട്ടു്, ന്യായാസനത്തിൻമുമ്പാകെ കൊണ്ടുപോകപ്പെടുകയും, അവിടെ തന്നെ അവർ അപമാനിക്കയും, കയ്യേററം ചെയ്യുകയും, അടിക്കയും, കടശി ക്രൂരമായി തന്നെ കൊല്ലുകയും ചെയ്യുമെന്നും മഹാ ദുഃഖത്തോടും ദയനീയസ്വരത്തിലും അരുളിച്ചെയ്തു.

പിന്നീടു് തന്റെ അമ്മയേയും മഗ്ദലേനാമറിയത്തേയും ആശ്വസിപ്പിക്കണമെന്നു് അദ്ദേഹം അവരെ പറഞ്ഞേല്പിച്ചതിനു് എന്തുത്തരിക്കണമെന്നറിയാതെ, അവർ ഒന്നും മിണ്ടാതെ അന്ധാളിച്ചുനിന്നു. എന്തെന്നാൽ അദ്ദേഹത്തിന്റെ ആ പ്രലാപവാക്കു

കരം കേരക്കയും, ദുഃഖഭാവം കാണുകയും ചെയ്കയാൽ അത്ര അധികം അവർ കലങ്ങിപ്പോയിരുന്നു. തനിക്കു നടപ്പാനശേഷം ശക്തിയില്ലെന്നും ഗൃഹയിലേക്കു് തന്നെ കൊണ്ടുപോകണമെന്നും അവരോടു് പറഞ്ഞപ്പോരം, യോഹന്നാനും യാക്കോവും അദ്ദേഹത്തെ താങ്ങി കൊണ്ടുപോയി, ഗൃഹയിലാക്കിയപ്പോരം ഉദ്ദേശം പതിനൊന്നേകാൽ മണി ആയിരുന്നു. ന. കർത്താവിൻെറ ഈ ഭയങ്കരപ്രമാദസമയത്തു് പ. കന്യകയും, മർക്കോസിൻെറ അമ്മയായ മറിയത്തിൻെറ വീട്ടിൽവെച്ചു് ആത്മികദുഃഖാധിക്യത്താലും, വ്യസനത്താലും മയങ്ങി തളൎന്നുപോയിരുന്നു. അവരം ഈ മറിയത്തോടും മഗ്ദലേനായോടുംകൂടെ തോട്ടത്തിൽ ഇരുന്നു്, ദുഃഖിച്ചു് കരയുകയും, മുട്ടുകുത്തി സാഷ്ടാംഗംവീണു് പ്രലപിക്കയും ചെയ്തിരുന്നു. ഇതു കൂടാതെ കർത്താവിൻെറ ഈ ഭയങ്കരപ്രമാദങ്ങരം അരൂപിയാൽ അവളും കണ്ടിരുന്നതിനാൽ അനേകപ്രാവശ്യം തളൎന്നു് മോഹാലസ്യപ്പെട്ടു് നിനവു വിട്ടുപോയിരുന്നു.

മാതാവു് കർത്താവിൻെറ കാൎയ്യം അന്വേഷിപ്പാനായി പലരേയും അയച്ചിട്ടുണ്ടായിരുന്നെങ്കിലും, സഹിപ്പാൻ പാടില്ലാത്ത വിമ്മിഷ്ടത്താൽ, അവർ തിരിച്ചുവരുവോളം താമസിച്ചിരിപ്പാൻ സാധിക്കാതെ, മഗ്ദലന, ശാലോം എന്നവരൊന്നിച്ചു് യോസപ്പാത്തു് താഴ്വരയോളം പോയി. എന്നാൽ മാതാവു് നടക്കുമ്പോരം കൺങ്ങരം പലപ്പോഴും സൈത്തുമലയ്ക്കുനേരെ നീട്ടിപ്പിടിച്ചു്, രക്തത്തിൽ മുഴുകിക്കിടക്കുന്നതായി കണ്ടിരുന്ന തൻെറ പുത്രനെ തുടച്ചു് വെടിപ്പാക്കുവാൻ അത്യാശപ്പെട്ടിരുന്ന ഭാവം കാണിച്ചിരുന്നു. ഞാൻ മാതാവിൻെറ ആത്മത്തിൽ അവളുടെ സ്നേഹപുത്രൻെറ നേരെയുള്ള ഈ ഹൃദയ ഇളക്കങ്ങരം കണ്ടതു കൂടാതെ, കർത്താവും ഈ സമയം ആ അമ്മയെ നിരൂപിച്ചു് തൻെറ ഈ ഭയങ്കരപ്രമാദത്തിൽ അവളുടെ സഹായത്തിനെന്ന പോലെ, അവരം വന്നിരുന്ന ഭാഗത്തോട്ടു് തിരിഞ്ഞുനോക്കുന്നതും കണ്ടു. എന്നുതന്നെയുമല്ല, കർത്താവിൻെറയും മാതാവിൻെറയും ഇടയിൽ അങ്ങോട്ടുമിങ്ങോട്ടും വീശിയിരുന്ന പ്രകാശക്കതിർ മൂലം അവർ തമ്മിലുണ്ടായിരുന്ന അരൂപിയാലുള്ള സംസൎഗ്ഗവും എനിക്കു മനസ്സിലായി.

മഗ്ദലേനയ്ക്കു തന്നെക്കുറിച്ചുള്ള മഹാ ദുഃഖവും സ്നേഹവും കൂടെ കർത്താവു നിരൂപിച്ചു്, അവളെ ആശ്വസിപ്പിക്കണമെന്നു ശിഷ്യരെ പറഞ്ഞേല്പിച്ചു. എന്തെന്നാൽ മാതാവു ഒഴികെ മററ

ല്ലാവരേക്കാരം അധികം തന്നെ അവരം സ്നേഹിക്കുന്നുയെന്നും, തന്നെപ്രതി അവരം വളരെ പാടുകരം സഹിക്കുമെന്നും, ഇനി ഒരിക്കലും തന്നെ അവരം ഉപേക്ഷിക്കയില്ലെന്നും അദ്ദേഹം അറിഞ്ഞിരുന്നു. ഈ സമയം മററ എട്ടു ശിഷ്യർ ഗദസേമ്മനിൽ വന്നു്, കുറെനേരം സംഭാഷിച്ചിരുന്നശേഷം, പരീക്ഷയിൽ അകപ്പെട്ടു്, "അദ്ദേഹത്തെ ശത്രുക്കരം കൊല്ലുമ്പോരം നാം എന്തു ചെയ്യും? അദ്ദേഹത്തെ അനുഗമിക്കുന്നതിനായി സകലവും നാം ഉപേക്ഷിച്ചു്, നാം അഗതികളായല്ലൊ; അദ്ദേഹം നമ്മെ സഹായിപ്പാൻ അശക്തനായ പ്രകാരത്തിൽ ദുഃഖിതനും പീഡിതനുമായിതീർന്നിരിക്കുന്നല്ലൊ" എന്നു അന്യോന്യം പറഞ്ഞു പ്രലപിച്ചിരുന്നു.

മററശിഷ്യർ ആദ്യം പലവഴിക്കും ചുററിത്തിരിയുമ്പോരം കത്താവിൻെറ പാടുകരം സംബന്ധിച്ചു് ചില സംഗതികരം കേരംക്കയാൽ വ്യസനിച്ചു്, എല്ലാവരും വെസ്പാഗയിലേക്കു പോയി. ഈശോ പിന്നെയും ഗുഹയിൽവെച്ചു് നമസ്കരിക്കയും, മനുഷ്യസ്വഭാവത്തിനു് പ്രകൃത്യാ പാടുകളോടുള്ള മറുതലയോടു് എതൃത്തു് പോരാടുകയും, നിത്യപിതാവിൻെറ തിരുച്ചിത്തത്തിനു് തന്നെത്തന്നെ മുഴുവനും കയ്യാളിക്കുകയും ചെയ്യുന്നതു് ഞാൻ കണ്ടു.

## 8-ാം നിരത്തു്.

### പരിശുദ്ധരുടെ ആശ്വാസപ്രദകാഴ്ച.

ഈ സമയം കത്താവിൻെറ തിരുസന്നിധിയിൽ പാതാളം തുറക്കപ്പെട്ടു. അതിൽ ആദ്യം അബ്രാഹത്തിൻെറ മടിയിൽ വസിച്ചിരുന്ന ആദം, ഹാവാ മുതലായ ബാവാന്മാർ, ദീഘ്ദശികരം, നീതിമാന്മാർ, മാർ യൌസേപ്പു്, തൻെറ മാതാവിൻെറ കാരണവന്മാർ, സ്നാപകയോഹന്നാൻ മുതലായവർ അത്യാശയോടെ തൻെറ വരവു് പാൎത്തിരിക്കുന്നതു് അദ്ദേഹം കണ്ടു. ഈ കാഴ്ചയാൽ തൻെറ സ്നേഹംനിറഞ്ഞ ഹൃദയത്തിൽ ഒരു പുതിയ ധൈര്യം ഉത്ഭവിച്ചു്, കുറച്ചു ബലം പ്രയോഗിച്ചുകൊണ്ടു്, തൻെറ തിരുമരണത്താൽ ഈ പരിശുദ്ധ തടവുകാൎക്കു് സ്വൎഗ്ഗവാതിൽ തുറക്കണമെന്നുള്ള ഹൃദയവികാരങ്ങളോടെ ആ പൂൎവ്വദശയിലെ പരിശുദ്ധരെ കണ്ടുകൊണ്ടിരുന്നു. അപ്പോരം മാലാഖാമാർ വന്നു്, തങ്ങളുടെ പ്രയത്നങ്ങരം കത്താവിൻെറ പീഡകളുടെ

യോഗ്യതയോടു ഒന്നിപ്പിച്ചു് അദ്ദേഹത്തിൻെറ മോക്ഷപിതാവി നോടു് ഏകമായി ഒന്നിപ്പാനിരിക്കുന്ന പുതിയ കാലത്തിലെ പരിശുദ്ധരുടെ മഹാ സൈന്യത്തെ അദ്ദേഹത്തിൻെറ തിരുസ ന്നിധിയിൽ കാണിച്ചു.

ഈ എത്രയും മനോഹരവും ആശ്വാസപ്രദവുമായ കാഴ്ച യിൽ തൻെറ തിരുമരണത്താൽ തുറപ്പാനിരിക്കുന്ന രക്ഷണീയ മെന്ന ഉറവയിൽനിന്നു് രക്ഷയും ശുദ്ധീകരണവും എന്ന പുഴ കൾ കവിഞ്ഞൊഴുകുന്നതു് അദ്ദേഹം കണ്ടു. ശ്ലീഹന്മാർ, ശിഷ്യ ന്മാർ, കന്യകകൾ, പരിശുദ്ധ സ്ത്രീകൾ, വേദസാക്ഷികൾ, പാപ്പാമാർ, മെത്രാന്മാർ, ഗുരുക്കൾ, ആദിയായവരും, ഇരുവർഗ്ഗ ത്തിലുള്ള ഒരു മഹാ സന്യാസസംഘവും എന്ന ആ മഹാ സൈ ന്യം മുഴുവനും തങ്ങളുടെ ശിരസ്സുകളിൽ ജയകിരീടങ്ങൾ ധരിച്ചു കൊണ്ടു്, അദ്ദേഹത്തിൻെറ തിരുസന്നിധിയിൽ കാണപ്പെട്ടു. ഈ കിരീടങ്ങൾ അവരവരുടെ മോക്ഷാനന്ദത്തിനു കാരണങ്ങ ളായ പലതരം യത്നങ്ങൾക്കും, പാടുകൾക്കും, ജയങ്ങൾക്കും ഒത്തവണ്ണം, പലവർണ്ണങ്ങളും, പലതരം സുഗന്ധങ്ങളും പല ആകൃ തികളും, ഉള്ള പുഷ്പങ്ങളാൽ അലംകൃതങ്ങളായിരുന്നു.

അവരുടെ ആയുസ്സുമുഴുവനും, പ്രവൃത്തികൾ സകലവും, യോഗ്യതകളും, സ്തുതിയും, ബലവും, മോക്ഷമഹിമയും സകല വും, മുഴുവനായിട്ടു കർത്താവിൻെറ അളവററ യോഗ്യതയോടുള്ള ഒന്നിപ്പുകൊണ്ടു മാത്രം ഉളവായതായിരുന്നു. ഈ പരിശുദ്ധർ എല്ലാവരും അന്യോന്യം പ്രാപിച്ചിരുന്ന സഹായങ്ങളും, കർത്താ വിൻെറ പാടുകൾ, ദിവ്യകാരുണ്യം എന്ന ഉറവകളിൽനിന്നുമാ ത്രം ഒരുമിച്ചു പാനം ചെയ്തിരുന്ന പ്രകാരവും കാണുന്നതു നിശ്ച യമായിട്ടു് എത്രയും മനോഹരമായതും ഹൃദയമിളക്കുന്നതുമായ സംഗതിയായിരുന്നു. ഇവരുടെ യത്നങ്ങൾ, വേദസാക്ഷിത്വ ങ്ങൾ, ജയവിരുതുകൾ, കാഴ്ചകൾ, വസ്ത്രങ്ങൾ ആദിയായവ യിൽ ആഴമായ സാരാർത്ഥങ്ങൾ നിറഞ്ഞിരുന്നു. അതുകൾ അവർണ്ണനീയവിധത്തിൽ വ്യത്യാസതരങ്ങളായിരുന്നു. എങ്കിലും ആശ്ചര്യകരച്ചേർച്ചയും അനുയോജ്യതയും ഉള്ളവയായിരുന്നതുകൂടാ തെ, മനുഷ്യൻെറ ആയുസ്സും, ഇരുൾ അടയാത്ത പ്രകാശവും ആയ ദൈവകുമാരൻെറ പീഡകൾ എന്ന ആ ഏകസൂര്യൻെറ കാന്തിയുള്ള കതിരുകളാൽ മാത്രം പ്രകാശിപ്പിക്കപ്പെട്ടുമിരുന്നു.

ഒടുവിൽ ഇരുനിയമങ്ങളിലേയും പരിശുദ്ധരുടെ ആ ഇരു

സേനകൾ പരസ്പരം യോജിച്ചു്, അദ്ദേഹത്തിൻെറ സ്നേഹംനിറഞ്ഞ ഹൃദയത്തെ ചുററുന്ന ഒരു ജയകിരീടമായി ചമയുകയും, അതി മനോഹരവും ആശ്വാസപ്രദവുമായ ഈ കാഴ്ചയാൽ നമ്മുടെ കത്താവു് ഒരുവിധ ആത്മശക്തി പ്രാപിക്കയും ചെയ്തു. ഹാ!! മനുഷ്യരിൽ ഒരു ഏക ആത്മാവിൻെറ രക്ഷയ്ക്കായിട്ടു മാത്രം ഈ മഹാ പാടുപീഡകളൊക്കയും സന്തോഷത്തോടെ അനുഭവിപ്പാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നു; മനുഷ്യരുടെനേരെയുള്ള അദ്ദേഹത്തിൻെറ സ്നേഹം അത്രവലിയതും അളവററതുമായിരുന്നു. എന്നാൽ അതിൻെറശേഷം ഈ ആശ്വാസകര കാഴ്ചകൾ മറയുകയും മാലാഖാമാർ അദ്ദേഹത്തിൻെറ പാടുകളുടെ സാദൃശ്യങ്ങളായ കാഴ്ചകൾ അദ്ദേഹത്തെ കാണിക്കയും അവയെല്ലാം ഒരൊററപ്പടത്തിലെന്നപോലെ തിരിച്ചുതിരിച്ചു് അദ്ദേഹം കണ്ടുഗ്രഹിക്കയും ചെയ്തു.

യൂദാായുടെ ആ വഞ്ചകപാതകംമുതൽ, കുരിശിന്മേൽവെച്ചുള്ള കത്താവിൻെറ ആ ഒടുക്കത്തെ വചനംവരെ ഉള്ളവയെല്ലാം തെളിവായി അടങ്ങിയ ഈ ഒരു ഏക കാഴ്ചയിൽ, കഷ്ടാനുഭവമെന്ന ഈ ധ്യാനത്തിൽ പറഞ്ഞിരിക്കുന്നതു് സകലവും ഞാൻ കണ്ടു. യൂദാസിൻെറ ഗുരുദ്രോഹം, ശിഷ്യരുടെ ഓടിയൊളിപ്പു്, ഹന്നാൻ, കയ്യാപ്പാ എന്നവരുടെ മുമ്പിൽവെച്ചുള്ള നിന്ദാപമാനങ്ങൾ, പത്രോസിൻെറ ഉപേക്ഷ, പീലാത്തോസിൻെറ ന്യായാസനം, ഹേറോദേസിൻെറ പരിഹാസം, ചമ്മട്ടിഅടികൾ, മുൾമുടി, മരണ്ത്തീപ്പു്, കുരിശുചുമക്കൽ, വെറോനിക്കായുടെ തുവാല, കുരിശിന്മേൽ പതിക്കൽ, പ്രീശന്മാരുടെ ആക്ഷേപം, മാതാവു്, യോഹന്നാൻ മുതലായവരുടെ പ്രലാപങ്ങൾ, വിലാവിലെ മുറിവു്, മുതലായവയും സൂക്ഷമായി അദ്ദേഹത്തിനു് കാണിക്കപ്പെട്ടു. അദ്ദേഹം മനുഷ്യരുടെനേരെയുള്ള സ്നേഹംനിമിത്തം സകലത്തിനും നൽമനസ്സോടെ കീഴ്പ്പെട്ടുകൊണ്ടു് കയ്യേൽക്കയും ചെയ്തു.

ഈ ഭയങ്കരപീഡകളുടെ കാഴ്ചയുടെ അവസാനത്തിൽ മാലാഖാമാർ പിരിഞ്ഞുപോയശേഷം, ന. കത്താവു് മരണപ്രമാദത്തോടെ നിലത്തുവീന്നപ്പോൾ അദ്ദേഹത്തിൻെറ വസ്ത്രം മുഴവൻ നനയത്തക്കവണ്ണം രക്തം വിയത്തു ഞാൻ കണ്ടു. അതിൻെറ ശേഷം ഒരു പ്രധാന മാലാഖാ മുൻ ഞാൻ കണ്ടിട്ടുള്ളവരെക്കാൾ ഉയരത്തിലും, ഒരൊത്ത മനുഷ്യാകൃതിയിലും, ഗുരുക്കളെപ്പോലെ

നീണ്ട വസ്ത്രങ്ങൾ അണിഞ്ഞും ആകാശത്തിൽനിന്നിറങ്ങി, ഒരു കാസ കരങ്ങളിൽപിടിച്ച്, കർത്താവിന്റെ അരികെ ചെന്നു നിലം തൊടാതെ നിന്നുകൊണ്ട് അദ്ദേഹത്തിനു അതു നീട്ടിക്കാണിച്ചു. അദ്ദേഹം എഴുന്നേററു പിതാവു നിയമിച്ച പാട്ടുകളുടെ കാസ പൂർണ്ണമനസ്സോടെ കയ്യേല്ക്കുന്ന സാദൃശ്യത്തിൽ, അതു വാങ്ങി പാനംചെയ്ത ഉടനെ മാലാഖാ മറഞ്ഞുപോയി. അപ്പോൾ



അദ്ദേഹം സ്വഭാവത്തിനു മേല്പെട്ട ആശ്വാസത്താൽ പുതിയ ബലം പ്രാപിച്ചു. കാലുകൾ വേച്ചാതെ ശിഷ്യരുടെ പക്കൽ പോകുന്നതിനു പ്രാപ്തനായി.

പിന്നീട് തന്റെ തിരുമുഖം തുടച്ചു വെടിപ്പാക്കുകയും രക്തം നനഞ്ഞ മുടി ക്രമപ്പെടുത്തുകയും ചെയ്തുകൊണ്ട് ശിഷ്യരുടെ പക്കലേക്കു വന്നപ്പോൾ, അവർ തല മൂടി ചാരിയിരുന്നുറങ്ങിയിരുന്നു. അദ്ദേഹമവരോടു "ഇപ്പോൾ ഉറങ്ങേണ്ടും സമയമല്ല, ഉണൎന്നിരുന്നു പ്രാൎത്ഥിക്കേണ്ടതാകുന്നു" എന്നും, "ഇതാ സമയമായി, ഇതാ മനുഷ്യകുമാരൻ പാപികളുടെ കരങ്ങളിൽ ഏല്പിക്കപ്പെടുന്നു; നിങ്ങൾ എഴുന്നേല്പിൻ, നാം പോക, എന്നെ ഒററിക്കൊടുക്കുന്നവൻ ഇതാ സമീപമായി. ആ മനുഷ്യൻ പിറക്കാതെയിരുന്നെങ്കിൽ അവനു അധികം നന്നായിരുന്നു" എന്നും അരു

ളിച്ചെയ്യവെ ശ്ലീഹന്മാർ ഏഴുന്നേററു് പരിഭ്രമത്തോടെ ചുററും നോക്കിയിരുന്നു.

അവരുടെ മയക്കം അല്പം തെളിഞ്ഞപ്പോൾ, പത്രോസു്, "കർത്താവേ! ഞങ്ങൾ നിന്നെ ആദരിക്കുന്നതിനായി മററുള്ളവരേയും വിളിക്കട്ടെ?" എന്നു പറഞ്ഞപ്പോൾ, കർത്താവു കുറച്ചുദൂരത്തിൽ കെദ്രോൻ തോട്ടിനരികെ ഒരു താഴ്വരയിൽക്കൂടി ആയുധപാണികളായ ഒരു സേവകഗണം തീവെട്ടികളോടുകൂടെ വരുന്നതു് ചൂണ്ടിക്കാണിച്ചുകൊണ്ടു്, "നിങ്ങളിലൊരുത്തൻ എന്നെ ഒററിക്കൊടുത്തിരിക്കുന്നു" എന്നു അവരോടു് അരുളിച്ചെയ്തു. പിന്നീടു് അദ്ദേഹം സമാധാനഭാവത്തിൽ അവരോടു സംസാരിക്കയും, തന്റെ അമ്മയെ ആശ്വസിപ്പിക്കണമെന്നു പറഞ്ഞു് അവരെ ഏല്പിക്കയും ചെയ്തുകൊണ്ടു്, "നാം അവർക്കെതിരെ ചെല്ലാം. ഞാൻ എന്റെ മനസ്സാലെതന്നെ ശത്രുക്കൾക്കു് എന്നെ ഏല്പിച്ചുകൊടുക്കും" എന്നരുളിച്ചെയ്തു. പിന്നീടു അദ്ദേഹം തന്റെ മൂന്നു ശിഷ്യരോടൊന്നിച്ചു ഗദസെമ്മനിലേക്കുള്ള വഴിയിൽക്കൂടി സേവകർക്കെതിരെ ചെന്നു.

ചില ശിഷ്യർവന്നു് മഗ്ദലേന, ശാലോം, എന്നവരുടെ കരങ്ങളിൽ നിനവുവിട്ടു മയങ്ങിക്കിടന്നിരുന്ന ദൈവജനനിയെ, ആ മയക്കം തെളിഞ്ഞപ്പോൾ, സേവകർ വരുന്നതുകണ്ടു് ഭയപ്പെട്ടു് മർക്കോസിന്റെ അമ്മയായ മറിയത്തിന്റെ വീട്ടിലേക്കു് കൊണ്ടുപോയാക്കി. കർത്താവപ്പോൾ നമസ്കരിച്ച ആ ഗുഹ മുൻപലപ്പോഴും അദ്ദേഹം നമസ്കരിച്ചിരുന്നതല്ല; അദ്ദേഹം സാധാരണ ഈ തോട്ടത്തിൽ കുറച്ചു് ദൂരെയുള്ള ഒരു കുടിലിൽ ആണു് പോയി നമസ്കരിച്ചിരുന്നതു്. ഒരു ദിവസം ആ ഫലമററ അത്തിമരത്തെ ശപിച്ചശേഷം ഇതിൽവന്നു് കരങ്ങൾ വിരിച്ചു്, ഒരു പാറമേൽ ചാരിയിരുന്നു മഹാ വ്യസനത്തോടെ നമസ്കരിച്ചപ്പോൾ, അതിന്മേൽ അദ്ദേഹത്തിന്റെ ദേഹാകൃതി പതിഞ്ഞു. * പിൻകാലങ്ങളിൽ അതു് വന്ദിക്കപ്പെട്ടിരുന്നെങ്കിലും, അതു് എന്നു സംഭവിച്ചതാണെന്നു് നിശ്ചയമില്ലായിരുന്നു.

---

* പല കല്ലുകളിന്മേലും ദീർഘദർശികൾ, കർത്താവു്, മാതാവു്, ശ്ലീഹന്മാർ മുതലായവരുടേയും, സീനമലയിൽ ഒരു കല്ലിന്മേൽ കത്രീനാപുണ്യവതിയുടേയും രൂപം പതിഞ്ഞിരിക്കുന്നതു് ഞാൻ കണ്ടിട്ടുണ്ടു്. എന്നാൽ അവ നന്നാ ആഴമായി പതിഞ്ഞിട്ടില്ല.

# 2—ാം അദ്ധ്യായം

## യൂദായും അവൻെറ കൂട്ടരും.

യൂദാ അവൻെറ ഈ ഗുരുദ്രോഹപാതകം ഇത്ര നാശകരമായ ഒരു ഫലം വരുത്തുമെന്നു് കരുതിയില്ല; പിന്നെയൊ അതിനാൽ പ്രീശന്മാരെ ഇഷ്ടപ്പെടുത്തണമെന്നും, അവർ വാഗ്ദാനം ചെയ്തിരിക്കുന്ന നീചസമ്മാനം പ്രാപിക്കണമെന്നും മാത്രമേ അവൻ ആഗ്രഹിച്ചിരുന്നുള്ളു. അദ്ദേഹത്തിൻെറ ശത്രുക്കൾ അവൻെറ ഈ പാതകംമൂലം അദ്ദേഹത്തെ ന്യായാസനസ്ഥലത്തു വരുത്തി, വിധിച്ചു് കുരിശിന്മേൽ പതിക്കുമെന്നു് അവൻ കരുതിയില്ലെങ്കിലും അവൻെറ ഹൃദയത്തിൽ ലാഭത്തിന്മേലുള്ള അത്യാശ നിറഞ്ഞിരുന്നു. കൂടാതെ അവന്നു് ഇഷ്ടമുള്ള കൌശലക്കാരായ ചില പ്രീശരും സദ്ദുക്കായരും അവനെ പുകഴ്ത്തിപ്പറഞ്ഞുകൊണ്ടു്, ഈ പാതകം നിറവേററുന്നതിന്നു് അവനെ ഉത്സാഹിപ്പിച്ചിരുന്നു. മാത്രമല്ല, ശ്ലീഹന്മാർ കഴിച്ചിരുന്ന ഞെരുങ്ങിയതും, സഞ്ചാരപരവുമായ ജീവിതത്തിൽ അവന്നു് അരോചകവും വെറുപ്പും തോന്നിയിരുന്നതുകൂടാതെ, പല നാളായിട്ടു് അവനെ ഏല്പിച്ചിരുന്ന ധർമ്മശേഖരത്തിൽനിന്നു് കുറേശ്ശെ മോഷ്ടിക്കയും ചെയ്തിരുന്നു.

അവൻെറ ഈ ലുബ്ധു് മുഖാന്തരം, മഗ്ദലേന കർത്താവിൻെറ തിരുപ്പാദങ്ങളെ വിലയേറിയ തൈലംകൊണ്ടു് അഭിഷേചിച്ചതിനാലുള്ള പണച്ചെലവിന്മേൽ അവന്നു് ഉഗ്രക്രോധം ജനിച്ചതു നിമിത്തമാണു് സകലത്തിലും വലിയ പാതകമായ ഈ ഗുരുദ്രോഹം നിറവേററുന്നതിന്നുറച്ചതു്. ഇതുകൂടാതെ കർത്താവു് ഒരു ലൌകിക ജീവിതം സ്ഥാപിക്കുമെന്നും, വളരെ പണം ലഭിക്കാവുന്ന ഒരു സ്ഥാനം അവന്നു് കിട്ടുമെന്നും ഉന്നിക്കൊണ്ടിരുന്നതു്, ഇപ്പോൾ തെററി എന്നു് കാണുകയാൽ തനിക്കുതന്നെ സൌഭാഗ്യം സമ്പാദിക്കുന്നതിന്നു് ശ്രദ്ധിച്ചിരുന്നു. കർത്താവിന്നും അദ്ദേഹത്തിൻെറ അനുഗാമികൾക്കും ഞെരുക്കങ്ങളും ശത്രുക്കളും അധികരിക്കയും, അന്നത്തെ ശ്രേഷ്ഠാചാര്യൻെറയും, ആ കച്ചേരിയിൽ ചെന്നവരുടേയും, അധികാരങ്ങളും ബഹുമതികളും ബഹുകാര്യമായി അവന്നു് തോന്നുകയും ചെയ്കയാൽ, അപകടം വരും മുമ്പുതന്നെ ഇവരോടു് സ്നേഹംപിടിപ്പാൻ ശ്രമിച്ചു. മാത്രമല്ല,

ഏതുപ്രകാരമെങ്കിലും എത്രയും നിമിഷത്തിൽ വല്ല സംഗതിവശാൽ ഈശോയുടെ ഈ നടപ്പു് തങ്ങൾ നിറുത്തും എന്നു് പ്രീശർ തീർച്ചയായി അവനോടു് പറഞ്ഞതിനാൽ, യൂദാ അവന്റെ ദുഷ്ടഉടമ്പടി തീരുമാനിക്കുന്നതിന്നു് ബദ്ധപ്പെട്ടിരുന്നു. എങ്കിലും അവർ തല്ക്കാലം ഒന്നും പ്രവർത്തിപ്പാൻ മനസ്സില്ലാതെ, തിരുനാൾക്കുമുമ്പു് സ്വയം ചോരെന്നും ജനങ്ങളിൽ കലഹത്തിന്നു് ഇടവരുന്നേക്കും എന്നും പറഞ്ഞിരുന്നു.

എന്നാൽ സന്നെഹെദ്രീൻ* എന്ന സംഘവും അതിൽ പ്രത്യേകിച്ചു് അന്നാസും കയ്യാപ്പായും മാത്രമേ അവന്റെ ഉടമ്പടികൾ അല്പ ശ്രദ്ധയോടെ കേട്ടിരുന്നുള്ളുവെങ്കിലും കയ്യാപ്പാ മഹാ നിഗളത്തോടും ഡംഭോടുംകൂടെ അവനോടു് സംസാരിച്ചുകൊണ്ടു്, ഒടുവിൽ ഒന്നും തീർമ്മാനിക്കാതെ, യൂദായെ വിശ്വസിക്കാത്തപോലെ, ഇതൊന്നും നടക്കുന്നതല്ലെന്നു നിന്ദ്യമായി പറഞ്ഞു. ഈ സമയം നരകം അതിനോടുതന്നെ വിരോധമായി ഭിന്നിച്ചു്, പിശാചു്, കർത്താവിനെ പാടുപെടുത്തുന്ന യൂദന്മാരുടെ ആ പാപത്തെയും അവൻ എത്രയും വെറുക്കുന്ന ദിവ്യബോധകനും ആത്മാക്കളുടെ മാനസാന്തര കാരണവുമായ കർത്താവിന്റെ മരണത്തെയും ആഗ്രഹിക്കുന്നതിനോടെതന്നെ, കറയററ ബലിയായ ഈശോയുടെ മരണത്തെ അത്യന്തം ഭയപ്പെടുകയും ചെയ്തിരുന്നു. ആകയാൽ ഒരുവശത്തു് കർത്താവിന്റെ ശത്രുക്കളെ അദ്ദേഹത്തിന്റെ നേരെയുള്ള കോപത്താൽ എരിയിക്കയും, മറുവശത്തു് യൂദാ നീചസ്വഭാവിയും ദുഷ്ടനുമാകുന്നുവെന്നും തിരുനാൾക്കുമുമ്പു് വിധി ഉച്ചരിക്കയില്ലെന്നും ചിലക്കു തോന്നിച്ചു്, കാര്യം താമസിപ്പിക്കയും ചെയ്തിരുന്നു.

"ഞങ്ങൾക്കു് അവനെ പിടിപ്പാൻ സാധിക്കുമൊ? അവനോടുകൂടെ ആയുധപാണികളില്ലേ?" എന്നും മററും യൂദായോടു് അവർ ചോദിച്ചതിന്നു് ആ ദുഷ്ട ഗുരുദ്രോഹി "ഇല്ല അദ്ദേഹവും ആ പതിനൊന്നു ശിഷ്യരും മാത്രമെയുള്ളു. എന്നുതന്നെയുമല്ല അദ്ദേഹം നന്നാ ബലഹീനനും, ശിഷ്യർ മഹാ ഭീരുക്കളുമാണു്. മാത്രമല്ല ഇപ്പോൾ അല്ലെങ്കിൽ ഇനി ഒരിക്കലും അദ്ദേഹത്തെ പിടിപ്പാൻ കഴികയില്ല എന്തെന്നാൽ കുറെ നാളായിട്ടു് ശിഷ്യരും, കർത്താവുതന്നെയും എന്റെ നേരെ നന്നാ സംശയിക്കുന്നു. ഇനി എന്നെ കണ്ടാൽ അവർ എന്നെ കൊല്ലും. അതിനാൽ ഇനി അവ

* ശ്രേഷ്ഠാചാര്യന്റെ ആലോചനാസംഘം.

രുടെ പക്കൽ ചെല്ലുവാൻ ഞാൻ കരുതുന്നില്ല. ആകയാൽ അദ്ദേഹത്തെ കാട്ടിത്തരുവാനും സാധിക്കയില്ല. ഉടനെതന്നെ നിങ്ങടം കൎത്താവിനെ പിടിക്കാഞ്ഞാൽ അദ്ദേഹം നിങ്ങളുടെ കയ്യിൽനിന്നു തെററിപ്പോയി, അദ്ദേഹം രാജാവാണെന്നു് പ്രസിദ്ധീകരിച്ചുകൊണ്ടു് അദ്ദേഹത്തിൻെറ ഭാഗക്കാരൊന്നിച്ചു് നിങ്ങടംക്കെതിരായി വരുമെന്നും" പറഞ്ഞു.

യൂദായുടെ ഈ ഭീഷണിവാക്കുകടം മുഖാന്തരം അവർ ഒരു വിധം ഇളകി, അവൻെറ ഉടമ്പടി സ്ഥിരപ്പെടുത്തിക്കൊണ്ടു് ആ ഗുരുദ്രോഹപാതകത്തിൻെറ വിലയായ മുപ്പതു് വെള്ളിനാണയം അവനു കൊടുക്കയും ചെയ്തു. നീളഭാഷയിലുള്ള ഈ വെള്ളിനാണയങ്ങളിന്മേൽ ഒരു മുദ്ര പതിച്ചിരുന്നതുകൂടാതെ അതിൻെറ രണ്ടററത്തുമുള്ള ദ്വാരങ്ങളിൽ കണ്ണികടം കോൎത്തു തമ്മിൽ യോജിപ്പിച്ചു് ഒരു ചങ്ങലപോലെ ആയിരുന്നു. എന്നാൽ യൂദായുടെ നിഗളം നിമിത്തം കൎത്താവിനെ ഒററിക്കൊടുക്കുന്നതിനുള്ള അവൻെറ കരുതൽ നീതിയുള്ളതെന്നും, ലാഭം മോഹിച്ചിട്ടല്ലായെന്നും, അവരെ ബോദ്ധ്യംവരുത്തുന്നതിനായി ആ ദ്രവ്യം ദേവാലയത്തിനു ദാനമായി തിരികെ കൊടുപ്പാൻ മനസ്സു കാണിച്ചു. അവരൊ യെന്നാൽ രക്തവിലയായ ദ്രവ്യം ദേവാലയദാനമാക്കാവുന്നതല്ലെന്നു പറഞ്ഞു് തള്ളിക്കളകയാൽ അവനെ അവർ എത്ര നിന്ദിക്കുന്നുവെന്നും, അവൻെറ മൂൎക്കത കേവലം കടന്നതായിപ്പോയിയെന്നും നല്ലവണ്ണം അവനു് മനസ്സിലായി. അവൻെറ ഈ പാതകത്തിൻെറ ഭൃഷ്ഫലങ്ങടം അതു നിറവേറം മുമ്പുതന്നെ അവനു് കിട്ടുവാനിടയാകുമെന്നു് അശേഷം അവൻ കരുതിയില്ല.

യൂദായ്ക്കു് അവരെ വിട്ടുപിരിവാൻ സാധിക്കാത്ത വിധത്തിൽ അവരോടു് അവൻ നന്നാ അടുത്തു് പെരുമാറുകയാൽ, അവനു കാവൽവെച്ചു്, ഈശോ അവരുടെ കൈവശത്തിലാകുംവരെ, അവനെ വിടാതെ സൂക്ഷിച്ചിരുന്നു. യൂദാ സകലവും തീച്ചപ്പെടുത്തിയുംകൊണ്ടു്, പ്രീശന്മാരിൽ ഒരാളൊന്നിച്ചു് വിരുന്നുശാലയിലേക്കു ബദ്ധപ്പെട്ടുപോയി; എന്തെന്നാൽ ഈശോ അവിടെ ഉണ്ടായിരുന്നാൽ, വാതിലടച്ചുകൊണ്ടു്, മററവർക്കറിയിച്ചാൽ, പ്രയാസംകൂടാതെ അദ്ദേഹത്തെ പിടിക്കാമെന്നു് അവൻ കരുതിയിരുന്നു.

യൂദായുടെ പാതകവില അവൻ വാങ്ങുന്നതിനു അല്പംമുമ്പു്, ഒരു പ്രീശൻ പുറത്തിറങ്ങി, കൎത്താവിനെ മരണത്തിനു വിധിക്കുന്നപക്ഷം അദ്ദേഹത്തെ തറപ്പാനുള്ള കുരിശു തയ്യാറാക്കുന്നതി

നുവേണ്ടിയ മരം കൊണ്ടുവരുവാനായി, ഏഴു അടിമകളെ പറഞ്ഞയച്ചു. ആ മരം മുക്കാൽ നാഴിക ദൂരെ കോട്ടമതിലിനരികെ കിടന്നിരുന്ന, പ്ളിവക മരങ്ങളിൽനിന്നു അവർ എടുത്തു്, കയ്യാപ്പായുടെ കച്ചേരിക്കു പുറകിലുള്ള നടുമുററത്തു കൊണ്ടുവന്നിട്ടു. കുരിശിൻെറ പ്രധാനതണ്ടായ മരക്കഷണം യോസപ്പാത്തു താഴ്വരയിൽ കെദറോനെന്ന തോട്ടിനരികെ പൂണ്ടു് വളൎന്നുനിന്നിട്ടു്, കാലപ്പഴക്കത്തിൽ അതു് തോട്ടിനു വിലങ്ങെ വീഴുകയാൽ, കുറെനാറം ഒരു പാലമായി അതിനെ ഉപയോഗിച്ചിരുന്നു. എന്നാൽ നെഹമ്മിയ ദീൎഘദൎശി തിരുഅഗ്നിയും തിരുപ്പാത്രങ്ങളും ബേസെസ്ദാ എന്ന ജലാശയത്തിൽ മറച്ചുവെച്ചസമയം, ആ മരവും അതിൽ മുക്കിയിട്ടു. എന്നാൽ അതു് ഒരു കരയ്ക്കണഞ്ഞു കിടന്നിരുന്നു. കുരിശു് ഒരു അസാമാന്യവിധത്തിൽ അവർ പണിതുണ്ടാക്കിയതു കൎത്താവിൻെറ രാജത്വത്തെ നിന്ദിപ്പാനൊ യാദൃശ്ചികമായൊ എന്നു് അറിഞ്ഞില്ല. എന്തെന്നാൽ കുരിശു്, എഴുത്തുപലക ഒഴികെ, അഞ്ചു കഷണങ്ങളായിരുന്നു. അതായതു നെടിയ തണ്ടു്, ഇതിന്മേൽ തലവാചകം പൊക്കിവെക്കുന്നതിനായി ഏല്പിച്ച ഒരു കഷണം, വേൎതിരിച്ചുള്ള ഇരു കൈകറം, പാദതാങ്ങി, ഇങ്ങനെ 5-കഷണം. ഈ സ്ലീവായെ സംബന്ധിച്ചു് അനേക സംഗതികളും അവയുടെ സാഹചര്യങ്ങളും എനിക്കറിയിച്ചിട്ടുണ്ടായിരുന്നു.

യൂദാ മടങ്ങിവന്നു്, കൎത്താവു് വിരുന്നുശാലയിൽ ഇല്ലെന്നും, നിശ്ചയമായിട്ടു് സൈത്തുതോട്ടത്തിൽ അദ്ദേഹം പതിവായി നമസ്കരിക്കുന്ന ഒരു സ്ഥലത്തു് ഉണ്ടാകുമെന്നും പറഞ്ഞു. എന്നാൽ കൎത്താവിനോടുകൂടെയുള്ള ശിഷ്യർ, അധികം ആളുകളെ കണ്ടു് വല്ല കലഹവും ഉണ്ടാക്കാതിരിപ്പാനായി, കുറച്ചുപേരെ മാത്രം അവരോടുകൂടെ അയച്ചാൽ മതിയെന്നു് അവൻ അവരോടപേക്ഷിച്ചു. എന്നുതന്നെയുമല്ല, വേണ്ടിവന്നാൽ, സഹായിക്കുന്നതിനായി 300-പേരെ ചില സ്ഥലങ്ങളിൽ അതായതു്: പട്ടണത്തിൻെറ ഒരംശമായ ഓഫേൽ എന്ന ഗ്രാമത്തിലും, മീലൊ എന്ന താഴ്വരയിൽ അന്നാസിൻെറ വീടുവരേയും, സെഹിയോൻ മലമുകളിലുമായി നിറുത്തേണ്ടതാണു് എന്നു തീൎച്ചപ്പെടുത്തി. എന്തെന്നാൽ ഓഫേലിലെ ആ താണ ജനങ്ങറം എല്ലാം ഈശോയുടെ അതിതാല്പൎയ്യക്കാരാണെന്നും മററും, ആ ദ്രോഹി അവരോടു പറഞ്ഞു. പിന്നെയും ആ ദുഷ്ടപാതകൻ ഈശോ മുൻ പലപ്പോഴും ആൎക്കും ഗ്രാഹ്യമല്ലാത്ത വിധത്തിൽ മലമുകളിൽ ഒളിച്ചുകളക

യും, അദ്ദേഹത്തെ അന്വേഷിക്കുന്നവരിൽനിന്നു് പെട്ടെന്നു് മറഞ്ഞുപോകയും ചെയ്തിട്ടുള്ളതിനാൽ അദ്ദേഹം കൈവിട്ടുപോകാതിരിപ്പാനായി, നന്നാ സൂക്ഷിക്കയും ചങ്ങലകൊണ്ടു് അദ്ദേഹത്തെ ബന്ധിച്ചു്, അതിനെ അദ്ദേഹം തകർത്തുകളയാതിരിക്കുന്നതിനു്, വല്ല ക്ഷുദ്രപ്രയോഗംകൂടെ കരുതുകയും ചെയ്യണമെന്നും അവരെ പറഞ്ഞേല്പിച്ചു.

യൂദന്മാർ ഈ ഉപദേശങ്ങൾ എല്ലാം ഉൾനിന്ദയോടെ മാത്രം കേട്ടിരുന്നതിനാൽ, ഈശോയെ ഒരിക്കൽ തങ്ങളുടെ കയ്യിൽ കിട്ടിയാൽ, പിന്നീടു് കൈവിട്ടുപോകാതിരിപ്പാൻ നോക്കിക്കൊള്ളാം എന്നുമാത്രം ഉത്തരിച്ചു. പിന്നീടു് അവനോടുകൂടെ ചേരുവാനുള്ളവരെ ക്രമപ്പെടുത്തിത്തുടങ്ങി. അവൻ തന്റെ മുൻകൂട്ടി തോട്ടത്തിൽ കടന്നുചെന്നു്, ഒരു ശിഷ്യനൊ സ്നേഹിതനൊ യാത്രയിൽനിന്നു് പിന്തിരിയുമ്പോൾ ചെയ്യുന്നതുപോലെ, കർത്താവിനെ തഴുകി സ്വസ്തിചൊല്ലി മുത്തിയശേഷം മാത്രം, സേവകർ മുമ്പോട്ടു ഓടിവന്നു് തന്നെ പിടിച്ചാൽ മതിയെന്നു് അവൻ ആഗ്രഹിച്ചിരുന്നു. എന്തെന്നാൽ സേവകർ കടന്നുവരുമ്പോൾ, മററുശിഷ്യർ ഒന്നിച്ചു് യൂദായും ഓടിപ്പൊയ്ക്കളഞ്ഞാൽ, സേവകരെ അവൻ കൊണ്ടുവന്നതല്ലെന്നും, യാദൃച്ഛികമായി വന്നതാണെന്നും തോന്നിക്കുമെന്നും, കലഹമുണ്ടാകുമ്പോൾ ശിഷ്യർ ഓടിപ്പോകുകയും, കർത്താവു് മുൻപോലെ മറഞ്ഞുപൊയ്ക്കളകയും ചെയ്യുമെന്നും, അവൻ കരുതിയിരുന്നു.

ഇങ്ങനെ അവൻ മേല്പറഞ്ഞ ഉപായതന്ത്രങ്ങൾ വിചാരിച്ചുകൊണ്ടിരുന്നതല്ലാതെ, അവന്റെ ഈ പാതകത്തിന്മേൽ അല്പ മനസ്താപംപോലും അവനു് ഇല്ലായിരുന്നു. എന്തെന്നാൽ അവൻ പിശാചിനു് തന്നെ മുഴുവനായി കയ്യേല്പിച്ചിരുന്നു. എന്നാൽ അവൻ പറയുന്നതു് സകലവും നിറവേററുന്നതിനു് അവർ ഒരുക്കമാണെന്നു കാണിച്ചിരുന്നു. എങ്കിലും യഥാർത്ഥത്തിൽ തീരെ മറിച്ചു് അതായതു്: കാര്യം സാധിച്ചുകഴിഞ്ഞുടൻ, വിശ്വസിപ്പാൻ കൊള്ളരുതാത്ത ഗുരുദ്രോഹിയെ വലിച്ചെറിഞ്ഞു കളയേണ്ടതാണെന്നു് അവർ കരുതിയിരുന്നു. മാത്രമല്ല അവൻ അവന്റെ കൂലി മുൻകൂട്ടി വാങ്ങിച്ചിരിക്കയാൽ, അവൻ ഈശോയെ പിടിപ്പാൻ ഇടവരുത്താതെയൊ, മറെറാരുത്തനെ പിടിച്ചുകൊണ്ടൊ, പണവുംകൊണ്ടു് ചാടിപ്പൊയ്ക്കളയാതിരിക്കേണ്ടതിനായി, ഈശോയെ പിടിക്കുന്നതുവരെ സേവകർ എപ്പോഴും അവന്റെ ചുററം

ഉണ്ടായിരിക്കണമെന്നും അധികാരികഠം കല്പിച്ചിട്ടുണ്ടായിരുന്നു.

യൂദായോടുകൂടെ പോകുവാനുള്ളവർ ദേവാലയ സേവകഗണത്തിൽനിന്നും, അന്നാസിൻെറയും, കയ്യാപ്പായുടേയും സേവകസേനയിൽനിന്നും തെരിഞ്ഞെടുത്ത് 20 പേരായിരുന്നു. അവർ റോമാസേവകരെപ്പോലെയുള്ള വസ്ത്രങ്ങഠം ധരിച്ചിരുന്നു. എങ്കിലും അവർ മീശ നീട്ടിയവരും, മററവർ താടി വടിച്ചവരുമായിരുന്നു. ശിരസ്സിനു തലക്കോരികയും തുടയിന്മേൽ തൂങ്ങുന്ന തൊങ്ങൽക്കച്ചയും മററം അവർക്കുമുണ്ടായിരുന്നു. എല്ലാവക്കും വാളും ചിലർക്കു് കുന്തങ്ങളുംകൂടെ ഉണ്ടായിരുന്നതുകൂടാതെ, വടികളും പന്തങ്ങളും എടുത്തിട്ടുണ്ടായിരുന്നു. സെഹിയോൻമലമുകളിൽ നിന്നാൽ ആ താഴ്വാരം മുഴുവൻ കാണാവുന്നതിനാൽ, അധികംപേരായാൽ എളുപ്പത്തിൽ കണ്ടുപോകുമെന്നു യൂദാ പറഞ്ഞു ബോധിപ്പിക്കയാൽ, മിക്ക സേവകരും ഓഫേലിൽവെച്ചു് ഈശോയെ വിട്ടുവിപ്പാനായി ഉണ്ടായേക്കുമെന്ന ഏതൊരു യത്നങ്ങളും, ഉടൻതന്നെ അമത്തുന്നതിനായി, ആ ഭാഗങ്ങളിൽ നിയോഗിക്കപ്പെട്ടിരുന്നു ഇങ്ങനെ അവൻ 20-സേവകരൊരുമിച്ചു പുറപ്പെട്ടു. യൂദായുടെ മുമ്പിൽ ചങ്ങലകളും, കയറുകളും ചുമന്നുകൊണ്ടു് നാലു സേവകർ. അവരുടെ പുറകെ ആറു കാര്യസ്ഥന്മാർ, അവനുമായി സംഭാഷിച്ചുകൊണ്ടു പോയിരുന്നു. ഇവരിലൊരുവൻ അന്നാസിൻെറ വിശ്വസ്തനായ ഒരു ഗുരുവും, രണ്ടാമത്തവൻ കയ്യാപ്പായുടെ അതി ഭക്തനും, മൂന്നാമനും നാലാമനും പ്രീശരും, † മററ രണ്ടു പേരിൽ ഒരുവൻ സന്ദുക്കായനും, * മററവൻ ഹേറോദിയനും § ആയിരുന്നു. ഇവർ ആറുപേരും അന്നാസു്, കയ്യാപ്പാ എന്നവരുടെ കച്ചേരിയിൽ എപ്പോഴുംനിന്നു് പൊരുത്തുകാരായി കാര്യങ്ങഠം നടത്തിയിരുന്നവരും നമ്മുടെ കത്താവിൻെറ ജീവശത്രുക്കളും ആയിരുന്നു.

സേവകർ ഗദസെമ്മാനും സൈത്തുതോട്ടവുംതമ്മിൽ വേർതിരിക്കുന്ന ആ വഴിയിൽ ആകുംവരെ യൂദായോടു സ്നേഹഭാവമായി പെരുമാറിയിരുന്നു. എന്നാൽ അവിടെ എത്തിയപ്പോഠം അവൻ തനിച്ചു മുമ്പോട്ടു പോകുന്നതിനു തീരെ വിസമ്മതിച്ചു എന്നുമാത്രമല്ല, ധിക്കാരമായും പരുഷമായും അവനോടു പെരുമാറുകയും ചെയ്തു.

† മൂശയുടെ പ്രമാണം സൂക്ഷമായി കാക്കുന്നെന്നു നടിക്കുന്ന യൂദഗണം

* മരിച്ചവരുടെ ഉയിപ്പിനെ വിശ്വസിക്കാത്ത യൂദഗണം.

§ ഹേറോദേസിൻെറ ഭാഗത്തുള്ള യൂദഗണം.

# അദ്ധ്യായം ൩

## ൯. കത്താവു പിടിക്കപ്പെടുന്നു.

യൂദായും അവൻെറകൂട്ടവും വന്നപ്പോൾ കത്താവും മൂന്നു ശ്ലീഹാന്മാരും ഗത്സെമ്മാനെൻറയും സൈത്തുതോട്ടത്തിൻെറയും മദ്ധ്യെയുള്ള വഴിയിൽ നിന്നിരുന്നു. അവൻ ഒന്നാമതു കത്താവിൻെറ അടുക്കൽച്ചെന്നു്, ഒന്നും അറിയാത്ത ഭാവത്തിൽ സംസാരിച്ചു നിൽക്കുമ്പോൾ സേവകർവന്നു് അദ്ദേഹത്തെ പിടിക്കണം എന്നു അവൻ പറഞ്ഞുവെങ്കിലും അവർ മുട്ടാളഭാവത്തിൽ "അങ്ങനെയല്ല സ്നേഹിതാ! ആ ഗലിലേയനെ ഭദ്രമായി കെട്ടുന്നതുവരെ നിന്നെ വിടുകയില്ല" എന്നുത്തരിച്ചു. ഈ തക്കംകേട്ടു, എട്ടു ശിഷ്യർ കത്താവിൻെറ പക്കലേക്കു വരുന്നതു സേവകർ കണ്ടു്, തങ്ങളുടെ പുറകിൽ കുറെ ദൂരെയായിരുന്ന നാലുപേരെ സഹായത്തിനു വിളിച്ചു ആയുധപാണികളായ ആ സൈന്യത്തെ കത്താവും ശിഷ്യരും കണ്ടപ്പോൾ, പത്രോസു് ആയുധബലം കൊണ്ടു് അവരെ അകററാമെന്നു കരുതി "കത്താവേ! അങ്ങെ മററു എട്ടു ശിഷ്യരും അടുക്കൽ ഉണ്ടല്ലൊ; ഈ സേവകർക്കു വിരോധമായി നാം എതൃക്ക" എന്നു പറഞ്ഞു. എന്നാൽ കത്താവു് അയാളോടു "നീ സമാധാനമായിരിക്ക," എന്നു കല്പിച്ചു പുറകോട്ടുതിരിഞ്ഞപ്പോൾ തോട്ടത്തിൽനിന്നു നാലു ശിഷ്യർവന്നു് "എന്താകുന്നു ഈ ലഹള" എന്നു ചോദിച്ചതിനു യൂദാ ഉത്തരിപ്പാൻ ഭാവിച്ചപ്പോൾ, സേവകർ മുടക്കി.

ഈ നാലു ശിഷ്യർ ചെറിയയാക്കോവും, പീലിപ്പോസും, തോമ്മയും, ശെമഓൻെറ മകനായ നസ്സനിയേലും ആയിരുന്നു. ശേഷം ശിഷ്യന്മാർ കാര്യത്തിൻെറ പോക്കു് അറിഞ്ഞ ഉടനെ ഒളിച്ചോടിപ്പോകുവാനുള്ള ഒരുക്കത്തോടുകൂടെ അങ്ങുമിങ്ങും ചുററിത്തിരിഞ്ഞു നടന്നിരുന്നു. നമ്മുടെ കത്താവു ശത്രുക്കളുടെ പക്കലേക്കു ചെന്നുകൊണ്ടു്, സ്ഥിരതയും തെളിവുമുള്ള സ്വരത്തിൽ "നിങ്ങൾ ആരെയാണു് അന്വേഷിക്കുന്നതു്?" എന്നു ചോദിച്ചതിനു്, അവർ "നസ്രായക്കാരൻ ഈശോയെ ആകുന്നു" എന്നുത്തരിച്ചു. കത്താവു് അവരോടു്: "അവൻ ഞാനാകുന്നു" എന്നു് ഉത്തരിച്ചുതീരുംമുമ്പു് അവർ സന്നിപാതക്കാരെപ്പോലെ വിറച്ചു നി

ലത്തു വീണു. അവരുടെ അരികിൽ നിന്നിരുന്ന യൂദാ ആശ്ചര്യപ്പെട്ടു്, ഭയവിഹ്വലനായി കത്താവിൻെറ പക്കലേക്കു് അടുത്തപ്പോൾ അവിടുന്നു് അവൻെറ കൈപിടിച്ചു് "സ്നേഹിതാ നീ എവിടേക്കായിട്ടാണു വന്നതു്?" എന്നു ചോദിച്ചതിന്നു്, അവൻ വിക്കിമുക്കിക്കൊണ്ടു് ഏതോ ഒരു ജോലിനിമിത്തം വന്നപ്രകാരം സൂചിപ്പിച്ചു. ഈശോ അതിനു ഉത്തരിച്ചതിൻെറസാരം "നീ ഒരിക്കലും പിറക്കാതിരുന്നെങ്കിൽ ഏററം നന്നായിരുന്നു" എന്നായിരുന്നു.

ഇതിനിടയിൽ സേവകർ എഴുന്നേററു വീണ്ടും കുറെ അടുത്തു വന്നുവെങ്കിലും കത്താവിനെ അവർ തിരിച്ചറിവാനായി യൂദാ അദ്ദേഹത്തെ മുത്തുമെന്നു പറഞ്ഞ അടയാളം പാത്തുനിന്നിരുന്നു. എന്നാൽ പത്രോസും മററുശിഷ്യരും യൂദായെ വളഞ്ഞു "കള്ളൻ, ഗുരുദ്രോഹി, പാതകൻ" എന്നിങ്ങനെയുള്ള കടുന്ന നാമങ്ങൾ വിളിച്ചുകൊണ്ടു് അവനെ ശകാരിച്ചു ദുഷിച്ചപ്പോൾ, അവൻ എല്ലാവക നുണകളാലും അവരുടെ ക്രോധം ശമിപ്പിക്കുന്നതിനു പ്രയത്നിച്ചു. എങ്കിലും സേവകർ അവനെ ആദരിപ്പാനായി വന്നതുകൊണ്ടു് അവൻെറ കപടം ഉടനെ തെളിവായിപ്പോയി. ഈശോ വീണ്ടും "നിങ്ങൾ ആരെ അന്വേഷിക്കുന്നു" എന്നവരോടു ചോദിക്കവെ അവർ നസ്രായക്കാരൻ ഈശോയെ എന്നുത്തരിച്ചു. അതിനു്, "അവൻ ഞാനാകുന്നുയെന്നു നിങ്ങളോടു പറഞ്ഞുവല്ലോ. ആകയാൽ എന്നെയാണു നിങ്ങൾ അന്വേഷിക്കുന്നതെങ്കിൽ ഇവർ അവരുടെ വഴിക്കു പൊയ്ക്കൊള്ളട്ടെ" എന്നുത്തരിച്ചു. ഉടനെ സേവകർ രണ്ടാമതും സന്നിവാതക്കാരെപ്പോലെ വിറച്ചുകൊണ്ടു നിലത്തു വീണുപോയി.

അപ്പോൾ ശ്ലീഹന്മാർ വീണ്ടും യൂദായുടെ ചുററും കൂടി അവൻെറ ലജ്ജാവഹമായ ഗുരുദ്രോഹത്തെപ്പററിയുള്ള അവരുടെ ക്രോധം വെളിപ്പെടുത്തി. കത്താവു പിന്നീടു സേവകരോടു് "എഴുന്നേല്പിൻ" എന്നരുളിച്ചെയ്തപ്പോൾ അവർ എഴുന്നേററെങ്കിലും, പരിഭ്രമത്താൽ ആദ്യം സംസാരിപ്പാൻ അവക്കു് അശേഷം കഴിവില്ലായിരുന്നു എങ്കിലും യൂദാ മുത്തുന്നവനെ മാത്രം പിടിക്കണമെന്നു കല്പനയാകയാൽ "നീ പറഞ്ഞൊത്തിരിക്കും അടയാളം ഉടൻ കാണിക്ക" എന്നു് അവനോടു പറഞ്ഞപ്പോൾ അവൻ കത്താവിനരികെചെന്നു് "ഗുരുവേ! സ്വസ്തി" എന്നുപറഞ്ഞു അദ്ദേഹത്തെ മുത്തി. അപ്പോൾ അവിടുന്നു് "യൂദായെ മനുഷ്യകുമാ



രനെ മുത്തിക്കൊണ്ടു ഒററിക്കൊടുക്കുന്നുവോ?" എന്നു പറഞ്ഞു; ഉടനെ പടയാളികൾ കർത്താവിനെ വളഞ്ഞു. പിന്നെ സേവകർ അദ്ദേഹത്തെ പിടിക്കവെ, ശ്ലീഹന്മാർ സേവകരുടെനേരെ പാഞ്ഞു "ഗുരുവേ, വാളുകൊണ്ടു ഞങ്ങൾ വെട്ടട്ടെ എന്നു നിലവിളിച്ചു, എന്നു മാത്രമല്ല മററവരിലും ഊഷ്മസ്വഭാവിയായ പത്രോസ് അവരെ അകററുവാൻ യത്നിച്ചിരുന്ന മാൽക്കൂസെന്നു് പേരായ ശ്രേഷ്ഠാചാര്യൻെറ ഒരു ഭൃത്യനെ വാൾ ഊരി വെട്ടി അവൻെറ വലത്തെ ചെവി ഛേദിക്കവെ, മാൽക്കൂസ് നിലത്തു വീണതിനാൽ വലിയ കുഴപ്പമുണ്ടായി.

സേവകർ കർത്താവിനെ പിടിച്ചുകെട്ടിയപ്പോൾ നാലു ശിഷ്യർ ദൂരെ നിന്നുകൊണ്ടു് ഭയത്തോടെ തങ്ങളുടെ മുമ്പാകെ നടക്കുന്ന ഈ ദുഃഖകരനാടകം സൂക്ഷിച്ചിരുന്നു. പടയാളികൾ ഒടുക്കത്തെ ആ വീഴ്ചനിമിത്തം അത്യന്തം വ്യസനിക്കയും കർത്താവിനെ സൂക്ഷിപ്പാൻ ആളില്ലാതെ വിട്ടുമാറുവാൻ അവർക്കു് മനസ്സി

ല്ലാതിരിക്കയും ചെയ്തയാൽ, ആ നാലു ശിഷ്യരെ ഓടിക്കുന്ന തിനും അത്ര പ്രയത്നിച്ചില്ല. യൂദാ ഗുരുദ്രോഹമായി കർത്താവിനെ മുത്തിയ ഉടൻ ഒളിച്ചോടിയെങ്കിലും ശ്ലീഹന്മാർ അവനെ തടുത്തു് നിറുത്തി ശകാരിച്ചു് ദൂഷിച്ചിരുന്നതു് ആറ പ്രീശന്മാർ കണ്ടുവ ന്നു് അവനെ വിടുവിക്കയും ഇങ്ങനെ സേവകർ കർത്താവിനെ കെട്ടുന്നതിൽ ശ്രദ്ധിച്ചിരിക്കെ അവൻ രക്ഷപ്പെട്ടു് ഓടിപ്പോകയും ചെയ്തു. പത്രോസു്, മാൽക്കൂസിനെ വെട്ടിയപ്പോഠം കർത്താവു് അരുളിച്ചെയ്തതായതു്: "വാഠം ഉറയിൽ ഇടുക. എന്തെന്നാൽ വാ ളെടുക്കുന്നവൻ വാളാൽത്തന്നെ നശിക്കും, ഞാൻ എൻെറ പിതാ വിനോടു് അപേക്ഷിച്ചു 12 ഗണം മാലാഖാമാരെക്കാഠം അധികം തൽക്ഷണം വരുത്തുവാൻ കഴികയില്ലെന്നു നീ കരുതുന്നൊ? അങ്ങ നെ ആയാൽ നിറവേറുവാനായി എഴുതപ്പെട്ടവ എങ്ങനെ നിറ വേറും?" പിന്നീടു് ഇവനെ ഞാൻ സുഖമാക്കട്ടെ എന്നു പറഞ്ഞു കൊണ്ടു് മാൽക്കൂസിൻെറ ചെവിമേൽതൊട്ടു് നമസ്കരിച്ച ഉടനെ അവനു് സുഖമായി.

ആ സമയം കർത്താവിൻെറ അരികെ നിന്നിരുന്ന പടയാളി കളും സേവകരും ആറ പ്രീശരും ഈ അത്ഭുതംകണ്ടു് ഹൃദയമിള കുന്നതിനുപകരം കർത്താവിനെ ആക്ഷേപിച്ചു. ഇതു ഒരു പൈ ശാചികസൂത്രം ആണെന്നും ക്ഷുദ്രപ്രയോഗംകൊണ്ടു് ചെവി സുഖ മായപ്രകാരം കാണിക്കുന്നതാണെന്നും പറഞ്ഞു. അതിൻെറശേ ഷം കർത്താവു് അവരോടു് പറഞ്ഞതായതു്: "നീങ്ങഠം ഒരു കള്ള നെയെന്നപോലെ എന്നെ പിടിപ്പാനായി വാളുകളും ഗതകളും കൊണ്ടു് കൂട്ടമായി വന്നിരിക്കുന്നുവല്ലൊ. എന്നാൽ ദിവസേന നിങ്ങളൊന്നിച്ചു് ദേവാലയത്തിലിരുന്നു് ഞാൻ പഠിപ്പിച്ചിരുന്ന പ്പോഠം എന്നെ നിങ്ങഠം തൊട്ടില്ലല്ലൊ. എന്നാൽ ഇതു നിങ്ങ ളുടെ നാഴികയും ഇരുളിൻെറ ശക്തിയുമാകുന്നു." അതിനു പ്രീശ ന്മാർ നിന്ദ്യമായ സ്വരത്തിൽ "ആ! നിൻെറ ക്ഷുദ്രത്താൽ ഞങ്ങ ളേയും മറിച്ചു് ഉരുട്ടിയിടുവാൻ കഴിഞ്ഞില്ലല്ലൊ" എന്നുത്തരി ച്ചു. അപ്പോഠം ശിഷ്യരൊക്കയും ഭയപ്പെട്ടു് ഓടിയൊളിച്ചു് പൊയ്ക്കളഞ്ഞു.

കർത്താവു് ആദ്യം "ഞാനാകുന്നു" എന്നു് അരുളിച്ചെയ്തവെ, നിലത്തുവീണ കൂട്ടത്തിൽ, അദ്ദേഹത്തെ ബന്ധിച്ചവരായ ആ നാലുസേവകരും ആ ആറ പ്രീശരും യൂദായും വീണില്ല. എന്തെ ന്നാൽ പിന്നീടു് എനിക്കു് അറിയിക്കപ്പെട്ടപ്രകാരം അവർ

11 പേരേയും മുഴുവനായി പിശാചു് കീഴടക്കിയിരുന്നു. എന്നാൽ വീണ്ടു് എഴുന്നേററവർ എല്ലാവരും പിന്നീടു് മനസ്സുതിരിഞ്ഞു് ക്രീസ്തവരായി എന്നുതന്നെയുമല്ല അവർ കർത്താവിനു ചുററും നിന്നതല്ലാതെ അദ്ദേഹത്തെ ഒരിക്കലും തൊട്ടില്ല. മാൽക്കുസൊ എന്നാൽ അവന്റെ ചെവി കർത്താവു് പൊറുപ്പിച്ചു ഉടനെ മനസ്സുതിരിഞ്ഞു്, അപ്പോൾതൊട്ടു് കർത്താവിന്റെ പാടുകളുടെ സമയം മുഴുവനും അദ്ദേഹത്തിന്റെ അമ്മയുടേയും സ്നേഹിതരുടേയും പക്കലേക്കു് വർത്തമാനം അറിയിക്കുന്ന ദൂതു് ഉദ്യോഗം നടത്തിയിരുന്നു. അതികഠോര മൃഗസ്വഭാവത്തോടെ കർത്താവിനെ കെട്ടുവാനാരംഭിച്ച ആ സേവകർ നന്നാ ഹീനജാതിക്കാരായ അജ്ഞാനികളും, ദേഹാകൃതിയിൽ തടിച്ച മുണ്ടന്മാരും, മെസ്രേനിലെ അടിമകളെപ്പോലെ പരുപരുത്ത മുഖഭാവമുള്ള ചുന്നയന്മാരും ആയിരുന്നു. ഇവരുടെ കഴുത്തും, കയ്യും, കാലും മറയ്ക്കാതെ തുറന്നിട്ടിരുന്നു.

ഈ മൂർഖന്മാർ നമ്മുടെ കർത്താവിന്റെ മണിക്കണ്ടങ്ങൾ രണ്ടും, രണ്ടു കൈമുട്ടുകളോടു ചേർത്തുവെച്ചു മുറുക്കമുള്ള പുതിയ കയറുകൊണ്ടു മുറുകെ വരിഞ്ഞുകെട്ടുകയും അവിടുത്തെ അരയിൽ ചുററും ഇരിമ്പുമുട്ടുകൾ ഉള്ള ഒരു അരവാർ ചുററിക്കെട്ടിക്കൊണ്ടു് ആ മുട്ടുകളിന്മേൽ ഒസ്സിയാർ എന്ന വള്ളികൊണ്ടു് അവിടുത്തെ തിരുക്കരങ്ങൾ വലിച്ചു കെട്ടുകയും ചെയ്തു. തിരുക്കഴുത്തിലും ഒരു വളയം ഇട്ടു പൂട്ടി, ആ വളയത്തിൽനിന്നു തൂങ്ങുന്ന രണ്ടു തുകൽവാറുകളെ ഒരു ഊറാറപോലെ നെഞ്ചിൽക്കൂടി അരവാറിന്നിരുവശവും പിടിച്ചുകെട്ടി, നാലു കയറുകൾ അരവാറിനു നാലുവശവും കെട്ടി, ആ കയറുകൾ സേവകർ പിടിച്ചുകൊണ്ടു്, ദിവ്യരക്ഷിതാവിനെ കഠിന ക്രൂരതയോടെ അങ്ങോട്ടും ഇങ്ങോട്ടും വലിച്ചിഴച്ചിരുന്നു.

പിന്നീടു പ്രീശർ പന്തങ്ങൾ തെളിയിച്ചു പ്രദക്ഷിണം പുറപ്പെട്ടു. 10 പടയാളികൾ മുന്നണിയായി മുമ്പും, അവരുടെ പുറകെ കർത്താവിനെ കെട്ടിയ കയറുകൾ പിടിച്ചിരുന്ന സേവകരും നടന്നിരുന്നു; കർത്താവിന്റെ പുറകെ ആ ആറു പ്രീശരും അവർക്കു പിമ്പു വേറെ പത്തു പടയാളികൾ പിന്നണിയായും പോയിരുന്നു. ശിഷ്യർ കരഞ്ഞു പ്രലപിച്ചുകൊണ്ടു ദൂരത്തിൽ അലഞ്ഞു നടന്നിരുന്നു. യോഹന്നാൻമാത്രം പ്രീശർ അയാളെ പിടിപ്പാൻ പറയുന്നതുവരെ കുറെ അടുക്കെ അദ്ദേഹത്തെ പിന്തുടർന്നിരുന്നു. ഒടുവിൽ പടയാളികൾ അയാളെ പിടിപ്പാൻ പ്രയത്നിച്ചപ്പോൾ,

അയാൾ അവർ പിടിച്ച ആ പുറംചട്ട ഊരി അവരുടെ കൈക ളിൽ വിട്ടുകൊണ്ടു് ഓടിക്കളഞ്ഞതിനാൽ കച്ചില്ലാത്ത, ഒരു അ ടിവസ്ത്രവും സാൽവയും മാത്രമെ അയാൾക്കു ശേഷിച്ചു കിട്ടിയുള്ളു. ആ ദുഷ്ടസേവകർ പ്രീശരെ ഇഷ്ടപ്പെടുത്തുവാനായി മഹാ ദുഷ്ട ക്രൂ രതയോടെ നമ്മുടെ കർത്താവിനെ ബന്ധിച്ചു കൊണ്ടുപോയിരുന്നു.

അവർ കല്ലും, മുള്ളും, ചേറും, ചെളിയും ഏററവും നിറഞ്ഞ വഴിയിൽക്കൂടി അദ്ദേഹത്തെ കൊണ്ടുപോകുമ്പോൾ, അദ്ദേഹത്തെ കെട്ടിയിരുന്ന കയറുകളെ അവർക്കു കഴിയുന്നത്ര ബലത്തോടെ പി ടിച്ചു വലിച്ചിരുന്നു, കശാപ്പുകാരൻ കൊല്ലുവാനുള്ള മൃഗത്തെ ത ള്ളിയുന്തി കൊണ്ടുപോകുംപ്രകാരം, കെട്ടുകളും മുഴകളും ഉള്ള കയ റുകൾകൊണ്ടു് കർത്താവിനെ അടിച്ചും വലിച്ചുംകൊണ്ടും, ഇവിടെ വിവരിപ്പാൻ യോഗ്യമല്ലാത്ത വിധത്തിൽ നീചവും ഹീനവുമായ അപമാനവാക്കുകൾ പറഞ്ഞുകൊണ്ടുമാണു് അദ്ദേഹത്തെ കൊണ്ടു പോയിരുന്നതു്. എന്നുമാത്രമല്ല ദിവ്യരക്ഷകൻെറ പാദങ്ങളിന്മേ ൽ പാദരക്ഷ ഇല്ലാതിരിക്കയാലും അവിടുത്തെ സാധാരണ വസ്ത്ര ങ്ങളും, തുന്നലില്ലാത്ത നീലയങ്കിയും, ഒരു നെടിയ സാൽവായും ധരിച്ചിരുന്നതിനാലും നടപ്പാൻ ബഹു പ്രയാസമായിരുന്നു. ആ ദുഷ്ടഗണം കർത്താവിനെ പിടിച്ചതു യാതൊരു മേലധികാരപത്രം കാണിച്ചുകൊണ്ടോ ഒരു അധികാരനിയമം അനുസരിച്ചോ അല്ല, പ്രത്യുത, യാതൊരു അധികാര അതൃത്തിയിലും പെടാത്ത ഒരുവ നെയെന്നപോലെ അത്രെ. ഇങ്ങനെ ഈ പ്രദക്ഷിണം വളരെ സാവധാനത്തിൽപോയി, ഗദസേമ്മൻതോട്ടം കടന്നശേഷം വല ത്തേക്കു തിരിഞ്ഞു് കെദറോനിലുള്ള ഒരു പാലത്തിങ്കൽ എത്തി.

ഈ പാലം വളരെ ദീർഘമായിരുന്നു; എന്തെന്നാൽ അവിടെ തോടു് തുലോം വിസ്തീർണ്ണമായിരുന്നതുകൂടാതെ, തോട്ടിന്നിരുവശമു ള്ള താഴ്വരയിലേക്കുകൂടെ നീട്ടി പാലമിട്ടിരുന്നതുനിമിത്തം അതു് വളരെ നീണ്ടതും ഉയന്നതുമായിരുന്നു. നമ്മുടെ കർത്താവിനെ അവർ അതിക്രൂരമായി വലിച്ചിരുന്നതിനാൽ പാലത്തിങ്കലേക്കു് എത്തുംമുമ്പെ രണ്ടുപ്രാവശ്യം നിലത്തു വീഴുന്നതു് ഞാൻ കണ്ടു. എന്നാൽ ഈ പാലത്തിൻെറ മദ്ധ്യേ വന്നപ്പോൾ അവരുടെ ക്രൂര ചിന്തകൾക്കു തങ്ങളെ മുഴുവൻ കൈവിട്ടുകൊണ്ടു് "അവൻ പോയി വെള്ളംകുടിച്ചു ദാഹംതീർക്കട്ടെ" എന്നും പറഞ്ഞു് ശക്തിയോടെ അദ്ദേഹത്തെ അടിച്ചുകൊണ്ടു് ഉന്തി തോട്ടിൽ ഇട്ടു

കളഞ്ഞു. ദൈവം അദ്ദേഹത്തിൻെറ ജീവനെ കാത്തില്ലെങ്കിൽ ആ വീഴ്ചയാൽത്തന്നെ മരിച്ചുപോയേനെ. എന്നാൽ ദിവ്യരക്ഷകൻ തോട്ടിലുണ്ടായിരുന്ന ഒരു പാറമേൽ മുട്ടുകാലും, കരങ്ങളും കുത്തി വീണപ്പോാം, സേവകർ അദ്ദേഹത്തിൻെറ കരങ്ങാം മുറുകെ വരിഞ്ഞിരുന്ന ആ കെട്ടുകാം, കുറെ അയഞ്ഞുപോയിരുന്നു.

കർത്താവു് വീണ ആ പാറമേൽ അദ്ദേഹത്തിൻെറ കാലുകളും, കൈമുട്ടുകളും അത്ഭുതമായി പതിഞ്ഞതിനാൽ ആ കല്ലു് പിൻകാലങ്ങളിൽ ക്രിസ്ത്യാനികാം വണങ്ങിയിരുന്നു; ഈശോയെ ചുററിനിന്നിരുന്ന ആ ദുഷ്ടരുടെ അവിശ്വാസഹൃദയങ്ങളേക്കാാം ഈ കല്ലു് കഠിനം കുറഞ്ഞതായിരുന്നതുകൂടാതെ അതിനെ തൊട്ട കർത്താവിൻെറ വല്ലഭത്തെ അതു സാക്ഷീകരിക്കയും ചെയ്തു. എന്നാൽ ഗെദസേമ്മൻ പൂങ്കാവനത്തിലെ പ്രമാദം മുതൽതന്നെ അവിടുന്നു ദാഹത്താൽ അത്യന്തം വലഞ്ഞിരുന്നാലും, ദാഹശമനത്തിനായി ഒന്നുംതന്നെ അനുഭവിച്ചതു് ഞാൻ കണ്ടില്ല. എങ്കിലും കെദറോനിൽ വീണസമയം അവിടുന്നു വെള്ളം കുടിച്ചു, എന്നുതന്നെയല്ല "വഴിയിൽ അയാാം ഓലിയിൽനിന്നു വെള്ളം കുടിക്കും" എന്ന 109-ാം സങ്കീർത്തന വാക്യങ്ങാം അവിടുന്നുച്ചരിക്കുന്നതും ഞാൻ കേട്ടു. കർത്താവു വീണസമയം സേവകർ അദ്ദേഹത്തെ കെട്ടിയിരുന്ന കയറുകാം വിടാതെ പിടിച്ചിരുന്നെങ്കിലും, പാലത്തിൻെറ ആ അററത്തു് ഉയന്ന മതിലുണ്ടായിരുന്നതിനാൽ, അതിൽക്കൂടെ അദ്ദേഹത്തെ വലിച്ചുകയററുന്നതിനു പ്രയാസമാകകൊണ്ടു്, അവർ പുറകോട്ടുതന്നെ വീണ്ടും വന്നു് വെള്ളത്തിൽകൂടെ അദ്ദേഹത്തെ വലിച്ചിഴച്ചു് കരയ്ക്കു് കയററി എന്നുതന്നെയുമല്ല, എല്ലാ പ്രകാരത്തിലും അപമാനിച്ചും, ദുഷിച്ചും, അടിച്ചുംകൊണ്ടാണു് രണ്ടാമതു പാലം കടത്തിക്കൊണ്ടുപോയതു്.

മുഴുവനും നനഞ്ഞിരുന്ന വസ്ത്രങ്ങാം കാലുകളിന്മേൽ പററിപ്പിടിക്കനിമിത്തം കർത്താവിനു് നടപ്പാൻ മഹാ പ്രയാസമായിത്തീർന്നതിനാൽ പാലത്തിനു് അപ്പുറത്തു എത്തിയപ്പോാം നിലത്തു മുഴുവനായി വീണുപോയി. അവർ അതിക്രൂരമായി അദ്ദേഹത്തെ വലിച്ചിഴച്ചും, കയറു മടക്കി അടിച്ചുംകൊണ്ടു് എഴുന്നേല്പിക്കയും ശാസിച്ചുകൊണ്ടു ആ നനഞ്ഞ ഉടുപ്പിൻെറ അററം പിടിച്ചു എടക്കെട്ടിന്മേൽ വലിച്ചുകെട്ടുകയും ചെയ്തു. ഉദ്ദേശം പാതിരാസമയം ആയപ്പോാം ദുഷ്ടസേവകർ കർത്താവിനെ തോട്ടിന്നക്കരെയുള്ള കല്ലും, മുള്ളും, പാറക്കഷണങ്ങളും, മുാംച്ചെടികളും നിറ

ഞ്ഞ ഇടുക്കായ ഒരു ഊടുവഴിയെ അതിക്രൂരമായി വലിച്ചിഴച്ചു കൊണ്ടു പോകുന്നതു് ഞാൻ കണ്ടു.

മൃഗസ്വഭാവികളായ ആറു പ്രീശന്മാർ നമ്മുടെ കത്താവിൻെറ സമീപം നിന്നുകൊണ്ടു് മുനയുള്ള ചില വടികൾകൊണ്ടു് അദ്ദേഹത്തെ ഇടവിടാതെ കുത്തിയിരുന്നു. എന്നുതന്നെയുമല്ല തൃപ്പാദങ്ങൾ കല്ലും, മുള്ളുംകൊണ്ടു് പിന്നെയും കീറുന്നതു് അവർ കണ്ടു്, പുരോഗാമിയായ സ്നാപകയോഹന്നാൻ നിശ്ചയമായിട്ടു് ഇവനു് നല്ലവഴി ഇവിടെ തയ്യാറാക്കിയിട്ടില്ല എന്നും, "നിൻെറ മുമ്പിൽ വഴി ആയത്തമാക്കുന്നതിനായി എൻെറ ദൂതനെ നിനക്കു് മുമ്പിൽ ഞാൻ അയയ്ക്കും" എന്ന ആ മാലാഖി ദീഘ്ദശിയുടെ വാക്യം ഇവിടെ ഇപ്പോൾ നല്ലവണ്ണം യോജിക്കുന്നില്ലെന്നും നിലവിളിച്ചിരുന്നു.

ഈ പ്രീശരുടെ പരിഹാസവാക്കുകൾ കേൾക്കുംതോറും സേവകർ അദ്ദേഹത്തോടു് അതിയായ ക്രൂരത പ്രവത്തിച്ചിരുന്നു. കുറെ ആളുകൾ ദൂരത്തുകൂടെ വരുന്നതു് സേവകർ കണ്ടു് അവർ തങ്ങളുടെ കൈകളിൽനിന്നു് ഈശോയെ വിടുവിക്കുന്നതിനു് വല്ല യത്നം ചെയ്യേക്കുമെന്നു ഭയന്നു് കുറെക്കൂടെ പടയാളികളെ അയച്ചുകൊടുക്കുന്നതിനായി ദൂതരെ അയച്ചു. പക്ഷെ ആ വന്നിരുന്നവർ തങ്ങളുടെ നാഥനെ പിടിച്ച വിവരംകേട്ടു് അതിൻെറ അവസാനമറിവാൻ ആഗ്രഹിച്ചുകൊണ്ടു് ഒളിച്ചും പതുങ്ങിയും വന്നിരുന്ന കത്താവിൻെറ ശിഷ്യർ മാത്രമായിരുന്നു. കുറെ കഴിഞ്ഞപ്പോൾ സെഹിയോൻ മലയിലേക്കു് പോകുന്ന വഴിയെ ഹന്നാൻ കയ്യാപ്പാ എന്നവരുടെ വാസസ്ഥലത്തുകൂടി ഏകദേശം 50 പടയാളികളുടെ ഒരു ഗണം എന്തിനും ഒരുങ്ങിയ ഭാവത്തിൽ പന്തങ്ങളുംകൊണ്ടു് വരുന്നതു് ഞാൻ കണ്ടു. മാത്രമല്ല തങ്ങളുടെ വരവു് അറിയിക്കുന്നതിനും, മററവർ കത്താവിനെ പിടിച്ചതിൽ പ്രാപിച്ച ജയം ഘോഷിക്കുന്നതിനുമായി അവർ ഉച്ചത്തിൽ കൂകി നിലവിളിക്കയും ചെയ്തിരുന്നു. ഈ കൂകൽനിമിത്തം കത്താവിനെ കൊണ്ടുവരുന്ന സേവകരിൽ അല്പം കലക്കം ഉണ്ടായി; ആ തരംനോക്കി മാൽക്കൂസുമുതലായ ചിലർ ഒളിച്ചോടിപ്പോയതു കൂടാതെ, പുതിയ പടയാളികൾ വരുന്നതുകണ്ടു് ഒന്നിച്ചുകൂടിയിരുന്ന ആ ശിഷ്യഗണവും ചിതറിപ്പോകയും ചെയ്തു.

പരിശുദ്ധ കന്യക, ലാസർ, മാക്കിൻെറ മകൻ, യോഹന്നാൻ, വെറോനിക്കായുടെ മകൻ, ശെമഓൻെറ മകൻ എന്നീ

വരൊന്നിച്ചു് യോസപ്പാത്തു് താഴ്വരയോളം വന്നു. (ഈ ഒടുക്കം പറഞ്ഞവനാണു് പടയാളികൾ കൎത്താവിനെ പിടിപ്പാൻ വന്ന സമയം ഓടിപ്പോയി വിവരങ്ങൾ മാതാവിനോടു അറിയിച്ചതു്.) എന്നാൽ പുതിയ സേവകസൈന്യത്തിൻെറ ആ കൂകൽ മാതാവു് കേൾക്കയും, പന്തത്തിൻെറ വെളിച്ചം കാണുകയും ചെയ്കയാൽ അവൾ മോഹാലസ്യപ്പെട്ടു് നിനവു് വിട്ടുപോകയാൽ യോഹന്നാൻ അവളെ മർക്കോസിൻെറ അമ്മയുടെ വീട്ടിലേക്കു് കൊണ്ടുപോയി.

എന്നാൽ ഓഫേൽ ദിഗ്വാസികൾ കൎത്താവിൻെറ ഉററ സ്നേഹിതരാകയാൽ, അവർ അദ്ദേഹത്തെ വിട്ടുവിക്കുന്നതിനായി വല്ലതും ചെയ്യുക്കും എന്നു് യൂദാ പറഞ്ഞതുനിമിത്തം ഈ യത്നങ്ങളെ തടുക്കുന്നതിനായി അവിടെ പട്ടാളം നിറുത്തീട്ടുണ്ടായിരുന്നു. ദേവാലയത്തിനുവേണ്ടിയ വെള്ളവും വിറകും മററും കൊണ്ടുവരുന്ന വേലക്കാരായ ഓഫേൽവാസികളെ കൎത്താവു് ഉപദേശിക്കയും, ആശ്വസിപ്പിക്കയും, സഹായിക്കയും, പല പാവപ്പെട്ട വേലക്കാരുടെ രോഗങ്ങൾ പൊറുപ്പിക്കയും ചെയ്തിട്ടുണ്ടായിരുന്നു. സ്നാപകയോഹന്നാനെ കൊലയ്ക്കു വിധിപ്പാനിരിക്കുമ്പോൾ കൎത്താവു് എബ്രോനിലേക്കു് പോകുംവഴിമദ്ധ്യേ ഈ ദിക്കിലാണു് തങ്ങിപ്പാൎത്തതു്; മാത്രമല്ല ശിലോയിലെ ഗോപുരത്തിൻെറ വീഴ്ചയിൽ മുറിവേററ ഓഫേൽക്കാരായ കല്പണിക്കാരിൽ മിക്കവരേയും കൎത്താവു് സുഖമാക്കിയിട്ടുണ്ടായിരുന്നു. ഈ ദിഗ്വാസികൾ നമ്മുടെ കൎത്താവിൻെറ മരണശേഷം മനസ്സുതിരിഞ്ഞു്, പന്തക്കുസ്തായുടെശേഷം വേർതിരിക്കപ്പെട്ട പുതിയ ക്രിസ്തീയ ഗണത്തിൽ ചേൎന്നു എന്നു തന്നെയുമല്ല, ക്രിസ്ത്യാനികൾ യൂദന്മാരിൽനിന്നു് വേർതിരിഞ്ഞു് പുതിയ വാസസ്ഥലങ്ങൾ ഏൎപ്പെടുത്തിയ സമയം ഇവരും അവരുടെ കൂടാരങ്ങളും കുടിലുകളും മാററി സൈത്തുമലയ്ക്കും ഓഫേൽഗ്രാമത്തിനും മദ്ധ്യേയുള്ള താഴ്വരയിൽ കുടിപാർക്കയും ചെയ്തു. അവിടെയാണു് വിശുദ്ധ എസ്തപ്പാനോസു് ജീവിച്ചിരുന്നതു്.

ദേവാലയത്തിനു തെക്കുവശം ഒരു കുന്നിന്മേൽ ഇരുന്ന ഒഫേൽഗ്രാമത്തിലെ നിവാസികൾ പടയാളികളുടെ ആ അലച്ചസ്വരങ്ങളാൽ ഉണൎന്നു് പുറത്തിറങ്ങി ആ കലഹത്തിൻെറ കാരണമറിവാനായി കോട്ടവാതുക്കലേക്കു് ഓടിക്കൂടി. അപ്പോൾ പടയാളികൾ അവരോടു് "ഇത്ര കഠിനമായി നിങ്ങളെ തട്ടിച്ചിരുന്ന നിങ്ങളുടെ കള്ളദീൎഘദൎശിയായ ഈശോയെ ഇപ്പോൾ ഞ

ങ്ങറം പിടിച്ചിരിക്കുന്നു. ശ്രേഷ്ഠാചാര്യന്മാർ അവനെ മരണത്തിന്നു് വിധിപ്പാനിരിക്കുന്നു. അവനെ കുരിശിന്മേൽ തറയ്ക്കും" എന്നു പറഞ്ഞു. ഇതുകേറംക്കവെ നിലവിളികളും, പ്രലാപങ്ങളും കരച്ചിലും എല്ലാഭാഗത്തുന്നിന്നും ഉച്ചത്തിൽ കേട്ടുതുടങ്ങി. ആ പാവപ്പെട്ട സ്ത്രീജനങ്ങളും, പൈതങ്ങളും കരഞ്ഞുകൊണ്ടും, നമ്മുടെ കത്താവു് അവക്കു് ചെയ്തിട്ടുള്ള മനോഗുണങ്ങളെ ഓർത്തു് നെഞ്ചത്തടിച്ചുകൊണ്ടും അങ്ങോട്ടും ഇങ്ങോട്ടും ഓടുകയും മുട്ടുകുത്തി പ്രാത്ഥിക്കയും ചെയ്തിരുന്നു.

എന്നാൽ പടയാളികറം ഈ ഗലിലേയൻ ജനങ്ങളിൽ രാജദ്രോഹം എരിയിക്കുന്നു എന്നതിന്നു് ഇനി എന്തു് ദൃഷ്ടാന്തമാണു് വേണ്ടതെന്നു് പറഞ്ഞുകൊണ്ടു്, അവരെ അടിച്ചുന്തി വീടുകളിലേക്കു് മടങ്ങി പോകുവാൻ നിബ്ബന്ധിച്ചു. കത്താവു് ഓഫേൽ കോട്ടവാതുക്കൽ എത്തിയപ്പോറം വീണ്ടും നിലത്തു് വീഴുകയും, എഴുന്നേററു് ഒരടിപോലും വെപ്പാൻ തീരെ അശക്തനായിത്തീരുകയും ചെയ്തയാൽ അതിൽ ഒരുവന്നു് അദ്ദേഹത്തിൻെറ നേരെ ദയവുതോന്നി മററവരോടു് പറഞ്ഞതായതു്: അയ്യോ! ഈ പാവപ്പെട്ട മനുഷ്യൻ എഴുന്നേല്പാൻ തീരെ അശക്തനായിരിക്കുന്നതു് നിങ്ങറം കാണുന്നില്ലേ? അയാളുടെ ആ തുടലുകളുടെ ഭാരത്തോടുകൂടെ തന്നെത്താൻ നില്പാൻകൂടെ കഴിയുന്നില്ല. ശ്രേഷ്ഠാചാര്യഭവനത്തിലേക്കു് ജീവനോടെ അയാളെ എത്തിക്കണമെങ്കിൽ അയാറം വീഴുമ്പോറം കരങ്ങളിന്മേൽ ഒന്നു് താങ്ങേണ്ടതിന്നായി കരങ്ങളിലെ കെട്ടുകളെ അഴിച്ചുകൊടുക്കണം" ഇതുകേട്ടു് ഒരു ക്ഷണനേരത്തേക്കു് പ്രദക്ഷിണം നിന്നു് കെട്ടുകറം അഴിച്ചു. എന്നു തന്നെയുമല്ല മറെറാരു സഹൃദയനായ പടയാളി സമീപെയുള്ള ഒരു ഓലിയിൽനിന്നു് കുറച്ചു് വെള്ളവും കൊണ്ടുവന്നു് കത്താവിന്നു് കൊടുക്കയും ചെയ്തു. കത്താവു് അവനോടു് നന്ദി പറഞ്ഞതുകൂടാതെ, തന്നിൽ വിശ്വസിക്കുന്നവർ പാനം ചെയ്യുമാറാകുന്ന ആ ദിവ്യജലഉറവയെക്കുറിച്ചു് അവനോടു് ഉപദേശിക്കവെ, പ്രീശർ നിന്ദയും ആക്ഷേപവുമായ വാക്കുകറം പറഞ്ഞുകൊണ്ടു് അദ്ദേഹത്തെ തടുത്തു.

കത്താവിൻെറ പേരിൽ കനിവു തോന്നിയ ആ രണ്ടു പേരുടെ ഹൃദയങ്ങറം ഉടനെ ദൈവവരപ്രസാദത്താൽ പ്രകാശിച്ചു. അവരിരുവരും അദ്ദേഹത്തിൻെറ മരണത്തിന്നു് മുമ്പുതന്നെ മനസ്സുതിരിഞ്ഞു് അവിടുത്തെ ശിഷ്യഗണത്തിൽ ചേരുകയും ചെയ്തു.

പ്രദക്ഷിണം വീണ്ടും പുറപ്പെട്ടു് ഓഫെൽ ദിക്കിൽ എത്തി; ഇവിടെ വെച്ചു് കൎത്താവിൻെറനേരെ വളരെ നന്ദിക്കു കടപ്പെട്ടവരായ ആ ദിഗ്വാസികൾ സങ്കടനിലവിളികളോടും, അലിവുള്ള പ്രലാപങ്ങളോടുംകൂടെ അദ്ദേഹത്തോടു് സ്വസ്തി പറവാനായി വന്നു. എല്ലാ വശത്തുനിന്നും കൎത്താവിനു ചുററും, ഓടിക്കൂടിയ ആ സ്ത്രീപുരുഷന്മാരുടെ കൂട്ടത്തെ തടുത്തു് പുറകോട്ടു ഓടിക്കുന്നതിനായി പടയാളികൾ വളരെ പ്രയത്നിക്കേണ്ടിവന്നു. ആ ജനങ്ങൾ കരങ്ങൾ കോൎത്തു് പിടിച്ചു് മുട്ടിന്മേൽ വീണു് പ്രലപിച്ചുകൊണ്ടു് പറഞ്ഞതായതു്: "ഇയ്യാളെ ഞങ്ങൾക്കു് വിട്ടുതരണമെ; ഞങ്ങളെ സഹായിക്കയും, ആശ്വസിപ്പിക്കയും, ഞങ്ങളുടെ രോഗങ്ങളെ പൊറുപ്പിക്കയും ചെയ്യുന്ന ഈയാളെ ഞങ്ങൾക്കു് വിട്ടുതരണമെ! വിട്ടുതരണമെ!" എന്നുച്ചത്തിൽ നിലവിളിച്ചിരുന്നു.

കൎത്താവിൻെറ തിരുമുഖം വിളറി, മുറിവേററു് വിരൂപമായും, തിരുമുടി ചിതറി ചടപിടിച്ചും, വസ്ത്രങ്ങൾ മുഴുവൻ നനഞ്ഞു് അഴുക്കു നിറഞ്ഞും ഇരിക്കുന്നതും മൃഗസ്വഭാവികളും, മദ്യമത്തന്മാരുമായ സേവകർ അദ്ദേഹത്തെ അങ്ങോട്ടുമിങ്ങോട്ടും വലിച്ചിഴക്കുന്നതും കശാപ്പുകാരൻെറ പാവപ്പെട്ട മൃഗത്തെയെന്നപോലെ അദ്ദേഹത്തെ അടിക്കുന്നതും മററും കാണുന്നതു് നിശ്ചയമായും ഏതു ക്രൂരൻെറയും ഹൃദയം തകൎക്കുന്ന കാഴ്ചതന്നെ. എന്നാൽ കൎത്താവു് പൊറുപ്പിച്ച ആ കുഷ്ഠരോഗികൾ, കാഴ്ചകൊടുത്ത കുരുടന്മാർ, സംസാരിപ്പിച്ച പൊട്ടന്മാർ, കേൾവി നൽകിയ ചെകിടന്മാർ മുതലായവർ ഒന്നിച്ചുകൂടി അദ്ദേഹത്തെ വിടുവാൻ ഇരന്നപേക്ഷിച്ചു എങ്കിലും അതൊക്കെ വൃഥാ ആയിപ്പോയി, എന്നുമാത്രമല്ല കൎത്താവിനെ ഞെരുക്കുന്നതിലും അദ്ദേഹത്തെ ഓഫേൽ ദിക്കു് കടത്തുന്നതിലും, സേവകരെ സഹായിക്കുന്നതിനായി താണ ജാതികളും, കാട്ടാള സ്വഭാവികളുമായ വളരെ ആളുകളെ ഹന്നാൻ, കയ്യാപ്പാ എന്നവർ അയച്ചിട്ടുമുണ്ടായിരുന്നു.

പ്രദക്ഷിണം പുറപ്പെട്ടു് ഒരു കുന്നിറങ്ങി, കടന്നുപോകേണ്ടതായിരുന്ന കോട്ടവാതിലിനു ഒരു വശത്തു് ശ്ലേമോൻതന്നെ പണിയിച്ച ഒരു വലിയ കെട്ടിടവും, മററുവശത്തു് ബെസെസ്ഥായെന്ന ജലാശയവും ഉണ്ടായിരുന്നു. ആ വാതിൽ കടന്നിട്ടു് അവർ പടിഞ്ഞാട്ടുതിരിഞ്ഞു് മീലൊ എന്ന കടുംതൂക്കമായ തെരുവീഥിയിൽകൂടെ പോയി. അതിൻെറ അവസാനത്തിൽ തെക്കോട്ടു് തിരിഞ്ഞു് അല്പം നടന്നപ്പോൾ അന്നാസിൻെറ വീട്ടി

ലേക്കു് എത്തുകയും ചെയ്തു. സേവകർ കർത്താവിനോടുള്ള ആ ക്രൂരപ്രവൃത്തികൾ അശേഷം കുറയ്ക്കാതെ മുൻപോകുന്ന ജനക്കൂട്ടം ഇപ്രകാരം ചെയ്യാൻ തങ്ങളെ നിർബ്ബന്ധിക്കുന്നുവെന്നുള്ള ഒഴിവു കഴിവു് പറഞ്ഞിരുന്നു. നമ്മുടെ കർത്താവു് പൂങ്കാവനംമുതൽ അന്നാസിൻെറ വീടുവരെയുള്ള ഇടയിൽ ഏഴുപ്രാവശ്യം നിലത്തു വീണതു് ഞാൻ കണ്ടു.

റാഹേൽ മിഗ്ദാസികളുടെ പ്രലാപങ്ങളും പരിഭ്രമവും അടങ്ങുന്നതിനു് മുമ്പുതന്നെ, പരിശുദ്ധകന്യക, പുണ്യസ്ത്രീകൾ ഒന്നിച്ചു് മാർക്കിൻെറ അമ്മയുടെ വീട്ടിലേക്കു് പോകുംവഴി അവരുടെ ഗ്രാമത്തിൽക്കൂടെ കടക്കുന്നതിനിടയായി. ആ വ്യാകുല അമ്മയെ അവർ കണ്ടപ്പോൾ, എല്ലാവരും വിങ്ങിപ്പൊട്ടി കരഞ്ഞു് വിലപിച്ചുകൊണ്ടു് ഓടിച്ചെന്നു് ആ അമ്മയെ അവരുടെ കരങ്ങളിൽ എടുത്താലെന്നപോലെ കൊണ്ടുപോയി. പരിശുദ്ധ മറിയമോ എന്നാൽ വ്യാകുലാധികൃത്താൽ സംസാരിക്കാൻ വശമില്ലാതിരിക്കയാൽ, യോഹന്നാൻ വന്നു് സകല വിവരങ്ങളും അറിയിച്ചപ്പോൾ മാത്രം, ചില വാക്കുകൾ ഉത്തരിച്ചു. കർത്താവിനെ അല്പം ദൂരെക്കൂടെ പിന്തുടർന്നിരുന്ന പത്രോസും യോഹന്നാനും തങ്ങളുടെ നായകനെ വിസ്തരിപ്പാനിരിക്കുന്ന കച്ചേരിയിൽ പ്രവേശിക്കുന്നതിനു് ശ്രേഷ്ഠാചാര്യൻെറ ദാസരോടു ചോദിച്ചു. എന്നാൽ ഇവർ സംഘക്കാരേയും പൂർവ്വന്മാരേയും ക്ഷണിക്കുന്നതിനു് ഉത്തരവു് പ്രാപിച്ചിരിക്കയാൽ ആ ശ്ലീഹന്മാരുടെ താല്പര്യം നിവൃത്തിക്കുന്നതിനു് തൽക്കാലം കുറെ പ്രയാസമായിരിക്കനിമിത്തം, അവരുടേതുപോലെയുള്ള വസ്ത്രങ്ങൾ ഇവർക്കും കൊടുത്തു്, ക്ഷണക്കത്തുകൾ കൊണ്ടുപോകുന്നതിൽ ഇവരേയും ഉദ്യോഗിപ്പിച്ചു.

ഇങ്ങനെ അവസാനം മറെറല്ലാവരേയും പുറത്താക്കിയ സമയം ഇവർ ദാസരിൽ കൂടിക്കലർന്നു് അകത്തു പ്രവേശിക്കുന്നതിനിടയായി; എന്നു മാത്രമല്ല, ഈ സംഘസഖികളായിരുന്ന നിക്കൊദെമ്മോസു് റാംസയൌസേപ്പു് മുതലായ ചില സഹൃദയന്മാരെ ക്ഷണിപ്പാനുള്ള ജോലി ഈ ശ്ലീഹന്മാർ ഏൽക്കുമെങ്കിൽ ശ്രീശർ മനസ്സറിഞ്ഞുംകൊണ്ടു് അവരെ വിളിക്കേണ്ടാ എന്നു കരുതിയിരുന്ന ഈ രണ്ടുപേർക്കും സംഘത്തിൽ കൂടുവാൻ ഇടയുമായി. ഈ സമയം യൂദാ ഓറശ്ലമിനു തെക്കുവശമുള്ള കടുംതൂക്കമായ സ്ഥലങ്ങളിൽ അലഞ്ഞുനടക്കുമ്പോൾ അവൻെറ സകല ആംഗ്യങ്ങളിലും ദൃഷ്ടിയിലും സർവ്വദാ ശരണക്കേടു വിളങ്ങിയിരുന്നു.

എന്നു തന്നെയുമല്ല പിശാച്ച് അവന്റെ ബോധത്തിൽ സകലവിധ ഇരുണ്ട രൂപങ്ങളും തോന്നിച്ചിരുന്നു.

# അദ്ധ്യായം 4

## ശ്രേഷ്ഠാചാര്യന്മാരുടെ മുന്നൊരുക്കങ്ങൾ.

നമ്മുടെ കർത്താവിനെ പിടിച്ച ഉടനെ ആ വിവരം അന്നാസ്, കയ്യാപ്പാ എന്നവരെ അറിയിക്കയും അവർ ഉടനെ പിന്നീടു നടത്തേണ്ടും സകല കാര്യങ്ങളും ആലോചിച്ച് തീർമ്മാനിക്കയും ചെയ്തു: തൽക്ഷണം എല്ലായിടത്തും തിരക്കും കലഹവുമായി; കച്ചേരിശാലയിൽ വിളക്കുകൾ തെളിയിച്ച് വാതിലുകളിലൊക്കെ കാവൽ നിറുത്തി, സംഘാംഗങ്ങളേയും പ്രീശരേയും കർത്താവിനെ വിസ്തരിക്കുമ്പോൾ കൂടെ ഉണ്ടാകേണ്ടിയവരൊക്കെയേയും ക്ഷണിക്കുന്നതിനായി പട്ടണത്തിന്റെ നാനാഭാഗത്തേക്കും ആളുകളെ അയച്ചു. പക്ഷെ അവരിൽ പലരും യൂദായുടെ ഉടമ്പടി സ്വീകരിച്ച സമയംമുതൽ കയ്യാപ്പായുടെ വീട്ടിൽവന്ന് കാര്യത്തിന്റെ പോക്കു കാത്തിരുന്നിരുന്നു. പല പദവിക്കാരായ മൂപ്പന്മാരും പൂർവ്വന്മാരും വന്നുകൂടി എന്തെന്നാൽ തിരുനാൾ കൊണ്ടാടുന്നതിനായി പല നാട്ടുകളിൽനിന്നുമുള്ള പ്രീശരും, സന്ദുക്കാരും, ഹേറോദിയരും ഓറശ്ലേംപുരിയിൽ വന്നുകൂടിയിട്ടുണ്ടായിരുന്നു എന്നു തന്നെയുമല്ല ഇവർ കർത്താവിനെ പിടിക്കുന്ന കാര്യം സംബന്ധിച്ച് ദീർഘകാലമായി സംഘവുമായി ആലോചിച്ചിട്ടുമുണ്ടായിരുന്നു.

ശ്രേഷ്ഠാചാര്യർ കർത്താവിന്റെ ശത്രുക്കളെന്ന് അറിഞ്ഞിരിക്കുന്നവരൊക്കെയോടും, സാക്ഷികളെ കഴിയുന്ന തെളിവുകളോടെ സംഘത്തിൻമുമ്പിൽ തയ്യാറാക്കി കൊണ്ടുവരണമെന്ന് അറിയിച്ചു നിമിത്തം, ഈശോ പലപ്പോഴും ജനമുഖേന കുററപ്പെടുത്തിയിട്ടുള്ളവരായ നസ്രുസ്, കഫർന്നാഹും, തയിർസാ, ഗബോറാ, യോസപ്പാത്ത്, സീലൊ മുതലായ ദിക്കുകളിലെ നിഗളികളായ സന്ദുക്കായർ ഈ തരംപിടിച്ച് പകരംവീട്ടുന്നതിന് ജ്വലിച്ചെരിഞ്ഞിരുന്നു. അവർ ധൃതിയിൽ ഓരോ വിടുതിസ്ഥലങ്ങളിൽ പോയി കർത്താവിന്റെ ശത്രുക്കളെന്ന് അറിഞ്ഞിട്ടുള്ളവർക്ക്

കൈക്കൂലി കൊടുത്തുകൊണ്ടു് കള്ളസാക്ഷി പറയുന്നതിനു് വിളിച്ചിരുന്നു.

പക്ഷെ ഇവർ ഇത്ര ശ്രമിച്ചിട്ടും സിനഗോകിൽ * വെച്ചു് പല പ്രാവശ്യവും കർത്താവു് ഖണ്ഡിച്ചിട്ടുള്ള ആ മൂഢചോദ്യങ്ങളും വിസ്തരിച്ചാൽ ഉടനെ നേരുതെളിയുന്നതായ ചില വ്യാജങ്ങളും അല്ലാതെ ഒന്നും അവക്കു് എത്തുപെട്ടില്ല; എങ്കിലും ഓറശ്ലത്തെ പ്രീശരും ശാസ്ത്രികളും അദ്ദേഹത്തിൻെറ വിരോധികളെ ഒക്കെയും ഉത്സാഹിപ്പിച്ചുകൊണ്ടു് കയ്യാപ്പായുടെ കച്ചേരിക്കു് ബദ്ധപ്പെട്ടു് കൊണ്ടുപോയി.

ദേവാലയത്തിൽ കച്ചവടംവിററിരിക്കുമ്പോൾ കർത്താവു് ഓടിച്ചുകളഞ്ഞ ആ കച്ചവടക്കാരും; 12-ാം വയസ്സു് പ്രായത്തിൽ ദേവാലയത്തിൽവെച്ചു് തക്കിച്ചു് തോല്പിച്ചതുനിമിത്തം നാണിച്ചുപോയ ആ ശാസ്ത്രികളും മററും കൂടെ ഉണ്ടായിരുന്നു. മാത്രമല്ല പാപത്തിന്മേൽ പശ്ചാത്താപം ഇല്ലായ്കനിമിത്തം രോഗം സുഖപ്പെടുത്താതിരുന്ന ആ പാപികളും, വീണ്ടും പിഴക്കയാൽ രോഗം വീണ്ടും ബാധിച്ചവരും, ദ്രവ്യാശ നിമിത്തം അവിടുത്തെ ശിഷ്യഗണത്തിൽ ചേൎന്നുഞ്ഞ ലൌകികയുവാക്കളും, തങ്ങളുടെ ദ്രവ്യം ദരിദ്രർക്കു് പകുത്തുകൊടുപ്പാൻ കല്പിച്ചതിനാൽ ക്രോധിച്ച ലുബ്ധന്മാരും ഇങ്ങനെ പലരേയും അവർ കൂട്ടിക്കൊണ്ടുപോയി.

ഇതുകൂടാതേയും തങ്ങളുടെ സ്നേഹിതരുടേയും സംബന്ധികളുടേയും രോഗങ്ങൾ കർത്താവു് പൊറുപ്പിക്കനിമിത്തം അവരുടെ ദ്രവ്യം കിട്ടാതെ പോയതിനാൽ കോപിച്ച ദ്രവ്യാഗ്രഹികളും, വേശ്യകളായിരുന്ന തങ്ങളുടെ ദുർസഖികളെ അദ്ദേഹം മനസ്സുതിരിപ്പിക്കയാൽ കോപിച്ച വ്യഭിചാരികളും, സമ്പന്നന്മാരുടെ ദുൎഗ്ഗുണങ്ങൾ പുകഴ്ത്തിപ്പറഞ്ഞുകൊണ്ടു് കാലക്ഷേപം ചെയ്യുന്ന ദുസ്സ്വഭാവികളും ചുരുക്കിപ്പറയുന്നതായാൽ, പരിശുദ്ധമായവ ഒക്കെയും വിരോധിക്കുന്ന ആ പൈശാചികഭൂതരെ ഒക്കെയും അദ്ദേഹത്തിൻെറ ശത്രുക്കൾ പറഞ്ഞു് വാശികലൎത്തുകയാൽ, കയ്യാപ്പായുടെ കച്ചേരിക്കു് ചുററും ഈ ശത്രുഗണം കൂട്ടംകൂട്ടമായിക്കൂടി ലോകപാപങ്ങളെ മുഴുവൻ തൻെറമേൽ വഹിച്ചു് മനുഷ്യവർഗ്ഗത്തെ ദൈവത്തോടു് സമാധാനപ്പെടുത്തുവാൻ പോകുന്ന ആ കറയററ ദിവ്യചെമ്മരിയാട്ടിൻകുട്ടിയെ, സകലവിധ അപഖ്യാതികളാലും മൂടിക്കളവാൻ ഇവർ പ്രയത്നിച്ചിരുന്നു.

* വേദമുറകൾ ആലോചിപ്പാനായി കൂടുന്ന യൂദസംഘം.

ഈവിധ ദുരാലോചനകളിൽ ഇവർ ശ്രദ്ധിച്ചിരിക്കയിൽ കർത്താവിൻെറ സ്നേഹിതർ, നിറവേറുവാനിരിക്കുന്ന ദിവ്യരഹസ്യം അറിയാതെ, ഈ ദുരാലോചനകൾ കേട്ടു വ്യസനിച്ച് നെടുവീർപ്പുകൊണ്ട് അങ്ങുമിങ്ങും അലഞ്ഞു നടന്നീടുന്നു. ഇവർ ഉച്ചരിക്കുന്ന വാക്കുകൾ ഒക്കയും മററവർ സംശയിച്ചിരുന്നു. ഇവർ മിണ്ടാതിരുന്നാൽ അതും കുററംതന്നെ. നല്ലവർ എങ്കിലും ബലഹീനരായ പലരും ഇതുകളാൽ പരീക്ഷയിൽ അകപ്പെട്ട് തങ്ങളുടെ വിശ്വാസം വെടിവാൻ ഇടയായി, ഈ കഠോരപെശറിൽ ഇളകാതെ നിലനിന്നവർ വളരെ ചുരുക്കം തന്നെ; ഈ വിധംതന്നെയാണ് ഇപ്പോഴും സംഭവിക്കുന്നത്. തങ്ങളുടെ സമസൃഷ്ടികളിൽനിന്നു് ഉപദ്രവം നേരിടാത്ത സമയം, ദൈവ ഊഴിയം ചെയ്യുകയും, എന്നാൽ ശേഷമുള്ളവർ അവരെ നിന്ദിക്കുമ്പോൾ ദൈവം അയക്കുന്ന കുരിശിനെ ചുമപ്പാൻ നാണിച്ചു സകലവും വിട്ടുപേക്ഷിക്കയും ചെയ്യുന്നു. എന്നാൽ പാടുകളിൽ വെച്ചുള്ള നമ്മുടെ കർത്താവിൻെറ അതിരററ ക്ഷമകണ്ട് പലരുടെയും ഹൃദയങ്ങൾ ഇളകുകയാൽ അവർ വിഷാദംപൂണ്ട് മിണ്ടടങ്ങി നടന്നിരുന്നു.

# അദ്ധ്യായം 5

## ഓറശ്ലംപുരിയിലേക്ക് ഒരു നോട്ടം.

ഓറശ്ലംപുരിയിലെ ജനങ്ങൾ തിരുനാൾ ഘോഷത്തിനു് മുമ്പ് പതിവായ ജപങ്ങളും, ഒരുക്കങ്ങളും ചെയ്തശേഷം ഗാഢനിദ്ര പ്രാപിച്ചിരിക്കവെ പെട്ടെന്നുണ്ടായ പടയാളികളുടെ അട്ടഹാസംകേട്ട് ഉണർന്നുപോയി. അവരിൽ ശ്രേഷ്ഠാചാര്യൻ ക്ഷണിച്ചവർ സംഘത്തിലേക്കായി ബദ്ധപ്പെട്ട് പുറപ്പെട്ടതുകൂടാതെ ശേഷമുള്ളവരും വിവരമറിവാനായി വിളക്കുകളും, പന്തങ്ങളുംകൊണ്ട് ശ്രേഷ്ഠാചാര്യ കച്ചേരിയിലേക്ക് പോയിരുന്നു. സെഹിയോനിലേക്ക് തിരിച്ച് നടന്നിരുന്ന ആ പുരുഷാരത്തിൽ ചിലർ ഇടയ്ക്ക് സ്നേഹിതരുടെ വാതുക്കൽ തട്ടിവിളിക്കയും മാർഗ്ഗമദ്ധ്യേനിന്നു് സംഭാഷിക്കയും മററും ചെയ്തിരുന്നു.

എന്നാൽ ചില വർത്തമാനപ്രിയരും ദാസരും മടങ്ങി ഓടിച്ചെന്നു ഭവനങ്ങളിൽ ഉള്ളവരോട് വിവരങ്ങൾ അറിയിച്ചിരുന്നു.

എല്ലാംകൊണ്ടു് ഒരു വലിയ കലഹസമയംപോലെ, കതകുകൾ അടക്കുകയും, തുറക്കുകയും സാക്ഷാ കിടുക്കുകയും ചെയ്യുന്ന സ്വരങ്ങളും മററും വളരെ കേട്ടിരുന്നു. ഓരോരുത്തൻ ഓരോവിധ അഭിപ്രായങ്ങൾ പറഞ്ഞിരുന്നു. "തന്റെ നേരെ ഇത്ര മനോവിശ്വാസമായിരുന്ന ആ മനുഷ്യൻ ആരാണെന്നു് ലാസറിനും സഹോദരിമാർക്കും ഇപ്പോൾ നല്ലവണ്ണം മനസ്സിലാകും" എന്നു ചിലരും, "യോവാന്നാ, ചൂസാ, സൂസാന്ന, മാർക്കിന്റെ അമ്മ, ശാലോം മുതലായവർക്കു് ഇയ്യാളോടുണ്ടായിരുന്ന അവിവേകമായ മനോവിശ്വാസംനിമിത്തം വളരെ മനസ്താപപ്പെട്ടും, പക്ഷെ അതു താമസിച്ചായിപ്പോയി" എന്നു ചിലരും, "സിരാക്കിന്റെ ഭാര്യയായ സെറാഫിയ (വെറോനിക്ക) ഇപ്പോൾ അവളുടെ ഭർത്താവിനോടു് ഒരു മാപ്പു് അപേക്ഷിക്കേണ്ടിവരും, എന്തെന്നാൽ ഈ ഗെലീലേയനോടുള്ള അവളുടെ അടുപ്പത്തെപ്പററി പലപ്പോഴും അവളെ അയാൾ ശാസിച്ചിട്ടുണ്ടു്" എന്നു മററു ചിലരും, "ഈ മത്സരാരൂപി എരിയിക്കുന്ന മനുഷ്യന്റെ ഭാഗക്കാർക്കു്, അയാളെ മററുപ്രകാരം കരുതുന്നവരുടെനേരെ സഹതാപം തോന്നുന്നുവെന്നും മററും പറഞ്ഞിരുന്നല്ലോ, ഇപ്പോൾ അവരൊക്കെ ഏതു മൂലയിലാണു് പോയി ഒളിക്കുന്നതു്?" എന്നു് വേറെ ചിലരും പറഞ്ഞിരുന്നു.

പിന്നെയും "ഇനി അയാൾ വരുംവഴിയിൽ വസ്ത്രങ്ങളും സൈത്തു ചില്ലകളും വിരിക്കുന്നതു് ആരായിരിക്കും?" എന്നു ചിലരും, ആ ഗലീലേയനോടു ചേർന്നതുനിമിത്തം ഇതരന്മാരെക്കാൾ തങ്ങൾ നല്ലവരെന്നു നടിച്ചിരുന്ന ആ കപടഭക്തർക്കു് ഇപ്പോൾ അവരുടെ സമ്മാനം കിട്ടും. കാര്യം ആദ്യം കരുതിയതിലും അപകടമായിട്ടാണു് തീരുവാൻ പോകുന്നതു്" എന്നു് ചിലരും, നിക്കൊദെമോസും റാംസയൌസേപ്പും ഇതിൽനിന്നു് എങ്ങനെ ഒഴിയുമെന്നു് നമുക്കു് ഒന്നു കാണണം. ശ്രേഷ്ഠാചാര്യർക്കു് ഈ സംഗതിയിൽ അവരോടു് അല്പം അവിശ്വാസം ഭവിച്ചിട്ടുണ്ടു്. പക്ഷെ അവർ മഹാ കൌശലക്കാരാകുന്നു. എങ്കിലും എല്ലാം ഇപ്പോൾ പുറത്തു വരും" എന്നു ചിലരും ഇങ്ങനെ പലവിധമായി പറഞ്ഞിരുന്നു. . കർത്താവിന്റെ ശത്രുക്കൾ, ഈ വക വാക്കുകൾ, ശാരീരിക സംഗതികളിൽ അദ്ദേഹത്തെ സഹായിക്കയൊ, അദ്ദേഹത്തിന്റെ ദിവ്യ അറിയിപ്പിന്മേൽ പുറമെ വണക്കം കാണിക്കയൊ ചെയ്തിരുന്ന ആ പുണ്യസ്ത്രീകളെക്കൊണ്ടുകൂടേയും പറ

ഞ്ഞിരുന്നെങ്കിലും മറിച്ചഭിപ്രായക്കാരും ചിലർ ഉണ്ടായിരുന്നു.

ഈ ന്യൂനപക്ഷക്കാർ തങ്ങളുടെ അന്തർഗ്ഗതങ്ങൾ മനോവിശ്വാസമായി വെളിപ്പെടുത്തുവാൻ തക്കവരെ കാണായ്കയാൽ ഞെരുങ്ങിയിരുന്നു. പട്ടണത്തിൽ പലേടത്തും, എന്നാൽ പ്രത്യേകിച്ച് സംഘക്കാരെ ക്ഷണിപ്പാൻ അയച്ചിട്ടുള്ള ആ ഭാഗങ്ങളിൽ, കോപവെറി അഗ്നിജ്വാലയുടെ സാദൃശ്യത്തിൽ എരിഞ്ഞിരുന്നതു് ഞാൻ കണ്ടതുകൂടാതെ, ആ ജ്വാലകൾ അങ്ങുമിങ്ങും സഞ്ചരിച്ച് തമ്മിൽ ഒന്നിച്ചുകൂടി സെഹിയോനിലേക്കു് പോകുകയും, അവിടെ കയ്യാപ്പായുടെ കച്ചേരിക്കു് ചുററും ഒരു കോപാഗ്നിമയമായ ചുഴലിക്കാററായി തീരുകയുംചെയ്തു. റോമാസേവകർ ആശ്ചര്യത്തോടെ യൂദന്മാരോടു് കലഹകാരണം ചോദിച്ചപ്പോൾ, പ്രീശർ അന്യജാതികളായ റോമാപടയാളികളോടു് സംസാരിച്ചാൽ തിരുനാൾശുദ്ധിക്കു് ഭംഗം ഭവിക്കുമെന്നു് ഭയപ്പെട്ടു് അവരിൽനിന്നു് അകന്നു നടന്നിരുന്നു. എങ്കിലും അവർ അന്നു പ്രത്യേകം സൂക്ഷ്മമായി കാവൽ കാത്തിരുന്നു. ശ്രേഷ്ഠാചാര്യൻ പീലാത്തോസിന്നു് സംഗതി അറിയിച്ചു് ഓഫേൽ ഗ്രാമത്തിൽ കുറെ പട്ടാളം നിറുത്തുവാൻ അപേക്ഷിച്ചു. എന്നാൽ അവന്നു് അപ്പോൾ യൂദരോടു് അത്ര രസമില്ലായ്കയാൽ അതിന്മേൽ കഥവെച്ചില്ല; എങ്കിലും അവന്നു് ആ രാത്രി മിക്കവാറും ഉറങ്ങുവാൻ സാധിക്കാതെ കേട്ടിരുന്ന സംഗതികൾക്കും, ചോദ്യങ്ങൾക്കും, മറുപടികളും, ഉത്തരവുകളും അയച്ചിരുന്നു. അവന്റെ ഭാര്യ ഉറങ്ങിയെങ്കിലും അവളുടെ ഉറക്കത്തിൽ ഭയങ്കരസ്വപ്നങ്ങൾ കണ്ടു് കരയുകയും ഞരങ്ങുകയും ചെയ്തിരുന്നു.

നമ്മുടെ കർത്താവിനെ പിടിച്ചതുനിമിത്തം ഓഫേൽദിവാസികളെപ്പോലെ, ഓറശ്ലേംപുരിയിൽ ആരും അത്ര അധികം പ്രലപിച്ചിട്ടില്ല. അവർ ആദ്യം ഈ കേൾവി വിശ്വസിച്ചില്ലെങ്കിലും, അദ്ദേഹം ബന്ധിക്കപ്പെട്ടു് അവരുടെ ഗ്രാമമദ്ധ്യേ കടന്നതും, മാതാവു് ഗ്രാമങ്ങൾതോറും അലഞ്ഞുനടക്കുന്നതും, കാണുകയാൽ അവരുടെ വ്യസനം അടക്കരുതാത്തതായിത്തീന്നു. പരിശുദ്ധകന്യകയും, മററു പുണ്യസ്ത്രീജനങ്ങളും ശത്രുക്കളെ ഭയപ്പെട്ടു് ഓരോ മൂലയിലും കോണിലുംപോയി ഒളിച്ചിരുന്നു; എങ്കിലും ആ ദുഷ്ടർ അവരെ ആക്ഷേപിക്കുകയും ദുഷ്ടസ്ത്രീഗണത്തിൽ ചേന്നവരായി കരുതുകയും ചെയ്തിരുന്നു. എന്നുതന്നെയുമല്ല ആ ഘാതകർ കർത്താവിനെ ദുഷിക്കയും, അദ്ദേഹത്തെ പിടിച്ചതുനിമി

ത്തം ജയഭേരി മുഴക്കുകയും ചെയ്യുന്നതു് കേൾക്കുമ്പോൾ അവരുടെ ഹൃദയം കുത്തി മുറിവേല്പിക്കപ്പെട്ടിരുന്നു. ഒരു ഒററ കരുണവാക്കുപോലും കേട്ടിരുന്നില്ല. അവർ ഒരു വീട്ടിൽ അടങ്ങിയിരിക്കുമ്പോൾ, ഒരു സ്നേഹിതൻ വന്നു് കർത്താവിൻെറ വിവരങ്ങൾ ഇവരെ അറിയിച്ചു. പക്ഷെ ആ വർത്തമാനത്താൽ ആശ്വാസത്തിനു് പകരം അതിയായ വ്യസനമാണു് ഉണ്ടായതു്. ആകയാൽ അടങ്ങിയിരിപ്പാൻ നിവൃത്തിയില്ലാതെ വീണ്ടും ഇറങ്ങിനടന്നുതുടങ്ങി.

മിക്ക ശ്ലീഹന്മാരും ഭയപ്പെട്ടു്, ഭ്രമിച്ചുകൊണ്ടു് ഓറശ്ലത്തിനു് ചുററുമുള്ള താഴ്വരകളിൽ അലഞ്ഞുനടന്നശേഷം സെത്തുമലയുടെ ചരിവിലുള്ള ഒരു ഗുഹയിൽ കയറിയിരുന്നു അവിടെ നിന്നു് ചിലർ കാര്യമറിവാനായി പട്ടണത്തിലേക്കു് പോകയും, മററു ചിലർ മല ഉച്ചിയിൽ കയറി നോക്കയുംചെയ്തു. കയ്യാപ്പായുടെ ഭവനത്തിനു് ചുററും പന്തവെളിച്ചങ്ങളെ കാണുകയും, കലഹസ്വരങ്ങൾ കേൾക്കയുംചെയ്തു. ഇവർ തമ്മിൽ കണ്ടുമുട്ടുമ്പോൾ പരിഭ്രമസ്വരത്തിൽ സംസാരിച്ചിരുന്നതു് കൂടാതെ അന്യനൊരുവനെ കാണുന്ന ക്ഷണം ഭയപ്പെട്ടു ഓടിയൊളിക്കയും ചെയ്തിരുന്നു. ഈ മഹാ ആരവങ്ങളിൽക്കൂടെ പട്ടണത്തിനു് പുറത്തു് വളരെ മൃഗങ്ങളുടെ സ്വരങ്ങളും, പ്രത്യേകം പിറേറ ദിവസം പൂജിപ്പാനുള്ള ആട്ടിൻകുട്ടികളുടെ സ്വരങ്ങളും കേട്ടിരുന്നു. എന്നാൽ ഒരു ചെമ്മരിയാട്ടിൻകുട്ടിമാത്രം കശാപ്പുകാരൻെറയും രോമം കത്രിക്കുന്നവൻെറയും മുമ്പിൽ നില്ക്കുന്ന സാധുവായ ചെമ്മരിക്കുഞ്ഞുപോലെ, മറുതലിക്കാതേയും വാ തുറന്നു് ശബ്ദിക്കാതേയും പൂജിക്കപ്പെടുന്നതിനു് മനസ്സാലെ തന്നത്താൻ ഏല്പിച്ചിരുന്നു. ആയതു് ദൈവചെമ്മരിയാട്ടിൻകുട്ടി കറയററ ചെമ്മരിക്കുഞ്ഞു്, സത്യമായ പെസഹാ ചെമ്മരിയാട്ടിൻകുട്ടിയായ ഈശോകർത്താവായിരുന്നു.

ആ സമയം ആകാശം ഇരുണ്ടു് ഭയങ്കരം തോന്നിച്ചിരുന്നതു കൂടാതെ ചന്ദ്രനും അതിൻെറ സൃഷ്ടിതാവു് മരിക്കുന്നതിനാൽ പൂർണ്ണമായി ശോഭിപ്പാൻ ഭയപ്പെട്ടാലെന്നപോലെ ചുവന്നനിറമായി പകന്നിരുന്നു. പിന്നീടു് ഞാൻ തെക്കേ കോട്ടവാതിലിനു് പുറത്തു് ഒന്നു നോക്കിയപ്പോൾ, അവിടെ ദ്രോഹിയായ യൂദസ്കറിയോത്ത അവൻെറ പാതകമനസ്സാക്ഷിയുടെ ഉഗ്രകടികളാൽ ബാധിക്കപ്പെട്ടു്, തനിയെ അങ്ങുമിങ്ങും അലഞ്ഞുനടന്നിരുന്നു. അ

വൻ തന്റെ സ്വന്ത നിഴൽക്കൂടേയും കണ്ടുഭയപ്പെട്ടു ഞടുങ്ങുകയും അവനെ പിന്തുടർന്നിരുന്ന അനേക ദുഷ്ടാരൂപികൾ അവന്റെ മനസ്സാക്ഷിക്കടിയെ ശരണക്കേടായി പകർത്തുന്നതിനു് പ്രയത്നിക്കയും ചെയ്തിരുന്നു. മാത്രമല്ല അനേകായിരം പിശാചുക്കൾ മനുഷ്യരെ കോപത്താൽ എരിയിച്ചുകൊണ്ടു്, നാനാഭാഗങ്ങളിലും ബദ്ധപ്പെട്ടു നടന്നിരുന്നതു് ഞാൻ കണ്ടതുകൂടാതെ നരകവാതിൽ പൂർണ്ണമായി തുറന്നു് പിശാചുക്കൾ ആസകലം കോപവെറിയോടെ പുറപ്പെട്ടു്, ദിവ്യചെമ്മരിയാട്ടിൻകുട്ടി തന്റെമേൽ ഏറ്റ ആ പാപത്തിന്റെ ഭാരം നൂറുമടങ്ങു് ഇരട്ടിപ്പിക്കുന്നതിനു് സകല പ്രയത്നവും ചെയ്തിരുന്നു. എന്നാൽ മാലാഖാമാർ ഈശോയെ സഹായിപ്പാനാഗ്രഹിച്ചിരുന്നെങ്കിലും നിത്യമായി ആകാശരാജിതത്തിൽ നിലനില്ക്കുന്നതായ, നിറവേറുവാൻ പോകുന്ന ദൈവനീതിയുടേയും ദൈവാനുഗ്രഹത്തിന്റെയും ഈ അത്ഭുതം കണ്ടു്, ആശ്ചര്യംപൂണ്ടു് ഭ്രമിച്ചു് അദ്ദേഹത്തെ ആരാധിച്ചിരുന്നതല്ലാതെ ഒന്നും ചെയ്വാൻ കഴിഞ്ഞിരുന്നില്ല. എന്തെന്നാൽ അവരും നമ്മെപ്പോലെ വിശ്വാസപ്രമാണത്തിലടങ്ങിയ രഹസ്യങ്ങളെ സ്ഥിരമായി വിശ്വസിക്കുന്നു.

# അദ്ധ്യായം 6

## നമ്മുടെ കർത്താവു് അന്നാസിന്റെ മുമ്പിൽ നിർത്തപ്പെട്ടതു്.

കർത്താവു് അന്നാസിന്റെ അരമനയിൽ എത്തിയപ്പോൾ ഉദ്ദേശം അർദ്ധരാത്രിയായിരുന്നു. ഉടനെ സേവകർ അദ്ദേഹത്തെ ഒരു വലിയ ശാലയിലേക്കു് കൊണ്ടുചെന്നു. അവിടെ നടവാതിലിനു് നേരെ നിലത്തുനിന്നു് അല്പംപൊങ്ങിയ ഒരു തട്ടിന്മേലുള്ള ഇരിപ്പിടത്തിൽ അന്നാസും അയാൾക്കു് ചുറ്റും 28 ആലോചനക്കാരും ഇരുന്നിരുന്നു. ഈ ന്യായാസനത്തിൻമുമ്പിൽ സേവകർ കർത്താവിനെ കൊണ്ടുവന്നു് നിറുത്തി; പടയാളികളും, ദാസന്മാരും, കള്ളസാക്ഷികളും, ജനങ്ങളുംകൊണ്ടു് ആ ശാല നിറഞ്ഞിരുന്നു. അന്നാസു്, നമ്മുടെ കർത്താവു് അയാളുടെ ന്യായാ

സന്നത്തിൻമുമ്പിൽ വരുന്നതിന്മേൽ സന്തോഷിച്ചുകൊണ്ടു് അവിടുത്തെ വരവു് പാൎത്തിരിക്കെ, അയാളുടെ ദൃഷ്ടിയിൽ ഹൃദയത്തിലുള്ള ഒരു നരകീയപ്രസാദവും അതിവെകിട കൌശലസ്വഭാവവും തെളിവായി പ്രകാശിച്ചിരുന്നു.

ഇയ്യാഠം അബദ്ധങ്ങഠം പഠിപ്പിക്കുന്നവരെ വിസ്തരിപ്പാനുള്ള സംഘാദ്ധ്യക്ഷനായിരുന്നതുകൂടാതെ ഈ സംഘത്തിൽ കുററം തെളിഞ്ഞവരെ ശ്രേഷ്ഠാചാൎയ്യ സംഘസന്നിധിയിലേക്കു് തെളിവുകളോടെ കൂട്ടി എല്പിക്കയും ചെയ്യുമാറായിരുന്നു. ഈശോ അന്നാസിൻെറ മുമ്പിൽ നന്നാ ക്ഷീണിച്ചു് വിരൂപമായും, വസ്ത്രങ്ങളിൽ ചേറു പുരണ്ടു് അഴുക്കായും, കരങ്ങഠം ബന്ധിക്കപ്പെട്ടും, ദൃഷ്ടി താഴ്ത്തി ഒരു അക്ഷരംപോലും മിണ്ടാതേയും നിന്നിരുന്നു. എന്നാൽ താടിമീശ നന്നാ കുറഞ്ഞവനും മെലിഞ്ഞവനും ബഹുനിഗളിയും അഹംഭാവിയും ആയിരുന്ന അന്നാസു് ഈ നടന്ന സംഗതികളൊന്നും അശേഷം അറിഞ്ഞിട്ടില്ല. തത്സമയം തൻെറ മുമ്പിൽ നില്ക്കുന്ന ഈ കുററക്കാരൻ നസ്രായക്കാരൻ ഈശോയാണെന്നു് അറിയുന്നതിൽ അത്യന്തം അതിശയിക്കുന്നുവെന്ന ഭാവം നടിച്ചുകൊണ്ടു്, നിന്ദാഭാവത്തിൽ പുഞ്ചിരിയോടെ കൎത്താവിനെ നോക്കി പറയുന്നതായതു്: "അയ്യോ! അങ്ങനെ സംഭവിക്കുമോ? എന്താണിതു്? നസ്രായക്കാരനീശോ നീതന്നെയാണോ? അയ്യോ! നിൻെറ ശിഷ്യഗണവും ആ കണക്കില്ലാത്ത അനുഗാമികളും എവിടെ പോയി? നിൻെറ ആ രാജിതം ഇപ്പോഠം എവിടെയാണു്? പക്ഷെ കാൎയ്യങ്ങഠം നീ കരുതിയപോലെ തന്നെ നടന്നില്ലായിരിക്കുമോ? ദൈവത്തിൻെറയും, തൻെറ ആചാൎയ്യന്മാരുടേയും നേരെയുള്ള നിൻെറ ഈ ആചാരമററ നടപടികഠംം ഈ ശനിയാഴ്ചലംഘനങ്ങഠംക്കും ഒരു അവസാനം വരുത്തേണ്ടും സമയമായി എന്നു് മേലധികാരികഠംക്കു് തോന്നിയിരിക്കാം."

"പിന്നെയും, എന്തൊരുവക ശിഷ്യരാണു് നിനക്കുള്ളതു്? അവരൊക്കയും ഇപ്പോഠം എവിടെ? നീ മൌനമായിരിക്കുന്നതു് എന്താ? തട്ടിപ്പുകാരാ! നീ പറയുക; മരുതലാത്രപി എരിയിക്കുന്നവനോ? നീ പറയുക; നീ പെസഹാ ഭക്ഷിച്ചതു് ന്യായരഹിതമായ പ്രകാരത്തിലും, ഇടത്തിലും ദിവസത്തിലുമല്ലേ? പുതിയ പഠനങ്ങഠം നടത്തുവാൻ നീ ആഗ്രഹിക്കുന്നുവല്ലെ? പ്രസംഗിക്കുന്നതിനു് ആരാണു് നിനക്കു് അധികാരം തന്നതു്? നീ എവി

ടെയാണു് പഠിച്ചതു്? നിൻെറ വേദത്തിൻെറ മുറകളെന്താണു്? വേഗത്തിൽ പറയുക" എന്നും അദ്ദേഹത്തോടു് അയാൾ പറഞ്ഞു. അതിനു കർത്താവു് തൻെറ ക്ഷീണിച്ച തിരുത്തല അല്പം ഉയർത്തി അയാളെ നോക്കി പറഞ്ഞതായതു്: "ഞാൻ സദാ യൂദരേവരും കൂട്ടമാറാകുന്ന സിനഗോഗിലും, ദേവാലയത്തിലുംവെച്ചത്രെ പഠിപ്പിച്ചതു്; രഹസ്യമായി ഒന്നുംതന്നെ ഞാൻ പറഞ്ഞിട്ടില്ല; പിന്നെ എന്തുകൊണ്ടു് എന്നോടു് ചോദിക്കുന്നു; ഞാൻ പറഞ്ഞവ കേട്ടിട്ടുള്ളവരോടു് ചോദിക്ക; ഞാൻ പറഞ്ഞതു് എന്താണെന്നു് അവർ അറിയുന്നുവല്ലൊ".

ഈ ഉത്തരം കേട്ടപ്പോൾ അന്നാസിൻെറ ദൃഷ്ടിയിൽ കോപാഗ്നിജ്വാല വീശുന്നതു് അടുക്കെ നിന്നിരുന്ന ഒരു ഹീനദാസൻ കണ്ടു് "ശ്രേഷ്ഠാചാര്യനോടു് ഇതിൻവണ്ണമാണോ ഉത്തരിക്കുന്നതു്" എന്നു് പറഞ്ഞുകൊണ്ടു് ഇരിമ്പുറയിട്ട അവൻെറ കൈകൊണ്ടു് കർത്താവിൻെറ തിരുകന്നത്തിൽ അതിഭയങ്കരമായി അടിച്ചതു കൂടാതെ മററു സേവകരും അപ്രകാരംതന്നെ പറഞ്ഞുകൊണ്ടു് അടിക്കയും ചെയ്തു. ഈ അടികളുടെ ശക്തിയാൽ അവിടുന്നു് നിലത്തു വീഴുകയും, അവിടുത്തെ തിരുമുഖത്തിൽനിന്നും രക്തം പുറപ്പെട്ടൊഴുകുകയും ചെയ്തപ്പോൾ ശാലയിൽ ഉള്ളവർ ഒക്കെയും അദ്ദേഹത്തെ ആക്ഷേപിച്ചു ചിരിച്ചിരുന്നു.

പിന്നീടു സേവകർ അദ്ദേഹത്തെ ക്രൂരമായി വലിച്ചെഴുന്നേല്പിച്ചപ്പോൾ അദ്ദേഹത്തെ അടിച്ചവനോടു് "ഞാൻ പറഞ്ഞതു് തെററായിരുന്നാൽ നീ തെളിയിക്കുക. ആയതു് ശരിയാണെങ്കിൽ എന്ത്യേ എന്നെ നീ അടിച്ചു?" എന്നു് അദ്ദേഹം സൌമ്യതയോടെ പറഞ്ഞു. എന്നാൽ അന്നാസു് കർത്താവിൻെറ ശാന്തത കണ്ടു് കോപവെറി സഹിക്കവഹിയാതെ സാക്ഷികളിലേക്കു് തിരിഞ്ഞു് അദ്ദേഹത്തിൻെറനേരെയുള്ള അവരുടെ അപവാദങ്ങൾ പാറവാൻ പ്രമാണിച്ചു. ഉടൻ അവർ പറഞ്ഞതായതു്: ഇവൻ രാജാവാകുന്നു എന്നു് തന്നത്താൻ പറയുന്നു. ഇവൻ ദൈവകുമാരനും, പ്രീശർ വ്യഭിചാരസന്തതിയുമാണെന്നു് പറകയും, ജനങ്ങളിൽ മത്സരം എരിയിക്കയും പൈശാചികസഹായം കൊണ്ടു് ശനിയാഴ്ചകളിൽ രോഗികളെ സുഖമാക്കുകയും ചെയ്യുന്നു. ഈ അടുത്ത ദിവസങ്ങളിൽതന്നെ ഒഫേൽദിഗപാസികൾ ഇവനെ രക്ഷിതാവു്, ദീഘദശി എന്ന നാമധേയങ്ങളും, മററു ചിലർ ഇവനെ ദൈവകുമാരൻ എന്ന നാമധേയവും വിളിക്കുന്ന

തിന്നു് ഇവൻ സമ്മതിച്ചു. ഇവൻ ദൈവത്താൽ അയയ്ക്കപ്പെട്ടവനെന്നും, ഓറശ്ലംപുരി സംഹരിക്കപ്പെട്ടുമെന്നും ഇവൻ പറയുന്നു. ഇവൻ നോമ്പു നോല്ക്കുന്നില്ല. പാപികാം, അജ്ഞാനികാം, ചുങ്കക്കാർ മുതലായവരോടുകൂടെ ഭക്ഷിക്കയും, അപകീർത്തിയുള്ള സ്ത്രീജനങ്ങളോടു് സംസാരിക്കയും ചെയ്യുന്നു. അല്പംമുമ്പു് ഓഫേൽകോട്ടവാതുക്കൽവെച്ചു് ഇവനു കുടിപ്പാൻ കുറെ വെള്ളം കൊടുത്തവനു് സജീവജലം ഇവൻ കൊടുക്കുമെന്നും അതു് കുടിക്കുന്നവൻ പിന്നെ ദാഹിക്കയില്ലെന്നും പറഞ്ഞു. ഈ രത്ഥവാക്കുകളാൽ ഇവൻ ജനങ്ങളെ വഞ്ചിക്കുന്നു" എന്നുംമററും അവർ സാക്ഷിച്ചിരുന്നു.

ഈ കുററങ്ങളൊക്കെയും ഒന്നായിട്ടു് അലറിക്കൊണ്ടു് പറഞ്ഞിരുന്നതുകൂടാതെ സാക്ഷികളിൽ ചിലർ അദ്ദേഹത്തിൻെറ മുമ്പിൽനിന്നുകൊണ്ടു് ആക്ഷേപിക്കയും, അതി നിന്ദ്യമായി സംസാരിക്കയും സേവകർ അദ്ദേഹത്തെ ശാസിക്കയും, "എന്താ നീ മൌനമായിരിക്കുന്നതു്?" എന്നു പറഞ്ഞുകൊണ്ടു് അടിക്കയും ചെയ്തിരുന്നു. അന്നാസും, കൂടെയുള്ളവരും സാക്ഷിവിസ്താരത്തിൻെറ മദ്ധ്യേ കൂടക്കൂടെ ആക്ഷേപിച്ചു് ശാസിച്ചുകൊണ്ടു് പറയുന്നതായതു്: "ആകയാൽ ഇതാകുന്നു നിൻെറ പഠനം അല്ലെ? ഇതിന്നു് എന്തു ഉത്തരം നീ പറയും? ഓ! മഹാരാജാവേ! നിൻെറ ആജ്ഞകളെ നീ നൽകുക; ദൈവം അയച്ച മനുഷ്യാ! നീ പഠിപ്പിക്കുന്ന സംഗതികാംക്കുള്ള ദൃഷ്ടാന്തങ്ങാം തരിക; നീ ആരാണു്?

നിന്നെ അയച്ചതാരാണു്? നീ ഒരു പ്രസിദ്ധനല്ലാത്ത തച്ചൻെറ മകനല്ലയോ? അതൊ അഗ്നിത്തേരിൽ ആകാശത്തേക്കു് കയറിയ ഏലിയായാണൊ? അയാാം ഇപ്പോഴും ജീവിക്കുന്നു ഹ്വന്നാണല്ലൊ പറയുന്നതു്; നീ മനസ്സാകുമ്പോാം മററുള്ളവർ അറിയാതെ മറഞ്ഞുകളയുമെന്നു് ഞാൻ കേട്ടല്ലൊ; പക്ഷെ നീ മാലാഖി ദീർഘദർശി ആയിരിക്കുമോ? അയാളുടെ വാക്യങ്ങാം പലപ്പോഴും നീ എടുത്തു പറയുന്നുണ്ടല്ലൊ; അയാാം ഇപ്പോഴും ജീവിക്കുന്നു എന്നല്ലെ ചിലർ പറയുന്നതു്; എന്നാൽ വഞ്ചകനായ നീ മനുഷ്യരെ വശത്താക്കാൻ ഈ ദീർഘദർശിയെപ്പോലെ മറഞ്ഞുപൊയ്ക്കളയുന്നതു് ഉത്തമപോംവഴിതന്നെ. നീ ഏതൊരു രാജപദവിയിലുള്ളവനാണെന്നു് അധിക ന്യായോക്തികാം കൂടാതെ തെളിവായി എന്നോടു പറയുക. നീ ശ്ലേമ്മോനെക്കാാം വലിയവ

നാണൊ? അങ്ങനെതന്നെയാണെന്നല്ലെ നീ നടിക്കുന്നതു്; മററുള്ളവരും അങ്ങനെതന്നെ കരുതണമെന്നല്ലെ നിൻെറ ആഗ്രഹവും? നീ ആശ്വാസമായിരിക്ക; നിനക്കു് ശരിയായിട്ടു്, ഇത്ര യോഗ്യമായിരിക്കുന്ന നിൻെറ ആ ഔദ്യോഗിക നാമധേയവും ചെങ്കോലും നിനക്കിപ്പോഠം ഞാൻ തരാം".

പിന്നീടു് അയാഠം ഒരു വാര നീളവും ആറുവിരൽ വീതിയുമുള്ള ഒരു എഴുത്തുതുകൽക്കഷ്ണം വരുത്തി അതിന്മേൽ വലിയ അക്ഷരങ്ങളായിട്ടു് ചില വരികഠം എഴുതി, ആ ഓരോ വരി കർത്താവിനു് വിരോധമായി സാക്ഷികഠം പറഞ്ഞ കുററങ്ങളെ സൂചിപ്പിച്ചിരുന്നു. പിന്നീടു് അതു ചുരുട്ടി ഒരു ചെറിയ കുഴലിൽ ഇട്ടു് ഒരു ഞാങ്ങണയുടെ അററത്തു കെട്ടി കർത്താവിനു കൊടുത്തുകൊണ്ടു് അതി നിന്ദ്യഭാവത്തോടെ പറയുന്നതായതു്: "നിൻെറ രാജകീയ ചെങ്കോലിതാ! ഇതിൽ നിൻെറ ഔദ്യോഗിക നാമധേയവും, ആ സ്ഥാനത്താൽ ന്യായമായി നിനക്കു് ചെലുത്തേണ്ടും ബഹുമതികളും, അതിനർഹതയുള്ള സിംഹാസനവും വേണ്ടുംവണ്ണം വിവരിച്ചിട്ടുണ്ടു്. ശ്രേഷ്ഠാചാര്യൻ നിൻെറ രാജകീയ മഹിമ അറിഞ്ഞു് യോഗ്യമാംവണ്ണം നിന്നോടു് പെരുമാറുന്നതിനായി ഇതു് അദ്ദേഹത്തിൻെറ പക്കലേക്കു് കൊണ്ടുപോക."

പിന്നീടു് സേവകരോടു് "ഈ രാജാവിൻെറ കൈകഠം കെട്ടി ശ്രേഷ്ഠാചാര്യസന്നിധിയിലേക്കു് കൊണ്ടുപോകുവിൻ" എന്നു കല്പിച്ചു. അപ്പോഠം അവർ കർത്താവിൻെറ കരങ്ങളെ ആ ഹാസ്യ ചെങ്കോലിനെ പിടിക്കത്തക്കവിധത്തിൽ അദ്ദേഹത്തിൻെറ നെഞ്ചിന്മേൽവെച്ചു കെട്ടി ഇങ്ങനെ ആ മൃഗസ്വഭാവികഠം നിന്ദ്യവാക്കുകഠം അദ്ദേഹത്തിൻെറപേരിൽ ചൊരിഞ്ഞുകൊണ്ടും ക്രൂരമായി ബന്ധിച്ചുകൊണ്ടും അദ്ദേഹത്തെ കയ്യാപ്പയുടെ കച്ചേരിയിലേക്കു് കൊണ്ടുപോയി. ഈ കച്ചേരി അന്നാസിൻെറ വീട്ടിൽനിന്നു് ഉദ്ദേശം 300 അടി ദൂരെയായിരുന്നു. വഴിയുടെ ഇരുവശവും സാധാരണ വീടുകളും ഉയൻ മതിലുകളും ഇടക്കിടക്കു് ചില തൂണുകളിന്മേൽ പന്തങ്ങളും വിളക്കുകളും ഉണ്ടായിരുന്നു. അവിടവിടെ യൂദന്മാർനിന്നു് കോപം ജ്വലിച്ചു് സംസാരിച്ചിരുന്നു. ആ പുരുഷാരമദ്ധ്യേ സേവകർ നന്നാ പ്രയാസത്തോടെയാണു് കർത്താവിനെ കൊണ്ടുപോയതു്. സേവകർ ഈ വഴിമദ്ധ്യേവെച്ചുകൂടേയും സകലവിധ ക്രൂരപ്രവൃത്തികഠം ചെയ്തിരുന്നതുകൂടാതെ കർത്താവിനെ ഏററം ക്രൂരമായി ഉപദ്രവി

കുന്നവൎക്കു് സംഘക്കാർ പണം കൊടുക്കുന്നതും, അദ്ദേഹത്തിന്റെനേരെ കരുണഭാവം കാട്ടുന്നവരെ അവർ ഓടിച്ചുകളയുന്നതും ഞാൻ കണ്ടു. എന്നുതന്നെയുമല്ല, ഈവക ക്രൂരന്മാർ മാത്രമേ കച്ചേരിശാലയിൽ കടക്കുന്നതിനു് അവർ സമ്മതിച്ചൊള്ളൂ.

# അദ്ധ്യായം 7.

## കയ്യാപ്പായുടെ കച്ചേരിശാല.

കയ്യാപ്പായുടെ കച്ചേരി, മുൻവശത്തു് ഒരു വലിയ പുറമുററവും പുറം ചെറിയ ഉൾമുററവും ഉള്ള ഒരു നീണ്ട കെട്ടിടമാണു്. അതു് മൂന്നായി വിഭജിച്ചതിൽ ആദ്യഭാഗം മൂന്നു പുറവും തൂണുകളായി മുഴുവൻ തുറന്നുകിടക്കുന്ന മണ്ഡപമാണു്. ഇതിനു പുറകിലാണു് പ്രധാന കച്ചേരിശാല. അതു് ഈ കെട്ടിടത്തിന്റെ നടുഭാഗമാകുന്നു. ഇതിൽ നിലത്തുനിന്നു് അല്പം ഉയൎന്ന ഒരു തട്ടിന്മേൽ അൎദ്ധവൃത്താകൃതിയിൽ സംഘാംഗങ്ങൾക്കുള്ള ഇരിപ്പിടങ്ങളും, അതിന്റെ നടുവിൽ അല്പംകൂടെ ഉയരത്തിൽ ശ്രേഷ്ഠാചാൎയ്യസിംഹാസനവും ആയിരുന്നു. വിസ്തരിപ്പാനുള്ള കുററക്കാരനെ ആ അൎദ്ധവൃത്തത്തിന്റെ നടുവിൽ നിറുത്തുകയും, സാക്ഷികൾ ഇരുവശമൊ കുററക്കാരന്റെ പുറകിലൊ നിൽക്കയും ചെയ്തിരുന്നു. ഇതിനു് പുറകിലാണു് ഈ കെട്ടിടത്തിന്റെ മൂന്നാംഭാഗമായ രഹസ്യാലോചനമുറി. ഈ കച്ചേരിയുടെ അടിയിൽ പല നിലവറപ്പാറാവുകൾ ഉണ്ടു്. പന്തക്കുസ്തായുടെശേഷം പത്രോസും യോഹന്നാനും പള്ളിവാതുക്കൽവെച്ചു് ഒരു മുടന്തനെ സുഖമാക്കിയതുനിമിത്തം ഒരു രാത്രി മുഴുവൻ അവരെ ബന്ധിച്ചതു് ഈ പാറാവിൽ ആകുന്നു.

കച്ചേരിമുറികളും, മുററങ്ങളും നിറയെ വിളക്കുകളും പന്തങ്ങളും തെളിയിച്ചിരുന്നതിനാൽ പകൽപോലെ വെളിച്ചമായിരുന്നു. മണ്ഡപത്തിനു നടുവിൽ ഒരു വലിയ തീ കത്തിച്ചിരുന്നതിനരികെ സേവകർ, കാവൽക്കാർ, ദാസന്മാർ, കൈക്കൂലിവാങ്ങിയ കള്ളസാക്ഷികൾ മുതലായവർനിന്നു് തീക്കാഞ്ഞിരുന്നതുകൂടാതെ ചില സ്ത്രീകളും അവിടെനിന്നു് പടയാളികൾക്കും മററും ഒരുവക ചുവന്ന പാനീയവും അപ്പവും വിററിരുന്നു. സംഘാംഗ

ങ്ങറം മിക്കവരും മുമ്പേതന്നെ വന്നു് കയ്യാപ്പായുടെ സിംഹാസനത്തിന്റെ ചുററം ഇരിക്കയും ശേഷമുള്ളവർ ഉടനെ വന്നെത്തുകയും ചെയ്തു.

കത്താവു് കച്ചേരിയിൽ എത്തുന്നതിന്നു അല്പം മുമ്പു് പത്രോസും യോഹന്നാനും പുറത്തെ മുററത്തു വന്നെത്തി. യോഹന്നാനു് അറിവുള്ള ഒരു ദാസൻവഴി അയാറം ഉറംമുററത്തേക്കു് കടന്ന ഉടനെ വാതിലടച്ചതിനാൽ കുറച്ചു് അകലെയായിരുന്ന പത്രോസു് പുറത്തായിപ്പോയി. വാതിൽ തുറക്കുന്നതിന്നു് ഒരു വേലക്കാരത്തിയോടു് ഇരുവരും അപേക്ഷിച്ചതിനോടെ ഒടുവിൽ വന്ന സംഘാംഗങ്ങളായ നിക്കാദേമ്മോസും റാംസയൌസേപ്പും തങ്ങളൊരുമിച്ചു് പത്രോസിനേയും അകത്തേക്കു കടത്തി. പിന്നീടു് ഈ ശിഷ്യർ ഇരുവരും ദാസവസ്ത്രങ്ങറം ഊരിക്കൊടുത്തുകൊണ്ടു് ന്യായാധിപനെ കാണ്മാനും സകലവും കേറംപ്പാനും തക്ക ഒരു സ്ഥലത്തു പോയിരുന്നു. കയ്യാപ്പാ നടുവിൽ ഉയന്ന ആ സിംഹാസനത്തിന്മേലും 70- സംഘാംഗങ്ങറം അയാറംക്കു് ചുററുമുള്ള താണ ഇരിപ്പടങ്ങളിലും ഇരുന്നിരുന്നു. മററു് ഉദ്യോഗസ്ഥരും ശാസ്ത്രികളും പൂവ്വന്മാരും ഇരുവശത്തും, അവരുടെ പുറകിൽ കള്ളസാക്ഷികളും നിന്നിരുന്നു. ന്യായാസനംമുതൽ കത്താവു് കടന്നുവരുവാനുള്ള ആ മണ്ഡപവാതിൽവരെപടയാളികളെ അണിനിരത്തീട്ടുണ്ടായിരുന്നു.

കയ്യാപ്പായുടെ ദൃഷ്ടി അതി ഗൌരവതരവും, കഠിനകോപവും, ദുരുദ്ദേശവും സ്ഫുരിക്കുന്നതും ആയിരുന്നു. അയാറം നാലരികിലും പൂക്കളും വിളമ്പിൽ സ്വണ്ണതൊങ്ങലുമുള്ള ഒരു നീണ്ട ചുവപ്പു സാലുവാ തോളിൽനിന്നു് നെഞ്ചിൽക്കൂടി നീട്ടിയിടുകയും, നെററിയിൽ അലംകൃതമായ ഒരു സ്വണ്ണത്തകിടു് കെട്ടുകയും ചെയ്തിരുന്നു. ശിരസ്സിൽ മെത്രാന്മാരുടെ മുടിപോലെ ഉയരമുള്ളതും, ഇരുപക്കവശങ്ങറം തുറന്നതും, സ്വണ്ണത്തിരികളാൽ അലങ്കരിച്ചതുമായ ഒരു മുടിയും വെച്ചിരുന്നു. കയ്യാപ്പാ അയാളുടെ ആ മഹാസംഘപരിവാരമദ്ധ്യേ കുറെനേരം കാത്തിരുന്നിട്ടും കത്താവിനെ കാണായ്കനിമിത്തം ക്ഷമകേടായി, പല പ്രാവശ്യം എഴുന്നേററു് ആ കോലഹല ഉടുപുടകളോടുകൂടെ ഉറംമുററത്തേക്കു് ഇറങ്ങി, “നസ്രായക്കാരൻ ഈശോ വരുന്നുണ്ടോ” എന്നു് കോപത്തോടെ ചോദിക്കയും ഒടുവിൽ പ്രദക്ഷിണം വന്നടുത്തപ്പോറം അയാറം സിംഹാസനത്തിന്മേൽ പോയിരിക്കയും ചെയ്തു.

# അദ്ധ്യായം 8.

## കയ്യാപ്പായുടെ വിസ്താരം.

ഈശോ കച്ചേരിയിൽ കടന്നപ്പോറം ആ ദുഷ്ടജനം ഹാസ്യവും നിന്ദ്യവുമായ വാക്കുകറം ഉച്ചരിച്ചുകൊണ്ടാണ് അദ്ദേഹത്തെ സ്വീകരിച്ചതു്. കത്താവു് കടന്നുപോകുമ്പോറം, പത്രോസിനേയും യോഹന്നാനേയും, അന്യർ അറിയാതിരിപ്പാനായി, തല തിരിക്കാതെ ഏറുകണ്ണുകൊണ്ടുമാത്രം ഒന്നുനോക്കി. അവിടുന്നു് കച്ചേരിശാലയിൽ എത്തിയ ക്ഷണം കയ്യാപ്പാ "അല്ലൊഴൊ ദൈവശത്രുവും, ഈ പരിശുദ്ധ രാത്രിയിലെ സമാധാനം കലക്കുന്നവനും, ദൈവദൂഷണക്കാരനുമായ നീ ഒടുവിൽ കാണപ്പെട്ടോ" എന്നുച്ചസ്വരത്തിൽ നിലവിളിച്ചു പറഞ്ഞുകൊണ്ടു് കത്താവിൻെറ കയ്യിലിരുന്ന ഹാസ്യചെങ്കോലിന്മേൽനിന്നു് കുററം ചുമത്തുന്ന പത്രം എടുത്തുടനെ തുറന്നു വായിച്ചു. കയ്യാപ്പാ നന്നാ ഹാസ്യഭാവത്തിൽ കത്താവിനോടു് സംസാരിച്ചപ്പോറം സേവകർ അദ്ദേഹത്തെ ശാസിച്ചു് അലറിക്കൊണ്ടു് "നീ ഉടനെ പറയുക, എന്താ നീ മിണ്ടാതിരിക്കുന്നതു്? നീ പൊട്ടനാകുന്നോ?" എന്നും മററും പറഞ്ഞുകൊണ്ടു് അദ്ദേഹത്തെ അടിച്ചിരുന്നു.

അവണ്ണനീയ നിഗളിയും നിഷേധിയും, അഹംഭാവിയുമായ കയ്യാപ്പാ അന്നാസിനെക്കാറം ഇരട്ടി കോപവെറിപിടിച്ചു് ഒന്നിനുപുറകെ ഒന്നായി അനേക ചോദ്യങ്ങറം കത്താവിനോടു ചോദിച്ചു. കത്താവൊയെന്നാൽ ഒന്നുംമിണ്ടാതെ ദൃഷ്ടിതാഴ്ത്തിക്കൊണ്ടു് അയാളുടെ മുമ്പിൽ നിന്നിരുന്നതിനാൽ ആ ദുഷ്ടസേവകർ പിന്നെയും പിന്നെയും അദ്ദേഹത്തെ അടിച്ചുകൊണ്ടു സംസാരിപ്പിപ്പാൻ പ്രയത്നിച്ചു. കൂടാതെ "ദുർസ്വഭാവിയായ ഒരു പൈതൽ നീ കടിക്കുക" എന്നു് നിന്ദ്യമായി പറഞ്ഞുകൊണ്ടു് അവൻെറ വിരൽ കത്താവിൻെറ ചുണ്ടുകറംക്കിടയിൽ തിരുകുകയുംചെയ്തു. പിന്നീടു് സാക്ഷികളെ വിളിച്ചു. എന്നാൽ ആദ്യം വിസ്തരിക്കപ്പെട്ടവർ നന്നാ ഹീനന്മാരും, അന്നാസിൻെറ കച്ചേരിയിൽവെച്ചു് സംഭവിച്ചപോലെ അവരുടെ സാക്ഷ്യം അശേഷം ചേച്ചയില്ലാത്തതുമാകയാൽ, കയ്യാപ്പാ അത്യന്തം കോപിച്ചു് നാട്ടിൽ നാനാഭാഗങ്ങളിൽനിന്നു് വന്നുകൂടിയിരുന്ന പ്രീശർ സന്ദുക്കായരാദിയായ പ്രധാന സാക്ഷികളിലേക്കു് തിരിഞ്ഞുകളഞ്ഞു.

അവർ സമാധാനത്തിൽ പറവാൻ ശ്രമിച്ചിരുന്നെങ്കിലും അവരുടെ ഹൃദയങ്ങളിൽ കവിഞ്ഞൊഴുകിയിരുന്ന അസൂയയും ദ്വേഷവുംനിമിത്തം അവക്കു് സാധിച്ചിരുന്നില്ല. കൎത്താവു് പലപ്പോഴും ഖണ്ഡിച്ചിട്ടുള്ള അപവാദങ്ങളെത്തന്നെ അവർ വീണ്ടും വീണ്ടും പറഞ്ഞിരുന്നു. അതായതു്, "ഇവൻ പൈശാചികസഹായംകൊണ്ടു് രോഗികളെ പൊറുപ്പിക്കയും, പിശാചുക്കളെ പുറപ്പെടുത്തുകയും ചെയ്തു. ശനിയാഴ്ചയെ ലൌകികമാക്കി ലംഘിച്ചു, ജനങ്ങളിൽ മത്സരം ഏറിയിച്ചു് പ്രീശരെ അണലിപ്പാമ്പിൻെറയും വ്യഭിചാരത്തിൻെറയും സന്താനമെന്നു് വിളിച്ചു. ഓറശ്ലേംപുരിയുടെ സംഹാരം മുൻ അറിയിച്ചു, ചുങ്കക്കാരോടും പാപികളോടുംകൂടെ സഹവസിക്കുന്നു. ജനങ്ങളെക്കൂട്ടി ഇവൻ അവരുടെ രാജാവും ദീൎഘദൎശിയും ദൈവകുമാരനുമാണെന്നു് പറയുന്നു. ഇവൻ എപ്പോഴും ഇവൻെറ രാജ്യകാൎയ്യംകൊണ്ടു് സംസാരിക്കുന്നു. ഇവൻ വിവാഹമോചനം മുടക്കുന്നു. ഇവൻ സജീവ അപ്പമെന്നു് തന്നത്താൻ വിളിക്കുകയും ഇവൻെറ മാംസം ഭക്ഷിക്കുകയും രക്തം പാനം ചെയ്കയും ചെയ്യാത്തവനു് നിത്യായുസ്സു് ഇല്ലെന്നു പറയുകയും ചെയ്യുന്നു." എന്നും മററും അവർ സാക്ഷിപറഞ്ഞു.

ഇതിനാൽ കൎത്താവിൻെറ തിരുവചനങ്ങളും ദിവ്യ ഉപദേശങ്ങളും അവയെ തെളിയിപ്പാനായി ദൈവരാജ്യത്തിൻെറ സാദൃശ്യമായി അവിടുന്നു പറഞ്ഞ ഉപമകളുംമററും അവർ കുഴച്ചുമറിച്ചു് തെററായിട്ടാണു് അവർ ഗ്രഹിച്ചതെന്നു് തെളിഞ്ഞിരുന്നു. എന്നുതന്നെയുമല്ല, ഈ സാക്ഷികൾ തമ്മിൽ അശേഷം യോജിച്ചിരുന്നില്ല. എന്തെന്നാൽ ഇവൻ രാജാവെന്നു് തന്നെത്താൻ വിളിക്കുന്നുവെന്നു് ഒരുവൻ പറഞ്ഞപ്പോൾ "അങ്ങനെയല്ല മററവരങ്ങനെ വിളിപ്പാൻ ഇവൻ സമ്മതിച്ചതേയുള്ളു. എന്നുമാത്രമല്ല അവരങ്ങനെ പ്രസിദ്ധീകരിച്ചപ്പോൾ അവൻ ഒളിച്ചുപൊയ്ക്കളഞ്ഞു" എന്നു് മറെറാരുവനും, "ഇവൻ ദൈവകുമാരനെന്നു് തന്നെത്താൻ വിളിക്കുന്നു" എന്നു് ഒരുവൻ പറഞ്ഞപ്പോൾ അപരൻ "അല്ല ഇവൻ അവൻെറ മോക്ഷപിതാവിൻ ചിത്തം നിറവേററുന്നതിനാൽ ദൈവകുമാരനെപ്പോലെയാണെന്നുമാത്രം കാണിച്ചിട്ടേയുള്ളു" എന്നു്, ഇടക്കു കയറി നിലവിളിച്ചുമിരുന്നു.

ചിലർ "ഇവൻ ഞങ്ങളുടെ രോഗം പൊറുപ്പിച്ചെങ്കിലും

അതു് ക്ഷുദ്രപ്രയോഗംകൊണ്ടായിരുന്നതിനാൽ വീണ്ടും ആ രോഗം ബാധിച്ചു" എന്നു പറഞ്ഞു. ബേസസ്സായെന്ന ജലാശയസമീപെവെച്ചു് അവിടുന്നു് പൊറുപ്പിച്ച തളർവ്വാദക്കാരന്റെ കാര്യവും പറഞ്ഞു, പക്ഷെ കാര്യം പകർത്തി കുററമാക്കിത്തീൎത്തുകൊണ്ടായിരുന്നു. എങ്കിലും, അവ ഒന്നും യോജിപ്പിച്ചു് പറവാൻ അവൎക്കു് സാധിച്ചില്ല. വിവാഹമോചനം സംബന്ധിച്ചു് അദ്ദേഹത്തോടു് കഠിനമായി തൎക്കിച്ച സഫൊറിസിലെ പ്രീശരും അദ്ദേഹത്തിന്റെ ശിഷ്യഗണത്തിൽ ചേൎക്കായ്കനിമിത്തം ക്രോധിച്ച നസ്രസ്സുകാരനായ യുവാവും അദ്ദേഹത്തിന്റെ വിരോധികളായിത്തീൎന്നു. എന്നുവരികിലും, ഒരു പ്രവൃത്തിപോലും അവർ കരുതിയപോലെ കുററമായി തെളിയിക്കുവാൻ കഴിഞ്ഞില്ല. എന്നു തന്നെയുമല്ല, പറഞ്ഞതൊക്കെയും ദ്വേഷംമൂലം അദ്ദേഹത്തെ അപമാനിപ്പാൻ പറഞ്ഞതാണെന്നു് സ്പഷ്ടമായി തെളിഞ്ഞുപോയി.

അതിനിടയ്ക്കു് കയ്യാപ്പാസും സംഘത്തിൽ ചിലരുംകൂടി ചോദിച്ചിരുന്നതായതു്: "നീ എന്തൊരു സ്ഥിതിയിലുള്ള രാജാവാണു്? നിന്റെ അധികാരത്തെ തെളിയിക്കുക; തോട്ടത്തിൽ വെച്ചു നീ പറഞ്ഞ മാലാഖാമാരുടെ വൃന്ദങ്ങളെ നീ വിളിക്കുക; നിന്റെ ആ കള്ളപാഠങ്ങളാൽ നീ വഞ്ചിച്ച സാധുക്കളും, വിധവകളും നിനക്കുതന്ന ദ്രവ്യംകൊണ്ടു് നീ എന്തുചെയ്തു? ക്ഷണം ഉത്തരിക്ക, നിമിഷം പറയുക; നീ പൊട്ടനാകുന്നുവോ? ആ മൂഢജനക്കൂട്ടത്തിൽവെച്ചു് നീ മിണ്ടാതെയിരുന്നു എങ്കിൽ നീ ബുദ്ധിമാനായിരുന്നേനെ. പക്ഷെ അവിടെ വളരെ അധികം നീ സംസാരിച്ചു." ഈ ഓരോ ചോദ്യത്തിനൊപ്പം ആ ഹീനസേവകർ അദ്ദേഹത്തെ അടിച്ചിരുന്നതിനാൽ ഉന്നതങ്ങളിൽനിന്നുള്ള സഹായമില്ലാതിരുന്നെങ്കിൽ ഈ അക്രമങ്ങൾ നിമിത്തം നിശ്ചയമായിട്ടു് അവിടുത്തെ ജീവൻ പിരിഞ്ഞുപോയേനെ.

ചില ഹീനസാക്ഷികൾ അദ്ദേഹം ന്യായരഹിതനായ പുത്രനാണെന്നു് പറഞ്ഞെങ്കിലും, മററു ചിലർ അദ്ദേഹത്തിന്റെ അമ്മ ദേവാലയത്തിൽ പാൎത്തിരുന്ന ഒരു ഭക്തകന്യകയായിരുന്നുവെന്നും പിന്നീടു് അവളെ ദൈവഭക്തനായ ഒരു പുരുഷൻ വിവാഹം ചെയ്തു സ്വീകരിച്ചതു് കണ്ടുവെന്നും തെളിയിച്ചു. ചിലർ അദ്ദേഹം പൈതലായിരിക്കുമ്പോൾ കാർണവന്മാർ അദ്ദേഹത്തിന്റെപേൎക്കു് ബലികൾ അൎപ്പിച്ചതല്ലാതെ അദ്ദേഹവും

അദ്ദേഹത്തിൻെറ ശിഷ്യരും പെസഹാനാൾ ഒഴികെ ദേവാലയത്തിൽ പൂജ അണക്കുന്നില്ലെന്നു പറഞ്ഞു ശകാരിച്ചു. എന്നാൽ * എസ്സെനിയർ എന്ന ഭക്തഗണം ഒരു പൂജയും അണെക്കുന്നില്ലെങ്കിലും അതു് അവരിൽ ഒരു കുററമായി ആരും കരുതീട്ടില്ല. എന്നാൽ കർത്താവിൻെറ ശത്രുക്കൾ അദ്ദേഹമൊരു ക്ഷുദ്രക്കാരനാണെന്നു പറഞ്ഞിരുന്നതുകൂടാതെ കയ്യാപ്പായും, സാക്ഷികൾ ഇങ്ങനെ കുഴയുന്നതു് അദ്ദേഹത്തിൻെറ ക്ഷുദ്രംനിമിത്തമാണെന്നു് പലപ്പോഴും തീച്ചയായി പറഞ്ഞിരുന്നു. ചിലർ അദ്ദേഹം പെസഹാ ഭക്ഷിച്ചതു് പ്രമാണവിരോധമായി ഒരു ദിവസം മുൻകൂട്ടിയാണെന്നും, കഴിഞ്ഞ വഷത്തിലും പെസഹാചാരത്തിൽ മററ ചില വ്യത്യാസങ്ങൾ വരുത്തീട്ടുണ്ടെന്നും പറഞ്ഞു.

സാക്ഷികൾ കുഴച്ചുമറിച്ചു് കലഹിച്ചുകൊണ്ടു പറഞ്ഞിരുന്നതിനാൽ ഒരു സംഗതിപോലും നേരുതെളിയായ്കനിമിത്തം കയ്യാപ്പായും സംഘവും അത്യന്തം കോപിച്ചു്, നിക്കാദേമോസിനേയും റാംസയൌസേപ്പിനേയും വിളിച്ചു് അവരുടെ സ്വന്തവീട്ടിൽവെച്ചു് ഇങ്ങനെ ദിവസം തെററിച്ചും, ക്രമങ്ങൾ പകത്തിയും പെസഹാ ഭക്ഷിപ്പാൻ സമ്മതിച്ചതു് എങ്ങനെയെന്നു ചോദിച്ചു. എന്നാൽ അവർ ആക്കും ഓമ്മയില്ലാത്ത കാലംമുതൽ തന്നെ, ഗലിലേയക്കു് പതിവിൽ ഒരു ദിവസംമുമ്പു് പെസഹാ ഭക്ഷിപ്പാൻ അനുവദിച്ചിട്ടുള്ളതായി, പൂവ്വ ആധാരലക്ഷ്യങ്ങളാൽ തെളിയിച്ചതുകൂടാതെ, മററ സകല ക്രമങ്ങളും വേദത്തിൽ പ്രമാണിച്ചിരിക്കും വണ്ണം, സൂക്ഷമായി അനുസരിച്ചു എന്നുതന്നെയുമല്ല, ചില ദേവാലയ ഉദ്യോഗസ്ഥന്മാർകൂടേയും അതിൽ ഉണ്ടായിരുന്നുയെന്നും പറഞ്ഞു

ഇതുകൂടാതേയും നിക്കാദേമ്മോസു് ആ ആധാരപ്രബന്ധത്തിൽ ഗലിലേയക്കുള്ള ഈ പ്രത്യേക അനുമതിയും, അതിനുള്ള ന്യായങ്ങളും പറഞ്ഞിരിക്കുന്ന ആ ഭാഗം എടുത്തു കാണിച്ചതിനാൽ, കത്താവിൻെറ ശത്രുക്കൾക്കു കോപവെറി അസഹ്യമായി തീന്നു! ഒരു ദിവസംതന്നെ എല്ലാവരും ഈ പൂജ നിറവേററണമെന്നായാൽ, ഇതിനായി നാനാദിക്കിൽനിന്നും വന്നുകൂടുന്ന ജനപ്പെരുപ്പം മുഖാന്തരം, എല്ലാവരും പെസഹാ ആട്ടിൻകുട്ടിയെ പള്ളിയിൽ പൂജ അണച്ചുകൊണ്ടു പോക എന്ന ക്രമം നിറവേററ

* ലോകാഡംബരങ്ങൾ വെറുത്തു് സന്യാസമുറകൾ അനുസരിക്കുന്ന ഒരു ഭക്തിയുള്ള യൂദഗണം.

വാൻ അസാദ്ധ്യമായി വരുന്നതിനാലത്രെ, ദൂരസ്ഥർക്കു ഈ അനുവാദമുണ്ടായതു്. പിന്നെയും നിക്കൊദെമ്മോസു് യുക്തിയോടെ പറഞ്ഞതായതു്: "സാക്ഷികളുടെ ഈ സ്പഷ്ടമായ പരസ്പരവിരുദ്ധങ്ങളും, കേവലം അസാമാന്യവും ധൃതിയുമായ പ്രകാരത്തിൽ ഇപ്പോൾ നടന്ന ഈ സംഗതികളും സൂക്ഷിക്കുമ്പോൾ, ഈ വംശാന്തരതിരുനാളിൻെറ അതിഗൌരവമായ ഒരുക്കത്തിൽ എല്ലാവരും അത്യന്തം ശ്രദ്ധിച്ചിരിക്കുന്ന ഈ അർദ്ധരാത്രിസമയത്തു ഈ വ്യവഹാരം കൊണ്ടുവന്നതു് മനഃപൂർവ്വമായ അസൂയയും വൈരാഗ്യവും നിമിത്തമാണെന്നു് സുവ്യക്തം തെളിയുന്നു. ഇതിനാൽ ഈ സംഗതി ഈ സംഘത്തിനു മഹാ ഉപദ്രവമായിത്തീൎന്നിരിക്കുന്നു."

അപ്പോൾ അവർ നിക്കൊദേമ്മോസിനെ ഉഗ്രകോപജ്വാലവീശുന്ന നേത്രങ്ങളാൽ വീക്ഷിച്ചു പല്ലു കടിച്ചതല്ലാതെ ഒരു അക്ഷരംപോലും സമാധാനം പറഞ്ഞില്ല. എങ്കിലും സാക്ഷികളോടു് പിന്നെയും തീരെ അവിവേകമായ ചോദ്യങ്ങൾ തുടങ്ങി. ഒടുവിൽ രണ്ടുപേർവന്നു് ഇവൻ "കൈപ്രവൃത്തിയായ ഈ ദേവാലയത്തെ ഞാൻ നശിപ്പിച്ചു 3-ാം ദിവസം കൈപ്രവൃത്തിയല്ലാത്ത മറെറാന്നു് പണിയും" എന്നു് പറഞ്ഞുവെന്നു് ബോധിപ്പിച്ചു. എന്നാലും ഇരുവരും തമ്മിൽ യോജിക്കാതെ "ഇവനു പഴയ പള്ളി നശിപ്പിച്ചു പുതിയതു് ഒന്നു് ഏറ്റെടുത്തണമെന്നു് താല്പര്യമാകയാലാണു് അസാധാരണസ്ഥലത്തുവെച്ചു് പെസഹാ ഭക്ഷിച്ചതു്" എന്നൊരുവനും, "അങ്ങനെയല്ല ഇവൻ പെസഹാ ഭക്ഷിച്ച സ്ഥലവും മാനുഷികപ്രവൃത്തി ആകയാൽ അവൻ അതിനെപ്പററിയാണു് പറഞ്ഞതെന്നു് കരുതിക്കൂടാ" എന്നു മറെറാരുവനും പറഞ്ഞിരുന്നു.

എന്നാൽ ഈ അതിക്രമക്രൂരതകളിൽവെച്ചുള്ള കർത്താവിൻെറ ക്ഷമയും, സാക്ഷികളുടെ പരസ്പരവൈപരീത്യവും കണ്ടു് അവിടെ കൂടിയിരുന്ന പലരുടേയും ഹൃദയങ്ങൾ അത്യന്തം ഇളകി. ചില കരുണവാക്കുകൾ അങ്ങുമിങ്ങും കേട്ടുതുടങ്ങി. എന്നു മാത്രമല്ല ചിലരുടെ മനഃസ്സാക്ഷിക്കടി ഇനി അടക്കുവാൻ നിർവ്വാഹമില്ലാതെയായതിനാൽ പത്തുസേവകർ ആ കച്ചേരിവിട്ടു് ഇറങ്ങിപ്പൊയ്ക്കളഞ്ഞു. ഇവർ പത്രോസിൻെറയും യോഹന്നാൻെറയും അരികെക്കൂടി കടന്നപ്പോൾ "ഈ അതിക്രമക്രൂരതകളിൽവെച്ചുള്ള നസ്രായക്കാരൻ ഈശോയുടെ മൌനം മാനുഷികസ്വഭാവത്തിനു് മേല്പെട്ടതാകുന്നു; അവിടുത്തെ ക്ഷമ ഇരുമ്പുകൊണ്ടുള്ള ഹൃദയത്തെ

ക്കൂടി ഉരുക്കിക്കളയുന്നു; ഭൂമി പിളൎന്നു ഈ പരമദുഷ്ടരെ വിഴുങ്ങാത്തതു് ആശ്ചൎയ്യംതന്നെ. ഞങ്ങൾ എവിടേക്കാണു് പോകേണ്ടതെന്നു് പറയുവിൻ” എന്നു് ശ്ലീഹന്മാരോടു് പറഞ്ഞു. അതിന്നവർ തങ്ങൾ കൎത്താവിന്റെ ശിഷ്യരാണെന്നു് തെളിയിപ്പാനാണു് ഈ സൂത്രവാക്കു് പറയുന്നതെന്നു് കരുതിയിട്ടോ, സമീപെയുള്ള മററവർ കേൾക്കുമെന്നു് ഭയപ്പെട്ടിട്ടോ എന്നു് അറിഞ്ഞില്ല, എങ്ങും തൊടാത്ത വാചകമായി “സത്യത്തെ നിങ്ങൾ അറിഞ്ഞെങ്കിൽ അതിനെ പിന്തുടരുവിൻ, എല്ലാം താനെ നേരായി വിളങ്ങും” എന്നുമാത്രം ഉത്തരിച്ചു.

ഇവയെല്ലാം കണ്ടു് കയ്യാപ്പായുടെ കോപം അവൎണ്ണനീയമായിത്തീൎന്നു. ആ പത്തു പടയാളികൾ പുറത്തിറങ്ങിയപ്പോൾ ഓറശ്ലേമിനു തെക്കുവശം ശ്ലീഹന്മാർ ഒളിച്ചിരിക്കുന്ന ഗുഹ ചിലർ പറഞ്ഞുകൊടുക്കുകയും അവർ അവിടേക്കു് പോകുകയുംചെയ്തു. എന്നാൽ അത[illegible]ായിരുന്ന ആ ശിഷ്യർ, പുതിയ മനുഷ്യർ തങ്ങളുടെ സങ്കേതസ്ഥലത്തു് കടന്നുവന്നതിൽ ഭയപ്പെട്ടുവെങ്കിലും അവർ ക്ഷണം ഇവരുടെ ഭയമകററി കൎത്താവിന്റെ സകല വിവരങ്ങളും അവൎക്കറിയിച്ചു. എന്നാൽ മുമ്പേതന്നെ കോപിച്ചിരുന്ന കയ്യാപ്പാ ഒടുക്കത്തെ രണ്ടു വഷളായ സാക്ഷികൾമൂലം ഉഗ്രകോപം ജ്വലിച്ചു് ന്യായാസനത്തിൽനിന്നു് ചാടി എഴുന്നേററു് കൎത്താവിൻപക്കൽവന്നു് “നിനക്കു വിരോധമായി പറയുന്ന ഈ സാക്ഷികൾക്കു് നീ ഒന്നും ഉത്തരം പറയുന്നില്ലയോ” എന്നു് ചോദിച്ചു.

കൎത്താവു് അതിന്നു് തല ഉയൎത്തുകയോ സമാധാനം പറകയോ ചെയ്യായ്കയാൽ അയാളുടെ കോപം നൂറിരട്ടിയായി വൎദ്ധിച്ചതുകണ്ടു് സേവകർ കൎത്താവിന്റെ മുടിക്കുപിടിച്ചു് പുറകോട്ടു് വലിക്കയും താടിമേൽ അടിക്കയും ചെയ്തെങ്കിലും അവിടുന്നു് ദൃഷ്ടി താഴ്ത്തിത്തന്നെ നിന്നിരുന്നു. അപ്പോൾ കയ്യാപ്പാ ഉഗ്രകോപവെറിയോടെ കരങ്ങളുയൎത്തി അതിഘോരമായ സ്വരത്തിൽ നിലവിളിച്ചതായതു്: “ഉയിരൻതമ്പുരാന്റെ പുത്രനായ മ്ശിഹാ നീ ആകുന്നോ എന്നു് ഞങ്ങളോടു് നീ പറയണമെന്നു് ദൈവനാമത്തിൽ നിന്നോടു് ഞാൻ ആണയിടുന്നു”. അതിന്നു് ഒരു ക്ഷണനേരത്തേക്കു് മഹിമയോടെ അവിടുന്നു മിണ്ടാതിരുന്നിട്ടു മാനുഷികസ്വഭാവത്തിനു മേലെപ്പെട്ട മഹത്വവും മഹിമയുമുള്ള സ്വരത്തിൽ ഉച്ചരിച്ചതായതു്: “ഞാനാകുന്നു എന്നു് നീ പറഞ്ഞു;

എന്നാലും ഇനി മനുഷ്യകുമാരൻ ദൈവവല്ലഭത്തിന്റെ വലത്തുഭാഗത്തു് ഇരിക്കുന്നതും, സ്വൎഗ്ഗീയമേഘങ്ങളിൽ അദ്ദേഹം വരുന്നതും നീ കാണും.”

ഈശോ ഈ വചനങ്ങൾ ഉച്ചരിച്ചപ്പോൾ ഒരു ശോഭയുള്ള വെളിച്ചം അവിടുത്തെ ചുററും പ്രകാശിച്ചതുകൂടാതെ അവിടുത്തെ ശിരസ്സിനു നേരെ ഉന്നതിയിൽ ആകാശം തുറക്കപ്പെട്ടു്, നിത്യപിതാവിനേയും അവിടുത്തെ സന്നിധിയിൽ മാലാഖാമാർ സമൎപ്പിച്ചിരുന്ന നീതിമാന്മാരുടെ പ്രാൎത്ഥനകളേയും ഞാൻ കണ്ടു. ആ ക്ഷണത്തിൽത്തന്നെ കയ്യാപ്പായുടെ കാൽപ്പാദത്തുങ്കൽ നരകപാതാളം തുറന്നു് അഗ്നിപൎവ്വതമെന്നപോലെ എരിയുന്ന ആ തീക്കുണ്ഡലത്തേയും അതിൽ നിറഞ്ഞിരിക്കുന്ന പിശാചുക്കളേയും ഞാൻ കണ്ടു. മാത്രമല്ല അതിലെ ആ ഇരുണ്ട ജ്വാലയിൽനിന്നു് അല്പംമാത്രം അകന്നിരുന്ന അയാളിൽ കവിഞ്ഞൊഴുകിയിരുന്ന പൈശാചിക കോപവെറിയും എനിക്കു് കാണാമായിരുന്നതിനാൽ, ആ വീടു മുഴുവൻ ഒരു നരകംപോലെ എനിക്കു തോന്നി.

“ഉയിരൻതമ്പുരാന്റെ പുത്രൻ മ്ശിഹാ ഞാനാകുന്നു” എന്ന വാക്കു് കൎത്താവുച്ചരിക്കവേ, നരകം അങ്ങേ അററംമുതൽ ഇങ്ങേ അററംവരേയും ഒന്നായി കലുങ്ങി വിറച്ചു് ഞെട്ടിത്തുടങ്ങിയതും ഞാൻ കണ്ടു. മാത്രമല്ല ആ സമയം കയ്യാപ്പായുടെ വീട്ടിൽ കൂടിയിരുന്നവരൊക്കെയിലും കൎത്താവിന്റെനേരെയുള്ള ശത്രുത്വം ഇരട്ടിച്ചു് കവിഞ്ഞൊഴുകിയിരുന്നു. നാം സ്ഥലകാലാദി സാഹചൎയ്യങ്ങൾക്കു് വിധേയരാകയാൽ ഈവക സംഗതികൾ സാകാരരൂപമായി കാണുന്നതു് നമുക്കു് ഗ്രഹിക്കുന്നതിനും മനസ്സിൽ പതിയുന്നതിനും ഏററം എളുപ്പമാകുന്നതിനാൽ ഈ സംഗതികളൊക്കെയും എപ്പോഴും സാകാരരൂപമായിട്ടാണു് എനിക്കു് കാട്ടിത്തന്നിരുന്നതു്. ഇങ്ങനെ കൎത്താവിന്റെ ആ തിരുവചനങ്ങൾമൂലം നരകത്തിൽ ഉണ്ടായ കോപവെറിയും ശരണക്കേടും അനേകം ഭയങ്കരരൂപങ്ങളായി പട്ടണത്തിന്റെ നാനാഭാഗങ്ങളിൽ ഞാൻ കണ്ടു.

ഈ കൂട്ടത്തിൽ ചെറിയ നായ്ക്കളെപ്പോലെ നഖങ്ങളുള്ളതും പിൻകാലുകൊണ്ടു് നടക്കുന്നതുമായ ഒരുവക ജന്തുക്കളെ ഞാൻ കണ്ടതുകൂടാതെ അവ എല്ലാ ദുഷ്ടതയേയാണു് രൂപീകരിക്കുന്നതെന്നും എനിക്കു മനസ്സിലായി. ഈ അരോചക ജന്തുക്കൾ അവിടെ നിന്നിരുന്നവരിൽ പലരുടേയും ഉള്ളിൽ കടന്നുപോകയും,

ചിലരുടെ തലയിലും തോളിലും, കയറിയിരിക്കയും ചെയ്തിരുന്നു. മാത്രമല്ല സെഹിയോനപ്പുറത്തു് കുഴിമാടങ്ങളിൽനിന്നു് ചില മായാരൂപങ്ങൾ പുറപ്പെട്ടുന്നതായി കണ്ടവ ദുഷ്ടാരൂപികളായിരിക്കണം. പിന്നെയും ദേവാലയത്തിൻെറ സമീപെ ചങ്ങലയിട്ടു് പൂട്ടിയ വിലങ്ങന്മാരെപ്പോലെ ചിലരെ കണ്ടതു് പിശാചുക്കളൊ ആത്മാക്കളൊ എന്നു് അറിഞ്ഞുകൂടാ. എന്നാൽ അറിവില്ലാത്തവർ ഈവക സംഗതികൾ കേൾക്കുമ്പോൾ എന്തു കരുതുമെന്നു് ഭയന്നു് ഇവ അധികം വിവരിക്കുന്നില്ല. എന്നാൽ ഇവ കാണുന്നവർ മാത്രമെ അതു് ഗ്രഹിക്കയുള്ളു. കണ്ടാൽ രോമഹർഷം കൊള്ളുവാൻ തക്ക പരിഭ്രമജനകങ്ങളാണു്. യോഹന്നാനും ഈ സംഭവങ്ങൾ കണ്ടിരിക്കണം. എന്തെന്നാൽ അയാൾ പിന്നീടു ഈ വിവരം ചിലരോടു് പറയുന്നതു് ഞാൻ കേട്ടു. പക്ഷെ ഇതുകളാൽ നല്ലവർക്കു് മനസ്താപവും, ദുഷ്ടക്കു് കാഠിന്യവും വർദ്ധിച്ചിരുന്നു. ഇതിനിടയിൽ കയ്യാപ്പാ പൈശാചിക നിഷ്ഠൂരഷ്യാൽ കോപമേറി പിടിച്ചു് അയാളുടെ ആ അലംകൃതസാല്വവാ ഈ അററം മുതൽ ആ അററംവരെ പറിച്ചു കീറിക്കൊണ്ടു് നിലവിളിച്ചതായതു്: "ഇതാ ഇവൻ ദൈവദൂഷണം പറയുന്നതു് ഇപ്പോൾ നിങ്ങൾതന്നെ കേട്ടല്ലൊ; നിങ്ങൾക്കു് എന്തു തോന്നുന്നു?" അതിന്നു് കൂടെയുള്ളവർ എഴുന്നേററു് ഭീകരസ്വരത്തിൽ "ഇവൻ മരണത്തിന്നു് യോഗ്യനാകുന്നു" എന്നു് നിലവിളിക്കയും ചെയ്തു. ഈ ഭയങ്കരനാടകസമയം പിശാചുക്കൾ അതിഘോരമായി എരിഞ്ഞുകൊണ്ടു് കർത്താവിൻെറ ശത്രുക്കളേയും അവരുടെ അനുഗാമികളേയുംകൂടെ കീഴടക്കിയിരുന്നു. ഇരുട്ടിൻെറ ശക്തി വെളിച്ചത്തിനെതിരായി ജയം ഘോഷിച്ചിരുന്നതിനാൽ, അവിടെ ഉണ്ടായിരുന്നവരിൽ, വെളിച്ചത്തിൻെറ ഒരു നിഴൽ മാത്രം ഹൃദയത്തിൽ ശേഷിച്ചിരുന്ന കുറെപേർക്കൂടേയും പരിഭ്രമത്താൽ തലയുംമൂടി അവിടംവിട്ടു പൊയ്ക്കളഞ്ഞു.

മഹത്തുക്കളായ സാക്ഷികൾ ഇതരന്മാരിലും കഠിനം കുറഞ്ഞവരാകയാൽ തങ്ങളുടെ മനഃസ്സാക്ഷിയുടെ നിലവിളിക്കു് വഴങ്ങി മുൻപറഞ്ഞവരെപ്പോലെ അവിടംവിട്ടു് പൊയ്ക്കളഞ്ഞപ്പോൾ, ഹീനരായ സാക്ഷികൾ മണ്ഡപത്തിലുള്ള തീക്കരികെ ചെന്നു് തങ്ങൾക്കു് കിട്ടിയ കൈക്കൂലിപ്പണം കൊട്ടത്തു് തിന്നുകയും കുടിക്കയും ചെയ്തിരുന്നു. അപ്പോൾ ശ്രേഷ്ഠാചാര്യൻ സേവകരെ വിളിച്ചു് "ഈ രാജാവിനെ നിങ്ങൾക്കു് ഞാൻ ഏല്പി

ക്കുന്നു. ഈ ദൈവദൂഷണക്കാരന്ന് യോഗ്യമായ ബഹുമതി നിങ്ങൾ നൽകിക്കൊൾവിൻ" എന്നു പറഞ്ഞുകൊണ്ട് കർത്താവിനെ അവർക്കേല്പിച്ചുംവെച്ച് സംഘസഖികളൊന്നിച്ച് പുറകിലുള്ള രഹസ്യമുറിയിലേക്കു് പോയി.

യോഹന്നാന്റെ ഹൃദയത്തെ മുറിപ്പെടുത്തിയിരുന്ന ദുഃഖങ്ങളിൽ കർത്താവിന്റെ അമ്മയുടെ കാര്യം ഒരു പ്രധാന സ്ഥാനം പിടിച്ചിരുന്നതിനാൽ അവളുടെ തിരുക്കുമാരനെ വധിച്ച വിവരം വല്ലവരും പെട്ടെന്ന് അവളോട്ട് പറഞ്ഞേക്കുമോയെന്നും അദ്ദേഹത്തിന്റെ ശത്രുക്കൾ ക്രൂരഭാവത്തിൽ ആ വിവരം അവളോട്ട് അറിയിക്കുമോയെന്നും ഭയപ്പെട്ടിരുന്നു. ആകയാൽ അയാൾ കർത്താവിനെ നോക്കി "ഞാൻ അങ്ങെ വിട്ടുപോകുന്നതെന്ത്യയെന്നു അങ്ങുന്നു് അറിയുന്നുവല്ലോ" എന്നു പതുക്കെ പറഞ്ഞുകൊണ്ട് അദ്ദേഹംതന്നെ അയാളെ അയച്ചതുപോലെ മാതാവിനെ അന്വേഷിപ്പാനായി പോയി. പത്രോസോ എന്നാൽ, ദുഃഖവും വ്യസനവും വർദ്ധിക്കനിമിത്തം ക്ഷീണിച്ച് കുളിർ തോന്നിയതിനാൽ, സാധാരണ ആളുകൾ തീക്കാഞ്ഞിരുന്ന കൂട്ടത്തിൽ കലന്ന് അയാളുടെ നാഥനെ വിട്ടകന്നുപോകുവാൻ മനസ്സില്ലാതെ അയാളുടെ ദുഃഖം മറച്ചു നിന്നിരുന്നു.

# അദ്ധ്യായം 9

## കർത്താവു കയ്യാപ്പായുടെ കച്ചേരിയിൽവെച്ച് സഹിച്ച അപമാനങ്ങൾ.

കയ്യാപ്പായും സംഘവും ന്യായാസനംവിട്ട് പോയ ക്ഷണത്തിൽ കട്ടന്നൽക്കൂട്ട് ഇളക്കിയതുപോലെ ഒരു ഗണം പരമദുഷ്ടർ, ഒരു കലഹകുസ്ഥലംതന്നെ കർത്താവിനെ ചുററിവളഞ്ഞു് മനസ്സുകൊണ്ട് ഊഹിക്കാവുന്ന സകലവിധ അപമാനപീഡകളും അവിടുത്തെപ്പേരിൽ ചൊരിഞ്ഞുതുടങ്ങി. എന്നാൽ സാക്ഷിവിസ്താരസമയം തന്നെ, സേവകരും മററും തങ്ങളുടെ ക്രൂരക്ഷോഭം ഒരു വിധവും അമർത്തുവാൻ കഴിയാതെ കർത്താവിന്റെ തലമുടിയും മീശയും പിടിച്ചുപറിക്കുകയും, മുഖത്ത് തുപ്പുകയും, അടിക്കുകയും, കൂർത്ത കോലുകൊണ്ടും സൂചികൾകൊണ്ടും കുത്തുകയും ചെയ്തിരുന്നു.

കയ്യാപ്പാ അവിടെനിന്നു് പോയതിൽപ്പിന്നെ അവരുടെ ഉഗ്രക്രൂരതക്കു് ഒരു അതിരിയും ഇല്ലായിരുന്നു ആകയാൽ ആദ്യം മരത്തൊലിയും വൈക്കോലുംകൊണ്ടു് ഒരു മുടിയുണ്ടാക്കി കത്താവിന്റെ ശിരസ്സിൽ ധരിപ്പിക്കയും, പിന്നീടു്, "ദാവീദിന്റെ കിരീടധാരിയായ പുത്രൻ ഇതാ" എന്നു് ആക്ഷേപിച്ചു പറഞ്ഞുകൊണ്ടു് ആ മുടി വലിച്ചെട്ടുക്കയും ചെയ്തിരുന്നു.

"ഇവൻ ശ്ലേമോനേക്കാറം വലിയവനാണു്. ഇവൻ തന്റെ പുത്രനു് കല്യാണവിരുന്നു് തയ്യാറാക്കുന്ന ഒരു രാജാവാകുന്നു" എന്നും മററും കത്താവു് അവരെ ഉപമകളാലെ പഠിപ്പിച്ച ആ നിത്യസത്യങ്ങളെ അപഹാസങ്ങളാക്കി പകത്തിക്കൊണ്ടു്, വീണ്ടും അദ്ദേഹത്തെ അടിക്കയും, മുഖത്തു് തുപ്പുകയും ചെയ്തിരുന്നു. പിന്നീടു് ഞാങ്കണകൊണ്ടുള്ള ഒരു മുടി അദ്ദേഹത്തെ ധരിപ്പിക്കയും, അദ്ദേഹത്തിന്റെ മുഴക്കുപ്പായവും സാലുവായും മാററി ഒരു കീറപ്പുഴുത്തുണി തോളിൽനിന്നു് മുട്ടുവരേയും മാത്രം നീളത്തിൽ ഉടുപ്പിക്കയും, രണ്ടററത്തും, വളയങ്ങളുള്ള വലിയ ഒരു ഇരുമ്പുതുടൽ കഴുത്തിൽക്കൂടി ഇരുവശവും നീട്ടിയിടുകയുംചെയ്തു. തന്നിമിത്തം നടക്കുമ്പോറം ആ വളയങ്ങളന്മേലുള്ള മുള്ളുകറം കാലിന്മേൽകൊണ്ടു് തൊലികീറി രക്തമൊലിച്ചിരുന്നു. അവർ അവിടുത്തെ കൈകറം വീണ്ടും കെട്ടിവരിഞ്ഞു് ഒരു ഞാങ്കണ കൈകളിൽ പിടിപ്പിക്കയും, ആ തിരുമുഖത്തിൽ കാക്കരിച്ചു തുപ്പുകയും ചെയ്തിരുന്നു.

കൂടാതെയും കത്താവിന്റെ തിരുതലയിലും നെഞ്ചത്തും ആ പഴയ സാലുവായിലും സകലവിധ അഴുക്കുകളും വാരിയിടുകയും, അതോടുകൂടെ ഒരു വെടിപ്പുകെട്ട കീറത്തുണികൊണ്ടു് അവിടുത്തെ കണ്ണുകറം കെട്ടി "മ്ശിഹായേ! നിന്നെ അടിച്ചതാരെന്നു് ദീഘ്ദശ്നമായി പറയുക" എന്നു് നിലവിളിച്ചുകൊണ്ടു് അദ്ദേഹത്തെ അടിക്കയും ചെയ്തിരുന്നു

എന്നാൽ കത്താവു് നെടുവീപ്പോടെ അവരെപ്രതി മനസ്സുകൊണ്ടു് പ്രാത്ഥിച്ചിരുന്നതല്ലാതെ ഒരു വാക്കുപോലും ഉച്ചരിച്ചില്ല. (ഓ അങ്ങെ ക്ഷമ എത്രയോ വലിയതു്! എന്റെ സ്നേഹഭാജനമായ ഈശോയേ! നിന്റെ അതിരററ സാധുത്വം കണ്ടുപഠിച്ചു് നിന്ദാപമാനങ്ങളിൽ ക്ഷമയുള്ളവനായിരിക്കുന്നതിനു് എനിക്കു് കൃപ ചെയ്തരുളേണമെ!) അതിന്റെശേഷം അവർ അദ്ദേഹത്തിന്റെ കഴുത്തിലെ തുടൽപിടിച്ചു് വലിച്ചുകൊണ്ടു് അലറി പറയുന്നതായതു്: "ഓ! വൈക്കോൽരാജനേ! നീ സംഘസന്നിധി

യിലേക്ക് ചെന്നു് രാജബഹുമതിയായി ഞങ്ങൾ നിനക്കു നൽകിയിരിക്കുന്ന ഈ ലക്ഷ്യങ്ങളെ സംഘത്തിനു് കാട്ടുക." എന്നാൽ ഈ സമയം കയ്യാപ്പായും കൂട്ടരും മഹാ പ്രസാദത്തോടും ഇഷ്ടത്തോടുംകൂടെ ഈ പരിതാപകര നാടകം നോക്കി കണ്ടുകൊണ്ടിരുന്നു.

പിന്നീട്ട് ആ കരുണയററ സേവകർ, "നിന്നെ ദീർഘദർശിയും രാജാവുമായി ഞങ്ങൾ അഭിഷേചിക്കട്ടെ" എന്നു് നിലവിളിച്ചുകൊണ്ടു് കർത്താവിൻെറമേൽ കാക്കരിച്ചു തുപ്പുകയും, ചേറും മണ്ണും പൂശുകയും ചെയ്തിരുന്നു. പിന്നെയും അവർ "മഗ്ദലേനയുടെ ആ മുന്നൂറ പണം വിലപിടിച്ച നറദീൻ സുഗന്ധത്തൈലവും, നിൻെറ ആ മാമ്മോദീസായും ഇപ്പോൾ നിനക്കു ഞങ്ങൾ തരാം. ഇതരന്മാരെ ശുദ്ധിയാക്കിയ നീ ശുദ്ധിയററവനായി സംഘമദ്ധ്യേ പോകുന്നോ" എന്നു് പറഞ്ഞുകൊണ്ടു് അശുദ്ധവെള്ളം നിറഞ്ഞ ഒരു പാത്രം എടുത്തു അദ്ദേഹത്തിൻെറ തിരുതലയിൽ ഒഴിച്ചുകളഞ്ഞു. ഇതിനാൽ മഗ്ദലേനായുടെ ആ വണക്കകൃത്യം നിന്ദ്യമാക്കിത്തീർത്തുകൂടാതെ, മാമ്മോദീസായെ സംബന്ധിച്ച ആ നിന്ദ്യവാക്കുകൾ (അവർ കരുതീട്ടില്ലെങ്കിലും) പെസഹാ ആട്ടിൻകുട്ടി മ്ശിഹായുടെ സാദൃശ്യമായിരിക്കുന്നതിനെ സൂചിപ്പിച്ചിരുന്നു; എന്തെന്നാൽ, പെസഹാ ആടിനെ ഒന്നാമതു് * പ്രൊബാത്തിക്ക വാതുക്കലുള്ള ഓലിയിൽ കുളിപ്പിച്ചശേഷം ദേവാലയത്തിൽ പൂജിക്കുന്നതിനുമുമ്പു് ബെസെസ്ഥാ † എന്ന ജലാശയത്തിൽ വീണ്ടും കുളിപ്പിക്കേണ്ടിയിരുന്നു.

പിന്നീട്ട് അവർ കർത്താവിനെ സംഘസഖികൾ ഓരോരുത്തൻെറ മുമ്പിൽ വലിച്ചു ചുററിക്കൊണ്ടു് നടന്നപ്പോൾ അവർ എല്ലാവരുടേയും ദൃഷ്ടി പൈശാചിക കോപവെറിയാൽ ഇരുണ്ടു് ഭയങ്കരരൂപമായി പകന്നു് അതി നിന്ദ്യവും ദൂഷ്യവുമായ വാക്കുകൾ അഹങ്കാരത്തോടു് പറഞ്ഞിരുന്നു. എന്നാൽ മറിച്ചു് ന. കർത്താവിൻെറ തിരുമുഖത്തിൽ, താൻ ദൈവകുമാരനാകുന്നു എന്ന തിരുവാക്യം ഉച്ചരിച്ച ക്ഷണംമുതൽ ഒരു ശോഭനമായ പരിവട്ടം

---

* പെസഹാ ആട്ടിൻകുട്ടിയെ പൂജിക്കുന്നതിന് മുൻ ഒന്നാമതു് കുളിപ്പിക്കുന്ന 5 ഓലിയുറവകളിൽ ഒന്നിങ്കലുള്ള വാതിൽ.

† കർത്താവു് സുഖപ്പെടുത്തിയ തളർവാതക്കാരൻ സമീപെ കിടന്നിരുന്ന കൃപാസ്ഥലം എന്നുപേരായ കുളം.

വീശിയിരുന്നതുകൂടാതെ ഈ അതിക്രമകൃത്യങ്ങളാൽകൂടേയും അവിടുത്തെ തിരുമുഖത്തെ ഈ പ്രഭ കുറയാത്തതുകൊണ്ടു് പലരും ആശ്ചര്യഭരിതരായി കലങ്ങി വിഷാദിച്ചിരുന്നു. ഈ പ്രകാശമുള്ള പരിവട്ടം അവിടുന്നു് സജീവദൈവത്തിൻ കുമാരനാണെന്നു് ദൃഷ്ടാന്തപ്പെടുത്തിയിരുന്നെങ്കിലും, അതു് അവിടുത്തെ ശത്രുക്കളുടെ കോപം വൎദ്ധിച്ചതല്ലാതെ അശേഷം കുറച്ചില്ല. എങ്കിലും ആ പ്രഭമൂലം അവൎക്കു് അവിടുത്തെ തിരുമുഖത്തു് സൂക്ഷിപ്പാൻ പ്രയാസമായതിനാൽ അതു് മറപ്പാൻകൂടേയുമാണു് ആ പഴന്തുണികൊണ്ടു് അവിടുത്തെ തിരുമുഖം മൂടിയതും ചേറും ചളിയും പുരട്ടിയതും എന്നു് ഞാനറിഞ്ഞു.

# അദ്ധ്യായം 10

## പത്രോസു് കൎത്താവിനെ ഉപേക്ഷിച്ചതു്.

ശ്രേഷ്ഠാചാൎയ്യൻ അയാളുടെ വസ്ത്രം കീറിയപ്പോൾ ആ ശാലയിൽ ഹാസ്യമായ ഒരു കൂട്ടനിലവിളി ഉണ്ടായി. പത്രോസും യോഹന്നാനും തത്സമയം അവിടെ നടക്കുന്ന ഈ പരിതാപകരനാടകം കണ്ടുകൊണ്ടിരിപ്പാൻ സാധിക്കാതെ പുറത്തേക്കു് പൊയ്ക്കളഞ്ഞു. എന്നാൽ യോഹന്നാൻ മത്തായുടെ വീട്ടിൽ ആയിരുന്ന പരിശുദ്ധകന്യകയുടെ പക്കലേക്കും, പത്രോസു് കൎത്താവിനെ വളരെ സ്നേഹിച്ചിരുന്നതിനാൽ അദ്ദേഹത്തെ വിട്ടകലുവാൻ കഴിയാതേയും ഈ സ്നേഹഗുരുവിൻെറ പാടുകൾ കാണ്മാൻ വഹിയാതേയും ആകയാൽ ഹൃദയം ദുഃഖത്താൽ തളൎന്നു് മണ്ഡപത്തിലുള്ള തീക്കരികിലേക്കും പൊയ്ക്കളഞ്ഞു. അപ്പോൾ അവിടെക്കൂടിയ സേവകരും മററും കൎത്താവിൻെറ കാൎയ്യം സംബന്ധിച്ച നിഷ്ഠുരണമായി സംസാരിക്കയും, ഓരോരുത്തൻ അദ്ദേഹത്തോടു് ചെയ്ത ഉപദ്രവങ്ങളെ മിടുക്കായി വൎണ്ണിക്കയുമാണു് ചെയ്തിരുന്നതു്. എന്നാൽ പത്രോസിൻെറ മൌനവും, ദുഃഖഭാവവും, നിമിത്തം അരികിലുള്ളവർ സംശയിച്ചുതുടങ്ങി. അപ്പോൾ വാതിൽ കാവൽക്കാരിയായ ഒരു സ്ത്രീവന്നു്, അഹംഭാവത്തോടെ അയാളെ നോക്കി "നീ കൂടെ ആ ഗെലിലേയനായ ഈശോയോടുകൂടെ ഉണ്ടായിരുന്നില്ലേ" എന്നു ചോദിച്ചു. അപ്പോൾ അയാൾ നേരുപറഞ്ഞാൽ എന്തു സംഭവിക്കുമെന്നു ഭയന്നു ഭ്രമിച്ചുകൊണ്ടു്

"സ്ത്രീയേ, അവനെ ഞാൻ അറിയുകയില്ല" എന്നു് പെട്ടെന്നു് പറഞ്ഞ ഉടനെ പുറത്തു കോഴി കൂകുന്നതു് കേട്ടു.

പിന്നീടു് അയാൾ എഴുന്നേററു പുറത്തേക്കു് പോയപ്പോൾ അവിടെ നിന്നിരുന്ന മററൊരു ചെറുപ്പക്കാരിയായ സ്ത്രീ, കൂടെ ഉണ്ടായിരുന്നവരോടു്: "ഈയാളും അവനോടുകൂടെ ഉണ്ടായിരുന്നു" എന്നു പറഞ്ഞപ്പോൾ അവർ പത്രോസിനോടു്: "നീ ഈ മനുഷ്യൻെറ ശിഷ്യരിൽ ഒരുവനല്ലയോ? എന്നു ചോദിച്ചു. അപ്പോൾ പത്രോസു് പൂർവ്വാധികം ഭ്രമിച്ചുകൊണ്ടു് "ഞാൻ അല്ല, ആ മനുഷ്യനെ ഞാൻ അറിയുകയില്ല" എന്നു പറഞ്ഞു് വീണ്ടും അദ്ദേഹത്തെ അപലപിച്ചു. പിന്നീടു് അയാൾ എഴുന്നേററു് പുറമുററത്തേക്കു് പോയപ്പോൾ സഹിച്ചിരുന്ന മനഃക്കലക്കത്താൽ തത്സമയം ഉച്ചരിച്ച വാക്കുകൾ അശേഷം ഓർത്തിരുന്നില്ല. എന്നാൽ ആ മുററം നിറച്ചുണ്ടായിരുന്ന പുരുഷാരത്തിൽ ചിലർ മതിലിന്മേൽ കയറി അകത്തെ സംഗതികൾ ചെവി പാർത്തിരുന്നു.

കർത്താവിൻെറ മററു ചില ശിഷ്യരും ഹിന്നോം എന്ന അവരുടെ സങ്കേതഗുഹയിൽനിന്നു് സങ്കടത്തോടും കണ്ണുനീരോടുംകൂടെ അവിടെവന്നു് പത്രോസിനോടു് തങ്ങളുടെ സ്നേഹഗുരുവിൻ വിവരം ചോദിച്ചിരുന്നു. എന്നാൽ അയാൾ ശത്രുക്കൾ തങ്ങളെ അറിയുന്നതിന്മേൽ അത്യന്തം ഭയപ്പെട്ടിരുന്നതിനാൽ അവിരവിടെ സഞ്ചരിക്കുന്നതു് വളരെ അപകടമാണെന്നു് തീർച്ചയായി പറഞ്ഞുകൊണ്ടു് അവിടംവിട്ടു് പൊയ്ക്കളഞ്ഞു. പക്ഷേ പത്രോസിനു് ഒരിടത്തും ഒരു ആശ്വാസമില്ലായ്കയാലും കർത്താവിനെ വിട്ടുപിരിവാൻ അശേഷം മനസ്സില്ലാതെ അദ്ദേഹത്തിലേക്കു് ആകർഷിക്കപ്പെടുകയാലും അറിയാതെ വീണ്ടും ഉൾമുററത്തു കടന്നു്, ക്രൂരശത്രുക്കൾ അദ്ദേഹത്തെ സകലവിധത്തിലും ബാധിച്ചിരുന്ന പുറകിലെ മുറിയിലേക്കു് കയറിച്ചെന്നു് കർത്താവിൻ പാടുകൾ കണ്ടു് രസിച്ചിരുന്ന ആ മൃഗസ്വഭാവികളായ ജനങ്ങളുടെ കൂട്ടത്തിൽ കൂടിയിരുന്നു. അപ്പോൾ ഇവർ കർത്താവിനെ വൈക്കോൽമുടിയും ധരിപ്പിച്ചു് അതിനീചമായ നിന്ദയോടെ അങ്ങോട്ടുമിങ്ങോട്ടും വലിച്ചുകൊണ്ടു് നടക്കുന്നതിനിടക്കു് അദ്ദേഹം വ്യാകുലംനിറഞ്ഞ ഭാവത്തിൽ പത്രോസിനെ ഒന്നു് സൂക്ഷിച്ചുനോക്കിയതിനാൽ അയാളുടെ ഹൃദയം തകർന്നുപോയി.

ആ സമയം ഒരുവൻ "ആ വന്നവനാർ" എന്നു് വിളിച്ചു ചോദിക്കയിൽ അയാൾ ഭയന്നു് മുററത്തേക്കുതന്നെ മടങ്ങി

പ്പോയി. കുറെനേരം തീക്കരികെ ഇരുന്നപ്പോഠം അയാളുടെ മുഖത്തെ വിഷാദവും, ദുഃഖവും കണ്ടവരിൽ ഒരുവൻ പത്രോസിനോട്ടു് പറഞ്ഞതായതു്: "നീയും അവന്റെ ശിഷ്യരിൽ ഒരുവനല്ലെ, നീ ഒരു ഗലീലേയനല്ലെ. നിന്റെ സംസാരംതന്നെ നിന്നെ വെളിപ്പെടുത്തുന്നുണ്ടല്ലൊ?"

ഉടൻ പത്രോസു് അവിടെനിന്നു് പോകുവാനായി എഴുന്നേററപ്പോഠം മാൽക്കൂസിന്റെ സഹോദരൻ വന്നു് "നിന്നെ തോട്ടത്തിൽവെച്ചു് അവനോടുകൂടെ ഞാൻ കണ്ടില്ലെ. നീ അല്ലെ എന്റെ സഹോദരന്റെ ചെവി ഖണ്ഡിച്ചതു്?" എന്നു് പറഞ്ഞു. അപ്പോഠം പത്രോസു് ഭയത്താൽ സകലവും മറന്നു് "ആ മനുഷ്യനെ ഞാൻ അറിയുകയില്ല" എന്നു് പറഞ്ഞുകൊണ്ടു് ആണയിടുവാനും ശപിക്കുവാനും തുടങ്ങി; പുറമുററത്തേക്കു് ഓടിപ്പോയപ്പോഠം കോഴി വീണ്ടും കൂകി.

തത്സമയം അതിലെ കടന്നിരുന്ന കത്താവു് തന്റെ ശ്ലീഹായുടെ നേരെ സഹതാപവും വ്യാകുലവും നിറഞ്ഞ ഭാവത്തിൽ അയാളെ ഒന്നുകൂടി സൂക്ഷിച്ചു് നോക്കുകയാൽ അദ്ദേഹത്തിന്റെ ആ നോട്ടം പത്രോസിന്റെ ഹൃദയത്തെ കുത്തി മുറിപ്പെടുത്തി. അദ്ദേഹം അയാളോടു്: "ഇന്നു് രണ്ടുവട്ടം കോഴി കൂകും മുമ്പു് മൂന്നുവട്ടം നീ എന്നെ ഉപേക്ഷിക്കും" എന്നു് പറഞ്ഞിരുന്ന വാക്കും, അയാഠം ഒരിക്കലും അദ്ദേഹത്തെ നിഷേധിക്കയില്ലെന്നും, അദ്ദേഹത്തോടുകൂടെ മരിപ്പാൻ തയ്യാറാണെന്നും മററും ചെയ്ത വാഗ്ദാനങ്ങളും ഒക്കെയും കത്താവിന്റെ ആ നോട്ടത്താൽ ഓത്തു അയാളുടെ തെററിന്റെ കാഠിന്യം ഗ്രഹിച്ചു. എന്നു മാത്രമല്ല, സ്നേഹം നിറഞ്ഞ അയാളുടെ നായകനെ ശത്രുക്കഠം അപമാനിക്കയും പീഡിപ്പിക്കയും അവിടുന്നു് അയാളെപ്രതി അത്യന്തം ക്ഷമയോടെ സകലതും മൌനമായി സഹിക്കയും ചെയ്യുമ്പോളത്രെ അയാളുപേക്ഷിച്ചതു് എന്നോത്തപ്പോഠം, അയാളുടെ മനോദുഃഖം അവണ്ണനീയമായിത്തീൻ. തലയുംമൂടി കരഞ്ഞുകൊണ്ടു് പുറമുററത്തേക്കു് പോയപ്പോഠം അന്യർ കാണുമെന്ന ഭയം അശേഷമില്ലാതെ, അയാളുടെ ഈ തെററും അതു നിമിത്തമുള്ള മനസ്താപവും ലോകമെങ്ങും പ്രസിദ്ധമാക്കുവാൻ അയാഠം തയ്യാറായിരുന്നു.

എന്നാൽ കത്താവു് പത്രോസിനെ അയാളുടെ സ്വന്തശക്തിയിലേക്കു് അല്പം നേരത്തേക്കു് കൈവിടുകയാൽ, അയാഠം

ബലഹീനനായി "പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്നു് നമസ്കരിപ്പിൻ" എന്ന അദ്ദേഹത്തിൻെറ തിരുവചനങ്ങളെ മറന്നു കളഞ്ഞു.

# അദ്ധ്യായം 11

## ദൈവജനനി കയ്യാപ്പായുടെ കച്ചേരിയിൽ പോയതു്.

പരശുദ്ധ കന്യകക്കു് അവളുടെ ദിവ്യകുമാരനോടു് അരൂപിയാലുണ്ടായിരുന്ന അന്തരംഗസംഭാഷണംനിമിത്തം അവർ ഇരുവരും ഹൃദയംകൊണ്ടു് എപ്പോഴും ഒന്നിച്ചിരുന്നു. അദ്ദേഹത്തിനു സംഭവിക്കുന്നതു് സകലവും അവളറിഞ്ഞു് അദ്ദേഹത്തോടൊരുമിച്ചു് അവ സഹിക്കയും, അദ്ദേഹത്തിൻെറ ബാധകരെപ്രതി സദാ പ്രാത്ഥിക്കയും ഈ പാതകം നിറവേറാതെ കത്താവിനെ ഈ ക്രൂരബാധകളിൽനിന്നു രക്ഷിക്കണമെന്നു് പുത്രൻെറ നേരെയുള്ള മാതൃസ്നേഹത്താൽ നിബ്ബന്ധിതയായി സവ്വവല്ലഭനായ ദൈവത്തോടു എരിവോടെ പ്രാത്ഥിക്കയും ചെയ്തിരുന്നു. മാതാവു് പുത്രനെ കാണ്മാൻ അത്യാശപ്പെട്ടിരിക്കുമ്പോഴാണു് യോഹന്നാൻ വന്നു് ലാസറിൻെറ വീട്ടിലിരുന്ന മാതാവിനോടും മററു സ്ത്രീകളോടും "മരണത്തിനു യോഗ്യനാകുന്നു" എന്ന ആ ക്രൂരനിലവിളി സമയം ഉണ്ടായ ദുഃഖകര നാടകങ്ങളും വിവരമായി പറഞ്ഞറിയിച്ചതു്. അപ്പോറം കത്താവിൻെറ പക്കലേക്കു് തങ്ങളെ കൊണ്ടുപോകണമെന്നു് അപേക്ഷിക്കയാൽ, മാതാവിനെ അന്വേഷിക്കുന്നതിനായി മാത്രം അയാറം കത്താവിനെവിട്ടു് പോന്നിരിക്കകൊണ്ടു് അതിനു വേഗം സമ്മതിച്ചു. അവരെ തെരുവീഥിയിൽക്കൂടെ കൊണ്ടുപോകയും ചെയ്തു. ഈ മാഗ്ഗമദ്ധ്യേ വീടുകളിലേക്കു് പിന്തിരിയുന്ന പുരുഷാരം കത്താവിനെ പിടിച്ച സംഗതി സംബന്ധിച്ചു കരുണയററവിധം സംഭാഷിക്കുന്നതു് കേറംക്കയാൽ, അവരുടെ ഹൃദയം തകൻുപോയിരുന്നതുകൂടാതെ, മാതാവും അവളുടെ സ്നേഹകുമാരൻെറ പീഡകറം സകലവും സഹിച്ചിരുന്നതിനാൽ പല പ്രാവശ്യം ബോധംകെട്ടു് മയങ്ങിപ്പോയിരുന്നു. കച്ചേരിയിൽനിന്നു് പിന്തിരിഞ്ഞിരുന്ന ചില ശിഷ്യർ ആ സ്ത്രീകളുടെ കൈകളിൽ അവറം മോഹാലസ്യപ്പെട്ടു് കിടക്കുന്നതു് ക

ണ്ടു് മനസ്സിലാകി: "ഓ! വ്യാകുല അമ്മേ സ്വസ്തി, ഇസ്രായേലിൽ അതി പരിശുദ്ധനായവൻെറ മാതൃവേ! സ്വസ്തി; സകല അമ്മമാരിൽ വ്യാകുലംനിറഞ്ഞ അമ്മേ!" എന്നു പറഞ്ഞതുകേട്ടു് മാതാവു് തല ഉയൎത്തിനോക്കി, അവരോടു് പ്രതിനന്ദി പറഞ്ഞുകൊണ്ടു് ആ വ്യാകുലപ്രയാണം പിന്തുടൎന്നു. എന്നാൽ കച്ചേരിക്കടുത്തപ്പോൾ കുറെപ്പേർ ഒരു പണിപ്പുരയിൽവെച്ചു് കൎത്താവിനെ തറപ്പാനുള്ള കുരിശു് പണിയുന്നതു് അവൾ കാണുകയാൽ ഈ വ്യാകുല അമ്മയുടെ ഹൃദയം പിളൎന്നുപോയി. ഈശോയുടെ ശത്രുക്കൾ അദ്ദേഹം പിടിക്കപ്പെട്ട ഉടനെ താമസത്തിനിടയാകാതിരിപ്പാനായി കുരിശു ക്ഷണത്തിൽ പണിയുവാൻ ചട്ടം കെട്ടിയിരുന്നു.

എന്നാൽ റോമാക്കാരായ ആ തച്ചന്മാർ രണ്ടു കള്ളന്മാൎക്കുള്ള കുരിശു് മുമ്പേതന്നെ തീൎത്തുവെച്ചു; എങ്കിലും കൎത്താവിൻെറ കുരിശു് പണിതീരായ്കയാൽ രാത്രി പണിയെടുപ്പാൻ നിബന്ധിക്കപ്പെട്ടതിനാലുള്ള കോപം സഹിയാതെ രക്ഷകനായ ഈശോയെ അവർ അറിയാതെ പ്രാകി ദൂഷിച്ചിരുന്നു. ഈ വാക്കുകൾ ഈ അമ്മയുടെ ഹൃദയത്തെ കുത്തി മുറിവേല്പിച്ചിരുന്നാലും അവരെ പ്രതി അവൾ പ്രാൎത്ഥിച്ചുകൊണ്ടു് കച്ചേരിയുടെ ഉൾമുററത്തേക്കു് കടക്കുന്ന വളവിൽ പോയിനിന്നു് ആ ചുമരിനപ്പുറത്തു ഈശോ ഉണ്ടെന്നു് അമ്മ അറിഞ്ഞിരുന്നതിനാൽ അതു തുറന്നു മകനെ ഒന്നു കാണ്മാൻ എരിവായി ആഗ്രഹിച്ചിരുന്നു; ഒടുവിൽ വാതിൽ തുറന്നപ്പോൾ പത്രോസു് തലയുംമൂടി മഹാ ദുഃഖത്തോടെ പുറത്തേക്കു കടന്നുവന്നു. അയാൾ യോഹന്നാനേയും മാതാവിനേയും കണ്ടപ്പോൾ ഈശോയുടെ വ്യാകുലനോട്ടം ഓൎത്തതിനാൽ അയാളുടെ ദുഃഖം ഇരട്ടിച്ചുപോയി.

അപ്പോൾ പരിശുദ്ധ അമ്മ അയാളുടെ പക്കലേക്കു അടുത്തുചെന്നു "ശെമഓനെ! എൻെറ മകൻ ഈശോയുടെ കാൎയ്യം എങ്ങിനെ ആയി, എന്നു ചോദിച്ചു. ആ വാക്കുകളാൽ അയാളുടെ ഹൃദയം തകൎന്നു് ദുഃഖത്താൽ ഈ അമ്മയെ നോക്കുവാൻകൂടെ വശമില്ലാതെ തിരിഞ്ഞു കളഞ്ഞപ്പോൾ അമ്മ വ്യാകുലത്താൽ വിറച്ചുകൊണ്ടു് വീണ്ടും അടുത്തുചെന്നു "യോനായുടെ മകൻ ശെമഓനെ! എന്തു എന്നോടു നീ ഉത്തരിക്കാത്തതു്?" എന്നു ചോദിച്ചു. അതിനയാൾ വിതുമ്പുന്ന സ്വരത്തിൽ നിലവിളിച്ചുകൊണ്ടു് അമ്മേ എന്നോടു് ഇതു ചോദിക്കല്ലെ, നിൻെറ കുമാരൻ വാക്കാൽ

വർണ്ണിക്കാവതല്ലാത്ത വിധത്തിൽ പാട്ടപെടുന്നു. എന്നോട്ട അതു ചോദിക്കല്ലെ, അവർ അദ്ദേഹത്തെ മരണത്തിനു വിധിച്ചു, ഞാനും അദ്ദേഹത്തെ മൂന്നുപ്രാവശ്യം നിഷേധിച്ചുപോയി, എന്നുത്തരിച്ചു. എന്നാൽ യോഹന്നാൻ ചില വാക്കുകൾകൂടെ ചോദിക്കയാൽ അയാൾ ദുഃഖത്താൽ ഒരു ഭ്രാന്തനെപ്പോലെ ഓടി സെത്തുമലയിൽ പാറമേൽ ഈശോയുടെ രൂപം പതിഞ്ഞിട്ടുള്ള ആ കുടിലിൽ പോയിരുന്നു.

അപ്പോൾ പരിശുദ്ധ കന്യക, ഈശോ ദൈവകുമാരനാകുന്നുയെന്നും ഒന്നാമതു് അനുസരിച്ചുപറഞ്ഞ ആ വിശ്വസ്ത ശിഷ്യൻ അദ്ദേഹത്തെ ഉപേക്ഷിച്ചതിനാൽ കർത്താവു് അനുഭവിച്ച വ്യസനം നിരൂപിച്ചു് ആ കരിങ്കല്ലു വാതില്പടിമേൽ തളൎന്നുവീണു പോയി. ആ കല്ലിന്മേൽ മാതാവിൻെറ കാല്പാദങ്ങളും കരങ്ങളും പതിഞ്ഞിരിക്കുന്നതു് ഇപ്പോഴും കാണ്മാനുണ്ടു്. പരിശുദ്ധ മറിയത്തിനു് പ്രജ്ഞയുണ്ടായപ്പോൾ തൻെറ തിരുക്കുമാരൻെറ അടുക്കൽ കൊണ്ടുപോകുവാനപേക്ഷിക്കയാൽ യോഹന്നാൻ അവരെ കർത്താവിനെ ഇട്ടിരിക്കുന്ന പാറാവിനരികെ കൊണ്ടുപോയി; അമ്മയും മകനും തമ്മിൽ അരൂപിയാൽ സംഭാഷിച്ചുവെങ്കിലും അമ്മക്കു് ആ സ്നേഹഭാജനമായ തിരുപ്പുത്രൻെറ സ്വരം ഒന്നു കേൾപ്പാൻ ആശയായി ചെവിപാൎത്തെങ്കിലും അദ്ദേഹത്തിൻെറ വ്യസനാഞരക്കങ്ങളും ദുഷ്ടസേവകരുടെ ശാസനവാക്കുകളും അല്ലാതെ ഒന്നും കേട്ടില്ല. എന്നാൽ ഇവരുടെ ദുഃഖഭാവം മുഖാന്തരം അറിയിക്കപ്പെടാതെ കച്ചേരിയിൽ അധികം താമസിപ്പാൻ നിവൃത്തിയില്ലാതായിത്തീൎന്നു.

മഗ്ദലേനായുടെ ദുഃഖം അടക്കുവാൻ വശമില്ലാത്തവിധത്തിൽ കവിഞ്ഞിരുന്നു. മാതാവിൻെറ വ്യാകുലം എല്ലായിലും അധികമായിരുന്നെങ്കിലും സ്വൎഗ്ഗീയമായ പ്രത്യേകവരത്താൽ പുറമെ ഒരു അടക്കവും മഹിമയും ഉള്ളതായിരുന്നു. എന്നിട്ടും അവളെ ശത്രുക്കൾ തിരിച്ചറിഞ്ഞു് "ആ ഗലിലേയൻെറ അമ്മയല്ലെ അതു്? അവളുടെ മകനെ നിശ്ചയമായിട്ടു് കൊല്ലും, പക്ഷെ വലിയ പാതകനല്ലെങ്കിൽ തിരുനാൾ കഴിഞ്ഞിട്ടായിരിക്കും" എന്ന ക്രൂരവാക്കുകൾ അവർ പറഞ്ഞിരുന്നു. പരിശുദ്ധ കന്യക കച്ചേരിയിൽനിന്നു് പിന്തിരിയുമ്പോൾ ഈശോ മരണത്തിനു് യോഗ്യനാണെന്നു് ആ ദുഷ്ടജനം നിലവിളിച്ച ആ സ്ഥലത്തു് വന്നപ്പോൾ വീണ്ടും അവൾ മോഹാലസ്യമായി ഒരു ശവം

പോലെ കിടക്കയാൽ യോഹന്നാനും മററം അവളെ താങ്ങി ക്കൊണ്ടു് പോകുംവഴി കുരിശുപണിയുന്ന സ്ഥലത്തുകൂടെ വീണ്ടും കടക്കുവാനിടയായി.

എന്നാൽ കത്താവിനെ വിധിച്ചവക്കു് വിധി തീമ്മാനിക്കുന്നതിനുണ്ടായ പ്രയാസംപോലെതന്നെ ഈ പണിക്കാക്കും കുരിശു പണിതീപ്പാൻ മഹാ പ്രയാസമായിത്തീന്നു. എന്തെന്നാൽ പല പ്രാവശ്യവും ആ മരക്കഷണങ്ങളിൽ ചിലതു് പൊളിഞ്ഞു പോകയും മററു ചിലതു് പോരാതാകയും ചെയ്തിരുന്നതിനാൽ, ദൈവചിത്തത്താൽ ഒടുവിൽ കുരിശിന്റെ അഞ്ചു കഷണങ്ങളും വെവ്വേറെ ജാതി മരങ്ങളായിത്തീരുംവരെ പുതിയ കഷണങ്ങൾ മാറിമാറി കൊണ്ടുവരേണ്ടതായിവന്നു. എന്നാൽ ചില മാലാഖാമാർ ആ പണിക്കാരെക്കൊണ്ടു് ദൈവനിയോഗംപോലെ ഈ പണി നിവൃത്തിക്കുംവരെ അവരെ വിടാതെ ഉത്സാഹിപ്പിച്ചിരുന്നതു് ഞാൻ കണ്ടു.

# അദ്ധ്യായം 12

## കത്താവിനെ നിലവറപ്പാറവിൽ ഇട്ടതു്.

യൂദന്മാർ ഈശോയെ പീഡിപ്പിക്കുന്നതിൽ ക്ഷീണിച്ചു് മട്ടത്തു ഒരു ഇടുക്കായ നിലവറപ്പാറാവു് മുറിയിൽ കത്താവിനെയിട്ടു് പൂട്ടി. (ഇതു് ഇപ്പോഴും അവിടെ കാണ്മാനുണ്ടു്) ഈരണ്ടു സേവകർ മാറിമാറി എപ്പോഴും അദ്ദേഹത്തോടുകൂടെ കാവലായി ഇരുന്നിരുന്നു. ഈശോ ആ ചെറിയ മുറിയിൽ പ്രവേശിച്ചപ്പോൾ ഇതുവരെ അവിടുന്നു് സഹിച്ചതും, ഇനി സഹിപ്പാനിരിക്കുന്നതുമായ പാടുപീഡകളെല്ലാം തന്റെ മോക്ഷപിതാവിനു് കാഴ്ചവെച്ചു്, തന്നെ ഞെരുക്കുന്നവരേയും, പിൻകാലങ്ങളിൽ ഈവക ഞെരുക്കങ്ങൾ സഹിപ്പാനിരിക്കുന്ന സകലരേയും, ക്ഷമകേടും കോപവുമെന്ന പരീക്ഷകളിൽ അകപ്പെടുന്നവരേയുംപ്രതി അത്യന്ത എരിവോടെ പ്രാത്ഥിക്കയും ചെയ്തു.

ഈശോയുടെ ശത്രുക്കൾ ഈ ഭയങ്കരപാറാവിൽ കൂടേയും ഒരു ക്ഷണനേരത്തേക്കുപോലും അദ്ദേഹത്തിനു് ആശ്വാസം കൊടുക്കാതെ അതിന്റെ നടുവിലുണ്ടായിരുന്ന ഒരു തൂണിന്മേൽ അദ്ദേഹത്തെ പിടിച്ചുകെട്ടി. മാത്രമല്ല അദ്ദേഹം അനുഭവിച്ച പാടുകളാലും, ഇടലുകളുടെ ഭാരത്താലും, വീഴ്ചകളാലും, അത്യന്തം

ക്ഷീണിച്ചു് എഴുന്നേററുനില്പാൻകൂടെ അശക്തനായിരുന്നെങ്കിലും, തൂണിന്മേൽ ഒന്നു് ചാരുവാൻകൂടെ ആ ക്രൂരന്മാർ കർത്താവിനെ അനുവദിച്ചില്ല. അവർ ഓരോ ജോടി മാറിമാറി വരുമ്പോൾ, പരിശുദ്ധരിൽ പരിശുദ്ധനായ ഈശോയെ ക്ഷണംതോറും പെടുത്തിയ പാടുകൾ വർണ്ണിപ്പാനസാദ്ധ്യം. എന്തെന്നാൽ ഞാൻ അവ കണ്ടതിനാൽമാത്രം യഥാർത്ഥത്തിൽ ദുഃഖത്താൽ മരിക്കത്തക്ക സ്ഥിതിയിൽ ആയിപ്പോയി. എന്നാൽ നമ്മുടെ കർത്താവു് നമ്മെ രക്ഷിപ്പാനായി ഈ പാടുകൾ ഇത്ര ക്ഷമയോടും മൌനത്തോടുംകൂടെ സഹിച്ചു് മരിച്ചിരിക്കെ അവയെ ശാന്തതയോടെ കേട്ടു് അലിവോടെ ചിന്തിപ്പാനെങ്കിലും നമുക്കു് കഴികയില്ലെന്നു വരുന്നതു്, നിശ്ചയമായിട്ടു് എത്രയോ ലജ്ജാവഹമായ ബലഹീനതയും ക്ഷന്തവ്യമല്ലാത്ത നന്ദികേടും ആകുന്നു! ഈ സംഗതിയിൽ നമുക്കു് തോന്നുന്ന ആ അരോചകം, താൻതന്നെ വെട്ടിക്കൊന്ന മനുഷ്യശവത്തിൻെറ മുറിവുകളെ കണ്ടു് സന്തോഷിക്കുന്ന ദുഷ്ട കൊലപാതകൻെറ കഠോരമായ തിന്മയെക്കാൾ വലിയ പാതകമാകുന്നു എന്നു് നാം മനസ്താപത്തോടെ ചിന്തിക്ക.

വാ തുറന്നു് ഉച്ചരിക്കാതെ ഇതുകളെ സഹിക്കുന്ന നമ്മുടെ സഹോദരനും, രക്ഷിതാവും ദൈവവുമായ ഈശോയെ ഈ ഭയങ്കര പാടുകൾ പെടുത്തിയതു് നമ്മുടെ എണ്ണമററ പാപങ്ങൾ തന്നെയാണെന്നതിനു് സന്ദേഹമില്ല. മഹാ പാപിയായ എൻെറ പാപങ്ങളും ഈശോയെ പീഡിപ്പിച്ചു. ഗുപ്തമായ ആ പാപങ്ങൾ സകലവും വിധിദിവസത്തിൽ വെളിപ്പെടുത്തുമ്പോൾ, നാം ഓരോരുത്തർ കർത്താവിനെ എത്ര പീഡിപ്പിച്ചിട്ടുണ്ടെന്നു് ഗ്രഹിക്കാനിടവരും. അപ്പോൾ നാം ഇടവിടാതെ ചെയ്യുന്ന ആ പാപങ്ങളും, നാം കുററമററതായി കരുതുന്ന പാപസമ്മതങ്ങളും എത്ര ഘോരമായതാണെന്നും, അവ മൂലം കർത്താവിൻെറ ബാധകരുടെ ക്രൂരതകളിൽ എത്ര അധികം നാം പങ്കുകൊണ്ടുവെന്നും നമുക്കു മനസ്സിലാകും. ഈ സംഗതികൾ വേണ്ടുംവണ്ണം നാം ചിന്തിച്ചാൽ "നിന്നെ ഉപദ്രവിക്കുംമുമ്പു് ആയിരംവട്ടം എന്നെ മരിപ്പിക്കണമെ" എന്ന വാക്യങ്ങൾ എത്രയോ യഥാർത്ഥമായി നാം ഉച്ചരിച്ചേനെ.

ഇങ്ങനെ ഈശോ തൻെറ ശത്രുക്കളെപ്രതി ഇടവിടാതെ പ്രാർത്ഥിച്ചുകൊണ്ടിരിക്കെ, ഒടുക്കം അവർ ക്ഷീണിച്ചു് മടുത്തു് അല്പനേരത്തേക്കു് അദ്ദേഹത്തോടു് ഒന്നും ചെയ്യാതിരുന്നതിനാൽ

അവിടുന്നു് ആ തൂണിന്മേൽ ഒന്നു് ചാരി. ഒരു പ്രകാശമുള്ള വെളിച്ചം കത്താവിനു ചുററും പ്രകാശിച്ചു. മാനുഷരക്ഷാദിനത്തിന്റെ അരുണോദയം കണ്ടുതുടങ്ങി. ലോകപാപം മുഴുവൻ തന്റെ മേൽ വഹിച്ചുകൊണ്ടു് ആ ഇരുട്ടുപാറാവിൽ കിടന്നിരുന്ന കറയററ ദിവ്യചെമ്മരിയാട്ടിൻകുട്ടിയുടെമേൽ ഒരു ദ്വാരത്തിൽക്കൂടെ അല്പം വെളിച്ചം വീണു. ഉടനെ ഈശോ ആ വെളിച്ചത്തിന്റെ നേരെ തിരിഞ്ഞു് കെട്ടിയിരിക്കുന്ന കൈകറം ഉയർത്തിക്കൊണ്ടു്, ഇത്ര ദീർഘകാലമായിട്ടു് ദീർഘദർശികറം മൂലവും, താൻ പിറന്ന ക്ഷണംമുതൽ താൻതന്നെയും, അത്യന്ത എരിവോടെ ആഗ്രഹിച്ചു് "എനിക്കു ഒരു മാമ്മോദീസാ മുങ്ങുവാനുണ്ടു്. ആയതു് നിറവേറുംവരെ ഞാൻ എത്രയൊ ഞെരുങ്ങുന്നു" എന്നു് ഏതു ദിനത്തെ ഉദ്ദേശിച്ചു് അവിടുന്നു അരുളിച്ചെയ്തൊ ആ ദിവസം ഉദിച്ചതിനാൽ മനസ്സിളകത്തക്ക വിധത്തിൽ തന്റെ മോക്ഷപിതാവിനു് സ്തോത്രംചെയ്തു. അപ്പോറം ഞാനും കത്താവിനോടൊന്നിച്ചു് പ്രാർത്ഥിച്ചു. എങ്കിലും അവിടുന്നു് എന്നെപ്രതി സഹിപ്പാനിരിക്കുന്നുയെന്ന ഭയങ്കര പാടുകറംനിമിത്തം തന്റെ പിതാവിനു് സ്തോത്രം ചെയ്യുന്നതു് ഞാൻ കാണുകയാൽ ആശ്ചര്യത്താൽ എന്റെ ബോധം കലങ്ങിപ്പോയി; ആകയാൽ "കത്താവേ! ഈ പാടുകറം എനിക്കു കല്പിക്കണമെ! ഇവ എനിക്കുള്ളവയാകുന്നു; ഇവ എന്റെ പാപങ്ങളുടെ ശിക്ഷയാകയാൽ എന്നെ സംബന്ധിക്കുന്നതാകുന്നു" എന്നു് ശുഷ്കാന്തിയോടെ വീണ്ടുംവീണ്ടും ചൊല്ലുവാൻ മാത്രമെ എനിക്കു് കഴിഞ്ഞിരുന്നുള്ളു. അവിടുന്നു ഈ ഇരുട്ടുപാറാവിൽ ഉദ്ദേശം ഒരു മണിക്കൂറു കിടന്നു.

ആ സമയം ഹിനോനെന്ന താഴ്വരയിൽ ഒരു പിച്ചനെപ്പോലെ അങ്ങുമിങ്ങും അലഞ്ഞുനടന്നിരുന്ന യൂദാ, കാര്യസ്ഥിതി അറിവാനായി കയ്യാപ്പായുടെ വീട്ടിലേക്കു് വന്നപ്പോറം, പാതകവിലയായ മുപ്പതു വെള്ളിനാണിഭം അവന്റെ സഞ്ചിയിൽ തൂങ്ങിക്കിടന്നിരുന്നു. എല്ലായിടത്തും ഒരു അനക്കമില്ലാതെ മൌനമായിരിക്കെ, ആ ഗലിലേയന്റെ സംഗതി എങ്ങനെയായിയെന്നു് ചില കാവൽക്കാരോടു് അറിയാതെ അവൻ ചോദിച്ചു. അതിനവർ "അവനെ മരണത്തിനു വിധിച്ചു, നിശ്ചയമായിട്ടു് അവനെ കൊല്ലും" എന്നുത്തരിച്ചു. പിന്നീടു് യൂദാ അങ്ങുമിങ്ങും നടന്നു് കത്താവിനെക്കുറിച്ചുള്ള സംഭാഷണങ്ങറം ചെവിപാത്തപ്പോറം ചിലർ കത്താവിന്റെ ക്രൂരപാടുകളും, മററു ചിലർ അ

ദ്രോഹത്തിൻെറ ആശ്ചര്യകര ക്ഷമയും, ചിലർ കാലത്തു് ഉണ്ടാകുവാനിരിക്കുന്ന പരസ്യവിസ്താരവും സംബന്ധിച്ചു് പറഞ്ഞിരുന്നു. അതുകാം ആ ദ്രോഹി ചെവിപാത്തുകൊണ്ടിരിക്കെ നേരം വെളുത്തുപോയി.

സംഘക്കാർ കാലത്തെ ഒരുക്കങ്ങാം ആരംഭിച്ചപ്പോാം യൂദാ കായേനെപ്പോലെ മാനുഷദൃഷ്ടിയെ ഭയന്നു്, ആ കെട്ടിടത്തിൻെറ പുറകിൽപോയി ഒളിച്ചിരുന്ന സമയം, അവൻെറ ആത്മത്തിൽ ശരണക്കേടു് നിറഞ്ഞിരുന്നു. എന്നുമാത്രമല്ല, അവനൊളിച്ച സ്ഥലത്തായിരുന്നു കുരിശുപണിക്കാർ കുരിശുകാം തയ്യാറാക്കിവെച്ചിട്ടു്, കിടന്നുറങ്ങിയിരുന്നതു്. ആകയാൽ തീരെ നിസ്സാരമായ ഒരു പണത്തുകക്കുവേണ്ടി അവൻെറ ഗുരുനാഥനും കത്താവുമായ ഈശോയെ ഒററിക്കൊടുക്കയാൽ വന്നുകൂടിയ ഈ ക്രൂരമരണത്തിനുള്ള ആ കരുവിനെ അവൻ കണ്ടു് ഹൃദയക്കടി സഹിക്കാതെ ഞെരുങ്ങിയിരുന്നെങ്കിലും ഒടുവിൽ കാലത്തെ വിസ്താരം കോംപ്പാനായി ഒരിടത്തുപോയി ഒളിച്ചിരുന്നു.

# അദ്ധ്യായം 13

## കയ്യാപ്പായുടെ കാലത്തെ വിസ്താരം.

അതികാലത്തെതന്നെ കയ്യാപ്പായും അന്നാസും പ്രീശരും, പൂവ്വന്മാരും, സംഘക്കാരെല്ലാവരും നിയമാനുസരണമുള്ള വിസ്താരത്തിനായി കച്ചേരിയിൽകൂടി; എന്തെന്നാൽ രാത്രിയിലെ വിസ്താരം നിയമത്തിൽ പെടാത്തതാകയാൽ ഒരു പ്രാരംഭ പരിശോധന എന്നേ കരുതുവാനുള്ളു. സംഘക്കാർ മിക്കവരും അവിടെത്തന്നെയാണു് ഉറങ്ങിയതു്. പക്ഷെ നിക്കാദേമ്മോസും, റാംസയൌസേപ്പും വീട്ടിൽ പോയെങ്കിലും അതികാലത്തെ വന്നെത്തിയതുകൂടാതെ, പുരുഷാരവും വളരെ കൂടിയിട്ടുണ്ടായിരുന്നു. സംഘം ധൃതിയായി കാൎയ്യം ആരംഭിച്ചു. അപ്പോാംത്തന്നെ കത്താവിനെ മരണത്തിനു വിധിക്കണമെന്നു് ആഗ്രഹിച്ചുവെങ്കിലും നിക്കാദേമ്മോസും, റാംസയൌസേപ്പും മററു ചിലരും അതിനു സമ്മതിച്ചില്ല; ജനങ്ങളിൽ കലഹത്തിനു് ഇടവരാതിരിപ്പാനായി വിധിത്തീപ്പ് തിരുനാാം കഴിയുംവരെ നീട്ടേണ്ടതാ

ണെന്നു് അവർ വാദിച്ചു. എന്നുതന്നെയുമല്ല, സാക്ഷികളൊക്കയും അന്യോന്യം വിരുദ്ധമായി പറഞ്ഞിരിക്കയാൽ സ്പഷ്ടമായി തെളിയാത്ത ഒരു കുററം സ്ഥാപിച്ചു് ഒരുവനെ ശിക്ഷയ്ക്കു വിധിക്കുന്നതു് നീതിയല്ലെന്നും സയുക്തം തട്ടുപറഞ്ഞു.

അതുനിമിത്തം ശ്രേഷ്ഠാചാര്യനും സംഘക്കാർക്കും ബഹുകോപം ജ്വലിച്ചു് "നിങ്ങൾക്കു് ഈ നടന്ന സംഗതികൾ ഒന്നും രസിച്ചിട്ടില്ലെന്നു് അറിയുന്നതിൽ ഞങ്ങൾക്കു് ഒട്ടും ആശ്ചര്യമില്ല. എന്തെന്നാൽ നിങ്ങൾ ഈ ഗലിലേയൻെറയും അവൻെറ പാഠനങ്ങളുടേയും അനുഗാമികൾ ആകയാൽ അവനെ കുററക്കാരനാക്കുന്നതിൽ നിങ്ങൾ ഭയപ്പെടുന്നു" എന്നു പറഞ്ഞതുകൂടാതെ ഈശോയ്ക്കു അല്പമെങ്കിലും സഹായമാകുന്നവർ ഉടനെ സംഘത്തിൽനിന്നു് പൊയ്ക്കൊള്ളണം" എന്നുകൂടെ പ്രമാണിക്കുന്നതിനു് ആ ശ്രേഷ്ഠാചാര്യൻ ഒട്ടും മടിച്ചില്ല. ആകയാൽ അവർ ഈ സംഘത്തിൻെറ ഏർപ്പാടുകളിൽ തങ്ങൾക്കു പങ്കില്ലാത്തതിൻെറ സാക്ഷിക്കായി കയ്യുംകഴുകി ഇറങ്ങിപ്പൊയ്ക്കളഞ്ഞു. എന്നല്ല പിന്നീടു് ഒരിക്കലും ആ സംഘത്തിൽ അവർ വന്നിട്ടുമില്ല. അതിൻെറശേഷം കയ്യാപ്പാ സേവകരോടു് ഈശോയെ ഒന്നുകൂടെ അയാളുടെ മുമ്പാകെ കൊണ്ടുവരുവാനും, പിന്നീടു് പീലാത്തോസിൻെറ പക്കലേക്കു് അദ്ദേഹത്തെ കൊണ്ടുപോകുന്നതിനു് തയ്യാറാകുവാനും കല്പിച്ചു.

ആകയാൽ അവർ തൽക്ഷണം പാറാവിൽചെന്നു് അവർക്കു് പതിവായ ക്രൂരതയോടെ ഈശോയെ കെട്ടഴിച്ചു് അങ്ങയുടെ ദേഹത്തിൽനിന്നു് ആ പഴന്തുണി വലിച്ചുകളഞ്ഞു്, ആ ചെളിപുരണ്ട വസ്ത്രംതന്നെ അദ്ദേഹത്തെ വീണ്ടും ധരിപ്പിച്ചു്, അരയിൽ കയറുകളുംകെട്ടി കച്ചേരിയിലേക്കു് വലിച്ചുകൊണ്ടുവന്നു. എന്നാൽ അവിടെ കൂടിയിരുന്ന പുരുഷാരമദ്ധ്യേ പൂജിപ്പാനുള്ള ഒരു ആട്ടിൻകുട്ടിയെപ്പോലെ പീഡകളാൽ തീരെ ഭാഷപകന്നിരുന്ന ഈശോയെ കൊണ്ടുവന്നു നിറുത്തിയതു് അവർ കണ്ടപ്പോൾ യൂദന്മാർക്കു് ദ്വേഷം ഇരട്ടിച്ചതല്ലാതെ, അലിവു്, ദയ എന്നിവ അവരിൽ അശേഷം ഇല്ലായിരുന്നു. ഉടൻ കയ്യാപ്പാ ഉഗ്രകോപത്തോടും, നിഗളത്തോടുംകൂടെ "നീ മ്ശിഹാ ആകുന്നെങ്കിൽ തെളിവായി ഞങ്ങളോടു പറക" എന്നു് പറഞ്ഞപ്പോൾ കർത്താവു് തല ഉയർത്തി മഹിമയോടും ശാന്തതയോടുംകൂടെ "ഞാൻ പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കയില്ല; ഞാൻ ചോദിക്കുന്ന

തിന്നു് നിങ്ങടം ഉത്തരിക്കയൊ എന്നെ വിടുകയൊ ചെയ്കയില്ല. എന്നാൽ മനുഷ്യകുമാരൻ ഇനി ദൈവവല്ലഭത്തിന്റെ വലത്തേതിൽ ഇരിക്കും" എന്നുത്തരിച്ചു.

അതിനു് ശ്രേഷ്ഠാചാര്യ്യർ സംഘസഖികളെ നോക്കി ചിരിച്ചുകൊണ്ടു് ഈശോയോടു പറഞ്ഞതായതു്: "അപ്പോഴൊ നീ ദൈവകുമാരനാകുന്നൊ? അതിനു ഈശോ നിത്യസത്യം തെളിയിക്കുന്ന സ്വരത്തിൽ "ഞാനാകുന്നുവെന്നു് നീ പറയുന്നു" എന്നുത്തരിച്ചു. അപ്പോടം എല്ലാവരും "ഇനി എന്തു സാക്ഷിയാണു് നമുക്കു് വേണ്ടതു്? ഇവന്റെ വായിൽനിന്നുതന്നെ അതു് നാം കേട്ടല്ലൊ" എന്നു നിലവിളിച്ചുകൊണ്ടു് എഴുന്നേററു. കത്താവിന്റെ ഈ ഉത്തരത്തിനു് പരിഹാരമായി അവരിൽ ആർ അദ്ദേഹത്തെ ഏററം ദൂഷിച്ചു് അതിനിന്ദ്യമായ ഒരു ഹാസ്യനാമം വിളിക്കുമെന്നു് തമ്മിൽ നോക്കിയിരുന്നു; ആകയാൽ അവരുടെ മ്ശിഹാ ആകുവാനാഗ്രഹിക്കയും ദൈവത്തിൻ വലത്തുഭാഗത്തു് ഇരിക്കുമെന്നു നടിക്കയും ചെയ്തവനായ ഒരു ഹീനസ്ഥിതിയിൽ ജനിച്ച പരമദുഷ്ടനെന്നു അദ്ദേഹത്തെ അവർ പേർവിളിച്ചു. ഒടുവിൽ അവർ സേവകരോടു് കത്താവിനെ കൈകടംകെട്ടി കഴുത്തിൽ ഒരു തുടലിട്ടു് പൂട്ടുവാൻ കല്പിച്ചു. (ഇതു മരണത്തിനു് വിധിച്ച കുററക്കാരോടു ചെയ്ത പതിവായിരുന്നു.) പിന്നീടു് അവർ കത്താവിനെ പീലാത്തോസിന്റെ പക്കലേക്കു് കൊണ്ടുപോകുന്നതിനു് ഒരുക്കിത്തുടങ്ങി.

എന്നാൽ തിരുനാടം നിമിത്തം താമസത്തിനിടയില്ലായ്കയാൽ ഉടനെതന്നെ ഒരു കുററക്കാരനെ വിസ്തരിക്കുന്നതിനു് തയ്യാറാകണമെന്നു അപേക്ഷിപ്പാനായി ഒരാളെ അവർ മുൻകൂട്ടി പീലാത്തോസിൻ പക്കൽ അയച്ചിട്ടുണ്ടായിരുന്നു. എങ്കിലും തങ്ങളുടെ വിധി അയാളും ഉറപ്പിക്കണമെന്നു് ആ റോമാ അധിപനോടു് രഹസ്യമായി അപേക്ഷിക്കേണ്ടതല്ലെയെന്നു് തമ്മിൽ മന്ത്രിച്ചിരുന്നു. എന്തെന്നാൽ വേദവും, ദേവാലയമുറകളും സംബന്ധിച്ച സംഗതികളൊഴികെ ഒരുവനെ കുററം ചുമത്തുവാനൊ മരണത്തിനു വിധിപ്പാനൊ അവക്കധികാരമില്ലായ്കനിമിത്തം ഈശോ കേസറിനു് വിരോധിയാണെന്നു് പറഞ്ഞുകൊണ്ടു് അദ്ദേഹത്തെ അവന്റെ അധികാരത്തിൽ ഉടംപ്പെട്ട കുററക്കാരനാക്കുവാൻ അവർ കരുതിയിരുന്നു. പിന്നീടു് പടയാളികളും, ഈശോയുടെ ശത്രുക്കളും, മററനേക വത്തമാനപ്രിയരും കച്ചേരിക്കുമുമ്പിൽ പുറ

പ്പെടുവാൻ തയ്യാറായി നിന്നിരുന്നു. അപ്പോൾ സംഘത്തിലുണ്ടായിരുന്ന പല വൈദികരും അവിടെ നിന്നിറങ്ങി തിരുനാൾ ഒരുക്കത്തിനായി ദേവാലയത്തിലേക്കു് പോയി.

# അദ്ധ്യായം 14

## യൂദായുടെ ശരണക്കേട്.

കർത്താവിനെ പീലാത്തോസിൻെറ പക്കലേക്കു് കൊണ്ടുപോകുന്ന ജനക്കൂട്ടത്തെ യൂദാ കൂടെ പിൻചെന്നു് ആ പുരുഷാരത്തിൻെറ സംസാരങ്ങൾ ശ്രദ്ധിച്ചപ്പോൾ ആ ജനം പറഞ്ഞിരുന്നതായതു്; "അവർ ആ ഗലിലേയനെ പീലാത്തോസിൻെറ പക്കലേക്കു് കൊണ്ടുപോകയാണു്; ശ്രേഷ്ഠാചാര്യർ അവനെ മരണത്തിനു വിധിച്ചു്, അവനെ അവർ കുരിശിന്മേൽ തറച്ചു് കൊല്ലും; നിശ്ചയം. എന്നാൽ അവനെ അവർ നന്നാ പാടു കേടാക്കിയിരിക്കുന്നു. എങ്കിലും അവൻെറ ക്ഷമ ആശ്ചര്യകരം തന്നെ, അവൻ ഒരക്ഷരം മിണ്ടുന്നില്ല. അവൻ പറഞ്ഞ ഏക വാക്കു് അവൻ മ്ശിഹായാണെന്നും, ദൈവത്തിൻെറ വലത്തുവശത്തു് ഇരിക്കുമെന്നും അത്രെ. പക്ഷെ ആ വചനങ്ങൾ നിമിത്തമാണു് അവനെ അവർ കുരിശിന്മേൽ തറയ്ക്കുന്നതു്. അതു പറയാതിരുന്നെങ്കിൽ അവനെ മരണത്തിനു് വിധിപ്പാൻ അവർക്കു് കഴിയാതെ തന്നെ. എന്നാൽ അതിലും ആശ്ചര്യം അവനെ വിററ ആ പരമദുഷ്ടൻ അവൻെറ ശിഷ്യരിൽ ഒരുവനാണു്; എന്നുമാത്രമല്ല സ്വല്പംമുമ്പു് അവനൊരുമിച്ചു് പെസഹാഭക്ഷിച്ചവനുമാണു് എന്നതത്രെ. ഹാ! ലോകം മുഴുവനും കിട്ടിയാലും ഞാൻ ഈവക ദുഷ്ടത പ്രവർത്തിക്കയില്ല. ആ പാവപ്പെട്ട ഗലിലേയൻ എത്ര കുററക്കാരനായാലും ഏതൊരു സംഗതിനിമിത്തവും തങ്ങളുടെ സ്നേഹിതരെ പണത്തിനു് വിററുപോകരുതല്ലൊ; ആകയാൽ ഇത്ര നീചസ്വഭാവിയായ ആ ദുഷ്ടശിഷ്യനെയാണു് ആയിരംവട്ടം കൊല്ലേണ്ടതു്."

എന്നാൽ ഇവ കേൾക്കയാൽ യൂദായുടെ മനസ്സിൽ ശരണക്കേടും ഏദയക്കടിയും വർദ്ധിച്ചു് പൈശാചികതോന്നലാൽ നിമിഷത്തിൽ അവിടെനിന്നു് ഒളിച്ചോടിപ്പോകുമ്പോൾ ആ പണ

സഞ്ചി പിശാചിന്റെ നടത്തുകാരനെന്നപോലെ അവന്റെ പള്ളയിൽ അടിച്ചോടിച്ചിരുന്നതിനാൽ അതു് എടുത്തു് അവൻ കൈകളിൽ പിടിച്ചു. എന്നാൽ എവിടേക്കാണു് അവൻ ഓടുന്നതു്? കരുണാസമുദ്രമായ അവന്റെ ഗുരുനാഥന്റെ കാല്പാദങ്ങളിൽ വീണു് മനസ്താപത്തോടെ ദൈവതിരുമുമ്പിൽ കുററമേററു പറഞ്ഞു് പൊറുതി അപേക്ഷിപ്പാനാണോ? അല്ല, പിന്നെയൊ ലോകത്തിൻമുമ്പാകെ അവന്റെ കുററമൊഴിപ്പാനായി ദേവാലയത്തിലേക്കാണു് ഒരു ഭ്രാന്തനെപ്പോലെ ഓടിച്ചെന്നതു്. അപ്പോഠ അവിടെ സംഘക്കാർ പലരും കർത്താവിനെ വിധിച്ചശേഷം പോയി കൂടിയിരുന്നു. ഇവർ അവനെ കണ്ടു് ആശ്ചര്യപ്പെട്ടെങ്കിലും ഒരു ഹാസ്യപുഞ്ചിരിയോടെ തമ്മിൽത്തമ്മിൽ നോക്കിയിരുന്നു. അവനൊയെന്നാൽ ഒരു പിച്ചനെപ്പോലെ ആ നാണയമാല സഞ്ചിയിൽനിന്നു് വലിച്ചെടുത്തു് അവക്കു് കാണിച്ചുകൊണ്ടു് ആഴമായ ശരണക്കേടിന്റെ സ്വരത്തിൽ നിലവിളിച്ചതായതു്: "നിങ്ങളുടെ വെള്ളിപ്പണം— ഈ നീതിമാനെ ഒററിത്തരുന്നതിനു് കൈക്കൂലിയായി എനിക്കു നിങ്ങഠ തന്ന പണം തിരികെ എടുത്തുകൊഠവിൻ, നിങ്ങളുടെ പണം തിരികെ വാങ്ങി ഈശോയെ വിട്ടുതരുവിൻ. നമ്മുടെ ഉടമ്പടി അവസാനിച്ചിരിക്കുന്നു. ആ കറയററ രക്തം ഞാൻ വിററതിനാൽ ഘോരമായി പിഴച്ചുപോയി".

എന്നാൽ അവർ വഞ്ചകക്കൂലിയായ ഈ പണം തൊട്ടാൽ തീണ്ടുമെന്നുകരുതി നിന്ദ്യമായി ഉത്തരിച്ചതായതു്: "നിന്റെ പാപത്തിനു് ഞങ്ങഠ എന്താണു് ചെയ്യേണ്ടതു്? നീ കറയററ രക്തം വിറെറങ്കിൽ അതു് നിന്റെ തിന്മയാകുന്നു, ഞങ്ങഠ നിയമാനുസരണമാണു് അവനെ മരണത്തിനു് വിധിച്ചതു്. നിന്റെ പണം നിനക്കു കിട്ടി. ഒന്നും പറയാതെ പോക" എന്നു് ഒരു അനൎത്ഥക്കാരനെ ഒഴിച്ചുവിടുന്ന കോപവും ധൃതിയുമായ ഭാവത്തിൽ പറഞ്ഞുകൊണ്ടു് അവർ എഴുന്നേററു പൊയ്ക്കളഞ്ഞു. ഈ വാക്കുകളാൽ അവൻ കോപവും, ശരണക്കേടും നിറഞ്ഞു രോമഹർഷംകൊണ്ടും പണസഞ്ചി ദേവാലയത്തിലേക്കു വലിച്ചെറിഞ്ഞും വെച്ചു് പട്ടണത്തിനു പുറത്തേക്കു് പാഞ്ഞുപൊയ്ക്കളഞ്ഞു.

അവൻ ഹിന്നോനെന്ന താഴ്വരയിൽ ഒരു പിച്ചനെപ്പോലെ മുമ്പോട്ടും പുറകോട്ടും പാഞ്ഞുനടക്കുമ്പോഠ പിശാചു് അവനെ പൂൎണ്ണശരണക്കേടിൽ അകപ്പെടുത്തുന്നതിനായി യൂദർ പണ്ടു്

അവിടെവെച്ച് സ്വന്തശിശുക്കളെ പിശാചിനു് പൂജിച്ചതുനിമിത്തം ദീഘദശികാം ഈ താഴ്വരയെ ശപിച്ചിട്ടുള്ള ആ വാക്യങ്ങളൊക്കയും അവൻെറ ചെവിയിൽ മന്ത്രിച്ചിരുന്നു. "എന്നോടു മറുത്തു പിഴച്ചവരുടെ കപാലങ്ങാം അവർ കാണും, അവരുടെ കൃമി ചാകുന്നില്ല, അഗ്നി കെടുന്നുമില്ല" എന്ന ആ ശാപങ്ങാം ഇവനെക്കുറിച്ചുതന്നെ പറഞ്ഞതായി തോന്നിച്ചിരുന്നു. പിന്നീട് പിശാചു് "കായേനേ! നിൻെറ സഹോദരനായ ഹാബേൽ എവിടെ? അവൻെറ രക്തം പകരംവീട്ടുന്നതിനു് എൻെറ പക്കൽ നിലവിളിക്കുന്നു. നീ എന്നും ഭൂമിമേൽ ഒരു ശപിക്കപ്പെട്ട പരദേശി ആയിരിക്കും" എന്ന വാക്യങ്ങളും അവനു തോന്നിച്ചു.

അവൻ കെദറോൻതോടിനരികെ വന്നു് സൈത്തുതോട്ടം കണ്ടപ്പോാം "സ്നേഹിതാ; എവിടെക്കാണു് നീ വന്നതു്? യൂദായേ, മനുഷ്യകുമാരനെ മുത്തികൊണ്ടാണോ ഒററിക്കൊടുക്കുന്നതു്?" എന്ന പാറകളെക്കൂടെയും തകക്കത്തക്ക കത്താവിൻെറ ആ തിരുവാക്യങ്ങാം അവൻെറ ചെവിയിൽ വീണ്ടും വീണ്ടും നിലവിളിച്ചിരുന്നതിനാൽ അവൻ ഭയവിഹ്വലനായി ഓടുകയും, ദാവീദു് അബ്ശാലോമിനെ ഭയപ്പെട്ടോടി കെദറോൻതോടു് കടന്നതും ഇവിടെവെച്ചാണെന്നും ഓക്കയുംചെയ്തു.

മാത്രമല്ല "അവർ നന്മക്കു് എന്നോടു തിന്മ പകരം വീട്ടി. ഞാൻ സ്നേഹിച്ചവർ എന്നെ ദ്വേഷിച്ചു, എന്നതിനാൽ പിശാചു് അവരുടെ വലത്തേതിൽ ആകട്ടെ. വിധിയിൽ അവർ അപരാധികളാകട്ടെ; അവൻെറ ആയുഷ്കാലം ചുരുങ്ങി അവൻെറ സ്ഥാനം മറെറാരുവൻ എടുക്കട്ടെ. അവനു ദരിദ്രനോടും ഹൃദയം തകന്നവനോടും കരുണയില്ലാതെ അവരെ ഞെരുക്കിക്കൊന്നതിനാൽ ദൈവതിരുമുമ്പിൽ അവൻെറ പിതാവിൻെറ ദുഷ്ടത കൂടെയും മറക്കാതെ പകരം ചോദിക്കപ്പെടുകയും, അവൻെറ അമ്മയുടെ പാപങ്ങാം പൊറുക്കപ്പെടാതിരിക്കയും ചെയ്യട്ടെ. ശാപം! അവൻ സ്നേഹിച്ചതിനാൽ ശാപം അവനു വരട്ടെ. അവൻ ശാപത്തെ വസ്ത്രംപോലെയും, അവൻെറ കുടലിലെ ജലംപോലെയും അസ്ഥിയിലെ നെയ്യുപോലെയും ധരിച്ചു്, അതു എപ്പോഴും അവനെ മൂടുന്ന വസ്ത്രവും എടക്കെട്ടുമായിരിക്കട്ടെ" എന്നു പാപികളെ ശപിക്കുന്നതായി ദാവീദു പറഞ്ഞിരിക്കുന്ന ആ ഭയങ്കരവേദവാക്യങ്ങളൊക്കയും അവനെക്കുറിച്ചു പറഞ്ഞിരിക്കുന്നതായി പിശാചു അവൻെറ മനസ്സിൽ തോന്നിച്ചു.

ആകയാൽ യൂദാ ഭ്രമിച്ചോടി ഒരു മലയിൽച്ചെന്നു. എന്നാൽ അതു സകല മാലിന്യങ്ങളാംകൊണ്ടു് നിറഞ്ഞ ഒരു വനമായിരുന്നു. അവിടെവെച്ചു പട്ടണത്തിലെ കലഹസ്വരം അവൻ കേട്ടപ്പോൾ "ഇതാ അവർ കർത്താവിനെ കൊല്ലാറാക്കി: നീ അല്ലെ അദ്ദേഹത്തെ വിററതു്? ഒരു സഹോദരനെ വിററ വില വാങ്ങുന്നവരെ കൊല്ലണം എന്ന വേദവാക്യം നീ അറിയുന്നല്ലൊ; ആകയാൽ പരമദുഷ്ടാ! നിൻെറ ഈ നിർഭാഗ്യത്തിനു് അവസാനം വരുത്തുക" എന്നു പിശാചു പറഞ്ഞിരുന്നു. ഈ ഭയങ്കര ശരണ കേട്ടാൽ യൂദാ അവൻെറ എടക്കെട്ട വലിച്ചെടുത്തു് ആ പാറയിടുക്കിൽ നിന്നിരുന്ന ഒരു മരത്തിന്മേൽ കെട്ടിത്തൂങ്ങി; അവൻ ദുർഭഗനായി ചാകുമ്പോൾ അവൻെറ ഉടൽ രണ്ടായി പിളൎന്നു കുടൽ പുറത്തുചാടി, കാട്ടുജന്തുക്കൾക്കു് ഇരയായിത്തീൎന്നു.

# അദ്ധ്യായം 15.

## ഈശോയെ പീലാത്തോസിൻെറ മുമ്പിൽ കൊണ്ടുപോയതു്.

കർത്താവിൻെറ ആ ക്രൂരശത്രുക്കൾ അദ്ദേഹത്തെ പട്ടണത്തിൽ ഏററവും പ്രസിദ്ധവഴിയിൽക്കൂടി പീലാത്തോസിൻെറ പക്കലേക്കു് കൊണ്ടുപോയി. പ്രദക്ഷിണം സാവധാനത്തിൽ സെഹിയോൻ മലയുടെ വടക്കുവശത്തൂടെ ഇറങ്ങി, ദേവാലയത്തിനു് വടക്കുപടിഞ്ഞാറു് വലിയ ഒരു ചതുരാകൃതിയിൽ കാണപ്പെടുന്ന പീലാത്തോസിൻെറ അരമനയിലേക്കു് പോയി. കയ്യാപ്പായും, അന്നാസും, മിക്ക സംഘക്കാരും തിരുനാൾ ചമയങ്ങളും അണിഞ്ഞു് എല്ലായിലുംമുമ്പും, അവരുടെ പുറകെ ഈശോയുടെ പ്രത്യേക വിരോധികളായിരുന്ന അനേക യൂദരും, പ്രധാന സാക്ഷികളായ പ്രീശരും കള്ള സാക്ഷികളും, പോയിരുന്നു. ഒടുവിൽ കർത്താവിനെ സേവകരും, പടയാളികളും ചുററിനിന്നു് കൊണ്ടുപോയിരുന്നു. കൂടാതെ നാലുവശവും തിങ്ങിപ്പോയിരുന്ന പുരുഷാരം ഇടിമുഴക്കംപോലെ ശാപങ്ങളും വ്യാക്കുകളും വിളിച്ചു പറയുകയും, അങ്ങോട്ടുമിങ്ങോട്ടും തമ്മിൽ തിക്കിത്തള്ളുകയും ചെയ്തിരുന്നു.

ചേറം, ചെളിയും, രക്തവുംപുരണ്ടു് പല നിറമായ കർത്താ

വിൻെറ ഉറംവസ്ത്രമൊഴികെ മററതൊക്കയും അവർ ഊരിക്കൊണ്ടു കഴുത്തിൽ ഒരു തുടൽ ഇട്ടിരുന്നതിനാൽ അദ്ദേഹം നടക്കുമ്പോറം അതു് കാലിന്മേൽ അടിച്ചിരുന്നു. മാത്രമല്ല കർത്താവിൻെറ കൈകളും കെട്ടി, അരയിലെ കയറുകറം ആ ക്രൂരന്മാർ പിടിച്ചു്, അങ്ങോട്ടുമിങ്ങോട്ടും വലിച്ചിരുന്നു. എന്നല്ല കഴിഞ്ഞ രാത്രിയിലെ പരിതാപകരമായ ക്രൂരബാധകളാൽ ഈശോ അത്യന്തം ക്ഷീണിച്ചു് വിളറി വിരൂപമായി മെലിഞ്ഞിരുന്നതിനാൽ വേച്ചും വിറച്ചുമാണു് നടന്നിരുന്നതു്. കൂടാതെയും ആ ക്രൂരബാധകർ ക്ഷണംതോറും സകല വിധേനയും കർത്താവിനെ ബാധിച്ചിരുന്നതു് പോരാഞ്ഞിട്ടു്, കുരുത്തോല ഞായറാഴ്ച ആഡംബരമായി ജനങ്ങറം അദ്ദേഹത്തെ എതിരേററതിനു് പകരമായി വളരെ അശുദ്ധ പഴന്തുണികളും, മരക്കഷ്ണങ്ങളും, മുറിക്കല്ലുകളും അദ്ദേഹം പോകുന്ന വഴിയിൽ നിരത്തിക്കൊണ്ടു് "ഇതാ രാജാവു് വരുന്നു" എന്നും മററും പലവിധേനയും നിന്ദ്യമായി നിലവിളിച്ചു് പരിഹസിച്ചിരുന്നു.

പരിശുദ്ധ കന്യകയുടെ ആത്മം എപ്പോഴും അവളുടെ സ്നേഹകുമാരനൊന്നിച്ചു് സകല പീഡകളും അരൂപിയാൽ കണ്ടു് സഹതാപത്തോടെ ബോധംകൊണ്ടു് അവയെ രൂപീകരിച്ചിരുന്നു. ആകയാൽ പീലാത്തോസിൻെറ പക്കലേക്കു് കർത്താവിനെ കൊണ്ടുപോകുവാനായി ഇരുട്ടു പാറാവിൽനിന്നു് അദ്ദേഹത്തെ പുറത്തു് കടത്തിയ സമയം വിരുന്നുശാലയിൽ ഇരുന്നിരുന്ന മാതാവു് എഴുന്നേററു് "പീലാത്തോസിൻെറ പക്കലേക്കു് പോകുന്ന എൻെറ മകനെ നാം പിൻചെല്ലുക" എന്നു പറഞ്ഞു്, യോഹന്നാനും മററും ഒരുമിച്ചു് വഴിമദ്ധ്യേ ഒരു കോണിൽപ്പോയി പാർത്തിരുന്നു. അവറം സകലവും ആത്മദൃഷ്ടിയാൽ കണ്ടിരുന്നെങ്കിലും ശാരീരികനേത്രങ്ങളാൽ പാടുള്ളപ്പോഴൊക്കെയും കർത്താവിനെ അടുത്തു കാണുന്നതിനു് മാതൃസ്നേഹത്താൽ ആകർഷിക്കപ്പെട്ടിരുന്നു. ഈ അമ്മ മകൻ ഭയങ്കരമായി പാടുപെടുന്നുവെന്നു് അറിഞ്ഞിരുന്നെങ്കിലും ക്രൂരബാധകർ അദ്ദേഹത്തെ ഇപ്പോറം ആക്കിച്ചമച്ചിരിക്കുന്ന ആ പരിതാപകരവും ഹൃദയം തകരുന്നതുമായ സ്ഥിതി ഗ്രഹിച്ചിട്ടില്ലായിരുന്നു. ആകയാൽ അദ്ദേഹത്തെ ഈ സ്ഥിതിയിൽ കണ്ടപ്പോറം പറഞ്ഞൊപ്പിക്കരുതാത്ത വ്യാകുലസമുദ്രത്തിൽ മുഴകിപ്പോയി.

എന്തെന്നാൽ പ്രദക്ഷിണത്തിൽ ഒന്നാമതു് ദൈവശുശ്രൂഷി

കളെന്നതിനേക്കാൾ, ഹാ! പറവാൻതന്നെ ഭയങ്കരം, പൈശാചികദാസർ ആയിരുന്ന ശ്രേഷ്ഠാചാര്യന്മാരും വൈദികഗണവും ദൃഷ്ടിയിൽ കോപവും, പകയും, വൈരാഗ്യവും, ഒരു നാരകീയ കപടവും തെളിവായി വീശിക്കൊണ്ടും, ദൈവത്തിൻെറ ഏകകുമാരനും, മനുഷ്യരക്ഷകനും, ദൈവവുമായ അവളുടെ സ്നേഹപുത്രൻെറ മരണം അത്യന്തം ആഗ്രഹിച്ചുകൊണ്ടും പോയിരുന്നു. അവക്കു് പിൻ കള്ളസാക്ഷികൾ അട്ടഹസിക്കുന്ന പുരുഷാരമദ്ധ്യേ ഈശോയെ ദൃഷിച്ചും നിലവിളിച്ചുംകൊണ്ടും, എല്ലായിലും ഒടുവിൽ ദൈവകുമാരനും അവളുടെ വത്സല പുത്രനുമായ ഈശോ ആ ഇടലിൻെറ ഭാരത്താൽ തന്നെത്താൻ നില്പാൻ അശക്തനായും കരുണയററ സേവകർ അദ്ദേഹത്തെ അങ്ങുമിങ്ങും വലിച്ചും, അടിച്ചും, ഇടിച്ചും, ദൃഷിച്ചുംകൊണ്ടു് യാത്ര ചെയ്തിരുന്നു.

പാട്ടുകളിലുള്ള കത്താവിൻെറ ശാന്തത കണ്ടുകൊണ്ടല്ലാതെ ദൈജനനിയുടെ ആ മാതൃനേത്രങ്ങളാൽക്കൂടേയും പുത്രനെ തിരിച്ചറിയുവാൻ വഹിയാത്തവണ്ണം അദ്ദേഹം അത്ര വിരൂപനായി പകന്നിരുന്നു. എന്നാൽ ഈശോ തൻെറ ബാധകരോടു് തല്ലിനു തല്ലും, ഇടിക്കിടിയും പകരംവീട്ടാതെ ശാന്തതയോടെ സകലവും സഹിച്ചുകൊണ്ടു് അവരെപ്രതി തൻെറ നിത്യപിതാവിനോടു് പ്രാത്ഥിച്ചിരുന്നു. എന്നുവേണ്ട അവരെപ്രതി പ്രാത്ഥിപ്പാനല്ലാതെ അദ്ദേഹം അവക്കു് വിരോധമായി കൈകൾ ഉയത്തുകയൊ, വാ തുറക്കുകയൊ ഒരിക്കലും ചെയ്തിട്ടില്ല. കത്താവു് അടുത്തു് വന്നപ്പോൾ മാതാവിനു് വ്യാകുലം സഹിയാതെ വിതുമ്പുന്ന സ്വരത്തിൽ നിലവിളിച്ചതായതു്: "അയ്യൊ! എൻെറ കുമാരൻ ഈശോ ഇതാകുന്നൊ? ആ! അതെ, എൻെറ സ്നേഹപുത്രൻ ഇതുതന്നെയാണെന്നു് ഞാനറിയുന്നു; ഓ! ഈശോായേ! ഓ! എൻെറ ഈശോയേ;". എന്നാൽ പ്രദക്ഷിണം മാതാവിനു് അഭിമുഖമായി വന്നപ്പോൾ ഈശോ സ്നേഹവും ദുഃഖവും നിറഞ്ഞ ഭാവത്തിൽ അമ്മയെ ഒന്നു സൂക്ഷിച്ചുനോക്കി. എന്നാൽ ഹൃദയം തകർന്ന അമ്മ ആ സ്നേഹകുമാരൻെറ നോട്ടത്താൽ വ്യാകുലം സഹിയാതെ ബോധം മുഴവനും വിട്ടു് തളന്നു വീണുപോയി. യോഹന്നാനും, മഗ്ദലേനായുംകൂടി വീട്ടിലേക്കു് കൊണ്ടുപോകുവാൻ ആരംഭിച്ചപ്പോൾ വീണ്ടും ബോധം തെളിഞ്ഞു് പീലാത്തോസിൻെറ പക്കലേക്കു് കൂടെ പോയി.

ഓഫേൽ ഗിരിപാസികളൊക്കയും ഇവിടെ വെച്ചും ഈശോ

യെ എതിരേല്പാൻ വന്നു. പക്ഷെ അവർ നമ്മുടെ കർത്താവിനു ഞെരുക്കളിൽ സ്നേഹിതർക്കൂടെ ഉപേക്ഷിക്കുന്നതിനാലുണ്ടാകും കഠിനവ്യാകുലം വരുത്തിയതല്ലാതെ ആശ്വാസം അല്പ വരുത്തിയതു്. എന്തെന്നാൽ കർത്താവിൽനിന്നു് എണ്ണമററ മനോഗുണങ്ങൾ പ്രാപിച്ച ആ ജനം, അദ്ദേഹം ഈ പ്രലാപകരസ്ഥിതിയിൽ ആയിരിക്കുന്നതുകണ്ടു് അവരുടെ വിശ്വാസം വെടിഞ്ഞു് അദ്ദേഹം അവരുടെ രാജാവും, ദീർഘദർശിയും, ദൈവകുമാരനുമാണെന്നുള്ളതു് മറന്നുകളഞ്ഞു.

എന്നാൽ ഈശോയുടെനേരെ മുൻ അവർ വെളിപ്പെടുത്തിട്ടുള്ള സ്നേഹം നിമിത്തം പ്രീശർ അവരെ പുഛരിച്ചുകൊണ്ടു് “ഇപ്പോൾ നിങ്ങളുടെ ഈ രാജാവിനെ നോക്കുവിൻ. അവനുള്ള ബഹുമതി നിങ്ങൾ നൽകുവിൻ. അവൻ ഇപ്പോൾ കിരീടധാരിയായി സിംഹാസനം പ്രാപിപ്പാൻ പോകുന്നതിനാൽ അവനോടു് നിങ്ങൾ മംഗളം പറയണ്ടേ? അവന്റെ ചതിവായ അത്ഭുതങ്ങൾക്കു് ഇപ്പോൾ അവസാനമായി; ശ്രേഷ്ഠാചാര്യൻ അവന്റെ കൌശലങ്ങൾക്കും, ക്ഷുദ്രങ്ങൾക്കും അവസാനം വരുത്തിയിരിക്കുന്നു” എന്നു് നിലവിളിച്ചു പറഞ്ഞു. അനേക അത്ഭുതങ്ങളും പ്രത്യക്ഷങ്ങളും കൺമുമ്പിൽ കാണുകയും, കണക്കററ മനോഗുണങ്ങൾ ഈശോയിൽനിന്നു് പ്രാപിക്കയും ചെയ്ത ഈ ജനം അക്കാലത്തിൽ അത്യുന്നത ബഹുമതി പ്രാപിച്ചിരുന്ന ആ വൈദികഗണം കർത്താവിനെ ഇത്ര നിന്ദാവിഷയമാക്കി ചമച്ചിരിക്കുന്നതു കണ്ടു് മനസ്സിളകി വിശ്വാസം വെടിഞ്ഞുകളഞ്ഞു. ആകയാൽ അവരിൽ ചിലർ വിഷാദിച്ചുകൊണ്ടു് പൊയ്ക്കളകയും മററു ചിലർ നന്ദിയററവരായി കർത്താവിന്റെ ശത്രുഗണത്തോടു ചേരുകയും ചെയ്തു.

# അദ്ധ്യായം 16

## പീലാത്തോസിന്റെ അരമന വിവരണം.

റോമാ അധിപന്റെ വാസസ്ഥലം ദേവാലയത്തിനു് വടക്കു പടിഞ്ഞാറുവശത്തു് ഫോരും * എന്ന പ്രസിദ്ധ സ്ഥലത്തിനരികെ സ്ഥിതിചെയ്തിരുന്നു. ചില മാർബിൾ കല്പടവുകൾ കയറി

* റോമാധിപർ കാര്യം വിസ്തരിക്കുന്ന സ്വന്ത കച്ചേരിശാല.

കൊണ്ടാണ് അതിൽ പ്രവേശിക്കുന്നതു്. ഈ അരമനക്കും ഫോരും എന്നതിനും മദ്ധ്യെയുള്ള ഒരു വലിയ മുററത്തു് ചില ശിലാസനങ്ങളും, ചില അതൃത്തിവരകളും ഉണ്ടു്. അവ യൂദർ ഈ കച്ചേരിക്കു് വരും സമയം തീണ്ടി അശുദ്ധപ്പെടാതെ റോമാക്കാരിൽനിന്നു് വേർതിരിഞ്ഞിരിപ്പാനുള്ള അതൃത്തികളും ഇരിപ്പിടങ്ങളുമാണു്. കെട്ടിടത്തിന്റെ കിഴക്കുവശത്തെ വാതിൽ സൈത്തുമലയിലേക്കും പ്രൊബാത്തിക്കാവാതിൽക്കലേക്കും പോകുന്ന തെരുവീഥിയിലുള്ള ഒരു ഉയൎന്ന വളവാകുന്നു. ഇതിന്റെ പടിഞ്ഞാറെ വാതില്ക്കലുള്ള പൂമുഖം പീലാത്തോസു് ന്യായാധിപനായിരുന്നു വിസ്തരിക്കുന്ന പ്രത്തോരിയും എന്ന കച്ചേരിയാണു്. ഇതിനോടുചേൎന്നു് നാലുവശവും ചില തൂണുകളും മതിലുമുള്ള ഒരു നാലുകെട്ടും ഒരു നടുമുററവും ഉള്ളതിൽ, റോമാക്കാരായ വളരെ സേവകരും, അതിനടിയിലുള്ള നിലവറപ്പാറാവിൽ കൎത്താവിനോടുകൂടെ കൊല്ലപ്പെട്ട ആ രണ്ടു മോഷ്ടാക്കളും കിടന്നിരുന്നു.

എന്നാൽ കൎത്താവിനെ കെട്ടിയടിച്ച ആ കൽത്തൂണു് ഈ അരമനക്കു് നന്നാ സമീപമുള്ള ഫോരും എന്നു പറയുന്ന പ്രസിദ്ധ കച്ചേരിയിൽത്തന്നെ ആയിരുന്നു. ഈ കച്ചേരിസ്ഥലത്തുള്ള വേറെ ചില തൂണുകളിൽ പീലാത്തോസിന്റെ കച്ചേരിക്കു് ഏററം അടുത്തവ ദേഹശിക്ഷകൾ നിറവേററുന്നതിനും, മററുള്ളവ വില്പാനുള്ള മൃഗങ്ങളെ ബന്ധിക്കുന്നതിനും ഉപയോഗിച്ചിരുന്നു. മാത്രമല്ല ഈ പ്രസിദ്ധ കച്ചേരിയിലുണ്ടായിരുന്ന പല ഇരിപ്പിടങ്ങളും സ്ഥാപിച്ചിട്ടുള്ള ഗപാത്ത * എന്നു പറയുന്ന ഉയൎന്ന ഒരു തളത്തിൽ ഇരുന്നാണു് പീലാത്തോസു് വലിയ കുററങ്ങൾക്കു് വിധി പറഞ്ഞിരുന്നതു്. ഇവന്റെ അരമനക്കു പുറകിലുള്ള വിസ്താരമായ തോട്ടത്തിലാണു് അവന്റെ ഭാൎയ്യയായ പ്രോക്ലെസ് ക്ലാവുദിയ എന്നവളുടെ ഭവനം. പൂൎവ്വ ഹേറോദേസിന്റെ അരമന പീലാത്തോസിന്റേതിനു് നന്നാ സമീപമായിരുന്നതിനാൽ ഇതിന്റെ ഉൾമുററത്തുവെച്ചാണു് ആ പരിശുദ്ധ ശിശുഗണത്തെ ഹേറോദേസു് കൊല്ലിച്ചതു്,

ഇവിടെനിന്നു് പുറപ്പെടുന്ന നാലു പ്രധാന തെരുവുകളിൽ ഒന്നിലാണു് ലാസറിന്റെയും, മത്തായുടേയും അലംകൃതമായ വീടു് സ്ഥിതിചെയ്യുന്നതു്: മറെറാന്നിൽ പരിശുദ്ധ കന്യകയുടെ

* പ്രധാന സംഗതികളിൽ പീലാത്തോസു് പ്രസിദ്ധമായിരുന്നു് വിധി ഉച്ചരിക്കുന്നതിനുള്ള ഒരു ഉന്നത സിംഹാസനം.

അമ്മയായ അന്നായമ്മാ പൂജയണപ്പാനായി കുടുംബസഹിതം ഓറശ്ലം പുരിയിൽ വരുന്നസമയം പാക്കുന്ന ഒരു വീട്ടും ഉണ്ടായിരുന്നു. ഇതിൽവെച്ചാണ് പരിശുദ്ധ കന്യക മാർയൌസേപ്പിനോടു ചെയ്ത വിവാഹവിരുന്നു് ആഘോഷിച്ചതു്. സെഹിയോൻ മലയുടെ ഒരു വശത്തു് ദാവീദിൻെറ കോട്ട, വിരുന്നുശാല മുതലായതു പലതും കാണാം. എന്നാൽ നമ്മുടെ പൂൎവ്വീകന്മാർ പുരാതനമായി പണിതുണ്ടാക്കിയ അലംകൃത കെട്ടിടങ്ങൾ ചിലതു് ജിൎണ്ണിച്ചും മററു ചിലതു് ദുഷ്പ്രയോഗിക്കപ്പെട്ടും കിടക്കുന്നുവെന്നു് കാണുന്നതു് എത്രയൊ പ്രലാപകരമായിരിക്കുന്നു.

# അദ്ധ്യായം 17

## കൎത്താവു് പീലാത്തോസിൻ മുമ്പിൽ നിറുത്തപ്പെട്ടതു്.

പ്രദക്ഷിണം പീലാത്തോസിൻെറ അരമനയിൽ എത്തിയപ്പോൾ ഉദ്ദേശം കാലത്തു് ഏഴുമണിയായിരുന്നു. ശ്രേഷ്ഠാചാൎയ്യരും സംഘത്തിൽ പ്രധാനികളും ഫേറാരും, പ്രത്തോരിയും എന്നിവയുടെ മദ്ധ്യേയുള്ള മുററത്തു് അവൎക്കായിട്ടുള്ള ഇരിപ്പിടങ്ങൾക്കരികെ നിൽക്കയും, മൃഗസ്വഭാവികളായ സേവകർ കൎത്താവിനെ പീലാത്തോസിൻെറ ന്യായാസനത്തിലേക്കു് കയറുന്ന പടികളുടെ അടിയിൽ കൊണ്ടുപോയ നിറുത്തുകയും ചെയ്തു. അപ്പോൾ അവൻ ഫേറാരിനു് നേരെയുള്ള ഉയൎന്ന ഒരു തളത്തിൽ ഒരു ചാരുകസേരയിൽ ആശ്വസിച്ചു് കിടക്കയായിരുന്നു; അവനരികെ ഒരു ചെറിയ മേശമേൽ അവൻെറ ഉദ്യോഗചിഹ്നവും മററു ചില സാമാനങ്ങളുമുണ്ടായിരുന്നതുകൂടാതെ അവനു ചുററും പല ഉദ്യോഗസ്ഥന്മാരും പടയാളികളും റോമാസേനയുടെ പതിവിൻ പ്രകാരം ബഹു മോടിയിൽ വസ്ത്രങ്ങൾ അണിഞ്ഞു് നിന്നിരുന്നു. അവൻ ഈ കലഹപ്രദക്ഷിണം കടന്നുവരുന്നതും ആ ക്രൂര യൂദന്മാർ അവൎണ്ണനീയവിധത്തിൽ കൎത്താവിനെ ബാധിച്ചു് പാടുകേടാക്കിയിരിക്കുന്നതും കണ്ടു് പെട്ടെന്നു് എഴുന്നേററു് നിന്ദ്യഭാവത്തിൽ ശാസിച്ചു പറയുന്നതായതു്.

"ഇത്ര കാലത്തെതന്നെ നിങ്ങൾ വന്ന സംഗതി എന്താണു്? ഈ തടവുകാരനെ ഇത്ര ദയനീയവിധത്തിൽ പാടുകേടാക്കിയിരിക്കുന്നതെന്തു്? നിങ്ങളുടെ കുററക്കാരനെ ശിക്ഷക്കു വിധിക്കു-

മുമ്പുതന്നെ ഇങ്ങനെ ക്രൂരമായി ബാധിച്ച് വിധി നടത്തിത്തുടങ്ങുന്നതു് എന്താണു്?" അതിനവർ ഒന്നും ഉത്തരിക്കാതെ "അവനെ ന്യായാധിപൻെറ മുമ്പിലേക്കു് കൊണ്ടുവരുവിൻ" എന്നു് സേവകരോടു പറഞ്ഞുകൊണ്ടു് പീലാത്തോസിൻെറ നേരെ തിരിഞ്ഞു് പറയുന്നതായതു്: ഞങ്ങൾ തീണ്ടാതെ കച്ചേരിയിൽ പ്രവേശിക്കാൻ മേലായ്കയാൽ ഈ ദുഷ്കർമ്മിയുടെ നേരെയുള്ള ഞങ്ങളുടെ അപവാദങ്ങൾ ഒന്നു കേൾക്കണം". ഈ വാക്കുച്ചരിച്ച് തീരുംമുമ്പ് ആ കച്ചേരി തിങ്ങിനിൽക്കുന്ന പുരുഷാരമദ്ധ്യേനിന്നു് പൂജ്യനായ ഒരു വൃദ്ധൻ ഉച്ചത്തിൽ നിലവിളിച്ചതായതു്: "കറയററ പരിശുദ്ധ ശിശുക്കളുടെ രക്തത്താൽ ശുദ്ധീകരിക്കപ്പെട്ട ഈ സ്ഥലത്തു് നിങ്ങൾ പ്രവേശിച്ചാൽ തീണ്ടുമെന്നു് പറഞ്ഞതു ശരിതന്നെ. എന്തെന്നാൽ ആ ശിശുക്കളെപ്പോലെ കറയററവനായ ഒരുവനുമാത്രമെ അതിൽ പ്രവേശിപ്പാൻ അർഹതയുള്ളു." ഇതു പറഞ്ഞയാൾ മഹാ സമ്പന്നനും വെറോനിക്കായുടെ ഭർത്താവായ സിരാകിൻെറ ഭ്രാതാപുത്രനുമായിരുന്നു.

ഇയ്യാളുടെ രണ്ടു കുട്ടികളും നമ്മുടെ കർത്താവിൻെറ പിറവിയിൽ ഹേറോദേസ് കൊല്ലിച്ച ആ ശിശുഗണത്തിൽ ഉൾപ്പെട്ടിട്ടുണ്ടായിരുന്നതിനാൽ ആ ഭയങ്കര ക്ഷണംമുതൽ അയാൾ ലോകമുപേക്ഷിച്ച് ഭാര്യ ഒരുമിച്ച് എസ്സേനിയരുടെ മുറ അനുസരിച്ച് നടന്നിരുന്നു. അയാൾ ഒരിക്കൽ ലാസറിൻെറ വീട്ടിൽവെച്ച് കർത്താവിനെ കാണുകയും പ്രസംഗം കേൾക്കയും ചെയ്വാൻ ഇടയായിട്ടുള്ളതിനാൽ, കർത്താവു് അവർണ്ണനീയവിധം പീഡിതനായി പീലാത്തോസിൻ പക്കൽ കൊണ്ടുവരപ്പെട്ടതു കണ്ടപ്പോൾ, പണ്ടത്തെ ആ വ്യസനം വീണ്ടും അയാളുടെ മനസ്സിൽ വന്നതുനിമിത്തം, അവിടത്തെ നേരെയുള്ള അയാളുടെ വിശ്വാസം സകലജനമുഖേന സാക്ഷീകരിപ്പാൻ ഒട്ടും മടിച്ചില്ല. എന്നാൽ കർത്താവിൻെറ ശത്രുക്കളോടു് പീലാത്തോസു് കാണിക്കുന്ന ഈ നീരസഭാവം കാണുകയും അവൻെറ സംസാരം ഇവർക്കു വ്യക്തമായി കേൾപ്പാൻ മേലാതിരിക്കയും ചെയ്കയാൽ അവർക്കു നന്നാ ദേഷ്യമായിത്തീർന്നു. എന്നാൽ അവർ പറഞ്ഞപ്രകാരം സേവകർ കർത്താവിനെ മാർബ്ബിൾപ്പടവികൾ കരേററി പീലാത്തോസു് യൂദവൈദികരോടു് സംസാരിക്കുമ്പോൾ ഇരിക്കമാറാകുന്ന ആ തളത്തിൻെറ അററത്തു കൊണ്ടുപോയി നിറുത്തി.

റോമാധിപൻ ഈശോയുടെ ശ്രുതി കേട്ടിട്ടുള്ളതല്ലാതെ ഒരി

ക്കലും അദ്ദേഹത്തെ കണ്ടിട്ടില്ലായ്കയാൽ അവിടുന്നിത്ര നിഷ്ഠരമായി ബാധിക്കപ്പെട്ടിരുന്നിട്ടും അവിടുത്തെ തിരുമുഖത്തു് വീശുന്ന വലിയ ശോഭയും, മഹിമയും, ശാന്തഭാവവും കണ്ടു് അത്യന്തം അതിശയിച്ചു് ഭ്രമിച്ചുപോയി. ആകയാൽ ആ യൂദരുടെ മൃഗീയ ക്രൂരതമേൽ ബഹു ഇഷ്ടക്കേടായി നിന്ദ്യഭാവത്തിൽ "നിങ്ങൾ ഇവന്റെ നേരെ പറയുന്ന കുററങ്ങൾ സത്യമായി തെളിയാതെ ഒരിക്കലും ഇവനെ ഞാൻ വിധിക്കുന്നതല്ലാ" എന്നു തീച്ചയായി പറഞ്ഞുകൊണ്ടു് "ഈ മനുഷ്യന്റെ നേരെ നിങ്ങൾക്കുള്ള അപവാദങ്ങൾ എന്തെല്ലാമാണു്?" എന്നു് ഒരു അരോചകസ്വരത്തിൽ ചോദിച്ചു. അതിനവർ "ഇവൻ ഒരു അപരാധി അല്ലെങ്കിൽ നിന്റെ പക്കലേക്കു് ഇവനെ ഞങ്ങൾ കൊണ്ടുവരാഞ്ഞേനെ" എന്നു് ദുശ്ശാഠ്യഭാവത്തിൽ ഉച്ചരിച്ചതിനു് പീലാത്തോസു് "എന്നാൽ ഇവനെ നിങ്ങൾതന്നെ കൊണ്ടുപോയി നിങ്ങളുടെ നിയമാനുസരണം വിധിച്ചുകൊൾവിൻ" എന്നു പറഞ്ഞു. അതിനു് അവർ "ഞങ്ങൾതന്നെ ഒരുവനെ മരണത്തിനു വിധിക്കുന്നതു് ഞങ്ങൾക്കു് ഒരു വിധവും ന്യായമല്ല എന്നറിഞ്ഞുകൂടെ?" എന്നുത്തരിച്ചു.

കൎത്താവിൻ ശത്രുക്കൾ കോപത്താൽ എരിഞ്ഞുകൊണ്ടു് വിസ്താരം ക്ഷണം കഴിച്ചു്, അവരുടെ ഈ ബലിസാധനമായ ഈശോയെ വേഗത്തിൽ കൊന്നു് പെസഹാ ആട്ടിൻകുട്ടിയെ പൂജിപ്പാൻ പോകുന്നതിനു് തത്രപ്പെട്ടിരുന്നു. പക്ഷെ പ്രവേശിച്ചാൽ തീണ്ടുമെന്നു് ശങ്കിക്കുന്ന ഈ കാര്യകച്ചേരി മുമ്പാകെ, അവർ വലിച്ചുകൊണ്ടുവന്നിരിക്കുന്ന ഈശോ മാത്രമാണു് സത്യമായ പെസഹാ ആട്ടിൻകുട്ടിയെന്നും, മറേറതു് ഇതിന്റെ നിഴൽമാത്രം ആകുന്നൊള്ളുയെന്നും, ആ ദുർഭാഗ്യപാതകർ അശേഷം ഗ്രഹിച്ചിരുന്നില്ല. ഈശോയുടെ നേരെയുള്ള അവരുടെ അപവാദങ്ങൾ പ്രധാനമായി മൂന്നായിരുന്നു. അവ ഓരോന്നിനെ തെളിയിക്കുന്നതിനു് പതിപ്പുള്ള സാക്ഷികളെ അവർ കൊണ്ടുവന്നു. കൎത്താവിനെ രാജദ്രോഹിയായി സ്ഥാപിച്ചാൽ ക്ഷണം മരണത്തിനു് വിധിക്കാമെന്നു് കരുതി അവർ വളരെ പ്രയത്നിച്ചു. ഈശോ, ജനങ്ങളിൽ ചക്രവൎത്തിക്കു് വിരോധമായി രാജദ്രോഹം എരിയിച്ചു്, പൊതുസമാധാനം ലംഘിക്കുന്നുവെന്നു് ആദ്യം അവർ ബോധിപ്പിക്കയും ഇതിലേക്കു് ചില കള്ളസാക്ഷികൾ പറയിക്കയുംചെയ്തു. പിന്നെയും ശനിയാഴ്ചകളിൽ രോഗം

പൊറുപ്പിച്ചുകൊണ്ടു് ആ ദിവസത്തെ ലംഘിക്കുന്നു എന്നവർ പറഞ്ഞപ്പോൾ പീലാത്തൊസു് അവരെ ആക്ഷേപിച്ചുകൊണ്ടു്, "നിങ്ങളിൽ ആർക്കും രോഗം ഇല്ലായിരിക്കും അല്ലേ? അല്ലെങ്കിൽ ശനിയാഴ്ച രോഗം പൊറുപ്പിച്ചതു നിമിത്തം നിങ്ങൾ ഇതു കുററം പറയാഞ്ഞതന്നെയല്ലോ" എന്നു പറഞ്ഞു. പിന്നേയും "ഇവൻ തീരെ യുക്തിഹീനമായ പഠനങ്ങൾ പഠിപ്പിച്ചുകൊണ്ടു് ജനങ്ങളെ വഞ്ചിക്കുന്നതുകൂടാതെ ഇവൻെറ ശരീരം ഭക്ഷിക്കയും, രക്തം പാനം ചെയ്കയും, ചെയ്യാതെ നിത്യായുസ്സു് പ്രാപിക്കയില്ലെന്നുകൂടെ പറയുന്നു എന്നും പറഞ്ഞു. എന്നാൽ പീലാത്തോസു കോപത്തോടെ പറഞ്ഞതായതു്: "നിങ്ങൾ ഇവൻെറ മാംസത്തേയും, രക്തത്തേയും അത്യന്തം ദാഹിക്കുന്നതിനാൽ ശരിയായിട്ടു നിങ്ങൾതന്നെയാണു് ഒന്നാമതു് ഈ ഉപദേശം പിന്തുടൎന്നു് ഇവൻെറ ശരീരം ഭക്ഷിച്ചു് രക്തം പാനംചെയ്തു് നിത്യായുസ്സു് പ്രാപിക്കേണ്ടതു്. ഇതിൻെറശേഷം കേസറിനു് കരം കൊടുക്കുന്നതിനു് ഇവൻ വിലക്കുന്നുയെന്നു് പറഞ്ഞുകൊണ്ടു് അവരുടെ രണ്ടാമത്തെ അപവാദം ബോധിപ്പിച്ചു.

ഈ വാക്കുകളാൽ അവനു മഹാ കോപമായി "അതു ശുദ്ധമെ ഭോഷ്ക്കാകുന്നു; എന്തെന്നാൽ അതെപ്പററി നിങ്ങളെക്കാൾ എനിക്കാണു അറിവു്" എന്നു നിലവിളിച്ചു പറഞ്ഞതിനാൽ അവർ അതു വിട്ടുകൊണ്ടു് മൂന്നാമത്തെ അപവാദമായി പറഞ്ഞതായതു്; ഈ മനുഷ്യൻ നന്നാ ശുദ്ധമായ ഒരു സ്ഥിതിയിൽ പിറന്നവനാണെങ്കിലും ഇവൻ ഒരു സംഘാദ്ധ്യക്ഷനായിരുന്നുകൊണ്ടു് ഓറശ്ലംപുരിയെ ശപിക്കയും, അതിൻെറ സംഹാരം സംബന്ധിച്ചു പറഞ്ഞു ഭീഷണി കാട്ടുകയും ഈരൎത്ഥമായ ഉപമകളും, തൻെറ കുമാരനു വിവാഹവിരുന്നു തയ്യാറാക്കുന്ന ഒരു രാജാവിൻെറ വൃത്താന്തവും പറകയും ചെയ്യുന്നു. ഒരിക്കൽ ഇവനൊരു മലമേൽ ഒന്നിച്ചുകൂട്ടിയ ജനം ഇവനെ രാജാവാക്കുവാൻ ശ്രമിച്ചപ്പോൾ അവൻ കരുതിയിരുന്ന സമയം വരായ്കയാൽ തല്ക്കാലം ഒളിച്ചുപൊയ്ക്കളഞ്ഞെങ്കിലും പിന്നീട്ടു് വീണ്ടും ഉന്നിവോടെ വന്നു. ഈ അടുത്ത ഒരു ദിവസംതന്നെ ഒരു മഹാ പുരുഷാരമദ്ധ്യേ ഇവൻ വളരെ ഘോഷമായി ഓർശ്ലംപുരിയിൽ പ്രവേശിച്ചു. എന്നുമാത്രമല്ലാ ആ പുരുഷാരത്തെക്കൊണ്ടു് ദാവീദിൻ കുമാരനു ഓശാന, നമ്മുടെ പിതാവായ ദാവീദിൻെറ ഇപ്പോൾ ആരംഭിക്കുന്നതായ രാജ്യം സ്തുതിക്കപ്പെട്ടതാകട്ടെ,

എന്നും മററുമുള്ള ആപ്പുകളാൽ ഇടവിടാതെ മുഴക്കിക്കളഞ്ഞു.

മാത്രമല്ല ഇവൻെറ ഭൃത്യരെക്കൊണ്ടു് ഇവനു രാജബഹുമതികൾ ചെലുത്തിക്കയും, ഇവൻ ദൈവത്തിൻെറ അഭിഷിക്തനായി യൂദന്മാൎക്കു വാഗ്ദാനം ചെയ്യപ്പെട്ട മ്ശിഹാരാജാവാണെന്നു് അവരോടു പറകയും, ഈ വക ഉത്തമ നാമധേയങ്ങളാൽ വിളിക്കപ്പെടുവാൻ ഇച്ഛിക്കയും ചെയ്യുന്നു." ഈ സംഗതികൾ സംബന്ധിച്ചു പത്തു സാക്ഷികൾ വിസ്തരിക്കപ്പെട്ടു. എന്നാൽ ഈശോതന്നെ രാജാവാണെന്നു അന്യരെക്കൊണ്ടു വിളിപ്പിച്ചുയെന്ന ഈ ഒടുവിലത്തെ സാക്ഷിമേൽമാത്രമെ പീലാത്തോസിനു അല്പ വിഷാദം തോന്നിയുള്ളു. ഇതിന്മേൽ ആലോചിച്ചുകൊണ്ടു് ഈശോയെ ഒന്നു സൂക്ഷിച്ചുനോക്കിയശേഷം എഴുന്നേററു് അപ്പുറത്തു ഒരു മുറിയിലേക്കു പോകയും ഈശോയെ തൻെറ മുമ്പിൽ കൊണ്ടുവരുവാൻ പ്രമാണിക്കയും ചെയ്തു.

എന്നാൽ പീലാത്തോസു മഹാ മൂഢഭക്തനും ഭീരുവും ആയിരുന്നു. അവൻ അജ്ഞാനശാസ്ത്രം പഠിക്കുന്ന കാലങ്ങളിൽ ചില ദേവകളുടെ പുത്രർ ചില സമയം ഭൂമിയിൽ വസിച്ച വിവരം വായിച്ചിരുന്നു. എന്നുമാത്രമല്ല യൂദന്മാരുടെ പ്രവാചകന്മാർ, ദൈവത്തിൻെറ അഭിഷിക്തരും അവരുടെ രക്ഷിതാവുമായി ഒരുവൻ യൂദന്മാരിൽ കാണപ്പെട്ടു് അടിമത്വത്തിൽ നിന്നവരെ വിടുവിക്കും എന്നു മുന്നറിയിച്ചിട്ടുള്ള ദീൎഘദൎശനങ്ങളും അതു സംബന്ധിച്ചിട്ടുള്ള പാരമ്പര്യ ശ്രുതികളും മററുള്ളവരെപ്പോലെ അവനും അറികയും അതിന്മേൽ ആലോചിക്കുകൂടെയും ചെയ്തിരുന്നു. കൂടാതെയും യൂദന്മാൎക്കു നവീനമായി പിറന്ന രാജാവിനെ വണങ്ങുവാനായി കിഴക്കുനിന്നു മൂന്നു രാജാക്കൾ വന്നതും അതുനിമിത്തം ഹേറോദേസ് എണ്ണമററ ശിശുക്കളെ കൊല്ലിച്ചതും മററും അവൻ ഓൎത്തു ഈ വക ചിന്തകളാൽ വാഗ്ദാനം ചെയ്യപ്പെട്ട മ്ശിഹാരാജാവു് ഇത്ര താണസ്ഥിതിയിൽ ഇരിക്കുന്ന താനാണെന്നു് ഈശോ നടിക്കുന്നു എന്ന കുററം യൂദന്മാർ കൎത്താവിനെ ചുമത്തി, ബന്ധിച്ചുകൊണ്ടുവന്നിരിക്കുന്നതു മഹാ അബദ്ധമായിട്ടാണെന്നാണു് അവനു തോന്നിയതു്. എങ്കിലും ചക്രവൎത്തിക്കു വിരോധമായ ആ കുററം ഈശോയുടെ പേരിൽ അവർ ചുമത്തിയപ്പോൾ അതു സംബന്ധിച്ചു രഹസ്യമായി അദ്ദേഹത്തോടു ചോദിപ്പാൻ നിശ്ചയിച്ചു. എന്നാൽ കൎത്താവു് അവൻെറ പക്കൽ വന്നപ്പോൾ തൻെറ തിരുമുഖത്തിൽ വീശിയിരുന്ന പ്രഭ അവൻ കണ്ടു്

അത്യാശ്ചര്യപ്പെട്ട്, "യൂദന്മാരുടെ രാജാവ് നീ ആകുന്നോ" എന്നു് അദ്ദേഹത്തോടു ചോദിച്ചു. അതിനു് അവിടുന്നു് "ഈ സംഗതി നീ തന്നെത്താൻ പറയുന്നതോ, മറെറാരുവൻ എന്നെ സംബന്ധിച്ചു് നിനക്കു ഉപദേശിക്കുന്നതോ" എന്നു ചോദിച്ചപ്പോൾ, ഇപ്രകാരമുള്ള സംഗതി താൻ വിശ്വസിക്കുന്നുയെന്നു് ഈശോ കരുതുന്നതിന്മേൽ നീരസമായി "ഞാൻ ഒരു യൂദനാകുന്നോ? ജാതിയശ്രേഷ്ഠാചാര്യർ അല്ലെ നീ മരണത്തിനു യോഗ്യനാണെന്നും പറഞ്ഞു നിന്നെ എൻെറ പക്കൽ കൊണ്ടുവന്നേല്പിച്ചതു്? നീ എന്താണു പ്രവൃത്തിച്ചിട്ടുള്ളതു്" എന്നു ചോദിച്ചു. അതിനു ഈശോ അത്യന്തമഹിമയോടെ "എൻെറ രാജ്യം ഈ ലോകത്തിലല്ല. എൻെറ രാജ്യം ഈ ലോകത്തിലായിരുന്നെങ്കിൽ ഞാൻ യൂദർക്കു ഏല്പിക്കപ്പെടായ്വാൻ എൻെറ ശുശ്രൂഷികൾ നിശ്ചയമായി തടഞ്ഞേനെയല്ലോ. എന്നാൽ ഇപ്പോൾ എൻെറ രാജ്യം ഇവിടെനിന്നല്ല" എന്നുത്തരിച്ചു.

അവിടുത്തെ മഹത്വമേറിയ ഈ തിരുവചനങ്ങളാൽ പീലാത്തോസു് മനസ്സിളകിയ സ്വരത്തിൽ "അപ്പോഴെ നീ രാജാവാകുന്നോ" എന്നു ചോദിച്ചതിനു് "ഞാൻ രാജാവാണെന്നു് നീ പറയുന്നു; ഞാൻ പറയുന്നതും, ലോകത്തിൽ വന്നതും, സത്യത്തെ സാക്ഷീകരിപ്പാനാകുന്നു. സത്യവാന്മാരൊക്കയും എൻെറ വാക്യം കേൾക്കും" എന്നുത്തരിച്ചു. അപ്പോൾ പീലാത്തോസു് കർത്താവിനെ സൂക്ഷിച്ചുനോക്കി എഴുന്നേററുകൊണ്ടു് "ഓ! സത്യം, സത്യമെന്താണു്" എന്നു പറഞ്ഞു. എന്നാൽ കർത്താവിൻെറ ഉത്തരം അവനാശേഷം ഗ്രഹിക്കാവുന്നതല്ലായിരുന്നെങ്കിലും അവിടുന്നു് സൂചിപ്പിക്കുന്ന ഈ രാജത്വം ലൌകികമല്ലായ്കയാൽ അതു് ചക്രവർത്തിയെ വിരോധിക്കുന്നതല്ല എന്നവൻ ഗ്രഹിച്ചു്, വീണ്ടും സിംഹാസനത്തിലേക്കു് വന്നു. "ഞാൻ യാതൊരു കുററവും ഇവനിൽ കാണുന്നില്ല" എന്നു് ശ്രേഷ്ഠാചാര്യരോടു് പറകയാൽ കർത്താവിൻെറ ശത്രുക്കൾ ക്ഷോഭിച്ചു്, അദ്ദേഹത്തിനു വിരോധമായി അനേക കുററങ്ങൾ പിന്നെയും പറഞ്ഞിരുന്നു.

എന്നാൽ അവിടുന്നു് ഈ ജന്മശത്രുക്കളെപ്രതി പ്രാർത്ഥിച്ചിരുന്നതല്ലാതെ ഒന്നും പറഞ്ഞില്ല. "നീ ഒന്നും ഉത്തരിക്കുന്നില്ലെ? ഇതാ ഇവർ എത്രയോ കുററങ്ങളാണു് നിൻെറമേൽ ചുമത്തുന്നതു്" എന്നു പീലാത്തോസു് പറഞ്ഞതുകൂടാതെ അവിടുന്നു് ഒന്നും പ്രതിവചിച്ചില്ല. അതുകൊണ്ടു് അവൻ ആശ്ചര്യപ്പെട്ടു്

"ഈ പറയുന്നതൊക്കെ ശുദ്ധമെ ഭോഷ്ക്കാണെന്നു് തെളിവായി ഞാൻ കാണുന്നു" എന്നു ഉറക്കെ പറഞ്ഞു. ഇതിനാൽ ശത്രുക്കളുടെ കോപം അധികരിച്ചു് "നീ ഇവനിൽ ഒരു കുററവും കാണുന്നില്ല; അല്ലെ? നാട്ടിൽ നാനാഭാഗത്തും രാജദ്രോഹം എരിയിക്കയും, ഇവൻെറ അബദ്ധപഠനങ്ങൾ ഇവിടെ മാത്രമല്ല ഗ്ലീലായിൽക്കൂടെയും പരത്തുകയും ചെയ്യുന്നതു് കുററമല്ലേ? എന്നു ചോദിച്ചു. എന്നാൽ ഗ്ലീലാ എന്ന വാക്കു് കേൾക്കവെ പീലാത്തോസു് അല്പം ഒന്നു് ചിന്തിച്ചിട്ടു് "ഈ മനുഷ്യൻ ഹേറോദേസിൻെറ കീഴുള്ള ഒരു ഗലിലേയനാകുന്നോ?" എന്നു ചോദിച്ചതിനവർ "അതെ, തത്സമയം അവൻ കപ്പർണ്ണാഹുമിലാണു് വസിക്കുന്നതെങ്കിലും ഇവൻെറ കാരണവന്മാർ നസ്രസിലാണു് പാർത്തിരുന്നതു്" എന്നുത്തരിച്ചു. അപ്പോൾ പീലാത്തോസു് "കാര്യം അങ്ങനെയാകുന്നെങ്കിൽ ഇവനെ ഹേറോദേസിൻമുമ്പിൽ കൊണ്ടുചെല്ലുവിൻ. അയാൾ തിരുനാൾക്കായി ഇവിടെ വന്നിട്ടുണ്ടല്ലൊ; അയാളുടെ കീഴുള്ളവനാകയാൽ ക്ഷണം വിധിക്കും" എന്നു പറഞ്ഞു.

ഉടൻ കർത്താവിനെ അവിടെനിന്നും കൊണ്ടുപോകയും വിധിക്കപ്പെടുന്നതിനായി അയാളുടെ പക്കലേക്കു് നസ്രായക്കാരൻ ഈശോയെ കൊണ്ടുവരുന്നുയെന്നു് അറിയിപ്പാനായി ഒരു ഉദ്യോഗസ്ഥനെ ഹേറോദേസിൻെറ പക്കലേക്കു് അയയ്ക്കയും ചെയ്തു. ഇതിനു രണ്ടു കാരണങ്ങളുണ്ടു്. 1. കാര്യങ്ങളുടെ പോക്കു കണ്ടിട്ടു് ഈശോയെ വിധിപ്പാൻ പീലാത്തോസിനു മനസ്സില്ലായ്കയാൽ അതിൽനിന്നു് ഒഴിയുവാൻ. 2. തമ്മിൽ രസക്ഷയമായിരുന്ന ഹേറോദേസിനെ ഇഷ്ടപ്പെടുത്തുവാൻ. എന്തെന്നാൽ ഹേറോദേസ്സു് ഈശോയെ കാണ്മാൻ ആഗ്രഹിച്ചിരുന്നു എന്നവൻ അറിഞ്ഞിരുന്നു. എന്നാൽ കർത്താവിൻെറ ശത്രുക്കൾക്കു് ഇപ്രകാരം സകല ജനമുഖേന വ്യവഹാരം തള്ളിയതുമുഖാന്തരമുള്ള കോപംനിമിത്തം അദ്ദേഹത്തെ പൂർവ്വാധികം ബാധകൾ ഏല്പിക്കുവാൻ തുടങ്ങി.

ആകയാൽ അവർ ഈശോയെ വീണ്ടും കെട്ടി, വഴിനീളെ അടി, ഇടി, ദൂഷണം, പ്രാക്കുകൾ മുതലായവ അദ്ദേഹത്തിൻെറ പേരിൽ ചൊരിഞ്ഞുകൊണ്ടു് സമീപെയായിരുന്ന ഹേറോദേസിൻെറ അരമനയിലേക്കു് ദ്രുതിയായി കൊണ്ടുപോയി. പീലാത്തോസിൻെറ വിസ്താരസമയത്തു് അവൻെറ ഭാര്യ അവനെകണ്ടു്

കണ്ടു് ഒരു പ്രത്യേക സംഗതി പറവാനാഗ്രഹിക്കുന്നുയെന്നു പറഞ്ഞു് പലപ്പോഴും ആളെ അയച്ചിരുന്നു. എന്നാൽ ശത്രുക്കൾ ഈശോയെ ഹേറോദേസിന്റെ പക്കലേക്കു് കൊണ്ടുപോയപ്പോൾ ഇവൾ ഒരു പൂമുഖത്തിലെ ജനലിൽക്കൂടെ കർത്താവിന്റെ ശത്രുക്കളുടെ അതിഘോരക്രൂരതയെ ഭയവും, ദുഃഖവും, അരോചകവുംനിറഞ്ഞ ചിന്തകളോടെ നോക്കി സൂക്ഷിച്ചിരുന്നു.

# അദ്ധ്യായം 18

## സ്ലീവാപാതയുടെ ഉത്ഭവം.

മേൽവിവരിച്ച ഈ ദുഃഖകരനാടകസമയം മുഴുവനും ഈശോയുടെ അമ്മയും, യോഹന്നാനും, മഗ്ദലേനായും കച്ചേരിക്കരികെയുള്ള ഒരു ഗൂഢസ്ഥലത്തു് മഹാ വ്യാകുലത്തോടെ അവയെ നോക്കി നിന്നിരുന്നു. എന്നാൽ ഈശോയെ ഹേറോദേസിന്റെ പക്കലേക്കു് കൊണ്ടുപോയപ്പോൾ കർത്താവിന്റെ ചുവടുകളാൽ ശുദ്ധീകരിക്കപ്പെട്ട ആ സ്ഥലങ്ങളെ വീണ്ടും സന്ദർശിപ്പാനായി അവർ പുറപ്പെട്ടു. കയ്യാപ്പായുടേയും, അന്നാസിന്റെയും വീടുകൾ, ഓഫേൽഗ്രാമം, ഗദസേമ്മൻ, സൈത്തുതോട്ടം മുതലായ സ്ഥലങ്ങളിൽ അവർ വീണ്ടും ചെന്നു് കർത്താവു് വീഴുകയോ പ്രത്യേക ഒരു പീഡ സഹിക്കയൊ ചെയ്ത അതതു് സ്ഥലങ്ങളിൽ അവർനിന്നു് ധ്യാനിക്കയും അവിടെ അദ്ദേഹമനുഭവിച്ച പീഡകൾ ചിന്തിച്ചു് പ്രലപിച്ചു് കരയുകയും ചെയ്തിരുന്നു; പരിശുദ്ധകന്യക അവളുടെ തിരുക്കുമാരൻ വീണ സ്ഥലങ്ങളിൽ മുട്ടുകുത്തി ദുഃഖത്തോടും പക്ഷത്തോടും കണ്ണുനീർ ചിന്തിക്കൊണ്ടു്, മുത്തുകയും മഗ്ദലേന അതിയായി ദുഃഖിക്കയും, യോഹന്നാൻ തന്റെ അടക്കമൊതാത്ത ദുഃഖവും കണ്ണുനീരും പുറമെ കാണിക്കാതെ, മാതാവിനെ സഹായിച്ച നടക്കയും ചെയ്തിരുന്നു. ഇങ്ങനെ ആകുന്നു സ്ലീവാപാതയെന്ന ആ പരിശുദ്ധ ഭക്തകൃത്യം ഉത്ഭവിച്ചതു്. ആകയാൽ കർത്താവിന്റെ തിരുപ്പാടുകളുടെ പരമരഹസ്യങ്ങൾ പൂർണ്ണമായി നിറവേറും മുമ്പുതന്നെ അവ വണങ്ങപ്പെട്ടു.

നമ്മുടെ സ്നേഹംനിറഞ്ഞ കർത്താവിന്റെ തിരുപ്പാടുകളിന്മേൽ തിരുസ്സഭയിലുള്ള ആ ആഴമായ ഭക്തിവണക്കം കറയററ ശുദ്ധതയുടെ മാതൃകയായ പരിശുദ്ധ കന്യകതന്നെയാണു് ഒന്നാമ

തായി നമുക്കു് കാണിച്ചുതരുന്നതു്. അതതു് തിരുസ്ഥലങ്ങളിൽ അവരം ചെന്നു് വ്യാകുലകണ്ണുനീരാൽ അവയെ കഴുകുന്ന ഈ അമലോത്ഭവ അമ്മയെ നാം പിന്തുടരുന്നതു് എത്രയോ മാധുര്യവും ആശ്വാസവും പ്രദാനം ചെയ്യുന്ന സംഗതിയാകുന്നു! ആ! നിത്യദൈവവചനവും, നമ്മുടെ രക്ഷകനുമായ ഈശോയെ ഒമ്പതുമാസം ആ വിരക്ത ഉദരത്തിൽ ചുമന്നു്, പ്രസവിച്ചു് മുലകുടിപ്പിച്ചു് വളത്തിയ ആ അമ്മയുടെ അലിവുനിറഞ്ഞ ഹൃദയത്തെ അപ്പോഠം കുത്തിപ്പിളൎന്നിരുന്ന ആ വ്യാകുലവാളുകഠം ആരാൽ വൎണ്ണിക്കാവതു്! ഇങ്ങനെ ഹൃദയം തകരുന്ന വിധത്തിലത്രെ ഈ കറയററ പരിശുദ്ധ അമ്മ സ്ലീവാപാതയെന്ന ഭക്തകൃത്യം ആരംഭിച്ചതു്. ഈ അമ്മ അവളുടെ തിരുക്കുമാരൻെറ തിരുപ്പാടുകഠം നടന്ന ഓരോ സ്ഥലങ്ങളിൽവെച്ചു് വിലയേറിയ നവരത്നങ്ങഠം, സുഗന്ധപുഷ്പങ്ങഠം എന്നപോലെ കത്താവിൻെറ തിരുപ്പാടുകളുടെ അളവററ യോഗ്യതകളെ അവളുടെ നിമ്മലഹൃദയത്തിൽ ശേഖരിച്ചു് ഈശോയിൽ വിശ്വസിക്കുന്നവരെപ്രതി നിത്യപിതാവിൻെറ തിരുസ്സന്നിധിയിൽ പരിഹാരബലിയായി സമപ്പിച്ചിരുന്നു.

മഗ്ദലേനായുടെ ദുഃഖവും എത്രയും വലിയതായിരുന്നതിനാൽ ഒടുവിൽ അതു് ഒരു ദുഃഖഭ്രാന്തുപോലെ ആയിത്തീൎന്നു. എന്തെന്നാൽ അവളുടെ അതിക്രമപാപങ്ങഠം ഈശോ വിമോചിച്ചതുനിമിത്തമുള്ള നന്ദിയും, സ്നേഹവും വേണ്ടുംവണ്ണം പ്രദശിപ്പിപ്പാൻ ഇടകിട്ടുംമുമ്പു് അവിടുന്നു് ഇത്ര പീഡിതനായിത്തീൎന്നതു് മുഖാന്തരം അവയെല്ലാം അവളുടെ അതിക്രപപാപംമൂലമാണു് അവിടുന്നു് സഹിക്കുന്നതെന്നു് ചിന്തിച്ചു് മനസ്താപം, സ്തോത്രം, സ്നേഹം മുതലായവയാലുള്ള കണ്ണുനീർ സദാ ഒഴുക്കിയിരുന്നു. എന്നുതന്നെയുമല്ല അവിടുന്നു് ആരേപ്രതി മരിക്കുന്നുവോ ആ ക്രൂരപാതകരുടെ നന്ദികേടു കണ്ടു് ഈ ദുഃഖം ഇരട്ടിച്ചിരുന്നു. യോഹന്നാനും അത്യന്തം ദുഃഖിച്ചിരുന്നെങ്കിലും ഒരക്ഷരം മിണ്ടാതെ സകലവും ഉള്ളിൽ സഹിച്ചുകൊണ്ടു് ആ സ്നേഹംനിറഞ്ഞ അമ്മയെ ഈ ഒന്നാമത്തെ സ്ലീവാപാതയിൽ ആശ്വസിപ്പിക്കുന്നതിനുമാത്രം ശ്രമിച്ചിരുന്നു.

# അദ്ധ്യായം 19

## പീലാത്തോസും ഭാര്യയും

യൂദന്മാർ ഈശോയെ ഹേറോദേസിൻപക്കൽ കൊണ്ടുപോകും സമയം പീലാത്തോസ് അവൻെറ ഭാര്യയായ പ്രോക്ലേസ് ക്ലാവുദിയ എന്നവളുടെ പക്കൽ പോകുന്നതു ഞാൻ കണ്ടു. അവരിരുവരും അരമനയുടെ പുറകിലുള്ള ഒരു വീട്ടിലേക്കുപോയി; ക്ലാവുദിയ അപ്പോഠം നന്നാ ഭയന്നു ഭ്രമിച്ച് വിളറിയിരുന്നെങ്കിലും അവഠം ഒത്ത ഉയരമുള്ള ഒരു യോഗ്യവതി ആയിരുന്നു. മാത്രമല്ല ഭംഗിയുള്ള അവളുടെ മുടിയിലും കാതിലും കഴുത്തിലും ചില ആഭരണങ്ങളും അണിഞ്ഞ് ഒരു നീണ്ട സാല്വാ തലയിലിട്ട് തോളിൽകൂടി ഗൌരവഭാവത്തിൽ നീട്ടിയിട്ടിരുന്നു. വിശേഷിച്ചും നീണ്ടുകിടക്കുന്ന അവളുടെ ഉടുപ്പു വാരി, ചില കൊളുത്തുകളാൽ ഭംഗിയായി ബന്ധിച്ചിട്ടിരുന്നു. അവഠം ദീഘനേരം അവനോട് സംഭാഷിച്ചതുകൂടാതെ ദീഘദശിയും പരിശുദ്ധരിൽ പരിശുദ്ധനുമായ ഈശോയെ ഒരിക്കലും ഉപദ്രവിക്കരുതെന്ന് അവൻ സാരമായി മതിച്ചിരുന്നവ ഒക്കയുടേയും നാമത്തിൽ അവഠം ആണയിട്ട് അപേക്ഷിച്ചു.

ഇതുകൂടാതേയും കത്താവിനെ സംബന്ധിച്ച് കഴിഞ്ഞ രാത്രി അവഠം കണ്ട ആശ്ചര്യകര കാഴ്ചകളും അവന് വെളിപ്പെടുത്തി. ആ കാഴ്ചകഠം ഇതേസമയം ഞാനും കണ്ടിരുന്നു. അവ കത്താവിൻെറ ജീവിതത്തിലെ പ്രധാന സംഗതികളായിരുന്നു. അതായതു്: മംഗലവാത്ത, പിറവി, ഇടയന്മാരും മൂന്നു രാജാക്കളും വണങ്ങിയതു്, ശെമഓൻെറയും അന്നായുടേയും ദീഘദശനം, മെസ്രേനിലേക്കുള്ള ഓടിയൊളിപ്പ്, പരിശുദ്ധ ശിശുക്കളുടെ സംഹാരം, വനത്തിൽവെച്ചുള്ള പൈശാചികതന്ത്രം മുതലായവ അവഠം കണ്ടു. മാത്രമല്ല കത്താവിൻെറ പരസ്യജീവിതഘട്ടത്തിലെ മുഖവടിവ്, പ്രകാശക്കതിരുകഠം ചുഴലുന്നതായും, അവിടുത്തെ ക്രൂരബാധകരുടെ മുഖങ്ങഠം ഇരുണ്ടതായും കണ്ടു. ഈശോയുടെ കഠിനപീഡകളും അതിൽവെച്ചുള്ള അദ്ദേഹത്തിൻെറ ആശ്ചര്യകരക്ഷമയും അളവററ സ്നേഹവും എന്നുമാത്രമല്ല വ്യാകുലമാതാവ് സഹിക്കുന്ന ദുഃഖവും അതിൽവെച്ചുള്ള അവളുടെ പൂണ്ണ കീഴ്വഴക്കവുംകൂടെ കണ്ടു. എന്നുതന്നെയുമല്ല ഈ ഭയങ്കര കാഴ്ചയുടെ സാരങ്ങഠംകൂടെ ഗ്രഹിച്ചതിനാൽ അവഠം അത്യന്തം ആശ്ചര്യ

പ്പെട്ടു് ഭ്രമിച്ചു്, നിദ്രാമയക്കത്തിൽ കിടക്കയിലാണു് കാലത്തു് കത്താവിനെ പീലാത്തോസിൻെറ കച്ചേരിയിലേക്കു കൊണ്ടുപോകുന്ന ആ പുരുഷാരത്തിൻെറ കലഹം കേട്ടു് ഉണൎന്നതു്.

ആകയാൽ പരിഭ്രമത്തോടെ അവഠം ചെന്നു് നോക്കിയപ്പോഠം ആ പുരുഷാരമദ്ധ്യേ ക്രൂരമായി ബാധിച്ചുകൊണ്ടു് ഒരു ആശ്വാസമില്ലാതെ അവർ കൊണ്ടുപോകുന്ന ആ കുററക്കാരൻ കഴിഞ്ഞ രാത്രിയിൽ കാഴ്ചയിൽ പ്രകാശക്കതിർ വീശുന്നതായി അവഠം കണ്ട ആ പരിശുദ്ധൻ തന്നെയാണെന്നു് തിരിച്ചറിഞ്ഞു. ഇതിനാൽ അവഠക്കു്, അവളുടെ ഹൃദയത്തിൽ ഒരു അസ്ത്രം പാഞ്ഞതുപോലെ മഹാ ദുഃഖവും സഹതാപവുമുണ്ടായി. ആകയാൽ ഉടൻതന്നെ ഭൎത്താവിനെ വരുത്തി സകല വിവരങ്ങളും മനസ്സിലകത്തക്കവിധം അവനോടറിയിച്ചു. മാത്രമല്ല, അവൻ ഇവളുടെ ഈ വൎത്തമാനത്താൽ വളരെ ആശ്ചൎയ്യഭരിതനായി വലിയ വിഷാദം സഹിക്കേണ്ടിവന്നു. ആകയാൽ അവൻ ഇപ്പോഠം കേട്ടതുകളെ, മുൻ അവൻ ഈശോയെക്കുറിച്ചു് കേട്ടിട്ടുള്ള യൂദരുടെ ശത്രുത, അവിടുത്തെ മഹിമയുള്ള മൌനം, അവൻെറ ചോദ്യങ്ങഠക്കുള്ള പരമരഹസ്യമായ അവിടുത്തെ ഉത്തരങ്ങഠ മുതലായവയോടു് താരതമ്യപ്പെടുത്തി ചിന്തിച്ചുകൊണ്ടു് കുറെനേരം വിഷാദിച്ചുനിന്നു. ഒടുവിൽ ഭാൎയ്യയുടെ അപേക്ഷയും സമ്മതിച്ചു. ഈശോയുടെ നിരപരാധിത്വം അവനു് മുമ്പേതന്നെ ബോദ്ധ്യമായിട്ടുണ്ടെന്നും ഈ പറയുന്ന കുററങ്ങഠ അദ്ദേഹത്തിൻെറ ശത്രുക്കളുടെ ശത്രുതമൂലം അവർ കെട്ടിയുണ്ടാക്കിയ നുണകളാണെന്നും അവനു് മനസ്സിലായിരിക്കയാൽ ഒരിക്കലും അദ്ദേഹത്തെ വിധിക്കുന്നതല്ലെന്നും ഉറപ്പായി പറഞ്ഞു.

മാത്രമല്ല കൎത്താവു് അവനോടുതന്നെ പറഞ്ഞ വാക്കുകഠ അവളെ പറഞ്ഞു് കേഠപ്പിച്ചുകൊണ്ടു് "ഈ നീതിമാനെ ഒരിക്കലും ഞാൻ വിധിക്കുന്നതല്ല" എന്നു് അവളോടു് വാഗ്ദാനം ചെയ്തതിനു് അച്ചാരമായി അവൻെറ മോതിരം ഊരി അവഠക്കു് കൊടുക്കയുംചെയ്തു. എന്നാൽ പീലാത്തോസിൻെറ സ്വഭാവം ലഘുവും, ചപലവും, ഹീനവും, ദുഷ്ടതയും, നിഗളവും നിറഞ്ഞതാകയാൽ പ്രവൃത്തികളിൽ ഒട്ടും വിചാരമില്ലാതെ നീതികേടായി പ്രവൎത്തിച്ചിരുന്നു. എന്നു മാത്രമല്ല ബഹു മൂഢഭക്തനായിരുന്നതിനാൽ പ്രയാസമുള്ള സംഗതികളിൽ അജ്ഞാനമന്ത്രതന്ത്രങ്ങളിൽമാത്രം ആശ്രയിക്കയും ചെയ്യു പതിവായിരുന്നു. ഇതിനാൽ

കർത്താവിൻ വിസ്താര സമയം വിഷാദംനിമിത്തം പലപ്പോഴും ഉ ാംമുറിയിൽ കടന്നു് ഈ ബിംബത്തിനും, ആ വിഗ്രഹത്തിനും ധൂപം അണക്കുകയും, അവനെ സഹായിക്കണമെന്നു് ദേവന്മാരോട്ടു് പ്രാർത്ഥിക്കയും ചെയ്യുന്നതും ഞാൻ കണ്ടു. എന്നാൽ പിശാച്ചു് അവൻെറ ബോധം ഏററം കലക്കി പലപല കള്ളലാക്ഷകാം തോന്നിച്ചിരുന്നു; അവസാനം ഒടുക്കത്തെ പ്രത്യേക ഭപാം വഴിയായ പക്ഷിശകുനവും * നോക്കിയെങ്കിലും എല്ലാം വൃഥാ; അവൻെറ ബോധം ഇരുളായിത്തന്നെ ഇരുന്നിരുന്നു.

ഈശോ കുറയററവനാണെന്നു അവന്നു് ബോദ്ധ്യമാകയാൽ അദ്ദേഹത്തോട്ടു് അട്ടപ്പമാകണമെന്നു് ഒരിക്കൽ തോന്നിയെങ്കിലും കർത്താവും ഒരു ദൈവമാണെന്നു് അവൻ കരുതുകയാൽ അവൻെറ ദേവന്മാർക്കു് അതു വിരോധമായേക്കുമെന്നു് ഭയപ്പെട്ടിരുന്നു. യൂദന്മാക്കു് വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന മ്ശിഹാരാജാവു് ഈശോ ആണെന്നു് ദീർഘദർശനങ്ങളാം മൂലവും മൂന്നു രാജാക്കാം, പിറന്ന രാജാവിനെ അന്വേഷിച്ചു് വന്നതിനാലും, മിക്കവാറും നിശ്ചയമായിട്ടിവന്നു് തോന്നിയെങ്കിലും ഇവൻ ദേവന്മാരുടേയും, എമ്പ്രദോരിൻെറയും ശത്രുവായിരുന്നതിനാൽ അവനെ ജീവിപ്പിക്കുന്നതു ദോഷമാകയില്ലയെന്നും, ഇവൻ ചാകുന്നതു് ദേവികാംക്കു് ജയമല്ലെ? എന്നു് ആക്കറിയാം എന്നും വിചാരിച്ചിരുന്നു. എന്നാൽ ഈശോയെ ഒരിക്കലും കാണാത്തവളായ അവൻെറ ഭാര്യ വെളിപ്പെടുത്തിയ ആ ആശ്ചര്യകര കാഴ്ചകാം നിരൂപിച്ചു് മനസ്സമറിഞ്ഞു് അദ്ദേഹത്തെ വിധിക്കാതിരിക്കുന്നതാണു് ഉത്തമമെന്നു് നിശ്ചയിച്ചെങ്കിലും പിന്നേയും അസ്ഥിരചിത്തനായിരുന്നു.

# അദ്ധ്യായം 20

## ഈശോ ഹേറോദേസിൻെറ മുമ്പിൽ നിർത്തപ്പെട്ടതു്.

ഫോരും എന്നതിന്നു് വടക്കുവശം പീലാത്തോസിൻെറ അരമനക്കു് സമീപമായിരുന്ന ഹേറോദേസിൻെറ അരമനയിലേക്കു

---

* അതിനായി പ്രത്യേകിച്ചു് വളർത്തുന്ന കോഴിക്കുഞ്ഞു മുതലായ പക്ഷികളുടെ തീൻ, സ്വരം മുതലായ പ്രവൃത്തികാം സൂക്ഷിച്ചുകൊണ്ടു് ഭവിഷ്യൽ ഫലങ്ങളാം വിധിക്കുന്ന ഒരുവക മൂഢശാസ്ത്രം.

ഈശോ പോയപ്പോൾ ഒരു റോമൻകാവൽപട്ടാളത്തേയും പ്രദക്ഷിണത്തോടുകൂടി അവൻ അയച്ചിട്ടുണ്ടായിരുന്നു. ഈശോയുടെ ശത്രുക്കൾ അങ്ങുമിങ്ങും കത്താവിനെ കൊണ്ടുനടപ്പാൻ നിബ്ബന്ധിക്കപ്പെട്ടതിനാൽ അടക്കരുതാത്ത കോപവെറിയാൽ എരിഞ്ഞു അതുമുഴുവൻ അദ്ദേഹത്തിൻെറ നേരെയാണു് പോക്കിയതു്. പീലാത്തോസിൻെറ ദൂതൻ മുൻചെന്നു് കാര്യമറിയിക്കയാൽ ഹേറോദേസു് തയ്യാറായി ഒരു വലിയ ശാലയിൽ പല മെത്തകൾ കൂട്ടി സിംഹാസനമാക്കി അതിന്മേൽ ഈശോയെ പാത്തിരിക്കയും അയാൾക്കു് ചുററം കാവൽക്കാരും മററം ഒരുങ്ങിനിൽക്കയും ചെയ്തിരുന്നു. ശ്രേഷ്ഠാചാര്യർ ഈശോയെ വാതുക്കൽ നിറുത്തികൊണ്ടു് അയാളുടെ പക്കൽ ചെന്നുനിന്നു; എന്നാൽ അയാൾക്കു് ഗലിലേയരെ വിധിപ്പാൻ അധികാരമുണ്ടെന്നു് ഈ പ്രവൃത്തിയാൽ പീലാത്തോസു് വെളിപ്പെടുത്തിയതിനാലും ഒരിക്കലും അവൻെറ പക്കൽ വന്നിട്ടില്ലാത്ത കത്താവിനെ ഇത്ര പരിതാപകരമായ സ്ഥിതിയിൽ കണ്ടതിനാലും ബഹു സന്തോഷമായി.

എന്തെന്നാൽ സ്നാപകയോഹന്നാൻ ഈശോയെക്കുറിച്ചു് പറഞ്ഞ സ്തുതികളും, ഈശോ വഴിയായി നടന്ന അത്ഭുതങ്ങളും പലവഴിക്കും അവൻ കേട്ടു് അദ്ദേഹത്തെ കാണ്മാൻ ദീഘനാളായി ആഗ്രഹിച്ചിരുന്നു. എന്നു തന്നെയുമല്ല, യൂദവൈദികരുടേയും അവൻെറ പരിചാരകരുടേയും മുമ്പാകെ ഉണ്ടാകുന്ന വിസ്താരത്തിൽ അവൻെറ വാചാലതയും വാഗ്വൈഭവവും പ്രദശിപ്പിക്കാമെന്നും കരുതിയിരുന്നു. "ഇവനിൽ ഒരു കുററവും കാണുന്നില്ല" എന്നു് പീലാത്തോസു്; പറഞ്ഞയച്ചതിൻെറ സാരം യൂദർ പറയുന്നവയെ വിശ്വസിക്കരുതെന്നാണെന്നു് ഹേറോദേസു് ഗ്രഹിച്ചു് അവരോടു് നിന്ദ്യമായി സംസാരിക്കയാൽ അവക്കു് ബഹു കോപമായിത്തീന്നു. അവർ ഉടൻതന്നെ വളരെ കുററങ്ങളെ കത്താവിൻെറമേൽ പറഞ്ഞെങ്കിലും, അയാൾ കത്താവിനെ തനിച്ചുകണ്ടു് സംസാരിക്കണമെന്നാഗ്രഹിച്ചു് അവർ പറഞ്ഞതൊന്നും വകവെച്ചില്ല. ഒരു കീറിയ തുണി ഒഴികെ വസ്ത്രങ്ങൾ ഒന്നുമില്ലാതേയും ഉള്ളതു് അശുദ്ധമായും, സകലവിധ പീഡകളാൽ തന്നത്താൻ നില്പാൻകൂടെ അശക്തനായും, അടികളാൽ മുഖം വീങ്ങി ഭാഷ പകന്നുമിരിക്കുന്ന ആ സ്ഥിതിയിൽ ഈശോയെ അയാൾ കണ്ടപ്പോൾ യൂദവൈദികരുടെ നേരെ തിരിഞ്ഞു് "ഓ! ദൈവമേ! ഇതെന്തൊരുവക ക്രൂരത; കൊണ്ടുപോകുവിൻ:

ഇത്ര പരിതാപകരസ്ഥിതിയിൽ ഇവനെ എൻെറ മുമ്പാകെ കൊണ്ടുവരുന്നോ” എന്നു് കോപത്തോടും സഹതാപത്തോടും അയാൾ നിലവിളിച്ചുപറഞ്ഞു.

ആകയാൽ സേവകർ കർത്താവിനെ കൊണ്ടുപോയി മുറിവുകളും, വ്രണങ്ങളും അശേഷം നോക്കാതെ ക്രൂരതയോടെ മുഖവും ഉടുപ്പുകളും ഒന്നു് കഴുകിച്ചുകൊണ്ടു്, വീണ്ടും കൊണ്ടുവന്നു. അതിനിടയിൽ അയാൾ യൂദന്മാരോടു് “നിങ്ങൾ ഒരു മനുഷ്യനോടെന്നതിനേക്കാൾ ഒരു കശാപ്പുകാരൻെറ മൃഗത്തോടെന്നപോലെയാണല്ലോ ഈ മനുഷ്യനോടു് പ്രവർത്തിച്ചിരിക്കുന്നതു്; നിങ്ങളുടെ പൂജ നന്നാ കാലത്തെതന്നെ തുടങ്ങിയല്ലോ” എന്നു പറഞ്ഞു. അവർ ഉടൻ കുററങ്ങൾ പറഞ്ഞുതുടങ്ങിയെങ്കിലും അയാൾ കർത്താവിൻെറനേരെ ബഹു സഹതാപഭാവം നടിച്ചുകൊണ്ടു് അദ്ദേഹത്തെ ബലപ്പെടുത്തുന്നതിനായി കുറെ വീഞ്ഞു് വരുത്തിക്കൊടുത്തു. പക്ഷെ കർത്താവതു കുടിക്കാതെ തല തിരിച്ചുകളകയാൽ അയാൾ അദ്ദേഹത്തോടു് അനേകചോദ്യങ്ങൾ ചോദിച്ചുകൊണ്ടു് അവൻെറ മുമ്പിൽവെച്ചു് ഒരു അത്ഭുതം പ്രവർത്തിപ്പാൻ അതിതാല്പര്യമായി പറഞ്ഞെങ്കിലും അദ്ദേഹം ഒരക്ഷരം പോലും ഉച്ചരിക്കാതെ ദൃഷ്ടി താഴ്ത്തി നില്ക്കയാൽ അവനു് അധിക കോപമായി; എങ്കിലും അതു് അശേഷം കാണിക്കാതെ ആശ്ചര്യഭാവത്തിൽ “കുററക്കാരനായി ഇവിടെ നില്ക്കുന്ന നീ തന്നെയാണോ നസ്രായക്കാരൻ ഈശോ എന്നു പറയപ്പെടുന്നവൻ; നിൻെറ പ്രവൃത്തികൾ മഹാ ശ്രുതിയായി കേട്ടിരുന്നല്ലോ.

നീ തൈർസ്സായിൽവെച്ചു് എൻെറ ആ തടവുകാരെ നീ വിടുവിച്ചതു് എനിക്കുപദ്രവമായി എന്നു് നീ അറിഞ്ഞില്ലായിരിക്കുമോ? പക്ഷെ നീ ഗുണം കരുതിയായിരിക്കും ചെയ്തതു്; എന്നാൽ, റോമാധിപൻ വിധിക്കുന്നതിനായിട്ടാണു് എൻെറ പക്കലേക്കു് നിന്നെ അയച്ചിരിക്കുന്നതു് എന്നു് നീ അറിയണം. ഈ പറയുന്നതുകൾക്കു് എന്താണു് നീ ഉത്തരിക്കാത്തതു്? നീ മൌനമായിരിക്കുന്നതെന്താ? നിൻെറ ബോധജ്ഞാനവും നീ പഠിപ്പിക്കുന്ന വേദവും സംബന്ധിച്ചു് വളരെ സംഗതികൾ ഞാൻ കേട്ടിരുന്നല്ലോ? നീ ദൈവകുമാരനും യൂദന്മാരുടെ രാജാവുമാണോ? നീ ആരാണു്? നീ ആശ്ചര്യകര അത്ഭുതങ്ങൾ പ്രവർത്തിക്കുന്നുവെന്നു് കേട്ടല്ലോ; അതിലൊന്നു് ഇപ്പോൾ എൻെറ മുമ്പാകെ കാണിക്ക. നിന്നെ വിട്ടയപ്പാൻ എനിക്കധികാരമുണ്ടു്.

നീ കരുടന്മാക്കു് കാഴ്ച നൽകിയതും, ലാസറിനെ ഉയിപ്പിച്ചതും, അനേകായിരംപേക്കു് കുറച്ചപ്പംകൊണ്ടു് പൂണ്ണഭക്ഷണം നൽകിയതും മററും ശരിതന്നെയാണോ? എന്താ നീ ഒന്നും ഉത്തരിക്കാത്തതു്? ഞാൻ പറയുന്നതുകേട്ടു് ഒരു അത്ഭുതം പ്രവത്തിച്ചാൽ നിനക്കു് ഗുണംവരും. നിനക്കു് എവിടെനിന്നാണു് ഈ ശക്തി? അതു് ഇപ്പോഠം ഇല്ലാത്തതെന്താ? ദീഘദശികഠം ഇവ വളരെ പ്രശംസിച്ചിരിക്കുന്നതു് നിന്നെക്കുറിച്ചുതന്നെയാണോ? ആ മൂന്നു രാജാക്കഠം എൻെറ പിതാവിൻെറ പക്കൽ അന്വേഷിച്ചുവന്ന ആ രാജപൈതൽ നീ തന്നെയായിരുന്നോ? ഇത്ര ഏറെ ശിശുക്കളെ എൻെറ പിതാവു് കൊല്ലിച്ചതിൽ നീ ഉഠപ്പെടാതിരുന്നതു് എങ്ങനെ? നീ ഇത്രകാലം അറിയപ്പെടാതിരുന്നതെന്ത്യേ? നീ രാജാവാണോ? നിൻെറ തൽക്കാലസ്ഥിതി രാജകീയമല്ലല്ലൊ. നീ ഈയിടെ അതിഘോഷമായി ദേവാലയത്തിൽ പ്രവേശിച്ചു എന്നു് കേട്ടല്ലൊ. അതിൻെറ സാരമെന്തു്? വേഗം ഉത്തരിക്ക.

ഇതിനൊന്നും കത്താവു് പ്രത്യുത്തരം നൽകിയില്ല. ആയതു് അവൻെറ വ്യഭിചാരജീവിതവും സ്നാപകയോഹന്നാൻെറ കൊലപാതകവും മുഖാന്തരം അവൻ മഹാഠറാൻ (ദേവാലയഭ്രഷ്ടു്) ഏററവനാകയാലത്രെ എന്നു് ഞാനറിഞ്ഞു. ഈശോയുടെ മൌനം നിമിത്തം അവനു് കോപം ജ്വലിക്കുന്നതു് യൂദവൈദികർ കണ്ടു് ഈ തരം പിടിച്ചു് കത്താവിൻെറ കുററങ്ങഠം കേഠപ്പിച്ചുതുടങ്ങി. ഈശോ ഹേറോദേസിനെ കുറുക്കനെന്നു വിളിച്ചതുകൂടാതെ അവൻെറ വംശം നശിപ്പിച്ചു് ഒരു പുതിയ വേദം ഏപ്പെടുത്തണമെന്നാണു് കത്താവിൻെറ ഉദ്ദേശം എന്നും, പെസഹാ ഭക്ഷിച്ചതു് ഒരു ദിവസം മുമ്പായിരുന്നുവെന്നും മററും അവർ പറഞ്ഞെങ്കിലും അവൻ പീലാത്തോസിനു് പ്രതിബഹുമതി കാണിപ്പാനായി അവൻെറ അഭിപ്രായത്തോടു് ഇവനും ചേന്നവിധത്തിൽ കത്താവിനെ വിധിക്കാതെ മടക്കി അയയ്ക്കണമെന്നു് തീമ്മാനിച്ചിരുന്നു. എന്നുമാത്രമല്ല ഈശോയെ അവൻ കണ്ട ക്ഷണംമുതൽ ഉള്ളിൽ ഒരു മഹാ വ്യസനം തോന്നിയിരുന്നതുകൂടാതെ സ്നാപകയോഹന്നാനെ കൊല്ലിച്ചതിനാലുള്ള മഹാ ഭയക്കെടുതി അതുവരെ അടങ്ങിയിട്ടുമില്ലായിരുന്നു. ഇതുകൂടാതേയും അവൻെറ വ്യഭിചാരജീവിതം നിമിത്തം അവനെ ദേവാലയകമ്മങ്ങളിൽ ചേക്കായ്കയാൽ മേലൂട്ടക്കാരോടു് മഹാ വെറുപ്പുമായിരുന്നു.

ആകയാൽ അവൻ കർത്താവിനെപ്പററി വളരെ ആക്ഷേപങ്ങൾ പറഞ്ഞശേഷം സേവകരോട് അതി നിന്ദ്യഭാവത്തിൽ "ഈ മൂഢനെ കൊണ്ടുപോയി അവനു യോഗ്യമായ ബഹുമതികൾ നൽകുവിൻ" ഇവൻ ഒരു കുററക്കാരൻ എന്നതിനേക്കാൾ ഒരു ഭ്രാന്തനായിട്ടാണ് തെളിയുന്നത് എന്നു പ്രമാണിച്ച ഉടനെ ഉദ്ദേശം 300 ക്രൂരസേവകർകൂടി കർത്താവിനെ ഒരു വലിയ മുററത്ത് കൊണ്ടുപോയി സകലവിധ അപമാനവാക്കുകളും, ഹീനവും, നിന്ദ്യവും, ക്രൂരവുമായ പ്രവൃത്തികളും അദ്ദേഹത്തിൻെറ മേൽ ചൊരിഞ്ഞുതുടങ്ങി. ഹേറോദേസ് ഒരുയന്ന സ്ഥലത്തുനിന്നു കുറെനേരം അതു നോക്കിക്കണ്ടിട്ട്, ഒടുവിൽ ഈശോയെ മരണത്തിനു വിധിപ്പാനായി മുട്ടിച്ചിരുന്ന മേല്പട്ടക്കാരോട് ആ റോമാപടയാളികൾ കേൾക്കത്തക്ക സ്വരത്തിൽ "ഞാനവനെ വിധിച്ചാൽ കുററമായിത്തീരും" എന്നു ഉച്ചത്തിൽ പറഞ്ഞുകൊണ്ട് പൊയ്ക്കളഞ്ഞു. അതിൻെറ സാരം പീലാത്തോസ് കുററമില്ലെന്നു പറഞ്ഞയച്ചിരിക്കുന്നവനെ അവൻ വിധിക്കുന്നതു യോഗ്യമല്ലല്ലൊ എന്നായിരുന്നു. എന്നാൽ യൂദവൈദികർ തങ്ങളുടെ ക്രൂരലാക്ക് സാധിപ്പാൻ അയാളോട് നന്നാ മുട്ടിച്ചെങ്കിലും തൽക്കാലം അതു പ്രയാസമായി കാണുകയാൽ, പട്ടണത്തിലുള്ള പ്രീശരിൽ ഈശോയുടെനേരെ അധിക ശത്രുത്വമുള്ളവർ, ജനങ്ങളെ പറഞ്ഞു വാശി കലർത്തി, ഇനിയത്തെ വിസ്താരസമയം പീലാത്തോസിൻെറ അരമനയിൽ കൂട്ടംകൂട്ടമായി വന്നു നിലവിളിച്ച് കലഹഭാവംകാട്ടി, കർത്താവിനെ വിധിപ്പാൻ അവനെ നിർബന്ധിക്കണമെന്നു പറഞ്ഞു, ആ വക ജന്മശത്രുക്കൾ പാർക്കുന്ന ഭാഗത്തേക്കു ദൂതനെ അയച്ചു.

എന്നുമാത്രമല്ല ഈ ദൈവദൂഷണക്കാരനെ കൊല്ലാഞ്ഞാൽ ദൈവകോപം നമ്മുടെമേൽ വീഴുമെന്നും ഒരു സമയം അവൻ റോമാക്കാരോടു ചേർന്നു നമ്മുടെ നാടു കീഴടക്കി നമ്മുടെ യൂദവംശത്തെ നശിപ്പിക്കുമെന്നും, വരുവാനിരിക്കുന്ന രാജ്യമെന്നു അവൻ പറയുന്നതിൻെറ സാരം അതാകുന്നുവെന്നും മററും പറഞ്ഞു ജനങ്ങളെ എരിയിപ്പാനും, സേവകർ ഈശോയെ കൊല്ലത്തക്കവണ്ണം പീഡിപ്പിക്കുന്നതിനു കൈക്കൂലികൊടുപ്പാനും രഹസ്യമായി പറഞ്ഞയച്ചു. എന്നാൽ ആ ദൂതർ പറഞ്ഞയച്ചവണ്ണം നിറവേററിയതുകൂടാതെ ഹേറോദേസ് ഈശോയെ വിധിച്ചു എന്നും പക്ഷെ പീലാത്തോസ് അവനെ വിട്ടയച്ചാൽ അവനും കൂട്ടരും

റോമാക്കാരോട്ട് ചേൎന്ന് നമ്മുടെ തിരുനാമം ലംഘിച്ച് പകരം വീട്ടുവാൻ വരുന്നതാകയാൽ ജനങ്ങൾ കൂട്ടമായി ആവലാധി പറവാൻ അത്യാവശ്യമാകുന്നുവെന്നും പട്ടണത്തിന്റെ മററു ചില ഭാഗങ്ങളിലും പറഞ്ഞു എരിയിച്ചു. ഈ സമയം ആ ക്രൂരസേവകർ പറഞ്ഞൊപ്പിക്കാവതല്ലാത്ത നിന്ദാപമാനപീഡകൾ ഈശോയെ അനുഭവിപ്പിച്ചിരുന്നു. അവരിലൊരുവൻ മുൻ പഞ്ഞി നിറച്ചതു നിമിത്തം വെള്ളനിറമായ ഒരു വലിയ പഴഞ്ചാക്കെടുത്തു്, വാളുകൊണ്ട് മുട്ടിൽ ഒരു ദ്വാരമുണ്ടാക്കി ഒരു നെടിയ അങ്കിപോലെ കൎത്താവിന്റെ കഴുത്തിലിടുകയും മറെറാരുവൻ ഒരു ചുവന്ന പഴന്തുണി അവിടുത്തെ കഴുത്തിൽ ചുററുകയും ചെയ്തു. ഈ ഓരോ പ്രവൃത്തികളും അവർ പൊട്ടിച്ചിരിച്ചുകൊണ്ട് കൎത്താവിന്റെ മുമ്പിൽ മുട്ടുകുത്തുകയും, പിന്നെ ശാസിച്ച് ഉന്തിയിടുകയും, "രാജാവേ നീ മൌനമായിരിക്കുന്നതെന്തു്" എന്നു പറഞ്ഞു മുഖത്തു് അടിക്കയും, ഗോഷ്ടികാണിക്കയും, കൎത്താവിനെ വണങ്ങുന്നുവെന്നു് നടിച്ചുകൊണ്ട് ആക്ഷേപിച്ച് മണ്ണുവാരി അദ്ദേഹത്തെ എറിയുകയും "നീ ചാടിക്കളിക്കുക" എന്നും പറഞ്ഞു് അദ്ദേഹത്തിന്റെ അരക്കച്ച പിടിച്ച് അങ്ങുമിങ്ങും വലിച്ചുകൊണ്ടു നടക്കയും നിലത്തുള്ള വെള്ളപ്പാത്തിയിൻമീതെ അദ്ദേഹത്തെ ചാടിച്ച് ഉരുട്ടിയിട്ടു്, തിരുതല ചുവരിന്മേൽ മുട്ടിക്കയും വീണ്ടും വലിച്ചെഴുന്നേല്പിക്കയും മററു പലതര ഉപദ്രവങ്ങളും ചെയ്കയും ചെയ്തിരുന്നു. (ഓ! എന്റെ കൎത്താവിന്റെ അതിരററ ക്ഷമ).

സേവകരും ശുശ്രൂഷികളുമായി അവിടെ ഉണ്ടായിരുന്ന 200 പേരിൽ ആരാണ് ഈശോയോട്ട് പുതിയ ഉപദ്രവം ചെയ്ത് തങ്ങളുടെ യജമാനനെ അധികം ഇഷ്ടപ്പെടുത്തുന്നതെന്നു് അവർ തമ്മിൽ മത്സരിച്ചിരുന്നു. എന്നുമാത്രമല്ല കൎത്താവിന്റെ തിരുതലയിൽ വടികൊണ്ട് അടിപ്പാനായി അവരിൽ ചിലൎക്ക് കൈക്കൂലി കൊടുത്തിരുന്നതിനാൽ അവർ അതു് നിറവേററുന്നതിനു് തരംകിട്ടുവാൻ ധൃതിപ്പെട്ടിരുന്നു. എന്നാൽ ഈശോ അവരുടെനേരെ സഹതാപം നിറഞ്ഞ നേത്രങ്ങളാൽ തൃക്കണ്പാൎത്തു്, വേദനയുടെ ആധിക്യത്താൽ നെടുവീൎപ്പുവിടുകയും, ഞരങ്ങുകയും ചെയ്യുന്നതിനുകൂടേയും, അവർ ഗോഷ്ടി കാണിക്കയും, ആക്ഷേപിക്കയും ചെയ്തിരുന്നു. എന്നാൽ അതിൽ ഒരുവനുപോലും ഒരു അല്പ ദയ കൎത്താവിന്റെ നേരെ തോന്നിയില്ല. മാലാഖാമാർ അ

രികിൽനിന്നു് കർത്താവിനെ ആശ്വസിപ്പിക്കയും സ്വർഗ്ഗീയതൈലത്താൽ അദ്ദേഹത്തെ അഭിഷേചിച്ചു് ബലപ്പെടുത്തുകയും ചെയ്യുന്നതും ഞാൻ കണ്ടു. ഈ ഉന്നതസഹായമില്ലാതിരുന്നെങ്കിൽ ഈ ഉപദ്രവങ്ങളാൽ അവിടുത്തെ ജീവൻ പിരിഞ്ഞുപോയേനെ. അവിടുത്തെ ശിരസ്സിൽനിന്നു് രക്തം ഒഴുകുന്നതും അടികളുടെ ശക്തിയാൽ മൂന്നു പ്രാവശ്യം അവിടുന്നു് നിലത്തു വീഴുന്നതും ഞാൻ കണ്ടു. കർത്താവിനെ മരണത്തിനു് വിധിക്കണമെന്നുള്ള ശ്രേഷ്ഠാചാര്യരുടെ മുട്ടിപ്പായുള്ള അപേക്ഷ ഹേറോദേസ് തള്ളി പീലാത്തോസിനെ ഇഷ്ടപ്പെടുത്തുവാനായി ഭ്രാന്തന്മാർക്കുള്ള വെള്ളവസ്ത്രം മാത്രം അദ്ദേഹത്തെ ധരിപ്പിച്ചു് മടക്കി അയച്ചതല്ലാതെ ഒരു തീർമ്മാനവും അവൻ പറഞ്ഞില്ല.

# അദ്ധ്യായം 21

## കർത്താവു് വീണ്ടും പീലാത്തോസിൻെറ മുമ്പിൽ നിർത്തപ്പെട്ടതു്.

കർത്താവിൻെറ ശത്രുക്കൾ അദ്ദേഹത്തെ ഇതുവരേയും മരണത്തിനു് വിധിച്ചുകിട്ടാതെ, അദ്ദേഹം കുററമററവനാകുന്നുവെന്നു് പലപ്പോഴും തെളിവായി പറഞ്ഞിരിക്കുന്ന ആ റോമാ അധിപനായ പീലാത്തോസിൻപക്കലേക്കു് തന്നെ വീണ്ടും കൊണ്ടുചെല്ലേണ്ടിവന്നതു് നിമിത്തമുള്ള കോപവെറി അസഹ്യമായിത്തീർന്നു. അവർ പട്ടണത്തിലേക്കു് അയച്ച ദൂതർക്കു് കാര്യം നടത്തുന്നതിനു് സമയമുണ്ടാകുവാനും അദ്ദേഹത്തെ ഈ ഹീനസ്ഥിതിയിൽ എല്ലാവരും കാണുന്നതിനായി വേറൊരു പ്രസിദ്ധമായ ദീർഘതെരുവിൽക്കൂടി ചുററിത്തിരിച്ചാണു് കൊണ്ടുവന്നതു്. എന്നാൽ സേവകർ കഴിയുന്ന ഉപദ്രവങ്ങൾ കർത്താവിനോടു് ചെയ്തിരുന്നതു് കൂടാതെ ആ നീണ്ട വെള്ളവസ്ത്രവും വഴിനിരപ്പുകേടും മുഖാന്തരം അദ്ദേഹം വീഴുമ്പോൾ ആ ക്രൂരന്മാർ അദ്ദേഹത്തെ അടിച്ചും ഇടിച്ചുമാണു് എഴുന്നേല്പിച്ചിരുന്നതു്. ഈശോ അതിഘോരമായ ഈ ഉപദ്രവങ്ങളിലെല്ലാം ഒരല്പമെങ്കിലും വിരോധിക്കാതെ, നമ്മുടെ രക്ഷയ്ക്കായുള്ള ഈ പാടുകൾ ഒടുക്കത്തോളം നിറവേററുന്നതിനു് ബലം തരണമെന്നു് പിതാവിനോടു് പ്രാർത്ഥിച്ചിരുന്നു.

ഉദ്ദേശം എട്ടുമണി ആയപ്പോൾ പ്രദക്ഷിണം പീലാത്തോസിന്റെ കച്ചേരിയിൽ മടങ്ങി എത്തി.

തിങ്ങിവിങ്ങി കൂടിയിരുന്ന ആ പുരുഷാരമദ്ധ്യെ പ്രീശർ അങ്ങുമിങ്ങും പോയി മന്ത്രിച്ച് കലഹത്തിന്ന് അവരെ എരിയി



നമ്മുടെ കർത്താവിനെ വെള്ളവസ്ത്രം ധരിപ്പിച്ചതു.

ച്ചിരുന്നു. എന്നാൽ പീലാത്തോസ് മുന്നൊരിക്കൽ പെസഹാ സമയം ഉണ്ടായ ഒരു കലഹം ഓർത്ത് ആയിരം പട്ടാളക്കാരെ പ്രെത്തോരിയും, ഫോരും, അരമന എന്നിവകൾക്ക് ചുററും കാവൽ നിരത്തി. പരിശുദ്ധ കന്യക, കലിയോപ്പാമറിയം, മഗ്ദലേന മുതലായ 20 സ്ത്രീജനങ്ങൾ ഒന്നിച്ച് സകലവും അറിവാൻ തക്ക വിധം സമീപമുള്ള ഒരു വീട്ടിൽനിന്നു നോക്കിയിരുന്നു. പ്രീശർ ഈശോയെ പുരുഷാരമദ്ധ്യെ ഭ്രാന്തന്മാരുടെ വസ്ത്രത്തോടെ കൊണ്ടുവന്നു ജനങ്ങളിൽ ഏററം മുട്ടാളന്മാരും, ക്രൂരന്മാരും, കാ

ട്ടാളസ്വഭാവികളുമായി അവർ ശേഖരിച്ച ആ ദുഷ്ടഗണത്തിനരികെ പീലാത്തോസിൻെറ മുമ്പിൽ നിരത്തി. എന്നാൽ ഹേറോദേസു് മുൻകൂട്ടി അയച്ച ഒരു ദൂതൻ പീലാത്തോസിൻെറ പക്കൽ വന്നു് ഈശോയെ അയാളുടെ പക്കലേക്കു് അയച്ചതിൽ കാണിച്ച ആ മര്യാദയെ അവൻെറ യജമാനൻ അത്യന്തം അഭിനന്ദിക്കുന്നുവെന്നും, ഇത്ര കേൾവിപ്പെട്ട ഈ ഗലീലേയനെ ഒരു ഭ്രാന്തനായിമാത്രം തിരികെ അയച്ചിരിക്കുന്നുവെന്നും ബോധിപ്പിച്ചു. ഇതിനാൽ ഹേറോദേസിൻെറ അഭിപ്രായം തൻെറതിനോടു് ഒത്തിരിക്കകൊണ്ടാണു് ഇങ്ങനെ പറഞ്ഞയച്ചതെന്നു് പീലാത്തോസു് ഗ്രഹിച്ചു് അയാൾക്കു് ബഹുസന്തോഷമായി.

ഇതിനാൽ ആ നീച്ച്വാല്ഗോപുരത്തിൻെറ വീഴ്ചമുതൽ തമ്മിൽ മഹാ * വിരോധികളായിരുന്ന അവരിരുവരും മഹാസ്നേഹിതരായിത്തീർന്നു. കർത്താവിനെ വീണ്ടും ആ മാർബിൾപ്പടവികൾ കരേറുകയിൽ നീണ്ട വെള്ളവസ്ത്രം തടഞ്ഞു് ആ ഗോവണിപ്പടവിമേൽ വീഴുകയാൽ ശിരസ്സിൽനിന്നു് രക്തമൊലിച്ചിരുന്നു.

---

* ഇവർതമ്മിലുള്ള വൈരാഗ്യകാരണം ഇതായിരുന്നു: ദേവാലയത്തിലെ അഴുക്കുകൾ കെദറോനെന്ന തോട്ടിലേക്കു് കളവാനായി ഒരു നീച്ച്വാല്യഗോപുരം യൂദർക്കു് പണിയിച്ചുകൊടുക്കാമെന്നു് പീലാത്തോസു് ഏൽക്കുയും അതിനാവശ്യമായ സാമാനങ്ങളും കല്ലണിക്കാരേയും ഹേറോദേസിനു് കീഴ്പ്പെട്ടവരിൽനിന്നു് അവൻ അയച്ചുകൊടുക്കയും ചെയ്തു. എന്നാലിവൻ യൂദന്മാർ പീലാത്തോസിനെ വെറുക്കേണ്ടതിനായി ആ പണി തീർന്നു് അച്ചു തട്ടുമ്പോൾ ഗോപുരം മുഴുവൻ ഇടിഞ്ഞുവീഴത്തക്കവണ്ണം പണിയണമെന്നു് ഗൂഢമായി പണിക്കാരെ ചട്ടംകെട്ടുകയും അതിൻവണ്ണംതന്നെ അതു് വീഴുകയും ഓഫേൽക്കാരായ 98- പണിക്കാരും ചത്തുപോകയുംചെയ്തു. (ഈ വർത്തമാനം ചില ശിഷ്യർ സമരിയായിൽ പഠിപ്പിച്ചുകൊണ്ടിരുന്ന കർത്താവിനോടു് അറിയിച്ചതും, അദ്ദേഹം സ്നാപക യോഹന്നാൻെറ കാരണവന്മാരെ ആശ്വസിപ്പിപ്പാൻ പോകുംവഴി ആ അപകടത്തിൽ മുറിവേററ പല പണിക്കാരെ സുഖപ്പെടുത്തിയതും ഈ സഹോദരി കണ്ടിട്ടുണ്ടു്.) ഇതു സംഭവിച്ചതു് ഹേറോദേസിൻെറ വിരുന്നിൽവെച്ചു് സ്നാപകയോഹന്നാനെ കൊല്ലിച്ച ദിവസത്തിലാകയാൽ പീലാത്തോസിനേയും ക്ഷണിച്ചിട്ടുണ്ടായിരുന്നെങ്കിലും റോമാക്കർ ആരും ആ വിരുന്നിൽ കൂടിയില്ല. മാത്രമല്ല, ഈ പണിച്ചിലവു് വസൂലാക്കുന്നതിനായി പീലാത്തോസു് ഒരു പ്രത്യേകകരം യൂദന്മാർക്കു് നിശ്ചയിക്കയും അതിനു് മറുതലിച്ച ഒരു യൂദഗണത്തെ ദേവാലയത്തിൽ വെച്ചുതന്നെ അവൻ കൊല്ലിക്കയും ചെയ്കയാൽ യൂദന്മാർക്കും ഹേറോദേസിനും അവനോടു് ബഹു കോപമായിത്തീർന്നു.

അദ്ദേഹം വീണപ്പോൾ ആ ദുഷ്ടജനം ആക്ഷേപിച്ചു ചിരിക്കയും സേവകർ ക്രൂരമായി അദ്ദേഹത്തെ അടിച്ചുകൊണ്ടു വലിച്ചെഴുന്നേല്പിക്കയും ചെയ്തു. അപ്പോൾ കർത്താവിന്റെ ശത്രുക്കൾ അവക്കുള്ള ഇരിപ്പിടങ്ങളിലും, പീലാത്തോസു സ്വന്ത സിംഹാസനത്തിലും ഇരിക്കയും, അവനുചുററം പല ഉദ്യോഗസ്ഥന്മാർ എഴുതുന്ന തൂവലുകളും പിടിച്ചു നിൽക്കയും ചെയ്തിരുന്നു. അവൻ പിന്നീടു പ്രീശരെനോക്കി പറഞ്ഞതായതു്; "ഇവൻ ജനങ്ങളെ കലക്കുന്നുവെന്നും പറഞ്ഞു നിങ്ങൾ ഇവനെ എന്റെ അടുക്കൽ കൊണ്ടുവന്നുവല്ലൊ. എന്നാലിതാ നിങ്ങളുടെ മുമ്പിൽതന്നെ ഇവനെ ഞാൻ പരിശോധിച്ചപ്പോൾ നിങ്ങൾ ചുമത്തുന്ന കുററങ്ങൾ ഒന്നുംതന്നെ ഈ മനുഷ്യനിൽ ഞാൻ കാണുന്നില്ല; എന്നാൽ ഹേറോദേസിന്റെ പക്കലേക്കു നിങ്ങളൊരുമിച്ചു ഇവനെ അയച്ചിട്ടു അയാളും മരണാർഹനായവിധം ഒന്നും അവനോടു ചെയ്തിട്ടില്ല; ആകയാൽ ഇവനെ ഞാൻ ശിക്ഷിച്ചു വിട്ടുകളയും."

പ്രീശർ ഇതുകേട്ടു കോപവെറിയോടെ ഇതിനു മറുതലിപ്പാനായി തങ്ങൾ കൈക്കൂലികൊടുത്തു കൂട്ടിയ ആ ജനങ്ങളെ എരിയിക്കുന്നതുകണ്ടു പീലാത്തോസു നിന്ദയോടെ ചുററംനോക്കി വെറപ്പായി സംസാരിച്ചിരുന്നു. എന്നാൽ തിരുനാളിൽ ജനങ്ങൾ ചോദിക്കുന്ന ഒരു കുററക്കാരനെ അവക്കു വിട്ടുകൊടുക്കുന്ന പൂർവ്വമര്യാദ അനുസരിച്ചു ഈശോയെ വിടുന്നതിനായി കൊലപാതകവും, മററനേക കുററങ്ങളുംനിമിത്തം ജനങ്ങൾ അത്യന്തം വെറുത്തു മരണശിക്ഷയ്ക്കു തീർപ്പാക്കിയിരിക്കുന്ന ബറാബ്ബായേയും ഈശോയേയും ജനങ്ങൾക്കു കാട്ടി ചോദിച്ചാൽ നിശ്ചയമായിട്ടു ഈശോയെ വിടുവാൻ അവർ സമ്മതിക്കും എന്നു പീലാത്തോസു കരുതിയിരുന്നു. എന്നാൽ ശ്രേഷ്ഠാചാര്യർ അതു അറിഞ്ഞു അതിനു വിരോധമായി ബറാബ്ബായെ ചോദിക്കുന്നതിനു ജനങ്ങളെ ഭയപ്പെടുത്തി ശാസിക്കയാൽ അവർ കൂട്ടമായി വന്നു "തിരുനാൾ ദിവസം ഞങ്ങൾക്കു പതിവുള്ള മനോഗുണം നീ തരിക" എന്നു നിലവിളിച്ചു പറഞ്ഞു.

ഉടൻ പീലാത്തോസു "ശരി, പെസഹായ്ക്കു ഒരു കുററക്കാരനെ നിങ്ങൾക്കു വിട്ടുതരിക പതിവാണല്ലൊ, എന്നാൽ യൂദന്മാരുടെ രാജാവിനേയൊ ബറാബ്ബായേയൊ ആരെ നിങ്ങൾക്കു വിട്ടുതരേണ്ടതു്" എന്നു ചോദിച്ചപ്പോൾ "ബറാബ്ബായെ" എന്നു ഒരു അല്പപക്ഷം അഭിപ്രായപ്പെട്ടെങ്കിലും അതു അത്ര പ്രസ്ഥാപ

മായില്ല. എന്നാൽ പീലാത്തോസ് യൂദരുടെ രാജാവെന്നു് ഈശോയെ വിളിച്ചതു് മുഴുവൻ അങ്ങനെ വിശ്വസിച്ചിട്ടല്ല, ഇത്ര ഹീനസ്ഥിതിയിൽ ഇരിക്കുന്ന അദ്ദേഹത്തെ അവരുടെ രാജാവെന്നു വിളിച്ചുകൊണ്ടു് യൂദരെ നിന്ദിപ്പാനായിരുന്നു. എങ്കിലും പല കാരണങ്ങളാലും വാഗ്ദാനം ചെയ്യപ്പെട്ട മ്ശിഹാരാജാവു് ഈശോ ആണെന്നു് അവൻെറ ആന്തരികസ്വരം നിലവിളിച്ചിരുന്നു. കർത്താവിനെ അവർ ഈ കുററങ്ങൾ ചുമത്തുന്നതു് വൈരാഗ്യംമൂലം മാത്രമാണെന്നു് അവനു പൂർണ്ണമായി തെളിയുകയാൽ അവരുടെ കരുതൽ തെററിക്കണമെന്നു് അവൻ കരുതിയിരുന്നു. ഈ ആഗ്രഹം, കർത്താവിൻെറ ആ നിത്യസത്യം തെളിയിക്കുന്ന വാക്കുകളാൽ വദ്ധിക്കയും അവൻെറ ബോധം അല്പം തെളിയുകയും ചെയ്തു. ഈ സമയം അവൻെറ ഭാര്യ അയച്ച ഒരു ദൂതൻ വന്നു് അവനെ അകത്തേക്കു വിളിച്ചു കൊണ്ടുപോയി, ആ മോതിരം കാണിച്ചുകൊണ്ടു് "ഇന്നു കാലത്തു് അങ്ങുന്നു് അവളോടു ചെയ്ത വാഗ്ദാനം മറക്കരുതെന്നു് പ്രോക്ലസ്സ് ക്ലാവുദിയ അപേക്ഷിക്കുന്നു" എന്നു പറഞ്ഞു. എന്നാൽ അവൻ അതിനുത്തരമായി തൻെറ വാഗ്ദാനം ശരിക്കു നിറവേററുമെന്നു് തീച്ചയായി പറഞ്ഞു് മോതിരം വീണ്ടും ഭാര്യക്കു് മടക്കി അയച്ചു.

പരിശുദ്ധ കന്യക സഹചാരികളായ സ്ത്രീകളൊരുമിച്ചു് സമീപെ ഒരു കോണിൽനിന്നു് കരഞ്ഞു പ്രലപിച്ചിരുന്നു. അവളുടെ പ്രിയ കുമാരൻെറ തിരുമരണത്താൽമാത്രം മനുഷ്യരക്ഷ സാധിക്കയുള്ളു എന്നു് സ്പഷ്ടമായി അവളറിഞ്ഞിരുന്നെങ്കിലും മാതൃസ്നേഹത്താൽ അത്യന്തം വ്യസനിച്ചു്, ഈ ഭയങ്കരപീഡകൾ അകന്നു് ഈ തിന്മ നിറവേറാതിരിക്കണമെന്നു് ദൈവത്തോടു് പ്രാത്ഥിച്ചിരുന്നു. പാടുണ്ടെങ്കിൽ ഈ കാസ അകററണമെ! എന്ന പൂങ്കാവനത്തിലെ കർത്താവിൻെറ ആ തിരുവചനങ്ങൾ അവൾ പലപ്പോഴും ഉച്ചരിച്ചിരുന്നു. പിന്നെയും പീലാത്തോസ് ഈശോയോടു് ഇഷ്ടപ്പെട്ടുവാൻ താല്പയ്യപ്പെടുന്നു എന്നൊരു ശ്രുതി യുണ്ടായിരുന്നതിനാലും അവളുടെ അരികിൽ നിന്നിരുന്ന കപണ്ണാഹുംകാരായ ചില പരിചയമുള്ള ആളുകൾ (അവർ ഒന്നും കരുതീട്ടില്ലെങ്കിലും) പലപ്പോഴും അവളെ നോക്കുകയാലും അവക്കിത്ര മനോജ്ഞങ്ങൾ ചെയ്ത കർത്താവിൻെറനേരെ വല്ലൊരു ദയയുണ്ടായി അദ്ദേഹത്തെ വിടുവാൻ അവർ അപേക്ഷിക്കുമൊ എന്നൊരു നേരിയ ശരണം മാതാവിനു തോന്നിയിരുന്നു. എന്നല്ല

മററുകൂട്ടക്കും ഇങ്ങനെതന്നെ തോന്നി.

പീലാത്തോസ് വീണ്ടും സിംഹാസനത്തിൽവന്നു ഈ രണ്ടു പേരിൽ ആരെയാണു നിങ്ങാക്കു ഞാൻ വിട്ടുതരേണ്ടതെന്നു ചോദിച്ചപ്പോാ ആ ശാല മുഴുവൻ ഏകസ്വരമായി മുഴങ്ങി ക്കൊണ്ടു "ഈ മനുഷ്യനെയല്ല, ബറാമ്പായെ വിട്ടുതരണം" എന്നവർ ഉത്തരിച്ചു. "എന്നാൽ ഈ യൂദരുടെ രാജാവായ ഈശോയെ ഞാൻ എന്തു ചെയ്യണം? എന്നു പീലാത്തോസ് പറഞ്ഞതിനു "അവനെ കുരിശിന്മേൽ തറയ്ക്കു, അവനെ കുരിശിന്മേൽ തറയ്ക്കു എന്നു എല്ലാവരുംകൂടി ഒരു കലഹസ്വരത്തിൽ നിലവിളിച്ചു. "അവൻ എന്തു തിന്മയാണു ചെയ്തതു്?" എന്നു പീലാത്തോസ് വീണ്ടും ചോദിച്ചു. പിന്നീടു "ഞാനിവനിൽ ഒരു കുററവും കാണാത്തതുകൊണ്ടു ഞാൻ ഇവനെ അടിപ്പിച്ചു വിട്ടുകളയും" എന്നു പറഞ്ഞപ്പോാ "കുരിശിന്മേൽ തറയ്ക്കു, കുരിശിന്മേൽ തറയ്ക്കു" എന്നു പുരുഷാരം മുഴുവൻ നിലവിളിച്ചിരുന്ന ഒരു നാരകീയ കൊടുങ്കാററു അന്തരീക്ഷത്തിൽ മാറേറാലിക്കൊണ്ടു. ശ്രേഷ്ഠാചാര്യന്മാരും, പ്രീശരും പിശാചന്മാരേപ്പോലെ നിലവിളിച്ചുകൊണ്ടു അങ്ങുമിങ്ങും ഓടിയിരുന്നു. ആകയാൽ അല്പനായ പീലാത്തോസ് ഇത്ര മഹാ കലഹംകണ്ടു ധൈര്യമററു മരതലിപ്പാൻ വശമില്ലാതെ ബറാമ്പായെ അവക്കു വിട്ടുകൊടുക്കയും, കത്താവിനെ കെട്ടിയടിപ്പാൻ കല്പിക്കയുംചെയ്തു.

# അദ്ധ്യായം 22

## കത്താവിനെ കൽത്തൂണിന്മേൽ കെട്ടി അടിച്ചതു്.

സകല ന്യായാധിപന്മാരിൽവെച്ചു ബലഹീനനും ചപലഹൃദയനുമായ പീലാത്തോസ് ഈശോയെ മരണത്തിനു വിധിപ്പാൻ മനസ്സില്ലാതെ "യാതൊരു കുററവും ഇവനിൽ ഞാൻ കാണാത്തതുകൊണ്ടു ഇവനെ ശിക്ഷിച്ചു വിട്ടുകളയും" എന്നു പറഞ്ഞുകൊണ്ടു യൂദരുടെ ചട്ടപ്രകാരം കെട്ടിയടിപ്പാൻ പ്രമാണിച്ചു. ആകയാൽ സേവകർ കല്പനപ്രകാരം ആ കോപവെറിപിടിച്ച പുരുഷാരമദ്ധ്യേ അവക്കു പതിവായ കഠിനപ്രവൃത്തി

കരം നിറവേററിക്കൊണ്ടു് ഫോരും എന്ന സ്ഥലത്തേക്കു് കർത്താവിനെ വലിച്ചുകൊണ്ടുപോയി. അതിൻെറശേഷം പീലാത്തോസിൻെറ അരമനക്കു വടക്കു് ഫോരും എന്ന പ്രസിദ്ധസ്ഥലത്തു നിന്നിരുന്ന, കുററക്കാരെ കെട്ടിയടിക്കുന്ന കൽത്തൂണിൻെറ ചുവട്ടിൽ അടിപ്പാനുള്ള കോലുകളും, ചമ്മട്ടികളും, കയറുകളും മററും വിധിനടത്തുകാരൻ കൊണ്ടുവന്നിട്ടു. കറുത്തിരുണ്ടു് പൊക്കംകുറഞ്ഞ ആറു ക്രൂരന്മാരാണു് അരയും തലയുംമുറുക്കി, നെഞ്ചത്തു് ഒരു വെടിപ്പുകെട്ട തുകലുംകെട്ടി കർത്താവിനെ അടിക്കാൻവന്നതു്. ഇവരുടെ രോമംനിറഞ്ഞ ഭുജങ്ങരം ഒരു പശിമയില്ലാത്തതും, വസ്ത്രമില്ലായ്കയാൽ നഗ്നമായതും, ഞരമ്പു് ബലമുള്ളതും ആയിരുന്നു.

ഇവർ ഐഗുപ്തൻെറ അതൃത്തികളിൽനിന്നുള്ള കുററക്കാരും അവരുടെ കഠിനപാതകംമൂലം കഠിനവേലകരംക്കു് വിധിക്കധീനരുമാകയാൽ, ചാലുകളും തോടുകളും കുഴിക്കുക, കെട്ടിടങ്ങരം പണിതുയർത്തുക, പ്രൊത്തോരിയും എന്ന ആ കച്ചേരിയിലെ ദേഹശിക്ഷകരം നടത്തുക മുതലായവ ഇവരാണു് ചെയ്തിരുന്നതു്. ഈ ക്രൂരജന്തുക്കരം പല പാവപ്പെട്ട കുററക്കാരേയും ഈ തൂണിങ്കൽ വെച്ചു് അടിച്ചുകൊണ്ടുതന്നെ കൊന്നുകളഞ്ഞിട്ടുണ്ടു്. ഇവർ കാഴ്ചക്കു് കഠോരമൃഗങ്ങരം അഥവാ പിശാചുക്കരം എന്നു തോന്നിയിരുന്നതുകൂടാതെ, ആ സമയം മദ്യ സേവിച്ചു് മത്തവിലാസന്മാരുമായിരുന്നു. കർത്താവശേഷം മറുതലിക്കാതെ അവരുടെ പുറകെ പോയിരുന്നെങ്കിലും, ആ കാട്ടാളന്മാർ കൈകരംകൊണ്ടു് ന. കർത്താവിനെ അടിച്ചുകൊണ്ടും, കെട്ടിയിരുന്ന കയറു് പിടിച്ചു വലിച്ചുകൊണ്ടും അദ്ദേഹത്തെ കൊണ്ടുപോയി, ആ തൂണിൻെറ കടയ്ക്കലേയ്ക്കു് പിടിച്ചു തള്ളിയിട്ടു. ഈ തൂണു് ആ വലിയ മുററത്തിൻെറ നടുവിൽ ഒന്നിനേയും താങ്ങാതെ വേർതിരിഞ്ഞാണു് നിന്നിരുന്നതു്. ഒരു ഒത്ത മനുഷ്യൻ കൈ എത്തിച്ചാൽ അതിൻെറ ഉച്ചിയിലുള്ള വട്ടക്കണ്ണിമേൽ തൊടുവാൻമാത്രം പൊക്കമുള്ളതുമായിരുന്നു. എന്നു മാത്രമല്ല മററു ചില വട്ടക്കണ്ണികളും കൊളുത്തുകളും അതിൻെറ ഇടയിലുമുണ്ടായിരുന്നു.

ഈ ക്രൂരഘാതകർ നമ്മുടെ കർത്താവിനോടു് കാട്ടിയ ക്രൂരത മാനുഷനാവാൽ വർണ്ണിപ്പാൻ തീരെ അസാദ്ധ്യംതന്നെ. മുൻ കർത്താവിനെ നിന്ദ്യമായി ധരിപ്പിച്ചിരുന്ന ആ പഴയ സാൽവാ അവർ പറിച്ചു കീറിക്കൊണ്ടു് തൂണങ്കലേക്കു് വീണ്ടും അദ്ദേഹത്തെ

പിടിച്ചു തള്ളി. കൎത്താവു് തൂണുങ്കൽ ഞടുഞടുങ്ങി വിറച്ചു നിന്നു കൊണ്ടു് തിരുകരങ്ങൾ രക്തമൊലിച്ചു വീങ്ങിയിരുന്നാലും, തന്റെ തിരുവസ്ത്രങ്ങൾ പാടായ നിമിഷത്തിൽ താൻതന്നെ ഊരു



ന. കൎത്താവിനെ കൽത്തൂണിൽ കെട്ടി അടിച്ചതു്.

കയും അവർ തന്നെ ഇങ്ങിനെ ശാസിച്ചടിച്ചിരുന്നതിനു് പകരം താൻ അവരെപ്രതി മനസ്സിളകുന്ന വിധത്തിൽ പ്രാൎത്ഥിക്കയും ചെയ്തിരുന്നു. ആ സമയം വ്യാകുല സമുദ്രത്തിൽ മുഴുകി നില്ക്കുന്ന അമ്മയെ അവിടുന്നു് ഒന്നു സൂക്ഷിച്ചുനോക്കിയതിനാൽ ഈ നോട്ടം അവളെ തീരെ ബോധരഹിതയാക്കിയതിനാൽ മഗ്ദലേനായും മററും അവളെ താങ്ങിയില്ലെങ്കിൽ നിശ്ചേഷ്ടയായി വീണുപോയേനെ.

ഈശോ പിന്നീടു് കൈകൾ രണ്ടും തൂണിന്നിരുവശവും വെച്ചുകൊടുക്കവെ ആ ഉഗ്രജന്തുക്കൾ തിരുകരങ്ങൾ പിടിച്ചു മുകളിലെ വട്ടക്കണ്ണിമേൽ വലിച്ചുകെട്ടിയതിനാൽ മുൻ തൂണിന്റെ അ

ടിയോടുചേർത്തു വരിഞ്ഞു കെട്ടിയിരുന്ന അവിടുത്തെ പാദങ്ങൾ നിലത്തു മുഴുവനും എത്തിയിരുന്നില്ല. ഇങ്ങനെ ആ കഠിന ഹൃദയർ പരിശുദ്ധരിൽ പരിശുദ്ധനായ ഈശോയെ വസ്ത്രമെന്നു് പറയത്തക്കതു് ഒന്നുമില്ലാതെ മഹാ പാതകരെ ശിക്ഷിക്കുന്ന ആ തൂണിന്മേൽ വലിച്ചു നീട്ടികെട്ടി. ഇതിന്റെശേഷം അവിടുത്തെ രക്തത്തെ ദാഹിക്കുന്ന വെറിയന്മാരായ രണ്ടു ഉഗ്രഘാതകർ വലിയ ശക്തിയോടെ തിരുത്തലമുതൽ പാദംവരെ കർത്താവിനെ അടിച്ചുതുടങ്ങി. അവർ ആദ്യം കർത്താവിനെ അടിച്ച ചമ്മട്ടികൾ കാളഞരമ്പുകളും, തുകൽവാറുകളുംകൊണ്ടുള്ളതും, വെള്ളമരം എന്നുപേരായ ഒരുവക ഉലച്ചിലുള്ള കോലുകളുമായിരുന്നു.

സത്യമായ ദൈവവും മനുഷ്യനുമായ സ്നേഹംനിറഞ്ഞ രക്ഷിതാവു് ഈ കഠോര അടികളാൽ ഒരു പുഴപോലെ കിടന്നു് പുളയുകവെ, അവിടുത്തെ അതി പ്രലാപകരമായ വ്യസനഞരക്കങ്ങൾ, ആ ചമ്മട്ടിമൂളിച്ചകളോടൊന്നിച്ചു് അതിദൂരം ധ്വനിച്ചിരുന്നു. എന്നാൽ ഈ ഞരക്കം വേദനയാലുള്ള നിലവിളി എന്നതിനെക്കാൾ നമ്മുടെ പാപങ്ങളെപ്രതി പൊറുതിയിരക്കുന്ന മനസ്സിളകത്തക്ക ആഴമായ ജപമായിരുന്നു. എന്നാൽ ഇതിനിടയ്ക്കു് പലപ്പോഴും "അവനെ കൊല്ലുക, കുരിശിന്മേൽ തറക്കുക" എന്നു് ചെവിപൊട്ടത്തക്ക ഇടിമുഴക്കംപോലെയുള്ള ദുഷ്ടപുരുഷാരത്തിന്റെ നിലവിളികൾ ആ ഹൃദയമിളക്കുന്ന ഞരക്കങ്ങളെക്കാൾ ഉച്ചത്തിൽ കേട്ടിരുന്നു.

പീലാത്തോസു് സംസാരിക്കുമ്പോൾ ഈ ദുർജ്ജനത്തിന്റെ ആരവം അടക്കുവാനായി ഇടക്കിടക്കു് ഒരു കൊമ്പുവിളിച്ചിരുന്നതിനാൽ ആ സമയം ഭയങ്കര ചമ്മട്ടികളുടെ മൂളിച്ചയും ഈ ദുഷ്ടഘാതകരുടെ പ്രാക്കുദ്ഘോഷണങ്ങളും സമീപമായിരുന്ന പ്രൊപാത്തിക്കാഠാലിയിൽ കുളിപ്പിക്കുന്ന പെസഹാ ആട്ടിൻ കുട്ടികളുടെ കരച്ചിലുമെന്നവയോടുകൂടെ കർത്താവിന്റെ പ്രമാദഞരുക്കങ്ങളും തെളിവായി കേട്ടിരുന്നു. എന്നാൽ ഈശോയുടെ നിഴൽമാത്രമായ ഈ ആട്ടിൻ കുട്ടികളുടെ കരച്ചിൽമാത്രമെ അവിടുത്തെ പ്രലാപ ഞരക്കങ്ങളോടു് അല്പം അനുയോജിച്ചിരുന്നുള്ളു. ഈ ഭയങ്കരശിക്ഷ നടത്തുന്ന ആ തൂണിനു ചുററും റോമാ പട്ടാളത്തെ കാവൽ നിറുത്തിയിട്ടുണ്ടായിരുന്നു. എങ്കിലും വളരെപ്പേർ കർത്താവിനെ ദുഷിച്ചും, ചിലർ ദുഃഖത്താൽ മൌനമായും അങ്ങോട്ടുമിങ്ങോട്ടും നടക്കുമ്പോൾ, അവരിൽ ചിലരുടെ ഹൃദയങ്ങളിൽ

കത്താവിൽനിന്നു് വീശുന്ന കതിരുകൾ പ്രവേശിച്ചിരുന്നു. ഈ സമയം കാവൽമുറിക്കു് സമീപം നന്നാ ഹീനരും നിഗളികളുമായ ഒരുഗണം യുവാക്കന്മാർ പുതിയ ചമ്മട്ടികളും മുൾചൂരലുകളും തയ്യാറാക്കുന്നതും, ഞാൻ കണ്ടു. എന്നാൽ ശ്രേഷ്ഠാചാര്യരുടെ ദാസന്മാർ മൃഗസ്വഭാവികളായ ആ ഘാതകർക്കു് പണവും, ഒരു ഭരണിനിറച്ചു് വീരുമുള്ള ചുവന്ന ഒരുതരം മദ്യവും കൊടുക്കയാൽ അവർ തീരെ മധുമത്തന്മാരായി, നമ്മുടെ കത്താവിനോടുള്ള അവരുടെ അവൎണ്ണനീയ ക്രൂരത പത്തിരട്ടിയായി അധികരിപ്പിച്ചിരുന്നു.

ആ രണ്ടു ദുഷ്ടപാതകർ കാൽമണിക്കുറനേരം അശേഷം ഇളവില്ലാതെ ശക്തിയോടെ കത്താവിനെ അടിച്ചശേഷം, വേറെ രണ്ടു പേർ മാറിവന്നപ്പോൾ അവിടുത്തെ തിരുദേഹം സൎവ്വാംഗം ചുവപ്പും നീലയുമായ വടുവുകൾ നിറഞ്ഞു് രക്തം തുള്ളിതുള്ളിയായി നിലത്തു് വീണിരുന്നെങ്കിലും, കോപവെറിപിടിച്ചു് നിലവിളിച്ചിരുന്ന ആ യൂദരുടെ ദുഷ്ടതക്കു് ഒരടക്കവും വന്നില്ല. ആ പുതിയ രണ്ടു് ഘാതകർ മുട്ടുകളും മുഴകളും പൊളികളുമുള്ള കോലുകൾ, മുൾചൂരലുകൾ മുതലായവകൊണ്ടു് കത്താവിനെ അവക്കു് പാടായ ശക്തിയോടുകൂടെ അടിച്ചുതുടങ്ങിയതിനാൽ അദ്ദേഹത്തിന്റെ തിരുമാംസം തുണ്ടുതുണ്ടായി കീറിയിരുന്നതുകൂടാതെ, ആ ഘാതകരുടെ കൈകളും നിലവും നനയത്തക്കവണ്ണം രക്തം തെറിക്കയും അവിടുത്തെ ദേഹം മുഴവൻ കിടുകിടെ വിറക്കയും ചെയ്തിരുന്നു.

ആ സമയം ആഴമായ പ്രമാദഞരക്കത്തോടെ കത്താവു് പ്രാൎത്ഥിക്കുമ്പോൾ ഒട്ടകപ്പുറത്തു പോയിരുന്ന ചില യാത്രക്കാർ ഈ ദുഃഖകരനാടകം കണ്ടു് ഹൃദയം തകൎന്നു് സഹതാപംകൊണ്ടു് പരിഭ്രമിക്കയാൽ, അവരോടു് മററവർ വൃത്താന്തങ്ങൾ പറഞ്ഞറിയിച്ചു. ഇവരിൽ ചിലർ സ്നാപകയോഹന്നാനിൽനിന്നു് ജ്ഞാനസ്നാനം സ്വീകരിക്കയും; ചിലർ മലമേൽ വെച്ചുള്ള കത്താവിന്റെ പ്രസംഗം കേൾക്കയും ചെയ്തിട്ടുള്ളവരായിരുന്നു. മൂന്നാമതു് വേറെ രണ്ടു് പുതിയ ഘാതകർ മാറി അടിച്ചുതുടങ്ങി. അവരുടെ ചമ്മട്ടികൾ, തുകൽവാറുകളിന്മേൽ ഇരുമ്പുമുള്ളുകളും കൊളുത്തുകളും പതിച്ചവയായിരുന്നതിനാൽ അവ അസ്ഥികളോളം പാഞ്ഞു് ആ ദിവ്യമാംസങ്ങളെയെല്ലാം കഷണങ്ങളാക്കി കീറിയിരുന്നു. ഹാ! ഏതൊരു മാനുഷനാവാലാണു് ഈ ഭയങ്കരവും

ഹൃദയഭേദകവുമായ പരിതാപകരനാടകം വൎണ്ണിപ്പാൻ കഴിയുന്ന തു്!!. (ആ കത്താവേ! അങ്ങെ തിരുപ്പാടുകൾ എൻെറ ഹൃദയ ത്തിൽ ആഴമായി പതിച്ചരുളണമെ.) എന്നാലും ആ കഠിന ജന്തുക്കളുടെ കോപവെറിക്കു് അല്പ അടക്കവും വരാതെ അവർ കത്താവിനെ കെട്ടഴിച്ചു് മലത്തിക്കെട്ടിയപ്പോൾ നിവൎന്നുനി ല്പാൻ അശേഷം ബലമില്ലായ്കനിമിത്തം അവർ അദ്ദേഹത്തെ തൂ ണോടുചേത്തു്വെച്ചു് കൈകൾക്കു് കീഴും മുട്ടിനുമേലുമായി രണ്ടു കെട്ടുകൾകൂടി കെട്ടി. മാത്രമല്ലാ അദ്ദേഹത്തിൻെറ കരങ്ങളും മുകളിലത്തെ വട്ടക്കണ്ണിയിൽ വലിച്ചുകെട്ടിക്കൊണ്ടു് മുമ്പില ത്തേതിലിരട്ടി ശക്തിയോടെ അടിച്ചുതുടങ്ങി. ഒരുവൻ അവിടു ത്തെ തിരുമുഖത്തിൽ അടിച്ചിരുന്നു. അവിടുത്തെ തിരുദേഹം മുഴു വൻ കീറിച്ചിതറി അടിതൊട്ടു മുടിവരെ ഏക വ്രണമായിത്തീൎന്നു.

അപ്പോൾ രക്തംനിറഞ്ഞ ആ തിരുകണ്ണുകളാൽ അനുഗ്രഹ ത്തിനൊന്നപോലെ കത്താവു് അവരെ നോക്കിയിരുന്നെങ്കിലും അവരുടെ ക്രൂരത അധികരിച്ചിരുന്നതല്ലാതെ ഒട്ടും കുറഞ്ഞിരുന്നി ല്ല. (ഓ! സ്നേഹംനിറഞ്ഞ ഈശോയെ! അങ്ങുന്നു് എന്നെപ്ര തി സഹിച്ച പാടുകൾ ബോധംകൊണ്ടു് ചിന്തിക്കുന്നതിനുകൂടേ യും എന്നാൽ വശമില്ല.) കത്താവിൻെറ പ്രമാദങ്ങരക്കം ക്ഷണം തോറും ക്ഷീണിച്ചുപോയിരുന്നു. ഈ ഭയങ്കരശിക്ഷയായ ചമ്മട്ടി യടി ഇടവിടാതെ മുക്കാൽ മണിക്കൂറനേരത്തേക്കു് നീളിച്ചു. ഈ സമയം ഹീനവംശക്കാരനും കത്താവു് കൺതുറന്ന ആ കുരു ടൻെറ സംബന്ധിയുമായ ഒരുവൻ ഒരു കത്തിയുംകൊണ്ടു് പുരു ഷാരമദ്ധ്യേ നിന്നു് പെട്ടെന്നോടി ദ്വേഷഭാവത്തിൽ "ഹേ!-അ ടി നിൎത്തുവിൻ; ഈ കറയററ മനുഷ്യനെ നിങ്ങൾ തല്ലിക്കൊല്ലേ ണ്ടു; നിൎത്തുവിൻ" എന്നു് നിലവിളിച്ചു പറഞ്ഞു.

മദ്യപിച്ചു മത്തന്മാരായ ആ പരമദുഷ്ടർ പെട്ടെന്നുണ്ടായ ആ സ്വരത്താൽ അമ്പരന്നു നിന്നപ്പോൾ അവൻ ക്ഷണം തൂണി ൻെറ സമീപം ഓടിച്ചെന്നു് കെട്ടുകൾ ചെത്തിയുംകൊണ്ടു് പുരു ഷാരത്തിൽ കലൎന്നു് മറഞ്ഞുകളഞ്ഞു. അപ്പോൾ കത്താവു മോഹാ ലസ്യപ്പെട്ടു് മയങ്ങി രക്തംനനഞ്ഞ ആ നിലത്തു് വീണുപോയി. ആ മൃഗസ്വഭാവികൾ കത്താവിനെ അവിടെ ഇട്ടുംകൊണ്ടു്, കാ വൽപുരയിൽ കുടിച്ചുമത്തടിച്ചു്, മുൾമുടിമെടഞ്ഞുണ്ടാക്കുന്ന തങ്ങ ളുടെ കൂട്ടരൊന്നിച്ചു് കുടിപ്പാൻ പൊയ്ക്കളഞ്ഞു. നമ്മുടെ കത്താ വു് ആ രക്തത്തിൽ മുങ്ങിക്കിടക്കുന്നതുകണ്ടു് വിനോദത്തിനായി

രണ്ടുമൂന്നു നിഗളികളായ സ്ത്രീകൾ വന്നു് ഒന്നു നോക്കിയ സമയം സഹിയാതെ തല ഉയർത്തി കൺതുറക്കയിൽ കർത്താവും അവരെ കണ്ടു. അവർ അരോചകത്തോടെ പിരിഞ്ഞുപോയപ്പോൾ സേവകർ അവരെ ആക്ഷേപിച്ചു ഫലിതംപറഞ്ഞു ചിരിച്ചിരുന്നു.

ഈ ചമ്മട്ടിഅടിസമയം മാലാഖാമാർ കരഞ്ഞുകൊണ്ടു് പല പ്രാവശ്യം കർത്താവിന്റെ അരികിൽ വന്നിരുന്നു. എന്നാൽ അവിടുന്നു ഈ ഭയങ്കരശിക്ഷാസമയം മുഴുവൻ നമ്മുടെ മാംസേച്ഛ കൂടെത്ത പാപങ്ങളുടെ പരിഹാരാർത്ഥം പിതാവിനോടു് ഇരന്നു് പ്രാർത്ഥിച്ചിരുന്നു. ഒടുവിൽ ഈശോ രക്തത്തിൽ മുങ്ങികിടക്കവേ ഒരു ദൈവദൂതൻവന്നു് ഒരു വെണ്മയുള്ള പാനീയം അദ്ദേഹത്തിനു കൊടുക്കുന്നതും ഈ സ്വർഗ്ഗീയ ആശ്വാസത്താൽ അല്പബലം അദ്ദേഹം പ്രാപിച്ചതും ഞാൻ കണ്ടു. സേവകർ തിരികെ വന്നു് വടികൊണ്ടു് കർത്താവിനെ അടിച്ചുകൊണ്ടു് അവരുടെ പുറകെ ചെല്ലുവാൻ പറഞ്ഞപ്പോൾ അദ്ദേഹത്തിനു് അശേഷം ബലമില്ലായെങ്കിലും മഹാ പ്രയാസത്തോടെ വിറക്കുന്ന മുട്ടുകാലുകളിന്മേൽ അദ്ദേഹം എഴുന്നേററുനിന്നു; എന്നാൽ അവർ വസ്ത്രംധരിപ്പാൻകൂടെ ഇടകൊടുക്കാതെ, അദ്ദേഹത്തിന്റെ മേൽവസ്ത്രംമാത്രം തോളിലേക്കു് എറിഞ്ഞുകൊണ്ടു് കാവൽമുറിയിലേക്കു് അദ്ദേഹത്തെ കൊണ്ടുപോയി. പോകുംവഴി കർത്താവുതന്നെ ഉടുപ്പിന്റെ ഒരററംപിടിച്ചു തിരുമുഖത്തു ഒലിച്ചിരുന്ന ആ രക്തം ഒന്നുതുടച്ചു.

എന്നാൽ ശ്രേഷ്ഠാചാര്യർ ഇരുന്നിരുന്ന സ്ഥലത്തുകൂടെ ഈശോ കടന്നപ്പോൾ പിശാചിന്റെ ആ അടിമകൾ "അവനെ കൊല്ലുക, കുരിശിന്മേൽ തറയ്ക്കു, കുരിശിന്മേൽ തറക്ക" എന്നു് നിലവിളിച്ചുകൊണ്ടു്, നിന്ദയോടെ പുറം തിരിഞ്ഞുകളഞ്ഞു. സേവകർ കർത്താവിനെ ആ വീട്ടിന്റെ നന്നാ ഉൾഭാഗത്തു് സേവകരും, അടിമകളും, ചുമട്ടുകാരും, ഹീനരും നിറഞ്ഞ ഒരു മുറിയിൽ കൊണ്ടുപോയിട്ടു. പക്ഷെ അവിടെ പടയാളികൾ ഇല്ലായിരുന്നു. എന്നാൽ പീലാത്തോസ് ജനങ്ങളുടെ അസാമാന്യക്ഷോഭം കണ്ടു് ഭയപ്പെട്ടു്, അന്തോനിയാ എന്ന കോട്ടയിലേക്കു് ആളയച്ചു് നല്ല പരിശീലനം സിദ്ധിച്ചിരുന്ന 1,000 റോമാപട്ടാളക്കാരെ വരുത്തി ആ മുറിക്കു ചുററം കാവൽനിറുത്തി. ഇവർ ഈശോയെ നിന്ദിക്കയൊ ആക്ഷേപിക്കയൊ മററൊ ചെയ്യാലും, അവരെ നിറുത്തിയിരിക്കുന്ന അണിനിര തെററിച്ചുപോകരുതെന്നു് അവരോടു് ആജ്ഞാപിച്ചിട്ടുണ്ടായിരുന്നു.

# അദ്ധ്യായം 23

## മാതാവു് ചമ്മട്ടി അടി കണ്ടതു്.

പരിശുദ്ധ കന്യക അവളുടെ സ്നേഹതിരുക്കുമാരനെ കെട്ടി അടിച്ച സമയംമുഴവൻ മയങ്ങി പരവശയായിരിക്കുന്നതു് ഞാൻ കണ്ടു. അവാം അവർണ്ണനീയ സ്നേഹപ്രലാപത്തോടെ കർത്താവിൻെറ സകല പീഡകളും കണ്ടു് ആഴമായി ദുഃഖിച്ചു് ഞരങ്ങുകയും കണ്ണുനീർധാര ഒഴുക്കുകയും ചെയ്തിരുന്നു. അവാം ഒരു നീണ്ട സാലുവാ പുതച്ചു് അവളുടെ സഹോദരിയായ ഏലിമറിയം എന്നവളുടെമേൽ ഒന്നു് ചാരി ഇരുന്നിരുന്നു. ഈ മറിയത്തിൻെറ മകളായ കലിയോപ്പാമറിയവും, ഈശോയുടെയും മാതാവിൻെറയും പല സ്നേഹിതകളും നീണ്ട സാലുവാകാം പുതച്ചു് കരഞ്ഞു് പ്രലപിച്ചുകൊണ്ടു് മാതാവിനു് ചുററം നിന്നിരുന്നു. മാതാവിൻെറ ഉടുപ്പു് നീലനിറത്തിൽ ഒരു ളോവയും അതിൽ പകുതി നീളത്തിൽ ഒരു വെള്ളവസ്ത്രവും നന്നാ ഇളമഞ്ഞനിറത്തിൽ ഒരു സാലുവായുമായിരുന്നു.

മഗ്ദലേനാ ദുഃഖത്താൽ ഒന്നും ഗ്രഹിക്കാത്തവണ്ണം ആയിരുന്നു. ചമ്മട്ടിയടിയുടെശേഷം കർത്താവു് ആ തൂണുങ്കൽ വീഴുകയിൽ പീലാത്തോസിൻെറ ഭാര്യയായ ക്ലാവുദിയ പ്രോക്ലേസു് ചില വലിയ വക്കുശീലക്കഷണങ്ങാം മാതാവിനു കൊടുത്തയച്ചു. പക്ഷെ ആ സഹതാപമുള്ള യോഷാമണി ഈശോയെ അടിച്ച ശേഷം വിട്ടയക്കുന്നതായിരുന്നാൽ, മാതാവിനു് തിരുക്കുമാരൻെറ മുറിവുകാം വെച്ചുകെട്ടുന്നതിനു് ആവശ്യമാകുമെന്നു കരുതീട്ടോ അഥവാ ഒടുവിൽ അതുകൊണ്ടുണ്ടായ ഉപയോഗം അറിഞ്ഞിട്ടോ ആണു് കൊടുത്തയച്ചതു എന്നറിഞ്ഞില്ല. ചമ്മട്ടിയടിയുടെ അവസാനത്തിൽ മാതാവിനു് ഓമ്മ വന്നു് നോക്കുമ്പോാം ആ ദിവ്യകുമാരൻെറ തിരുദേഹം ആസകലം കീറി ഏകവ്രണമായിരിക്കുന്നതു് കണ്ടു. എന്നുതന്നെയുമല്ല കർത്താവിനെ ആ ക്രൂരസേവകർ കാവൽ മുറിയിലേക്കു് കൊണ്ടുപോകുമ്പോാം അദ്ദേഹം രക്തംനിറഞ്ഞ കണ്ണുകാം തുടച്ചു് ഈ അമ്മയെ ഒന്നു് നോക്കുകയും• അമ്മ കൈകാം കർത്താവിൻെറ നേരെ നീട്ടിക്കൊണ്ടു് അദ്ദേഹം• ചവിട്ടുമ്പോാം നിലത്തു് പതിഞ്ഞ രക്ത അടികളെ സൂക്ഷിച്ചു നോക്കുകയും ചെയ്തു. ഈ സമയം ആ അമ്മയുടെ ഹൃദയത്തെ കുത്തി

പ്പിളന്ന ആ ക്രൂരവ്യാകുലങ്ങൾ ആരാൽ വർണ്ണിക്കാവതു്!!

അതിൻെറശേഷം ഈ വ്യാകുല അമ്മയും മഗ്ദലേനായും കൽത്തൂണുങ്കൽചെന്നു് മുട്ടുകുത്തി ക്ലാവുദിയ പ്രോക്ലേസു് അയച്ച വക്കളുവാലുകൊണ്ടു് തിരുരക്തമെല്ലാം തുടച്ചെടുക്കവെ ഉദ്ദേശം 20 സ്ത്രീകളും ചില സഹതാപഹൃദയരും ഇവരെ ശത്രുക്കൾ കാണാതിരിപ്പാൻ മറഞ്ഞുനിന്നിരുന്നു. യോഹന്നാൻ തത്സമയം ഇല്ലായിരുന്നു. ചമ്മട്ടിയടി അവസാനിച്ചപ്പോൾ ഉദ്ദേശം കാലത്തു് 9-മണി ആയിരുന്നു. ഈ സമയം ദേവാലയത്തിലായിരുന്ന ശെമഓൻ ബാവായുടെയും, ഒബേദിൻെറയും വെറോനിക്കായുടെയും മക്കളും റാംസയൌസേപ്പിൻെറ രണ്ടു് മരുമക്കളും വ്യാകുലത്തോടെ കരഞ്ഞു് പ്രലപിച്ചിരുന്നു.

# അദ്ധ്യായം 24

## പരിശുദ്ധ കന്യകയുടെ വടിവുവിവരണം.

ഈ പ്രലാപകര സംഭവസമയങ്ങളിൽ ഞാൻ ഓറശ്ലേംപുരിയിൽ ഒരിക്കൽ ഒരു സ്ഥലത്തും, മറെറാരിക്കൽ വേറൊരിടത്തുമായിരുന്നെങ്കിലും എൻെറ ദിവ്യമണവാളനെ കെട്ടിയടിച്ച സമയം ഞാൻ സമീപെ ഒരു കോണിൽ ഇരുന്നിരുന്നു. തീണ്ടൽ നിമിത്തം യൂദർ അവിടെ വരാതിരിക്കെ, ഞാനൊരു തീണ്ടലും വകവെയ്ക്കാതെ എൻെറ പാപശുദ്ധീകരണത്തിനായി അവിടുത്തെ തിരുരക്തത്തിൻെറ ഒരു തുള്ളി എൻെറമേൽ വീഴണമെന്നുമാത്രം ആഗ്രഹിച്ചിരുന്നു. എന്നാൽ ഈ സമയം എൻെറ രോഗങ്ങൾ അത്യന്തം വദ്ധിച്ചിരുന്നതിനാൽ കത്താവിനെ ആശ്വസിപ്പിപ്പാൻ എനിക്കു് സാധിക്കായ്കയാൽ മരിച്ചാൽ മതിയെന്നു് തോന്നുകയും ആ തിരുമേനിയിൽ പെട്ടിരുന്ന ആ ഓരോ അടി എൻെറമേൽ തന്നെ കൊള്ളുന്നതുപോലെയുള്ള വ്യസനവും ഞെരുക്കവും ഞാൻ അനുഭവിക്കയും ചെയ്തിരുന്നു.

കത്താവിനെ മുൾമുടി ധരിപ്പിക്കുന്നതിനു് കാവൽമുറിയിലേക്കു് കൊണ്ടുപോയപ്പോൾ അദ്ദേഹത്തിൻെറ പാടുകൾ വീണ്ടും ചിന്തിപ്പാനായി അദ്ദേഹത്തെ ഞാൻ പിന്തുടരുവാൻ ആഗ്രഹിച്ചപ്പോഴാണു് മാതാവു് ആ സ്ത്രീകളൊന്നിച്ചു് കൽത്തൂണുങ്കൽവന്നു്

നിലവും ളുണം നനഞ്ഞുകിടന്ന ആ തിരുരക്തം തുടച്ചെട്ടത്തു്. അപ്പോഠം കാവൽമുറിയിൽ സേവകർ ചിരിച്ചു അട്ടഹസിച്ചുകൊണ്ടു് കർത്താവിനെ ധരിപ്പിപ്പാനുള്ള മുഠംമുടി തയ്യാറാക്കിയിരുന്നു. എന്നാൽ മാതാവിനെ ഞാൻ കണ്ടപ്പോഠം ഈ അമ്മയുടെ മുഖം ക്ഷീണിച്ചു് വിളറിയും, നേത്രങ്ങഠം കരച്ചിലിൻെറ ആധിക്യത്താൽ ചുവന്നും ഇരുന്നെങ്കിലും അവളുടെ മഹിമയുള്ള വിനയഭാവം മനുഷ്യനാൽ വർണ്ണിക്കാവതല്ലായിരുന്നു.

കഴിഞ്ഞ ദിവസംമുതൽ ഈ ക്ഷണംവരേയും ഓറശ്ലം തെരുവുകളിലും യോസപ്പാത്തു് താഴ്വര മുതലായ സ്ഥലങ്ങളിലും ചെയ്ത ആ വ്യാകുലപ്രയാണം മുഖാന്തരം ഈ അമ്മയുടെ മുഖം വളരെ ക്ഷീണിച്ചിരുന്നെങ്കിലും അതു് കാണുന്നവൎക്കു് ഇഷ്ടം തോന്നിക്കത്തക്ക വിനയവും മാധുൎയ്യവുമുള്ളതായിരുന്നു. വസ്ത്രങ്ങളുടെ ഒരു മടക്കുപോലും ക്രമക്കേടായി കിടക്കാതെ ഭംഗിയിൽ അവയെ ധരിച്ചിരുന്നതുകൂടാതെ സാലുവായും ഒരു മഹിമയുള്ള ഗൌരവഭാവത്തിൽ തോളിൽക്കൂടെ നീണ്ടുകിടന്നിരുന്നു; ഹൃദയത്തിൽ മഹാവ്യാകുലം നിറഞ്ഞിരുന്നെങ്കിലും മുഖത്തിൽ ഒരു സമാധാനം സൎവ്വദാ വിളങ്ങിയിരുന്നു. കഴിഞ്ഞ രാത്രി മുഴുവൻ പുറത്തു് അലഞ്ഞുനടക്കയാൽ മഞ്ഞുകൊണ്ടും ധാരാളമായി ഒഴുക്കിയിരുന്ന കണ്ണുനീരാലും വസ്ത്രങ്ങഠം മുഴുവൻ നനഞ്ഞു് കുതിൎന്നിരുന്നെങ്കിലും അവളുടെ ദൃഷ്ടിയിൽ വിളങ്ങിയിരുന്ന അഴകു് മാനുഷസ്വഭാവത്തെ കവിഞ്ഞതും, പരിശുദ്ധതയും മഹിമയും കലൎന്നതുമാകയാൽ മനുഷ്യനാൽ വൎണ്ണിപ്പാൻ അസാദ്ധ്യംതന്നെ.

എന്നാൽ മഗ്ദലേനായുടെ വടിവു് വേറൊരു വിധത്തിലായിരുന്നു. അവഠം അധികം ഉയരവും ആരോഗ്യവും ഉള്ളവളായിരുന്നെങ്കിലും അവളുടെ ദൃഷ്ടി നിഷ്കൎഷമായിരുന്നതുകൂടാതെ വളരെക്കാലത്തെ ദുൎവ്വാസനസംബന്ധമായ നടപടിയും പിന്നീടു് അതുമുഖാന്തരമുള്ള അസാമാന്യ മനസ്താപവും ദുഃഖവും നിമിത്തം അതു് കേവലം മങ്ങിപ്പോയിരുന്നു; എന്നു് മാത്രമല്ല അവളെ കാണുന്നതുതന്നെ ഒരു ദുഃഖഹേതുവും പ്രലാപകാരണവുമായിത്തീൎന്നതിനാൽ അവളെ നല്ലവണ്ണം അറിയുന്ന അവളുടെ നാട്ടുകാരായ മഗ്ദാല്യ ദിഗവാസികഠം കൂടെയും അവളുടെ അരികിൽനിന്നു് ആശ്ചൎയ്യത്തോടെ നോക്കുകയും, ചിലർ മണ്ണുവാരി എറിയുകയും ചെയ്തെങ്കിലും അവഠം ദുഃഖാധിക്യത്താൽ അതൊന്നും അശേഷം അറിഞ്ഞിരുന്നതേയില്ല



# അദ്ധ്യായം 25

## കൎത്താവിനെ മുൾമുടി ധരിപ്പിച്ചത്.

എമരീച്ചന്നസഹോദരി കൎത്താവിന്റെ പാടുകൾ കണ്ടുതുടങ്ങുമ്പോൾ പതിവായി അവളുടെ സ്നേഹപീഡകൾ വൎദ്ധിച്ച് പനിയാൽ നാക്കും തൊണ്ടയും ഉലന്ന് കഠിനദാഹത്താൽ ബാധിക്കപ്പെട്ടിരുന്നു. പകുതിനോമ്പ് കഴിഞ്ഞ് തിങ്കളാഴ്ച അവൾ വളരെ ക്ഷീണിച്ചിരിക്കയാൽ സംസാരിക്കുവാൻ കഴിയാതെ മഹാപ്രയാസത്തോടെ പല പ്രാവശ്യം നിൎത്തി നിൎത്തികൊണ്ട് കൎത്താവിന്റെ മുൾമുടിധാരണം പറഞ്ഞുകൊടുത്തപ്പോൾ ആ വേദനകളെല്ലാം അവളും സഹിച്ചിരുന്നു. കൎത്താവിനെ കെട്ടിയടിക്കുന്ന സമയം പീലാത്തോസ് പല പ്രാവശ്യം അദ്ദേഹത്തിന്റെ

കുററമില്ലായ്മയെ ജനങ്ങളോട്ട് പ്രസ്താവിച്ചിരുന്നതിന്ന് അവർ "ഞങ്ങൾ ചത്താലും ഇവനെ കുരിശിന്മേൽ തറക്കാതിരിക്കയില്ല" എന്നു് മഹാ അഹമ്മതിയും മുട്ടാളത്വവും ക്ഷോഭവും സൂചിപ്പിക്കുന്ന ഭാവത്തിൽ ഉത്തരം പറഞ്ഞു. എങ്കിലും കർത്താവിനെ കാവൽപ്പുരയിൽ കൊണ്ടുപോയശേഷം അല്പനേരത്തേക്കു് ഒരു അടക്കമുണ്ടായി.

പീലാത്തോസു് പടയാളികളോട്ട് ചില കാര്യങ്ങൾ കല്പിക്കയും, അവന്റെ മനോചാപല്യം നിമിത്തം ഉൾമുറിയിൽ കടന്നു് ദേവകൾക്കു് ധൂമംകൊടുത്തു് കാര്യം ആലോചിക്കയും ചെയ്യുമ്പോൾ ശ്രേഷ്ഠാചാര്യർ അവരുടെ ഭൃത്യർ കൊണ്ടുവന്ന ഭക്ഷണം കഴിക്കുന്നതിൽ ഉദ്യമപ്പെട്ടിരുന്നു. മാതാവും സ്ത്രീജനങ്ങളും കർത്താവിന്റെ രക്തം തുടച്ചെടുത്തു് സമീപെയുള്ള ഒരു വീട്ടിൽ പോയി ഇരുന്നു; എന്നാൽ ആ സമയം കർത്താവിനെ മുൾമുടി ധരിപ്പിച്ചുകൊണ്ടു് അവരുടെ ക്രൂര ആശ പൂർത്തീകരിപ്പാനായി, അടിമകൾ, പടയാളികളുടെ ദാസർ മുതലായവരും മഹാ ദുഷ്ടപാതകരായ മററു് 50—പേരും കാവൽപ്പുരയിൽ കാത്തിരുന്നു; ആ വീടിന്നു് ചുററം ജനം തിങ്ങിക്കൂടിയിരുന്നെങ്കിലും അവിടെ കാവൽനിവത്തിയിരുന്ന ആ ആയിരം റോമാപട്ടാളക്കാർ അവരെ അകററിക്കളഞ്ഞിരുന്നു.

ഈ പട്ടാളസേവകരോട്ട് അവരുടെ അണിനിര തെററിക്കരുതെന്നു് ആജ്ഞാപിച്ചിട്ടുണ്ടായിരുന്നെങ്കിലും ഇവരുടെ ചിരിയും ആർപ്പും ഫലിതവാക്കുകളും മുഖാന്തരം കർത്താവിന്റെ ബാധകരുടെ ക്രൂരത പത്തുമടങ്ങു് ഇരട്ടിച്ചിരുന്നു; ആകയാൽ ആ മുററത്തിന്റെ നടുവിൽ നിന്നിരുന്ന ഒരു മുറിത്തൂണിന്മേൽ ആ ക്രൂരന്മാർ ഒരു ചെറിയ ഇരിപ്പടം സ്ഥാപിച്ചു് അതിന്മീതെ മൂർച്ചയുള്ള ഓട്ടുനുറുക്കുകളും പാറക്കഷണങ്ങളും നിരത്തി. അതിന്റെ ശേഷം കർത്താവിന്റെ മുറിവുകളോട്ട് ഒട്ടിപ്പിടിച്ചിരുന്ന വസ്ത്രം ക്രൂരമായി പറിച്ചുകീറി മാററി, മുട്ടോളംമാത്രം എത്തുന്ന ഒരു ചുവന്ന പഴയ സാലുവാ അവിടത്തെ തോളിൽ ഇട്ടുകൊണ്ടു മൂന്നു മുൾക്കൊമ്പുകളുടെ മിക്ക മുള്ളുകളും ശിരസ്സിൽ തറയ്ക്കത്തക്കവിധം ഉൾവശത്തേക്കാക്കി മുടഞ്ഞ മുൾമുടി കർത്താവിന്റെ ശിരസ്സിൽ വെച്ചു് ബലമായി പുറകിലേക്കു് വലിച്ചു് മുറുക്കികെട്ടി.

പിന്നീട്ട് ദൈവകുമാരനീശോയെ വലിച്ചുകൊണ്ടുവന്നു് ആ ക്രൂരഇരിപ്പിടത്തിന്മേൽ തള്ളിയിടുകയും അദ്ദേഹത്തെ രാജ

വായി വാഴിക്കുന്നു, എന്നു് മഹാ നിന്ദ്യമായി നടിച്ചുകൊണ്ടു് ഒരു നീണ്ട ഞാങ്കണ ചെങ്കോലായി കൈകളിൽ പിടിപ്പിക്കയും ചെയ്തു. എന്നുതന്നെയുമല്ല ആ ഞാങ്കണതന്നെ പിടിച്ചുപറിച്ചു് അവിടുത്തെ തിരുക്കണ്ണുകളിൽ രക്തം നിറയത്തക്ക ബലത്തോടെ അതുകൊണ്ടു് മുൾമുടിമേൽ അടിക്കയും തിരുമുമ്പിൽ മുട്ടുകുത്തി "യൂദന്മാരുടെ രാജാവേ! വാഴ്ക" എന്നു് നിന്ദ്യമായി നിലവിളിച്ചുകൊണ്ടു് തിരുമുഖത്തു് തുപ്പുകയും അടിക്കുകയും ചെയ്തിരുന്നു. അതിന്റെശേഷം, ആ ഇരിപ്പിടം തട്ടിമറിച്ചു് കർത്താവിനെ നിലത്തു് തള്ളിയിടുകയും വീണ്ടും ക്രൂരമായി വലിച്ചെഴുന്നേല്പിച്ചു് അതിന്മേൽ ഇരുത്തുകയും ചെയ്തിരുന്നു.

മനുഷ്യരൂപം മാത്രമുള്ള ഈ ദുഷ്ടമൃഗങ്ങൾ ഊഹിച്ചുണ്ടാക്കി നമ്മുടെ കർത്താവിനെ അനുഭവിപ്പിച്ച ആ കഠോര ബാധകൾ മനുഷ്യരാൽ വർണ്ണിപ്പാൻ അസാദ്ധ്യംതന്നെ. ഈ വർണ്ണിക്കാവതല്ലാത്ത ബാധകളും, മുറിവുകളും മുഖാന്തരമുണ്ടായ * പനി നിമിത്തം അവിടുന്നു അനുഭവിച്ചിരുന്ന ദാഹം സഹിക്കവെയ്യാത്തതായിരുന്നു. അങ്ങെ ദേഹം ആസകലം കിടുകിടെ വിറക്കയും, മാംസം കഷണംകഷണമായി മുറിയുകയും ദാഹത്താൽ നാക്കു് ഉലരുകയും ചെയ്തിരുന്നു. ഈ ഘോരദാഹത്തിൽ കർത്താവിനുണ്ടായ ഏക ആശ്വാസം അവിടുത്തെ ശിരസ്സിൽനിന്നു് ആ ഉലർന്ന ചുണ്ടുകളിലേക്കു് ഒഴുകിയിരുന്ന രക്തം മാത്രമായിരുന്നു. കുറയാതെ അരമണിക്കൂറു നീളിച്ച ഈ പരിതാപകര നാടകസമയം ആ റോമാസേവകർ ആർപ്പിട്ടു് നിലവിളിച്ചുകൊണ്ടു് ആ ക്രൂരജന്തുക്കളുടെ കോപവെറി ഇരട്ടിപ്പിച്ചിരുന്നതിനാൽ അവർ അതിലും വലിയ ക്രൂരതയ്ക്കു് ഒരുങ്ങിയിരുന്നു.

---

* ഈ കഷ്ടാനുഭവ ധ്യാനത്താൽ ഈ കന്യകയ്ക്കു് കർത്താവിന്റെ പാടുകളിന്മേൽ മഹാ സഹതാപം തോന്നി ആ പാടുകൾ തന്നെയും അനുഭവിപ്പിക്കണമെന്നു് പ്രാർത്ഥിച്ചുടൻ കഠിനപനിയാൽ നാക്കും തൊണ്ടയും വരണ്ടു് മിണ്ടുവാൻ മേലാതെ പ്രമാദമായി കിടക്കുന്നതു് പുലച്ചയ്ക്കു് മറ്റുള്ളവർ കണ്ടു് ബോധ്യമായതുകൂടാതെ ദീർഘനേരം ചുണ്ടു് നനച്ചു് ആശ്വാസിപ്പിച്ചശേഷം മാത്രമെ ചില വാക്കുകൾ ഉച്ചരിപ്പാൻ അവൾക്കു് സാധിച്ചുള്ളു.

# അദ്ധ്യായം 26

## "ഇതാ! മനുഷ്യൻ" എന്ന വാക്യം.

ഈശോയുടെ തോളിൽ ചുവപ്പുപഴന്തുണിയിട്ടും ശിരസ്സിൽ മുൾമുടിവെച്ചും, കെട്ടിയിരിക്കുന്ന കരങ്ങളിൽ ഞാങ്കണ പിടിപ്പിച്ചുകൊണ്ടും ക്രൂരബാധകർ അദ്ദേഹത്തെ വീണ്ടും പീലാത്തോസിൻെറ അരമനയിലേക്കു് കൊണ്ടുവന്നു. കണ്ണുകളും, വായും, മീശയും മററും രക്തത്താൽ മൂടിയും ദേഹം ആസകലം ഒരേകവ്രണമായും, കിഴവന്മാരെപ്പോലെ കുനിഞ്ഞും നടക്കുമ്പോൾ സകല അംഗങ്ങളും കിടുകിടെ വിറച്ചും ഇപ്രകാരം കർത്താവിനെ കണ്ടാൽ തിരിച്ചറിയുവാൻ അസാദ്ധ്യമായിരുന്നു. ഈ സ്ഥിതിയിൽ ഈശോ പീലാത്തോസിൻെറ കച്ചേരിവാതുക്കൽ നില്ക്കുന്നതു് അവൻ കണ്ടപ്പോൾ, ക്രൂരതയിൽ തഴമ്പിച്ച ആ അധികാരിക്കുടെ സഹതാപത്താലും അത്ഭുതത്താലും ഞെട്ടിവിറച്ചു് എഴുന്നേററുപോയി; എങ്കിലും ആ ക്രൂരവൈദികരും ജനങ്ങളും അദ്ദേഹത്തിൻെറ പേരിൽ കനിവു് അശേഷം വിചാരിക്കാതെ അദ്ദേഹത്തെ ഏററം ആക്ഷേപിച്ചു് നിന്ദിച്ചിരുന്നു.

ഈശോ ആ പടവികൾ കരേറുകയിൽ പീലാത്തോസു് മുമ്പോട്ടുവന്നു. ഉടനെ ന്യായാധിപതി സംസാരിപ്പാൻ തുടങ്ങുമ്പോൾ സകലരും മിണ്ടടങ്ങുവാനായി ധ്വനിക്കുമാറാകുന്ന കാഹളം ഊതി. അപ്പോൾ അവൻ ശ്രേഷ്ഠാചാര്യരേയും പുരുഷാരത്തെയും നോക്കി പറഞ്ഞതായതു്: "ഇവനിൽ ഒരു കുററവും ഞാൻ കാണുന്നില്ലെന്നു് നിങ്ങൾ അറിവാനായി ഇതാ ഇവനെ പുറത്തു് നിങ്ങളുടെ പക്കലേക്കു് ഞാൻ കൊണ്ടുവരുന്നു". അപ്പോൾ ഈശോയുടെ ഈ പ്രലാപകരസ്ഥിതിയെ ആ ജനത്തിൻെറ ക്രൂരകണ്ണുകളിൽ കാണിപ്പാനായി സേവകർ പീലാത്തോസിരിക്കുന്ന ഉയർന്ന തളത്തിലേക്കു് അദ്ദേഹത്തെ കരേററിക്കൊണ്ടുചെന്നു; അതു് നിശ്ചയമായിട്ടു് അതി ഭയങ്കരവും ഹൃദയം തകർക്കുന്നതുമായ കാഴ്ചതന്നെ ആയിരുന്നു.

എന്നാൽ കർത്താവിനെ കണ്ടപ്പോൾ ആ ദുഷ്ടജനം അരോചകത്തോടെ ഒന്നു നിലവിളിച്ചിട്ടു്, മിണ്ടടങ്ങിയപ്പോൾ മുൾമുടിയാൽ, സർവ്വത്രമുറിഞ്ഞ തിരുത്തലയെ അദ്ദേഹം മഹാ പ്രയാസത്തോടെ ഒന്നുയർത്തി ആ ക്ഷീണിച്ച നേത്രങ്ങളാൽ ആ ജന

ത്തെ ഒന്നു തൃക്കണ്ണോത്തു. അപ്പോഠം പീലാത്തോസ് സഹതാപ ത്തോടെ ഈശോയെ ജനങ്ങഠംക്ക് കാണിച്ചുകൊണ്ടു് "ഇതാ! മനുഷ്യൻ" എന്നു് നിലവിളിച്ചുപറഞ്ഞു. എന്നാൽ ഈശോ യെ കണ്ടപ്പോഠം ശ്രേഷ്ഠാചാര്യരുടേയും ക്രൂരരുടേയും കോപവെറി നൂറിരട്ടിയായി വർദ്ധിക്കനിമിത്തം "അവനെ കൊല്ലുക, അവനെ കുരിശിന്മേൽ തറയ്ക്കു" എന്നു് ഐക്യകണ്ഠേന നിലവിളിച്ചു. അതിന്നു് "ഇനിയും നിങ്ങഠംക്ക് തൃപ്തിയായില്ലേ? അവനു് കി ട്ടിയ ശിക്ഷ നിങ്ങഠം ചോദിച്ചതിലും ധാരാളം കടന്നല്ലോ. രാജാവാകണമെന്നുള്ള ആശയെ നിഗ്രഹിപ്പാൻ അതു് വേണ്ടു വോളം മതിയല്ലോ" എന്നവൻ പറഞ്ഞു. എന്നാൽ അവർ പി ന്നെയും "അവനെ കുരിശിൽ തറയ്ക്കു, കുരിശിൽ തറയ്ക്കു" എന്നു തന്നെ ആർപ്പിട്ടു നിലവിളിച്ചിരുന്നു.

അപ്പോഠം പീലാത്തോസ് മിണ്ടടങ്ങുവാൻ കാഹളം ധ്വനി പ്പിച്ചിട്ടു് പറഞ്ഞതായതു്: "നിങ്ങഠംതന്നെ ഇവനെ കൊണ്ടു പോയി കുരിശിന്മേൽ തറപ്പിൻ; എന്തെന്നാൽ ഞാൻ ഇവനിൽ ഒരു കുററവും കാണുന്നില്ല". അതിന്നു് "ഞങ്ങഠംക്ക് ഒരു പ്രമാണ മുണ്ടു്, ആ പ്രമാണത്തിന്നു് തക്കവണ്ണം ഇവൻ മരണത്തിന്നു് യോ ഗ്യനാകുന്നു. എന്തെന്നാൽ ഇവൻ തന്നെത്താൻ ദൈവകുമാര നാക്കിയിരിക്കുന്നു" എന്നു് വൈദികർ ഉത്തരിച്ചു. എന്നാൽ തന്നെത്താൽ ദൈവകുമാരനാക്കി എന്ന വാക്യങ്ങളാൽ പീലാ ത്തോസിന്നു് വീണ്ടും ഭയം തോന്നി. ഈശോയെ മററൊരു മുറി യിൽ കൊണ്ടുപോയി "നീ എവിടെനിന്നാണു്?" എന്നു് അദ്ദേ ഹത്തോടു് ചോദിച്ചതിന്നു് അദ്ദേഹമൊന്നും ഉത്തരിക്കായ്കയാൽ "നീ എന്നോടു് ഉത്തരിക്കുന്നില്ലേ? നിന്നെ കുരിശിന്മേൽ തറ പ്പാനും വിട്ടയപ്പാനും എനിക്കു് അധികാരമുണ്ടെന്നു് നീ അറി യുന്നില്ലയോ?" എന്നു് അവൻ അദ്ദേഹത്തോടു് പറഞ്ഞു.

അതിന്നു് കർത്താവു് "ഉന്നതത്തിൽനിന്നു് നിനക്കു് തരപ്പെ ട്ടില്ലെങ്കിൽ എൻെറമേൽ ഒരു അധികാരവും നിനക്കുണ്ടാകുമായി രുന്നില്ല. ആകയാൽ നിനക്കു് എന്നെ ഏല്പിച്ചവൻെറ പാപം നിൻെറതിനേക്കാഠം ഏററം വലുതായിരിക്കുന്നു" എന്നുത്തരിച്ചു. പീലാത്തോസിൻെറ ബലഹീനമായതും തീർച്ചയില്ലാത്തതുമായ സ്വഭാവംനിമിത്തം അവൻെറ ഭാര്യ പ്രോക്ലേസ്ക്ലാവുദിയ അ ത്യന്തം വ്യസനിച്ചു് അവൻെറ വാഗ്ദാനം ഓർപ്പിക്കുന്നതിന്നായി ആ മോതിരം വീണ്ടും കൊടുത്തയച്ചു. എന്നാൽ അവൻ ജ്ഞ

വ്യവഹാരതീൎമ്മാനം ദേവകളുടെ വല്ലഭത്തിനു് താൻ ഏല്പിച്ചിരിക്കുന്നു എന്ന നിരൎത്ഥവും തീൎച്ചയററതുമായ ഒരു മൌഢ്യ മറുപടിയാണു് അതിനു് പറഞ്ഞയച്ചതു്.

എന്നാൽ ഈശോയുടെ ശത്രുക്കൾ ഇവൾ കൎത്താവിനെ വിടുവിപ്പാനായി ചെയ്യുന്ന പ്രയത്നം അറിഞ്ഞതിനാൽ ഈശോയുടെ സ്നേഹിതർ ഇവളെ കൈവശപ്പെടുത്തി ഇവൾവഴി ഈശോയെ വിടുവിച്ചു് റോമാക്കാരോടുചേൎന്നു് ഓറശ്ലേത്തെ നശിപ്പിച്ചു് യൂദരെ നിൎമ്മൂലമാക്കുവാൻ പോകുന്നുവെന്നൊരു ധ്വനി ജനങ്ങളിൽ പരത്തി. പീലാത്തോസു് സുഖമില്ലാത്തവനെപ്പോലെ തീരെ കലങ്ങി എന്താണു് പ്രവൎത്തിക്കേണ്ടതെന്നു് ഒരു തീൎച്ചയില്ലാതെ വിഷമിക്കുകയാൽ "ഇവനിൽ ഒരു കുററവും ഞാൻ കാണുന്നില്ല" എന്നു് പിന്നെയും യൂദന്മാരോടു് പറഞ്ഞു; അവരൊ എന്നാൽ ഏററം ഭയങ്കരമായി നിലവിളിച്ചുകൊണ്ടു് കൎത്താവിനെ കൊല്ലുവാനപേക്ഷിച്ചിരുന്നു. അപ്പോൾ അവൻ യൂദന്മാർ കൎത്താവിനെ ചുമത്തിയിരിക്കുന്ന പരസ്പരവിരുദ്ധങ്ങളായ കുററങ്ങളും അവൻെറ ഭാൎയ്യ കണ്ട പരമരഹസ്യകാഴ്ചകളും കൎത്താവിൻെറ തിരുവചനങ്ങളാൽ അവൻെറ ഹൃദയത്തിൽ തോന്നിയ തടുത്തുകൂടാത്ത ഇളക്കങ്ങളും വീണ്ടും ഓൎത്തു.

ആകയാൽ ഇനി എന്താണു് പ്രവൎത്തിക്കേണ്ടതെന്നു് ഒരു തീൎച്ച കിട്ടുവാനായി ഈശോയോടു് തനിച്ചു് ഒന്നുകൂടി ചോദിപ്പാൻ കരുതി ഒരു മുറിയിൽപോയി, നമ്മുടെ ദിവ്യരക്ഷകനെ അവിടേക്കു് വരുത്തി ദേഹം മുഴുവൻ നുറുക്കായി കീറി രക്തമൊലിക്കുന്ന കൎത്താവിനെ അവൻ സൂക്ഷിച്ചുനോക്കിയപ്പോൾ അവിടുന്നു് ഒരു ദൈവമാകുവാൻ പാടുണ്ടോ? എന്നു് അവൻെറ മനസ്സിൽ തോന്നിയിരുന്നു. അവൻ ഈശോയുടെനേരെ തിരിഞ്ഞു് "നീ ദൈവകുമാരനാകുന്നൊ? യൂദന്മാൎക്കു് പറഞ്ഞൊക്കപ്പെട്ട മ്ശിഹാരാജാവു് നീ ആകുന്നൊ? നിൻെറ രാജ്യം എവിടെ? ഏതൊരുവക ദൈവം ആണു് നീ? എന്നു് എന്നോടു് പറയുക" എന്നവൻ ആണയിട്ടു പറഞ്ഞു. അതിനു് ഈശോ കൊടുത്ത ഉത്തരങ്ങളുടെ സാരംമാത്രം ഞാൻ പറയാം. അവ അത്യന്തം മഹിമയുള്ളതും ഗൌരവമായതുമായിരുന്നു. തൻെറ രാജ്യം ഇഹലോകം സംബന്ധിച്ചതല്ലെന്നു് അവിടുന്നു് അവനോടു് പറഞ്ഞതുകൂടാതെ അവൻെറ മനഃസാക്ഷിയെ അഴുക്കാക്കിയിരുന്ന അനേകരഹസ്യപാപങ്ങളെപ്രതിയും നിഷ്കൃഷ്ടമായി അവനോടു് പാ

ഞ്ഞു. അവൻ മനസ്താപപ്പെടാഞ്ഞാൽ വരുന്ന ഭയങ്കരവിധിയെ ഓപ്പിച്ചു. മാത്രമല്ല ഒടുവിൽ അന്തിമദിവസത്തിൽ ദൈവകുമാരനായ താൻതന്നെ അവൻെറമേൽ നീതിയുള്ള ഒരു വിധി ഉച്ചരിപ്പാനായി വരുമെന്നു് തെളിവായി പറകയും ചെയ്തു.

ഈശോയുടെ തിരുവാക്യങ്ങളാൽ പീലാത്തോസു് ഭയവും കോപവും നിറഞ്ഞു് മുഖപ്പിൽച്ചെന്നു് അദ്ദേഹത്തെ അവൻ വിട്ടുകളയുമെന്നു് അവരോടു് പറഞ്ഞപ്പോൾ അവർ പറഞ്ഞതായതു്: "ഈ മനുഷ്യനെ വിട്ടയച്ചാൽ നീ കേസറിൻെറ സ്നേഹിതനാകയില്ല. എന്തെന്നാൽ തന്നെത്താൻ രാജാവാക്കുന്നവൻ കേസറിൻെറ വിരോധിയാകുന്നു." മററുചിലർ പീലാത്തോസു് അവരുടെ തിരുനാൾ കലക്കിയിരിക്കുന്നുയെന്നു് കേസറിൻെറ മുമ്പിൽ ആവലാധിവെയ്ക്കുമെന്നും രാത്രി 10 മണിയോടെ അവർക്കു പള്ളിയിൽ പോകേണ്ടതാകയാൽ ക്ഷണം തീർച്ചയാക്കണമെന്നും പറഞ്ഞിരുന്നു.



പീലാത്തോസു് വെള്ളമെടുത്തു് കൈ കഴുകുന്നു.

ഈ സമയം "അവനെ കുരിശിന്മേൽ തറയ്ക്കു" എന്ന സ്വരം നാനാഭാഗത്തുനിന്നും സമീപമുള്ള വീടുകളുടെ മുകളിൽനിന്നുകൂടേയും കേട്ടിരുന്നു. എന്നാൽ പീലാത്തോസിൻെറ പ്രയത്നമെല്ലാം വ്യർത്ഥം ആയി; ആ പുരുഷാരത്തിൻെറ കോപവെറി അടക്കുവാൻ സാദ്ധ്യമല്ല; അവരുടെ നിലവിളിയും അട്ടഹാസവും ചെവിപൊട്ടിക്കുന്നു എന്നവൻ കണ്ടു് കലഹമായി തീരുമെന്നു് ഭയപ്പെട്ടുതുടങ്ങി. ആകയാൽ അവൻ "ഈ നീതിമാൻെറ രക്തത്തിൽ ഞാൻ കുററമററവനാകുന്നു, നിങ്ങൾതന്നെ നോക്കിക്കൊൾവിൻ" എന്നു് പറഞ്ഞുകൊണ്ടു് വെള്ളം എടുത്തു് കൈകൾ കഴുകി. അപ്പോൾ പലസ്തീനാനാട്ടിൻെറ നാനാഭാഗങ്ങളിൽനിന്നു് വന്നുകൂടിയിരിക്കുന്ന ആ അസംഖ്യം പുരുഷാരത്തിൽനിന്നു് ഏക സ്വരമായി പുറപ്പെട്ട ഭയങ്കരനിലവിളി ഇപ്രകാരമായിരുന്നു: "ഇവൻെറ രക്തം ഞങ്ങളുടെമേലും ഞങ്ങളുടെ സന്തതികളുടെമേലും ആയിരിക്കട്ടെ."

# അദ്ധ്യായം 27

## ഭയങ്കര കാഴ്ചകളുടെ വിവരണം

ഞാൻ നമ്മുടെ കർത്താവിൻെറ പങ്കപ്പാടിന്മേൽ ധ്യാനിക്കുമ്പോഴൊക്കയും "ഇവൻെറ രക്തം ഞങ്ങളുടെയും ഞങ്ങളുടെ മക്കളുടെയും മേൽ ആകട്ടെ" എന്ന ആ യൂദന്മാരുടെ ഭയങ്കരനിലവിളി ചെവിയിൽ കേൾക്കയും ആ ക്രൂരപ്രാക്ക സംബന്ധിച്ച് ആശ്ചര്യകരവും ഭയങ്കരവും ആയ ഒരു കാഴ്ച കൺമുമ്പാകെ കാണുകയും ചെയ്തിരുന്നു. ആകാശം രക്തവർണ്ണമുള്ള മേഘങ്ങളാൽ മൂടി അതിൽനിന്ന് അഗ്നിവാളുകളും അസ്ത്രങ്ങളും, പ്രാക്കിനിലവിളിക്കുന്ന ഈ പുരുഷാരത്തിൻെറമേൽ പെയ്തിരുന്നത് ഞാൻ കണ്ടു. മാത്രമല്ല ഈ ഭയങ്കരപ്രാക്കിൻെറ ഫലം അവരുടെ അസ്ഥികളുടെ ഓട്ടകളൂടെ തുളച്ചിറങ്ങി പിറപ്പാനിരിക്കുന്ന ശിശുക്കളിൽക്കൂടേയും പ്രവേശിച്ചിരുന്നു. എന്നു മാത്രമല്ല നാലുദിക്കിലും പരന്ന ഇരുളാൽ ഈ ശാപം എല്ലായിടത്തും വ്യാപിച്ചതായി കണ്ടു. അവരിൽനിന്നു പുറപ്പെട്ട ആ ഭയങ്കര വാക്യങ്ങൾ ഇരുണ്ട അഗ്നിജ്വാലകൾപോലെ അവരുടെമേൽത്തന്നെ ചുററി ചിലരുടെ ദേഹത്തിൽ തുളച്ചു കയറുകയും, എന്നാൽ മിക്കവരേയും ചുററിവളയുക മാത്രവും ചെയ്തിരുന്നു.

എന്തെന്നാൽ കർത്താവും മാതാവും ഈ വർണ്ണിക്കാവതല്ലാത്ത പാടുകളുടേയും വ്യാകുലങ്ങളുടേയും ഇടയിൽ ഈ ദുർഭഗരുടെ രക്ഷക്കായി ഇടവിടാതെ പ്രാർത്ഥിച്ചിരുന്നതിനാൽ ഈ ഒട്ടക്കം പറഞ്ഞവർ കർത്താവിൻെറ മരണശേഷം മനസ്സുതിരിഞ്ഞു. ഈ കാഴ്ചയിൽ കർത്താവിൻെറയും മാതാവിൻെറയും തിരുവാത്മങ്ങളിലും അദ്ദേഹത്തിൻെറ ശത്രുക്കളിലും സംഭവിച്ചിരുന്നവകൾ പല സാദൃശ്യങ്ങളിൽ എനിക്കു കാണിച്ചുതന്നു. ആ പുരുഷാരമദ്ധ്യേ അനേക പിശാചുക്കൾ വന്ന് ചിലരുടെ ഉള്ളിലും വായിലും കടക്കയും, ചിലരുടെ ചെവിയിൽ മന്ത്രിച്ചുംകൊണ്ട് ഈശോയുടെ നേരെ കോപം എരിയിക്കയും ചെയ്തിരുന്നു.

എന്നാലും കർത്താവിൻെറ അതിരററ സ്നേഹവും ആ സ്വർഗ്ഗീയ ക്ഷമയും കണ്ട് ആ ദുഷ്ടാത്മരൂപികൾ ഞട്ടങ്ങി വിറച്ചിരുന്നു. അനേക മാലാഖാമാരും, കർത്താവിനേയും മാതാവിനേയും അവിടെയുള്ള ചില പുണ്യാത്മാക്കളേയും ചുററിനിന്ന് അവരെ ആ

ശപസിപ്പിക്കയും, പ്രാർത്ഥിക്കയും ചെയ്തിരുന്നു. അവരുടെ ഈ വിധ സൽകൃത്യങ്ങൾ അവരുടെ ആ ക്രിയകളാൽ തെളിവായിരുന്നു. അവിടെയുള്ള ഓരോരുത്തൻെറ ഹൃദയത്തിൽനിന്നു് പുറപ്പെടുന്ന നല്ല വിചാരങ്ങൾ പ്രകാശകതിരുകളായും, അധമമായവ ഇരുണ്ട ജ്വാലകളായും ഞാൻ കണ്ടു. എന്നാൽ ഈ സംഗതികളും അദ്ദേഹത്തിൻെറ പീഡകളും ഞാൻ കണ്ടപ്പോൾ ഇതുകൾ യോഗ്യമായ വിധത്തിൽ വെളിപ്പെടുത്തുവാൻ ഞാൻ വശമാകുമൊ എന്നു് വിഷാദിക്കത്തക്കവിധം ഞാൻ തളർന്നിരുന്നു.

# അദ്ധ്യായം 28

## ഈശോയെ വിധിക്കുന്നു.

പീലാത്തോസു് നേരറിവാനെന്നതിനേക്കാൾ അവനു് ഒരു ക്ലേശ്യംപററാതെ, ഈ ആപൽക്കര വ്യവഹാരത്തിൽനിന്നു് ഒഴിയണമെന്നുമാത്രം കരുതുകനിമിത്തം വിഷമം ഏററം വർദ്ധിച്ചിരുന്നു. എന്തെന്നാൽ ഈശോ കുററമററവനെന്നു് അവൻെറ മനസ്സാക്ഷി നിലവിളിക്കയും, അവിടുന്നു സത്യദൈവമായിരുന്നാൽ അവിടുത്തെ വധിക്കുന്നതിനാലുണ്ടാകാവുന്ന ദൈവകോപത്തെ ഭയന്നു് ഭ്രമിക്കയും, അവിടുന്നു് പരിശുദ്ധനാണെന്നു് ഭാര്യ്യ പറകയും, ഈശോ ദേവന്മാർക്കു് ശത്രുവാണെങ്കിൽ അദ്ദേഹത്തെ വീട്ടയയ്ക്കുന്നതു് ദോഷമാകയില്ലെ എന്നുംമററും അവനു തോന്നുകയും ചെയ്തിരുന്നു. എന്നാൽ അവനോടുള്ള കർത്താവിൻെറ ആ അന്തിമവാക്കുകളാൽ അവൻെറ മയക്കം തെളിഞ്ഞു് അദ്ദേഹത്തെ വിടുവാനായി വേറൊരുപായവും നോക്കിയെങ്കിലും യൂദന്മാർ ചക്രവർത്തിയുടെ മുമ്പിൽ അവനു വിരോധമായി ആവലാധി ബോധിപ്പിക്കുമെന്നു് ഭയപ്പെടുത്തിയതിനാൽ അതും നടന്നില്ല.

ആകയാൽ ഈശോ കുററമററവനാണെന്നുള്ള അവൻെറ മനസ്സാക്ഷിയെ വഞ്ചിച്ചും, അദ്ദേഹത്തെ മരണത്തിനു് വിധിച്ചാൽ സകല നീതിനിയമങ്ങളും അവൻ ലംഘിക്കുന്നുവെന്നു് തെളിവായി അറിഞ്ഞുകൊണ്ടും ഭാര്യ്യയോടുള്ള വാഗ്ദാനം ലംഘിച്ചു്, യൂദന്മാരുടെ അപേക്ഷയ്ക്കു് യോജിച്ചു് കർത്താവിനെ വിധിപ്പാൻ നിശ്ചയിച്ചു ഇങ്ങനെ അവൻ കർത്താവിനെ യൂദന്മാരുടെ അവർണ്ണനീയ കോപവെറിയ്ക്കു മനസ്സുകൊണ്ടു് പൂജിച്ചിരുന്നെങ്കിലും

അവൻെറ ഹൃദയക്കുടി ഒന്നു അമൎത്തുവാനാണു് ജനമുഖേന കൈകാം കഴുകിക്കൊണ്ടു് "ഈ നീതിമാൻെറ ചോരയിൽനിന്നു് ഞാൻ കുററമററവനാകുന്നു, നിങ്ങാംതന്നെ നോക്കിക്കൊാംവിൻ" എന്നു പറഞ്ഞതു്. (ഓ! ദുഷ്ട പീലാത്തോസേ, നീ ഈ വാക്കു് ഉച്ചരിക്കുന്നതു് വൃഥാ; ഈശോയുടെ രക്തം നിൻെറ ശിരസ്സിന്മേൽതന്നെ ആകുന്നു; നീ എത്ര കൈകഴുകിയാലും അതു് നിൻെറ ആത്മത്തിൽനിന്നു് പോകയില്ല.) ആകയാൽ "ഇവൻെറ രക്തം ഞങ്ങളുടേയും ഞങ്ങളുടെ മക്കളുടേയും മേലായിരിക്കട്ടെ" എന്ന ആ കഠിനവചനങ്ങാം അവർ ഉച്ചരിച്ച ക്ഷണത്തിൽ പീലാത്തോസു് വിധി ഉച്ചരിപ്പാൻ ഒരുങ്ങിത്തുടങ്ങി.

മരണത്തീപ്പു് ഉച്ചരിക്കുമ്പോാം ധരിക്കുമാറാകുന്ന ചില പ്രത്യേകതര ഉടുപ്പുകളും ശിരസ്സിൽ വിലയേറിയ രത്നങ്ങാം പതിച്ച ഒരു വിശേഷ മുടിയും ധരിച്ചു. ഇതിൻെറശേഷം ഒന്നാമതു് കാഹളഊത്തുകാരൻ, അവനു് പുറകെ കൊടിക്കാരൻ, അവനു് പിൻപെ ഉദ്യോഗസ്ഥന്മാർ, അവരുടെ പിറകിൽ പല പടയാളികളുടെമദ്ധ്യേ പീലാത്തോസു്, അവൻെറ പിന്നിൽ എഴുത്തുതുവലും, പേരും തിയ്യതിയും എഴുതുന്ന പുസ്തകങ്ങളുംകൊണ്ടു് പല ഗൃഹസ്ഥന്മാർ എന്നീ ക്രമത്തിലാണു് പ്രദക്ഷിണം ഫോരും എന്ന സ്ഥലത്തേക്കു് പുറപ്പെട്ടതു്. അവിടെ കൎത്താവിനെ കെട്ടിയടിച്ച ആ തൂണിന്നെതിരായി ഏവംവിധമുള്ള പ്രത്യേക സംഗതികാംക്കു് ഉപയോഗിച്ചിരുന്ന ഒരു ഉയർന്ന സിംഹാസനം തയ്യാറാക്കിയിരുന്നു.

ആ സ്ഥലം, മുകളിൽ ന്യായാധിപ സിംഹാസനവും, പുറകിൽ ഉദ്യോഗസ്ഥന്മാൎക്കുള്ള ഇരിപ്പിടങ്ങളും, മുൻവശത്തു് പല പടികളുംഉള്ള ഒരു ഉയൎന്ന തളം ആയിരുന്നു. ഗബാത്ത എന്നായിരുന്നു അതിൻെറ പേരു്. എന്നു മാത്രമല്ല ആ തളത്തിനുചുററിലും പടികളിന്മേലും പല പടയാളികാം നിന്നിരുന്നു. പല വൈദികരും, പ്രീശരും പള്ളിയിലേക്കു് പോയതിനാൽ അന്നാസും, കയ്യാപ്പായും, 28 വൈദികരും മാത്രം പീലാത്തോസിൻെറ പുറകെ ഫോരും എന്ന സ്ഥലത്തേക്കുപോയി. പീലാത്തോസു് ഇതാ മനുഷ്യനെന്നു് പറഞ്ഞപ്പോാംതന്നെ കൎത്താവിനോടു് ഒരുമിച്ചു് തൂക്കുവാനുള്ള രണ്ടു മോഷ്ടാക്കളേയും കച്ചേരിയിൽ കൊണ്ടുവന്നു് നിരത്തിയിട്ടുണ്ടായിരുന്നു. ഒടുവിൽ നമ്മുടെ കൎത്താവിനെ ചുവപ്പുപഴന്തുണിയോടും, മുാംമുടിയോടുംകൂടെ കൈകളും

കെട്ടി ആ രണ്ടു് കള്ളന്മാരുടെ നടുവിലായി ഈ സിംഹാസന ത്തിന്റെ മുമ്പിൽ കൊണ്ടുപോയി നിറുത്തി.

പീലാത്തോസ്സ് ന്യായാസനത്തിൽ ഇരുന്ന ഉടൻ "ഇതാ നി ങ്ങളുടെ രാജാവു്" എന്നു് അവരോടു് പറഞ്ഞപ്പോൾ "അവനെ കുരിശിൽ തറയ്ക്കു, കുരിശിൽ തറയ്ക്കു" എന്ന സ്വരം എല്ലാ ഭാഗ ത്തുനിന്നും ഉച്ചത്തിൽ പിന്നെയും ധ്വനിച്ചിരുന്നു. അതിനു് "നി ങ്ങളുടെ രാജാവിനെ ഞാൻ കുരിശിന്മേൽ തറയ്ക്കണമോ?" എന്ന വൻ ചോദിച്ചപ്പോൾ "കേസർ അല്ലാതെ ഞങ്ങൾക്കു് രാജാ വില്ല" എന്നു് ശ്രേഷ്ഠാചാര്യർ ഉത്തരിച്ചു. പീലാത്തോസ്സ് ഇനി ഒന്നും പറഞ്ഞിട്ടു് സാദ്ധ്യമില്ലെന്നു് ഗ്രഹിക്കയാൽ വിധി ഉച്ചരിപ്പാനാരംഭിച്ചു. ആ രണ്ടു മോഷ്ടാക്കളെ മുമ്പെതന്നെ വി ധിച്ചിരുന്നുവെങ്കിലും കർത്താവിനെ അവരുടെ നടുവിൽ തൂക്കുന്ന അപമാനവുംകൂടെ വരുത്തുവാനായി അവരുടെ കൊല ശ്രേഷ്ഠാ ചാര്യർ മുഖാന്തരം താമസിപ്പിച്ചിരുന്നു. ആ മോഷ്ടാക്കളുടെ കുരിശുകൾ അവക്കരികെ കൊണ്ടുവന്നു് വെച്ചിരുന്നു. നമ്മുടെ കർത്താവിന്റെ കുരിശോ എന്നാൽ അവിടുത്തെ വിധി അതുവരേ യും ഉച്ചരിയ്ക്കായ്കയാൽ തത്സമയം അവിടെ കൊണ്ടുവന്നിട്ടി ല്ലായിരുന്നു.

ചമ്മട്ടിയടിയുടെശേഷം അവിടെനിന്നുംപോയ പരിശുദ്ധ കന്യക അവളുടെ തിരുക്കുമാരനും ദൈവവുമായ ഈശോയുടെമേ ലുള്ള വിധിയുച്ചാരണം കേൾപ്പാനായി വീണ്ടും വ്യസനനിമഗ്ന യായി വന്നുചേർന്നു. കർത്താവു് പടയാളികൾക്കു് നടുവിൽ ആ ന്യായാസനപദവികൾക്കിടയിൽ നിന്നിരുന്നു. അപ്പോൾ മൌ നം പ്രമാണിക്കുന്ന കൊമ്പു് ധ്വനിച്ചശേഷം നീചനും, ഭീരുവും ആയ ന്യായാധിപതി തീർച്ചയില്ലാത്ത ഒരു വിറയൽസ്വരത്തിൽ നീതിമാനായ ഈശോയുടെമേൽ മരണവിധി ഉച്ചരിച്ചു. എ ന്നാൽ അല്പജ്ഞനും അരോചകസ്വഭാവിയുമായ പീലാത്തോസ്സ് ആ ആഡംബര വസ്ത്രങ്ങളോടെ ആ ഉന്നത സിംഹാസനത്തിലി രിക്കുമ്പോൾ ഉള്ള അവന്റെ മഹാ നിഗളഭാവവും ശ്രേഷ്ഠാചാര്യ ന്റേയും യൂദന്മാരുടേയും, സേവകരുടേയും വിജയപ്രസാദവും, നമ്മുടെ സ്നേഹംനിറഞ്ഞ രക്ഷിതാവു് അപ്പോൾ ആയിച്ചമഞ്ഞി രുന്ന ആ അതിപ്രലാപകരമായ സ്ഥിതിയും, അവിടുത്തെ മാതാ വിന്റെ അത്യന്ത വ്യാകുല പ്രമാദവും ഞാൻ കാണുകയാൽ എ ന്റെ വ്യസനവും വേദനകളും ഇരട്ടിച്ചിരുന്നു ക്രൂരത നിറഞ്ഞ

ആ യൂദപുരുഷാരത്തിന്നിടയിൽ അനേക അരോചക ദുഷ്ടാരൂപികൾ അങ്ങുമിങ്ങും നടന്നു് കലക്കിയിരുന്നതു് ഞാൻ കണ്ടു. എന്നാൽ കർത്താവിൻെറ സ്ഥാനത്തു് ഞാനായിരുന്നെങ്കിൽ ആ വിധിത്തീർപ്പു് നേരായിരുന്നേനെ എന്നു് എനിക്കു തോന്നി.

പീലാത്തോസു് വിധി പ്രസ്താവിച്ചപ്പോൾ തുടക്കം തിബേരിയൂസ് എമ്പ്രദോരിൻെറ നാമവും മററും ദീർഘനേരം മഹാ ഭംഗിയിൽ പുകഴ്ത്തി പറഞ്ഞശേഷം "ഇവൻ ദൈവകുമാരനും യൂദരുടെ രാജാവുമാണെന്നു് തന്നെത്താൻ പറഞ്ഞതുകൊണ്ടു് പൊതുസമാധാനം കലക്കുകയും അവരുടെ പ്രമാണം ലംഘിക്കയുംചെയ്തു എന്ന കുററം ചുമത്തി ശ്രേഷ്ഠാചാര്യർ മരണത്തിനു് വിധിക്കയും ആ വിധി ന്യായമായി തോന്നുകയും യൂദജനം ഐക്യകണ്ഠേന ആ വിധി ഉറപ്പിക്കണമെന്നു് എന്നെ നിർബ്ബന്ധിക്കയും ചെയ്തിരിക്കയാൽ യൂദന്മാരുടെ രാജാവായ നസ്രായക്കാരൻ ഈശോ ഇന്നു് ഗാഗുൽത്താമലയിൽ ദീസ്മാസും, ജെസ്മാസും എന്ന ഇരു മോഷ്ടാക്കളുടെ നടുവിൽ കുരിശിന്മേൽ തൂങ്ങി മരിക്കുന്നതിനു് ഞാൻ വിധിച്ചിരിക്കുന്നു" എന്നുച്ചരിച്ചു.

ആകയാൽ ഈശോ കുററമററവനാണെന്നു് പലപ്പോഴും പറഞ്ഞതിനെ തീരെ നിഷേധിക്കുന്നതിനു് ആ വഷളനും കഥയില്ലാത്തവനുമായ ന്യായാധിപൻ ഒട്ടും നാണിച്ചില്ല. പിന്നീടു് അവൻ കർത്താവിനുള്ള കുരിശു് കൊണ്ടുവരുവാൻ കല്പിച്ചുകൊണ്ടു് ഒരു നീണ്ട കോലെടുത്തു് നുറുക്കുനുറുക്കാക്കി ഒടിച്ചു് കാല്പാദങ്ങളിൽ എറിഞ്ഞുകളഞ്ഞു. ദൈവജനനി ഈ വിധിത്തീർപ്പു് കേട്ടപ്പോൾ കുറെ നേരത്തേക്കു് മോഹാലസ്യപ്പെട്ടു് തീരെ ബോധരഹിതയായി. എന്തെന്നാൽ അവളുടെ പ്രിയകുമാരൻ സകലത്തിലും വ്യസനകരവും ഹീനതരവുമായ വിധത്തിൽ കൊല്ലപ്പെടുമെന്നു് അപ്പോളാണു് നിശ്ചയമായതു്. എന്നാൽ പുറമെ നിന്നിരുന്ന ദുഷ്ടജനം അവളുടെ ദുഃഖത്തെ നിന്ദ്യമാക്കും എന്നു് ഭയന്നു് യോഹന്നാൻ അവളെ കൊണ്ടുപോയപ്പോൾ ബോധം തെളിഞ്ഞു്, കർത്താവിൻെറ പാടുകളാൽ ശുദ്ധീകരിക്കപ്പെട്ട സ്ഥലങ്ങളെ വീണ്ടും കണ്ണുനീരുകൊണ്ടു് കഴുകി ആ പരിശുദ്ധസ്ഥലങ്ങളെ തിരുസ്സഭയുടെ നാമത്തിൽ അവകാശമേററു് വണങ്ങുന്നതിന്നായിപ്പോയി.

അതിൻെറശേഷം പീലാത്തോസു് വിധിവാചകം എഴുതുകയും അവൻെറ പുറകിൽ നിന്നിരുന്ന ഉദ്യോഗസ്ഥന്മാർ അതിൽനിന്നു്

മൂമ്മൂന്നുപകപ്പ് എടുക്കയും ചെയ്തു. എന്നാൽ അവൻ എഴുതിയ വാക്യങ്ങാം അവൻ ഉച്ചരിച്ച വാക്കുകളിൽനിന്നു് തീരെ വ്യത്യസ്തമായവയായിരുന്നു. എന്തെന്നാൽ അവൻെറ ബോധം നന്നാ കലങ്ങിയിരിക്കെ ഒരു നാരകീയ ദൂതൻ അവൻെറ കരങ്ങളെ പിടിച്ച് എഴുതിക്കുന്നതു് ഞാൻ കണ്ടു. എന്നാൽ എഴുതിയ വിധിവാചകത്തിൻെറ താല്പര്യം ഇതായിരുന്നു. നസ്രായക്കാരൻ ഈശോ പൊതുസമാധാനം കലക്കുകയും, ദൈവദൂഷണങ്ങാം പറകയും, പ്രമാണത്തെ ലംഘിക്കുകയും ചെയ്തു എന്നു് ശ്രേഷ്ഠാചാര്യരും സെൻഹെദ്രിൻ സംഘവും, ജനങ്ങളും കുററം ചുമത്തി കൂട്ടമായി നിലവിളിച്ചു് എന്നെ നിബ്ബന്ധിക്കയാൽ അവരുടെ ഇഷ്ടത്തിനു് ഞാൻ സമ്മതിച്ചു. അവർ പറഞ്ഞ കുററങ്ങാം അടിസ്ഥാനരഹിതങ്ങളായാലും അവർ കലഹമുണ്ടാക്കുമെന്നും അവരുടെ നിയമാനുസരണമുള്ള നീതി നടത്തുന്നതിനു് ഞാൻ വിരോധിച്ചു് യൂദന്മാരുടെ സമാധാനം ഞാൻ കലക്കി എന്നു് ചക്രവത്തിയുടെ മുമ്പിൽ ആവലാധി ബോധിപ്പിക്കുമെന്നു് ഭയപ്പെട്ടു് അവനെ കുരിശിന്മേൽ തറയ്ക്കുന്നതിനു് അവക്കു് ഞാൻ ഏല്പിച്ചുകൊടുത്തിരിക്കുന്നു.

ഇതിൻെറശേഷം അവർ കുരിശിൻെറ തലവാചകം എഴുതിയപ്പോാം പട്ടണത്തിൻെറ നാനാഭാഗത്തേക്കും അയപ്പാനായി രായസക്കാർ വിധിവാചകത്തിൻെറ പല പകപ്പുകാം എഴുതി. അവരുടെ വിധി അടിസ്ഥാനരഹിതമാകുന്നു എന്നു് വിധിയിൽ പറഞ്ഞതും തലവാചകത്തിൽ "യൂദന്മാരുടെ രാജാവു്" എന്നു് എഴുതിയതുംനിമിത്തം ശ്രേഷ്ഠാചാര്യക്കു് മഹാ നീരസമായി ആ വാക്കു് "യൂദന്മാരുടെ രാജാവെന്നു് അവൻ പറഞ്ഞു" എന്നു് തിരുത്തുകയോ അഥവാ ഒന്നും എഴുതാതിരിക്കയൊ ചെയ്യണമെന്നു് എല്ലാവരും കൂട്ടമായി ന്യായാസനത്തിൻെറ ചുററംകൂടി നിലവിളിച്ചു. എന്നാൽ പീലാത്തോസു് കോപിച്ചു് "ഞാൻ എഴുതിയതു് എഴുതി" എന്നുമാത്രം ഉത്തരിച്ചു.

കത്താവിൻെറ കുരിശു് ആ മോഷ്ടാക്കളുടേതിലും ഉയരം കൂടരുതെന്നു് അവർ ആഗ്രഹിച്ചിരുന്നെങ്കിലും ഈ തലവാചകപ്പലക തറയ്ക്കുന്നതിനായി കുരിശിൻ നെടിയ തണ്ടിൻെറ തലയ്ക്കൽ വേറൊരു കഷ്ണവും ചേക്കേണ്ടിവന്നതിൽ അതു് മററു് രണ്ടിലും ഉയരം കൂടിപ്പോയി. ആകയാൽ അവസാനത്തിൽ കുരിശിൻെറ ആകൃതി ഇപ്രകാരമായിരുന്നു. പീലാത്തോസു് ഈ

അനീതിപരമായ വിധി ഉച്ചരിച്ചയുടനെ അവന്റെ ഭാര്യ പ്രോക്ലേസു ക്ലാവുദിയ അവന്റെ അച്ചാരമോതിരം തിരികെ അവനു് അയച്ചു്, അരമനയിൽനിന്നു് ഇറങ്ങി കർത്താവിന്റെ സ്നേഹിതരുടെ പക്കൽ പോകയും അവർ ലാസറിന്റെ ഭവനത്തിലുള്ള ഒരു ഗൂഢമുറിയിൽ അവളെ ഒളിപ്പിക്കയും ചെയ്തതു് ഞാൻ കണ്ടു. അന്നു തന്നെ വൈകിട്ടു് കത്താവിന്റെ ഒരു സ്നേഹിതൻ ഗബാത്തയെന്ന ആ ന്യായാസനത്തിന്റെ പുറകിലുള്ള ഒരു പച്ചക്കല്ലിന്മേൽ അന്യായവിധിയാളൻ എന്ന വാക്കുകളും, അവന്റെ ഭാര്യയുടെ പേരും കൊത്തി എഴുതിയതു് ഞാൻ കണ്ടു. എന്നുമാത്രമല്ല, ആ കല്ലു് പട്ടണത്തിലുള്ള ഒരു ദേവാലയത്തിൽ ഇപ്പുഴും കാണ്മാനുണ്ടു്.

എന്നാൽ ക്ലാവുദിയ പ്രോക്ലേസു് ക്രിസ്തീയവേദം അനുസരിച്ചു് പരിശുദ്ധ പൌലോസിന്റെ മഹാ ഇഷ്ടശിഷ്യയായി ആ ശ്ലീഹായെ പിന്തുടൎന്നു് ജീവിച്ചു. പീലാത്തോസു് വിധി ഉച്ചരിച്ച ക്ഷണം ഈശോയെ സേവകൎക്കു് ഏല്പിക്കയും, അവർ കയ്യാപ്പായുടെ വീട്ടിൽവെച്ചു് ഊരിയ അദ്ദേഹത്തിന്റെ സ്വന്ത വസ്ത്രം കൊണ്ടുവന്നു് വീണ്ടും അദ്ദേഹത്തെ ധരിപ്പിക്കയും ചെയ്തു. പക്ഷെ ചില ഔദാര്യശാലികൾ അതു് ഒന്നു കഴുകിയതിനാൽ അല്പം വെടിപ്പായി തോന്നി. എന്നാൽ അതു ധരിപ്പിപ്പാനായി ആ കരുണയററ ദുഷ്ടസേവകർ അദ്ദേഹത്തിന്റെ കൈകൾ അഴിച്ചു് ആ ചുവപ്പു പഴന്തുണി ക്രൂരമായി വലിച്ചുപറിച്ചതിനാൽ അദ്ദേഹത്തിന്റെ തിരുമുറിവുകളൊക്കയും വീണ്ടും പുതുപ്പിച്ചു. പിന്നീടു് അദ്ദേഹം വിറയ്ക്കുന്ന കൈകകളാൽ ആ വക്കുകൊണ്ടുള്ള അടിവസ്ത്രം തന്നെത്താൻ ധരിച്ചപ്പോൾ അവർ അദ്ദേഹത്തിന്റെ തോൾവസ്ത്രം എറിഞ്ഞുകൊടുക്കയും ചെയ്തു. എന്നാൽ ആദ്യമെ അദ്ദേഹത്തിന്റെ അമ്മ നെയ്തുണ്ടാക്കി ധരിപ്പിച്ച ആ തുന്നലില്ലാത്ത വസ്ത്രം ധരിപ്പിക്കുന്നതിനു് മുൾമുടി തടവാകയാൽ ആ ക്രൂരർ അദ്ദേഹത്തിന്റെ വേദന വകവെയ്ക്കാതെ കരുണയററ വിധത്തിൽ അതും വലിച്ചെടുക്കയും ചെയ്തു.

അതിന്റെശേഷം ആ ഇരുമ്പുമുട്ടുള്ള അരവളയം വീണ്ടും ചുററിക്കെട്ടി അതിന്മേൽ അവൎക്കു് ക്രൂരമായി പിടിച്ചുവലിപ്പാനുള്ള നാലു കയറുകളും കെട്ടുകയും ചെയ്തു. ആ രണ്ടു മോഷ്ടാക്കളേയും കരങ്ങൾ ബന്ധിച്ചു് ഇരിമ്പു തുടൽ കഴുത്തിലിട്ടുകൊണ്ടു് കത്താവിന്റെ ഇടവും വലവും നിറുത്തിയിരുന്നു. എന്നാൽ അവ

ങ്ങടെ ദേഹത്തിലെങ്ങും തലേ ദിവസത്തെ അടിയുടെ പാടുകൾ കരു വാളിച്ച നിറത്തിൽ കാണ്മാനുണ്ടായിരുന്നു. നല്ലകള്ളൻെറ ഭാവ വും പ്രകൃതിയും അടങ്ങിയതും സമാധാനമുള്ളതുമായിരുന്നു. മററ വനൊയെന്നാൽ തീരെ മറിച്ച്, അശേഷം മരുക്കവും അനുസര ണവുമില്ലാതെ സേവകരോട് യോജിച്ച് കർത്താവിനെ ദൂഷിച്ചി രുന്നു. എന്നാൽ ഈശോ ആ രണ്ടു കൂട്ടരേയും കൃപയോടും സഹതാപത്തോടും കൂടെ തൃക്കണ്ണോത്ത് അവരുടെ രക്ഷയെപ്രതി തൻെറ പാടുകൾ പിതാവിനു സമർപ്പിച്ചിരുന്നു.

പിന്നീട് സേവകർ കുരിശിൽ പതിക്കുന്നതിനു ആവശ്യ മായ സാമാനങ്ങൾ ശേഖരിച്ച് ഗാഗുൽത്തായിലേക്കുള്ള അദ്ധ്വാ നകരവും ക്ലേശഭൂയിഷ്ഠവുമായ ആ പ്രയാണത്തിനു വേണ്ടതെല്ലാം തയ്യാറാക്കി. അന്നാസും കയ്യാപ്പയും തലവാചകം സംബന്ധി ച്ച് പീലാത്തോസിനോടു തർക്കിച്ചു അവസാനം പിണങ്ങിപ്പിരി ഞ്ഞതശേഷം അവർ പെസഹാ ആടിനെ പൂജിക്കുന്നതിനു ദേവാ ലയത്തിൽ എത്തുമൊ എന്നു ഭയപ്പെട്ടു ധൃതിയായി വിധിപ കർപ്പും എടുത്തു പൊയ്ക്കളഞ്ഞു. ഇങ്ങനെ കുരിശെന്ന ആ പീഠ ത്തിന്മേൽ ബലി അണെക്കപ്പെടുവാൻ പോകുന്ന ആ സത്യമായ പെസഹാ ചെമ്മരിയാട്ടിൻകുട്ടിയെ അവർ ഉപേക്ഷിച്ചിട്ട് അതി ൻെറ നിഴൽമാത്രമായ പെസഹാ ആടിനെ കല്ലുകൊണ്ടുള്ള ദേവാ ലയത്തിൽ വെച്ച് പൂജിപ്പാനാണ് പോയതു്.

എന്നാൽ അവരുടെ ഹൃദയം കോപം, ദ്വേഷം, അസൂയ മുതലായവകൊണ്ട് മുഴുവൻ അശുചിയായിരുന്നതു് ഗണ്യമാക്കാ തെ പുറമെയുള്ള തീണ്ടൽ മാത്രം സാരമായി ആചരിച്ചിരുന്നു. "ഇവൻെറ രക്തം ഞങ്ങളുടെമേൽ ആകട്ടെ" എന്ന ആ വാക്യ ങ്ങളാൽ, പൂജിക്കുന്നവൻ ബലിമൃഗത്തിൻെറ ശിരസ്സിൽ കരങ്ങൾ വെക്കണമെന്നുള്ള വേദനിയമവും അവർ നിറവേററി. ഇങ്ങനെ അവർ യൂദനിയമത്തിലെ പീഠത്തിലേക്കുള്ള വഴിയും, ഈശോ വരപ്രസാദപീഠത്തിലേക്കുള്ള വഴിയും പിന്തുടന്നപ്പോൾ പിശാ ചിൻേറയും ലോകത്തിൻെറയും നീച അടിമയായ ആ അജ്ഞാന പീലാത്തോസ് സത്യദൈവത്തിൻെറ സന്നിധിയിൽ ഞെട്ടുങ്ങി വിറച്ചുകൊണ്ട് മൂന്നാമത്തെ ഒരു മദ്ധ്യവഴിയും പിടിച്ച് അവ ൻെറ അരമനയിലേക്കു മടങ്ങി. ഈ അനീതിപരമായ വിധി തീർപ്പ് ഉദ്ദേശം 10 മണിക്കാണ് ഉച്ചരിച്ചതു്.

# അദ്ധ്യായം 26

## കർത്താവു് കുരിശു ചുമക്കുന്നു.



പീലാത്തോസു് ന്യായാസനം വിട്ടുപോകവെ, കുറെ പടയാളികൾ അവനു് അകമ്പടിയായി പോയി അരമനക്കു് മുമ്പിൽ അണിനിരയായി നില്ക്കുകയും ശേഷമുള്ളവർ കുററക്കാരൊരുമിച്ചു് നിൽക്കുകയുംചെയ്തു. അതിൻെറശേഷം ഗാൽത്തായിലേക്കു് പോകുവാനായി ആയുധമണിഞ്ഞു് കുതിരകയറിവന്ന 28 പ്രീശരിൽ 6 പേർ പൂങ്കാവനത്തിൽവെച്ചു് കർത്താവിനെ പിടിച്ചപ്പോൾ കൂടെ ഉണ്ടായിരുന്ന ആ ജന്മശത്രുക്കൾ ആയിരുന്നു. എന്നാൽ സേവകർ കർത്താവിനെ ആ വലിയ മുററത്തു് കൊണ്ടുവരികയും അപ്പോൾ ചില അടിമകൾ അദ്ദേഹത്തിനുള്ള കുരിശു് അതിൻെറ കൈകളും വെച്ചുകെട്ടി കൊണ്ടുവന്നു് അദ്ദേഹത്തിൻെറ പാദങ്ങൾക്കരികെ വെയ്ക്കുകയും ചെയ്തു.

അപ്പോൾ ഈശോ അതിനരികെ മുട്ടുകുത്തി, തിരുക്കരങ്ങളാൽ ആ സ്ലീവായെ കെട്ടിപ്പിടിച്ചു്, മൂന്നു പ്രാവശ്യം മുത്തിക്കൊണ്ടു് താൻ അതിന്മേൽ നിറവേററുവാൻപോകുന്ന ആ രക്ഷണീയ പൂജയെക്കുറിച്ചു് മനസ്സിളകുന്നവിധത്തിൽ തൻെറ മോക്ഷപിതാവിനു് സ്തോത്രം ചെയ്തു. പീഠത്തെ ഗുരുക്കൾ മുത്തുമാറാകുന്നപോലെ പരിഹാരബലിയായ ഈ ഔന്നിത്യരക്തപൂജ നിറവേററുവാൻപോകുന്ന ഉന്നത പീഠമാകുന്ന കുരിശിനെ ഈശോയും പിടിച്ചു് തഴുകിമുത്തി. എന്നാൽ സേവകർ അദ്ദേഹത്തെ ഒരു സഹായവുംകൂടാതെ എഴുന്നേല്പിച്ചു് വീണ്ടും മുട്ടുകുത്തിച്ചുകൊണ്ടു് അദ്ദേഹത്തിൻെറ വലത്തെ തോളിൽ ആ ഭാരമുള്ള കുരിശിനെ വെച്ചു. മാലാഖാമാർ കർത്താവിനെ സഹായിപ്പാൻ വന്നില്ലായിരുന്നെങ്കിൽ നിലത്തുനിന്നു് എഴുന്നേല്പാൻകൂടെ അദ്ദേഹത്തിനു് ബലമില്ലായിരുന്നേനെ.

എന്നാൽ ഈശോ മുട്ടിന്മേൽതന്നെനിന്നു് പ്രാൎത്ഥിക്കുമ്പോൾ സേവകർ ആ രണ്ടു മോഷ്ടാക്കൾക്കുള്ള കുരിശിൻെറ അല്പം വളഞ്ഞ രണ്ടു വിലങ്ങുകൾ കൊണ്ടുവന്നു് അവരുടെ പിടലിമേൽവെച്ചു് കൈകൾ രണ്ടും അതോടുചേൎത്തു് വരിഞ്ഞുകെട്ടി. നെടിയ തണ്ടു് വിധിനടത്തുമ്പോൾമാത്രം ചേൎക്കമായിരുന്നുള്ളു. പീലാത്തോസിനു് അകമ്പടിനില്ക്കുന്ന കുതിരപ്പട്ടാളം പ്രദക്ഷിണം പുറപ്പെടുവാനുള്ള കാഹളം ധ്വനിച്ചപ്പോൾ ഒരു കാവല്ക്കാരൻപ്രീശൻ വന്നു് മുട്ടിന്മേൽനില്ക്കുന്ന ഈശോയോടു് "എഴുന്നേല്ക്ക, നിൻെറ വിശേഷ സംഭാഷണം ഞങ്ങൾ വേണ്ടുവോളം കേട്ടിട്ടുണ്ടു്. എഴുന്നേററു പുറപ്പെടുക" എന്നു പറഞ്ഞു. പക്ഷെ ഒരുവൻ സഹായിച്ചല്ലാതെ എഴുന്നേല്പാൻ അശേഷം ബലമില്ലായ്കയാൽ അദ്ദേഹത്തെ അവർ ക്രൂരമായി വലിച്ചെഴുന്നേല്പിച്ചു.

നമുക്കു് ദൈവം അയക്കുന്ന ഞെരുക്കങ്ങളാകുന്ന കുരിശുകളെ ചുമന്നുകൊണ്ടു് ഈശോയെ പിന്തുടരുമ്പോൾ നാം സഹിക്കേണ്ട ആ ഭാരമാണു് അപ്പോൾ അദ്ദേഹം നമ്മെപ്രതി സഹിച്ചിരുന്നതു്. ഇങ്ങനെ ലോകത്തിൽ എല്ലായിലും അപമാനകരവും, എന്നാൽ ആകാശത്തിൽ എല്ലായിലും അഭിമാനകരവുമായ രാജാക്കളുടെ രാജാവിൻെറ ആ ഘോഷയാത്ര ആരംഭിച്ചു. കുരിശിൻെറ അററത്തു് രണ്ടു കയറുകൾ കെട്ടി അതു് വല്ലതിന്മേലും മുട്ടാതിരിപ്പാനായി രണ്ടു സേവകർ പൊക്കിപ്പിടിക്കയും, വേറെ നാലു സേവകർ കൎത്താവിൻെറ അരയിലെ കയറുകൾ മുമ്പും പിമ്പും പിടിക്കയും ചെയ്തിരുന്നു. എന്നാൽ ആ ഘോരഭാരത്താൽ വിറച്ചിരുന്ന സ്നേഹംനിറഞ്ഞ കൎത്താവിനെ കണ്ടപ്പോൾ തന്നെത്തന്നെ പൂജിപ്പാനുള്ള ഓൎമ്മ എൻെറ ബോധത്തിലുദിച്ചു.

ജനക്ഷോഭം അടക്കുന്നതിനായി സൈന്യത്തോടുകൂടി പീലാത്തോസുതന്നെ പോകണമെന്നു് കരുതിയിരുന്നതിനാൽ അവൻെറ പുറപ്പാടടയാളമായ കൊമ്പു് വിളിച്ചു്, ഉദ്യോഗസ്ഥന്മാൎക്കും ഒരു ഗണം കുതിരപ്പട്ടാളത്തിനുംമദ്ധ്യേ അവൻ കുതിരകയറി പുറപ്പെട്ടു. ഇററലിയുടേയും സ്വിററ്സർലാണ്ടിൻെറയും അതൃത്തികളിൽനിന്നുള്ള 300 കാവൽസൈന്യവും അയാൾക്കു് പിന്നണിയായിപോയിരുന്നു. ഒരു കുഴൽക്കാരൻ പ്രദക്ഷിണത്തിൻെറ മുമ്പിൽനടന്നു് തെരുവുകളുടെ മൂലകളൊക്കയിലും കുഴൽവിളിച്ചു് വിധിതീൎപ്പു് പ്രസിദ്ധീകരിച്ചിരുന്നു. പ്രദക്ഷിണത്തിനുപുറകെ കുറെ സ്ത്രീകളും

ബാലന്മാരും കയറുകളും, ആണികളും, മരപ്പൂളുകളും മുതലായ പല സാമാനങ്ങളും കൈകളിലും കൊട്ടകളിലും പിടിച്ചുകൊണ്ടും, ബലവാന്മാരായ മററു ചിലർ ഗോവണി, മരത്തൂണു്, രണ്ടു കള്ളന്മാരുടെ കുരിശിന്റെ നെടിയ തണ്ടുകളും മുതലായവ ചുമന്നുകൊണ്ടും, അവക്കു പുറകെ കുറെ പ്രീശർ കുതിരപ്പുറത്തുകയറിയും പോയിരുന്നു. തലവാചകപ്പലക എടുത്തിരുന്ന ഒരു ബാലൻ കർത്താവിന്റെ ശിരസ്സിൽനിന്നു് വലിച്ചെടുത്ത മുൾമുടി ഒരു നീണ്ട വടിമേൽകുത്തി ഉയർത്തിപ്പിടിച്ചിരുന്നു. പക്ഷെ ഇവൻ മററവരെപ്പോലെ അത്ര കഠിനഹൃദയനല്ലായിരുന്നു. അവന്നു പുറകെ നമ്മുടെ സ്നേഹംനിറഞ്ഞ രക്ഷിതാവു് പാദരക്ഷയില്ലാത്ത തന്റെ പാദങ്ങൾ രണ്ടും കീറി രക്തമൊലിച്ചും സർവ്വാംഗം മുറിവുകൾ നിറഞ്ഞും ആ കുരിശിന്റെ ഭാരത്തിൻകീഴു് നന്നാ ഞെരുങ്ങി വളഞ്ഞും പോയിരുന്നു. കഴിഞ്ഞ രാത്രി മുഴുവൻ അശേഷം ഭക്ഷണവും ഉറക്കമില്ലായ്കയാലും ദേഹത്തിലെ രക്തംമുഴുവൻ പോയതിനാലുള്ള കഠോര ദാഹവും, മുറിവുകളാലുള്ള പനിയും നിമിത്തവും തളൎന്നു് മോഹാലസ്യപ്പെട്ടമാണു് അദ്ദേഹം നിന്നിരുന്നതു്.

എന്നാൽ കർത്താവു് ആ ഭാരമുള്ള സ്ലീവായുടെ ഘനംമുഴുവൻ വലത്തെ കൈകൊണ്ടു് താങ്ങി, ഒന്നു ഉയർത്തുവാൻകൂടേയും ബലമില്ലാതെ ഇടത്തെ കൈകൊണ്ടു് പാദങ്ങളിലെ മുറിവിന്മേൽ പററിപ്പിടിച്ചിരുന്ന വസ്ത്രത്തെ ചിലപ്പോൾ ഒന്നു് പൊക്കിപ്പിടിപ്പാൻ പ്രയത്നിച്ചുകൊണ്ടു പോയിരുന്നു. അരയിലെ കയറുകൾ രണ്ടു വേസകർ മുമ്പോട്ടും രണ്ടുപേർ പുറകോട്ടും വലിച്ചിരുന്നതിനാൽ അദ്ദേഹത്തിനു് നടക്കുന്നതിന്നു മഹാ പ്രയാസമായിരുന്നു. എന്നു മാത്രമല്ല അദ്ദേഹത്തിന്റെ മുടിയും, മീശയും, മുഖവും രക്തം ഒലിച്ചു് ദയനീയവിധത്തിൽ തീരെ ഭാഷ പകൎന്നു്, രോമവസ്ത്രങ്ങൾ മുറിവുകളിന്മേൽകൊണ്ടു് ഉരഞ്ഞു് രക്തമൊലിക്കയും മണിക്കണ്ണുകളിൽ കെട്ടുകൾ പൂണ്ടു് മുറിഞ്ഞു വീങ്ങുകയും ചെയ്തിരുന്നു. എന്നാൽ ആ ദുഷ്ടന്മാർ നിന്ദ്യവും ധിക്കാരവുമായ വാക്കുകൾ മാത്രമേ കർത്താവിനോടു് പറഞ്ഞിരുന്നുള്ളു. എങ്കിലും അവിടുന്നു അത്യന്തസ്നേഹത്തോടും, ശാന്തതയോടും, പ്രസന്നവദനത്തോടും തന്റെ ഈ ക്രൂരബാധകരെപ്രതി ഇടവിടാതെ പ്രാർത്ഥിച്ചിരുന്നു. ആയുധപാണികളായ പല സേവകർ ഇരുവശവും നടന്നു. മാത്രമല്ല, ആ രണ്ടു മോഷ്ടാക്കളും ദേഹത്തിന്റെ മേൽഭാ

ഗംമാത്രം മറയത്തക്ക ഒരുതരം കയ്യില്ലാത്ത തോൽവസ്ത്രം ധരിച്ച് പിടലിമേൽ കുരിശുവിലങ്ങുകൾ ബന്ധിക്കപ്പെട്ട്, തലയിൽ പുൽത്തൊപ്പികളുംവെച്ച് ഈശോയുടെ പുറകേയും വന്നിരുന്നു. നല്ല കള്ളൻ ബഹു സാധുസ്വഭാവത്തോടെ ഈശോയെ പിന്തുടന്നിരുന്നതിനുപകരം മററവൻ അവൻെറ മുരട്ടുശീലത്തെ പ്രത്യക്ഷമാക്കി സദാ അദ്ദേഹത്തെ ദൂഷിച്ചിരുന്നു.

പ്രദക്ഷിണത്തിന്നിരുവശവും പല പ്രീശർ കുതിരപ്പുറത്ത് മുമ്പോട്ടും പുറകോട്ടുംനടന്ന് ക്രമപ്പെടുത്തിക്കൊണ്ടിരിക്കെ, പീലാത്തോസും സൈന്യവും പട്ടാളമുറയ്ക്ക് അണിനിരയായി അവരെ അനുഗമിച്ചിരുന്നു. എന്നു മാത്രവുമല്ല അവൻ ജനക്ഷോഭം നിരത്തുന്നതിനുവേണ്ടി ചില പ്രധാന തെരുവുകളിൽക്കൂടെതന്നെ കടന്നുപോയിരുന്നു. തിരുനാൾക്ക് ദേവാലയത്തിൽപോകുന്ന ജനങ്ങൾക്ക് സൌകര്യമുണ്ടാകുവാനും പ്രധാന തെരുവുകൾ പീലാത്തോസിന് ഒഴിഞ്ഞിരിപ്പാനുമായി നമ്മുടെ കത്താവിനെ പുറകിലെ ഒരു ഇടുക്കുവഴിയെ അവർ കൊണ്ടുപോയിരുന്നു. എന്നാൽ വിധിത്തീപ്പ് വായിച്ചുടൻ പുരുഷാരം പിരിഞ്ഞു് പെസഹാ ഒരുക്കത്തിനായി വീടുകളിലേക്കും പള്ളിയിലേക്കും പോയിയെങ്കിലും ചിലർ പ്രദക്ഷിണം കാണ്മാനായി കാത്തുനിന്നിരുന്നു.

റോമാസേവകർ പ്രദക്ഷിണത്തിൽനിന്ന് പുരുഷാരത്തെ അകററിയിരുന്നതിനാൽ ഇവർ മുൻകടന്ന് ഗാഗുൽത്തായിലേക്കോ, അഥവാ പ്രദക്ഷിണത്തിൻെറ പുറകിലേക്കോ മററുവഴിയായി പോയിരുന്നു. ഈശോയെ കൊണ്ടുപോയിരുന്ന തെരുവ് നന്നാ ഇടുക്കായതും നിരപ്പില്ലാത്തതുമായിരുന്നതിനാൽ അദ്ദേഹത്തിന് നടപ്പാൻ ബഹു പ്രയാസമായിത്തീന്നു. എന്നു മാത്രമല്ല ആ ദുഷ്ടജനം ഭവനങ്ങളുടെ മേൽപ്പുരകളിലും ജന്നലുകളിലും മററും കയറിനിന്ന് കത്താവിനെ ദൂഷിച്ചപമാനിക്കയും, വേലയെടുക്കുന്ന അടിമകൾക്കൂടേയും ചേറും ചളിയും വാരി അദ്ദേഹത്തിൻെറമേൽ എറികയും ചെയ്തിരുന്നു. കുട്ടികളെക്കൂടെ അവർ ഉത്സാഹിപ്പിക്കയാൽ ഇവർ മൂച്ചയുള്ള കല്ലുകൾ പെറുക്കി അവരവരുടെ ഭവനങ്ങൾക്കുനേരെ കത്താവ് പോകുന്ന വഴിമദ്ധ്യേ ഇട്ടിരുന്നു.

# അദ്ധ്യായം 30

## കർത്താവു ഒന്നാമതു് വീഴുന്നു.

ഈശോ പോയിരുന്ന ആ തെരുവിൽ ഇടത്തേക്കു് അല്പം തിരിഞ്ഞപ്പോൾ അതു് തീരെ കടുംത്തൂക്കമായിരുന്നതുകൂടാതെ സെഹിയോനിൽനിന്നു് വരുന്ന വെള്ളച്ചാലിനരികെ വഴിമദ്ധ്യേയുള്ള ഒരു കുഴിയിൽ ചേറും ചളിയുമുണ്ടായിരുന്നതിനാൽ ജനങ്ങൾക്കു് ചവിട്ടുന്നതിനായി ഒരു വലിയ കല്ലു് സ്ഥാപിച്ചിരുന്നു. ഈശോ ഇവിടെ വന്നപ്പോൾ അദ്ദേഹത്തിന്റെ ശക്തി മുഴുവൻ ക്ഷയിച്ചു് ഒരടിപോലും വെപ്പാൻ തീരെ അശക്തനായി തീർന്നെങ്കിലും ദുഷ്ടസേവകർ യാതൊരു സഹായവും അദ്ദേഹത്തിനു് ചെയ്യാതെ അരയിലെ കയറു് പിടിച്ചു വലിക്കമാത്രം ചെയ്കയാൽ ദിവ്യരക്ഷകൻ ആ കല്ലിന്മേൽ മുഴുവനായി വീണുപോയി. എന്നാലും ആ ക്രൂരബാധകർക്കു് ഒരല്പ ദയവുപോലുമില്ലാതെ അദ്ദേഹത്തെ ദുഷിച്ചുംകൊണ്ടു് എഴുന്നേല്പിപ്പാൻ പ്രയത്നിച്ചതുനിമിത്തം കൂട്ടത്തിൽ ഒരു കുഴപ്പമുണ്ടായി. ഈശോ സഹായത്തിനായി കൈകൾ നീട്ടിയെങ്കിലും ഒരുത്തനും അല്പ കരുണപോലും തോന്നിയില്ല.



കർത്താവു് ഒന്നാമതു് വീഴുന്നു.

"ആ! എല്ലാം വേഗം തീരും" എന്നു് ഈശോ പറഞ്ഞുകൊണ്ടു് ആ ശത്രുക്കളെപ്രതി പ്രാർത്ഥിച്ചപ്പോൾ "അവനെ എഴുന്നേല്പിക്കുവിൻ, അല്ലെങ്കിൽ അവൻ ഇവിടെവെച്ചുതന്നെ ചത്തുപോകും" എന്നു് പ്രീശർ പറഞ്ഞു. വളരെ സ്ത്രീകളും പൈതങ്ങളും ദുഃഖത്താലും ഭയത്താലും കരഞ്ഞുകൊണ്ടു് പിന്തുടർന്നിരുന്നു. ഈശോ ഉന്നതങ്ങളിൽനിന്നുള്ള ആശ്വാസത്താൽ തിരുത്തല ഒന്നുയർത്തിയപ്പോൾ, ആ ക്രൂരന്മാർ അശേഷം കരുണയില്ലാതെ ആ ചെളിയിൽനിന്നു് അദ്ദേഹത്തെ വലിച്ചെടുക്കും മുമ്പുത

ന്നെ മുൾമുടി ശിരസ്സിൽ വീണ്ടും പതിക്കയും എഴുന്നേററുനിന്ന ക്ഷണത്തിൽ കുരിശു തോളിൽ വെക്കുകയും ചെയ്തു. ആ മുൾമുടി വീണ്ടും ശിരസ്സിൽ പതിക്കയാൽ വേദന വർണ്ണിക്കാവതല്ലാത്തവിധം വർദ്ധിച്ചതുകൂടാതെ മുള്ളുകൾ കുരിശിന്മേൽ തടഞ്ഞിരുന്നതിനാൽ തിരുത്തല ഒരു വശത്തേക്കു് ചാഞ്ഞുമിരുന്നിരുന്നു.

# അദ്ധ്യായം 31

## ഈശോ രണ്ടാമതു വീണപ്പോൾ മാതാവിനെ കാണുന്നു.

അനീതിപരമായ വിധി ഉച്ചരിച്ചശേഷം വ്യാകുലസമുദ്രത്തിൽ മുഴുകിയ ഈശോയുടെ അമ്മ യോഹന്നാനൊരുമിച്ചു് കർത്താവിന്റെ പാടുകളാൽ ശുദ്ധീകരിക്കപ്പെട്ട സ്ഥലങ്ങളെ വീണ്ടും കണ്ണുനീർകൊണ്ടു് കഴുകുവാനായി പോയി. എന്നാൽ ഗാഗുൽത്തായ്ക്കുള്ള പുറപ്പാടടയാളമായ ആ കൊമ്പുസ്വരം മാതാവു് കേൾക്കയും ജനങ്ങളുടെ പാച്ചിൽ കാണുകയും ചെയ്തപ്പോൾ ഈശോ ഗാഗുൽത്തായിലേക്കു് പുറപ്പെടുന്നു എന്നറിഞ്ഞു് ആ തിരുപ്പുത്രനെ ഒന്നുകൂടെ കാണ്മാൻ അത്യാഗ്രഹമായി അവിടുത്തെ പക്കലേക്കു് അവളെ കൊണ്ടുപോവാൻ യോഹന്നാനോടു് അപേക്ഷിച്ചു ആകയാൽ അയാൾ അവളെ ഈശോ കടന്നുപോകുന്ന വഴിമദ്ധ്യേ തെരുവിലേക്കു് വാതിലുള്ള ഒരു വീട്ടിലേക്കു് കൊണ്ടുപോയി. എന്നാൽ അതു് കയ്യാപ്പായുടെ ഒരു വീടായിരുന്നു. എങ്കിലും ദയാശീലനായ അതിന്റെ കാവൽക്കാരനോടു് യോഹന്നാൻ അനുമതിപ്രാപിച്ചു് മാതാവിനേയും മററും അതിന്റെ പടിപ്പുരക്കൽ കൊണ്ടുപോയി നിറുത്തി. അപ്പോൾ ദൈവജനനിയുടെ മുഖം ദുഃഖത്താൽ വിളറി കരച്ചിലിനാൽ കണ്ണുകൾ ചുവന്നിരുന്നു. അവൾ ഒരു നീലവസ്ത്രം പുതച്ചു് പാർത്തുനില്ക്കുമ്പോൾ ആ ദുഷ്ടരുടെ അട്ടഹാസങ്ങളും, ആർപ്പുകളും, ദൂഷണവാക്കുകളും തിരിച്ചു തിരിച്ചു് കേട്ടിരുന്നു.

ഒരു രാജദൂതൻ മുൻനടന്നു് ഇടക്കിടെ മൂന്നു് കുററക്കാരെ കുരിശിൽ തറപ്പാൻ കൊണ്ടുപോകുന്നുവെന്നു് ഉച്ചത്തിൽ നിലവിളിച്ചുപറഞ്ഞിരുന്നു. കാവൽക്കാരൻ ചെന്നു് പടിവാതിൽ

തുറക്കയാൽ ആ സ്വരം ക്ഷണന്തോറും തെളിവായി കേട്ടിരുന്നു. അപ്പോൾ വ്യാകുല അമ്മ മുട്ടുകുത്തി പ്രാൎത്ഥിച്ചിട്ടു് യോഹന്നാനോടു് "ഞാൻ പുറത്തു നില്ക്കണമൊ അകത്തേക്കു് പൊയ്ക്കളയണമൊ? ഇതു് സഹിപ്പാൻ എനിക്കു് സാധിക്കുമൊ?" എന്നു് ചോദിച്ചു. അതിനു് അമ്മ പുത്രൻ കടന്നുപോകുന്നതു് കാണാഞ്ഞാൽ പിന്നീടു് അതുനിമിത്തം സങ്കടപ്പെടും എന്നു് യോഹന്നാൻ പറയുകയാൽ അവൾ അവിടെത്തന്നെനിന്നു. ദൂരത്തുനിന്നു് സാവധാനത്തിൽ അടുത്തുവരുന്ന ആ പരിതാപകര പ്രദക്ഷിണം നോക്കിയിരുന്നു.

എന്നാൽ പീഡകളുടെ കരുക്കളും സാമാനങ്ങളും കൊണ്ടുവന്നവർ അടുത്തുവന്നപ്പോൾ അവരുടെ ദൃഷ്ടിയിൽ ധിക്കാരപരമായ ജയസന്തോഷം ഈ അമ്മ കണ്ടു് സഹിക്കാതെ കരങ്ങൾ കൂപ്പി ഉന്നതത്തിൽനിന്നുള്ള ആദരവു് പ്രാൎത്ഥിച്ചതു് അവരിലൊരുവൻ കണ്ടു്, ഇത്ര പ്രലാപകര വാക്കുകൾ ഉച്ചരിക്കുന്ന ആ സ്ത്രീ ആരാണെന്നു് കൂട്ടുകാരനോടു് ചോദിച്ചപ്പോൾ, അവൻ അതു് ആ ഗലിലേയൻെറ അമ്മയാണെന്നുത്തരിച്ചു. അപ്പോൾ ആ ക്രൂരനു് മാതാവിൻെറനേരെ സഹതാപം തോന്നുതിനുപകരം, ഈ വ്യാകുല അമ്മയുടെ ഹൃദയം തകൎക്കുന്ന ആ വ്യാകുല പ്രലാപത്തെ കളിപുതുമയാക്കിക്കൊണ്ടു് കൎത്താവിനെ തറപ്പാനുള്ള ആ ഇരുമ്പാണി എടുത്തു് "ഇതു് നിൻെറ മകനെ തറപ്പാനുള്ളതാണു്" എന്നു പറഞ്ഞു് നിന്ദയോടെ ഈ അമ്മയെ കാണിച്ചു. (ഒ! എത്രയൊ കഠിന വ്യാകുലം ആ കാഴ്ചയാൽ ഈ അമ്മ സഹിച്ചു! !)

എന്നാൽ മാതാവു് അടുത്തുവന്നിരുന്ന തിരുപ്പുത്രനെ വ്യാകുലത്തോടെ നോക്കിക്കൊണ്ടു്, വ്യാകുലാധിക്യത്താൽ മയങ്ങി വീഴാതിരിപ്പാൻ ഒരു തൂണോടുചേൎന്നു് ചാരിനിന്നു. എന്തെന്നാൽ അവളുടെ വൎണ്ണനീയമല്ലാത്ത ദുഃഖത്താൽ മുഖം വിളറി ചുണ്ടുകൾ നീലച്ചു് കണ്ണുനീർ പുഴപോലെ ഒലിച്ചിരുന്നു. അപ്പോൾ പ്രീശർ കുതിരപ്പുറത്തു് കടന്നുപോയതിനുപുറകെ തലവാചകവുംകൊണ്ടു് ഒരു ബാലകൻ കടന്നു. പിന്നീടു് അവളുടെ പ്രിയകുമാരൻ സ്ലീവായുടെ ഭാരത്താൽ ക്ഷീണിച്ചു വളഞ്ഞും, മുൾമുടി ധരിച്ചിരിക്കുന്ന തിരുത്തല മരണപ്രമാദത്താൽ തളൎന്നു തോളിലേക്കു് വീണുംകൊണ്ടു് അടുത്തുവന്നു. ആ സമയം ഈശോ സഹതാപവും വ്യാകുലവും നിറഞ്ഞു് തൻെറ മാതാവിനെ ഉററുനോക്കിച്ച

പ്പോൾ രണ്ടാംപ്രാവശ്യം കരങ്ങളും മുട്ടുകളും കുത്തി നിലത്തു് വീണുപോയി. ഇതു് മാതാവു് കണ്ടപ്പോൾ സഹിക്കരുതാത്ത വ്യാകുലത്താൽ സകലവും മറന്നു് പടയാളികളേയും ബാധകരേയും ഒന്നും നോക്കാതെ അവളുടെ സ്നേഹകുമാരനെമാത്രം നോക്കി ഓടിച്ചെന്നു് ആ പുരുഷാരമദ്ധ്യേ തന്റെ പുത്രന്റെ അടുക്കൽ മുട്ടുകുത്തി അദ്ദേഹത്തെ കെട്ടിപ്പിടിച്ചു. അപ്പോൾ പ്രിയമകനേ! എന്നും, അമ്മേ! എന്നും ഉള്ള വാക്കുകൾ മാത്രം ഞാൻ കേട്ടുവെന്നു് എനിക്കു് തോന്നി.



ന കർത്താവു് മാതാവിനെ കാണുന്നു

അപ്പോൾ അല്പ ലഹളയുണ്ടായതിനാൽ യോഹന്നാനും സ്ത്രീകളും ക്ഷണംചെന്നു് മാതാവിനെ എഴുന്നേല്പിച്ചുടൻ, സേവകർ അവളെ ശാസിച്ചുകൊണ്ടു് “സ്ത്രീയെ! ഇവിടെ നിനക്കു് എന്താണു് ചെയ്വാനുള്ളതു്? അവനെ നീ നല്ലവണ്ണം വളർത്തിയെങ്കിൽ അവൻ ഞങ്ങളുടെ കൈകളിൽ അകപ്പെടാഞ്ഞേനെയല്ലൊ” എന്നുപറഞ്ഞു. എന്നാലും ചിലക്കിതുകണ്ടു് മനസ്സിളകിയതിനാൽ പടിപ്പുരയിലേക്കു പോകുവാൻ പറഞ്ഞതല്ലാതെ അമ്മയെ ആരും തൊട്ടില്ല. എന്നാൽ മാതാവു് പടിക്കലേക്കു് പോയപ്പോൾ അവിടെയുള്ള ഒരു കല്ലിന്മേൽ മയങ്ങി തളർന്നുവീഴുകയാൽ അവളുടെ കൂടെയുണ്ടായിരുന്നവർ ചുററുംനിന്നു സഹായിച്ചിരുന്നു.

നന്ന കഠിനം കൂടിയതരമായ ആ കല്ലിന്മേൽ മാതാവിന്റെ ഛായ പതിഞ്ഞതിനാൽ അതു് ചെറിയയാക്കോവു് ഓറശ്ലേംപുരിയിൽ മെത്രാനായിരിക്കുമ്പോൾ ബേസെസ്ഥായെന്ന ജലാശയസമീപെ പണിയിച്ച പുതിയ പള്ളിയിൽ കൊണ്ടുപോയി സ്ഥാപിച്ചു. അവർ മാതാവിനെ വീട്ടിലേക്കു് കൊണ്ടുപോയി പടിവാതിൽ അടച്ചതിനിടയിൽ സേവകർ കർത്താവിനെ എഴുന്നേല്പിച്ചു് വേറൊരു പ്രകാരത്തിൽ കുരിശു് ചുമപ്പിച്ചുതുടങ്ങി. അതായതു് കുരിശിന്റെ ഭാരം കുറപ്പാനായി അതിന്റെ കൈകൾ രണ്ടും നെടിയ തണ്ടിൽനിന്നു അഴിച്ചു് കർത്താവിനെ കെട്ടിയിരി

ക്കുന്ന കയറിന്മേൽ കെട്ടിയതിനാൽ കുറച്ചുഭാരം കുറഞ്ഞു. അവിടെ ജനങ്ങൾ കൂട്ടംകൂടിനിന്നു് ഈശോയെ അപമാനിച്ചു് ദൂഷിച്ചിരുന്നുവെങ്കിലും പുറകെ വന്നിരുന്ന കുറെ സ്ത്രീകൾമാത്രം കർത്താവിന്റെ പാടുകൾകണ്ടു് കരഞ്ഞു പ്രലപിച്ചിരുന്നു.

# അദ്ധ്യായം 32

## മൂന്നാമത്തെ വീഴ്ചയിൽ ശെമെയോൻ സഹായിക്കുന്നു.

പ്രദക്ഷിണം പുറപ്പെട്ടു് മൂന്നു തെരുവുകളുടെ അവസാനത്തിലുള്ള പട്ടണത്തിന്റെ വളവുങ്കൽ എത്തിയപ്പോൾ ഈശോ അതിന്റെ നടുവിലുള്ള ഒരു വലിയ കല്ലിന്മേൽതട്ടി വീണതിനാൽ കുരിശു തെറിച്ചുപോകയും വീണ്ടും എഴുന്നേല്പാൻ അവിടുത്തേക്കു് അശേഷം ബലമില്ലാതാകയും ചെയ്തു. ദേവാലയത്തിലേക്കു പോയിരുന്ന പല യോഗ്യരും അതു കണ്ടുനിന്നു് സഹതാപത്തോടെ "അയ്യോ! ആ പാവപ്പെട്ട മനുഷ്യനെ നോക്കുവിൻ, അവൻ നിശ്ചയമായിട്ടു് മരിപ്പാറായി" എന്നു് നിലവിളിച്ചു പറഞ്ഞിരുന്നെങ്കിലും, അവിടുത്തെ ശത്രുക്കൾക്കു ഒരു



സഹതാപവും തോന്നിയില്ല. ഈശോയ്ക്കു് എഴുന്നേല്പാൻ അശേഷം മേലായ്കയാൽ അവിടെ വളരെ താമസിക്കേണ്ടിവന്നതുകൊണ്ടു് പ്രീശർ സേവകരോടു് അവന്റെ കുരിശെടുപ്പാൻ ഒരുവനെ നിങ്ങൾ നോക്കാഞ്ഞാൽ വിധി നടത്തേണ്ട സ്ഥലത്തേക്കു് ജീവനോടെ അവനെത്തുകയില്ലെന്നു് പറഞ്ഞു.

ഈ സമയം അജ്ഞാനിയായിരുന്ന കെവ്രീനാക്കാരൻ ശെമെയോൻ അവന്റെ മൂന്നു മക്കളൊന്നിച്ചു് അതിലെ കടപ്പാനിടയായി. തോട്ടക്കാരനായ അവൻ കിഴക്കെ കോട്ടക്കരികെ ഒരു തോട്ടത്തിൽ വേല എടുത്തിട്ടു്, വെട്ടിയ കൊമ്പുകളുടെ ഒരു ചുമടും കൊണ്ടു് വീട്ടിലേ[illegible]. അവന്റെ വസ്ത്രധാ

രണരീതികണ്ടു് അവൻ ഒരു അജ്ഞാനിയാണെന്നു് സേവകർ അറിഞ്ഞു്, അവനെ പിടിച്ചു കുരിശു ചുമക്കുവാൻ ഈശോയെ സഹായിപ്പാൻ നിർബ്ബന്ധിച്ചു. എന്നാൽ തുടക്കത്തിൽ അവൻ, കുട്ടികൾ ഭയപ്പെട്ടു് നിലവിളിക്കയാൽ അതിനു് വിരോധിച്ചെങ്കിലും ചില ദയാലുക്കളായ സ്ത്രീകൾ ആ കുട്ടികളെ കൊണ്ടുപോയി സൂക്ഷിക്കയാൽ അവൻ സമ്മതിച്ചു. എന്നാലും ശെമഓൻ ഇതിനാൽ വളരെ മുഷിഞ്ഞു് ഈ പ്രലാപകരസ്ഥിതിയിൽ ഈ വികൃതവേഷം അണിഞ്ഞിരിക്കുന്ന മനുഷ്യനോടുകൂടെ നടക്കുവാൻ തീരെ ലജ്ജിച്ചിരുന്നെങ്കിലും, കർത്താവു് കരഞ്ഞുകൊണ്ടു് സാധുത്വംനിറഞ്ഞ സ്വർഗ്ഗീയദൃഷ്ടിയാൽ, അവനെ ഒന്നു് നോക്കുകകൊണ്ടു്, അവൻ മനസ്സിളകി സമ്മതിച്ചതുമെന്യേ കർത്താവിനെ ദയയോടെ താങ്ങി എഴുന്നേല്പിക്കയും ചെയ്തു.

അപ്പോൾ സേവകർ കുരിശിൻെറ ഒരററം അവൻെറ തോളിൽവെച്ചു്, അവനെ പുറകെ നടത്തിയതിനാൽ ഭാരം വളരെ കുറയുകയും, ഇങ്ങനെയെല്ലാം ക്രമപ്പെടുത്തിക്കൊണ്ടു് പ്രദക്ഷിണം വീണ്ടും പുറപ്പെടുകയും ചെയ്തു.

ശെമഓൻ കാഴ്ചക്കു് 40-വയസ്സുള്ള ഒരു തടിച്ച പ്രകൃതിക്കാരനും അവൻെറ കുട്ടികൾ ബാലചട്ടകൾ ധരിച്ചിരുന്നവരുമായിരുന്നു. ഇവരിൽ റൂഫൂസു് എന്നും അലക്സാന്തർ എന്നും പേരായ മൂത്തവർ രണ്ടുപേരും പിന്നീടു് കർത്താവിൻെറ ശിഷ്യഗണത്തിൽ ചേൎന്നു. മൂന്നാമത്തവൻ നന്നാ കുട്ടിയാകയാൽ കുറെ കഴിഞ്ഞിട്ടു് വിശുദ്ധ എസ്തപ്പാനോസിൻെറ ഒരു ശിഷ്യനായി. ശെമഓനൊ എന്നാൽ, ഈശോയുടെ പുറകെ കുരിശുചുമന്ന ക്ഷണത്തിൽ വരപ്രസാദത്താൽ പൂരിതനായി ഒരു സുകൃതജീവിതം നയിക്കയും ചെയ്തു.

# അദ്ധ്യായം 33

## വെറോനിക്ക തിരുമുഖം തുടക്കുന്നു.

പ്രദക്ഷിണം ഒരു നീണ്ട തെരുവിൽക്കൂടെ കടന്നപ്പോൾ ഉണ്ടായ ഒരു സംഭവം ശെമഓൻെറ മനസ്സിനെ നന്നാ ഇളക്കിക്കളഞ്ഞു. എന്തെന്നാൽ യോഗ്യരായ വളരെ ജനങ്ങൾ പള്ളിയി

ലേക്കു് ബദ്ധപ്പെട്ടു് പോകുമ്പോൾ, ഈശോയെ കണ്ടു് ആ പ്രീശക്കൂട്ടത്തെ തീണ്ടൽ ഭയപ്പെട്ടു് പലരും വഴി മാറിപ്പോയിരുന്നെങ്കിലും, ചിലർ മറിച്ചു്, കർത്താവിനെ കണ്ടുനിന്നു് അവിടുത്തെ പാടുകളിന്മേൽ മനസ്സലിവോടെ സഹതപിച്ചിരുന്നു. എന്നാൽ ശെമഓൻ കർത്താവിനെ സഹായിച്ചുതുടങ്ങിയ സ്ഥലത്തുനിന്നു് ഇരുനൂറടി പോയപ്പോൾ ഇടത്തുവശത്തുള്ള ഒരു അലംകൃതഭവനത്തിൻെറ വാതിൽ തുറന്നു്, പ്രാഭവമേറിയ ഒരു മഹിളാമണി ഒരു പെൺകുട്ടിയുടെ കൈക്കുപിടിച്ചുകൊണ്ടു് പുറത്തുവന്നു് പ്രദക്ഷിണത്തിലേക്കു് നടന്നു.

ഈ സ്ത്രീ ഗാഗുൽത്തായിലേക്കുള്ള കർത്താവിൻെറ പ്രലാപകരപ്രയാണത്തിൽ അദ്ദേഹത്തെ ആശ്വസിപ്പിക്കുന്നതിനായി കുറെ സുഗന്ധമുള്ള നല്ല വീഞ്ഞും കൈകളിലെടുത്തുകൊണ്ടു് വീട്ടിൽ കാത്തിരിക്കുകയായിരുന്നു. എന്നാൽ ഞാൻ അവളെ കണ്ടപ്പോൾ അവൾ ഒമ്പതു വയസ്സു് പ്രായമുള്ള ഒരു പെൺകുട്ടിയുടെ കൈക്കു പിടിച്ചു് ഒരു നീണ്ട തുവാല കൈകളിൽ നീട്ടിയിട്ടു് നിന്നിരുന്നു. പ്രദക്ഷിണം വന്നടുത്തപ്പോൾ ആ കുട്ടി അവളുടെ ബാലിശകരങ്ങളിൽ ഒരു വീഞ്ഞുപാത്രം മറച്ചുപിടിക്കുന്നതും പ്രദക്ഷിണത്തിൽ മുൻവന്നിരുന്നവർ അവരെ പുറകോട്ടാക്കുവാൻ ശ്രമിക്കുന്നതും ഞാൻ കണ്ടു. എന്നാൽ ഒടുവിൽ ഈശോ നേരെ വന്നപ്പോൾ



വെറോനിയ്ക്ക തിരുമുഖം തുടയ്ക്കുന്നു.

ആ സ്ത്രീ പുരുഷാരത്തിൻെറയും പടയാളികളുടെയും മദ്ധ്യേ തുനിവോടെ ചെന്നു് കർത്താവിനരികെ മുട്ടുകുത്തി എൻെറ കർത്താവിൻെറ തിരുമുഖം ഒന്നു് തുടപ്പാനനുവദിക്കണമെ” എന്നു് പറഞ്ഞുകൊണ്ടു് ആ തുവാല അദ്ദേഹത്തിനു് നീട്ടിക്കാണിച്ചു.

അപ്പോൾ ഈശോ ഇടത്തുകൈകൊണ്ടു് അതു് വാങ്ങി രക്തമൊഴുകുന്ന തൻെറ തിരുമുഖം തുടച്ചുകൊണ്ടു് നന്ദിയോടെ തിരികെ കൊടുക്കവെ, അവൾ അതു് വാങ്ങി മുത്തികൊണ്ടു് അവളുടെ ഉടുപ്പിനുള്ളിൽ വെച്ചുടൻ, ആ പെൺകുട്ടി ഭയത്തോടെ വീഞ്ഞും അദ്ദേഹത്തിനു് നീട്ടിക്കാണിച്ചെങ്കിലും ആ ക്രൂരസേവകർ അതു്

കുടിപ്പാൻ സമ്മതിച്ചില്ല. പെട്ടെന്നുള്ള അവളുടെ ഈ തുനിവു നിമിത്തം സേവകർ അതിശയിച്ചെങ്കിലും ക്ഷണനേരത്തേക്കുണ്ടായ ആ താമസത്തിനിടയിൽ അവളുടെ ദിവ്യഗുരുവിൻെറ പക്കൽ ഈ വണക്കകൃത്യം അവരം നിറവേററി. എന്നാൽ ഇങ്ങനെ താമസിച്ചതും കർത്താവിൻെറ നേരെ ഇത്ര വണക്കം പ്രസിദ്ധമായി കാണിച്ചതുംനിമിത്തം, സേവകരും, പ്രീശരും അത്യന്തം കോപിച്ചു; ആ സ്ത്രീ എഴുന്നേററു് വീട്ടിൽപോയപ്പോരം, അവർ ഈശോയെ ശാസിച്ചു് അടിക്കയും മററും ചെയ്തിരുന്നു.

ഈ പ്രക്ഷുബ്ധ പുരുഷാരമദ്ധ്യേ വന്നു് കർത്താവിനെ ആശ്വസിപ്പിക്കുന്നതിനു തുനിഞ്ഞ ഈ ധീരവതി സംഘസഖിയായ സിരാകിൻെറ ഭാര്യയായ സെറാഫിയ ആയിരുന്നു. അവരം പിന്നീടു് തൻെറ ഈ പരാക്രമപ്രവൃത്തി ജ്ഞാപകപ്പെടുത്തുന്നതിനായി "സൂക്ഷപ്രതിമ" എന്നർത്ഥമായ വെറോനിക്കായെന്നു് പേർ വിളിക്കപ്പെട്ടു.

അവരം വീട്ടിലെത്തിയ ക്ഷണത്തിൽ ആ തൂവാല മേശമേൽ വെച്ച ഉടനെ, മയങ്ങി വീണുപോയി. എന്നാൽ അല്പം കഴിഞ്ഞപ്പോരം ഒരു സ്നേഹിതൻവന്നു് അവരം ഇങ്ങനെ മുട്ടിന്മേൽ വീണു കിടക്കുന്നതും ആ പെൺകുട്ടി കരഞ്ഞുകൊണ്ടു് അരികെ നില്ക്കുന്നതും ആ തൂവാലയിൽ കർത്താവിൻെറ രക്തമൊലിക്കുന്ന പ്രലാപകരമുഖം സൂക്ഷ്മമായി പതിഞ്ഞിരിക്കുന്നതും കണ്ടു് അത്യന്തം ആശ്ചര്യപ്പെട്ടു. എന്തെന്നാൽ അതു് കണ്ടാൽ ഹൃദയം തകരത്തക്ക ദുഃഖഭാവമുള്ള സൂക്ഷ്മപ്രതിമയായിരുന്നു. അവൻ വെറോനിക്കായുടെ മയക്കം തെളിയിച്ചു്, അതു അവരംക്കു കാണിച്ചപ്പോരം അവരം പിന്നേയും കണ്ണുനീരോടെ മുട്ടുകുത്തി "അദ്ദേഹം തൻെറ ഒരു നിത്യജ്ഞാപകം എനിക്കു് തന്നിരിക്കയാൽ, ഇപ്പോരം ഞാൻ അദ്ദേഹത്തെപ്രതി സകലവും നന്മനസ്സോടെ ഉപേക്ഷിച്ചിരിക്കുന്നു" എന്നു നിലവിളിച്ചു. എന്നാൽ ആ തൂവാല വിശേഷതരം വക്കുനൂലുകൊണ്ടു് നെയ്തതും വീതിയിൽ മൂന്നിരട്ടി നീളമുള്ളതുമായിരുന്നു. ഈവക തൂവാല സാധാരണ യൂദർ തോളിലിട്ടു് ഞെരുക്കം, പീഡ, രോഗം മുതലായതിൽ ഉരംപ്പെട്ടിരിക്കുന്നവരുടെനേരെയുള്ള അലിവും സഹതാപവും സൂചിപ്പിക്കുന്നതിനായി മുഖം തുടയ്ക്കുന്നതിനു് നൽകുമാറായിരുന്നു.

വെറോനിക്കാ മരണംവരെ അതു് അവളുടെ ശയനമുറി

യിൽ ഭദ്രമായി സൂക്ഷിക്കയും, പിന്നീട് അതു മാതാവിനും, മാതാവ് ശ്ലീഹന്മാർക്കും, അവർ തിരുസ്സഭയ്ക്കും നൽകുകയുംചെയ്തു. വെറോനിക്കായുടെ അപ്പനും സ്കറിയായും സഹോദരർ ആകയാൽ അവളും സ്നാപകയോഹന്നാനും ഭ്രാതാപുത്രരായി പരിശുദ്ധ മാതാവിനോടു സംബന്ധം ഉണ്ടായിരുന്നതുനിമിത്തം അന്നായമ്മയും യൊവാക്കിംബാവായും, മകളെ കന്യകാഗണത്തിൽ ഏല്പിപ്പാനായി പോയ സമയം സ്കറിയായുടെ ഭവനത്തിലാണ് താമസിച്ചതു്. ഇവൾ മാർ യൌസേപ്പിനോടുള്ള മാതാവിൻെറ വിവാഹത്തിൽ കൂടെ ഉണ്ടായിരുന്നു. എന്നു മാത്രമല്ല, ശെമഓൻബാവായോടും ഇവൾക്ക് സംബന്ധമുണ്ടായിരുന്നതിനാൽ ചെറുപ്പത്തിൽ അയാളുടെ മക്കളൊരുമിച്ച് വളന്നിരുന്നതുകൂടാതെ ഇരുവരും കത്താവിൻെറ വരവ് കാണ്മാനാഗ്രഹിച്ചിരുന്നു. കത്താവ് പന്ത്രണ്ടുവയസ്സു പ്രായത്തിൽ ദേവാലയത്തിൽ തങ്ങിച്ച് മൂന്നു ദിവസം താമസിച്ചപ്പോൾ തക്കംനിറുത്തി വിശ്രമത്തിനു പോയ ഒരു സത്രത്തിലേക്ക് ദിനംതോറും ഭക്ഷണം കൊടുത്തയച്ചിരുന്നതു് ഇവളായിരുന്നു. ഇവൾ അന്നു് വിവാഹം കഴിച്ചിട്ടില്ലായിരുന്നെങ്കിലും മാതാവിനേക്കാൾ അഞ്ചുവയസ്സ് മൂത്തവൾ ആയിരുന്നു.

മാതാവ് ഉണ്ണിയെ കാഴ്ചവെപ്പാൻ പോയപ്പോൾ പ്രസ്തുത സത്രം സൂക്ഷിച്ചിരുന്ന രണ്ടു് വയസ്സന്മാർ എസ്സേനിയരും തിരുക്കുടുംബത്തോടു് താല്പര്യമുള്ളവരുമായിരുന്നതിനാൽ മാതാവ് രണ്ടുദിവസം അതിൽ പാത്തുവെന്നു് മാത്രമല്ല, അതിൽ ദരിദ്രർക്കായുള്ള ഒരു വകുപ്പിൽ കത്താവും ശിഷ്യരും പലപ്പോഴും രാത്രി കഴിച്ചിട്ടുമുണ്ടു്. വെറോനിക്കാ നന്നാ പ്രായമായിട്ടാണു് വിവാഹം കഴിച്ചതെങ്കിലും അവളുടെ ഭത്താവ് സിരാക്, വിരക്തയായ സൂസന്നായുടെ വംശപതിയും സെൻഹെദ്രീൻസംഘത്തിൽ ഒരു അംഗവുമായിരുന്നു. ഇയാൾ ആദ്യം കത്താവിൻെറ വിരോധി ആയിരുന്നതിനാൽ വെറോനിക്കാ കത്താവിനോടും ആ പുണ്യസ്ത്രീകളോടും പ്രദശിപ്പിച്ച സ്നേഹംനിമിത്തം അയാൾക്ക് നീരസം തോന്നിയിരുന്നുവെങ്കിലും പിന്നീടു് നിക്കാദെമ്മോസും റാംസയൌസേപ്പും അയാളെ പറഞ്ഞു് മനസ്സുതിരിപ്പിക്കയാൽ കത്താവിനോടു് അടുത്തു് പെരുമാറുന്നതിനു് അയാൾ ഭാര്യക്ക് പൂണ്ണാനുമതി നൽകി.

കയ്യാപ്പായുടെ കച്ചേരിയിൽവെച്ച് കത്താവിനെ ആദരിച്ച

കൂട്ടത്തിൽ ഇയാറംകൂടെ ഉണ്ടായിരുന്നു എന്നു മാത്രമല്ല, അവർ മൂന്നുപേരും അന്നു മുതൽ സംഘമുപേക്ഷിച്ച് അദ്ദേഹത്തിൻെറ ശിക്ഷഗണത്തിൽകൂടി. കർത്താവ് സാഡംബരം ഓശാന ഞായറാഴ്ച ഓറശ്ലംപുരിയിൽ പോയപ്പോറം അവളുടെ ഈ തുവാല അദ്ദേഹം പോകുന്ന വഴിയിൽ അവറം വിരിക്കുന്നതു് ഞാൻ കണ്ടു. ആ തുവാലതന്നെയാണ് അവറം രണ്ടാമത്തെ പ്രദക്ഷിണത്തിലും അദ്ദേഹത്തിനു് സമപ്പിച്ചതു്. ഈ രണ്ടാം പ്രദക്ഷിണം പുറമെ മഹാ ഹീനമായതായാലും യഥാർത്ഥത്തിൽ മറേറതിനേക്കാറം വിജയശ്രീലാളിതമായിരുന്നു. എന്നാൽ ആ പ്രസിദ്ധനാമധേയം അവറംക്ക് പ്രാപിച്ചുകൊടുത്ത ഈ തുവാല ഇന്നും ക്രൈസ്തവരുടെ വണക്കത്തിനായി റോമായിൽ സൂക്ഷിക്കപ്പെട്ടു് ചില ദിവസങ്ങളിൽ പരസ്യമായി പ്രദർശിപ്പിക്കുന്നു.

# അദ്ധ്യായം 34

## ഈശോ നാലാമതും അഞ്ചാമതും വീണതും ഓറശ്ലം സ്ത്രീകളെ ആശ്വസിപ്പിച്ചതും.

പ്രദക്ഷിണം കടന്നുപോകേണ്ടിയ തെക്കുപടിഞ്ഞാറെ കോട്ടവാതിൽ വിസ്താരമുള്ളതായിരുന്നുവെങ്കിലും അതിലേക്കു് പോകുന്ന തെരുവു് നന്നാ നിരപ്പില്ലാത്തതും ഇറക്കമുള്ളതുമായിരുന്നതുകൂടാതെ, അതിൽ എത്തുന്നതിനുമുമ്പ് രണ്ടു് വളവുകളും ഒരു പാലവും കടന്നുപോകേണ്ടിയിരുന്നു. കോട്ടവാതിൽക്കൽ വന്നപ്പോറം സേവകർ അതിനരികെ ഉണ്ടായിരുന്ന ചെളിവെള്ളത്തിലേക്കു് ഈശോയെ ഉന്തുന്നതിനെ ശെമഓൻ കണ്ടു് അതിൽ നിന്നു് അദ്ദേഹത്തെ അകററുന്നതിനായി കുരിശു് ഒന്നു് തിരിക്കയാൽ കർത്താവു് നാലാമതു് ആ വൃത്തിഹീനമായ മണ്ണിൽ വീഴാനിടയായി. ശെമഓൻ നന്നാ പ്രയാസത്തോടെ ആ സ്ലീവാ നിവർത്തിക്കൊണ്ടുവരുന്നതിനിടയിൽ കർത്താവു് തെളിവുള്ളതെങ്കിലും വ്യസനം സൂചിപ്പിക്കുന്നതും മനസ്സിളകുന്നതുമായ സ്വരത്തിൽ നിലവിളിച്ചതായതു്; "ഓറശ്ലമേ, ഓറശ്ലമേ, കോഴിപ്പിട അതിൻെറ കുഞ്ഞുങ്ങളെ ചിറകിൻകീഴ് കൂട്ടുംവണ്ണം നിൻെറ മക്കളെ കൂട്ടുവാൻ എത്രയൊ പ്രാവശ്യം ഞാൻ ശ്രമിച്ചു, എ

ന്നാൽ നീ അതു് സമ്മതിച്ചില്ല.”

എന്നാൽ പ്രീശർ ഇതു കേട്ടപ്പോൾ കോപവെറി പിടിച്ചു് ദൂഷിക്കയും അദ്ദേഹത്തെ അടിച്ചുകൊണ്ടു് എഴുന്നേല്പാൻ നിർബന്ധിക്കയും ചെയ്തിരുന്നതിനാൽ ശെമഓൻ ആ ക്രൂരതകണ്ടു് ക്രോധിച്ചു്, നിങ്ങൾ ഇങ്ങനെ ചെയ്താൽ—പക്ഷെ നിങ്ങൾ എന്നെ കൊന്നാലുംശരി—ഞാൻ കുരിശു ഇവിടെ ഇട്ടുകളയുമെന്നു് നിലവിളിച്ചു. അത്ര കഠിനമായിരുന്നു അവരുടെ ക്രൂരത. ആ കോട്ടവാതിൽ കടക്കുമ്പോൾ വടക്കുവശെ ഗാഗുൽത്തായ്ക്കു് പോകുന്ന കല്ലു നിറഞ്ഞ ഒരു ഇടുക്കുവഴി ഉണ്ടായിരുന്നതുകൂടാതെ, ആ പാത അവിടെവെച്ചു് മൂന്നായി തിരിഞ്ഞു. അതിൽ ഒന്നു് ബെത്ലഹമിലേക്കും രണ്ടാമത്തേതു് അമ്മാവോസിലേക്കും ജോപ്പെയിലേക്കും മൂന്നാമത്തേതു് ഗാഗുൽത്തായിലേക്കും പോയിരുന്നു.

ഈ ഒടുവിലത്തെ വഴിയിൽ ഉണ്ടായിരുന്ന ഒരു ഉയർന്ന സ്തംഭത്തിന്മേൽ ഈശോയും രണ്ടുകള്ളന്മാരും കൊലയ്ക്കു വിധിക്കപ്പെട്ടിരിക്കുന്നു എന്ന വാക്യങ്ങൾ ഉദ്യോഗസ്ഥന്മാർ എഴുതിപ്പതിച്ചു. ഈ സ്ഥലത്തുവെച്ചു് ഒരു ഗണം സ്ത്രീകൾ കുഞ്ഞുങ്ങളെ കൈകളിൽ എടുത്തു് കരഞ്ഞു പ്രലപിച്ചുകൊണ്ടു്, കൂട്ടമായി കത്താവിന്റെ പക്കൽ വന്നു. അവരിൽ അധികഭാഗവും ഓറശ്ലേം പുരിയിൽനിന്നുള്ള സ്ത്രീകളും ബാലികകളുമായിരുന്നെങ്കിലും, ചിലർ ബെത്ലഹം, എബ്രോൻമുതലായ സമീപസ്ഥലങ്ങളിൽനിന്നു് പെസഹായ്ക്കു വന്നവരുമായിരുന്നു. ഈശോ വീണ്ടും വീഴുവാൻ പോകുന്നതു് ശെമഓൻ കണ്ടു്, ക്ഷണം അദ്ദേഹത്തെ താങ്ങിയതുകൊണ്ടു്




ന. കത്താവു് ഓറശ്ലേം സ്ത്രീകളെ ആശ്വസിപ്പിക്കുന്നു

അയാളുടെമേൽ അദ്ദേഹം ചാരിയതിനാൽ വീണില്ല. അപ്പോൾ ആ സ്ത്രീജനങ്ങൾ കത്താവിന്റെ ഈ ദയനീയസ്ഥിതികണ്ടു് മനസ്സിളകി പ്രലപിച്ചു കരഞ്ഞു നിലവിളിക്കയും, യൂദമുറ അനുസരിച്ചു് മുഖം തുടയ്ക്കുന്നതിന്നു് തുവാലകൾ അദ്ദേഹത്തിനു് അവർ നീട്ടിക്കൊടുക്കയും ചെയ്തു.

അപ്പോൾ കർത്താവു് അവരിലേക്കു് തിരിഞ്ഞു് അരുളിച്ചെയ്തതായതു്: "ഓറശ്ലേംപുത്രിമാരേ, നിങ്ങൾ എന്നെപ്രതി കരയേണ്ട; പിന്നെയോ നിങ്ങളേയും നിങ്ങളുടെ കുട്ടികളേയുംപ്രതി കരഞ്ഞുകൊൾവിൻ, എന്തെന്നാൽ മച്ചികൾക്കും ഗർഭംധരിക്കാത്ത ഉദരങ്ങൾക്കും കുടിപ്പിക്കാത്ത മുലകൾക്കും ഭാഗ്യം എന്നവർ പറയുന്ന ദിവസങ്ങൾ ഇതാ വരുന്നു. അപ്പോൾ അവർ മലകളെ ഞങ്ങളുടെമേൽ വീഴുവിൻ, കുന്നുകളെ ഞങ്ങളെ മൂടുവിൻ എന്നു പറഞ്ഞുതുടങ്ങും; എന്തെന്നാൽ പച്ചമരത്തോടു് അവർ ഇവ പ്രവർത്തിക്കുന്നെങ്കിൽ ഉണക്കമരത്തോടു് എന്തുചെയ്യപ്പെടും." പിന്നീടു് അദ്ദേഹം അവരെ ആശ്വസിപ്പിക്കുന്ന ചില വാക്യങ്ങളും പറഞ്ഞു. പ്രദക്ഷിണം അല്പം അവിടെ താമസിച്ചു. സാമാനങ്ങൾകൊണ്ടു് മുൻപോയവരും പീലാത്തോസിനോടുകൂടെ പുറപ്പെട്ട നൂറു റോമാസേവകരും ഗാഗുൽത്തായിലെത്തി; അവനോയെന്നാൽ കോട്ടവാതിൽവരെ പ്രദക്ഷിണമൊന്നിച്ചു് പോയിട്ടു് വീട്ടിലേക്കു് മടങ്ങിപ്പോയി.

# അദ്ധ്യായം 35

## ഈശോ ഗാഗുൽത്തായിൽ എത്തുന്നു.

## 6-ാമതും 7-ാമതും നിലത്തു വീഴുന്നു.

ഗാഗുൽത്തായ്ക്കും കോട്ടയ്ക്കും മദ്ധ്യേയുള്ള വഴി തീരെ നിരപ്പില്ലാത്തതും കടുംതൂക്കമായതുമാകയാൽ കർത്താവിനു് തന്റെ തോളിലെ ആ ഘനമുള്ള ഭാരത്തോടെ നടപ്പാൻ മഹാ പ്രയാസമായിരുന്നു, എങ്കിലും അദ്ദേഹത്തിന്റെ ശത്രുക്കൾക്കു് ഒരലിവും ഇല്ലാത്ത അദ്ദേഹത്തെ വേഗം നടപ്പാൻ നിർബന്ധിച്ചിരുന്നതിനാൽ ടുക്കം പെട്ടെന്നു് തെക്കോട്ടു തിരിയുന്ന ഒരു സ്ഥലത്തു് വന്നപ്പോൾ ആറാമതും നിലത്തു വീണുപോയി. ഈ വീഴ്ച ബഹുഘോരമായിരുന്നെങ്കിലും അദ്ദേഹത്തെ എഴുന്നേല്പിക്കുന്നതിനായി വർ അടിച്ചതല്ലാതെ ഒരു സഹായംപോലും ചെയ്തില്ല. എന്നു ന്നെയുമല്ല അദ്ദേഹത്തെ അടിച്ചുകൊണ്ടു് പിന്നേയും വേഗം ടത്തിയതിനാൽ ഗാഗുൽത്തായിൽ എത്തിയപ്പോൾ 7-ാമതായി

വീണ്ടും വീണു. എന്നാൽ ശെമഓനു് ഇവ എല്ലാം കണ്ടു് ഇഷ്ടക്കേടും കർത്താവിൻെറ നേരെ സഹതാപവും നിറയുകയാൽ മലയുടെ ഉച്ചിയിൽ എത്തിയിട്ടും അയാളുടെ ക്ഷീണം വകവെയ്ക്കാതെ കത്താവിനെ സഹായിപ്പാനായി ഒരുങ്ങി നിന്നിരുന്നു. അദ്ദേഹത്തിൻെറ ശത്രുക്കൾ ആദ്യം



അതിന്മേൽ നീരസം കാണിച്ചതുകൂടാതെ ഒടുവിൽ അയാളെ ആട്ടിഓടിക്കുകയാൽ അയാൾ വേഗംപോയി കത്താവിൻെറ ശിഷ്യഗണത്തിൽ ചേരുകയും ചെയ്തു.

ആ ബാധകർ പിന്നീടു് സാമാനം കൊണ്ടുവന്നവരെ ഒക്കെയും നിർബന്ധിച്ചു് പറഞ്ഞയച്ചപ്പോഴെയ്ക്കു് കുതിരക്കാർ പ്രീശർ വന്നെത്തുകയുംചെയ്തു. ഗാഗുൽത്താമലപ്പുറത്തു് നിന്നാൽ പട്ടണം മുഴുവൻ നല്ലവണ്ണം കാണാമായിരുന്നു. മാത്രവുമല്ല ഈ മലയുടെ ഉച്ചിയിൽ വൃത്താകൃതിയിൽ ചുററും ചെറിയ ചുമരും അഞ്ചു് തുറവികളുമുള്ള ഒരു കോട്ടപോലെ ഒരു എടുപ്പും ഉണ്ടായിരുന്നു. എന്നാൽ ഈ അഞ്ചു് എന്ന സംഖ്യ ഇവിടങ്ങളിൽ സാധാരണ നടപ്പായിരിക്കണം. എന്തെന്നാൽ ബേസെസ്ദായെന്ന ജലാശയത്തിനു് അഞ്ചു വഴികളും മററു പല പട്ടണങ്ങൾക്കു് അഞ്ചു കോട്ടവാതിലുകളുമുണ്ടായിരുന്നു. എന്നുമാത്രമല്ല വിശുദ്ധഭൂമിയിലെ പല സംഗതികളും വിചാരിക്കുമ്പോൾ അവ സ്വർഗ്ഗവാതിലിനെ നമുക്കു് തുറക്കുന്ന നമ്മുടെ കത്താവിൻെറ അഞ്ചു തിരുമുറിവുകളെ ലക്ഷീകരിക്കുന്ന ദീഘദശന സാരാത്ഥങ്ങളാണെന്നു് സംശയമെന്നിയെ കരുതാം. മേല്പറഞ്ഞ കുതിരക്കാർ ചായ്വു്കുറഞ്ഞ പടിഞ്ഞാററുവശത്തുകൂടിയാണു് വന്നതു്. എന്നാൽ കുററക്കാരെ കൊണ്ടുവന്നവശം കുടുംതുക്കമുള്ളതും നിരപ്പില്ലാത്തതുമായിരുന്നു.

നൂററു പടയാളികളെ മലമേൽ പല സ്ഥലത്തു് കാവൽനിറുത്തിയെങ്കിലും സ്ഥലചുരുക്കംനിമിത്തം മോഷ്ടാക്കൾ കയറിവരാതെ അവരുടെമേൽ വെച്ചുകെട്ടിയിരുന്ന ആ കുരിശിൻെറ വിലങ്ങുകളോടെ നിലത്തു് കിടപ്പാൻ സേവകർ പറഞ്ഞു; പടയാ

ളികാം അവർക്കു ചുററം കാവൽ നിന്നിരുന്നു. അപ്പോഠം അന്യരായ ചില താണ അടിമകഠം, സ്ത്രീകഠം മുതലായ അനവധി ജനങ്ങഠം തീണ്ടലും മററം പ്രമാണിക്കാതെ അവിടവിടെ കയറിനിന്നിരുന്നു. എന്നാൽ കർത്താവു കുരിശിൽ തൂങ്ങേണ്ടിയ ആ സ്ഥലത്തു താൻ വീണപ്പോഠം പതിനൊന്നേമുക്കാൽ മണി ആയിരുന്നു. പിന്നീടു ഇരുമ്പിനേക്കാഠം കഠിനഹൃദയമുള്ളവരായ ആ മൃഗസ്വഭാവികഠം കുരിശു നിലത്തിട്ടു അതിൻെറ കൈകഠം ഒരുവിധം വെച്ചുകെട്ടിയശേഷം കർത്താവിൻെറനേരെ ലേശംപോലും കരുണയില്ലാതെ കൊടുംക്രൂരതയോടെ "അതിവല്ലഭനായ മഹാരാജാവേ! നിൻെറ സിംഹാസനം ഇപ്പോഠം ഞങ്ങഠം തയ്യാറാക്കാം" എന്നു പറഞ്ഞു അദ്ദേഹത്തിൻെറ അരയിലെ കയറു പിടിച്ചു വലിച്ചുകൊണ്ടുവന്നു തുളയ്ക്കു അടയാളം കുറിക്കുന്നതിനായി അദ്ദേഹത്തെ കുരിശിന്മേൽ തള്ളിയിട്ടു.

അത്യന്തം ക്ഷീണിച്ചു കുനിഞ്ഞും തൻെറ സ്വർഗ്ഗീയതിരുമുഖം മരണപ്രമാദത്താൽ വിളറിയും മുറിവുകളാലും രക്തത്താലും ഭാഷപകന്നു വിരൂപമായും ഇരിക്കുന്ന കർത്താവിനെ അപ്പോഠം കണ്ടാൽ ഹൃദയം പിളൎന്നുപോകത്തക്ക പരിതാപകരകാഴ്ചതന്നെ ആയിരുന്നു. എന്നാൽ അവിടുന്നു അളവററ ശാന്തതയോടെ വന്നു കുരിശിൽ കിടക്കവെ ആ ക്രൂരജന്തുക്കഠം തുളക്കു അടയാളം കുറിച്ചിരുന്നപ്പോഠംകൂടേയും പ്രീശർ അദ്ദേഹത്തെ ദുഷിച്ചിരുന്നു. അളവു കുറിച്ചശേഷം പണ്ടു അവിടെ പാറയിൽ വെട്ടിക്കുഴിച്ചുണ്ടാക്കിയിട്ടുള്ള ഒരു ഗുഹയിൽ കർത്താവിനെ കൊണ്ടുപോയി തള്ളിയിട്ടടച്ചുകളഞ്ഞു എന്നു മാത്രമല്ല ഉന്നതത്തിൽനിന്നു അദ്ദേഹത്തിൻെറ അസ്ഥികഠം മുറിയാതെ കാത്തിരുന്നില്ലെങ്കിൽ സകല അവയവങ്ങളും നുറുങ്ങത്തക്ക ക്രൂരതയോടെ അത്രെ അദ്ദേഹത്തോടു അവർ പ്രവൎത്തിച്ചിരുന്നതു. ഈശോയുടെ വ്യസനകരഞരക്കങ്ങഠം കേട്ടിരുന്നെങ്കിലും അവർ ഒന്നും വകവെയ്ക്കാതെ അതിൻെറ വാതുക്കൽ കാവൽ നിറുത്തിക്കൊണ്ടു കുരിശിൽ തറപ്പാനുള്ള ഒരുക്കങ്ങഠം തുടങ്ങി.

ഗാഗുൽത്താമലയുടെ മേൽനിരപ്പിൻെറ മദ്ധ്യഭാഗം വൃത്താകൃതിയിൽ രണ്ടടി പൊക്കമുള്ളതായിരുന്നതിനാൽ ആ കുന്നിൻെറ നടുവിൽ മൂന്നു കുരിശുകഠംക്കുള്ള കുഴികഠം സേവകർ തയ്യാറാക്കി, രണ്ടു കള്ളന്മാർക്കുള്ള കുരിശുകഠം കർത്താവിൻേറതിനു ഇടവും വലവുമായി നാട്ടി. എന്നാൽ അവ കർത്താവിൻെറ കുരി

ശിലും ഉയരം കുറഞ്ഞതും ഭാഷയില്ലാത്തതുമായിരുന്നു. അതിൻെറ ശേഷം അവർ കത്താവിൻെറ കുരിശിനെ അതു് സ്ഥാപിപ്പാൻ നിശ്ചയിച്ച സ്ഥലത്തേക്കു് കൊണ്ടുവന്നു് എളുപ്പത്തിൽ കുഴിയിലേക്കു് വീഴത്തക്ക സ്ഥിതിയിൽ വച്ചു് അതിൻെറ ഇരു കൈകളും നെടിയ തണ്ടോടു് ചേൎത്തു വരിഞ്ഞുകെട്ടി. അടിയിൽ പാദതാങ്ങിയുംവെച്ചു്, ആണികൾ തറച്ചുറപ്പിച്ചു. പിന്നീടു് കരപാദങ്ങളിലെ ആണിത്തുളകളും തുളച്ചു്, കുരിശിനെ നിവൎത്തി വലിച്ചു് കെട്ടുന്നതിനായി ചില കുററികൾ, കമ്പങ്ങൾ മുതലായതും നിലത്തു തറച്ചു് തയ്യാറാക്കുകയും ചെയ്തു.

# അദ്ധ്യായം 36

## ദൈവജനനി ഗാഗുൽത്തായ്ക്കു് വന്നതു്.

പരിശുദ്ധകന്യക അവളുടെ തിരുക്കുമാരൻ കുരിശു ചുമന്നുകൊണ്ടു് പോകുന്നതുകണ്ടു് പിരിഞ്ഞശേഷം പുത്രനെ ഒന്നുകൂടെ കാണ്മാൻ അത്യാശയായി പട്ടണവാതിലിനു് സമീപമുള്ള ലാസറിൻെറ വീട്ടിൽപോയി പാൎത്തിരുന്നു. ഈ അമ്മ വ്യാകുലത്താൽ അടങ്ങിയിരിപ്പാൻ വഹിയാതെ മൎത്ത, മഗ്ദലേന മുതലായ പതിനേഴുപേരൊരുമിച്ചു് ഈ വ്യസനകര പ്രയാണത്തിൽ കൎത്താവിൻെറ ഓരോ അടി പിന്തുടൎന്നുകൊണ്ടു് സ്ലീവാപ്പാത കഴിപ്പാനായി പുറപ്പെട്ടു. പരിശുദ്ധ മറിയം കൎത്താവിൻെറ ഓരോ അടി എണ്ണി അതതുസ്ഥലത്തു് അവിടുന്നു് സഹിച്ച പ്രത്യേക ബാധകൾ ദിവ്യവരത്താൽ അറിഞ്ഞു് കൂട്ടുകാൎക്കു് അറിയിച്ചുവന്നു. ശെമഓൻബാവാ ദീൎഘദൎശനമായി അവൾക്കറിയിച്ചിരുന്ന വ്യാകുലവാൾ ഈ സമയം അവളുടെ ഹൃദയത്തെ കുത്തിപ്പിളൎന്നിരുന്നു. അപ്പോൾ തുടങ്ങി സ്ലീവാപ്പാതയെന്ന ഈ വന്ദ്യഭക്തകൃത്യം ഈ വ്യാകുല അമ്മമൂലം പാരമ്പൎയ്യമായി തിരുസ്സഭയിൽ നടപ്പായിവന്നു. ഇപ്രകാരം ന. കൎത്താവു് തൻെറ പരിശുദ്ധ മാതാവുവഴി അവളുടെ വത്സല പുത്രരായ നമ്മുടെ ഹൃദയങ്ങളിൽ ചിന്തിയിരിക്കുന്നു.

എന്നാൽ ആ ഭക്തസ്ത്രീഗണം പോകുംവഴി, വീട്ടിലേക്കു് മടങ്ങിപ്പോകുന്ന പീലാത്തോസിനു് എതിരിടുകയാൽ, അവർ

ഭയന്നു് വെറോനിക്കായുടെ വീട്ടിൽ കയറിയതിനാൽ, അവളുടെ ആശ്ചര്യകര തൂവാലയിൽ പതിഞ്ഞിരിക്കുന്ന ഈശോയുടെ പ്രലാപകര തിരുമുഖം കണ്ടു് വ്യാകുലാധികൃത്താൽ പൊട്ടിക്കരഞ്ഞു് പ്രലപിച്ചു. ഈശോ ആ വിശ്വസ്ത ശുശ്രൂഷയ്ക്കു് നൽകിയ ആ നിത്യജ്ഞാപകം നിമിത്തം അദ്ദേഹത്തിനു് സ്തോത്രം ചെയ്തതിൻെറശേഷം, വെറോനിക്കാ അദ്ദേഹത്തിനു് സമപ്പിച്ച ആ വീഞ്ഞുപാത്രവും കൈകളിലെടുത്തുകൊണ്ടു് ഗാഗുൽത്തായിലേക്കു് അവർ പുറപ്പെട്ടു. ഈശോയുടെ വണ്ണിക്കാവതല്ലാത്ത പാടുകളിന്മേൽ സഹതാപമുള്ള മററു സ്ത്രീകളും പുരുഷന്മാരുമായി പലരും, ഒരു വലിയ ഗണമായി ഇവരോടുചേന്നു് ഗാഗുൽത്തായുടെ ചായ്വു്കുറഞ്ഞ പടിഞ്ഞാറെ വശത്തുകൂടി കയറിച്ചെന്നു.

മാതാവു് അവളുടെ മരുമക്കളായ കലിയോപ്പാമറിയവും, ശാലോം മറിയവും, യോഹന്നാനും, ഒരുമിച്ചു് മലമുകളിലേക്കു തന്നെ കയറിച്ചെന്നു മത്താ, ഏലിമറിയം, വെറോനിക്കാ, യൊവാന്നാ, ചൂസാ, സുസാന്ന, മാക്കിൻെറ അമ്മ മറിയം മുതലായവർ മഗ്ദലേന ഒന്നിച്ചു് കുറെ താഴെ നിൽക്കയും അതിനും താഴെ വേറൊരുഗണം സ്ത്രീകളും നിൽക്കയും ചെയ്തിരുന്നതിനാൽ ആ മൂന്നു ഗണങ്ങൾക്കിടയിൽ ചിലർ അങ്ങോട്ടുമിങ്ങോട്ടും നടന്നു് വത്തമാനങ്ങൾ അറിയിച്ചിരുന്നു. അശ്വാരൂഢരായ പ്രീശർ ജനമദ്ധ്യേ അങ്ങുമിങ്ങും ഓടിനടക്കയും റോമാപ്പടയാളികൾ മലമുകളിലെ അഞ്ചു് തുറവികളിൽ കാവൽ നിൽക്കയും ചെയ്തിരുന്നു. എന്നാൽ മാതാവു് ഒരു അമ്മയുടെ ഹൃദയത്തിനു് സഹജമായ മഹാ വ്യസനത്തോടെ ആ ഭയങ്കരസ്ഥലത്തെ ഉററുനൂക്കിച്ചു വ്യാകുലസമുദ്രത്തിൽ മുഴുകിപ്പോയി എന്നു മാത്രവുമല്ല, ആ ഭയങ്കരകുരിശു്, ചുററികകൾ, ആണികൾ, കയറുകൾ മുതലായ ക്രൂരകരുക്കളെ കാണുകയും, മദ്ധ്യമത്തന്മാരും മൃഗസ്വഭാവികളുമായ ആ പൈശാചിക ഘാതകന്മാർ അദ്ധനഗ്നരായി ഈശോയെ ദുഷിച്ചു് പ്രാകുന്നതു് കേൾക്കുകയും ചെയ്തപ്പോൾ ഈ അമ്മയുടെ ഹൃദയം പിളന്നുപോയിരുന്നു. എന്നാൽ അവളുടെ പ്രിയകുമാരൻ ഇനിയും സഹിക്കേണ്ടിയിരിക്കുന്ന ഈ ഭയങ്കര പീഡകളെ ചിന്തിക്കയും അദ്ദേഹത്തെ അവിടെ കാണാതിരിക്കയും ചെയ്കയാൽ ഈ അമ്മയുടെ വ്യാകുലം വണ്ണിക്കാവതല്ലാത്തവിധത്തിൽ ശതഗുണീഭവിച്ചു.

ഇന്നു് കാലത്തു് കുറേശ്ശ ഉറച്ച മഞ്ഞു് വീണിരുന്നതിനാൽ

വായുമണ്ഡലം മങ്ങിയിരുന്നു; പക്ഷെ പന്ത്രണ്ടുമണിയായപ്പോഠം ഒരു മേഘപടലം സൂര്യനുനേരെ അടുത്തുവന്നു അതിനെ മൂടികളഞ്ഞു; അതു് ഇരുട്ടിൻെറ ആരംഭവുമായിരുന്നു

# അദ്ധ്യായം 37

## കത്താവിനെ കുരിശിൽ തറയ്ക്കുന്നു.

ഈശോയെ കുരിശിന്മേൽ തറപ്പാനുള്ള ഒരുക്കങ്ങഠം അവസാനിച്ചപ്പോഠം ആ മൃഗസ്വഭാവികളായ ഘാതകർ ചെന്നു് പതിവായ ക്രൂരതയോടെ അദ്ദേഹത്തെ പിടിച്ചുവലിച്ചു് കൊണ്ടുവന്നു. ആ സമയം കരുണയററ ജനം അദ്ദേഹത്തെ ദൂഷിക്കയും നിന്ദിക്കയും ചെയ്തിരുന്നു. എന്നാൽ റോമാപ്പടയാളികഠം യാതൊരു പ്രത്യേക മനോവികാരങ്ങളും കൂടാതെ അധികാരികളുടെ കല്പന നിറവേററുന്നതിനു മാത്രം പാർത്തിരുന്നു. കത്താവു് പുറത്തുവന്നപ്പോഠം ആ ഭക്തസ്ത്രീഗണം സേവകർക്കു് കൈക്കൂലി കൊടുത്തു കൊണ്ടു് വെറോനിക്കാ കൊണ്ടുവന്നിരിക്കുന്ന ആ നല്ല വീഞ്ഞു് കുടിക്കുന്നതിനു് കത്താവിനു് അനുവദിപ്പാൻ അവർ പ്രയത്നിച്ചു. എന്നാൽ ആ ദയയില്ലാത്തവർ അതു വാങ്ങി അദ്ദേഹത്തിനു് കൊടുക്കുന്നതിനു പകരം അവർതന്നെ കുടിച്ചുംവെച്ചു് ഇവർ കൊണ്ടുവന്നിട്ടുള്ള കൈപ്പുകലർത്തിയ ചൊറുക്കയും മീറയും മക്കപ്പുവും ചേർത്ത വീഞ്ഞിൽനിന്നു് കുറെ അദ്ദേഹത്തിനു് കൊടുത്തു പക്ഷെ അവിടുന്നു് അതു കുടിച്ചില്ല.

മലമുകളിൽ ഉണ്ടായിരുന്ന പതിനെട്ടു് ക്രൂരബാധകരിൽ; ആറുപേർ ഈശോയെ കെട്ടിയടിച്ച ദുഷ്ടമൃഗസ്വഭാവികളായ ആ കാട്ടാളന്മാരും, നാലുപേർ അദ്ദേഹത്തെ ഗാഗുൽത്തായിലേക്കു കുരിശു ചുമപ്പിച്ചവരും, രണ്ടുപേർ അദ്ദേഹത്തിൻെറ കുരിശിന്മേൽ കെട്ടിയ കയറു പിടിച്ചു വലിച്ചവരും, വേറെ ആറുപേർ അദ്ദേഹത്തെ കുരിശിന്മേൽ തറക്കുന്നതിനായിട്ടുതന്നെ, യൂദന്മാരൊ, റോമാക്കാരൊ കൂലികൊടുത്തു് പ്രത്യേകിച്ചു് കൊണ്ടുവന്നിരുന്ന പരദേശികളുമായിരുന്നു. എന്നാൽ ഇവർ തടിച്ച മുണ്ടന്മാരും ക്രൂരദൃഷ്ടിയുള്ള മൂർഖന്മാരുമായിരുന്നു. ഇവരെ മനുഷ്യരെന്നു് വിളിക്കുന്നതിനേക്കാഠം ക്രൂര മൃഗങ്ങഠം എന്നു വിളിക്കുവാനാണു് അ

ധികം ന്യായം. ഇവർ ഇടവിടാതെ മാറിമാറി മത്സരിച്ച് മദ്യം സേവിച്ചുകൊണ്ടാണ് കർത്താവിനെ തറപ്പാൻ ഒരുങ്ങിയതു്.

ഈ പരിതാപകരനാടക സമയം അരോചക ജന്തുക്കളായ മരത്തവളകൾ, സർപ്പങ്ങൾ, നഖമുള്ള പെരുമ്പാമ്പുകൾ, മററു ഖിഷജന്തുക്കൾ മുതലായവയുടെ രൂപങ്ങളിൽ അനേകം പിശാചുക്കൾ ആ പരമദുഷ്ടന്മാരുടെ ഇടയിൽ കാണപ്പെട്ടു് അവരെ ഏററം വലിയ കഠിനഹൃദയന്മാരാക്കിയിരുന്നു. അവർ വായുമണ്ഡലം തീരെ ഇരുട്ടാക്കിക്കൊണ്ടു ചിലരുടെ വായിലേക്കും ഹൃദയത്തിലേക്കും ഇഴഞ്ഞുകയറുകയും ചിലരുടെ തോളിൽ കയറിയിരുന്നു് കർത്താവിൻെറ നേരെ സകലവിധ ദ്രോഹവിചാരങ്ങളും തോന്നിക്കയും ചെയ്തിരുന്നു. എന്നാൽ ഇതിനിടയിൽ ദൈവദൂതന്മാർ കണ്ണുനീർ ചിന്തിക്കൊണ്ടു് ഈശോയുടെ ചുററും നിന്നിരുന്നതു് ഞാൻ കാണുകയാൽ വളരെ ആശ്വാസം തോന്നി. അവരൊരുമിച്ച് സ്തുതിക്കുന്നവരും കരുണാവത്സലരും ആശ്വസിപ്പിക്കുന്നവരുമായ ചില ദൈവദൂതന്മാരും ഉണ്ടായിരുന്നു. ഈ ഒടുവിൽ പറഞ്ഞവർ പരിശുദ്ധ കന്യക മുതലായവരുടെ പക്കൽ കൂടക്കൂടെ ചെന്നു് ആശ്വാസപ്രദവചനങ്ങൾ അവരുടെ ചെവികളിൽ പറഞ്ഞു് ധൈര്യപ്പെടുത്തിയിരുന്നു.

ആ ക്രൂരബാധകർ അതിൻെറശേഷം നമ്മുടെ കർത്താവിൻെറ വസ്ത്രങ്ങൾ, അദ്ദേഹത്തിൻെറ മുഴക്കുപ്പായം കയറുകൾ കെട്ടിയിരുന്ന അരവളയം, എടക്കെട്ടു മുതലായവ ഒക്കെയും ഊരി. എന്നാൽ ഈശോയുടെ അമ്മ തൻെറ ദേഹാകൃതിക്കൊപ്പിച്ച് നെയ്തു് അദ്ദേഹത്തെ ധരിപ്പിച്ചിരുന്ന ആ രോമവസ്ത്രം തലയിൽക്കൂടെ ഊരുന്നതിനു് തടവായിരുന്ന ആ മുൾമുടി കഠിനമായി വലിച്ചെടുത്തതിനാലും, മുറിവുകൾ നിറഞ്ഞിരുന്ന ആ ശിരസ്സിൽക്കൂടി ആ വസ്ത്രം വലിച്ച് ഊരിയെടുത്തതിനാലും, അദ്ദേഹത്തെ അവർ കുരിശിൽ താക്കുംമുമ്പുണ്ടായിരുന്ന ആ തിരുദേഹത്തിലെ മുറിവുകളും നവീകരിക്കപ്പെട്ടു.

നമ്മുടെ സ്നേഹംനിറഞ്ഞ രക്ഷിതാവു് തൻെറ കഠിനബാധകരുടെ മുമ്പിൽ രോമംകൊണ്ടുള്ള ഒരു തോൾവസ്ത്രവും അരയിൽ ചുററിയിരുന്ന ഒരു വക്കശീലയുമൊഴിക്ക ഒരു ഉടുപ്പുമില്ലാതെ നിന്നിരുന്നു. എന്നാൽ രോമഉടുപ്പ് രക്തത്തോടെ പറിപ്പിടിച്ചിരിക്കയാൽ, പാറയ്ക്കുസമം കഠിനഹൃദയമുള്ള ആ ജന്തുക്കൾ ക്രൂരമായി അതുകൂടേയും പറിച്ചെടുത്തപ്പോൾ അവിടുന്നനുഭവിച്ച

പ്രമാദവേദന ആരാൽ കണ്ടു് ഗ്രഹിക്കാവതു്! ഈശോ സഹിച്ച പാടുകളുടെ ഘോരത്താലും, ദേഹത്തിൽ രക്തമില്ലായ്കയാലും, ബലം അശേഷംകെട്ടു്, കിടുകിടെ ഞെടുങ്ങിവിറച്ചുകൊണ്ടു് നിന്നിരുന്നു. ആ തിരുദേഹം ആസകലം ഒരേകവ്രണമായിരുന്നതു കൂടാതെ ആ ചമ്മട്ടിയടികളാലും കുരിശിലും അവിടുത്തെ തോളിലും മുതുകത്തും ഉണ്ടായ മുറിവുകൾ അസ്ഥിയോളം എത്തിയിട്ടുമുണ്ടായിരുന്നു.

ഈശോയെ കുരിശിൽ തറയ്ക്കുന്നതിനുള്ള ആ ക്രൂരസന്തോഷം അനുഭവിക്കുംമുമ്പു് അദ്ദേഹം മരിച്ചുപോകുമെന്നു് ആ കാട്ടാളർ ഭയപ്പെടത്തക്കവിധത്തിൽ അദ്ദേഹം അത്ര ബലഹീനനായി ചമഞ്ഞിരുന്നതിനാൽ അദ്ദേഹത്തെ ധൃതിയോടെ ഒരു കല്ലിന്മേൽ കൊണ്ടുപോയി ഇരുത്തിക്കൊണ്ടു് ശിരസ്സിൽ മുൾമുടി വീണ്ടും ഘോരമായിവെച്ചു് പതിച്ചപ്പോൾ സഹിച്ച പ്രമാദവേദന ആരാൽ വർണ്ണിക്കാവതു്! പിന്നീടു് അവർ കുറെ കൈപ്പുകലർത്തിയ ചൊറുക്ക കർത്താവിനു് കൊടുത്തെങ്കിലും അദ്ദേഹം മൌനമായി തലതിരിച്ചു കളകയാൽ, ആ ക്രൂരന്മാർ ഒരു ക്ഷണനേരത്തേക്കു പോലും ആശ്വാസം കൊടുക്കാതെ, ആണിതറപ്പാനായി വേഗം കുരിശിന്മേൽ പോയി കിടക്കുവാൻ ശാസനയായി പറഞ്ഞുടൻ അദ്ദേഹം പോയിക്കിടന്നു. അപ്പോൾ അവർ അദ്ദേഹത്തിന്റെ വലത്തെ തിരുക്കൈ പിടിച്ചു് ആ തുളയ്ക്കൽവെച്ചു് കയറുകൊണ്ടു് വരിഞ്ഞുകെട്ടുകയും ആ ക്രൂരഘാതകരിലൊരുവൻ അവിടുത്തെ ദിവ്യനെഞ്ചത്തു് കയറി മുട്ടുകുത്തുകയും, മറ്റൊരുവൻ ആ തിരുക്കരം വിരിച്ചു് കുരിശോടുചേർത്തു് അമർത്തിപ്പിടിക്കയും, മൂന്നാമത്തെ ഒരു ക്രൂരൻ നന്ദികെട്ട മനുഷ്യവർഗ്ഗത്തിന്മേൽ മനോഗുണങ്ങൾ പൊഴിയുന്നതിനുമാത്രം എപ്പോഴും തുറന്നിരിക്കുന്ന കൃപ നിറഞ്ഞ ആ വലത്തെ തിരുക്കരത്തിൽ ഘനമുള്ള ഇരുമ്പാണിവെച്ചു് ഭാരമുള്ള ഒരു ചുററിക കൊണ്ടു് അടിച്ചു് മാംസം തുളച്ചു് തറക്കയുംചെയ്തു. എന്നാൽ



ന. കർത്താവിനെ കുരിശിൽ തറയ്ക്കുന്നു.

സ്നേഹംനിറഞ്ഞ നമ്മുടെ കർത്താവു് വേദന അടക്കിയിരുന്നെങ്കിലും അവിടുന്നു് പുറപ്പെടുവിച്ച ആഴമായ ഒരു ഞരക്കം ആരുടേയും ഹൃദയം പിളക്കത്തക്കതായിരുന്നു. തിരുരക്തം നാലുവശവും തെറിച്ചു് ആ ഘാതകരുടെ കൈകൾ നിറഞ്ഞു് ഒലിച്ചിരുന്നു. (ഓ! എൻെറ പ്രിയ ഈശോയെ, രക്തക്കണ്ണുനീർ ചിന്താതെ നിൻെറ ഈ കഠോരതിരുപ്പാടുകൾ ചിന്തിപ്പാൻ ഏതു ബോധത്തിനു് വശമാകും! !) ആണി വളരെ വലിയതും അതിൻെറ കുട ഒരു രൂപയോളം വട്ടമുള്ളതും പെരുവിരലോളം വണ്ണമുള്ളതുമായിരുന്നു.

പരിശുദ്ധകന്യക ഈ സമയം വ്യാകുല സമുദ്രത്തിൽ മുഴുകി ബോധക്ഷയമായി ഒരു മരംപോലെ ഇളക്കമില്ലാതെനിന്നു്, ഇടക്കിടെക്കു് ചില പ്രലാപഞരക്കങ്ങൾ പുറപ്പെടുവിച്ചുകൊണ്ടിരുന്നു. മഗ്ദലേനായ്ക്കും ബോധംമയങ്ങത്തക്കവണ്ണം ദുഃഖമായിരുന്നു. എന്നാൽ ആ ക്രൂരവാധകർ അദ്ദേഹത്തിൻെറ ഇടതുകൈ തറപ്പാനായി ശ്രമിക്കവെ ഞരമ്പുകൾ ചുരുങ്ങി തുളയിലേക്കു് എത്തായ്കയാൽ ആ കഠിനജന്തുക്കൾ അദ്ദേഹത്തിൻെറ മണികണ്ഠത്തിന്മേൽ ഒരു കയറുകെട്ടി കുരിശുവിലങ്ങിൻെറ അററത്തു് ചവിട്ടിക്കൊണ്ടു് തുളയിലേക്കു് എത്തുംവരെ ബലമായി പിടിച്ചുവലിച്ചു. ഈ കഠോരപ്രവൃത്തിയാൽ നമ്മുടെ സ്നേഹംനിറഞ്ഞ രക്ഷിതാവു് അനുഭവിച്ച വർണ്ണിക്കാവതല്ലാത്ത പ്രമാദവേദന മാനുഷബോധംകൊണ്ടു് ചിന്തിപ്പാൻ അസാദ്ധ്യംതന്നെ. ഇതിനാൽ കർത്താവിൻെറ നെഞ്ചു് വിരികയും കാലുകൾ വലിച്ചു കോച്ചുകയും ചെയ്കയാൽ ആ പാതകർ വീണ്ടും അദ്ദേഹത്തിൻെറ നെഞ്ചത്തു് കയറി മുട്ടുകുത്തിക്കൊണ്ടു് കൈ കുരിശോടു് ചേർത്തു് വരിഞ്ഞുകെട്ടിയും വെച്ചു് രണ്ടാമത്തെ ആണിയും ഇടത്തെ തൃക്കയ്യിൽ തറച്ചുകയററി.

രക്തം തോടുപോലെ ഒഴുകുകയും, കർത്താവിൻെറ ക്ഷീണിച്ച പ്രമാദഞരക്കം ആ ചുററിക അടികളുടെ സ്വരങ്ങളിൽ കലർന്നു് കേൾക്കയും ചെയ്തിരുന്നെങ്കിലും, ആ നിഷ്ഠുരന്മാരുടെ ഹൃദയത്തിൽ അല്പ ദയപോലും ഉണ്ടായില്ല. എന്നാൽ പുത്രനെ പെടുത്തുന്ന ഓരോ പാടുകളും, പറയുന്ന ദൂഷണങ്ങളും ആ വ്യാകുല അമ്മയുടെ ഹൃദയത്തിൽ പുതിയ പ്രാണസംഭ്രമം വരുത്തിയിരുന്നു; അവൾ വിളറി ഒരു ശവംപോലെ ആയിരുന്നെങ്കിലും ഈ അമ്മയുടെ വ്യസനം ഇരട്ടിപ്പിച്ചിരുന്നതിനാൽ, യോഹന്നാൻ അവളെ കുറച്ചകലെ നിന്നിരുന്ന ഒരു നാരീഗണത്തിൽ കൊണ്ടുപോയാക്കി.

കർത്താവിൻെറ പ്രമാദവേദന ദീർഘനേരത്തേക്കു് കാണ്മാൻ ഇഷ്ടപ്പെട്ടിരുന്ന ആ പരമ ദുഷ്ടർ ദേഹത്തിൻെറ ഭാരം മുഴുവൻ കൈകളിലെ മുറിവുകളിൽ താങ്ങി, താൻ വേഗത്തിൽ മരിക്കാതിരിക്കുന്നതിനും, പാദങ്ങളിലെ അസ്ഥി മുറിയാതിരിക്കുന്നതിനുമായി ഒരു മരക്കഷണം പാദങ്ങൾ തറയ്ക്കേണ്ടിയ ഇടത്തുവെച്ചു് തറച്ചു്, ഒരു ദ്വാരവും തുളച്ചിട്ടുണ്ടായിരുന്നതുമെന്നു ഉപ്പുററികൾ പതിയുന്നതിനായി കുരിശിന്മേൽ അല്പം കുഴിച്ചിട്ടുമുണ്ടായിരുന്നു. എന്നാൽ കാലുകൾ തറപ്പാനായി ഒരുങ്ങിയപ്പോൾ, കരങ്ങൾ അതിക്രൂരവിധത്തിൽ വലിച്ചുനീട്ടിയിരുന്നതിനാൽ ദേഹം മുഴുവനും മേപ്പോട്ടു് വലിഞ്ഞു് കാലുകൾ വളഞ്ഞു് ചുരുങ്ങിയിരിക്ക നിമിത്തം അവയെ നിവർത്തി കുരിശോട്ടു് ചേർത്തുവെച്ചു് കെട്ടിയെങ്കിലും പാദതാങ്ങിയിലേക്കു് എത്തായ്കയാൽ, ആ കാട്ടാളജന്തുക്കൾക്കു് കോപവെറി പിടിച്ചു്, തുള മാററിത്തുളയ്ക്കാമെന്നു് ചിലർ പറഞ്ഞതൊന്നും സമ്മതിക്കാതെ കലഹിച്ചുകൊണ്ടു്, "ഇവൻ കാലു നീട്ടിത്തരികയില്ലെങ്കിൽ നാം ഇവനെ ഒന്നു സഹായിക്ക" എന്നുംമററും പല ദൂഷണങ്ങളും പ്രാക്കുകളും പറഞ്ഞു്, അദ്ദേഹത്തിൻെറ കാലിന്മേൽ കയറുകെട്ടി അവക്കു കഴിയുന്ന ബലത്തോടെ ക്രൂരമായി വലിച്ചു് തുളക്കു് എത്തിച്ചു് വരിഞ്ഞുകെട്ടി. ആ സമയം "ദൈവമേ! എൻെറ ദൈവമേ!" എന്നു് വാക്കുകൾ കർത്താവുച്ചരിക്കയിൽ അനുഭവിച്ച പ്രാണവേദന വാനാരൂപികളാൽകൂടേയും വർണ്ണിപ്പാൻ അസാദ്ധ്യംതന്നെ. (കൃപാസമുദ്രമായ ഈശോയേ, അങ്ങെ ഈ കഠോരപീഡകൾ ഒരിക്കലും മാഞ്ഞുപോകാത്തവണ്ണം എൻെറ ഹൃദയത്തിൽ പതിച്ചരുളേണമെ.)

എന്നാൽ കരങ്ങളിലെ ദ്വാരങ്ങൾ കീറാതിരിപ്പാനായി ഭുജങ്ങളും, നെഞ്ചും കുരിശിനോടുചേർത്തു് മുറുക്കിക്കെട്ടിയിരിക്കയാൽ ഈശോ എത്രയോ അവർണ്ണനീയ വേദന സഹിച്ചു! പിന്നീടു് രണ്ടു പാദങ്ങളും ഒരാണികൊണ്ടുതന്നെ തറയ്ക്കുന്നതിനായി ഒരു നീണ്ട ആണി കടത്തി, രണ്ടു പാദങ്ങളും ഒന്നിച്ചു് കുരിശിന്മേൽ തറയ്ക്കുകയും ചെയ്തു. ദേഹം മുഴുവൻ എല്ലുകൾ വിടത്തക്ക ബലത്തോടെ വലിച്ചു് നീട്ടിയിരിക്കയാൽ ഈശോ സഹിച്ച സംഭ്രമവേദന ബോധംകൊണ്ടു് ചിന്തിപ്പാൻകൂടെ മനുഷ്യരാലും വാനാരൂപികളാലും അസാദ്ധ്യംതന്നെ. ഉദ്ദേശം ഇരുപത്തിഎട്ടു ചുററിക അടികൾ ഞാനെണ്ണി. കുരിശിൽ പതിയ്ക്കപ്പെടുന്ന സമ

യം മുഴുവൻ അവിടുന്നു് ഘോരവേദനയാലുള്ള പ്രമാദങ്ങളോടെ പ്രാർത്ഥിക്കയും, സങ്കീർത്തനവാക്യങ്ങൾ ഉച്ചരിക്കയും ചെയ്തിരുന്നു എന്നുമാത്രവുമല്ല തിരുജീവൻ പിരിയുംവരേയും ദീർഘദർശനവാക്യങ്ങൾ ഉച്ചരിച്ചുകൊണ്ടു് ഇടവിടാതെ പ്രാർത്ഥിക്കുമ്പോൾ, ഞാനും കർത്താവിനോടുകൂടെ അതുകളെ ചൊല്ലി പ്രാർത്ഥിച്ചിരുന്നു.

ഈശോയേ കുരിശിൽ തറച്ചു് കഴിഞ്ഞശേഷം പീലാത്തോസ് എഴുതിയ തലവാചകപ്പലക കുരിശിൻെറ അഗ്രത്തിൽ സ്ഥാപിക്കാൻ ആ റോമാസേനാധിപൻ പ്രമാണിച്ചപ്പോൾ, പടയാളികൾ ആ പലക കാണിച്ചുകൊണ്ടു് യൂദന്മാരുടെ രാജാവിതാ എന്നു് പരിഹസിച്ചിരുന്നതിനാൽ പ്രീശർക്കു് കോപം ജ്വലിച്ചു. ആ തലവാചകം മാററുന്നതിനു് പീലാത്തോസിനെ എങ്ങനെയെങ്കിലും മനസ്സാക്കണമെന്നുകരുതി പട്ടണത്തിലേക്കു് ധൃതിയായി പോയി. ഈശോയെ കുരിശിൽ തറച്ചപ്പോൾ പന്ത്രണ്ടേകാൽ മണിയായിരുന്നു എന്നു മാത്രവുമല്ല, കുരിശുയർത്തിയ ക്ഷണത്തിൽ പെസഹാ ആട്ടിൻകുട്ടിയെ പൂജിക്കുംസമയം അറിയിക്കുന്നതിനായി ദേവാലയത്തിൽ കൊമ്പുസ്വരം ധ്വനിച്ചു.

# അദ്ധ്യായം 38

## തിരുസ്ലീവാ നിവർത്തി നാട്ടുന്നു.

ആ ബാധകർ ഈശോയെ കുരിശിൽ തറച്ചശേഷം കുരിശിൻെറ അഗ്രത്തിൽ ഒരു കയറുകെട്ടി അതിൻെറ ഒരററം മുൻ അവർ കുറെ ദൂരെ നാട്ടിയിരുന്ന കമ്പത്തിന്മേൽ ചുററി വലിച്ചുകൊണ്ടു്, കുറെപ്പേർ കുരിശു് പൊക്കിക്കൊടുത്തു. ചിലർ അതിൻെറ കട കുഴിയിലേക്കു് ചൊവ്വാക്കിക്കൊണ്ടും അതിനെ നിവർത്തി. എന്നാൽ ആ ഭാരമുള്ള സ്ലീവാ കുഴിയിൽ വീണതിനോടെ ഭയങ്കരമായി കുലുങ്ങുകയാൽ കർത്താവിൻെറ മുറിവുകൾ കഠോരമായി വലിഞ്ഞു കീറിയപ്പോൾ അവിടുന്നു് വേദനസഹിയാതെ ഒന്നു നിലവിളിച്ചു. ആ തിരുരക്തം എല്ലാവശത്തും ചിതറിത്തെറിച്ചിരുന്നതുകൂടാതെ, എല്ലിൽനിന്നു് തെററിക്കിടന്ന അസ്ഥികളെല്ലാം തമ്മിൽ കൂട്ടിമുട്ടുകയും ചെയ്തു. പിന്നീടു് ആ ക്രൂരബാധകർ ഒരല്ല



കരുണയുമില്ലാതെ, കുരിശിനെ അങ്ങോട്ടുമിങ്ങോട്ടും ഉലച്ചു് കുഴിയിൽ നേരെ ഇറക്കി അഞ്ചുകുററികൾ ചുററും തറച്ചുറപ്പിച്ചു. കർത്താവിനെ ബാധിക്കുന്ന സേവകഗണം, അദ്ദേഹത്തെ ദൂഷിക്കുന്ന നിഗളികളായ പ്രീശർ, മൂഢന്മാരായ യൂദജനാവലി എന്നു മാത്രമല്ല, നാനാദിക്കിൽനിന്നും വന്നിരുന്നവരായ ആ മഹാ പുരുഷാരമദ്ധ്യേ ഉയർന്നു നിൽക്കുന്ന ആ തിരുസ്ലീവായിൽ പതിയ്ക്കപ്പെട്ട നമ്മുടെ രക്ഷിതാവിനെ കാണുന്നതു് നിശ്ചയമായിട്ടു് ഹൃദയം തകർക്കുന്ന ഒരു പരിഭ്രമ കാഴ്ച തന്നെ ആയിരുന്നു.

ആ തിരുസ്ലീവാ ഉയർന്നുവരുമ്പോൾ ആ മഹാ ദുഷ്ടജനത്തിന്റെ ആക്ഷേപനിലവിളികളാൽ വായുമണ്ഡലം മുഴങ്ങിയിരുന്നു. ഒടുവിൽ സ്ലീവാ കുറച്ചുനേരം വായുമണ്ഡലത്തിൽ അങ്ങുമിങ്ങും വെച്ചശേഷം ഒരു ഭയങ്കരകുലുക്കത്തോടെ കുഴിയിലേക്കു വീണു. ഈ സമയം പരിശുദ്ധ അമ്മയും, യോഹന്നാനും, ആ ഭക്ത നാരിഗണങ്ങളും, ശുദ്ധഹൃദയമുള്ളവരൊക്കെയും ദുഃഖകരവും സഹതാപപരവുമായ സ്വരങ്ങളും പുറപ്പെടുവിച്ചു് കരഞ്ഞുകൊണ്ടു് സ്ലീവായിൽ തൂങ്ങിക്കിടക്കുന്ന മാംസമായ ദൈവവചനത്തെ സാഷ്ടാംഗംവീണു് ആരാധിച്ചു. കോപവെറിപിടിച്ച ശത്രുക്കളുടെ മദ്ധ്യേ കുരിശിൽ തറയ്ക്കപ്പെട്ടുകിടക്കുന്ന പരിശുദ്ധരിൽ പരിശുദ്ധനെ സഹായിപ്പാനായി അവർ കരങ്ങൾ നീട്ടിയിരുന്നു. എന്നാൽ തിരുസ്ലീവാ കുഴിയിലേക്കു് വീണ ആ ഭയങ്കരസ്വരം ധ്വനിച്ച ക്ഷണം സകല ആരവങ്ങളും പെട്ടെന്നു് നിന്നുപോകയും, സകല ഹൃദയങ്ങളിലും മുന്നൊരിക്കലും ഉണ്ടാകാത്ത ഒരു അവർണ്ണനീയ ഭയം നിറയുകയും ചെയ്തു.

നാരകീയ ശത്രുസൈന്യവും പരിഭ്രമംപൂണ്ടു് വിറച്ചുകോപത്തോടെ പുറപ്പെട്ടു് കർത്താവിന്റെ ശത്രുക്കളെ എരിയിക്കവെ അബ്രാഹമിന്റെ മടിയിൽ കിടന്നിരുന്ന ആത്മാക്കൾ ഈ സ്വരം അവരുടെ രക്ഷയുടെ ഒരു മുന്നറിയിപ്പാകയാൽ ആനന്ദിച്ചിരുന്നു. ഇങ്ങനെ ആദ്യമായി ഭൂമിയിൽ നടപ്പെട്ട ഈ തിരുസ്ലീവാ പറദീസായിലെ ആ ജീവദായകവൃക്ഷവും, രക്തമൊലിക്കുന്ന തിരുമുറിവുകൾ, നിത്യജീവന്റെ ഫലങ്ങൾ പുറപ്പെടുവിക്കത്തക്ക

ദിവ്യജലമൊഴുക്കി, ലോകത്തിൻെറ പാപാഴുക്കുകളെ കഴുകി അതിനെ ഫലവത്താക്കുന്ന പറുദീസാനദികളുമായിരുന്നു. കത്താവു് കുരിശിൽ തൂങ്ങിയപ്പോറം അവിടുത്തെ മുഖം പടിഞ്ഞാറുവടക്കു തിരിഞ്ഞും താഴെ നില്ക്കുന്നവർ തിരുപ്പാദം മുത്തത്തക്ക ഉയരത്തിലുമായിരുന്നുവെന്നു് ഞാനോക്കുന്നു.

# അദ്ധ്യായം 24

## മോഷ്ടാക്കളെ കുരിശിൽ തൂക്കിയതു്.

ആ മോഷ്ടാക്കളെ മരണത്തിനു് വിധിപ്പാനുള്ള കുററം ഓറശ്ലേമ്മിൽനിന്നു് ജോപ്പയിലേക്കു് തൻെറ കുട്ടികളൊന്നിച്ചു് പോയിരുന്ന ഒരു സ്ത്രീയെ വഴിമദ്ധ്യെവെച്ചു് അവർ കുത്തിക്കൊന്ന അപരാധമായിരുന്നു. പീലാത്തോസു് ചില സമയം പട്ടാളത്തെ കൊണ്ടുപോയി യുദ്ധം അഭ്യസിപ്പിക്കുമാറായിരുന്ന ഒരു കോട്ടയിൽ ഒരുവൻ വ്യാപാരിയുടെ വേഷത്തിൽ സഞ്ചരിച്ചാണു് അവരെ പിടികൂടി പാറാവിൽ ബന്ധിച്ചിട്ടിരുന്നതു്. എന്നാൽ ഇടതുവശത്തെ കള്ളൻ ഒരു പരമദുഷ്ടനായിരുന്നതുകൂടാതെ അവനാണു് മററവനെക്കൂടെ വഷളാക്കിയിരുന്നതു്. നല്ലവൻെറ പേർ ദീസ്മാസെന്നും ദുഷ്ടൻെറ പേർ ജെസ്മാസെന്നുമായിരുന്നു. ഇവർ ഇരുവരും മെസ്രേനിലേക്കു് പോകും പ്രയാണികളെ ഉപദ്രവിച്ചിരുന്ന കള്ളന്മാരുടെ മക്കളായിരുന്നു. ആ ശിശുഗണസംഹാരസമയം തിരുക്കുടുംബം മെസ്രേനിലേക്കു് ഓടിയൊളിച്ച വഴിമദ്ധ്യേ ഈ മോഷ്ടാക്കറം വസിച്ചിരുന്ന ഗുഹയിൽ ആണു് അഭയം കണ്ടെത്തിയതു്. ആ സമയം പൈതലായ ദീസ്മാസു് കുഷ്ഠംപിടിച്ചു് കിടന്നിരുന്നതിനാൽ മാതാവു് ഉണ്ണിയീശോയെ കുളിപ്പിച്ച വെള്ളത്തിൽ ദീസ്മാസിൻെറ അമ്മ അവനേയും മുക്കിയക്ഷണം രോഗം മുഴുവനും സുഖമായി.

ഇതിനാൽ ആ കിഴവി ബഹു തൃപ്തിയോടെ തിരുക്കുടുംബത്തെ സൽക്കരിച്ചു് സഹായിച്ചതിനു് ധാരാളമായ പ്രതിസമ്മാനം പ്രാപിച്ചുയെന്നു് നന്ദിപൂർവ്വം കരുതി. എന്നാൽ അവനു് ശരീരത്തിലുണ്ടായ ഈ ശുദ്ധീകരണം ഗാഗുൽത്തായിൽവെച്ചു് നമ്മുടെ രക്ഷയ്ക്കായി ചിന്തപ്പെട്ട തിരുരക്തത്താൽ അവനുണ്ടായ

ഈ ആത്മീയ ശുദ്ധീകരണത്തിൻെറ ഒരു നിഴൽ മാത്രമായിരുന്നു. ഇപ്പോൾ ദീസ്മാസിനു് ഈശോയെ സംബന്ധിച്ചു് ഒരറിവുമില്ലായിരുന്നെങ്കിലും അവൻെറ ഹൃദയം അത്ര കഠിനമല്ലാതിരുന്നതിനാൽ നമ്മുടെ കർത്താവിൻെറ ആശ്ചര്യകര ക്ഷമകണ്ടു് നന്നാ മനസ്സിളകിയിരുന്നു. എന്നാൽ ആകാശം ഇരുണ്ടു് കൊടുങ്കാററു് സമീപിച്ചതായി തോന്നിച്ചിരുന്നതിനാൽ ബാധകർ ആ രണ്ടു് കള്ളന്മാരോടും ക്ഷണം എഴുന്നേററു് വരുവാൻ പ്രമാണിച്ചുകൊണ്ടു് അവരെ തൂക്കുവാൻ തുടങ്ങി. അവരുടെ കരങ്ങൾ ആ വിലങ്ങുതടിയിൽനിന്നു് കെട്ടഴിച്ചു് കുറെ മീറായും ചൊറുക്കായും കൊടുത്തുംവെച്ചു് ഉടുപ്പും പറിച്ചുകളഞ്ഞു് ഭുജങ്ങളിന്മേൽ കയറു കെട്ടി കുരിശിന്മേൽ വലിച്ചുകയററി. അതിൻെറശേഷം ഭുജങ്ങളും മണിക്കണ്ടങ്ങളും കൈമുട്ടുകളും കുരിശിൻെറ വിലങ്ങിന്മേലും കാൽമുട്ടുകളും പാദങ്ങളും നെടിയ തണ്ടിന്മേലും പാടായ ബലത്തോടെ വരിഞ്ഞുകെട്ടി.

കെട്ടുകളുടെ മുറുക്കത്താൽ ഏപ്പുകൾ ഞെരിഞ്ഞു് രക്തം ചാടുകയാൽ അവർ നിലവിളിച്ചിരുന്നു. എന്നാൽ ദീസ്മാസിനെ മുകളിലേക്കു വലിച്ചു കയററുകയിൽ മാത്രമെ ഒന്നു നിലവിളിച്ചൊള്ളു. എന്നു മാത്രമല്ല "നമ്മുടെ ഈ ബാധ ഭയങ്കരംതന്നെ; എങ്കിലും ആ പാവപ്പെട്ട ഗലിലേയനോടു ചെയ്തതു് നമ്മോടവർ ചെയ്തെങ്കിൽ സംശയമെന്യേ നാം മുമ്പെതന്നെ ചത്തുപോയേനെ" എന്നു കൂട്ടുകാരനോടു് അവൻ പറഞ്ഞു. അതിൻെറശേഷം ആ ബാധകർ നമ്മുടെ കർത്താവിൻെറ വസ്ത്രങ്ങൾ നക്കിട്ടെടുപ്പാനായി അവയെ ഭാഗിക്കയിൽ, വളരെ വീതിയുള്ളതും അകശ്ശീല ഇട്ടതുമായിരുന്ന സാലുവാ അകശ്ശീലയിൽനിന്നു് വേർതിരിച്ചു. രക്തം നനഞ്ഞിരുന്ന മററു ഉൾവസ്ത്രങ്ങളും എടക്കെട്ടും തോൾവസ്ത്രവും അവർ മുറിച്ചു് ഭാഗിച്ചു. എന്നാൽ തുന്നലില്ലാതെ മാതാവു് നെയ്തുണ്ടാക്കിയ വസ്ത്രം കീറുവാൻ മേലായ്കയാൽ അതു് ആരെടുക്കണമെന്നു് തീൎമ്മാനിക്കുന്നതിനായി പല അക്കങ്ങൾ ഓരോവശത്തു് എഴുതീട്ടുള്ള മരക്കഷണങ്ങൾകൊണ്ടു് ചിട്ടിയിട്ടു കഴിഞ്ഞപ്പോൾ, നിക്കാദേമ്മോസും റാംസയൌസേപ്പും അയച്ച ഒരാൾവന്നു്, ഈശോയുടെ വസ്ത്രങ്ങൾ ആസകലം വിലക്കു വാങ്ങുവാൻ ആളുണ്ടെന്നു് അറിയിക്കയാൽ, അവർ ആ വസ്ത്രമെല്ലാം ഒരുമിച്ചു് കെട്ടി വിററുകളഞ്ഞു. ഇങ്ങനെ ക്രീസ്തവൎക്കു ആ വിലമതിച്ചുകൂടാത്ത പരമനിക്ഷേപം കൈവശമായി.

# അദ്ധ്യായം 40



ഈശോ രണ്ടു കള്ളന്മാരുടെ നടുവിൽ
തൂങ്ങി മരിക്കുന്നു.

സ്ലീവ കുഴിയിൽ വീണപ്പോൾ ഉണ്ടായ ഭയങ്കരകുലുക്കത്താൽ കർത്താവിൻെറ ശിരസ്സിലെ മുൾമുടിയുടെ മുള്ളുകൾ മാംസത്തിൽ ആഴമായി തറഞ്ഞുകയറി. അതിൽനിന്നും, കരപാദങ്ങളിലെ മുറിവുകളിൽനിന്നും തോട്ടുകൾപോലെ തിരുരക്തമൊലിച്ചിരുന്നു. പിന്നീടു് സേവകർ കുരിശിന്മേൽ ഗോവണിചാരി, കുലുക്കത്താൽ കരപാദങ്ങളിലെ മുറിവുകൾ കീറുമെന്നു ഭയന്നു കർത്താവിനെ കുരിശോടുചേർത്തു് കെട്ടിയിരുന്ന കയറുകൾ അഴിച്ചതിനാൽ, ആ കെട്ടുകൾ മുഖാന്തരം തടഞ്ഞിരുന്ന രക്തം അപ്പോൾ എല്ലാ മുറിവുകൾവഴിയും ധാരാളമായി ഒഴുകുകനിമിത്തം, അവിടുന്നു് അത്യന്തം ക്ഷീണിച്ചു്, തിരുത്തലയുംവീണു്, പ്രാണസംഭ്രമത്തോടെ ഏതാനും മാത്രകൾ അനക്കമില്ലാതെ മയങ്ങിക്കിടന്നു.

ഈ ദുഃഖകരനാടകത്തിൽകൂടെ സംബന്ധിച്ചിരുന്നവരിൽ ചിലർ ദുഃഖാധികൃത്താലും മററുള്ളവർ തങ്ങളുടെ ഈ ദുരുദ്ദേശ്യം നിറവേററുന്നതിന്നു് കഴിച്ച പ്രയത്നത്താലും ക്ഷീണിച്ചും, തങ്ങൾ ഇത്ര ദീർഘകാലമായി ദ്വേഷിച്ചിരുന്നവൻെറ അവസാനം വന്നതിനാൽ സന്തോഷിച്ചും കുറെനേരം അടങ്ങിയിരുന്നു. ആ സമയം ഞാൻ ഭയവും സഹതാപവും നിറഞ്ഞു്, എൻെറയും ലോകമൊക്കെയുടേയും രക്ഷിതാവായ ഈശോയെ സൂക്ഷിച്ചുനോക്കിയപ്പോ

ൾ അദ്ദേഹം ഇളക്കമില്ലാതെ ജീവൻപിരിഞ്ഞതുപോലെ കിടക്കയാൽ ഞാനും അദ്ദേഹത്തോടൊന്നിച്ചു് മരിപ്പാനാഗ്രഹിച്ചു.

കുരിശിൽ തൂങ്ങിക്കിടക്കുന്ന നമ്മുടെ സ്നേഹംനിറഞ്ഞ രക്ഷിതാവിന്റെ തിരുമുഖം അടികളാൽ കരുവാളിച്ചും മുറിവുകളാൽ ഭാഷപകർന്നുമിരിക്കുന്നതും, തിരുത്തല ആ ഭയങ്കരമുള്ളുകളാൽ ചുററപ്പെട്ടു് ഉയർത്തുവാൻ മേലാതെ തോളിൽ വീണുകിടക്കുന്നതും തിരുവാ അടപ്പാൻ ബലമില്ലാതെ പകുതി തുറന്നിരിക്കുന്നതും, തിരുമുടിയും മീശയും രക്തം നനഞ്ഞു് ചെടപിടിച്ചിരിക്കുന്നതും, തിരുനെഞ്ചത്തു് കഠോരമുറിവുകൾ നിറഞ്ഞിരിക്കുന്നതും, കൈമുട്ടുകളും, മണികണ്ഠങ്ങളും, തോളുകളും ഏപ്പുകൾ തിരിയത്തക്കവിധം വലിച്ചു് നീട്ടിയിരിക്കുന്നതും, കരങ്ങളിലെ മുറിവുകളിൽനിന്നു് ഇടവിടാതെ തുള്ളിതുള്ളിയായി രക്തം വീഴുന്നതും, വാരിയെല്ലുകൾ മിക്കതും പുറമെ കാണത്തക്കവണ്ണം മാംസം കീറിയിരിക്കുന്നതും, കാലുകളും നന്നാ വലിച്ചുനീട്ടിയതിനാൽ അസ്ഥികൾ കുഴകൾതെററി തിരിഞ്ഞിരിക്കുന്നതും, തിരുമേനി ആസകലം മുറിവുകൾ നിറഞ്ഞു് കരുവാളിച്ചു് രക്തമൊലിക്കുന്നതും നാം ഉററുസൂക്ഷിച്ചു് ധ്യാനിക്കുമ്പോൾ ഈ പാടുകൾക്കു് കാരണമായ നമ്മുടെ പാപങ്ങളെപ്രതി രക്തകണ്ണുനീർ ചിന്താതിരിക്കുന്നതെങ്ങനെ?

ആ തിരുമേനിയിൽനിന്നു് ഒലിച്ചിരുന്ന തിരുരക്തം ക്രമേണ ഘനംകുറഞ്ഞു് ചോലവെള്ളമായി പകർന്നിരുന്നു; ഇപ്രകാരം ഈശോ ഹീനവും പ്രലാപകരവുമായ സ്ഥിതിയിൽ ആയിരുന്നെങ്കിലും, ആ തിരുമുഖത്തെ സൂക്ഷിക്കുന്നവരുടെ ഹൃദയത്തിൽ വണക്കവും സ്നേഹവും ജ്വലിക്കത്തക്ക മഹിമയും നന്മയും അപ്പോഴും അതിൽ വിളങ്ങിയിരുന്നു. കർത്താവിന്റെ മുഖവടിവു് മാതാവിന്റെ ഛായയിൽ ഒരു ചുവപ്പുവർണ്ണംകൂടെ കലന്നു് ബഹുഭംഗിയുള്ളതായിരുന്നെങ്കിലും അലഞ്ഞുനടന്നുള്ള മൂന്നുവർഷത്തെ ആ പ്രസംഗജീവിതം നിമിത്തം അതു് അല്പം മങ്ങിയിരുന്നു.

കർത്താവിന്റെ നെഞ്ചു വിരിഞ്ഞതും, തോൾ വീതിയുള്ളതും, ഭുജങ്ങളും തുടകളും നല്ല ഞരമ്പുബലമുള്ളതും, മുട്ടുകൾ ദീർഘപ്രയാണികളുടേതുപോലെ ഉറപ്പും ബലവുമുള്ളതും, കാലുകൾ നീണ്ടതും, മാംസപേശികൾ ബലമുള്ളതും, പാദങ്ങൾ നല്ല ക്രമമായതും, കരങ്ങൾ ഭംഗിയുള്ളതും, വിരലുകൾ നീണ്ടു നേർത്തതും, കഴുത്തു നേർത്തതും, ശിരസ്സിനൊത്തതും, നെററി ഉയർന്നതും, വീതിയുള്ളതും, മുഖം

അണ്ഡാകൃതിയുള്ളതും, മുടി നന്നാ നേരിയതും മങ്ങിയ പൊൻ നിറത്തിൽ തോളിനു് ഇരുവശവും വീണുകിടക്കുന്നതും മീശ നീളം കുറഞ്ഞു താടിക്കിരുവശവും തിരിഞ്ഞുനില്ക്കുന്നതും ആയിരുന്നു. എന്നാൽ സ്ലീവാമേൽവെച്ചു് കർത്താവിനെ ഞാൻ ഉററു സൂക്ഷിച്ചപ്പോാം ആ തിരുമുടി മിക്കതും പറിഞ്ഞുപോയി; ശേഷിച്ചതു് രക്തം നനഞ്ഞു ചടയായിരുന്നതുകൂടാതെ തിരുമേനി ആസകലം ഒരേക വൃണവുമായിരുന്നു.

മഹാ പ്രലാപകരസ്ഥിതിയിലാണു് ആ മോഷ്ടാക്കളും കുരിശിന്മേൽതൂങ്ങിക്കിടന്നിരുന്നതു്. ആകയാൽ കെട്ടുകാംമൂലം കഠിനവേദന സഹിച്ചിരുന്നതിനാൽ ഇടത്തുവശത്തെ കള്ളൻ ഇടവിടാതെ പ്രാകുകയും ദൂഷിക്കുകയും ചെയ്തിരുന്നതുകൂടാതെ ദുഷ്ടി കരുവാളിച്ചു് ഉള്ളിലെ സംഭ്രമം പുറമെ കാണത്തക്കവണ്ണം സൂചിപ്പിച്ചിരുന്നു. എന്നാൽ അവരുടെയും കർത്താവിൻെറയും കുരിശുകാംക്കിടയിൽ ഒരു കുതിരക്കാരനു് കടന്നുപോകത്തക്ക ഇടയുണ്ടായിരുന്നു. അവരുടെ കുരിശുകാം കർത്താവിൻെറ കുരിശിനെക്കാാം ചെറിയവയുമായിരുന്നു.

# അദ്ധ്യായം 41

## കുരിശിൽവെച്ചുള്ള ഈശോയുടെ ഒന്നാം വാക്യം.

ക്രൂരബാധകർ ഈശോയുടെ വസ്ത്രങ്ങാം ഭാഗിച്ചശേഷം സാമാനങ്ങളൊക്കയും പെറുക്കിക്കൂട്ടിയുംവെച്ചു് കർത്താവിനെ കുറെക്കൂടെ ദൂഷണങ്ങളും പരിഹാസവാക്കുകളും പറഞ്ഞുകൊണ്ടു് വിട്ടുപൊയ്ക്കളഞ്ഞു. പ്രീശരും കുതിരകയറി കുരിശിൻെറപക്കൽ വന്നു് അരോചകത്തോടെ കർത്താവിനെ നോക്കി ചില നിന്ദ്യവും അപമാനകരവുമായ വാക്കുകാം ഉച്ചരിച്ചു് അവരും ഓടിച്ചുപോയി. മലയ്ക്കുചുററും കാവൽനിന്നിരുന്ന നൂറു റോമാപടയാളികളും പിരിഞ്ഞുപോയപ്പോാം വേറെ അമ്പതുപേർ അവക്കു പകരം വന്നു. അവരുടെ തലവൻ അറബിക്കാരനായ അബനാദർ എന്നവനായിരുന്നു; അയാാം പിന്നീടു് ജ്ഞാനസ്നാനത്തിൽ ചിത്തിരസ്പാൻ എന്ന പേർ ധരിച്ചു. രണ്ടാംതലവൻ പീലാത്തോസ്

പല സംഗതികളിലും വിശ്വസ്തഭൃതനായി അയച്ചുമാറായിരുന്ന കാസിയൂസ് എന്നവനായിരുന്നു; അയാളും പിന്നീട് ക്രിസ്തവനായപ്പോൾ ലൊങ്കീനോസ് എന്ന നാമധേയം ധരിച്ചു.

പീലാത്തോസ് എഴുതിയ തലവാചകം മാററിക്കിട്ടുന്നതിനായി പോയിരുന്ന പന്ത്രണ്ടു പ്രീശരും പന്ത്രണ്ടു സന്തുക്കായരും, കുറെ ശാസ്ത്രികളും, പൂർവ്വന്മാരും, യൂദന്മാരുമായ ഒരു ഗണം, റോമാധിപൻ അവരുടെ അപേക്ഷക്കു സമ്മതിക്കായ്കയാൽ കോപവെറി പിടിച്ചു് കർത്താവിൻെറ കുരിശിൻപക്കൽവന്നു് ചുററും കുതിര ഓടിച്ചു് കുരിശിനരികെ നിന്നിരുന്ന മാതാവു് മുതലായവരെ ഓടിച്ചുകളഞ്ഞു എന്നു മാത്രമല്ല, അവർ കർത്താവിൻെറ മുമ്പിൽക്കൂടെ കടക്കവെ നിന്ദയോടെ തലകുലുക്കി നിലവിളിച്ചു പറഞ്ഞതായതു്; "ഓ, ദേവാലയത്തെ നശിപ്പിച്ചു് മൂന്നാം നാൾ വീണ്ടും പണിയുന്നവനെ, നീ ഇപ്പോൾ നിന്നെത്തന്നെ രക്ഷിച്ചു് കുരിശിൽനിന്നു് ഇറങ്ങിവാ, ഞങ്ങൾ അതുകണ്ടു് വിശ്വസിക്കട്ടെ". സേവകരും ഈ വാക്കുകൾതന്നെ പറഞ്ഞിരുന്നു. ആ സമയം തിരുമേനി നിറംപകന്നു് ബുദ്ധി മയങ്ങുന്നതുപോലെ തോന്നിയിരുന്നു.

"ഇവൻ സേവിച്ചിരുന്ന പിശാചു് ഇപ്പോൾ ഇവനെ വിടാറായി" എന്നു് ജെസ്മാസെന്ന ദുഷ്ടകള്ളൻ നിലവിളിച്ചുപറഞ്ഞു. അപ്പോൾ ഒരു പടയാളി ഒരു കോലിന്മേൽ ചൊറുക്കനിറച്ച നീർപഞ്ഞി വെച്ചുകെട്ടി കർത്താവിനു് കൊടുക്കവെ അദ്ദേഹം അല്പം കുടിക്കുന്നുയെന്നു് തോന്നി; ആ സമയം നീ യൂദരുടെ രാജാവാണെങ്കിൽ കുരിശിൽനിന്നു് ഇറങ്ങിവന്നു് നിന്നെത്തന്നെ രക്ഷിക്കാ" എന്നു് അവനും നിന്ദിച്ചുപറഞ്ഞു. പിന്നീടു് ഈശോ തല അല്പനേരം ഉയർത്തിക്കൊണ്ടു് "പിതാവേ, ഇവർ ചെയ്യുന്നതു് എന്താണെന്നു് ഇവരറിയായ്കകൊണ്ടു് ഇവരോടു് നീ പൊറുക്കണമെ" എന്നരുളിച്ചെയ്തു. അപ്പോൾ ജെസ്മാസു് "നീ ക്രിസ്തു ആണെങ്കിൽ നിന്നെത്തന്നേയും ഞങ്ങളേയും നീ രക്ഷിക്ക"എന്നു നിലവിളിച്ചപ്പോൾ മൌനമായിരുന്ന ദീസ്മാസു്, കർത്താവു് ഇങ്ങനെ തൻെറ ശത്രുക്കളെപ്രതി പ്രാർത്ഥിക്കുന്നതുകേട്ടു് മനസ്സിളകി പരിതപിച്ചുതുടങ്ങി.

മാതാവു് പുത്രൻെറ സ്വരംകേട്ടു് അടങ്ങിയിരിപ്പാൻ വശമില്ലാതെ യോഹന്നാൻ, ശാലോം, കലിയോപ്പാമറിയം മുതലായവരൊന്നിച്ചു് കുരിശിങ്കലേക്കു് ഓടിവന്നു. അതിനു് കരുണാ

ത്സലനായ ആ ശതാധിപൻ വിരോധിച്ചില്ല. നമ്മുടെ കർത്താവിൻെറ പ്രാർത്ഥനയാൽ നല്ല കള്ളൻ ആശ്ചര്യകരവരപ്രസാദം പ്രാപിച്ചു് തൻെറ ബാല്യത്തിൽ കുഷ്ഠരോഗം പൊറുപ്പിച്ചതു് കർത്താവും, മാതാവും ആയിരുന്നുയെന്നു് പെട്ടെന്നോർത്തുകൊണ്ടു് കൂട്ടുകാരനോടു്, നിന്നെപ്രതി അദ്ദേഹം പ്രാർത്ഥിക്കുമ്പോൾ അദ്ദേഹത്തെ നീ ദൂഷിക്കുന്നതെങ്ങിനെ? നിൻെറ ഈ മര്യാദകേടുകളൊക്കയും അദ്ദേഹം മൌനമായി ക്ഷമിക്കുന്നല്ലോ; അദ്ദേഹം സത്യമായ ഒരു ദീർഘദർശിയും നമ്മുടെ രാജാവും ദൈവകുമാരനുമാകുന്നുയെന്നു് നീ ഓർത്തുകൊൾക" എന്നു് തെളിവായ സ്വരത്തിൽ അവനോടു് നിലവിളിച്ചു പറഞ്ഞു. കുരിശിന്മേൽ തൂങ്ങി മരിക്കാറായിരിക്കുന്ന ഈ പാതകൻെറ വായിൽനിന്നു് വീണ ഈ അസാമാന്യ ഉപദേശത്താൽ എല്ലാവരും അത്യന്തം ആശ്ചര്യപ്പെട്ടു. ഫ്രീശർ അവനെ എറിയുന്നതിനായി കല്ലെടുത്തു; പക്ഷെ അബനാദരെന്ന ശതാധിപൻ അതു തടുത്തു.

കർത്താവിൻെറ പിതാവിനോടുള്ള ആ ജപത്താൽ മാതാവിനു് വളരെ ആശ്വാസവും തൃപ്തിയുമുണ്ടായി. പിന്നേയും കർത്താവിനെ ദൂഷിച്ചിരുന്ന ജെസ്താസിനോടു് "ഇയ്യാളെപ്പോലെതന്നെ ഒരേവിധത്തിൽ നാമും ഉൾപ്പെട്ടിരിക്കുമ്പോൾ നീ ദൈവത്തേയും ഭയപ്പെടുന്നില്ലേ? നാം നിശ്ചയമായിട്ടു് നമ്മുടെ പ്രവൃത്തിക്കു തക്ക പ്രതിഫലമാണു് പ്രാപിച്ചതു്. എന്നാൽ ഇയ്യാൾ യാതൊരു പാപവും ചെയ്തിട്ടില്ല. നീ മരിക്കാറായിരിക്കുന്നുയെന്നോർത്തു് അനുതപിക്കുക" എന്നു് ദീസ്മാസു് പറഞ്ഞു.

പിന്നീടു് ദീസ്മാസിൻെറ ഹൃദയം ഇളകി പ്രകാശിച്ചു് ഈശോയോടു് അവൻെറ പാപങ്ങൾ ഏററുപറഞ്ഞതുകൂടാതെ "കർത്താവേ അങ്ങുന്നു് എന്നെ ശിക്ഷക്കു വിധിക്കുന്നെങ്കിൽ അതു് ന്യായമായിട്ടത്രെ." എന്നു താഴ്മയോടെ പറഞ്ഞപ്പോൾ "എൻെറ അനുഗ്രഹമറിയുന്നതിനു് നിനക്കു് ഇടവരും" എന്നു് അവനോടു് അവിടുന്നു് ഉത്തരിച്ചു. അപ്പോൾ ദീസ്മാസിനു് ഉത്തമമനസ്താപമുണ്ടായി, തൻെറ കഴിഞ്ഞകാലത്തെ കണക്കില്ലാത്ത പാപങ്ങളേയും താൻ പ്രാപിച്ച ഈ ഉന്നത വരപ്രസാദത്തേയും നിരൂപിച്ചു ദൈവത്തിനു് സ്തോത്രംചെയ്തു. ഇവയെല്ലാം കർത്താവിനെ കുരിശിൽ തറച്ചിട്ടു് അരമണിക്കൂറിനകത്താണു് സംഭവിച്ചതെങ്കിലും ഈ ഇടകൊണ്ടു് സകലരും ഭ്രമിച്ചു് ആശ്ചര്യപ്പെടത്തക്ക പകച്ചു വായുമണ്ഡലത്തിൽ കാണപ്പെട്ടു.

# അദ്ധ്യായം 42

## സൂര്യഗ്രഹണവും

## കർത്താവിന്റെ രണ്ടും മൂന്നും വാക്യങ്ങളും

മുൻപറഞ്ഞ ആ ചുവന്ന മേഘംവീണ്ടും സൂര്യനെ മൂടിത്തുടങ്ങുകയാൽ യൂദന്മാരുടെ കണക്കിൻപ്രകാരം ആറാംയാമമായതിനോടെ ആദിത്യൻ പെട്ടെന്നു് ഇരുട്ടായിപ്പോയി. ഈ ആശ്ചര്യകരസംഭവത്തിന്റെ സാക്ഷാൽ കാരണം എനിക്കു് അറിയിച്ചിട്ടുണ്ടായിരുന്നവയിൽ ഞാനോർക്കുന്നവ ഇവയാണു്: ഈ സമയം ഞാൻ ഭൂമിയിൽനിന്നു് മേല്പോട്ടു് എടുക്കപ്പെട്ടു. അവിടെ നക്ഷത്രങ്ങളും ഗ്രഹങ്ങളും അവയുടെ സ്വാഭാവഗതി തെററി ക്രമക്കേടായി ഓടുന്നതും, ചന്ദ്രൻ ഒരു ബ്രഹ്മാണ്ഡ അഗ്നിഗോളംപോലെ ഭൂമിയെ വിട്ടു് അകലെ ഉരുണ്ടുപോകുന്നതും ഞാൻ കണ്ടു. എന്നാൽ ഉടനെ ഞാൻ ഓറശ്ലത്തുവന്നു് സൈത്തുമലക്കു് പുറകിൽ ചന്ദ്രനെ വീണ്ടും കണ്ടപ്പോൾ അതു് ക്ഷണം കിഴക്കുനിന്നു് ഓടി സൂര്യന്റെനേരെ പാഞ്ഞുചെന്നു് ഒരു മലപോലെ കറുത്ത ഒരു ബ്രഹ്മാണ്ഡസാധനമായി സൂര്യനെ മുഴുവനും മറച്ചുകളകയും ചെയ്തു.

സൂര്യന്റെ മദ്ധ്യഭാഗം ഇരുണ്ടമഞ്ഞനിറവും ചുററും ഒരു മോതിരംപോലെ മാത്രം തീനിറവുമായി പകർന്നിരുന്നതിനാൽ ആകാശം തീരെ ഇരുട്ടായി നക്ഷത്രങ്ങൾ ചുവന്നു് തിളങ്ങുന്ന നിറത്തിൽ കാണപ്പെടുകയും, മനുഷ്യരും മൃഗങ്ങളും ഭയത്താൽ അത്യന്തം ഞടുങ്ങി ഭ്രമിക്കയും ചെയ്തു. ആകയാൽ ഈശോയുടെ ശത്രുക്കളുടെ ദൂഷണത്തിനു് ഒരടക്കമായി എന്നു് മാത്രമല്ല പ്രീശരും തുടക്കത്തിൽ ഈ സംഭവം സംബന്ധിച്ചു് ചില ശാസ്ത്രന്യായോക്തികൾ പറഞ്ഞിരുന്നെങ്കിലും ഒടുവിൽ അവരും മിണ്ടടങ്ങേണ്ടിവന്നു. എന്തെന്നാൽ അനേകർ ഹൃദയക്കടി സഹിയാതെ നെഞ്ചത്തടിച്ചുംകൊണ്ടു് അയാളുടെ രക്തം അയാളുടെ കൊലപാതകരുടെമേൽ ഇരിക്കട്ടെ എന്നു് നിലവിളിക്കയും, മററനേകർ മുട്ടിന്മേൽനിന്നു് ഈശോയോടു് പൊറുതി അപേക്ഷിക്കുമ്പോൾ അവിടുന്നു് ഈ പ്രമാദമദ്ധ്യേ സഹതാപത്തോടും കൃപയോടും കൂടെ അവരെ തൃക്കണ്ണോക്കയും ചെയ്തിരുന്നു. എന്നാൽ ഇരുട്ടു് വർദ്ധിച്ചുവന്നപ്പോൾ മാതാവും, യോഹന്നാനും ഒഴികെ മററെല്ലാ

വരും കത്താവിനെ വിട്ടു് കുരിശിങ്കൽനിന്നു് പൊയ്ക്കളഞ്ഞു.

അപ്പോറം ദീസ്മാസു് തല ഉയർത്തി എളിമയും ശരണവും നിറഞ്ഞു് ഈശോയോട്ടു് "കർത്താവേ, അങ്ങെ രാജിതത്തിൽ അങ്ങുന്നു വരുമ്പോറം അടിയനെ ഓക്കണമെ" എന്നു പറഞ്ഞപ്പോറം ഈശോ "ഇന്നു് നീ എന്നോടുകൂടെ പറദീസായിൽ ആകുമെന്നു് സത്യമായി നിന്നോടു ഞാൻ പറയുന്നു" എന്നു് പ്രതിവചിക്കയും ചെയ്തു. പിന്നീട്ടു് മഗ്ദലേനായും, കലിയോപ്പാ മറിയവും വന്നു് യോഹന്നാനൊരുമിച്ചു് കുരിശിൻെറ അരികെ ഈശോയെ നോക്കിനില്ക്കുമ്പോറം പരിശുദ്ധകന്യക മാതൃസ്നേഹത്താൽ അദ്ദേഹത്തോടൊരുമിച്ചു് മരിപ്പാനനുവദിക്കണമെന്നു് പുത്രനോടു് അപേക്ഷിച്ചു. എന്നാൽ അവിടുന്നു് അളവററ സ്നേഹകാരുണ്യത്തോടെ അവളെ തൃക്കണ്ണോത്തുകൊണ്ടു് യോഹന്നാൻെറ നേരെ തിരിഞ്ഞു് "സ്ത്രീയേ ഇതാ നിൻെറ പുത്രൻ" എന്നും, യോഹന്നാനോടു് "ഇതാ നിൻെറ അമ്മ" എന്നും അരുളിച്ചെയ്തു. അപ്പോറം യോഹന്നാൻ മരിപ്പാൻപോകുന്ന അയാളുടെ ഗുരുനാഥനെ നോക്കിക്കൊണ്ടു് ഈ സ്നേഹ അമ്മയോടു് വന്ദനം പറകയും അതുമുതൽ അവളെ സ്വന്ത അമ്മയായി കരുതുകയും ചെയ്തു. മാതാവു് പുത്രൻെറ ഈ മാധുര്യതിരുവാക്യങ്ങളാൽ വ്യാകുലസമുദ്രത്തിൽ മുഴുകി മോഹാലസ്യപ്പെടുകയാൽ മററു സ്ത്രീകറം അവളെ അല്പം ദൂരെ കൊണ്ടുപോയി.

എന്നാൽ ഈവക കാഴ്ചകറം കാണുന്നവക്കു് അതോടു് യോജിച്ചിരിക്കുന്ന സാഹചര്യങ്ങറം മുഖാന്തരം അവ സംബന്ധിച്ചു് അല്പ സംശയത്തിനും ഇടയുണ്ടാകയില്ല. ഇതിനാൽ ഈശോ മാതാവിനെ "അമ്മ" എന്നു വിളിക്കാതെ "സ്ത്രീ" എന്നു് വിളിച്ചതു് സപ്പത്തിൻെറ തലയെ അവറം തകക്കുമെന്നു് എഴുതപ്പെട്ട സ്ത്രീ മാതാവാണെന്നും അവളുടെ കുമാരൻ മരിക്കുന്ന ഈ സമയമാണു് ആ വാഗ്ദാനം നിറവേറുന്നതെന്നും സൂചിപ്പിച്ചുകൊണ്ടാകയാൽ എനിക്കു് അതിന്മേൽ അല്പ സംശയവും തോന്നിയില്ല. എന്നു മാത്രവുമല്ല ആ തിരുവാക്യങ്ങളാൽ "മാംസത്താലും, രക്തത്താലും, മാനുഷമനസ്സാലും പിറക്കുന്നവരുടെ അല്ല, പിന്നെയോ ഈശോയിൽ വിശ്വസിച്ചു് ദൈവത്തിൻെറ മക്കളാകുന്ന എല്ലാവരുടേയും" അമ്മയായി അവളെ സ്ഥാപിക്കയും, ദൈവദൂതൻെറ ദൌത്യത്തിൽ "അങ്ങെ ദാസി ഇതാ നിൻെറ ചിത്തംപോലെ

എന്നിലാകട്ടെ" എന്നു് കീഴ്വഴങ്ങി പറഞ്ഞ മാതാവു് അത്യന്ത കീഴ്വഴക്കത്തോടെ ഇപ്പോഴും ഈശോയുടെ സഹോദരരായ നമ്മെ എല്ലാവരേയും കയ്യേററുകൊള്ളുകയും ചെയ്തു എന്നും സംശയ മെന്യേ ഞാൻ ഗ്രഹിച്ചു. ഈ സംഗതികൾ വചനങ്ങളാൽ വിവരിക്കുന്നതിനേക്കാൾ ദൈവവരപ്രസാദത്താലത്രെ ഹൃദയ ത്തിൽ പതിയുന്നതു്; എന്നുതന്നെയുമല്ല തിരുസ്സഭയുടെ വിശ്വാ സവും, ശരണവും ഉപവിയുമുള്ള മക്കളുടെ ഹൃദയങ്ങളിൽ സകല സംഗതികളും പതിക്കപ്പെട്ടുമെന്നു് എൻെറ മോക്ഷമണവാളൻ ഒരിക്കൽ എന്നോടു് അരുളിച്ചെയ്യുകയും ചെയ്തിട്ടുണ്ടു്.

# അദ്ധ്യായം 43

## കുരിശിൽവെച്ചുള്ള കർത്താവിൻെറ നാലാം വാക്യവും ഓറശ്ലേം നഗരവാസികളുടെ ഭയവും.

എന്നാൽ ഓറശ്ലേംപുരിയിൽ നടക്കുന്നവ കാണ്മാനായി ഞാൻ അവിടെ വന്നപ്പോൾ ഉന്നരമണി സമയമായിരുന്നു. തെരു വുകളിൽ തീരെ ഇരുട്ടായിപ്പോയതിനാൽ ആ നഗരവാസികൾ അശേഷം ഭയപ്പെട്ടു് ചിലർ പരിഭ്രമിച്ചും ചിലർ വിഷാദം പൂണ്ടും അങ്ങുമിങ്ങും നടക്കയും, ചിലർ നിലത്തിരുന്നു് തലയും മൂടി നെഞ്ചത്തടിക്കയും, ചിലർ മേൽക്കൂട്ടുകളിൽ കയറി ആകാ ശത്തേക്കു നോക്കി ദുഃഖത്തോടെ പ്രലപിച്ചു് കരകയും മററും ചെ യ്തിരുന്നു. എന്നു മാത്രവുമല്ല മൃഗജന്തുക്കൾകൂടെയും ദുഃഖകര സ്വര ങ്ങൾ പുറപ്പെടുവിച്ചുകൊണ്ടു് ഓടിപ്പോകയും പക്ഷികൾ നന്നാ താഴ്ന്നുപറന്നു് നിലത്തുവീഴുകയും ചെയ്തിരുന്നു. പീലാ ത്തോസും ഹേറോദേസും ഈ അപൂർവ്വമായ ഭയങ്കരസ്ഥിതി സംബ ന്ധിച്ചു് തമ്മിൽ കൂടി ആലോചിച്ചു. ഈശോയെ സേവകരുടെ ക്രൂരനിന്ദനത്തിനു് ഹേറോദേസു് ഏല്പിച്ചുകൊടുത്തപ്പോൾ അവൻ നിന്നിരുന്ന ആ ഉയർന്ന സ്ഥലത്തുനിന്നു് ആകാശത്തെ ഉററുസൂക്ഷിച്ചു് പരിഭ്രമിച്ചുകൊണ്ടു് "ഇവ സ്വാഭാവപ്രകൃതി ഒന്നു മല്ല, തീർച്ചയായും ആ നസ്രായക്കാരൻ ഈശോയോടു് കാണിച്ച ക്രൂരത നിമിത്തമുള്ള ദേവന്മാരുടെ കോപമാണെന്നു്" നിലവി ളിച്ചിരുന്നു.

പിന്നീട് അവരിരുവരും ഹേറോദേസിൻെറ അരമനയിലേക്ക് പരിഭ്രമിച്ച് ഓട്ടം വഴിമദ്ധ്യേ ആ ക്രൂരവിധി ഉച്ചരിച്ച ഗബ്ബാത്തയെന്ന ന്യായാസനത്തിൻെറ അരികെക്കൂടി കടന്നപ്പോൾ പീലാത്തോസ് ദുഃഖത്തോടെ മുഖം തിരിച്ചുകളഞ്ഞു. സ്വല്പം ചിലർമാത്രം ഭയപ്പെട്ട് അതിലെ അങ്ങുമിങ്ങും ഓടിയിരുന്നതല്ലാതെ ഒരുവൻപോലും അവിടെ ഇല്ലായിരുന്നു. ഉടനെ അവൻ, പൂർവ്വന്മാരെ വരുത്തി ഇതിൻെറ കാരണമെന്തെന്ന് അവരോട് ചോദിക്കയും "ആ ഗെലിലേയനെ കുരിശിൽതറച്ചതാണ് ഇതിന് കാരണം; നിശ്ചയമായിട്ട് അവൻ യൂദന്മാരുടെ രാജാവും ദീർഘദർശിയുമായിരുന്നു; ഞാൻ സകലരുടേയും മുമ്പാകെ കൈകഴുകിയിരിക്കയാൽ ഈ സംഗതിയിൽ എൻെറ പേരിൽ അശേഷം കുററമില്ല" എന്നും മററും പറയുകയും ചെയ്തു.

എന്നാൽ ആ കഠിന ഹൃദയരായ പൂർവ്വന്മാർ ഈ സംഭവത്തിൽ അപൂർവ്വമായതൊന്നുമില്ലെന്നും തത്വശാസ്ത്രികൾ ഉടൻ കണക്കു കൂട്ടി ഇതിൻെറ കാരണം കണ്ടെത്തുമെന്നും ഈ ഗലിലേയൻെറ സംഗതിയിൽ അവർ പ്രവൃത്തിച്ചതിൽ ഒന്നിന്മേലും ഒട്ടും അവർക്ക് മനസ്താപമില്ലെന്നും ഉത്തരിച്ചു. ഈ സമയം നേർവഴിക്ക് തിരിഞ്ഞ അനേകരുടെ കൂട്ടത്തിൽ കർത്താവ് പൂങ്കാവനത്തിൽവെച്ച് അരുളിച്ചെയ്ത ആ തിരുവാക്കുകേട്ട് നിലത്തുവീണ ആ സേവകരും ഉൾപ്പെട്ടിരുന്നു. ഇതുമെന്യേ ഒരു മഹാ ജനസംഘം പീലാത്തോസിൻെറ അരമനക്കു മുമ്പിൽ കൂട്ടമായിക്കൂടി ആ ദുഷ്ടനെ ശപിച്ചുകൊണ്ട് "അവനെ കുരിശിന്മേൽ തറയ്ക്കു" എന്ന് ആകാശം മുഴക്കിയ അനുകാലത്തെ നിലവിളിക്കുപകരം ഇപ്പോൾ "ആ അന്യായവിധി കർത്താവിനെ പിടിപ്പിൻ; ആ നീതിമാൻെറ രക്തം അവൻെറ കൊലപാതകരുടെ ശിരസ്സിന്മേൽ വീഴട്ടെ" എന്ന് നിലവിളിച്ചിരുന്നു.

ഇതിനാൽ പീലാത്തോസ് അത്യന്തം ഭയപ്പെട്ട് പട്ടാളം വരുത്തിയതുളളുകൂടാതെ കുററം മുഴുവൻ യൂദന്മാരുടെമേൽ ആരോപിക്കുന്നതിന് വളരെ പ്രയത്നിച്ചുമിരുന്നു. ആകയാൽ അവരുടെ രാജാവും ദീർഘദർശിയും പരിശുദ്ധനുമായ ഈശോയെ അവർ അനീതിയായിട്ടാണ് മരണത്തിന് വിധിച്ചതെന്നും, താൻ അന്യജാതിക്കാരനാകയാൽ അവരുടെ നിർബന്ധത്താൽ മാത്രമാണ് ഈശോയെ താൻ വിധിച്ചതെന്ന് എല്ലവർക്കും തെളിവായിരിക്കുന്നുവെന്നും, അതും തൻെറ കുററമല്ല, യൂദന്മാരുടെ കുററമാണെന്നും പീലാ

ത്തോസ് പ്രസ്താവിച്ചിരുന്നു.

ആ സമയം പെസഹാ ആടിനെ പൂജിക്കുന്നതിനായി ദേവാലയത്തിൽ കൂടിയിരുന്ന അസംഖ്യം ജനം തമ്മിൽത്തമ്മിൽ ആളറിവാൻ മേലാത്തവിധം ഇരുട്ട് വൎദ്ധിക്കയാൽ എല്ലാവരും അത്യന്തം പരിഭ്രമിച്ച് ഞെട്ടിവാവിട്ട് നിലവിളിച്ചിരുന്നു. ശ്രേഷ്ഠാചാൎയ്യൻ അവരെ അടക്കി ക്രമപ്പെടുത്തുവാൻ പരിശ്രമിച്ച് ദേവാലയദീപങ്ങളെല്ലാം തെളിയിച്ചെങ്കിലും കലഹം ക്ഷണംതോറും ഉത്തരോത്തരം വൎദ്ധിച്ചിരുന്നതല്ലാതെ അശേഷം കുറഞ്ഞില്ല; ഇതുമെന്യേ ശ്രേഷ്ഠാചാൎയ്യനായ അന്നാസ് സംഭ്രമത്താൽ തളൎന്നുപോകയും ചെയ്തു.

ഞാൻ തെരുവിൽക്കൂടി നടന്നപ്പോൾ കാററ് അശേഷം ഇല്ലായിരുന്നെങ്കിലും കൊടുങ്കാററുള്ളതുപോലെ കതകുകൾ അടയുകയും താനെ തുറക്കുകയും ചെയ്തിരുന്നു. എന്നാൽ പെട്ടന്നുള്ള ഈ ഇരുൾമുഖാന്തരം ഗാഗുൽത്തായിൽ ഉണ്ടായിരുന്ന പരിഭ്രമം അവൎണ്ണനീയംതന്നെ. എന്തെന്നാൽ കൎത്താവിനെ കുരിശിൽ തറക്കുമ്പോളാണ് ഇതു് ആരംഭിച്ചതു്. പക്ഷെ ആ സമയത്തെ ചുററിക അടികളും ദൂഷണങ്ങളും മധ്യമത്തന്മാരുടെ നിലവിളികളും അട്ടഹാസങ്ങളും ആ രണ്ടു കള്ളന്മാരുടെ പ്രലാപനിലവിളികളും നിമിത്തം ആരും അത്ര ഗൌനിച്ചില്ല; എന്നാൽ പെട്ടെന്നു് സൂൎയ്യൻ മറഞ്ഞുപോകയാൽ എല്ലാ സ്വരങ്ങളും താനെതന്നെ നിന്നുപോയി. എല്ലാവരുടെ മനസ്സിലും ഒരസാമാന്യപരിഭ്രമവും ഹൃദയക്കടിയും നിറഞ്ഞു് ഓരോരുത്തൻ കുരിശിങ്കൽനിന്നു് പൊയ്ക്കളഞ്ഞു; ആ സമയമാണു് യോഹന്നാനെ മകനായി ഏല്പിച്ചപ്പോൾ മോഹാലസ്യപ്പെട്ട മാതാവിനേയും മററുള്ളവർ അവിടെനിന്നു് എടുത്തുകൊണ്ടുപോയതു്. അപ്പോൾ ചിലർ ആകാശത്തെ നോക്കി ഭ്രമിക്കയും ചിലർ നെഞ്ചത്തടിക്കയും, ചിലർ സ്ലീവായ്ക്കുനേരെ തിരിഞ്ഞു് പശ്ചാത്താപപ്പെട്ടു് മനസ്സുതിരികയും മററും ചെയ്തിരുന്നു. എന്നാൽ പ്രീശർ ആശ്ചൎയ്യം കാണിക്കാതെ കുറെയിട ധൈൎയ്യം നടിച്ചെങ്കിലും ഒടുവിൽ അവരും മിണ്ടാതെയായി; സൂൎയ്യൻ ഒരു ഇരുണ്ട മഞ്ഞരാശിയിൽ ചന്ദ്രപ്രകാശമുള്ളപ്പോൾ മലകളെ കാണുംവണ്ണമായിത്തീൎന്നിരുന്നു. കഴുതകളും കുതിരകളുംകൂടെ ഭയന്നു് തല കാലിനിടയിൽവെച്ചുകൊണ്ടു് തമ്മിൽ ഒന്നിച്ചുകൂടിയിരുന്നു. അപ്പോൾ ചുററും ഒരനക്കവുമില്ലാതെ പൂൎണ്ണമൌനം വ്യാപിച്ചു. ഈശോ തന്റെ ശിഷ്യർ, അന്ധ

ഗാമികളം, സ്നേഹിതർ മുതലായ സകലരാലും ഉപേക്ഷിക്കപ്പെട്ടു് തനിയെ ആ കുരിശിന്മേൽ തൂങ്ങിക്കിടന്നിരുന്നു. അദ്ദേഹത്തിന്റെ പ്രിയ അമ്മകൂടേയും അദ്ദേഹത്തിന്റെ അരികിൽനിന്നു് ദൂരെ കൊണ്ടുപോകപ്പെട്ടു. ആ! അവിടുന്നു് മനോഗുണങ്ങൾ ചെയ്ത പല ആയിരംപേരിൽ ഒരുവൻപോലും അവിടുത്തെ ഈ വ്യസനകരപ്രമാദത്തിൽ അല്പ ആശ്വാസംവരുത്തുവാൻ ഉണ്ടായില്ല. ഓ! എത്രയൊ വ്യസനകര ഉപേക്ഷ, എത്രയൊ ദുഃഖകര വ്യാകുലം!!

അപ്പോൾ അദ്ദേഹത്തിന്റെ തിരുആത്മം ഏതൊരുസൃഷ്ടിയാലും വർണ്ണിക്കാവതല്ലാത്ത മഹാ വ്യസനത്തിൽ അകപ്പെട്ടുപോയി. അദ്ദേഹത്തിന്റെ തിരുഹൃദയം മുഴുവൻ ഇരുട്ടും ദുഃഖവും വ്യാകുലവും നിറഞ്ഞിരുന്നു. പുറമെയുള്ള ആ ഇരുട്ടു് അദ്ദേഹത്തിന്റെ ആഭ്യന്തര ഇരുട്ടിന്റെ ഒരു നിഴൽ മാത്രമായിരുന്നു ഈ സമയം ഈശോ തന്റെ മോക്ഷപിതാവിന്റെ പക്കലേക്കു തിരിഞ്ഞു് തന്റെ ശത്രുക്കളെപ്രതി പ്രാർത്ഥിക്കയും, തിരുപ്പാട്ടുകൾ അവരുടെ രക്ഷക്കായി കാഴ്ചവെക്കയും ചെയ്തിരുന്നതുകൂടാതെ തന്റെ പാട്ടുകളുടെ സമയം മുഴുവൻ ചെയ്തിരുന്നപോലെ സങ്കീർത്തനവാക്യങ്ങളും ചൊല്ലി പ്രാർത്ഥിച്ചിരുന്നു. (ദുഃഖസാഗരത്തിൽ മുഴുകിയ എന്റെ സ്നേഹഈശോയെ! അങ്ങെ ഈ പ്രമാദവ്യസനങ്ങളെ പ്രതി അടിയന്റെ മരണസമയത്തു് ഉണ്ടാകും മനോപീഡകൾ ക്ഷമയോടെ സഹിച്ചു് നൽമരണം പ്രാപിപ്പാൻ കൃപചെയ്യരുളണമെ.) അനേക മാലാഖാമാർ ദുഃഖത്തോടെ കർത്താവിനു ചുററും നിന്നിരുന്നെങ്കിലും യാതൊരുവക ആശ്വാസവുമില്ലാതെ പ്രമാദപ്പെട്ടു് മരിക്കാറായിരിക്കുന്ന എന്റെ മോക്ഷമണവാളനെ ഞാൻ ഉററു സൂക്ഷിച്ചപ്പോൾ അവിടുന്നു് സഹിച്ചിരുന്ന ദുഃഖപീഡകൾ വർണ്ണനാതീതങ്ങളായി എനിക്കു തോന്നി. ദൈവികവും മാനുഷികവും ലൌകികവുമായ യാതൊരുവക ആദരവും സഹായവും ആശ്വാസവുംകൂടാതെ സകലവിധ ഞെരുക്കപീഡകളും, തന്ത്രഉപദ്രവങ്ങളും, ദുഃഖവിഷാദങ്ങളും ഒന്നായി ഒരുവൻ സഹിക്കേണ്ടിവന്നാൽ അതു് ഈ വ്യസനത്തിന്റെ ഒരു നിഴൽ മാത്രമേ ആകയുള്ളു.

എന്നാൽ ഭൂമിയിൽ നാം സ്നേഹിക്കുന്ന സകലവും ഉപേക്ഷിക്കേണ്ടുന്ന സമയമായ ആ ഭയങ്കര മരണപ്രമാദത്തിൽ നമുക്കുണ്ടാകുന്ന ശരണക്കേട്ടു് മുതലായ സഹിക്കരുതാത്ത ഘോരപരീക്ഷകളെ നാം ജയിക്കുന്നതിനുള്ള ആ വിലതീരാത്ത വരപ്രസാദ

ങ്ങളെ നമുക്കായി കർത്താവു് സമ്പാദിച്ചതു് ഈ പ്രമാദഘട്ടത്തിലത്രെ. രോഗശക്തിയാൽ ബോധം ക്ഷീണിച്ചു് ബുദ്ധിമയങ്ങി അനുഗ്രഹത്തിൻെറയും പൊറുതിയുടെയും ശരണം മങ്ങിത്തുടങ്ങുമ്പോഠം കുരിശിന്മേൽവെച്ചുള്ള കർത്താവിൻെറ ഈ പരിത്യക്താവസ്ഥയോടു് നമ്മുടേയും ഒപ്പിച്ചുകൊണ്ടു് ഈ നരകശത്രുവിനോടു് പൂർണ്ണജയം പ്രാപിക്കുമെന്നു് ശരണമായിരിക്കു. അപ്പോഠം ഈശോ തൻെറ സകല പാടുകളും ഈ ആത്മിക ഇരുട്ടും പ്രത്യേകം നമ്മുടെ നന്ദികേടുകഠം നിമിത്തമുള്ള കൈപ്പായ ആ സങ്കടവും പാപപരിഹാരബലിയായി പിതാവിനു് കയ്യാളിച്ചു.

ആകയാൽ തിരുസ്സഭമൂലം ഈശോയോടു് യോജിച്ചിരിക്കുന്നവർ മരണസമയത്തു് ആത്മീകവും, ലൌകികവുമായ യാതൊരു ആശ്വാസവുമില്ലാതെ സകലരാലും ഉപേക്ഷിക്കപ്പെട്ടിരിക്കുന്നുയെന്നു് തോന്നിയാലും നമ്മുടെ മുമ്പാകെ കുരിശിൽ തൂങ്ങിക്കിടക്കുന്ന ഈശോ അനുഭവിച്ച ഈ ഭയങ്കരമായ ആത്മീകയിരുഠം ചിന്തിച്ചു് പൂർണ്ണശരണം പ്രാപിക്കേണ്ടതാകുന്നു. എന്തെന്നാൽ നമ്മുടെ വെട്ടവും ആയുസ്സും വഴിയും സത്യവുമായ ഈ ഭയങ്കര പാതയെ സകല വരപ്രസാദങ്ങളാലും നിറച്ചു് തൻെറ തിരുസ്ലീവായെ അതിൽ സ്ഥാപിച്ചിരിക്കയാൽ അതിനെ മനസ്സലിവോടെ ഉററുസൂക്ഷിച്ചു് ചിന്തിച്ചാൽ നമുക്കു് പൂർണ്ണശരണമുണ്ടാകും നിശ്ചയം. അതിൻെറശേഷം ഈശോ നിത്യപിതാവിൻെറ സന്നിധിയിൽ ഒരു മരണപത്രികപോലെ തൻെറ കഷ്ടാനുഭവത്തിൻെറയും കുരിശുമരണത്തിൻെറയും യോഗ്യതകഠം തിരുസ്സഭയ്ക്കും പാപികഠംക്കുമായി സമർപ്പിച്ചു, അവർ ഓരോരുത്തരേയും സകല പതിതരേയും താൻ ദൈവമാകയാൽ മനുഷ്യനെപ്പോലെ പാടുകഠം സഹിച്ചിട്ടില്ലെന്നു് വാദിക്കുന്നവരെക്കൂടേയും ചിന്തിച്ചു് ദുഃഖിച്ചു. എന്നാൽ മൂന്നുമണി സമയമായപ്പോഠം, ഈശോ, നാം കൈപ്പായ ദുഃഖസാഗരത്തിൽ മുഴുകുമ്പോഠം മക്കഠംക്കടുത്ത മനോവിശ്വാസത്തോടെ അതുകളെ തനിക്കു് കയ്യാളിക്കണമെന്നു് നമ്മെ പഠിപ്പിപ്പാനായി (ഏൽ ഏൽ, ല്മ്മാനാശ്ബക്തൻ) "എൻെറ ദൈവമേ, എൻെറ ദൈവമേ, എന്തു എന്നെ നീ ഉപേക്ഷിച്ചു" എന്നു് അതി പ്രലാപകൻസ്വരത്തിൽ പിതാവിനോടു് നിലവിളിച്ചു് പ്രാർത്ഥിച്ചു.

ഇത്ര ദീർഘമൌനത്തിൻെറ ശേഷമുണ്ടായ കർത്താവിൻെറ ഈ സ്വരം പ്രീശർ കേട്ടു് ഇതാ അവൻ ഏല്യായെ വിളിക്കു

ന്നു" എന്നു് ഒരുവനും, "ഏലീയ അവനെ രക്ഷിപ്പാൻ വരുമൊ എന്നു് നമുക്കു് കാണണം" എന്നു് മററൊരുവനും പറഞ്ഞു. അപ്പോൾ പരിശുദ്ധ കന്യക പുത്രൻെറ സ്വരം കേട്ടു് അടങ്ങി നില്പാൻ കഴിയാതെ യോഹന്നാനും, കലിയോപ്പായുടെ മകൾ മറിയവും, മഗ്ദലേനായും ഒന്നിച്ചു് കുരിശിങ്കലേക്കു് ഓടിവന്നു. എന്നാൽ ആ മൌനസമയം യൂദായിൽനിന്നും ജോപ്പായുടെ സമീപ ഗ്രാമങ്ങളിൽനിന്നുമുള്ള മുപ്പതു് കുതിരക്കാർ ഓറശ്ലേംപട്ടണത്തിലേക്കു് തിരു നാളുക്കു പോകും വഴിമദ്ധ്യേ കുരിശിങ്കൽവന്നു് അതിന്മേൽ തൂങ്ങിയിരിക്കുന്ന കർത്താവിൻെറ ക്രൂരപാടുകളും അതുനിമിത്തം പ്രകൃതിയിൽ കാണപ്പെട്ട ഈ ഭയങ്കര ദൈവകോപലക്ഷ്യവും കണ്ടു് ഹൃദയം തകർന്നു് പരിഭ്രമിച്ചു് ഇങ്ങനെ പറഞ്ഞു: "ദൈവത്തിൻെറ ആലയം അതിൽ ഇല്ലായിരുന്നെങ്കിൽ ഈ ക്രൂരപാതകം നിമിത്തം അഗ്നിയിറങ്ങി ഓറശ്ലേംപുരിയെ അടിസ്ഥാനത്തോടെ ദഹിപ്പിച്ചേനെ" ദൂരസ്ഥരെങ്കിലും ഉന്നതവംശപതികളായ അവരുടെ ഈ വാക്യങ്ങൾനിമിത്തം എല്ലാവരും അത്യന്തം ഇളകി ദുഃഖനാലവിളികളും പ്രലാപകര സംസാരങ്ങളും നാനാഭാഗത്തും കേട്ടുതുടങ്ങി.

പ്രീശർ ജനങ്ങളിൽ പരന്നിരിക്കുന്ന ഈ അസാമാന്യക്ഷോഭം മുഖാന്തരം കലഹമുണ്ടാകുമൊയെന്നു് ഭയപ്പെട്ടു് പട്ടണത്തിൽനിന്നു് ഗാഗുൽത്തായിലേക്കു് വരുന്ന ജനങ്ങളെ തടുപ്പാനായി പട്ടണവാതിൽ അടച്ചു്, അഞ്ഞൂറു് സേവകരുടെ ഒരു സൈന്യത്തെ പട്ടണമെങ്ങും കാവൽനിറുത്തണമെന്നു് പീലാത്തോസിസിനേയും ഹേറോദേസിനേയും അറിയിക്കുന്നതിന്നായി അബനാദർ എന്ന ശതാധിപനോടു് ആലോചിച്ചു് പറഞ്ഞയച്ചു. എന്നുമാത്രവുമല്ല ഇനിയും ജനങ്ങളെ ക്ഷോഭിപ്പിക്കാതിരിപ്പാനായി യാതൊരുത്തനും ഈശോയെ ദൂഷിക്കരുതെന്നു് ഇവർ പ്രമാണിക്കയും ചെയ്തു. എന്നാൽ മൂന്നുമണി കഴിഞ്ഞപ്പോൾ സൂര്യൻെറ മുമ്പിൽനിന്നു് ചന്ദ്രൻ മാറിത്തുടങ്ങുകയാൽ ക്രമേണ പ്രകാശിച്ചു് തുടങ്ങിയപ്പോഴാണു് കർത്താവിൻെറ ശത്രുക്കൾ വീണ്ടും ധൈര്യം പ്രാപിച്ചു് "ഇതാ ഇവൻ ഏലീയായെ വിളിക്കുന്നു" എന്നു പറഞ്ഞതു്.

# അദ്ധ്യായം 44

## കുരിശിൽനിന്നുള്ള ഈശോയുടെ 5-ം, 6-ം 7-ം, വാക്യങ്ങളും അവിടുത്തെ തിരുമരണവും.

വെളിച്ചം വീണ്ടും പ്രകാശിച്ചുതുടങ്ങവെ ക്ഷീണിച്ച് വിളറിയും കർത്താവിൻെറ തിരുമുഖം വീണ്ടും കാണാറായിയെന്നു് മാത്രവുമല്ല ദേഹത്തിലെ രക്തം മുഴുവൻ പോയിരുന്നതിനാൽ അതു് വളരെ വിളറിയിരുന്നു. അപ്പോൾ "ചക്കിലിട്ട ദ്രാക്ഷാപ്പഴങ്ങൾപോലെ ഞാൻ ഞെക്കപ്പെട്ടു, വെള്ളം പുറപ്പെടുംവരെ എൻെറ രക്തമെല്ലാം ചിന്തപ്പെടും, എന്നാൽ ഇനി ഇവിടെ വീഞ്ഞുണ്ടാക്കപ്പെടുകയില്ല" എന്നു് ഈശോ അരുളിച്ചെയ്തു. പക്ഷേ ഈ വാക്കുകൾ ശേഷമുള്ളവർ കേൾക്കത്തക്കവണ്ണം അവിടുന്നു് ഉച്ചരിച്ചോയെന്നു് അറിഞ്ഞില്ല. എങ്കിലും പിന്നീടു് ഈ തിരുവാക്യങ്ങൾ സംബന്ധിച്ചുണ്ടായ ഒരു കാഴ്ചയിൽ യഫെത്തെന്ന പൂർവ്വപിതാവു് പണ്ടത്തെക്കാലത്തു് ഈ സ്ഥലത്തുവെച്ചു് വീഞ്ഞുണ്ടാക്കുന്നതു് ഞാൻ കണ്ടു.

അതിൻെറശേഷം കർത്താവിൻെറ നാക്കു് ഉലന്നു് ബുദ്ധി മയങ്ങിപ്പോകുംവണ്ണമാകയാൽ "എനിക്കു് ദാഹിക്കുന്നു" എന്നു് അവിടുന്നു് അരുളിച്ചെയ്തു. അപ്പോൾ അടുക്കെ നിന്നിരുന്ന ശിഷ്യന്മാർ ആഴമായ പരിതാപത്തോടെ കർത്താവിനെ നോക്കിനില്ക്കുമ്പോൾ "കുറച്ചു വെള്ളം എനിക്കു് നിങ്ങൾ തരായിരുന്നില്ലേ" എന്നു് മഹാ ദുഃഖത്തോടെ അവിടുന്നു് ചോദിച്ചു. അതിൻെറ സാരം "ആ ഇരുട്ടിൽ എല്ലാവരും പോയസമയം കുറച്ചുവെള്ളം നിങ്ങൾ എനിക്കു തന്നെങ്കിൽ ആരും മുടക്കാഞ്ഞേനെയല്ലൊ" എന്നാണെന്നു് അവർ ഗ്രഹിക്കയാൽ അവർക്കു് മഹാ ദുഃഖമായി. "കർത്താവേ, ഞങ്ങൾ അതു് അശേഷം ഓർത്തില്ല" എന്നു് അവർ ഉത്തരിച്ചു. ഈശോ പിന്നേയും ചില വാക്യങ്ങൾ അരുളിച്ചെയ്തതിൻെറ സാരം എന്നെ സംബന്ധിച്ചു് എഴുതപ്പെട്ടവ നിറവേറുന്നതിനായി എൻെറ സ്നേഹിതരും അയൽക്കാരും കുടിപ്പാൻ വെള്ളംകൂടെ തരാതെ എന്നെ ഉപേക്ഷിക്കേണ്ടതാണു് എന്നായിരുന്നു. എന്നാൽ ഈ ഉപേക്ഷ കർത്താവിനെ വളരെ കഠിനമായി ദുഃഖിപ്പിച്ചു.

അപ്പോൾ ശിഷ്യർ കുറെ വെള്ളം കർത്താവിനു് കൊടുക്കുന്നതിനായി സേവകർക്കു് പണം കൊടുത്തെങ്കിലും അവർ സമ്മതിക്കാതെ കൈപ്പുകലർത്തിയ ചൊറുക്കയിൽ നീർപ്പഞ്ഞി നനച്ചു് അദ്ദേഹത്തിനു് കൊടുപ്പാൻ ഭാവിക്കെ ശതാധിപനായ അബെനാദർ എന്നവനു് കരുണതോന്നി അതു് വാങ്ങി പിഴിഞ്ഞുകളഞ്ഞു് കുറെ ശുദ്ധ ചൊറുക്ക അതിലൊഴിച്ചു് ഒരു ഞാങ്കണമേൽ വെച്ചുകെട്ടി അദ്ദേഹത്തിനു കാണിച്ചു. എന്നാൽ കർത്താവു് പിന്നേയും "എൻെറ സ്വരം അവസാനിക്കുമ്പോൾ മരിച്ചവരുടെ വാ തുറക്കപ്പെട്ടും" എന്നു് അരുളിച്ചെയ്തതുകേട്ടു് അരികെ നിന്നവർ "ഇവൻ ഇതാ വീണ്ടും ദൂഷണം പറയുന്നു" എന്നു് നിലവിളിക്കയാൽ അബെനാദർ ഉടൻ മൌനമായിരിപ്പാൻ അവരോടു് പ്രമാണിച്ചു.

ഒടുവിൽ നമ്മുടെ കർത്താവിൻെറ സമയംവന്നു, മരണപ്രമാദം ആരംഭിച്ചതിനോടെ അവിടുത്തെ തിരുമേനി ആസകലം തണുത്തു് വിയപ്പു നിറകയാൽ യോഹന്നാൻ അദ്ദേഹത്തിൻെറ കാല്പാദങ്ങൾ തുടയ്ക്കയും മഗ്ദലേന ദുഃഖത്താൽ വിറങ്ങലിച്ചു് കുരിശിൻെറ പുറകിൽ വീഴുകയും ചെയ്തു. കലിയോപ്പാമറിയവും ശാലോമും താങ്ങിയിരുന്ന ദൈവജനനി മരിക്കുന്ന തിരുപ്പുത്രൻെറ തിരുമുഖത്തെ ഉററുസൂക്ഷിച്ചുകൊണ്ടു് കർത്താവിൻെറയും ആ നല്ല കള്ളൻെറയും കുരിശുകൾക്കിടയിൽ നിന്നിരുന്നു. അപ്പോൾ ഈശോ പാറകളെക്കൂടെ തകർത്തുകള ദുഃഖസാഗരത്തിൽ നിമഗ്നനായി "എല്ലാം നിറവേറി" എന്നു് അരുളിച്ചെയ്തു. അതിൻെറശേഷം അവിടുത്തെ തിരുത്തല ഉയർത്തിക്കൊണ്ടു് "പിതാവേ, നിൻെറ കരങ്ങളിൽ എൻെറ ആത്മാവിനെ ഞാൻ കയ്യേല്പിക്കുന്നു" എന്നുച്ച സ്വരത്തിൽ നിലവിളിച്ചുപറഞ്ഞു. എന്നാൽ തെളിവുള്ളതെങ്കിലും പതറിയ സ്വരത്തിൽ ഉച്ചരിച്ച ആ ശബ്ദം ആകാശത്തിലും ഭൂമിയിലും എങ്ങും ധ്വനിച്ചു. ഒരു മാത്ര കഴിഞ്ഞപ്പോൾ തല കുനിഞ്ഞു് തിരുജീവൻ വിട്ടു.

ഉടനെ അവിടുത്തെ തിരുആത്മം ഒരു ശോഭയുള്ള അഗ്നിതാരകരൂപത്തിൽ കുരിശിൻെറ ചുവട്ടിൽ ഭൂമിയിൽ ഉൾപ്രവേശിക്കുന്നതും യോഹന്നാനും ആ ഭക്തനാരീഗണവും സാഷ്ടാംഗംവീണു് അദ്ദേഹത്തെ ആരാധിക്കുന്നതും ഞാൻ കണ്ടു. ശതാധിപനായ അബെനാദർ ഭാഷപകനു് അദ്ദേഹത്തിൻെറ തിരുമുഖത്തു് കൺ

തിരിക്കാതെ ശ്രദ്ധയോടെ ഉററുസൂക്ഷിച്ച് നിൽക്കുമ്പോറം സംഭവിച്ച ഈ സംഗതികളാൽ അത്യന്തംമനസ്സിളകി. കത്താവിൻെറ തിരുജീവൻ പിരിയുംമുമ്പുള്ള ആ നിലവിളിയാൽ ഭൂമി കുലുങ്ങി ഗാഗുൽത്തായിലെ പാറ കത്താവിൻെറയും, ജേസ്മാസ് എന്ന ദുഷ്ട കള്ളൻെറയും കുരിശുകറക്കിടയിൽ നന്നാ ആഴമായി പിളന്നു പോയി. ദൈവമായ ഈശോയുടെ ആ സ്വരം— ഉന്നതമായതും ഭയങ്കരമായതുമായ ആ സ്വരം— ലോകം മുഴുവനിലും മുഴങ്ങി ധ്വനിച്ചതിനോടെ അപ്പോറം പ്രകൃതിയിൽ വ്യാപിച്ചിരുന്ന ആ ഘോര മൌനം അതിനാൽ നീങ്ങിപ്പോയി.

അങ്ങെ തിരു ആത്മം തിരുദേഹത്തെ വിട്ട സമയത്തുണ്ടായ ആ അന്തിമനിലവിളി സകലരുടെ ഹൃദയങ്ങളിലും പരിഭ്രമം നിറച്ചതു കൂടാതെ ഭൂമി കുലുങ്ങി തൻെറ സൃഷ്ടിതാവിനെ വണങ്ങുകയും അദ്ദേഹത്തെ സ്നേഹിച്ചവരൊക്കയുടേയും ഹൃദയങ്ങളിൽ വ്യാകുലമുറിവു് ഏല്പിക്കയും ചെയ്തു. എന്നാൽ ഈ ക്ഷണം അബനാദർ എന്ന ശതാധിപനു് വരപ്രസാദക്ഷണമായിത്തീന്നു. എന്തെന്നാൽ അവൻ കയറിയിരുന്ന കുതിര അവനു് കീഴ് വിറച്ചു വീഴുകയാൽ അവൻെറ ഹൃദയം ഇളകി രണ്ടായി പിളന്നു; അവൻെറ കുന്തം ദൂരെ എറിഞ്ഞു് നെഞ്ചത്തടിച്ചുകൊണ്ടു് അബ്രാഹം, ഇസഹാക്കു് യാക്കോബിൻെറ ദൈവമായ ഉന്നതദൈവം ആശീവ്വദിക്കപ്പെട്ടവനാകട്ടെ, എന്നുച്ചത്തിൽ നിലവിളിച്ചു.

അബ്നാദർ തൽക്ഷണം വേറെമനുഷ്യനായിത്തീന്നു് സത്യദൈവമായ ഈശോയെ ആരാധിക്കയും പിന്നീടു് കത്താവിൻെറ ശത്രുക്കളെ സേവിക്കാതെ അയാളുടെ കുതിരയും കുന്തവും രണ്ടാമനായ ലൊങ്കീനോസിനു് കൊടുക്കയും, അവൻ പടയാളികളോടു് ചില അധികാരവാക്കുകറം ഉച്ചരിച്ചുകൊണ്ടു് ആ സ്ഥാനം വഹിക്കയുംചെയ്തു. അബനാദർ ഉടൻപോയി ഈശോയുടെ ശിഷ്യരോടു് അദ്ദേഹത്തിൻെറ മരണം അറിയിച്ചുകൊണ്ടു് പീലാത്തോസിനെ കാണ്മാനായി പട്ടണത്തിലേക്കു് പോയി. എന്നാൽ അബനാദർ കത്താവിൻെറ ദൈവത്വത്തെ പ്രസിദ്ധമായി സാക്ഷീകരിച്ചുടൻ പല പടയാളികളും, വേറെ പലരും കുറെ പ്രീശർക്കുടേയും അയാളെ പിൻതുടന്നു് മനസ്സുതിരിഞ്ഞു. ചിലർ നെഞ്ചത്തടിച്ച് കരഞ്ഞു വീടുകളിലേക്കു പിൻതിരികയും, മററുചിലർ വസ്ത്രംകീറി തലയിൽ ചാരം പൂശുകയും, എല്ലാവരും ഭ്രമിച്ചു് ഞെട്ടുങ്ങുകയുംചെയ്തു. അപ്പോറം യോഹന്നാനും മററു്

ചില സ്ത്രീകളുംവന്നു് മാതാവിനെ കുരിശിൻ ചുവട്ടിൽനിന്നു് കൊണ്ടുപോയി.

ആയുസ്സിൻെറയും മരണത്തിൻെറയും ഉടയവനായ നമ്മുടെ കത്താവു്, പിതാവിൻ കരങ്ങളിൽ തൻെറ തിരുആത്മം കയ്യാളിച്ചു് തിരുദേഹത്തെ മരണത്തിനു് ഏല്പിക്കവെ അതു് ആസകലം ഞെട്ടങ്ങി വിളറിയ നിറമായി പകന്നുകൂടാതെ രക്തമൊലിച്ചിരുന്ന എണ്ണമില്ലാത്ത മുറിവുകാം കറുത്തവണ്ണമായി കാണപ്പെട്ടിരുന്നു. എന്നുമാത്രവുമല്ല അവിടുത്തെ കവിറം ഒട്ടിയും, മൂക്കു് നീണ്ടും, രക്തംനിറഞ്ഞ കണ്ണുകാം പകുതി തുറന്നും ഇരുന്നിരുന്നു. ഈശോ ജീവൻ വിട്ടപ്പോഠം മുള്ളുകളാൽ ചുററപ്പെട്ട ആ ശിരസ്സു് മരണ പ്രമാദവേദനയാൽ അല്പനേരം ഉയത്തിപ്പിടിച്ചശേഷം തോളിലേക്കു് വീണുപോയതുമെന്യേ രക്തമൊലിക്കുന്ന ചുണ്ടുകാം അല്പം തുറന്നു് നാക്കു് അല്പം പുറത്തു കണ്ടിരുന്നു. പ്രമാദവേദനയാൽ ആണിക്കുടമേൽ ചുരുട്ടിപ്പിടിച്ചിരുന്ന വിരലുകളും ഭുജങ്ങളും പെട്ടെന്നു് നിവത്തിയിട്ടു് സ്വഭാവസ്ഥിതിയിൽ തളന്നു കിടന്നിരുന്നു. ദേഹബലം മുഴുവൻ കെട്ടു് അതിൻെറ ഭാരം മുഴുവൻ കാലുകളിന്മേൽ വഹിക്കയാൽ മുട്ടുകാം അല്പം വളഞ്ഞു് ഒരുവശത്തേക്കു് ചാഞ്ഞിരുന്നു.

ആ!! പരിശുദ്ധ കന്യക ആ കാഴ്ചയാൽ അനുഭവിച്ച കഠിനവ്യാകുലം വണ്ണിപ്പാൻ ആരാൽ സാദ്ധ്യമാകും !!! അവളുടെ കണ്ണുകാം അടഞ്ഞു് മുഖം പ്രേതംപോലെ നിറം പകന്നു് തളന്നു് വീണുപോകയാൽ യോഹന്നാനും മററും താങ്ങി എഴുന്നേല്പിച്ചു് അവളുടെ സ്നേഹകുമാരൻ—ദിവ്യമഹാദ്ക്കുദശായാലെ ഉത്ഭവിച്ചു് അവളുടെ മാംസത്തിൽനിന്നുള്ള മാംസവും അസ്ഥിയിൽനിന്നുള്ള അസ്ഥിയും അവളുടെ ഹൃദയത്തിൽനിന്നുള്ള ഹൃദയവുമായ ആ തിരുപ്പുത്രൻ- രണ്ടുകള്ളന്മാരുടെ നടുവിൽ കുരിശിൽ തൂങ്ങി മരിച്ചു്, അദ്ദേഹം രക്ഷിപ്പാൻവന്ന ആ മനുഷ്യരാൽ നിന്ദിക്കപ്പെട്ടു്, കിടക്കുന്ന അദ്ദേഹത്തിൻെറ ആ തിരുമുഖത്തെ ഒന്നുകൂടെ അവാം ഉററുസൂക്ഷിച്ചു; നിശ്ചയമായിട്ടു് ആ സമയത്താണു് വേദസാക്ഷികളുടെ രാജ്ഞി എന്ന നാമധേയത്തിനു് അവാം പാത്രമായതു്.

നമ്മുടെ കത്താവു് തിരുജീവൻ വിട്ടപ്പോഠം മൂന്നുമണി സമയമായിരുന്നു. എന്നാൽ പ്രീശർ ഭൂകമ്പംമൂലം ആദ്യം ഭയവിഹ്വലരായെങ്കിലും പിന്നീടു് പരിഭ്രമമടങ്ങി, ആ പാറപിളപ്പിൽ കല്ലുപൊറുക്കിയിട്ടും കയറുകെട്ടി ഇറക്കിയും അതിൻെറ ആഴം പരി

ശോധിക്കവെ, അതു് തീർമ്മാനിപ്പാൻ അസാദ്ധ്യമായി കാൺക യാൽ വിചാരംകൊണ്ടു് അതിശയിച്ചു് കുറെനേരം മനസ്താപ ക്കാരുടെ പ്രലാപം കേട്ടശേഷം സ്ഥലംവിട്ടു് പൊയ്ക്കളഞ്ഞു. കാഴ്ചക്കാരിൽ അനേകരും സത്യമായി മനസ്സുതിരികയും മററ നേകർ ഭയന്നു് ഞെട്ടിഞ്ഞി പട്ടണത്തിലേക്കു് മടങ്ങിപ്പോകയും, ഈശോയുടെ സ്നേഹിതർ അദ്ദേഹത്തെ നോക്കി ചിന്തിച്ചു് കര ഞ്ഞുകൊണ്ടു് കുരിശിനു ചുററം നിൽക്കയും ചെയ്തിരുന്നു.

# അദ്ധ്യായം 45

## ഭൂകമ്പവും മരിച്ചവരുടെ ശാസനയും

നമ്മുടെ കർത്താവു് തിരുജീവൻ വിട്ട ക്ഷണത്തിൽ അവിട ത്തെ തിരുആത്മാവു് ഒരു ശോഭയുള്ള പ്രകാശഗോളംപോലെ ഗബ്രിയേൽ മുതലായ ദൈവദൂതരുടെ പരിവാരമദ്ധ്യേ ഭൂമിക്കു ള്ളിൽ പ്രവേശിക്കുന്നതും, ആ മാലാഖാമാർ അനേക ദുഷ്ടാരൂപി കളെ നരകപാതാളത്തിൽ തള്ളിയിടുന്നതും ഞാൻ കണ്ടു. അതി ൻെറശേഷം പാപികളിൽ ഒരു രക്ഷണീയ പരിഭ്രമം വരുത്തുന്ന തിനും ഈശോയുടെ ദൈവികത്വത്തെ പ്രസിദ്ധമായി സാക്ഷീക രിക്കുന്നതിനുമായി അബ്രാഹത്തിൻെറ മടിയിൽ കിടന്നിരുന്ന പല ആത്മാക്കളും മുൻ അവർ ധരിച്ചിരുന്ന ദേഹങ്ങളിൽ പ്രവേ ശിച്ചു് മനുഷ്യർക്കു് കാണപ്പെട്ടവാൻ അവിടുന്നു് പ്രമാണിച്ചു. എന്നാൽ ഗാഗുൽത്തായിലെ പാറ ഭേദിച്ച ആ ഭൂകമ്പം പലസ്തീ നാനാട്ടിൽ അനേക ഭയങ്കരനാശങ്ങളെ വരുത്തിയ കൂട്ടത്തിൽ പ്രധാനമായവ ഓറശ്ലേംപുരിയിലാണു് അനുഭവവേദ്യമായതു്.

എങ്ങനെയെന്നാൽ ഭൂമിയിലെ ഭയങ്കര ഇരുട്ടു് നീങ്ങി പ്ര കാശിച്ചതിനാൽ അതിലെ നിവാസികൾ ആനന്ദിച്ചുതുടങ്ങിയ പ്പോൾ ഉണ്ടായ അതിഭയങ്കര ഭൂകമ്പത്താലും സമീപമുള്ള ഭവന ങ്ങളും കെട്ടിടങ്ങളും ഇടിഞ്ഞുവീഴുന്ന ഘോരമുഴക്കശബ്ദങ്ങളാലും അവരുടെ പരിഭ്രമം പതിന്മടങ്ങു് വർദ്ധിച്ചു. മാത്രവുമല്ല ആ ദുഷ്ട പാതകർ ഇതുകളാൽ ഭയന്നു് ഓടിയൊളിച്ചപ്പോൾ വളരെക്കാലം മുമ്പു് മരിച്ചിരുന്ന അനേകർ അവർക്കെതിരെ വന്നു് അവരുടെ ഈ പാതകംമൂലം അവരെ കഠിനമായി ശാസിച്ചു് കുററപ്പെടുത്തു

കയാൽ അവരുടെ ഭയവും പരിഭ്രമവും നൂറു ഇരട്ടി അധികരിച്ചു.

ശ്രേഷ്ഠാചാൎയ്യൻ ആ ഭയങ്കര ഇരുട്ടുമുഖാന്തരം ഇടമുറിഞ്ഞുപോയ പെസഹബലി, ഇരുട്ടുനീങ്ങി പ്രകാശിച്ചപ്പോൾ ജയസന്തോഷത്തോടെ വീണ്ടും ആരംഭിച്ചു. എന്നാൽ അപ്പോൾ പെട്ടെന്നു് അവർ ചവട്ടി നില്ക്കുന്ന ഭൂമി ഭയങ്കരമായി കലുങ്ങി വിറയ്ക്കയും സമീപമുള്ള കെട്ടിടങ്ങൾ ഇടിഞ്ഞുവീഴുകയും ദേവാലയതിരശ്ശീല മുകൾതൊട്ടു് അടിവരെ രണ്ടായി കീറുകയും ചെയ്കയാൽ അവരുടെ പരിഭ്രമം അടക്കുവാൻ പാടില്ലാതായി. എന്നാൽ പുറത്തുള്ളവർ ആദ്യം ഒരു മാത്രനേരം ചത്തപോലെ മൌനമായിരുന്നിട്ടു് ഒടുവിൽ വാവിട്ടു് നിലവിളിച്ചിരുന്നു. ദേവാലയത്തിൻെറ ഉള്ളിലൊയെന്നാൽ എല്ലാപ്പോഴും പ്രത്യേകിച്ചു് പെസഹാ ബലി സമയവും അടക്കവും മൌനവും കഠിനമായി പ്രമാണിക്കപ്പെട്ടിരുന്നാലും ക്രമങ്ങൾ വലിയ മഹിമയോടും ഗൌരവത്തോടും ക്രമങ്ങൾ നടത്തിയിരുന്നതിനാലും അവിടെ നിലവിളി ശക്തിയായില്ലെങ്കിലും പെട്ടെന്നു് സകലരും ഭ്രമിച്ചു് മൌനമായിരുന്നിട്ടു് പുരുഷാരം മുഴുവൻ ഒന്നായിട്ടു് വാതില്ക്കലേക്കു് പാഞ്ഞു. മാത്രവുമല്ല ഓരോരുത്തൻെറ ദൃഷ്ടിയിൽ പരിഭ്രമവും ആശ്ചൎയ്യവും നിറഞ്ഞു് ഒരു മഹാ കലഹമായിത്തീൎന്നു. ബലിപൂജ നിന്നുപോകയും എല്ലാവരും ക്ഷണം ഓടിപ്പോകുന്നതിന്നു് പ്രയത്നിക്കയും ചെയ്തു.

അപ്പോൾ ഇതാ പെട്ടന്നു് അനേക കാലംമുമ്പെ മരിച്ച പലർ അവൎക്കരികെ വന്നു് ഉഗ്രകോപത്തോടെ അവരെ നോക്കി, അവൻെറ രക്തം ഞങ്ങളുടെ തലമേൽ വീഴട്ടെ, എന്നു് നിലവിളിച്ചുകൊണ്ടു് നീതിമാനായ ഈശോയെ കൊന്നതിൽ ഇന്നെ ദിവസം അവർ നിറവേററിയ ഘോരപാതകംമൂലം, കഠിനമായി അവരെ ശാസിച്ചു് കുററപ്പെടുത്തിയിരുന്നു. കലഹം അടക്കി പൂജ മുഴുവനാക്കുന്നതിന്നു് ശ്രേഷ്ഠാചാൎയ്യർ വളരെ പ്രയത്നിച്ചെങ്കിലും എല്ലാം വ്യൎത്ഥമായി; ഒന്നും നടന്നില്ലെന്നു് മാത്രമല്ല ജനങ്ങളുടെ അപ്പോഴത്തെ സ്ഥിതി ഉറുമ്പുംകൂട്ടത്തിൽ കല്ലിട്ടാലെന്നപോലെ പരിഭ്രമം പിടിച്ചതായിരുന്നു. എന്നാലും കയ്യാപ്പായും ശുശ്രൂഷികളും അവരുടെ പൈശാചിക ഹൃദയകാഠിന്യത്താലും നിഗളത്താലും സുബോധം മുഴുവൻ വിടാതെ ജനങ്ങളെ സമാധാനപ്പെടുത്തി. ഈ ആശ്ചൎയ്യകര സംഭവങ്ങൾ ഒന്നും ഈശോയുടെ കുററമില്ലായ്മയെ സാക്ഷീകരിക്കുന്നില്ലെന്നു് അവരെ ഗ്രഹിപ്പി

ക്കുന്നതിന്നു് പ്രയത്നിച്ചിരുന്നു. എന്നു മാത്രവുമല്ല പട്ടണമെങ്ങും കാവൽ നിന്നിരുന്ന സൈന്യവും കലഹം അടക്കുന്നതിന്നു അത്യധികം ശ്രമിച്ചു.

എന്നാൽ ദേവാലയത്തിൽ ഏററവും വിശുദ്ധ സ്ഥലത്തിന്റെ മുമ്പിലുള്ള ആ വലിയ തിരശ്ശീല തൂക്കിയിരുന്ന രണ്ടു് ബ്രഹ്മാണ്ഡതൂണുകൾ അടിയോടെ മറിഞ്ഞു ആ തിരശ്ശീലയെ മുകളിൽനിന്നു് അടിയോളം രണ്ടായി കീറി വാഗ്ദാനത്തിന്റെ പെട്ടകത്തെ പ്രത്യക്ഷമാക്കിക്കൊണ്ടു് ഭയങ്കര ശബ്ദത്തോടെ തെക്കോട്ടും വടക്കോട്ടും വീണുപോയി, എന്നുതന്നെയുമല്ല ശുദ്ധ സ്ഥലത്തിന്റെ വാതിലിന്റെ മേൽവളവുപൊട്ടി ചുമരിൽനിന്നുള്ള ഒരു കല്ലിളകി ശെമഓൻബാവാ മുട്ടുകുത്തുമാറായിരുന്ന സ്ഥലത്തുവീണു. മാത്രവുമല്ല നിലംമുഴവൻ ഇളകി മറിഞ്ഞു മററു പല തൂണുകളും ഉരുണ്ടുവീഴുകയും ചെയ്തു. ഇതിന്നിടയിൽ ഇതാ പെട്ടെന്നു് പീഠത്തിന്റെയും മണ്ഡപത്തിന്റെയും മദ്ധ്യേവെച്ചു് കൊല്ലപ്പെട്ട ശ്രേഷ്ഠാചാര്യനായിരുന്ന പൂർവ്വസ്ഥറിയ ശുദ്ധസ്ഥലത്തു് കാണപ്പെട്ടു് കർത്താവിനേയും സ്നാപകയോഹന്നാനേയും അയാളുടെ പിതാവായ രണ്ടാം സ്ഥറിയായേയും മററു ദീർഘദർശികളേയും അവർ കൊന്നതുനിമിത്തം കഠിനമായി അവരെ ശാസിച്ചു.

ഇതുകൂടാതെ ശെമഓൻബാവായുടെ കാരണവന്മാരിൽ രണ്ടുപേർ വേറൊരിടത്തു് കാണപ്പെട്ടു് ദീർഘദർശികളെ കൊന്നതുനിമിത്തം ഘോരമായി ശാസിച്ചുകൊണ്ടു് പഴയ വേദപൂജക്കു് അവസാനമായി എന്നും, എല്ലാവരും മനസ്സുതിരിഞ്ഞു് അവർ ഇന്നു കുരിശിന്മേൽ തൂക്കിയ ഈശോ പഠിപ്പിച്ചവകളെ അനുസരിച്ചു് നടക്കണമെന്നും ഉപദേശിച്ചു. അപ്രകാരംതന്നെ ഏററമ്മിയ ദീർഘദർശിയും പീഠസമീപെ കാണപ്പെട്ടു് നീരസമായ ഭാവത്തിലും സ്വരത്തിലും പഴയ പൂജയെല്ലാം അവസാനിച്ചുയെന്നും, പുതിയ ഒരു പൂജ ആരംഭിച്ചിരിക്കുന്നുയെന്നും അറിയിച്ചു. ഈ കാഴ്ചകൾ ഗുരുക്കൾമാത്രം പ്രവേശിക്കുന്ന ശുദ്ധസ്ഥലത്തുവെച്ചുണ്ടായി. കയ്യാപ്പായും വേറെ ചിലരും മാത്രം അറിയുകനിമിത്തം അവർ ആരോടും അവ വെളിപ്പെടുത്തിയില്ല.

ഈ ആശ്ചര്യകര സംഗതികൾ കൂടാതെ ശുദ്ധസ്ഥലത്തിന്റെ വാതിൽ താനെതന്നെ പൂർണ്ണമായി തുറന്നു "നാം ഇവിടെനിന്നു് പോക" എന്നുച്ചരിക്കുന്ന ഒരു സ്വരം കേൾക്കപ്പെട്ടു. ഉടനെ ദൈവത്തിന്റെ മാലാഖാമാരൊക്കയും ദേവാലയം വിട്ടു് പൊയ്ക്കു

ളയുന്നതു് ഞാൻ കണ്ടു. കത്താവു് ജീവൻ വിടുന്നതിനു് അല്പം മുമ്പു് ഗാഗുൽത്തായ്ക്കു് വന്ന മുപ്പത്തിരണ്ടു പ്രീശർ കുരിശിൻ ചുവട്ടിൽവെച്ചുതന്നെ മനസ്സുതിരിഞ്ഞതുകൂടാതെ അവർ ദേവാലയത്തിൽ വന്നപ്പോൾ അവിടെ സംഭവിച്ച ഈ ഭ്രമിക്കത്തക്ക സംഗതികൾ കണ്ടു് ഇടിവെട്ടുകൊണ്ടപോലെ ഞെട്ടുങ്ങി വിറച്ചുപോയതിനാൽ അവർ അന്നാസു്, കയ്യാപ്പാ മുതൽപേരോടു് ഇതുകൾ സംബന്ധിച്ചു് ഗൌരവഭാവത്തിൽ സംസാരിച്ചു് ദേവാലയം വിട്ടു് പൊയ്ക്കളകയും ചെയ്തു. കത്താവിൻെറ ജന്മശത്രുവായ അന്നാസു് അദ്ദേഹത്തെ സംബന്ധിച്ചു് സംസാരിക്കുമ്പോഴൊക്കയും നിർദ്ദയമായി പറഞ്ഞിരുന്നെങ്കിലും ഈ അസാമാന്യ സംഭവങ്ങളാൽ അത്യന്തം വ്യസനിച്ചു് തളൎന്നു് എവിടെ പോയി ഒളിക്കണമെന്നു് അറിയാതെ വിഷമിച്ചിരുന്നു.

കയ്യാപ്പയും ഇതുകളാൽ അത്യന്തം ഭ്രമിച്ചിരുന്നെങ്കിലും അയാളുടെ ദുർഗളത്താൽ അതു് അടക്കി അന്നാസിനെ ധൈര്യപ്പെടുത്തിയിരുന്നതിനാൽ, ഈയാൾ അല്പം അടങ്ങിയെങ്കിലും, മരിച്ചവരുടെ ശകാരത്താൽ വീണ്ടും തീരെ കലങ്ങി ഹൃദയക്കടി സഹിയാതെയായി. എന്നാൽ ദേവാലയത്തിൽ ഇവ നടക്കുമ്പോൾ പട്ടണത്തിലും പരിഭ്രമം കുറച്ചല്ലായിരുന്നു; മരിച്ചവർ അങ്ങുമിങ്ങും നടക്കയും, ചുമരുകളും കെട്ടിടങ്ങളും ഇടിഞ്ഞുവീഴുകയും ചെയ്തിരുന്നുവെന്നുമാത്രം പറഞ്ഞാൽ ശേഷം ഭയങ്കര സംഭവങ്ങൾ ഊഹ്യമാണല്ലൊ. ആ മൂഢഭക്തനായ പീലാത്തോസിൻെറ അരമന അടിസ്ഥാനത്തോടെ കുലുങ്ങി വിറയ്ക്കുകയും, അവൻ ചവിട്ടിനിൽക്കുന്ന ഭൂമി ഇളകുകയും ചെയ്കയാൽ അവനുണ്ടായ പരിഭ്രമത്താൽ സംസാരിപ്പാൻ മേലാതെ തളൎന്നുപോയതുകൂടാതെ അവൻ ഭയപ്പെട്ടു് മുറികൾതോറും ഓടിനടക്കുമ്പോൾ മരിച്ചവർ അവിടേയും കാണപ്പെട്ടു. അവൻ ഈശോയുടെമേൽ ഉച്ചരിച്ച അനീതിപരമായ വിധി നിമിത്തം കഠിനമായി ശാസിച്ചിരുന്നു.

എന്നാൽ ഇവർ ആ ഗലിലേയൻെറ ദേവകളാണെന്നു് അവൻ കരുതി ഒരു ഉൾമുറിയിൽ പ്രവേശിച്ചു് അവൻെറ ദേവകൾക്കു് ധൂപംകൊടുത്തു് ആദരവു് തേടുകയും നേർച്ചകൾ നേരുകയും മററും ചെയ്തിരുന്നു. ഹേറോദേസും തീരെ ഭയന്നു് ഭ്രമിച്ചതിനാൽ അരമനക്കുള്ളിൽ പ്രവേശിച്ചു് കതകടച്ചു് ഒളിച്ചിരുന്നിരുന്നു. പല കാലാവധികളിൽ മരിച്ച നൂറിലധികംപേർ സ്വന്തദേഹം ധരിച്ചു് ഓറശ്ലേം പുരിയിൽ പലേടത്തും കാണപ്പെട്ടു് തൽനിവാസി

കളെ പരിഭ്രമിപ്പിച്ചു കളഞ്ഞു. അവർ സ്വന്തദേഹം ധരിച്ചിരുന്നെങ്കിലും തെരുവുകളിൽ നടക്കുമ്പോഠം നിലംതൊടാതെയാണു് പോയിരുന്നതെന്നു് മാത്രമല്ല അവർ തങ്ങളുടെ വംശപതികളുടെ ഭവനങ്ങളിൽചെന്നു് ഈശോയുടെ കുററമില്ലായ്മയെ സാക്ഷീകരിക്കയും, അദ്ദേഹത്തെ ഉപദ്രവിച്ചവരെ ശാസിച്ചു് കുററപ്പെടുത്തുകയും ചെയ്തിരുന്നു.

അവർ ഈരണ്ടുപേർ പ്രധാന തെരുവുകളൊക്കയിലും പോയി പ്രസംഗിച്ചു. അവരിൽ ചിലരുടെ മുഖം വിളറിയതും, ചിലരുടേതു ഒരു മഞ്ഞരാശിയുള്ളതും മീശ വളരെ നീണ്ടതും സ്വരം അപൂൎവ്വമായതും വസ്ത്രങ്ങഠം അവർ ജീവിച്ച കാലാവധികഠംക്കു് യോജിച്ചതുമായിരുന്നു. ഈശോയെ വിധിച്ച സ്ഥലത്തു അവർ വന്നപ്പോഠം കുറച്ചുനേരം അവിടെനിന്നു് "സദാകാലം ഈശോയ്ക്കു് സ്തുതിയുണ്ടാകുമാറാകട്ടെ, അവിടുത്തെ ശത്രുക്കഠംക്കു് നിത്യകാലവും നാശവും ഭവിക്കുമാറാകട്ടെ" എന്നു് ഉച്ചത്തിൽ നിലവിളിച്ചിരുന്നു. എന്നാൽ നാലുമണിയോടെ മരിച്ചവരൊക്കയും അവരവരുടെ കവറിടങ്ങളിലേക്കുതന്നെ മടങ്ങിയെങ്കിലും, സംഭവിച്ച ഭയങ്കര സംഭവങ്ങളാൽ ദേവാലയത്തിലെ ബലികൎമ്മങ്ങഠം തടയപ്പെട്ടതു കൂടാതെ അന്നു് പെസഹാ ഭക്ഷിച്ചവർ തുലോം ചുരുക്കംമാത്രമായിരുന്നു. പക്ഷെ ഈ കാണപ്പെട്ട മരിച്ചവരിൽ കൎത്താവിൻെറ സംബന്ധത്തിൽ ഉഠംപ്പെട്ടവർ ആരും ഇല്ലായിരുന്നു.

ഓൎശ്ലേംപുരിയിൽ ഇവ സംഭവിച്ചതുകൂടാതെ വിശുദ്ധഭൂമിയുടെ നാനാഭാഗങ്ങളിലും അനേകഭയങ്കരസംഗതികഠം നടക്കുകയും പല മരിച്ചവർ കാണപ്പെട്ടു് ഈശോയുടെ ദൈവികത്വത്തെ സാക്ഷീകരിക്കയുംചെയ്തു. നമ്മുടെ കൎത്താവിനു് നൂറുവത്സരംമുമ്പു് ജീവിച്ചിരുന്ന അതിഭക്തനും കൎത്താവിൻെറ വരവാഗ്രഹിച്ചു് അതു സംബന്ധിച്ചു് പല കാൎയ്യകഠം കണ്ടവനും സ്വത്തുക്കഠം സകലവും ദരിദ്രൎക്കും ദേവാലയത്തിനും കൊടുത്തു് എസ്സെനിയരുടെ സന്ന്യാസജീവിതമുറ യുദന്മാരിൽ ഏൎപ്പെടുത്തിയവനുമായ സാദോക്കു് എംബ്രാനു് സമീപം പലൎക്കും കാണപ്പെട്ടു. മാത്രമല്ല മററു ചിലർ, ഒളിച്ചിരിക്കുന്ന ശിഷ്യൎക്കും കാണപ്പെട്ടു് പല സംഗതികളും ഉപദേശിച്ചു. എന്നുതന്നെയുമല്ല തൈർസായിൽവെച്ചു് കൎത്താവു് വിടുവിച്ച തടവുകാർ കിടന്നിരുന്ന ആ പാറാവിൻെറ ഗോപുരം അടിയോടെ ഇടിഞ്ഞുവീണു. കൎത്താവു് പലപ്പോഴും സഞ്ചരിച്ച ഗ്ലീലായിൽ പല ഭവനങ്ങഠം, പ്രത്യേകം കൎത്താവി-

ൻെറ കഠിന ഉപദ്രവികളായ പ്രീശരുടെ ഭവനങ്ങാം, അവർ തിരു നാാംക്കു പോയിരിക്കവെ, ഇടിഞ്ഞുവീണ് ഭാൎയ്യമാർ മക്കളൊദി യായവർ മരിച്ചുപോയി. കപൎണ്ണാഹൂമ്മിൽ പല കെട്ടിടങ്ങളും ശതാധിപനായ സൊറബാബേലിൻെറ വിശേഷ തോട്ടമുഖപ്പിൽ ഉണ്ടായിരുന്ന ഉയൎന്ന പാറമതിലും ഇടിഞ്ഞു തകൎന്ന് അനേക നാശങ്ങാം സംഭവിച്ചു. ജെനെസ്രെത്തുകായൽ കോപിച്ച് ഒന്നര നാഴിക ദൂരത്തിലിരിക്കുന്ന കപൎണ്ണാഹൂം എന്ന ഗ്രാമത്തോളം പാഞ്ഞു ചെന്നു് ഇതിൻെറ മുൻവശത്തുനിന്നിരുന്ന പത്രോസിൻെറയും, മാതാവിൻെറയും വീടുകാം ഒഴികെ സകലവും നശിപ്പിച്ചുയെന്നു മാത്രമല്ല ഇരു കരകളും ഇളകിമറിഞ്ഞ് കായലിൻെറ ഭാഷ പക ൎത്തിക്കളഞ്ഞു. പ്രത്യേകിച്ച് ഗർഗെസാ, കറസിൻ എന്ന ദിക്കു കളിൽ അനേക നാശങ്ങാം ഉണ്ടായതുകൂടാതെ ആ ദിഗ്വാസികളു ടെ അനേകം പന്നിക്കൂട്ടങ്ങാം ഈ കായലിൽ ചാടി ചാകയും ചെയ്തു.

കൎത്താവ് അപ്പം വൎദ്ധിപ്പിച്ച ആ മലയും, അവിടുന്നു് ഇരു ന്ന ആ കല്ലും നിക്കാപ്പോലിപട്ടണവും തകൎന്ന് പൊടിയായി ത്തീൎന്നു. ആസ്യായിൽ പല ദിക്കുകളിലും വളരെ നാശങ്ങാം സംഭ വിച്ചു. കൂടാതെ ഗലീലിയർ പലരും തിരുനാാം കഴിഞ്ഞ് വന്ന പ്പോാം അവരുടെ ഭവനങ്ങാം ഒന്നും കാണ്മാനില്ലായിരുന്നു. ഈ നാശങ്ങളാൽ സകലരും അത്യധികം ഭയപ്പെട്ടിരുന്നതുകൊണ്ടാണ് പന്തക്കുസ്താദിവസത്തിലെ പ്രസംഗവും മനസ്സുതിരിവുകളും മുഖാ ന്തരം യൂദന്മാർ ക്രിസ്തവരെ ഉപദ്രവിക്കാഞ്ഞതു്. ഗ്രീസിലുള്ള ഒരു അമ്പലം വിഗ്രഹത്തോടെ കായലിൽപ്പോയി വീണു നശിച്ചു. കൎത്താവ് പ്രസംഗിച്ചിരിക്കുമ്പോാം അദ്ദേഹത്തെ പുറത്താക്കിയ നസറെത്തിലെ സിനഗോഗു തകൎന്നു. അപ്രകാരംതന്നെ അദ്ദേഹ ത്തെ കീഴ്പ്പോട്ട് തള്ളിയിടുവാനായി കരേററിയ ആ മലയും പൊടിയായി. കൎത്താവു ജ്ഞാനസ്നാനപ്പെട്ട യോർദ്ദനാൻനദിയു ടെ ഭാഷ തീരെ വ്യത്യാസപ്പെട്ടതുകൂടാതെ അതിൻെറ പല കൈവ ഴിയിലെ ഒഴുക്ക് മുമ്പിലത്തേതിന് വിപരീതമായിത്തീൎന്നു. എ ന്നാൽ മച്ചെരുസ് മുതലായ ഹേറോദേസിൻെറ ഭരണസ്ഥലങ്ങ ളിൽ ഭൂകമ്പത്താൽ ഒന്നും നശിച്ചില്ല. എന്തെന്നാൽ ആ ദിഗ്വാ സികാം ഗദസേമനിൽവെച്ച് കൎത്താവ് "അയാാം ഞാനാകുന്നു" എന്നുത്തരിച്ചപ്പോാം നിലത്തുവീഴാതിരുന്ന ആ ചില പരമദുഷ്ടു രപ്പോലെ ഭയത്തിൻെറയും മനസ്താപത്തിൻെറയും അതൃത്തികാം

കടന്നു് പിശാചിന്നു് മുഴുവനായി വിധേയരായിരുന്നു. പല സ്ഥലങ്ങളിലും ഉണ്ടായിരുന്ന ദുഷ്ടാത്മപകരം അത്യധികം ഭയപ്പെട്ടു് ഓടിയൊളിച്ചു് നരകപാതാളത്തിൽ ചാടിയതു് ഞാൻ കണ്ടു. ഈശോ പുറപ്പെടുത്തിയ പിശാചുക്കൾ പന്നികളിൽ കയറി കടലിൽ ചാടിയ ഗശ്ശേസാക്കിന്നു് സമീപമുള്ള ആ മല മുഴുവൻ കടലിൽ വീണു. അപ്രകാരംതന്നെ അനേക ദുഷ്ടാത്മപികളും അതിൽ വീണു.

കൂടാതെയും നികൃായെന്ന ദിക്കിലെ വളരെ കപ്പലുകൾ നിന്നിരുന്ന ഒരു തുറമുഖത്തുള്ള ഒരു ഉയൎന്ന ഗോപുരത്തിൽ തുറമുഖാധികാരി കലഹംകേട്ടു് കയറിനോക്കിയപ്പോൾ, കറുത്തരൂപങ്ങളിൽ അലഞ്ഞുനടക്കുന്ന അനേക ദുഷ്ടാത്മപികൾ അവനോടു് ഇപ്രകാരം പറഞ്ഞു: "ഈ കപ്പലുകൾക്കു് നാശം വരാതിരിക്കണമെങ്കിൽ അവയെ പുറംകടലിൽ കൊണ്ടുപോകുവാൻ കപ്പലുദ്യോഗസ്ഥന്മാരോടു് പറയുക; എന്തെന്നാൽ മഹാ ദൈവം മരിച്ചിരിക്കയാൽ ഞങ്ങൾ ഈ വഴിയെ പാതാളത്തിലേക്കു് പോകേണ്ടിയിരിക്കുന്നു." അവർ മററനേക സംഗതികളും അവനോടു് പറഞ്ഞതുകൂടാതെ ഈ പറഞ്ഞവയും, അവൻ ഉടൻ കഴിപ്പാനിരിക്കുന്ന ഒരു കപ്പൽയാത്രയെക്കുറിച്ചു് അവർ പറഞ്ഞതും എല്ലാവരേയും അറിയിക്കണമെന്നും, ഇപ്പോൾ മരിച്ച ആ മഹാ ദൈവത്തിൻെറ വേദപ്രസംഗികന്മാർ വരുമ്പോൾ അവരെ യോഗ്യമാംവണ്ണം കൈക്കൊള്ളണമെന്നും അവനെ പറഞ്ഞേല്പിക്കയും ചെയ്തു. അതിനാൽ പിശാചുക്കൾ കൎത്താവിൻെറ മരണത്തിൽ തങ്ങൾക്കുണ്ടായ ഈ തോൽവി നല്ല മനുഷ്യനോടും ലോകത്തോടും അറിയിപ്പാൻ ദൈവകല്പനയാൽ നിർബ്ബന്ധിക്കപ്പെട്ടു. എന്നാൽ അവർ പറഞ്ഞപ്രകാരം കപ്പലുകൾ അപകടമില്ലാത്ത സ്ഥലത്തു് ചെന്നുചേൎന്നയുടൻ മഹാ ഭയങ്കരകൊടുങ്കാററു് ആരംഭിക്കയും പിശാചുക്കൾ അലറിക്കൊണ്ടു് കടലിൽ ചാടുകയും ആ പട്ടണം മിക്കവാറും നശിക്കയും ചെയ്തു. തുറമുഖഗോപുരംമാത്രം ഇളക്കംകൂടാതെ നിലനിന്നു എന്നുമാത്രമല്ല അവർ അറിയിച്ചപ്രകാരം ഉടൻ അവൻ കഴിച്ച യാത്രയിൽ സകല വിവരങ്ങളും, മഹാ ദൈവത്തിൻെറ മരണവും എല്ലാവരേയും അറിയിച്ചു. ഒടുവിൽ റോമാപ്പുരിയിൽ വന്നപ്പോൾ അവൻെറ വൎത്തമാനത്താൽ എല്ലാവരും ആശ്ചര്യപ്പെട്ടു. ഈ മനുഷ്യൻെറ പേർ തറാമൂസു് എന്നായിരുന്നു.

# അദ്ധ്യായം 46

## റാംസയൌസേപ്പ് കൎത്താവിന്റെ തിരുദേഹം അടക്കുന്നതിന് അനുമതി പ്രാപിച്ചത്.

ഓറശ്ലേംപുരിയിൽ ഉണ്ടായ ദൈവകോപ ലക്ഷ്യങ്ങൾ സ്വല്പം അടങ്ങിയക്ഷണത്തിൽ സന്നഹർദിൻസംഘം ശനിയാഴ്ച തുടങ്ങും മുമ്പ് കുററക്കാരുടെ തുടകൾ തകൎത്ത് അവരുടെ ജീവൻ അവസാനിപ്പിക്കുന്നതിന് കല്പന കിട്ടുവാനായി പീലാത്തോസിന്റെ പക്കൽ ആളയയ്ക്കുകയും അവൻ ഉടൻ അവരുടെ താല്പര്യം നിറവേററുന്നതിന് ഗാഗുൽത്തായിലേക്ക് സേവകരെ അയയ്ക്കുകയും ചെയ്തു. എന്നാൽ റാംസയൌസേപ്പും, നിക്കോദെമ്മോസും കൎത്താവ് മുമ്പെ തന്നെ ജീവൻ വിട്ടുയെന്നറിഞ്ഞു ഗാഗുൽത്തായിലേക്ക് സമീപമുള്ള റാംസയൌസേപ്പിന്റെ തോട്ടത്തിലെ പുതിയ കല്ലറയിൽ ആ തിരുദേഹത്തെ അടക്കണമെന്ന് നിശ്ചയിച്ചു. അയാൾ തന്നെ പീലാത്തോസിന്റെ പക്കൽച്ചെന്ന് അതിന് അനുമതി ചോദിച്ചു. എന്നാൽ ഇത്ര ഉന്നതപ്രഭുവായ യൌസേപ്പ് ഇത്ര ഹീനമായി കുരിശിൽ തറയ്ക്കുവാൻ അവൻ വിധിച്ച ഒരു കുററക്കാരനെ ഇങ്ങനെ ബഹുമാനമായി അടക്കുന്നതിന് ഉത്തരവു ചോദിക്കുന്നതിനാൽ പീലാത്തോസ് അത്യധികം ആശ്ചര്യപ്പെട്ടു.

എങ്കിലും ഉടൻ ഗാഗുൽത്തായിൽനിന്ന് മടങ്ങിവന്ന അബനാദരെ വരുത്തി "യൂദന്മാരുടെ രാജാവ് സത്യമായി മരിച്ചുവോ?" എന്ന് ചോദിച്ചു; എന്നാൽ അബനാദർ കൎത്താവിന്റെ മരണവൃത്താന്തം സകലവും, അദ്ദേഹത്തിന്റെ അന്തിമ തിരുവചനവും, ആ വലിയ നിലവിളിസമയമുണ്ടായ ഭൂകമ്പത്താൽ പാറ പിളൎന്നതും മററും വിവരമായി പറഞ്ഞറിയിച്ചു. പക്ഷെ കുരിശിൽ തൂങ്ങുന്നവർ ദീൎഘനേരം ജീവനോടെ കിടക്കുമാറാകയാൽ, കൎത്താവ് ഇത്ര നിമിഷം മരിച്ചതിന്മേൽമാത്രം പീലാത്തോസ് ആശ്ചര്യപ്പെട്ടെങ്കിലും, യൌസേപ്പിന്റെ വൎത്തമാനത്താൽ അഖന് ഏദയക്കടി വൎദ്ധിക്കയാൽ യൂദന്മാരുടെ രാജാവിന്റെ ദേഹം ഉടനെ കുരിശിൽ നിന്നിറക്കി കവറടക്കം ചെയ്യുന്നതിന് അധികാരപ്പെടുത്തുന്ന ഒരു കല്പന യൌസേപ്പിന് നിമിഷത്തിൽ കൊടുത്തു. എന്നാൽ ഈശോയെ ആ രണ്ടു മോഷ്ടാക്കളുടെ നടുവിൽ ഹീനമായി അടക്കുവാൻ യൂദർ താല്പര്യപ്പെട്ടിരിക്കയാൽ

ഈ ഉത്തരവു് അവർക്കു് ഇഷ്ടക്കേടാകുമെന്നു് അവനറിഞ്ഞിരു ന്നെങ്കിലും മുൻചെയ്ത ക്രൂരതകൾക്കു് പരിഹാരമായി സന്തോഷ ത്തോടെ വേഗം ഈ അനുമതി നൽകി; എന്നുമാത്രവുമല്ല ഈ ഉത്തരവു് നടത്തിയൊ എന്നു് പരിശോധിപ്പാനായി അബനാ ദരെ ദൂതനായി ഗാഗുൽത്തായിലേക്കു് അവൻ അയയ്ക്കുകയുംചെയ്തു.

റാംസയൌസേപ്പു് പുറത്തുവന്നപ്പോൾ നിക്കൊദേമൂസു് സമീപമുള്ള സുഗന്ധവസ്തു കച്ചവടക്കാരത്തിയായ ഒരു ഭക്തസ്ത്രീ യുടെ വീട്ടിൽനിന്നു് ഈശോയുടെ തിരുദേഹത്തെ അഭിഷേചി ക്കുന്നതിനാവശ്യമായ സുഗന്ധതൈലങ്ങൾ വിലക്കു വാങ്ങുക യും, അവൾ മററു കച്ചവടക്കാരിൽനിന്നും ഏററം വിശേഷമായ സുഗന്ധങ്ങളും വാങ്ങിക്കൊടുക്കയും ചെയ്തശേഷം അയാളെ കാ ത്തിരുന്നിരുന്നു. ഒടുവിൽ യൌസേപ്പു് ഒരു വിശേഷ നാടച്ചുരു ളും വാങ്ങി. അയാളുടെ ദാസർ സമീപമുള്ള ഒരു പണിപ്പന്തലി ൽനിന്നു് ഗോവണികൾ, ചുററികകൾ, മാററാണികൾ, വെള്ള പ്പാത്രങ്ങൾ, നീർപ്പഞ്ഞി മുതലായവ സകലവും എടുത്തു് ഒരു പാത്രത്തിൽ ശേഖരിച്ചു.

# അദ്ധ്യായം 47

## കർത്താവിൻെറ തിരുവിലാവു് കുത്തിത്തുറ ന്നതും മോഷ്ടാക്കൾ മരിച്ചതും.

ഓറശ്ലേംപുരിയിൽ ഇവയെല്ലാം സംഭവിക്കവെ, ഗാഗുൽത്താ യിൽ ഒരനക്കമില്ലാതെ പൂർണ്ണമൌനം വ്യാപിച്ചിരുന്നു. ചില പരമാർത്ഥികളായ അനുതാപികൾമാത്രം അവിടെ ഉണ്ടായിരുന്നു ള്ളയെങ്കിലും മാതാവു്, യോഹന്നാൻ കലീയോപ്പാമറിയം, മഗ്ദ ലേന, ശാലോം മുതലായവർ ദേഹം മുഴുവൻ മൂടിപ്പുതച്ചു് കുരി ശിൻെറ ചുവട്ടിൽ മൌനമായി ഇരുന്നു് കരഞ്ഞിരുന്നു. ഏതാ ന്നും പടയാളികൾ മലക്കു ചുററുമുള്ള ആ മുറിച്ചുമരുകളിന്മേൽ ചാരിക്കിടന്നിരുന്നതുകൂടാതെ കാസിയൂസു് കുതിരപ്പുറത്തു് അങ്ങു മിങ്ങും നടന്നു് കാവൽ കാത്തിരുന്നു. ആദിത്യൻ ചാഞ്ഞു് പ്രകൃതി മുഴുവൻ ദുഃഖഭാവം പ്രദർശിപ്പിച്ചിരുന്നു. ഈ സമയം ആറു സേവകർ ഗോവണികൾ, മൺവെട്ടികൾ, കയറുകൾ, കുറ

ക്കാരുടെ തുടകഠം തകപ്പാനുള്ള ഇരുമ്പുലയ്ക്ക മുതലായവയും കൊണ്ടുവന്നു. അവർ കർത്താവിൻെറ കുരിശിന്നു് അടുത്തുവരുന്നതു് മാതാവു കണ്ടു്, മരിച്ചുകിടക്കുന്ന ആ തിരുമേനിയോടു് ഇനിയും ഏതെല്ലാം ഹീനക്രൂരതകഠം ആണു് അവർ പ്രവർത്തിക്കുന്നതെന്നു് ഭയപ്പെട്ടു് സ്വല്പം അകന്നുനിന്നു.

എന്നാൽ മാതാവിൻെറ ആ ഭയം വൃഥാ ആയിരുന്നില്ല. എന്തെന്നാൽ ഈശോ മരിച്ചുയെന്നു് കള്ളമായി നടിക്കുകയാണെന്നും പറഞ്ഞുകൊണ്ടു് അദ്ദേഹത്തിൻെറ കുരിശിന്മേൽ ഒന്നാമതു അവർ ശോവണി ചാരിയെങ്കിലും ആ തിരുദേഹം തൊട്ടുനോക്കവെ അതു് തണുത്തുപോയിയെന്നുകണ്ടു് അദ്ദേഹം മരിച്ചുയെന്നു് ഉറപ്പിച്ചു് ശോവണി കള്ളന്മാരുടെ കുരിശിന്മേൽ മാററിച്ചാരി. പിന്നീടു് അവർ ആ ഇരുമ്പുലയ്ക്കകളെടുത്തുകൊണ്ടു് ഒരുവൻ ആ മോഷ്ടാക്കളുടെ കൈമുട്ടിനു് മുകളിലും താഴേയും, മററൊരുവൻ കാൽമുട്ടിന്നു് താഴേയും മുകളിലും ഉള്ള അസ്ഥികഠം ഒരുമിച്ചു് ക്രൂരമായി തകർത്തുകളഞ്ഞു. അപ്പോഠം ജെസ്റ്റാസു് ഭയങ്കരമായി അലറുകയാൽ ആ ക്രൂരന്മാർ ഇരുമ്പുലയ്ക്കകൊണ്ടു് അവൻെറ നെഞ്ചത്തു മൂന്നു ഭയങ്കര ഇടി ഇടിച്ചുകൊണ്ടു് അവൻെറ കാര്യം അവസാനിപ്പിച്ചു. ദീസ്മാസൊ എന്നാൽ ആഴമായി ഞരങ്ങിക്കൊണ്ടു് ശ്വാസംവിടുകയും ചെയ്തു. എന്നാൽ മനുഷ്യരിൽവെച്ചു് ഒന്നാമതു് കർത്താവിൻെറ രക്ഷണീയഫലം പ്രാപിച്ചു് അങ്ങെയോടു് ഒന്നിപ്പാൻ ഭാഗ്യം പ്രാപിച്ചതു് ഇവൻതന്നെയാകുന്നു എന്നതിന്നു് സംശയമില്ല.

പിന്നീടു് അവർ കയറുകഠം അഴിച്ചപ്പോഠം ആ രണ്ടു പ്രേതങ്ങഠം നിലത്തു് വീഴുകയും അവർ അതു് വലിച്ചുകൊണ്ടുപോയി ഗാഗുൽത്തായ്ക്കും കോട്ടമതിലിനും മദ്ധ്യേയുള്ള ഒരു താണ ചതുപ്പുനിലത്തിൽ കുഴിച്ചിടുകയും ചെയ്തു. ഈശോ മരിച്ചോയെന്നു് പിന്നേയും സേവകർ സംശയിക്കയാൽ ഇനിയും കർത്താവിൻെറ തിരുമേനിയോടു് എന്തു ക്രൂരതയാണു് അവർ കാട്ടുന്നതെന്നു്, ആ മോഷ്ടാക്കളോടു് കാണിച്ച ക്രൂരതകണ്ടു് ആ സ്ത്രീകഠം ഭയപ്പെട്ടിരുന്നു. എന്നാൽ ഈ സമയം ഇരുപത്തിയഞ്ചു് വയസ്സു പ്രായമുള്ളവനും, കാഴ്ച കുറഞ്ഞ കോങ്കണ്ണും, നിമിഷപ്രകൃതിയും മുഖാന്തരം പലപ്പോഴും കൂട്ടരുടെ ഹാസ്യവിഷയവുമായിരുന്ന കാസിയൂസെന്ന ദശാധിപൻ ആ പാതകരുടെ ക്രൂരസ്വഭാവവും ആ നാരീഗണത്തിൻെറ വ്യാകുലപ്രലാപവും കണ്ടു്, പെട്ടെന്നു് വര

പ്രസാദത്താൽ പ്രകാശിക്കപ്പെട്ടു് ഈശോയുടെ മരണം ദൃഷ്ടാന്തീകരിപ്പാൻ നിശ്ചയിച്ചു.

എന്നാൽ അയാളുടെ കരുണാവാത്സല്യമാണു് ഇതിനു് കാരണമെങ്കിലും ഈ പ്രവൃത്തിയാൽ അയാൾ അറിയാതെ ഒരു ദീർഘദർശനം നിറവേററി; അവൻ കുന്തമെടുത്തു് കുതിരകയറി കർത്താവിൻെറയും നല്ല കള്ളൻെറയും കുരിശുകൾക്കിടയിൽ പോയിനിന്നു്, രണ്ടു കരങ്ങൾകൊണ്ടും കുന്തം ഉറപ്പായി പിടിച്ചു് അദ്ദേഹത്തിൻെറ വലത്തെ വിലാവിൽക്കൂടി ഹൃദയംതുളഞ്ഞു് മറുവശത്തു് അതിൻെറ മുന പുറപ്പെടത്തക്ക ബലത്തോടെ അദ്ദേഹത്തെ കുത്തി. കാസ്സിയൂസു് കുന്തം വലിക്കവെ തിരുമുറിവിൽനിന്നു് ജലംകലൎന്ന രക്തം ചാടി അവൻെറ മുഖത്തും ദേഹത്തിലും വീണു് ജീവിപ്പിക്കുന്ന മാമ്മോദീസാവെള്ളംപോലെയുള്ള ഫലം അവനു് വരുത്തി, അവൻെറ ആത്മശരീരകണ്ണുകളെ തെളിയിച്ചു. ക്ഷണം വരപ്രസാദവും രക്ഷയും അവൻെറ ആത്മാവിൽ പ്രവേശിച്ചതിനാൽ അവൻ കുതിരമേൽനിന്നു് ചാടി മുട്ടുകുത്തി സാഷ്ടാംഗംവീണു് നെഞ്ചത്തടിച്ചുകൊണ്ടു് കർത്താവിൻെറ ദൈവികത്വത്തിലുള്ള തൻെറ വിശ്വാസം എല്ലാവരുടേയും മുമ്പാകെ നിലവിളിച്ചു് അറിയിച്ചു. (എൻെറ ഏക സ്നേഹഭാജനമായ കർത്താവേ, നിൻെറ രക്തം അവസാനത്തുള്ളികൂടേയും നീ ചിന്തിക്കൊണ്ടു് സകല ആപത്തുകളിൽ എനിക്കു് സങ്കേതസ്ഥലമായി നിൻെറ ദിവ്യഹൃദയംതന്നെ തുറന്നു് തന്നിരിക്കയാൽ എന്നെ മുഴുവനും അതിൽ ഞാൻ കയ്യേല്പിക്കുന്നു. ആ തിരുരക്തത്താൽ എന്നെ കഴുകി ഒരിക്കലും ഞാൻ അതിൽനിന്നു് വിട്ടകന്നു് പോകായ്വാൻ നിൻെറ സ്നേഹത്താൽ എന്നെ അതിൽ ബന്ധിക്കേണമെ.)

മാതാവും കൂട്ടരും കർത്താവിൻെറ തിരുവിലാവു് കുത്തിത്തുറന്ന സമയം കുരിശിങ്കൽനിന്നു് മഹാ വ്യസനം അനുഭവിച്ചു എന്നല്ല ആ കുന്തം പരിശുദ്ധമറിയത്തിൻെറ ഹൃദയത്തിൽത്തന്നെ കടന്നതുപോലെയുള്ള പറഞ്ഞൊപ്പിക്കരുതാത്ത വ്യാകുലസമുദ്രത്തിൽ ഈ അമ്മ മുഴുകിപ്പോയി. കാസ്സിയൂസു് മുട്ടിന്മേൽത്തന്നെ നിന്നു അയാൾ പ്രാപിച്ച വരപ്രസാദത്തേയും ദർശനദാനത്തേയും പ്രതി നന്ദിയോടെ ദൈവത്തെ സ്തുതിച്ചിരുന്നു; എന്നാൽ അയാളുടെ ഹൃദയം ഇരുൾ നീങ്ങിയ ക്ഷണംതന്നെ കണ്ണിനു കാഴ്ചയും പ്രാപിച്ചു. കർത്താവിൻെറ ആ മുറിവിൽനിന്നു് രക്തം ഒഴുകി പാറമേലുള്ള ഒരു കുഴിയിൽ ചെന്നുകൂടുന്നതുകണ്ടു് എല്ലാവരുടെ

യും ഹൃദയം തകൎന്നിരുന്നു. മാതാവും കൂട്ടരും കാസിയൂസും ആ തിരുരക്തം തുണികൊണ്ടു് തുടച്ചെടുത്തു് പാത്രങ്ങളിൽ സൂക്ഷിച്ചിരുന്നു * കാസിയൂസിനു് സംഭവിച്ച അത്ഭുതം കണ്ടു് മററു പടയാളികളും മനസ്സിളകി നെഞ്ചത്തടിച്ചു് മുട്ടുകുത്തി ഈശോയെ വിശ്വസിച്ചു് ഏററു പറഞ്ഞു.

നമ്മുടെ കത്താവിൻെറ ദേഹത്തെ തൊടരുതെന്നു് സേവകർക്കു് പീലാത്തോസ്സു് ഉത്തരവു് അയച്ചുയാൽ അവർ അവിടെനിന്നു് പൊയ്ക്കളഞ്ഞു. നാലുമണിക്കു് അല്പംമുമ്പു് നിക്കൊദെമ്മോസും യൌസേപ്പും അടക്കത്തിനാവശ്യമായവ ശേഖരിക്കയിലാണു് കുരിശിങ്കൽ ഇവയെല്ലാം ഉണ്ടായതു്; എന്നാൽ കവറിടം വെടിപ്പാക്കുന്നതിനു് യൌസേപ്പു് പറഞ്ഞയച്ച ദാസർ കത്താവിൻെറ സ്നേഹിതരോടു് തങ്ങളുടെ എജമാനൻ അയാളുടെ പുതുകല്ലറയിൽത്തന്നെ ആ തിരുമേനിയെ അടക്കുവാൻ കരുതിയിരിക്കുന്നുയെന്നു് അറിയിച്ചു.

മാതാവിൻെറ ചിന്തകൾക്കു് ഒരു വ്യതിയാനം വരുത്തുന്നതിനും കവറടക്കത്തിനു് ആവശ്യമായ ചില സാമാനങ്ങൾ വാങ്ങുന്നതിനുമായി യോഹന്നാൻ ആ നാരീഗണം ഒന്നിച്ചു് പട്ടണത്തിലേക്കു് പോയി; എന്നാൽ ഗാഗുൽത്തായ്ക്കു് സമീപമുള്ള കോട്ടവാതിൽ അടച്ചിരിക്കയാൽ അവർ ബെത്ലഹമ്മിലേക്കുള്ള വാതിൽക്കൂടെയത്രെ പോയതു്.

# അദ്ധ്യായം 48

## തിരുക്കവറിട വിവരണം.

**ദേവാലയത്തിനു കിഴക്കു് ഓഫേൽഗ്രാമത്തിലേക്കുള്ളതും ആടുകളുടേതെന്നു് പറയുന്നതുമായ രണ്ടു് കോട്ടവാതിലുകളുടെ ഇടയിൽ മിക്കവാറും കല്പണിക്കാരും മററും വസിക്കുന്ന ഒരു തെരു**

---

*** കാസിയൂസ്സു് ജ്ഞാനസ്നാനത്തിൽ ലൊങ്കിനൂസെന്ന നാമധേയം ലഭിച്ചു് ആവപട്ടമേററു് വേദമറിയിച്ചു് നടക്കുമ്പോൾ കത്താവിൻെറ തിരുരക്തം സംഗ്രഹിച്ച ഒരു പാത്രം എപ്പോഴും തന്നോടുകൂടെ കൊണ്ടുനടക്കയും ഒടുവിൽ അതു് ഇത്താല്യായിൽ അയാളുടെ കഴിമാടത്തിൽ കണ്ടെത്തുകയും ചെയ്തു. എന്നാൽ പിന്നീടു് അയാളുടെ തിരുശ്ശേഷിപ്പുകൾ ചാമ്പൊയിൽ കൊണ്ടുവരപ്പെട്ടതായി കാണുന്നു.**

വിലേക്ക് പോകുന്ന മൂന്നാമത്തെ ഒരു കോട്ടവാതിലുണ്ട്. എന്നാൽ ഈ തെരുവിലെ വീടുകളെല്ലാം നിക്കാദെമ്മോസ് പണിയിച്ച് അയാളുടെ പലവക പണിക്കാരെ പാപ്പിച്ചിരുന്നതു കൂടാതെ ഈയിടെ ഇയാം ഈ തെരുവിലേക്ക് പോകുന്നതിനായി മോരിയ എന്നു പേരായി ഭംഗിയായി പണികഴിപ്പിച്ച പടിപ്പുരയിൽക്കൂടി കർത്താവാണ് ആദ്യമായി കുരുത്തോലഞായറാഴ്ച ഓറശ്ലേംപുരിയിലേക്ക് പ്രവേശിച്ചതു്; അതുപോലെതന്നെ റാംസയൌസേപ്പ് നവമായി പണിയിച്ച കല്ലറയിൽ ആദ്യമായി കർത്താവിനെ അടക്കുകയുംചെയ്തു. എന്നാൽ കർത്താവ് അതിൽക്കൂടി കടന്നശേഷം ആ പടിപ്പുര കല്ലുകെട്ടി അടച്ചിരുന്നെങ്കിലും ഇനി ഒരിക്കൽ ക്രിസ്തവർ ആ വാതിൽവഴി ഓറശ്ലേംപുരിയിൽ പ്രവേശിക്കുമെന്ന് ആ ദിഗവാസികളുടെ ഇടയിൽ ഒരു പരമ്പരയായ സംസാരമുണ്ട്. എന്നുതന്നെയുമല്ല സ്വർണ്ണവാതിൽ എന്നു തുക്കികൾ പേർവിളിക്കുന്ന കല്ലുകെട്ടി അടച്ച ഒരു പടിപ്പുര ഇന്നും അവിടെ കാണ്മാനുണ്ട്.

സെഹിയോൻെറ ഇടത്തുവശം കോട്ടയ്ക്കു പുറത്ത് മിക്കവാറും തോട്ടങ്ങളുടെ ആസ്ഥാനമായിരുന്ന മറെറാരു ഉപഗ്രാമമുള്ളതിൽ കോട്ടമതിലിന്നു സമീപെ, ലാസറിന്നു തോട്ടങ്ങളും ഒരു ഭംഗിയുള്ള ഭവനവുമുണ്ട്. ഇവിടെയാണ് കർത്താവും ശിഷ്യരും ലാസറിൻെറ സമ്മതത്തോടെ തോട്ടത്തിലേക്ക് മിക്കപ്പോഴും കടന്നുപോകുന്ന ഒരു ചെറിയ ഉറവാതിൽ ഉള്ളതു്. എന്നുതന്നെയുമല്ല, കർത്താവ് കുരിശു ചുമന്നു് കോട്ടവാതിൽക്കൽ വന്നപ്പോൾ ഈ തോട്ടങ്ങളിൽനിന്നാണ് കെവുറിനക്കാരൻ ശെമഓൻ വന്നിരുന്നതു്. ഗാഗുൽത്തായ്ക്കു കിഴക്കുവശമുള്ള കോട്ടവാതിലിനരികെയും മുന്തിരിത്തോട്ടങ്ങളും കല്ലറകളും വളരെ ഉണ്ടായിരുന്നതിനാൽ കിഴക്കുവടക്കുവശമായി ഗാഗുൽത്തായുടെ അടിയിലാണ് യൂദന്മാർ കുരിശു ഗൂഢമായി കുഴിച്ചു മൂടിയതു്.

ഗാഗുൽത്തായിൽനിന്നു് പീലാത്തോസിൻെറ അരമനയിലേക്ക് രണ്ടു നാഴിക ദൂരമുണ്ടായിരുന്നു. ഗാഗുൽത്തായിൽനിന്നു് എഴമാത്ര ദൂരെ ബേസ്ലഹമ്മിലേക്കുള്ള കോട്ടവാതിലിന്നു സമീപമാണ് റാംസയൌസേപ്പിൻെറ തോട്ടം സ്ഥിതിചെയ്യുന്നതു്: *

* ഈ കന്യക നാലുവഷത്തോളം ഈ കാഴ്ചകൾ ചൊല്ലിക്കൊടുത്തതിൽ ആദ്യംമുതൽ ഈ കാലംവരെയുള്ള വിശുദ്ധ സ്ഥലത്തിൻെറ സ്ഥിതി ഖിവരമായി പറഞ്ഞതുകൂടാതെ ഒന്നുരണ്ട് അവസരങ്ങളിൽ ഈ സ്ഥ

ഇതു് വളരെ ഉയൎന്ന വൃക്ഷങ്ങളും ചെടികളും ഉള്ളതും കോട്ടമതിലിങ്കലേക്കു് നന്നാ കയററമായതും ആയിരുന്നു. മാത്രവുമല്ല ഈ കയററത്തിലുള്ള ഒരു പാറയിലാണു് കൎത്താവിൻെറ കുഴിമാടഗുഹ വെട്ടിക്കുഴിച്ചുണ്ടാക്കിയിരുന്നതു്. ഇതിനു് ഇരുവശമുള്ള ചെറിയ രണ്ടു് കല്ലറകളും പുതുതായി ഉണ്ടാക്കിയതുതന്നെ ആയിരുന്നു. ഈ പാറയുടെ പടിഞ്ഞാറുവശത്തുനിന്നു് ഒരു വഴിയും ഇതിനു ചുററും പോയിരുന്നു. പക്ഷേ കവറിടത്തിൻെറ മുൻവശത്തേക്കാൾ വാതിലുള്ള വശത്തെ ഉൾനിലം താഴ്ന്നതാകയാൽ പല പതവികൾ ഇറങ്ങിക്കൊണ്ടത്രെ ഇതിൽ പ്രവേശിക്കുന്നതു്.

ഇതിനകം പ്രേതമെടുക്കുന്ന നാലുപേർ ഏതുവശത്തും തടയാതെ നില്ക്കത്തക്ക വിസ്താരമുള്ളതായിരുന്നതുകൂടാതെ വാതിലിനു് നേരെ മറുവശത്തുള്ള പാറമേലാണു് കല്ലറ രണ്ടു അടി ഉയരത്തിൽ വെട്ടിത്തിരിച്ചു് പണിതീരിക്കുന്നതു്. ഇതു ഒരു പീഠം പോലെ ഒരു പള്ളവശം മാത്രം ചുമരോടുപററി കാല്ക്കലും തലയ്ക്കലും ഓരോരുത്തൻ തടവുകൂടാതെ നില്ക്കത്തക്ക ഇടയുള്ളതായിരുന്നു എന്നു മാത്രവുമല്ല, വാതിലടച്ചാലും ഒരാൾ മുൻവശത്തു് നില്പാൻമാത്രം ഇടയുമുണ്ടായിരുന്നു.

ലോഹംകൊണ്ടുള്ളതും രണ്ടുമടക്കായതുമായിരുന്ന അതിൻെറ കതകുകൾ അടച്ചു്, പുറത്തു കിടക്കുന്ന ഒരു ബ്രഹ്മാണ്ഡകല്ലു് പലർകൂടി ഉരുട്ടി ഈ കതകിന്മേൽ ചാരുമാറായിരുന്നു. ഈ ഗുഹയ്ക്കു് എതിരെ ഉണ്ടായിരുന്ന ഒരു കല്ലിരിപ്പിടത്തിന്മേൽ കയറിക്കൊണ്ടാണു് പുല്ലുപിടിച്ചുകിടക്കുന്ന ഇതിൻെറ മേല്പുറത്തു് പോപോകുന്നതു്: ഇതിൻെറ മുകളിൽനിന്നാൽ സെഹിയോൻമലയും മററു പ്രധാന ഗോപുരങ്ങളും, കെട്ടിടങ്ങളും, ജീയോനെന്ന ഓലിയുറവയും ബേസ്സഹന്മാലേക്കുള്ള കോട്ടവാതിലും കാണാം. ഈ ഗുഹയുടെ ഉള്ളിലെ കല്ലു വെള്ളനിറത്തിൽ ചുവപ്പും നീലയുമായ മാർബിൾ രേഖകൾ ഉള്ളതായിരുന്നു.

---

ലങ്ങൾ ലൌകികമാക്കപ്പെട്ടുകിടന്നെങ്കിലും ആ സമയങ്ങളിൽക്കൂടേയും ശുദ്ധമായി ക്രിസ്തവരാൽ വണങ്ങപ്പെട്ടിരുന്നുയെന്നും ഏലന്നരാജ്ഞി തിരുക്കവറിടദേവാലയം കെട്ടിയപ്പോൾ അതതു് പ്രത്യേക സംഗതികൾ നടന്ന സ്ഥലങ്ങളിൽ പല ജ്ഞാപകക്കല്ലുകൾ സ്ഥാപിച്ചിട്ടുണ്ടായിരുന്നുവെന്നും പറഞ്ഞു.

# അദ്ധ്യായം 49

## കർത്താവിൻെറ തിരുമേനി കുരിശിൽനിന്നു് ഇറക്കിയതു്.

കുരിശിന്നരികെ ചില കാവൽക്കാരല്ലാതെ ആരുമില്ലാതിരിക്കെ അഞ്ചു ശിഷ്യർ ബേസ റിയായുടെ താഴ്വരയിൽക്കൂടെ ഗാഗുൽത്തായ്ക്കു് സമീപെവന്നു് കുരിശിന്മേൽ മാത്രനേരം സൂക്ഷിച്ചുനിന്നിട്ടു് ഒളിച്ചുമാറി പൊയ്ക്കളയുന്നതു് ഞാൻ കണ്ടു. ഇതുകൂടാതെ മൂന്നു പ്രാവശ്യം മററ രണ്ടുപേർ സമീപെവന്നു് പരിശോധിക്കയും, ആശ്ചര്യഭാവത്തിൽ സംഭാഷിക്കയുംചെയ്തു. ഇവർ നിക്കാദെമ്മോസും റാംസയൌസേപ്പും ആയിരുന്നു. ഈശോയെ കുരിശിന്മേൽ തറച്ചസമയം അവർ അദ്ദേഹത്തിൻെറ വസ്ത്രങ്ങൾ വിലയ്ക്കു വാങ്ങുന്നതിനു് ഒന്നാമതായി വരികയും, രണ്ടാമതു കുരിശിങ്കൽനിന്നു് ജനം പിരിഞ്ഞോയെന്നു് തരംനോക്കി കവറിടം തയ്യാറാക്കുന്നതിനു് വരികയും, മൂന്നാമതു് തിരുദേഹം അടക്കുന്നതിനായി കുരിശിങ്കലേക്കു് വരികയും ചെയ്തപ്പോളാണു് അവരെ ഞാൻ കണ്ടതു്. അവർ ഒടുക്കം വന്നപ്പോൾ, ആ തിരുദേഹത്തെ സുഗന്ധതൈലംകൊണ്ടു് അഭിഷേചിക്കുന്നതിനു് ആവശ്യമായതൊക്കയും കൊണ്ടുവരികയും അവരുടെ ദാസന്മാർ തിരുദേഹം കുരിശിൽനിന്നിറക്കുവാനുള്ള രണ്ടു ഗോവണികൾ മുതലായവയും കൊണ്ടുവരികയുംചെയ്തു.

നിക്കാദെമ്മോസിൻെറ ഭവനത്തിൽനിന്നെടുത്ത ഈ ഗോവണികൾ ഒരു ഒററമരത്തണ്ടിന്മേൽ പടികളപകരം ക്രമമായ അകലത്തിൽ പട്ടികക്കഷണങ്ങൾ തുളച്ചുവീക്കിയതും സാമാനങ്ങൾ കൊളുത്തുന്നതിനായി പല കൊളുത്തുകളുള്ളതുമായിരുന്നു. നിക്കാദെമ്മോസു് നൂററാത്തൽ (എനിക്കു് അറിയിക്കപ്പെട്ടതുപോലെ ഇപ്പോഴത്തെ കണക്കുപ്രകാരം മുപ്പത്തിഏഴുറാത്തൽ) സുഗന്ധമൂലികകളും ഒരുവക വിശേഷ പൊടിയും വിലക്കു വാങ്ങി ചില മരത്തൊലിപ്പാത്രങ്ങളിൽവെച്ചു് അവരുടെ കഴുത്തിൽ കെട്ടിത്തൂക്കി നെഞ്ചത്തു് അടക്കിപ്പിടിച്ചിരുന്നു. ഇവകൂടാതെ പലതര സുഗന്ധസസ്യങ്ങളും വാങ്ങിച്ചിട്ടുണ്ടായിരുന്നതുകൂടാതെ റാംസയൌസേപ്പു് ഒരു പെട്ടി സുഗന്ധതൈലവും എടുത്തിട്ടുണ്ടായിരുന്നു.

അവരുടെ ദാസർ പാത്രങ്ങൾ, തുകൽകുപ്പികൾ, നീർപഞ്ഞി, പലവക കരുക്കൾ മുതലായവ ഒരു തണ്ടിന്മേൽകെട്ടി ചുമന്നുകൊണ്ടുപോയിരുന്നതുകൂടാതെ, ഒരു അടച്ച ലന്താണ്ണയിൽ തീയും എടുത്തുകൊണ്ടു് അവരുടെ യജമാനന്മാർക്കു മുമ്പു് ഗാഗുൽത്തായിലെത്തി. അവരുടെ പുറകെ യോഹന്നാനും, മാതാവും, മററു സ്ത്രീജനങ്ങളും പല നീണ്ട വക്കശീലക്കഷണങ്ങൾ അവരുടെ സാല്വവാകൾക്കുള്ളിൽ മറച്ചുകൊണ്ടു് പോയിരുന്നു. അവർ, സ്ത്രീജനങ്ങൾ വൈകിട്ടു് പുറത്തുപോകയോ ഗൂഢമായി വല്ല കരുണപ്രവൃത്തി നിറവേററുവാൻ പോകയോ, ചെയ്യുമ്പോൾ ചെയ്യുമാറാകുന്നതുപോലെ, ഒരു നീണ്ട ശീലകൊണ്ടു് ഒരു ഭുജത്തിന്മേൽതുടങ്ങി ദേഹം മുഴുവൻ ചുററി അതിൻെറ ഒരററം കൊണ്ടു് തലയും മൂടിയിരുന്നു.

ഇതു് എനിക്കു് വളരെ ദുഃഖം തോന്നിക്കുന്ന ഒരു ഭാവമായിരുന്നു. യൌസേപ്പും നിക്കാദെമ്മോസും കറുത്ത മുക്കെയ്യുള്ള ദുഃഖസൂചകമായ ഉടുപ്പുകളോടെ വീതിയുള്ള ഇടക്കെട്ടും ക്ഷാരനിറത്തിൽ വളരെ പഴക്കമുള്ള ചില വസ്ത്രങ്ങളും ധരിച്ചു്, അവർ എടുത്തിരുന്ന സാമാനങ്ങളെല്ലാം അവയിൽ പൊതിഞ്ഞു് മറച്ചുകൊണ്ടു പോയിരുന്നു. അവർ പട്ടണംവിട്ടു് ഗാഗുൽത്തായിലേക്കു തിരിഞ്ഞപ്പോൾ തെരുവുനിവാസികൾ കഴിഞ്ഞ ഭയങ്കര സംഗതികൾ നിമിത്തം മിക്കവരും നന്നാ അടക്കമായി മനസ്താപപ്പെട്ടിരുന്നുവെങ്കിലും, ചിലർ പെസഹാ കൊണ്ടാടിയിരുന്നു. യൌസേപ്പും നിക്കാദെമ്മോസും കോട്ടവാതിൽക്കൽ വരികവെ അതു് അടച്ചിരുന്നുവെന്നു മാത്രമല്ല രണ്ടുമണി സമയം പ്രീശർ നിരത്തിയ കാവൽപട്ടാളം ഈ വാതിൽക്കലും എല്ലായിടത്തും നിറഞ്ഞിരുന്നു.

എന്നാൽ അവർ പീലാത്തോസിൻെറ അധികാരലക്ഷ്യം കാണിച്ചപ്പോൾ അവരെ കടത്തിവിടുവാൻ സേവകർ സമ്മതിച്ചുവെങ്കിലും ആ ഭൂകമ്പത്തിൽ കതകിനുതട്ടിയ ഞെട്ടക്കത്താൽ അതു് ഒരുപ്രകാരവും തുറക്കായ്കയാൽ മോഷ്ടാക്കളുടെ അസ്ഥി തകൎക്കുന്നതിനു് പോയ സേവകർ വേറെവഴിക്കു് പോകേണ്ടിവന്നുവെന്നു് അവരോടു് സേവകർ പറഞ്ഞു. പക്ഷെ യൌസേപ്പും നിക്കാദെമ്മോസും കതകിൻെറ സാക്ഷപിടിച്ചു് തുറന്നപ്പോൾ ഒരു പ്രയാസവുംകൂടാതെ തുറന്നതിനാൽ എല്ലാവരും ആശ്ചര്യപ്പെട്ടു. ഇവർ ഗാഗുൽത്തായിലെത്തിയപ്പോൾ ആകാശം മങ്ങി വെളിച്ചം

കുറവായിരുന്നെങ്കിലും അവരുടെ ഭൃത്യന്മാർ അപ്പോഴം സാമാനങ്ങളെല്ലാം കൊണ്ടുവന്നതുകൂടാതെ പുണ്യസ്ത്രീഗണം കുരിശിൻെറ ചുവട്ടിലിരുന്നു കരയുകയും അനുതാപികളായ കാസിയൂസ് മുതലായവർ അല്പം ദൂരെ ഇരിക്കയും ചെയ്തിരുന്നു.

യൌസേപ്പും നിക്കൊദെമ്മോസും മാതാവിനോടും മററും കത്താവിനെ ഈ അപമാനകരമരണത്തിൽനിന്നു് രക്ഷിപ്പാനായി അവർ കഴിച്ച പ്രയത്നങ്ങഠം പറഞ്ഞുകേഠപ്പിക്കവെ ഇവർ, സേവകർ കത്താവിൻെറ അസ്ഥികഠം തകക്കാതിരുന്നതും അതിനാൽ നിറവേറിയ ദീഘദശനവും, അദ്ദേഹത്തിൻെറ വിലാവു് ലൊങ്കീനോസു് കുത്തിത്തുറന്നതും മററും അവരോടു് പറകയും ചെയ്തു. കത്താവിൻെറ തിരുദേഹം കുരിശിൽനിന്നിറക്കുവാനും അതിദുഃഖകരവും പരിശുദ്ധവുമായ ആ അഭിഷേകകമ്മം അത്യന്തഭക്ത്യാദരവുകളോടെ നിറവേററുവാനും അവർ ആരംഭിച്ചയുടൻ അബനാദരെന്ന ശതാധിപനും വന്നുചേന്നു. മാതാവും മഗ്ദലേനായും കുരിശിനു് വലത്തുവശത്തിരുന്നു കരയുമ്പോഠം മററ സ്ത്രീകഠം പാത്രങ്ങഠം, സുഗന്ധവഗ്ഗങ്ങഠം, വക്കുശീലകഠം, നീപ്പഞ്ഞി, വെള്ളം മുതലായവ തയ്യാറാക്കിക്കുന്നതിൽ ശ്രദ്ധിച്ചിരുന്നു.

ലൊങ്കീനോസു് അബനാദരുടെ പക്കൽവന്നു് തൻെറ കൺതെളിഞ്ഞ വത്തമാനവും മററും പറഞ്ഞറിയിച്ചപ്പോഠം എല്ലാവരുടെ ഹൃദയങ്ങളിലും ദുഃഖവും സ്നേഹവും നിറഞ്ഞു കവിഞ്ഞൊഴുകിയിരുന്നു. എങ്കിലും അവരുടെ സകല ആംഗ്യങ്ങളിലും അതിയായ ഗൌരവഭാവവും മൌനവും മഹാ വണക്കവും സ്നേഹവും വിളങ്ങിയിരുന്നു. ഇവരുടെ ഈ അതിവന്ദ്യ പ്രയത്നസമയം ദുഃഖവും സ്നേഹവും നിറഞ്ഞ ഒരു നെടുവീപ്പൊ ഞരക്കമൊ വായിൽനിന്നു് വീണിരുന്നതല്ലാതെ ഒരു അക്ഷരംപോലും ആരും ഉച്ചരിച്ചിരുന്നില്ല. എന്നാൽ ഈ സംഗതികളൊന്നും മഗ്ദലേന അറിയാതെ കുരിശിൻചുവട്ടിലിരുന്നു കരയുകതന്നെ ആയിരുന്നു.

സകലവും തയ്യാറാക്കിയശേഷം നിക്കൊദെമ്മോസും യൌസേപ്പും ഗോവണികഠം കുരിശിൻെറ പുറകിൽ ചാരി നീണ്ട വക്കുശീലകളുടെ അററങ്ങളിൽ താമ്പിട്ടു് കരങ്ങളിൽ പിടിച്ചുകൊണ്ടു് മുകളിലേക്കു കയറി, തിരുദേഹത്തെ ഭുജങ്ങഠക്കു് കീഴും മുട്ടുകഠക്കു മേലും കുരിശോടുചേത്തു് പതുക്കെ ഒന്നു കെട്ടി. പിന്നീടു് തോളിൽ വീണുകിടക്കുന്ന തിരുശ്ശിരസ്സും കരങ്ങളും തുവാലകളാൽ ബന്ധിച്ചുകൊണ്ടു് ആണികളുടെ മുനകളിന്മേൽ മാററാ

ണിവെച്ച് തട്ടി പതുക്കെ ഊരി, കെട്ടിയിരുന്ന തുവാല പിടിച്ചുകൊണ്ടു് ഇടത്തേക്കരം പതുക്കെ തിരുമേനിയിലെക്കു് വെച്ചു. അപ്പോൾ നിക്കൊദെമ്മോസും വലത്തുകയ്യിലെ ആണി ഊരി മുൻപോലെ അതു് പതുക്കെ സ്വഭാവസ്ഥിതിയിൽവെച്ചു. അതിന്നിടയിൽ ശതാധിപനായ അബനാദർ ബഹു പ്രയാസത്തോടും വണക്കത്തോടുംകൂടെ തിരുപ്പാദങ്ങളിലെ ആണിയും ഊരുകയിൽ ലൊങ്കീനോസ് ആണികൾവാങ്ങി മാതാവിൻെറ കാല്പാദങ്ങളിൽ വെച്ചുകൊടുത്തു.

അതിൻെറശേഷം യൌസേപ്പും, നിക്കൊദെമ്മോസും ഗോവണികൾ മുൻവശത്തു് തിരുമേനിയ്ക്കരികെ ചാരി ഓരൊ താമ്പും ഊരി ഗോവണിയിലെ കൊളുത്തുകളിന്മേൽ ഇറക്കിക്കൊളുത്തികൊണ്ടു് പതുക്കെ ആ തിരുമേനി അബനാദരുടെ കരങ്ങളിൽ കൊടുക്കയും, അയാൾ കാലുകളിന്മേലും, മററു രണ്ടുപേർ തിരുമേനിയുടെ മേൽഭാഗത്തും താങ്ങിപ്പിടിച്ചുകൊണ്ടു് മഹാ സ്നേഹത്തോടും വണക്കത്തോടും ശ്രദ്ധയോടുംകൂടെ മുറിവുകൾനിറഞ്ഞ ആ തിരുമേനി താഴെ കൊണ്ടുവരുകയുംചെയ്തു. അതു് നിശ്ചയമായിട്ടു് ഹൃദയഭേദകമായ ഒരു പരിതാപകര കാഴ്ചതന്നെയായിരുന്നുയെന്നതിന്നു് സന്ദേഹമില്ല. പക്ഷെ അവരുടെ പ്രവൃത്തികളാൽ കർത്താവിന്നു് വല്ല നൊമ്പരം തട്ടുമൊയെന്നു് ഭയന്നാലെന്നപോലെയുള്ള ശ്രദ്ധയോടും അലിവോടുംകൂടെ സകലവും നിറവേററുകയും ജീവനോടിരിക്കുമ്പോൾ ദിവ്യരക്ഷിതാവിനോടു അവൎക്കുണ്ടായിരുന്ന സ്നേഹവും വണക്കവും തന്നെ ഇപ്പോൾ ആ തിരുമേനിയോടും അവർ കാണിക്കയും ചെയ്തിരുന്നു.



കർത്താവിൻെറ തിരുമേനി
മാതാവിൻെറ മടിയിൽ കിടത്തുന്നു.

പിന്നീടു് സകലരും വികാരഭരിതരായി ഈ തിരുദേഹത്തെ സൂക്ഷിച്ചുകൊണ്ടു് ചിലപ്പോൾ കരങ്ങളും നേത്രങ്ങളും ആകാശത്തിലേക്കു് തിരിച്ചു് നെടുവീൎപ്പുകളാലും കണ്ണുനീരാലും അവരുടെ അത്യധികമായ

ദുഃഖം വെളിപ്പെടുത്തിയിരുന്നു. എല്ലാവരും പൂർണ്ണ മൌനാവലംബികളായി അത്യാവശ്യത്തിൽമാത്രം ഒററവാക്കുകളായി വല്ലതും പറഞ്ഞിരുന്നു. മാതാവും മഗ്ദലേനായും മററെല്ലാവരും ആണികൾ ഊരുന്ന ചുററികയടി കേൾക്കവെ കർത്താവിനെ കുരിശിൽ തറച്ചസമയത്തെ ആ വ്യസനനിലവിളി കേൾക്കുന്നതുപോലെയുള്ള കഠിനസംഭ്രമം വീണ്ടും സഹിച്ചിരുന്നതിനാൽ ആ തിരുച്ചുണ്ടുകൾ അനങ്ങാതെ മൌനമായിരിക്കയാൽ അദ്ദേഹത്തിൻെറ തിരുമരണം ചിന്തിച്ച് ഏററവും വിലപിച്ചിരുന്നു. ആ തിരുമേനി ഇറക്കിയശേഷം മുട്ടിനുമേലും അരക്കു് താഴെയുമായി ഒരു വക്കുശീലയിൽ ചുററിക്കൊണ്ടു് മാതാവിൻെറ മടിയിൽ വെക്കയും, ഈ വ്യാകുല അമ്മ പറഞ്ഞൊപ്പിക്കരുതാത്ത സ്നേഹത്തോടും ദുഃഖത്തോടുംകൂടെ ആ തിരുമേനിയുടെ മധുരമുള്ള ഭാരം അവളുടെ മടിയിൽ വഹിക്കയും ചെയ്തു.

# അദ്ധ്യായം 50

## കർത്താവിൻെറ തിരുമേനിയെ തൈലംകൊണ്ടു അഭിഷേചിക്കുന്നു.

പരിശുദ്ധ കന്യക ഒരു വലിയ സാലുവാ നിലത്തുവിരിച്ച് അതിൽ കിടന്നിരുന്ന ചില ചുരുളുകളിന്മേൽ ചാരി വലത്തെമുട്ട് അല്പം പൊക്കി ഇരുന്നിരുന്നു. ഈ വ്യാകുലംനിറഞ്ഞ അമ്മ പറഞ്ഞൊപ്പിക്കരുതാത്ത വ്യസനകരപ്രലാപത്തോടെ അവളുടെ മടിയിൽ കിടക്കുന്ന തിരുപ്പുത്രൻെറ തിരുമേനിയിൽ നിറവേററുന്ന ഈ ദുഃഖകരമായ പരിശുദ്ധ ശുശ്രൂഷക്കു് വേണ്ടുന്ന സകല ഒരുക്കങ്ങളും മററുള്ളവർ ചെയ്തുകൊടുത്തിരുന്നു. ഈശോയുടെ ആരാധിക്കത്തക്ക ആ തിരുതല അവളുടെ മടിയിൽവെച്ചുകൊണ്ടു തിരുദേഹം ആ വക്കുശീലയിൽ നിവർത്തിക്കിടത്തി. അവരും ഈ പ്രിയപുത്രൻെറ വർണ്ണിക്കാവതല്ലാത്ത പാടുകളിൽ ഒരു സഹായവും അദ്ദേഹത്തിനു് ചെയ്വാൻ കഴിയാഞ്ഞതു് ചിന്തിച്ച് അത്യന്ത വ്യാകുലസമുദ്രത്തിൽ മുഴുകിക്കൊണ്ടു് ആ തിരുമേനിയെ ഒന്നുകൂടെ ഒടുക്കത്തെ പ്രാവശ്യമായിട്ടു് ആ മാതൃമടിയിൽവെച്ച് മഹാ ദുഃഖകര പക്ഷത്തോടെ തഴുകി തിരുമുഖത്തിലെ മുറിവുകളെ

അനുകമ്പാപൂർവ്വം ഉററുസൂക്ഷിച്ചിരുന്നു. ഒാ! ! ഈ സമയം മാതാവു് സഹിച്ച കഠിന വ്യാകുലം ആർ കണ്ടുപിടിക്കും: (ഓ! വ്യാകുലം നിറഞ്ഞ അമ്മേ! നിന്റെ സ്നേഹപുത്രന്റെ തിരുപ്പാടുകൾ ഞങ്ങളുടെ ഹൃദയങ്ങളിൽ മാഞ്ഞുപോകരുതാത്തവണ്ണം പതിച്ചരുളണമെ. അവയ്ക്കു കാരണമായ ഞങ്ങളുടെ പാപങ്ങളെ ഞങ്ങൾ വെറുത്തുപേക്ഷിക്കുന്നു.)

മഗ്ദലേനായും തിരുപ്പാദങ്ങളെ അവളുടെ മുഖത്തണച്ചു് കണ്ണുനീരാൽ കഴുകിക്കൊണ്ടിരിക്കവേ പുരുഷന്മാർ അവിടെയുള്ള ഗുഹയിൽ തൈലാഭിഷേകത്തിനു് ആവശ്യമായവ തയ്യാറാക്കുകയും അനുതാപികളായ ലൊങ്കീനോസ്സ് മുതലായ ചില സേവകരും പടയാളികളും കുറച്ചകലെനിന്നു് ദുഃഖിക്കയും ചെയ്തിരുന്നു. കർത്താവിന്റെ ഉപദ്രവികളൊക്കെയും പട്ടണത്തിലേക്കു് മടങ്ങിപ്പോയതിനാൽ ശേഷിച്ച കാവൽകാർ ഒരുപദ്രവവും ചെയ്യാതെ തിരുമേനിയെ ഇനി ആരും നിന്ദിക്കാതിരിക്കുന്നതിനും ആവശ്യമായപ്പോൾ സഹായിക്കുന്നതിനും പ്രയത്നിച്ചിരുന്നു; മാത്രമല്ല മററു സ്ത്രീകൾ പാത്രങ്ങൾ, നീർപ്പഞ്ഞി, വക്കുശീലകൾ, സൌരഭ്യതൈലങ്ങൾ, സുഗന്ധവർഗ്ഗങ്ങൾ മുതലായവ ആവശ്യാനുസരണം കൊടുക്കുന്നതിൽ സഹായിച്ചിരുന്നു. യോഹന്നാൻ മാതാവിനെ സഹായിച്ചിരുന്നതുകൂടാതെ പലപ്പോഴും ഓരോരൊ സംഗതിക്കായി പുരുഷന്മാരുടേയും സ്ത്രീകളുടേയും പക്കലേക്കു പോയിരുന്നു.

മാതാവു് ശുദ്ധവെള്ളത്തിൽ ഒരു നീർപ്പഞ്ഞി നനച്ചു് ആ തിരുമേനി തുടച്ചു് തിരികെ കൊടുക്കവെ അവർ അതു് വാങ്ങി തുകൽകൊണ്ടുള്ള കുപ്പികളിൽ പിഴിഞ്ഞു് മടക്കിക്കൊടുത്തിരുന്നു. മാതാവു് കഠിനവ്യാകുലം സഹിച്ചിരുന്നെങ്കിലും ആശ്ചര്യകര *

---

* 18൨0 മീനം ൩0-ാംനു ദുഃഖവെള്ളിയാഴ്ച എമെരിച്ചു് അന്ന കർത്താവിന്റെ തിരുമേനി മാതാവിന്റെ മടിയിൽ കിടത്തിയ സംഗതി ധ്യാനിച്ചു് പരവശയായിരിക്കെ ഒരു മാലാഖാ കാണപ്പെട്ടു. ആ സമയം മാതാവു് മോഹാലസ്യപ്പെട്ടില്ലല്ലോയെന്നു് അവൾ വിചാരിച്ചതുനിമിത്തം അവളെ കുററപ്പെടുത്തി. ആ സമയത്തെ മാതാവിന്റെ വ്യസനം ഗ്രഹിക്കുന്നതിനായി ഒരു ക്ഷണനേരത്തേക്കു് അതു് നീ സഹിക്കായെന്നു് പറഞ്ഞുടൻ അവൾ വ്യാകുലത്താൽ മരണപ്രമാദത്തിലായതുകൂടാതെ ആ വ്യസനത്താൽ ദേഹത്തിനു് പററിയ കേടു് മരണപര്യന്തം സഹിക്കേണ്ടിയും വന്നു.

ധൈര്യത്തോടും സ്ഥൈര്യത്തോടുംകൂടെ തിരുദേഹത്തിൽ ഈ പരിശുദ്ധ ശുശ്രൂഷ നിറവേററിയിരുന്നു. തിരുശ്ശിരസ്സിലെ മുൾമുടി പുറകിലെ കെട്ടഴിച്ചു് അത്യന്തശ്രദ്ധയോടും മുറിവുകൾ വളരാതിരിക്കേണ്ടതിന്നു് ചാഞ്ഞ മുള്ളുകളെ മുറിച്ചുകൊണ്ടും ഊരിയെടുത്തിട്ടു് ഒരു ചവണകൊണ്ടു് മാംസത്തിൽ ആഴമായി പാഞ്ഞിരിക്കുന്ന മുള്ളുകളെ പതുക്കെ ഊരി മഹാ ദുഃഖത്തോടെ മററുള്ളവൎക്കു് കാണിച്ചിരുന്നു. നമ്മുടെ രക്ഷിതാവിന്റെ തിരുമുഖത്തു് അനേക അടികളും മുറിവുകളും എല്ലുകളും, മീശയും മുടിയും രക്തത്താൽ ചെടയായിരിക്കയും ചെയ്കയാൽ തീരെ തിരിച്ചറിവാൻ മേലാത്ത വിധം ഭാഷ പകൎന്നിരുന്നു.

അവൾ തിരുത്തലയും മുഖവും കഴുകി മുടിയിലും മീശയിലും ഉള്ള രക്തം നീർപ്പഞ്ഞി കൊണ്ടു് നനച്ചു് വെടിപ്പാക്കിയിരുന്നു. തിരുമേനിയെ ശുദ്ധമാക്കുംതോറും അദ്ദേഹത്തോടു ചെയ്തിരുന്ന ക്രൂരതകൾ അധികമധികം തെളിവായി കണ്ടറിഞ്ഞു്, മഹാ ദുഃഖസാഗരത്തിൽ മുഴുകുകയും ഓരോ മുറിവുതോറും കൈ ചെല്ലുന്നതിനോടെ ദുഃഖം ഇരട്ടിക്കയും ചെയ്തിരുന്നു. ഈ അമ്മ ആ തിരുത്തലയിലെ മുറിവുകൾ, രക്തംനിറഞ്ഞ കണ്ണുകൾ, മൂക്കുദ്വാരങ്ങൾ, ചെവികൾ, പകുതി തുറന്നിരിക്കുന്ന വാ, ചുണ്ടു്, പല്ലു്, നാക്കു് മുതലായവ ഒക്കെയും കഴുകി ശുദ്ധിവരുത്തിക്കൊണ്ടു് ശേഷിച്ചിട്ടുള്ള ആ തിരുമുടി മൂന്നായി ഭാഗിച്ചു ഇരു ചെന്നികളിൽ ഓരോ ഭാഗവും പുറകിൽ ഒരു ഭാഗവുമായി നീട്ടിയിട്ടു. മാത്രവുമല്ല മുൻവശത്തെ മുടിയും വകഞ്ഞു് മിനുക്കി ഇരു ചെവിക്കുററികളിലും വെച്ചു് സ്നേഹതിരുക്കുമാരന്റെ തിരുക്കവിളുകളിന്മേൽ പക്ഷത്തോടെ മുത്തിക്കൊണ്ടു് ഒരു തുവാലയാൽ ആ തിരുശ്ശിരസ്സിനെ മൂടുകയും ചെയ്തു.

അതിന്റെശേഷം ഈ അമ്മ തിരുക്കഴുത്തു്, തോളുകൾ, നെഞ്ചു്, പുറം, ഭുജങ്ങൾ, തുളഞ്ഞിരിക്കുന്ന കൈപ്പടങ്ങൾ മുതലായ ഭാഗങ്ങൾ ശുദ്ധമാക്കിത്തുടങ്ങിയപ്പോൾ എല്ലാ അസ്ഥികളും കുഴതെററി മടക്കുവാൻ മേലാതെ ഇരുന്നിരുന്നു. എന്നുമാത്രവുമല്ല, വലത്തെ തോളിൽ ആ ഭാരമുള്ള കുരിശാലുണ്ടായ ഒരു ഭയങ്കര മുറിവും തിരുമേനി ആസകലം അടികളുടെ ആഴമായ മുറിവുകളും തോൽ ഉരിഞ്ഞ പാടുകളും നിറഞ്ഞിരുന്നു. ഇതുകൂടാതെ വലത്തെ വിലാവിൽ ലൊങ്കിനോസിന്റെ കുന്തത്താലുള്ള ആ വലിയ മുറിവും, ഇടത്തെ പള്ളവശത്തു് ആ കുന്തമുന തിരുഹൃദയം തുള

ച്ച് മറുവശം കടന്ന ഒരു മുറിവും ഉണ്ടായിരുന്നു. വ്യാകുലം നിറഞ്ഞ അമ്മ ഈ മുറിവുകളെല്ലാം ക്ഷാളനം ചെയ്തപ്പോഠം എന്തൊരു ദുഃഖപ്രളയത്തിലാണ് മുഴുകിയിരുന്നതെന്ന് ആർ കണ്ടു പിടിക്കും!!! മഗ്ദലേന കണ്ണുനീരാൽ ആ തൃപ്പാദങ്ങളെ കഴുകി അവളുടെ മുടികൊണ്ടു് തുടച്ചിരുന്നതിന്നിടക്കു് മാതാവിനേയും സഹായിച്ചിരുന്നു.

മാതാവിൻെറ മടിയിൽ കിടക്കുന്ന ആ തിരുദേഹത്തിൽ നിറഞ്ഞിരുന്ന എണ്ണമററ മുറിവുകഠം ചുവപ്പും നീലയുമായ നിറത്തിൽ കാണപ്പെട്ടിരുന്നു. മാതാവു് ശുദ്ധിയാക്കിയ ആ ഭാഗങ്ങഠം വക്കുശീലകൊണ്ടു് മൂടിവെച്ചിട്ടു് ഓരോ മുറിവും തൈലം കൊണ്ടു് അഭിഷേചിച്ചുതുടങ്ങി. മററു പുണ്യസ്ത്രീകഠം മാതാവിൻെറ അരികെ മുട്ടുകുത്തി തൈലപ്പാത്രം കാണിച്ചുകൊടുക്കയിൽ അവഠം ആദ്യം തിരുമുടിയിൽ തൈലം പൂശി. പിന്നീടു് തിരുകരങ്ങഠം അവളുടെ കരങ്ങളിൽവെച്ചു് വണക്കമുള്ള പക്ഷത്തോടെ മുത്തിക്കൊണ്ടു് അതിലെ ഭയങ്കരദ്വാരങ്ങളിലും, ചെവികളിലും, വിലാവിലെ മുറിവുകളിലും, മൂക്കുദ്വാരങ്ങളിലും, തൈലം നിറച്ചപ്പോഠം മഗ്ദലേന തിരുപ്പാദങ്ങളിലെ ദ്വാരങ്ങളിലും ആ വിലയേറിയ സുഗന്ധം നിറച്ചിരുന്നു. (തിരുമേനി കഴുകിയ വെള്ളം തുകൽപ്പാത്രങ്ങളിൽ സൂക്ഷിക്കുന്നതും ആ സമയം സമീപമുള്ള ജീയോൻ എന്ന ഓലിയിൽനിന്നു് ലൊങ്കീനോസും മററു പടയാളികളും വെള്ളം കൊണ്ടുപോകുന്നതും ഞാൻ കണ്ടു.)

മാതാവു് തിരുമേനിയെ അഭിഷേചിച്ചശേഷം ഒരു വക്കുശീലകൊണ്ടു് തിരുമുഖം മറയ്ക്കാതെ മൂടുകയും, പകുതി തുറന്നിരുന്ന ആ തിരുക്കണ്ണുകളും, വായും ആ മാതൃകരങ്ങളാൽതന്നെ കുറച്ചുനേരം അടച്ചുപിടിക്കയും ചെയ്തു. അതിൻെറ ശേഷം ഈയമ്മ തിരുദേഹത്തെ തഴുകിക്കൊണ്ടു് സ്നേഹപുത്രൻെറ തിരുമുഖത്തോടു മാതൃമുഖവും ഒന്നിപ്പിച്ചു് പക്ഷത്തോടും വണക്കത്തോടും കൂടെ മുത്തി. പിന്നീടു് യൌസേപ്പും നിക്കാദെമ്മോസും വന്നു് കാത്തുനില്ക്കയാൽ യോഹന്നാൻ മാതാവിൻെറ പക്കൽവന്നു് ശനിയാഴ്ച സമീപിച്ചിരിക്കയാൽ ആ തിരുമേനിയഭിഷേകം മുഴുവനാക്കുന്നതിനു് അനുവദിക്കണമെന്നു് അവളോടപേക്ഷിച്ചു. അപ്പോഠം ഈ അമ്മ സ്നേഹംനിറഞ്ഞ വാക്യങ്ങളാൽ ഈശോയോടു് അവസാനയാത്ര ചൊല്ലിക്കൊണ്ടു് തിരുമേനിയെ തഴുകി മുത്തി.

അതിൻെറശേഷം നിരപ്പുള്ള ഒരു സ്ഥലത്തേക്കു് തിരുദേഹം അവർ എടുത്തുകൊണ്ടുപോയി അവിടെ വിരിച്ചിരുന്ന ഒരു റേന്ത സാലുവായിൽ കിടത്തുകയും മറെറാരു സാലുവാ രണ്ടുപേർമീതെ വിരിച്ചുപിടിക്കയും ചെയ്തു മാതാവു് അതിസ്നേഹത്തോടും വണക്കത്തോടുംകൂടെ തിരുമേനിയിൽ ഈ പരിശുദ്ധ ശുശ്രൂഷ നിറവേററിയിരുന്നതിനാൽ അവളുടെ മടിയിൽനിന്നു് എടുക്കപ്പെട്ട ഉടൻ വർണ്ണിക്കാവതല്ലാത്ത ദുഃഖസമുദ്രത്തിൽ മുങ്ങി തലയും മൂടി ആ പുണ്യസ്ത്രീകളുടെ കരങ്ങളിൽ തളർന്നുകിടന്നു് കരഞ്ഞു പ്രലപിച്ചിരുന്നു. മഗ്ദലനായും കരഞ്ഞുകൊണ്ടു് അങ്ങുമിങ്ങും ഓടിയിരുന്നു. അപ്പോൾ നിക്കോദേമോസും യൌസേപ്പും വണക്കത്തോടെ മുട്ടുകുത്തിക്കൊണ്ടു് കർത്താവിൻെറ അരയിലെ വക്കുശീല ഒരു വിരിക്കു കീഴ്വെച്ചു് അഴിച്ചു് അദ്ദേഹത്തിൻെറ അരയും മററും നീർപ്പഞ്ഞികൊണ്ടു് ശുചിയാക്കി. നീർപ്പഞ്ഞി പിഴിയുന്ന വെള്ളം ഒഴുക്കുംവരെ തിരുമേനി മറിക്കാതെ ആ വിരിക്കു കീഴ് അല്പം പൊക്കിക്കൊണ്ടു് വെടിപ്പായി അവർതന്നെ കഴുകി. അതിൻെറശേഷം മീറകലത്തിയ വെള്ളം തിരുമേനി ആസകലം ഒഴിച്ചു്, അങ്ങുന്നു് ഉയിർവിടുകയിൽ വളഞ്ഞിരുന്ന മുട്ടുകളും മററും പതുക്കെ നിവർത്തി. പിന്നീടു് മൂന്നുവാര നീളവും, ഒരുവാര വീതിയുമുള്ള ഒരു വക്കുശീല അരയ്ക്കുകീഴ് വിരിച്ചു് നിക്കോദേമോസു് വാങ്ങിയ സുഗന്ധപ്പൊടി ദേഹം ആസകലം വിതറുകയും ഇരുകാലുകൾക്കിടയിലും മടക്കുകളിലും മററും സുഗന്ധസസ്യാദികൾ വെക്കയും ചെയ്തുകൊണ്ടു് ആ ശീലയാൽ കീഴ്ഭാഗം നല്ലവണ്ണം ചുററിപ്പൊതിഞ്ഞു കെട്ടി.

അതിൻെറശേഷം യോഹന്നാൻ ചെന്നു് മാതാവിനേയും മററ സ്ത്രീകളേയും അവസാനമായിട്ടു് ആ തിരുമേനി കാണുന്നതിനു് വിളിച്ചുകൊണ്ടുവന്നപ്പോൾ ദൈവജനനി ഈശോയുടെ ശിരസ്സിങ്കൽ മുട്ടുകുത്തി പീലാത്തോസിൻെറ ഭാര്യ ക്ലാവുദിയ കൊടുത്ത ഒരു വിശേഷ വക്കുശീല ശിരസ്സിനു് കീഴ് വിരിച്ചു് പല തര സുഗന്ധസസ്യങ്ങൾ തിരുത്തോളിലും കവിളത്തും മററും വെച്ചു് പൊടിയും വിതറി ഭദ്രമായി പൊതിഞ്ഞുകെട്ടി. മഗ്ദലേന മറെറാരുകുപ്പി സുഗന്ധതൈലവും വിലാവിലെ മുറിവിലൊഴിക്കയും, മററ സ്ത്രീകൾ ചില സുഗന്ധസസ്യങ്ങൾ കരങ്ങൾക്കും പാദങ്ങൾക്കും ഇടയിലും വെയ്ക്കയും ചെയ്തപ്പോൾ പുരുഷന്മാർ

തിരുക്കരങ്ങളാം വിലങ്ങെ നെഞ്ചത്തുവെച്ച് ദേഹം ആസകലം സുഗന്ധമൂലികകളും മററും ഇട്ട് നെഞ്ചുവരേയും ശീലകൊണ്ടു് ചുററിക്കെട്ടി.

പിന്നീട് ഒരു വീതിയുള്ള പീത്ത കക്ഷങ്ങൾക്ക് താഴെയിട്ടു് ശിരസ്സിൽകൂടി ദേഹം മുഴവൻ ചുററിക്കെട്ടുകയും, ഒടുക്കം യൌസേപ്പ് വാങ്ങിയ 6 വാര നീളമുള്ള ആ വലിയ വക്കശീലയിൽ കോണതിരിച്ച് തന്നെ കിടത്തി ആ കോണുകൾ അങ്ങോട്ടും ഇങ്ങോട്ടും മടക്കിത്തെറുത്ത് ഭദ്രമായി പൊതികയും ചെയ്തു. പിന്നീട് പരിശുദ്ധ അമ്മയും മററസ്ത്രീകളും പുരുഷന്മാരും കർത്താവിനോട് ഒടുക്കത്തെ യാത്ര പറവാനായി ചുററും മുട്ടുകുത്തിയിരിക്കെ സംഭവിച്ച ഒരു അത്ഭുതത്താൽ അവരുടെ നേരെയുള്ള അവിടുത്തെ അളവററ കരുണയും അവരുടെ ഈ പ്രയത്നത്തിന്മേലുള്ള അവിടുത്തെ ഇഷ്ടവും അവിടുന്നു വ്യക്തമാക്കി. എന്തെന്നാൽ: തിരുമേനിയെ മൂടിയിരുന്ന ആ വലിയ വക്കസാല്വയെ അവർ സൂക്ഷിച്ചപ്പോൾ അദ്ദേഹത്തിൻെറ മുഴദേഹാകൃതി സകല മുറിവുകളോടുംകൂടി തെളിവായി അതിൽ പതിഞ്ഞിരിക്കുന്നതുകണ്ടു് അത്യന്തം അവർ വിസ്മയിച്ചു. എന്നുമാത്രവുമല്ല, തിരുദേഹം എടുത്തപ്പോൾ അദ്ദേഹത്തെ പൊതിഞ്ഞിരുന്ന ഉൾശീലകൾ സമസ്തവും വെള്ളയായിത്തന്നെ ഇരിക്കയും ചെയ്തിരുന്നു.

ഇതിനാൽ സകലരും കർത്താവിനെ സ്തുതിച്ചുകൊണ്ടു് സ്നേഹത്തോടും കണ്ണുനീരോടുംകൂടെ ആ തിരുമേനിയെ, തഴുകി മുത്തിയപ്പോൾ ആ ദിവ്യ തിരുമേനിയിൽ നിർമ്മാണശക്തി ഇപ്പോഴും ഉണ്ടെന്നു് ഈ വിസ്മയ സംഭവം സാക്ഷീകരിക്കയും ചെയ്തു. ഈ വക്കസാല്വാ സംബന്ധിച്ച് പിന്നീടു നടന്ന അനേക സംഗതികൾ ഞാൻ കണ്ടിട്ടുണ്ടു്. ഉയിർപ്പിൻെറശേഷം അതു് കർത്താവിൻെറ ശിഷ്യരുടെ കൈവശമായിരുന്നെങ്കിലും രണ്ടുപ്രാവശ്യം യൂദന്മാരുടെ കൈവശത്തിലും അകപ്പെട്ടു. എന്നാൽ പിന്നീടു് പല സ്ഥലങ്ങളിലും അതു് വണങ്ങപ്പെട്ടതുകൂടാതെ ഒരിക്കൽ ആസ്യായിൽ ആ മൂന്നു രാജാക്കളുടെ നാട്ടിനു സമീപം ഒരു കത്തോലിക്കൻെറ കൈവശവുമായിരുന്നു.

# അദ്ധ്യായം 51

## കർത്താവിൻെറ തിരുമേനിയെ കവറിൽ വെയ്ക്കുന്നു.

ആ തിരുമേനിയെ ഇപ്രകാരം ഭദ്രമായി പൊതിഞ്ഞശേഷം തുകൽകൊണ്ടുള്ള ഒരു പെട്ടിയിൽവെച്ച് ഒരു മഞ്ഞിയ ശീലകൊണ്ടു് മൂടി അതിൻെറ ഇരുവശവും രണ്ടു തണ്ടുകളും വെച്ചുകെട്ടിയതു് ഞാൻ കണ്ടപ്പോൾ ശുദ്ധ സ്ഥലത്തു് സ്ഥാപിച്ചിരിക്കുന്ന വാഗ്ദാനത്തിൻ പെട്ടകത്തിനു തുല്യമായി എനിക്കു് തോന്നിയിരുന്നു. പിന്നീടു് യൌസേപ്പും നിക്കൊദെമ്മോസും മുമ്പും, യോഹന്നാനും അബന്നാദരും പുറകിലുമായി എടുത്തുകൊണ്ടു് നടന്നപ്പോൾ പുറകെ പരിശുദ്ധ കന്യക, ഹേലിമറിയം, മഗ്ദലേന, കലിയോപ്പാമറിയം മുതലായവരും, അവക്കു് പുറകെ വെറോനിക്കാ, യോവന്ന, ചൂസാ, മാക്കിൻെറ അമ്മ, സബ്ദെയിയുടെ ഭാര്യ സാലോം, സാലോംമറിയം, ഓറല്ലത്തെ സാലോം, സൂസന്നാ, മാർ യൌസേപ്പിൻെറ മരുമക്കൾ അന്ന മുതലായവരും എല്ലായിലും ഒടുവിലായി കാസിയൂസും മററു പടയാളികളും പോയിരുന്നു.



കത്താവിൻെറ തിരുമേനി കവറിൽ വെയ്ക്കുന്നു.

എന്നാൽ ഗുഹയിൽ വെളിച്ചമില്ലായ്കയാൽ രണ്ടു പടയാളികൾ ദീപങ്ങളും പിടിച്ചു് പ്രദക്ഷിണത്തിൻെറ മുൻ നടന്നിരുന്നു. ആ പരിശുദ്ധ സ്ത്രീപുരുഷന്മാരൊക്കയും ഇരക്കവും ഭയവും സൂചിപ്പിക്കുന്ന സ്വരങ്ങളിൽ സങ്കീത്തനങ്ങൾ പാടിക്കൊണ്ടു് ഏഴുമാത്രദൂരം നടന്നപ്പോൾ കവറിടത്തിൽ എത്തി. ആ സമയം വലിയ യാക്കോവു് (യോഹന്നാൻെറ സഹോദരൻ) ആ താഴ്വരയ്ക്കപ്പുറത്തുള്ള ഒരു കുന്നിന്മേൽനിന്നു് ഈ രംഗം നോക്കിക്കണ്ടിട്ടു് മററു ശിഷ്യക്കു് അറിയിപ്പാൻ പോകുന്നതു് ഞാൻ കണ്ടു. പ്രദക്ഷിണം യൌസേപ്പിൻെറ കേ

ട്ടുവാതിൽ കടന്നപ്പോൾ ഗുഹക്കുനേരെ കിടന്നിരുന്ന ഒരു പലക മേൽ ഒരു ശീലവിരിച്ച് തിരുമേനി അതിൽവെച്ചു. എന്നാൽ നവമായി പണിതിരുന്ന ആ കവറിടം നിക്കാദെമ്മോസിൻെറ ഭൃത്യൻ മുൻകൂട്ടി വെടിപ്പാക്കിയിരുന്നതിനാൽ കാഴ്ചക്ക് വളരെ ഭംഗിയായിരുന്നു. ആ ഭക്തനാരീഗണം കവറിടമുഖപ്പിൽ നിന്ന പ്പോൾ തിരുമേനി എടുത്തിരിക്കുന്നവർ അകത്തേക്ക് കടന്നു.

അതിൻെറശേഷം മഞ്ചത്തിൻെറ കുഴി പകുതിവരെ സുഗന്ധ മൂലികകളാലും സസ്യങ്ങളാലും നിറച്ച് ഒരു വക്കുശീലയും മീതെ വിരിച്ച് അതിൽ ആ തിരുമേനിയെ വണക്കത്തോടെ അവർ സ്ഥാപിച്ചു. അതിൻെറശേഷം കണ്ണുനീരുകളാലും ആലിംഗന ങ്ങളാലും അവസാനമായി ഒന്നുകൂടെ അവരുടെ സ്നേഹവും വണ ക്കവും പ്രദർശിപ്പിച്ചുകൊണ്ട് അവർ പിന്തിരിഞ്ഞപ്പോൾ പരി ശുദ്ധകന്യക അടുത്തുചെന്ന് തിരുപ്പുത്രൻെറ തലഭാഗത്തിരുന്ന് കണ്ണുനീരോടെ കുമ്പി മുത്തിക്കൊണ്ട് മടങ്ങിപ്പോന്നു. അപ്പോൾ മഗ്ദലേനായും ഓടിച്ചെന്ന് ചില പുഷ്പങ്ങൾ ചാർത്തി, കർത്താവി ൻെറ പാദങ്ങൾ കെട്ടിപ്പിടിച്ച് മുത്തി പിരിഞ്ഞപ്പോൾ അവർ കൊണ്ടുവന്നിരുന്ന ശീലയുടെ അററങ്ങൾ തിരുമേനിയിന്മേൽ മട ക്കിയിട്ടുകൊണ്ട് മങ്ങിയ നിറമായ മൂടികയും വെച്ചു. അതിൻെറ ശേഷം ലോഹംകൊണ്ടുള്ള മടക്കുകതകും അടച്ച് മുൻവശത്ത് സ്ലീവാഭാഷയിൽ രണ്ടു വടികളും സ്ഥാപിച്ചു. പിന്നീട് ഒരാ ൾക്ക് അതിന്മേൽ കിടപ്പാൻ തക്ക വലിപ്പവും ഉപകരണങ്ങൾ കൊണ്ടുമാത്രം മറിപ്പാൻതക്ക ഘനവുമുള്ള ഒരു കല്ല് മറിച്ചുകൊ ണ്ടുവന്ന് ആ വാതിലിന്മേൽ ചാരിവെക്കയും ചെയ്തു.

# അദ്ധ്യായം 52

## കവറിടത്തിൽനിന്ന് മടങ്ങിപ്പോകുമ്പോൾ റാംസയൌസേപ്പിനെ പാറാവിലിട്ടത്.

ശനിയാഴ്ച സമീപിച്ചിരുന്നതിനാൽ നിക്കാദെമ്മോസും യൌസേപ്പും വേഗം പട്ടണത്തിലേക്കു പോകുമ്പോൾ നമസ്കരി പ്പാനായി വീണ്ടും ഗാഗുൽത്തായ്ക്കു പോയിരുന്ന മാതാവ്, യോ ഹന്നാൻ മുതലായവരോട് ഈ തോട്ടത്തിൽ തനിക്ക് തനിച്ചുള്ള കോട്ടവാതിലും വിരുന്നുശാലയും അവർ വരുമ്പോൾ തുറന്നിരിക്ക

മെന്നു പറഞ്ഞു. എന്നാൽ പടയാളികാം കോട്ടവാതില്ക്കലുള്ള കാവൽക്കാരോടു് ചേരുകയും, ലൊങ്കീനോസു് അയാളുടെ കുന്തമെടുത്തു് പീലാത്തോസിൻെറ പക്കൽ ചെന്നു് സകല വൃത്താന്തങ്ങളും അറിയിച്ചുകൊണ്ടു് കവറിടത്തിൽ കാവൽ വെക്കാഞ്ഞാൽ സംഭവിക്കുന്നതു് പിന്നീടറിയാം എന്നു് പറകയുംചെയ്തപ്പോാം, അവൻ മഹാ ഭയത്തോടെ സകലവും കേട്ടിട്ടു്, ലൊങ്കീനോസു് ആശ്ചര്യത്താൽ ഭ്രാന്തനായിരിക്കുന്നു എന്നുമാത്രം ഉത്തരിച്ചു. യൌസേപ്പും നിക്കോദെമ്മോസും വഴിമദ്ധ്യേ പത്രോസിനേയും, ഇരു യാക്കോവുമാരേയും എതിരിട്ടപ്പോാം എല്ലാവരും വളരെ കരഞ്ഞിരുന്നു. എന്നുമാത്രവുമല്ല പത്രോസു് ദുഃഖാധികൃത്താൽ തീരെ വശംകെട്ടിരുന്നെങ്കിലും അവരെ തഴുകിക്കൊണ്ടു് കർത്താവിൻെറ തിരുമരണസമയം കൂടെ ഉണ്ടാകാഞ്ഞതുനിമിത്തം തന്നത്താൻ കുററപ്പെടുത്തുകയും അവർ ആ തിരുമേനിയെ കവറടക്കം ചെയ്തതു് മുഖാന്തരം നന്ദി പറകയും ചെയ്തു. അതിൻെറശേഷം അയാാം മററു ശിഷ്യരെ അന്വേഷിച്ചു പോയപ്പോാം അയാാം എപ്പോഴെങ്കിലും വന്നാൽ വിരുന്നുശാല തുറക്കാമെന്നു് മററവർ പറകയുംചെയ്തു. പിന്നീട്ടു് മാതാവും കൂട്ടുകാരും ഗാഗുൽത്തായിൽനിന്നു് വിരുന്നുശാലയിൽ വന്നപ്പോാം അബ്നാദരെക്കൂടെ അവർ കൈക്കൊള്ളുന്നതും ക്രമേണ എല്ലാ ശിഷ്യരും വന്നുകൂടുന്നതും ഞാൻ കണ്ടു.

ആ ഭക്തനാരീഗണം, മാതാവു് പാൎക്കുന്ന ആ ഭാഗത്തുചെന്നു് അല്പം ഭക്ഷണം കഴിച്ചു് കണ്ണുനീരോടെ സംഭവിച്ച വൃത്താന്തങ്ങാം തമ്മിൽ സംഭാഷിച്ചിരുന്നു. പുരുഷന്മാരും വസ്ത്രങ്ങാം മാറി സ്വല്പം ഭക്ഷണം കഴിച്ചെങ്കിലും എല്ലാവരും നന്നാ കലങ്ങി ഭയപ്പെട്ടുകൊണ്ടു് ഒരു ദീപത്തിങ്കൽ ശനിയാഴ്ചമുറകാം നിറവേററുമ്പോാം സ്ത്രീകളും മാതാവും ഒരുമിച്ചു് ജപങ്ങളിൽ നേരം പോക്കിയിരുന്നു. അതിൻെറശേഷം ബേസനിയായിൽനിന്നു് ലാസർ, നായിങ്കാരത്തി വിധവയായ മറൊനിദീനയെന്ന ശമരായക്കാരി സ്ത്രീ, മാറായെന്നവാം മുതലായവർ വന്നപ്പോാം വീണ്ടും കണ്ണുനീരുകളും പ്രലാപകര സംഭാഷണങ്ങളും ഉണ്ടായി.

റാംസയൌസേപ്പു് നന്നാ വൈകിട്ടു് ചില ശിഷ്യരും സ്ത്രീകളും ഒരുമിച്ചു് ഭവനത്തിലേക്കു് അതി ദുഃഖത്തോടെ സെഹിയോൻെറ തെരുവിൽക്കൂടെ പോകുമ്പോാം കയ്യാപ്പായുടെ കച്ചേരിക്കു സമീപെ ഒളിച്ചിരുന്ന ആയുധപാണികളായ ഒരു ഗണം

സേവകർ പെട്ടെന്നു വന്നു് അയാളെ പിടിച്ചു. മററവരെല്ലാം ഭയന്നു് നിലവിളിച്ചോടിപ്പോയപ്പോാം അവർ ഇയ്യാളെ പട്ടണ മതിലിനു സമീപമുള്ള ഒരു പാറാവിലിട്ടു് അടച്ചുകളഞ്ഞു.

(ദുഃഖശനിയാഴ്ചവരെയുള്ള കർത്താവിൻെറ പീഡകളുടെ ചരിത്രം അവസാനിച്ചിരിക്കുന്നു; എങ്കിലും കർത്താവു് പാതാള ത്തിലിറങ്ങിയതു്, ദുഃഖശനിയാഴ്ച, ഉയിർപ്പു് മുതലായവ സംബ ന്ധിച്ചു് ചില വിവരങ്ങളുംകൂടെ ചേർത്തിരിക്കുന്നു )

# അദ്ധ്യായം 53

## ഗാഗുൽത്തായെന്ന നാമത്തെക്കുറിച്ചു്.

നമ്മുടെ കർത്താവിൻെറ കുരിശു സ്ഥാപിച്ച ആ പാറയുടെ നാമമായ ഗാഗുൽത്താ (കാൽവരി) തലയോട്ടസ്ഥലം എന്നതി ന്മേൽ ഞാൻ ധ്യാനിച്ചിരിക്കുമ്പോാം കണ്ട കാഴ്ചയിൽ ആദം മുതൽ ന. കർത്താവുവരെയുള്ള പല കാലാവധികളിലെ അതി ൻെറ സ്ഥിതി ഞാൻ കാണുകയും, ഈ പേരു ഉത്ഭവിച്ച കാരണം എനിക്കു് അറിയിക്കപ്പെട്ടുകയുംചെയ്തു. ആദത്തെ പറുദീസാ യിൽനിന്നു് പുറത്താക്കിയശേഷം സെത്തുമലയിൽ കർത്താവു പ്രാർത്ഥിച്ചു് രക്തംവിയർത്ത ഗുഹയിൽ ആദ്യം പോയിരുന്നു് കരഞ്ഞു വിലപിച്ചിരുന്നു. ഹാവാ ഒരിക്കൽ ബേസ്ലഹേമിലെ കർത്താവിൻെറ പുരക്കുട്ടിൽ വസിക്കുമ്പോാം അവാംക്കു് സേത്തു് എന്ന കുമാരൻ ജനിക്കുമെന്നു് വാഗ്ദാനമുണ്ടായപ്രകാരം അവി ടെവെച്ചുതന്നെ ആ പുത്രനെ അവാം പ്രസവിച്ചതു് ഞാൻ കണ്ടു. പിന്നീടു് അവാം എബ്രോനു സമീപം എസ്സേനിയരെന്ന ഭക്ത ഗണം തങ്ങളുടെ താപസവീട്ടു സ്ഥാപിച്ച മസഫ എന്ന ഗുഹ യിൽ പാർത്തിരുന്നു.

പിന്നീടു് ഓറശ്ലേംപുരി ഇരിക്കുന്ന സ്ഥലത്തിൻെറ പൂർവ്വ സ്ഥിതി കണ്ടപ്പോാം അതു് ജലപ്രളയശേഷം നന്നാ വ്യത്യാസ മായി പകന്നിരുന്നുവെന്നു് ഗ്രഹിച്ചു. ഓളമടിച്ചു് മണൽവന്നു വീണു് ഉണ്ടായ ഗാഗുൽത്താമലമുകളിലെ ആ പാറയ്ക്കു താഴെ വളരെ ആഴത്തിൽ ആദം ഹാവാ എന്നവരുടെ കുഴിമാടം ഞാൻ കണ്ടു. അവരുടെ ആ രണ്ടു കപാലങ്ങളിൽ ഒന്നിനു് തലയോട്ടു്

എന്നും, മറേറതിനു് വാരിയെല്ലു് എന്നും പേരായിരുന്നു. അതു് പൂർവ്വബാവാന്മാർ, ആദ്യകാരണവന്മാരുടെ ശേഷിപ്പുകൾ ബഹുസാരമായി കരുതി എടുത്തു്, തങ്ങളുടെ പക്കൽ ഭദ്രമായി സൂക്ഷിച്ചു്, അനന്തിരവർക്കു് ഭാഗിച്ചുകൊടുത്തതു മുഖാന്തരമത്രെ വളരെ കുറവായതു്. ഇങ്ങനെ നോഹു് അതിൻെറ ഒരു ഭാഗം പെട്ടകത്തിൽ കയററുകയും ഇസ്സാളും അബ്രാഹവും പൂജ അണയ്ക്കുമ്പോൾ ആദത്തിനോടുള്ള ദൈവവാഗ്ദാനം ജ്ഞാപകപ്പെടുത്തുന്നതിനായി അതു് പീഠത്തിന്മേൽവെയ്ക്കുകയും ചെയ്യുമാറായിരുന്നു. ഇതുകൂടാതെ യാക്കോവുബാവാ യൌസേപ്പിനു് ആ വിശേഷവസ്ത്രം കൊടുത്തപ്പോൾ ആദത്തിൻെറ അസ്ഥികളുടെ അല്പം കൊടുക്കയും അയാൾ അതു് ആ ഉടുപ്പിൽവെച്ചു് മെസ്രേനിൽ കൊണ്ടുപോകയും, ഒടുവിൽ ഇസ്രായേൽക്കാർ വാഗ്ദാനഭൂമിയിലേക്കു് പോരുമ്പോൾ കൂടെ കൊണ്ടുപോരുകയുംചെയ്തു.

എലിസേവൂസു് ദീഘദശിയുടെ കാലത്തു് കാൽവരിയെന്ന നാമമായ ആ മലയുടെ പ്രകൃതി നമ്മുടെ കത്താവിൻെറ കാലത്തു് ആയിരുന്നപോലെ അല്ലായിരുന്നു. പിന്നെയോ ചില ഗുഹകളും കുഴിമാടങ്ങളും ഉള്ള ഒരു കുന്നായിരുന്നു. ഒരിക്കൽ എലിസേവൂസു് അസ്ഥികൾ കിടന്നിരുന്ന കല്ലുകൊണ്ടുള്ള ആ കുഴിമാടങ്ങളിൽ ഒന്നിലിറങ്ങി, ഒരു തലയോടു് എടുത്തപ്പോൾ കൂടെ ഉണ്ടായിരുന്ന ഒരു മാലാഖാ അതു് ആദത്തിൻെറ തലയോടാണെന്നും, അതു് കൊണ്ടുപോകരുതെന്നും പറയുന്നതു് ഞാൻ കേട്ടു. ആകയാൽ ആ ദീഘദശി കണ്ടതു് പിന്നീടു് മററവക്കു് അറിയിച്ചതു മുഖാന്തിരമാണു് ഈ തലയോടു് എന്നത്ഥമായ കാൽവരി, ഗാഗുൽത്തായെന്ന പേരുണ്ടായതു്. എന്നാൽ ന. കത്താവിൻെറ കുരിശു നാട്ടിയതിനു നേരെ അടിയിൽത്തന്നെയാണു് ആദത്തിൻെറ തലയോടു് കിടന്നിരുന്നതു്. എന്നുതന്നെയുമല്ല അവിടെയാണു് ഭൂമിയുടെ നടുവെന്നും എനിക്കറിയിക്കപ്പെട്ടു. പക്ഷികൾ കാണുംപ്രകാരം ഉയരത്തിൽനിന്നു് ഭൂമിയുടെ മേൽഭാഗം ഞാൻ കണ്ടതു മുഖാന്തരം നടുവിൽനിന്നു് ഓരോ സ്ഥലത്തേക്കു് എത്ര ദൂരമെന്നും അറിഞ്ഞു.

# അദ്ധ്യായം 54

## കുരിശും മുന്തിരിങ്ങാച്ചക്കും എന്നവയിന്മേൽ.

കർത്താവു് കുരിശിൽ തൂങ്ങിയിരിക്കെ, "എന്റെ രക്തം അവസാനിച്ചു വെള്ളം പുറപ്പെട്ടുംവരെ മുന്തിരിങ്ങാപ്പഴങ്ങളെ എന്നപോലെ ഞാൻ ഞെക്കപ്പെട്ടു. ഇനി ഇവിടെ വീഞ്ഞുണ്ടാക്കപ്പെട്ടുകയില്ല" എന്നു് അരുളിച്ചെയ്യുന്നതായി ഞാൻ കേട്ട ആ വാക്യങ്ങളിന്മേൽ ധ്യാനിച്ചിരുന്ന സമയം അതിന്റെ സാരം വെളിപ്പെടുത്തുന്നതായി ഗാഗുൽത്താമല സംബന്ധിച്ചു് മറെറാരു കാഴ്ച എനിക്കു് നൽകപ്പെട്ടു. അതിൽ ഇപ്പോൾ കൽപ്രദേശമായ ആ മല ജലപ്രളയത്തിനു് മുൻ ഒരുകാലത്തു് സുഭിക്ഷഭൂമി ആയിരുന്നതിനാൽ ആ സ്ഥലത്തു് മുന്തിരിത്തോട്ടം മുതലായ കൃഷികൾ നടന്നിരുന്നു; എന്നുമാത്രവുമല്ലാ യഫെത്തെന്ന ഗോത്രപിതാവു് തന്റെ അനവധി സന്താനങ്ങളോടുംകൂടെ ഇവിടെ വന്നു് ഭൂമി കുഴിച്ചു് അതിന്റെ മേൽഭാഗം സസ്യലതാദികളാൽ മൂടിയ ഭവനങ്ങളിൽ പാർക്കുന്നതു് ഞാൻ കണ്ടു. ഇതുകൂടാതെ അവർ ആ ഭവനത്തിനു് ചുററും മുന്തിരിത്തോട്ടങ്ങളും കർത്താവിന്റെ കുരിശു് നാട്ടിയസ്ഥലത്തു് ഒരു പുതിയ ദ്രാക്ഷാച്ചക്കും ഉണ്ടാക്കി യഫെത്തിന്റെ മുമ്പാകെവെച്ചു് അതിൽ മുന്തിരിങ്ങാ പിഴിഞ്ഞു് വീഞ്ഞെടുത്തിരുന്നു.

എന്തെന്നാൽ ആദ്യം മനുഷ്യർ ദ്രാക്ഷാപ്പഴം തിന്നു് തൃപ്തിയടയിരുന്നെങ്കിലും പിന്നീടു് കല്ലുരലുകളും മരം കുഴിച്ചുണ്ടാക്കി അതുകളിലും മുന്തിരിങ്ങാ ഇടിച്ചുപിഴിഞ്ഞു് പാനം ചെയ്തിരുന്നു. എന്നാൽ ഇവിടെ ഇവർ കുരിശിനു് സാദൃശമായ ഒരുവകയന്ത്രത്തിൽ ദ്രാക്ഷാപ്പഴം ഞെക്കി വീഞ്ഞെടുക്കയും ചെയ്തിരുന്നു. ഈ യന്ത്രം ചക്കുപോലെ മുകളിൽ കുഴിച്ചു് ഒരു മരത്തടി നിവർത്തി നിറുത്തി അതിൽ മുന്തിരിങ്ങ ചാക്കിൽ കെട്ടിയിട്ടു് കുരിശുപോലെ ഇരുകൈകളുള്ള ഒരുകണ അതിന്റെമീതെ നിവർത്തിവെച്ചു് ഒരു ഭാരമുള്ള കട്ടികൊണ്ടു് പൊക്കിനിറുത്തിയിരുന്നതായിരുന്നു. എന്നാൽ ആ ഇരുകൈകളിന്മേൽ പിടിച്ചു് ബലമായി താഴ്ത്തുമ്പോൾ അഞ്ചു തിരുമുറിവുകൾക്കു് സാദൃശമായി അതിന്മേലുള്ള അഞ്ചുദ്വാരങ്ങൾവഴി ദ്രാക്ഷാരസം ചാടിയിരുന്നു. അവിടെനിന്നു് ആ രസം, (കൂദാശകൾക്കു് സദൃശമായ)

ചില മരത്തൊലിപ്പാത്രങ്ങളിൽക്കൂടെ കർത്താവിനെ ഇരുത്തി മുടിധരിപ്പിച്ച ആ പാറമേലുണ്ടായിരുന്ന (തിരുസഭയുടെ സാദൃശ്യമായി) ഒരു കുഴിയിൽ ഒഴുകി വീണിരുന്നു. എന്നുമാത്രവുമല്ല ഈ പാത്തികളിലും ദ്വാരങ്ങളിലും തടയുന്ന കരടുകളെ കുത്തിക്കളയുന്നതിനു് അവർ ഉപയോഗിച്ചിരുന്ന നീണ്ട ഞാങ്കണകാം ലൊങ്കിനോസിൻെറ കുന്തം, നീപ്പുഞ്ഞതി കെട്ടിയ ഞാങ്കണ എന്നിവകളുടെ സാദൃശ്യവുമാകയാൽ ഇവ സകലവും കർത്താവിൻെറ പാടുകളുടെസാമഗ്രികളുടെ ലക്ഷ്യങ്ങളായിരുന്നു. ഇതു കൂടാതെയും ഇവിടെപല ബാലന്മാർ കർത്താവിൻെറ അരയിൽ ചുററിയിരുന്ന ആ വക്കശീലക്കു് തുല്യമായ തുണികാം അരയിൽ ചുററി പണിയെടുത്തിരുന്നു. എന്നാൽ മീശ നന്നാ നീണ്ടു് വയസ്സനായ യഫെത്തു് തുകൽവസ്ത്രങ്ങളും അണിഞ്ഞിരുന്നു. അന്നു ഒരു തിരുനാാം ദിവസമാകയാൽ ചില മൃഗങ്ങളെ അവർ പൂജയണക്കുന്നതും ഞാൻ കണ്ടു.

# അദ്ധ്യായം 55

## കഷ്ടാനുഭവത്തിൻെറ ഇടകലന്ന കാഴ്ച

ദൈവവല്ലഭത്താൽ മനുഷ്യദേഹപ്രകൃതിയെ വേനൽ വഷം എന്ന കാലപ്പകച്ച്കാംകും ദിവസത്തിലെ നേരവ്യത്യാസങ്ങാംകും യോജിപ്പിച്ചു് നടത്തിവരുന്നതുപോലെതന്നെ അവിടുത്തെ പ്രത്യേക വരപ്രസാദകരുണയാൽ എമ്മരിച്ച അന്ന എന്ന കന്യകയുടെ ജ്ഞാനചിന്തകളും, ആത്മീയ വശങ്ങാംകൂടേയും തിരുസ്സഭയിൽ ദിനംതോറുമുള്ള കാലപകച്ച്കാംക്കു് യോജിപ്പിച്ചു് നടത്തിയിരുന്നു. ഇതിനാൽ തിരുസ്സഭയിൽ വഷംതോറുമുള്ള ദുഃഖകരരഹസ്യം സൂചിപ്പിക്കുന്ന തിരുനാളുകളിൽ അവളുടെ ശരീരത്തിലും ബോധത്തിലും മഹാ ക്ഷീണവും തളച്ച്യും ദുഃഖഭാവവും ജനിക്കുന്നതായി കാണപ്പെട്ടുകയും, ആ ദിവസം അവസാനിച്ചു് പിറെറ ദിവസത്തെ സന്തോഷകര തിരുനാാം ആരംഭിക്കുന്ന കുരിശുമണി ശബ്ദിച്ചുടൻ പെട്ടെന്നു് ആ ദുഃഖഭാവം മാറി സന്തോഷവും, തൃപ്തിയും, ബലവും ദൃഷ്ടിയിലും ദേഹത്തിലും വാക്കുകളിലും തെളിവായി കാണപ്പെട്ടുകയും ചെയ്തിരുന്നു. ഈ പകച്ച് അവാം അറിയാതെ സ്വാഭാവികമെന്നപോലെ സംഭവിച്ചിരുന്നു.

ഇങ്ങനെ 1823 കുംഭം 18-ാംനു- മുതൽ മീനം 8-ാംനു- വരെയുള്ള ഇടയിൽ കർത്താവിന്റെ മുൾമുടിധാരണംവരെയുള്ള പാടുകൾ അവൾ കണ്ടു് പറഞ്ഞുതന്നപ്പോൾ അവളുടെ ദേഹത്തിലും സകലവിധ രോഗങ്ങളും പീഡകളും സഹിക്കയും, പ്രത്യേകം കർത്താവിനെ കൽത്തൂണിൽ കെട്ടിയടിച്ചതു് വിവരിച്ചപ്പോൾ മഹാക്ഷീണത്തിനും ബലക്ഷയത്തിനും വിധേയയായി രക്തംവിയർത്തു് നാക്കലനു് ഒരക്ഷരംപോലും ഉച്ചരിക്കുവാൻ കഴിയാതെ ചിലപ്പോൾ ആംഗ്യങ്ങൾമാത്രം കാണിക്കയും ചെയ്തിരുന്നു. എന്നാൽ 8-ാംനു- സൂര്യൻ അസ്തമിച്ചശേഷം ചമ്മട്ടിയടിവിവരണം അവസാനിച്ചു് മുൾമുടിധാരണം പറഞ്ഞുതരുമെന്നു് ഞാൻ കരുതിയിരിക്കുമ്പോൾ കുരിശുമണിസമയത്തു് മരണപ്രമാദംപോലെ പരിഭ്രമിച്ചു് വിളറിയിരുന്ന അവളുടെ മുഖം പെട്ടെന്നു് പ്രകാശിച്ചു് ആനന്ദത്തോടെ ഒരു വത്സലപൈതലിനെ ലാളിക്കുന്ന സ്വരത്തിൽ ഇങ്ങനെ നിലവിളിച്ചു.

"ഓ? ആ കൊച്ചു ബാലകൻ ആരാണു്? എന്റെ കുഞ്ഞേ; നിൽക്കാ, ഞാൻ അവനോടു് ഒന്നു് ചോദിക്കട്ടെ, അവന്റെ പേർ യൌസേപ്പെന്നാണു്; അല്ലേ? അവൻ ഈ പുരുഷാരമദ്ധ്യേ നന്നാ പ്രയാസത്തോടെയാണു് എന്റെ പക്കലേക്കു് വന്നതു്. പാവപ്പെട്ട ഈ നല്ലകുഞ്ഞു്; ഈ നടക്കുന്നതൊന്നും അവനറിയുന്നില്ല; അവന്റെ വസ്ത്രങ്ങൾ എന്തൊരു നേർമ്മ, ഇന്നു് അതികുളിരാകയാൽ അവൻ വിറയ്ക്കുന്നു; എന്റെ കുഞ്ഞേ, നിൽക്ക, വല്ലതും നിന്റെ മേൽ ഞാൻ ഇടട്ടെ" എന്നുംമററും, കേൾക്കുന്നവർ പകച്ചു് അങ്ങുമിങ്ങും നോക്കത്തക്ക വത്സലസ്വരത്തിൽ പറഞ്ഞുകൊണ്ടു് ഏതോ ഒരു ഉടുപ്പെടുക്കവെ അവളുടെ സൂക്ഷക്കാരി സഹോദരി അവൾ സ്വപ്നം കാണുകയാണെന്നു് കരുതി "കീഴ്വഴക്കം" എന്ന വാക്കു ഉച്ചരിച്ചശേഷം കീഴ്വഴങ്ങി പരവശം തെളിഞ്ഞു് കൊന്തയും കുരിശുരൂപവും എടുത്തു് പ്രാർത്ഥിച്ചുതുടങ്ങി.

എന്നാൽ സന്തോഷഞായറാഴ്ചയായ പിറേറദിവസം ഈ എഴുത്തുകാരൻ "ഇന്നു നിനക്കു് ഇത്ര തെളിവും സന്തോഷവും കാണുന്നതു് എന്താ?" എന്നു ചോദിച്ചു. അതിനു് അവൾ "ഇന്നത്തെ പൂജയിൽ തിരുസ്സഭ ഏശയ്യാ ദീർഘദർശിയോടൊരുമിച്ചു് "ഓറശ്ലേമേ സന്തോഷിക്ക, അവളെ സ്നേഹിക്കുന്നവരെല്ലാം ഒന്നിച്ചു് ആനന്ദിപ്പാൻ വരുവിൻ, ദുഃഖമായിരിക്കുന്നവരേ, നിങ്ങളുടെ ഹൃദയത്തിൽ ആശ്വാസം നിറയും" എന്നു് പാടുന്നതി

നാൽ ആണ്ടുതോറും വലിയനൊയമ്പിൻെറ പകുതിനാളായ ഇന്നേ ദിനം എനിക്കു് എപ്പോഴും ബഹുസന്തോഷമുണ്ടാകുക പതിവാണു്; എന്നുമാത്രവുമല്ല കത്താവു് കുറച്ചപ്പംകൊണ്ടു് അയ്യായിരംപേക്കു് സംപൂണ്ണഭക്ഷണം നൽകിയെന്നു് ഇന്നത്തെ സുവിശേഷത്തിലും വായിക്കുന്നല്ലൊയെന്നും, വഷംതോറും ഈ ദിനം ദിവ്യകാരുണ്യമുറംക്കൊള്ളുമ്പോറം മഹാ പ്രസാദത്തോടെ കത്താവിനെ ഞാൻ കാണുമാറുണ്ടു്” എന്നും പറഞ്ഞു.

എന്നാൽ എഴുത്തുകാരൻ മാർ യൌസേപ്പിൻെറ തിരുനാറം മററു ദിക്കുകളിൽ 19-ാംനു- ആണെങ്കിലും ഇവിടെ ഇന്നാണു് കൊണ്ടാടുന്നതെന്നു് ഓർക്കുന്നൊയെന്നു് ചോദിച്ചതിനു് അവറം “അതു് ഞാൻ ഓക്കുന്നു. എന്നുമാത്രവുമല്ല ഇന്നലെ കത്താവിൻെറ പാടുകളുടെ കാഴ്ച കഴിഞ്ഞ ക്ഷണംമുതൽ എനിക്കു് മഹാ ആശ്വാസമാണു്; മാർ യൌസേപ്പു പുണ്യവാൻ ഒരു പൈതൽരൂപത്തിൽ എനിക്കു് കാണപ്പെട്ടു” എന്നും ഉത്തരിച്ചു. ഇങ്ങനെ അവറം ഓരോ പരിശുദ്ധൻെറ തിരുനാളിൽ ധ്യാനിക്കുമ്പോറം ആ പരിശുദ്ധനും, ദീഘദശ്നവാക്യങ്ങളിന്മേൽ ധ്യാനിക്കുമ്പോറം ആ പരിശുദ്ധനും, ദീഘദശ്നവാക്യങ്ങളിന്മേൽ ധ്യാനിക്കുമ്പോറം ആ വാക്യങ്ങറം പറഞ്ഞ ദീഘദശികളും മററും പൈതങ്ങളുടെ രൂപങ്ങളിൽ അവറംക്കു് കാണപ്പെട്ടു് അവളെ ആശ്വസിപ്പിക്കയും ഉപദേശിക്കയും സഹായിക്കയും ചിലപ്പോറം കുററപ്പെടുത്തുകയും മററും ചെയ്യുമാറായിരുന്നു.

# അദ്ധ്യായം 56

## തിരുക്കവറിങ്കൽ കാവൽ നിറുത്തിയതു്.

ദുഃഖവെള്ളിയാഴ്ച വൈകുന്നേരം കയ്യാപ്പായും യൂദന്മാരിൽ പ്രധാനികളുംകൂടി ഊറ സംഭവിച്ച ഭയങ്കര സംഗതികറം നിമിത്തം ജനങ്ങളിൽ ഉണ്ടായിരിക്കുന്ന ഇളക്കത്തിനു് എന്താണു് വേണ്ടതെന്നു് ആലോചിച്ചുകൊണ്ടു് കാലത്തു് പീലാത്തോസിൻെറ

പക്കൽ പോയി ഇങ്ങനെ പറഞ്ഞു. "ആ തട്ടിപ്പുകാരൻ ജീവിച്ചിരിക്കുമ്പോൾ മൂന്നാം ദിവസം ഞാൻ ഉയിൎക്കും എന്നു പറഞ്ഞിരുന്നതിനാൽ കവറിടത്തിങ്കൽ മൂന്നുദിവസംവരെ കാവൽ വെക്കേണ്ടതാണു്, അല്ലാഞ്ഞാൽ അവന്റെ ശിഷ്യൎവന്നു് അവനെ കട്ടുകൊണ്ടുപോയിട്ടു്, അവൻ ഉയിൎത്തു എന്നു് ജനങ്ങളോടു പറകയും മുമ്പത്തേക്കാൾ വലിയ കുഴപ്പം ആയിത്തീരുകയുംചെയ്യും". എന്നാൽ പീലാത്തോസു് ഈ സംഗതിയിൽ ഇനി ഒന്നും ചെയ്കയില്ലെന്നു് തീരുമാനിച്ചിരുന്നതിനാൽ "നിങ്ങൾക്കു് കാവല്ക്കാരുണ്ടല്ലോ. നിങ്ങൾതന്നെപോയി കാവൽ കാത്തുകൊൾവിൻ" എന്നു മാത്രം ഉത്തരിച്ചു. എങ്കിലും സകലത്തിന്റെയും സൂക്ഷ്മവിവരം തന്നെ അറിയിക്കണമെന്നു് അവൻ രഹസ്യമായി ലൊങ്കീനോസിനോടു് കല്പിച്ചു.

ആകയാൽ സൂൎയ്യോദയത്തിനു മുമ്പു് ആ പന്ത്രണ്ടു പ്രധാനികൾ അവിടെനിന്നിറങ്ങി ചില ദേവാലയ സേവകരേയുംകൂട്ടി പട്ടണത്തിൽനിന്നു് പോകുന്നതു് ഞാൻ കണ്ടു. കവറിടത്തിൽ വെളിച്ചത്തിനായി അവർ കമ്പത്തിന്മേൽ ദീപങ്ങൾ വെയ്ക്കയും കവറിടത്തിൽ ഈശോയുടെ തിരുദേഹം ഉണ്ടെന്നു് നിശ്ചയപ്പെടുത്തിക്കൊണ്ടു് അതിന്റെ വാതിലിന്നും അതിന്മേൽ ചാരിയിരിക്കുന്ന വലിയ കല്ലിന്നും വിലങ്ങെ ഓരോ കയറുകെട്ടി അതിന്മേൽ അൎദ്ധവൃത്താകൃതിയിൽ ഒരു മുദ്രയും പതിച്ചു അവർ മടങ്ങിപ്പോയപ്പോൾ ആറുപേർ സേവകർ വാതിൽക്കൽ മാറിമാറി കാവൽനിൽക്കയും ചെയ്തിരുന്നു.

ലൊങ്കീനോസു് ഒരിക്കലും വിട്ടുമാറാതെ ഗുഹയുടെ വാതിൽക്കൽ നില്ക്കയൊ ഇരിക്കയൊ ചെയ്തപ്പോൾ അനേക ആഭ്യന്തര വരപ്രസാദങ്ങൾ പ്രാപിച്ചു് വളരെ പരമരഹസ്യങ്ങൾ അയാൾ ഗ്രഹിച്ചു. എന്നുമാത്രവുമല്ല ഈ അരൂപിയുടെ പ്രകാശത്താൽ പരവശനായി പുറമെ നടക്കുന്നതൊന്നും അറിയാതെയാണു് ഇരുന്നിരുന്നതു്. അയാൾ മുഴുവനായി വേറൊരു മനുഷ്യനായി പകന്നു്, ഈ മനോഗുണങ്ങൾനിമിത്തം ദൈവത്തെ സ്തുതിച്ചാരാധിച്ചിരുന്നു.

# അദ്ധ്യായം 57

## വിശുദ്ധ ശനിയാഴ്ച ശിഷ്യരുടെ സ്ഥിതി.

നമ്മുടെ കർത്താവിന്റെ വിശ്വസ്തശിഷ്യർ ഇരുപതുപേരും സ്ത്രീജനങ്ങളും ശനിയാഴ്ച ആചരിക്കുന്നതിനായി വെള്ളിയാഴ്ച വൈകുന്നേരം വിരുന്നുശാലയിൽക്കൂടി ദീപങ്ങൾ തെളിയിച്ചു് രാത്രിഭോജനവും കഴിച്ചു. ചിലർ വീടുകളിൽ പിന്തിരിഞ്ഞു എന്നു് മുൻ പറഞ്ഞുവല്ലോ; എന്നാൽ അതിന്റെശേഷം പിറെറ ദിവസം അവർ കാലത്തു് വീണ്ടും ഒന്നിച്ചു് അവിടെക്കൂടി വായിക്കയും നമസ്കരിക്കയും മററും ചെയ്തിരുന്നു.

എന്നാൽ കാലത്തു് മൂന്നുമണിക്കു് പരിശുദ്ധമറിയവും ചില സ്ത്രീജനങ്ങളും യോഹന്നാനൊരുമിച്ചു് പെസഹാ കഴിയുന്ന പുലച്ചക്കു് എല്ലാവരും ദേവാലയം സന്ദർശിക്കണമെന്ന മര്യാദ നിറവേററുവാനായി പോയിരുന്ന ആ സമയമാണു് കവറിടം മുദ്രവെച്ചതു്. തലേദിവസത്തെ ഭയങ്കരസംഗതികൾനിമിത്തം ദേവാലയത്തിൽ ആരുമില്ലാതെ തീരെ ഒഴിഞ്ഞിരുന്നെങ്കിലും, മേല്പറഞ്ഞ മര്യാദപ്രകാരം ഗുരുമണ്ഡപത്തിൽ ജനങ്ങൾക്കു് അന്നു് പ്രവേശിപ്പാൻ പ്രത്യേക അനുമതി ഉള്ളതുനിമിത്തം അതു തുറന്നു് ദീപങ്ങൾ തെളിയിച്ചിരിക്കുമ്പോൾ ആണു് മാതാവു് അവളുടെ പൈതൽപ്രായം കഴിച്ച ആ സ്ഥലത്തോട്ടു് യാത്രപറവാനായി വന്നതു്.

ദേവാലയ ഉദ്യോഗസ്ഥരായ ശെമ്ഓന്റെ മകനും റാംസ യൌസേപ്പിന്റെ മരുമകനും അവരുടെ ഇളയപ്പനായ യൌസേപ്പു് പിടിക്കപ്പെട്ട സംഗതിനിമിത്തം അത്യന്തം ദുഃഖിതരായിരുന്നെങ്കിലും മാതാവിനെ കണ്ടു്, വേഗംവന്നു് വന്ദനംപറഞ്ഞുകൊണ്ടു്, അവളെ സകലവും നടന്നു് കാണിച്ചിരുന്നു. ആ പുണ്യസ്ത്രീകൾ ഇവരുടെ വിവരണവചനങ്ങളെ കേട്ടുകൊണ്ടു് ഓരോരൊ സ്ഥലത്തുനിന്നു് അവിടെ സംഭവിച്ചവയെ ചിന്തിച്ചിരുന്നു; ഭൂകമ്പത്താലും ദേവാലയച്ചുമരുകൾ എങ്ങും പൊട്ടിയിരുന്നതു കൂടാതെ ഹൈക്കലൊയും മദ്ബഹായും തമ്മിൽ യോജിക്കുന്ന സ്ഥലത്തുള്ള വിള്ളലിൽക്കൂടി ആളുകൾ കടപ്പാൻ തക്കവണ്ണം വിസ്താരം വൎദ്ധിച്ചിരുന്നു. ദൈവജനനി അവളുടെ തിരുപ്പുത്രനാൽ ശുദ്ധീകരിക്കപ്പെട്ട സ്ഥലങ്ങളിൽ കണ്ണുനീരോടെ മുട്ടുകുത്തി

സാഷ്ടാംഗംവീണു് മുത്തിക്കൊണ്ടു് കൂട്ടുകാരോടു് അതിൻെറ കാരണം വെളിപ്പെടുത്തുമ്പോൾ അവരും അവളെ പിന്തുടൎന്നിരുന്നു.

ദിവ്യവല്ലഭപ്രവൃത്തികൾ നിറവേറിയ സ്ഥലങ്ങളിന്മേൽ യൂദന്മാൎക്കു് സാധാരണ മഹാ വണക്കമാകയാൽ താദൃശസ്ഥലങ്ങളിൽ സാഷ്ടാംഗം വീണു് കരങ്ങൾ വിരിച്ചുവെച്ചു് മുത്തുമാറായിരുന്നു. (അപ്പൊഴൊ സകല ദൈവവല്ലഭ പ്രവൃത്തികളിൽവെച്ചു് അത്യുന്നതമായ ദിവ്യപൂജ നിറവേറുന്ന നമ്മുടെ ദേവാലയങ്ങളിൽ നാം വണക്കക്കുറവായി വ്യാപരിക്കുന്നതു് എത്രയോ മഹാപാതകവും നന്ദിഹീനതയുമാകുന്നു.) ഈ വിധ ഉത്തമ ചിന്തകളോടെ മാതാവു നടന്നുകൊണ്ടു് പൈതൽപ്രായത്തിൽ തന്നെ ദൈവത്തിനു് കാഴ്ചകൊടുക്കയും പിന്നീടു് താൻ സഞ്ചരിക്കയും, മാർ യൌസേപ്പിനോടുള്ള തൻെറ വിവാഹം നിറവേറുകയും, ഉണ്ണീശോയെ ശെമഒാൻെറ കരങ്ങളിൽ കാഴ്ചകൊടുക്കയും മററും ചെയ്ത ആ സ്ഥലങ്ങളെ കൂട്ടുകാൎക്കു് ചൂണ്ടിക്കാണിച്ചു.

ശെമഒാൻെറ ആ ദീൎഘദൎശനം അവളിൽ നിറവേറി ആ ക്രൂരവാൾ അവളുടെ ഹൃദയത്തെ പിളൎന്നതു് നിരൂപിച്ചു് വളരെ കരഞ്ഞതുകൂടാതെ കൎത്താവിനെ പന്ത്രണ്ടു വയസ്സു പ്രായത്തിൽ മൂന്നു ദിവസം കാണാതെ അന്വേഷിച്ചിട്ടു് അദ്ദേഹത്തെ കണ്ടെത്തിയ സമയം, അദ്ദേഹം നിന്നു തൎക്കിച്ചിരുന്ന ആ സ്ഥലവും അവൎക്കു് കാണിച്ചുകൊടുത്തു. ആ പരിശുദ്ധസ്ത്രീകൾ ഇങ്ങനെ കരഞ്ഞു നമസ്കരിച്ചശേഷം പുലൎച്ചെക്കു് വിരുന്നുശാലയിൽ മടങ്ങി എത്തുകയും ചെയ്തു. മാതാവു് ദേവാലയം നശിച്ചപോലെ ഒഴിഞ്ഞുകിടക്കുന്നതുകണ്ടു് "ഈ ദേവാലയം നശിപ്പിച്ചു് മൂന്നാംനാൾ മറെറാന്നു് പണിയും" എന്നുള്ള കൎത്താവിൻെറ തിരുവാക്യം നിറവേറിവരുന്നതുനിമിത്തം ദുഃഖിക്കയും ആ വാക്യങ്ങളുടെ യഥാൎത്ഥസാരമായ മൂന്നാംനാൾ ഉണ്ടാകുമെന്ന കൎത്താവിൻെറ ഉയിപ്പു് കാണുന്നതിനു് അത്യന്തം ആശിക്കയും ചെയ്തിരുന്നു.

പിന്നീടു് കൎത്താവിൻെറ സ്നേഹിതർ എല്ലാവരും വിരുന്നുശാലയിൽ ഒന്നിച്ചുകൂടി നമസ്കരിക്കയും, ദുഃഖത്തോടെ സംഭാഷിക്കയും ചെയ്യുമ്പോൾ യോഹന്നാൻ അവസാനംവരെ അയാളുടെ ഗുരുനാഥനെ വിട്ടുപോകാഞ്ഞതുനിമിത്തം സകലരും അയാളെ പ്രത്യേകിച്ചു് ആചരിച്ചു് ആദരിച്ചിരുന്നു. അവൎക്കൊ എന്നാൽ ആ് സ്നേഹഗുരുവിനെ അദ്ദേഹത്തിൻെറ ഞെരുക്കസമയത്തു് വിട്ടുപേക്ഷിച്ചതിനാലുള്ള ദുഃഖവും നാണവും സഹിച്ചുകൂടായിരുന്നു.

എന്നാൽ യോഹന്നാൻ മഹാ വിനീതസാധുത്വത്തോടെ എല്ലാവരോടും സംഭാഷിച്ചു് സകലരേയും പറഞ്ഞാശ്വസിപ്പിച്ചു. അവിടെ കൂടിയിരുന്നവരൊക്കെയും മഹാ മൌനത്തോടെ ഇടവിടാതെ നമസ്കരിക്കയും കർത്താവിൻെറ പാടുകൾ ചിന്തിച്ചു കരയുകയും ചെയ്യതുകൂടാതെ അന്നേദിവസം ഒരിക്കൽമാത്രം അല്പംഭക്ഷണം കഴിച്ചതേയുള്ളൂ.

പിന്നീടു് ഞാൻ തിരുക്കവറിടത്തെപ്പററി ധ്യാനിച്ചപ്പോൾ ആ പാറ ഒരു ദിവ്യപ്രഭയാൽ ചില്ലുപോലെ ഉൾപ്രസന്നമായി, അതിൽ ഇരിക്കുന്ന ആ തിരുമേനിയേയും കാൽക്കലും തലക്കലും നിന്നു് ആരാധിക്കുന്ന രണ്ടു ദൈവദൂതന്മാരേയും തെളിവായി കണ്ടതുകൂടാതെ പുറത്തു് ആറു് പടയാളികൾ കാവലായും, ലൊങ്കിനോസു് ധ്യാനത്തിൽ മുഴുകിയും അതിൻെറ വാതിൽക്കൽ നിന്നിരുന്നു. അതിൻെറശേഷം പാതാളങ്ങളിൽ ഇറങ്ങിയ കർത്താവിൻെറ തിരുആത്മത്തെപ്പററി ഞാൻ ധ്യാനിച്ചപ്പോൾ എനിക്കു് കാണിച്ചുതന്ന ആശ്ചര്യകരവിസ്മയങ്ങൾ വിവരിപ്പാൻ നിശ്ചയമായിട്ടു് ഞാൻ ത്രാണിയററവളാകുന്നു; എങ്കിലും കഴിയുന്നവ പറയാം.

# അദ്ധ്യായം 58

## തിരു ആത്മാവു് പാതാളങ്ങളിൽ ഇറങ്ങിയതു്.

നമ്മുടെ കർത്താവു് ഒരു മഹാ നിലവിളിയോടെ ശ്വാസം വിട്ടുടൻ ഗബ്രിയേൽ മുതലായ അനവധി ദൈവദൂതരുടെ പരിവാരമദ്ധ്യേ ആ ദിവ്യാത്മാവു് ഭൂമണ്ഡലത്തിനുള്ളിൽ പ്രവേശിച്ചപ്പോൾ അവിടുത്തെ ദൈവസ്വഭാവം കുരിശിൽ തൂങ്ങിക്കിടക്കുന്ന തിരുമേനിയോടും ആ തിരുആത്മത്തോടും ഒന്നിച്ചിരുന്നു എന്നതിനു് സന്ദേഹമില്ല. എന്നാൽ ഈ പരമരഹസ്യം തെളിവായി ഞാൻ ഗ്രഹിച്ചിരിക്കുന്നുവെങ്കിലും അതു് എങ്ങിനെ വചനങ്ങളാൽ വിവരിക്കേണമെന്നു് എനിക്കു് അറിഞ്ഞുകൂടാ. എന്നാൽ കർത്താവിൻെറ തിരുആത്മാവു് പ്രവേശിച്ച ആ പാതാളം

അതിൻെറ വൃത്താകൃതിയിലുള്ള അതിരുകളാൽ തമ്മിൽ വേർതിരി ഞ്ഞിരിക്കുന്ന അബ്രാഹത്തിൻെറ മടി, ശുദ്ധീകരണസ്ഥലം, നരകം എന്ന മൂന്നു് വെവ്വേറെ രാജ്യങ്ങാംപോലെ ആയിരുന്നു.

എന്നാൽ അബ്രാഹത്തിൻെറ മടിയെന്ന സ്ഥലത്തിനു് എതിരെ എപ്പോഴും ഇമ്പമുള്ളതും കുളിർമ്മയുള്ളതുമായ കാററു് വീശുന്നതും നാനാവിധ വിശേഷപുഷ്പങ്ങളാൽ അലംകൃതമായതു മായ ഒരു പ്രഭയുള്ള സ്ഥലമുണ്ടായിരുന്നു. അനേക പരിശുദ്ധാ ത്മാക്കാം ശുദ്ധീകരണസ്ഥലത്തിൽനിന്നു് രക്ഷപ്രാപിച്ചശേഷം സ്വർഗ്ഗം പ്രാപിക്കാതെ, നമ്മുടെ കർത്താവിൻെറ രക്ഷണീയവരവു് അത്യാശയോടെ പാർത്തു് ഇതിൽ വസിച്ചിരുന്നു. ഘനമുള്ള മഞ്ഞു്മേഘത്താൽ മൂന്നായി വിഭാഗിച്ചിരുന്ന ഈ സ്ഥലങ്ങളി ലേക്കു് കർത്താവു് ശോഭയുള്ള കതിരുകളാൽ ചൂഴന്നുകൊണ്ടു് മാലാ ഖാമാരുടെ പരിവാരത്തോടെ വിജയശ്രീലാളിതനായി എഴുന്ന രുളി. ഇതിൽ ഇടത്തുവശത്തേതു് അബ്രാഹത്തിനു് മുമ്പു് ജീവി ച്ചിരുന്ന ബാവാന്മാർ കിടന്നിരുന്നതും, വലത്തുവശത്തേതു് അബ്രാഹത്തിനും സ്നാപകയോഹന്നാനും ഇടയിലുള്ള കാലത്തു് ജീവിച്ചിരുന്നവർ കിടന്നിരുന്നതുമായ ഇരു സ്ഥലങ്ങളായിരുന്നു.

കർത്താവു് അതിൽ പ്രവേശിച്ചപ്പോാം ആദ്യം ഈ ആത്മാ ക്കാം അദ്ദേഹത്തെ തിരിച്ചറിഞ്ഞില്ലെങ്കിലും അദ്ദേഹത്തിൻെറ സന്നിധിയിൽ പറഞ്ഞൊപ്പിക്കരുതാത്ത ശരണവും അത്യന്തസ ന്തോഷവും അനുഭവിച്ചിരുന്നു. ഇരുട്ടിൽ പ്രവേശിക്കുന്ന ശോഭ യുള്ള കതിർപോലെയും കുളിർമ്മയുള്ള മഞ്ഞുപോലെയും വരുന്ന അദ്ദേഹത്തെ ഭാഗ്യസ്മരണയോടെ അവർ പാർത്തിരിക്കുന്ന ആ സ്ഥലത്തു്, രക്ഷണീയമെന്ന ഈ ഒരു ഉന്നതവാഞ്ഛയല്ലാതെ മറെറാരു കുറവുമില്ലായിരുന്നു. അദ്ദേഹം കാററടിക്കുന്ന നിമിഷത യോടെ ആ രണ്ടു സ്ഥലങ്ങാം കടന്നു് ആദ്യം ആദവും ഹാവായും ഇരുന്നിരുന്ന മൂന്നാമത്തെ ഒരു വകുപ്പിൽ എഴുന്നരുളി അവരോടു് ചില വാക്യങ്ങാം അരുളിച്ചെയ്തപ്പോാം, അവർ ആനന്ദപരവശ രായി അദ്ദേഹത്തിൻെറ തിരുസന്നിധിയിൽ സാഷ്ടാംഗംവീണു് നന്ദിയോടെ അദ്ദേഹത്തെ ആരാധിച്ചു വണങ്ങി.

ഉടൻ അദ്ദേഹം അവരെ ആ മാലാഖാമാരുടെ പരിവാര വൃന്ദത്തിൽ ചേർത്തു് ഈ പരിവാരസമേതം അബ്രാഹത്തിനു് മുമ്പുള്ള പൂർവ്വബാവാന്മാർ കിടക്കുന്ന ഇടത്തുവശത്തെ മുൻപറഞ്ഞ വകുപ്പിലേക്കു് എഴുന്നരുളിയപ്പോാം മാലാഖാമാർ അതിൻെറ വാ

തിൽതുറന്നു് മഹാ വിനയപൂർവ്വം അദ്ദേഹത്തെ അതിൽ പ്രവേശിപ്പിച്ചു. അപ്പോൾ അവിടെ ഉണ്ടായിരുന്ന ചില ദുഷ്ടാരൂപികൾ കർത്താവിൻെറ സാന്നിദ്ധ്യത്താൽ ഞെട്ടി പരിഭ്രമിച്ചു് "ഞങ്ങളെ കുരിശിൽ തറപ്പാനാകുന്നൊ നീ വരുന്നതു്" എന്നും മററും നിലവിളിച്ചപ്പോൾ മാലാഖാമാർ അവരെ ശാസിച്ചു മൌനമാക്കി, ചങ്ങലകളാൽ ബന്ധിച്ചു കർത്താവിനു് മുൻനടപ്പാൻ നിർബ്ബന്ധിച്ചു് ബലമായി അനുസരിപ്പിച്ചു. അനന്തരം കർത്താവു് അതിലെ നിവാസികളോടു് "നിങ്ങൾ കാത്തിരിക്കുന്ന ആൾ ഞാനാകുന്നു" എന്നു് അരുളിച്ചെയ്തയുടൻ അവർ സന്തോഷത്താൽ പൊട്ടി നിലവിളിച്ചുകൊണ്ടു് സ്വാഗതസംഗീതങ്ങൾ പാടി അദ്ദേഹത്തെ സ്തുതിച്ചു് ആരാധിച്ചു വണങ്ങി. അതിൻെറശേഷം അദ്ദേഹം സാക്ഷാൽ അബ്രാഹത്തിൻെറ മടിയായ വലത്തുവശത്തെ വകുപ്പിൽ എഴുന്നരുളിയപ്പോൾ മാലാഖാമാർ അവിടേക്കു് കൂട്ടിക്കൊണ്ടുവന്ന നല്ല കള്ളനേയും പിശാചുക്കൾ നരകത്തിലേക്കു് വലിച്ചുകൊണ്ടുപോയിരുന്ന ദുഷ്ടകള്ളനേയും എതിരിട്ടു് അവർ രണ്ടുപേരോടും ചില വാക്യങ്ങൾ അവിടുന്നു് അരുളിച്ചെയ്തു.

അനന്തരം ആ എണ്ണമററ മാലാഖാമാരുടേയും പരിശുദ്ധ ആത്മാക്കളുടേയും പരിവാരമദ്ധ്യേ കർത്താവു് അതിൽ പ്രവേശിച്ചു. മററുള്ളതിലും ഉയർന്നതായി എനിക്കു് തോന്നിയ ഈ സ്ഥലത്തു് നമ്മുടെ കർത്താവിനു മുമ്പു് ജീവിച്ച ബാവാന്മാരാദിയായ മൂശ, ന്യായാധിപന്മാർ, രാജാക്കൾ മുതലായവർ അദ്ദേഹത്തിൻെറ ഇടത്തുവശത്തും, വലത്തുവശത്തു് ദീർഘദർശികൾ, നമ്മുടെ കർത്താവിൻെറ കാരണവന്മാരായ യോവാക്കീം, അന്ന, മാർ യൌസേപ്പു്, സ്കറിയ, എലിസബെത്തു്, സ്നാപകയോഹന്നാൻ, മുതലായവരും നിന്നിരുന്നു. എന്നാൽ ഇവിടെ ഉള്ളവരൊക്കെയും പൂർവ്വവാഗ്ദാനം നിറവേറണമെന്നു് ആഗ്രഹിച്ചു് കാത്തിരുന്നതല്ലാതെ ഒരുവക ദുഃഖഹേതുവും അവക്കു് അവിടെ ഇല്ലായിരുന്നു.

എന്നാൽ കർത്താവു് അവിടെ പ്രവേശിച്ച ക്ഷണത്തിൽ ആ വാഗ്ദാനം നിറവേറിയതിനാൽ ആനന്ദത്തോടെ സാഷ്ടാംഗം വീണു് അദ്ദേഹത്തെ ആരാധിച്ചുകൊണ്ടു് നന്ദി പ്രദർശിപ്പിക്കുന്ന സങ്കീർത്തനഗീതങ്ങൾ പാടി സ്തുതിച്ചിരുന്നു. എന്നുമാത്രമല്ല .മാലാഖാമാർ ചങ്ങലകളാൽ ബന്ധിച്ചു് വലിച്ചുകൊണ്ടുവന്നിരുന്ന

ആ പിശാചുക്കളും തങ്ങളുടെ തോൽവിയെ ബഹു ലജ്ജയോടെ എങ്കിലും ഏററുപറയുന്നതിനു് നിർബ്ബന്ധിക്കപ്പെട്ടു. അപ്പോഠം കത്താവു് ആ പരിശുദ്ധ ആത്മാക്കളിൽ പലരോടും അവരുടെ സ്വന്ത ദേഹങ്ങളിൽ പ്രവേശിച്ചു് ഭൂമിയിൽചെന്നു് മനുഷ്യരുടെ ഇടയിൽ സത്യത്തെ സാക്ഷീകരിച്ചുറപ്പിപ്പാൻ കല്പിച്ചു. ഈ സമയമാണു്, ഉദ്യോഗസ്ഥന്മാർ അധികാരവസ്ത്രമണിഞ്ഞു് കല്പന നടത്തുവാൻ പോകുംവണ്ണം അനേകം മരിച്ചവർ തങ്ങളുടെ സ്വന്ത ദേഹങ്ങളുംധരിച്ചു് ഭൂമിയിൽ കാണപ്പെട്ടതു്. അതിൻെറശേഷം നമ്മുടെ കത്താവിൻെറ ആഡംബരപ്രദക്ഷിണം, ദൈവവാഗ്ദാനത്തിന്മേൽ നന്നാ കുറവായ അറിവോടും വിശ്വാസത്തോടുംകൂടെ അതിൻെറ നിവൃത്തീകരണം കാത്തിരുന്നവരും മററും കിടന്നിരുന്ന ശുദ്ധീകരണസ്ഥലത്തേക്കു് എഴുന്നള്ളിയപ്പോഠം, അവിടെ ഉണ്ടായിരുന്ന പിശാചുക്കളെ മാലാഖാമാർ ബന്ധിച്ചു് വിഗ്രഹാരാധനയാലും മററും മനുഷ്യരെ തട്ടിച്ചിരുന്നതു് ഏററുപറയുവാൻ നിർബ്ബന്ധിച്ചു.

വളരെ ആഴമായിരുന്ന ഈ രക്ഷണീയ പാറാവിൽ കിടന്നിരുന്ന ആത്മാക്കഠം സന്തോഷപൂരിതരായി കത്താവിൻെറ തൃപ്പാദങ്ങളിൽ സാഷ്ടാംഗംവീണു് ആരാധിച്ചപ്പോഠം അവിടുന്നു് പല സാരമായ സംഗതികളും അവിടെ നിറവേററുകയുംചെയ്തു. അതിൻെറശേഷം അവിടുന്നു് നരകപാതാളത്തിലേക്കു് എഴുന്നള്ളിയപ്പോഠം അവിടുത്തെ തിരുമുഖം മഹാ ഭയങ്കരമായിരുന്നു. എന്നാൽ നരകത്തിൻെറ പുറഭാഷതന്നെ മഹാ ഭയങ്കരവും പരിഭ്രമജനകവും ആയിരുന്നതുകൂടാതെ ബ്രഹ്മാണ്ഡമായ ആ കെട്ടിടത്തിൻെറ ഘനമുള്ള പാറമതിലുകഠം കറുത്തിരുണ്ടു് ലോഹമയമായി മിന്നിയിരുന്നു. മാത്രവുമല്ല നന്നാ ഭാരമുള്ള അതിൻെറ കറുത്ത ഇരിമ്പുകതകുകളെ, കണ്ടാൽ ഭ്രമിച്ചു് ഞടുങ്ങത്തക്ക ഘനമുള്ള ഇരുമ്പു സാക്ഷകഠം, അന്താഴങ്ങഠം, തുടലുകഠം, താഴുകഠം മുതലായതുകളാൽ ബന്ധിച്ചു് ഭദ്രപ്പെടുത്തിയുമിരുന്നു. അതു് ഇങ്ങനെ മുറുക്കത്തിൽ അടച്ചു് പൂട്ടിയിരുന്നിട്ടുകൂടേയും അതിലെ പ്രാക്കുകളുടെയും ശരണക്കേടുകളുടെയും ആഴമായ വിലാപനിലവിളികഠം തിരിച്ചു് അതിദൂരെ കേട്ടിരുന്നു. എന്നാൽ ഓ! ആ ഇരുമ്പുതുലുകഠം അഴിച്ചു് ആ ഭയങ്കര വാതിൽ മലർത്തി തുറന്നപ്പോഠം ചെവികഠം പൊട്ടിച്ചിരുന്ന ആ ഭയങ്കര നിലവിളികളും, അട്ടഹാസങ്ങളും, അലച്ചകളും വർണ്ണിപ്പാൻ ആർക്കു സാധിക്കും. ഓ!

ആ ദുർഭാഗ്യസ്ഥല നിവാസികളുടെ ഭയങ്കരസ്ഥിതി രൂപീകരിപ്പാൻ ആരാൽ സാധിക്കും !!.

എന്നാൽ എൻെറ ധ്യാനങ്ങളിൽ ആകാശത്തിനടുത്ത ഓറശ്ലേം എനിക്കു് കാണിച്ചതന്നിരുന്നതു് എത്രയും ഭംഗിയുള്ളതും നല്ലവണ്ണം ക്രമീകരിക്കപ്പെട്ടിരിക്കുന്നതുമായ ഒരു അലംകൃത പട്ടണത്തിൻെറ ഭാഷയിലും, അതിൽ വാഴുന്ന പരിശുദ്ധന്മാരുടെ വിവിധ സ്ഥാനപദവികൾ, അവരവൎക്കുള്ള അരമനകളുടെ വലിപ്പം, ഓരോ പൂങ്കാവനത്തിലെ ആശ്ചര്യകര അലംകൃതച്ചെടികൾ, പുഷ്പങ്ങൾ, കായ്കനികൾ മുതലായവയുടെ സാദൃശ്യങ്ങളിലുമത്രെ. അതിൽ സകലത്തിൻെറയും ആദ്യവും അവസാനവും പരിപൂൎണ്ണസൗഭാഗ്യമാകയാൽ സകലത്തിലും നിത്യസമാധാനവും ആശ്ചര്യകര യോജ്യതയും വിളങ്ങിയിരുന്നു.

ഈ വിശുദ്ധ പട്ടണത്തിൽ സകലരുടേയും നേത്രങ്ങളേയും ഇന്ദ്രിയങ്ങളേയും ആകൎഷിക്കത്തക്ക ഭംഗിയിൽ ചമയ്ക്കപ്പെട്ട അനേക അലംകൃതമന്ദിരങ്ങളും, അരമനകളും, ഗോപുരമാളികകളും മററും ഉണ്ടായിരുന്നതുകൂടാതെ അതിലെ നിവാസികൾ ഇമ്പമുള്ള തോട്ടങ്ങളിലെ സുഗന്ധപുഷ്പങ്ങളാലും അതിരുചികരമായ ജീവദായകഫലങ്ങളാലും നിത്യാനന്ദ ഭാഗ്യ പൂരിതരായി, സമാധാനസമ്പൂൎണ്ണമായ ഐക്യത്തിൽ അതിൽ വാഴുകയും ചെയ്തിരുന്നു. എന്നാൽ ഈ വിധംതന്നെ നരകവും, ഇതിനു് വിപരീതമായ രൂപങ്ങളിൽ എനിക്കു് കാണപ്പെട്ടിരുന്നു. എങ്ങനെയെന്നാൽ: നരകത്തിലുള്ളതു് സകലതും ഒരുവക ക്രമമില്ലാതെ ഞെരുങ്ങിക്കലങ്ങി, കാണുന്നവരിൽ പരിഭ്രമവും അരോചകവും ദുഃഖവും നിറയത്തക്ക സ്ഥിതിയിലുമായിരുന്നു.

എല്ലായിടത്തും ദൈവകോപവും ഭയങ്കരശിക്ഷയും സൂചിപ്പിക്കുന്ന വിഷയങ്ങൾമാത്രമെ അതിൽ ഉണ്ടായിരുന്നുള്ളു എന്നുമാത്രവുമല്ല എല്ലാവരിലും ശരണക്കേടും, ഏദയക്കടിയും, മരതലയും നിറഞ്ഞു് എല്ലായിടത്തും നിർഭാഗ്യം വ്യാപിച്ചിരുന്നു. ഇതിൽ പ്രലാപകര ഭയങ്കരപാറാവുകൾ, ഇരുൾ നിറഞ്ഞ ഗുഹകൾ, സകലവിധ അരോചകവും വിഷകരവുമായ ഇഴജന്തുക്കൾ നിറഞ്ഞു് ദുൎഗ്ഗന്ധം വീശുന്ന വനവാസങ്ങൾ മുതലായ പരിഭ്രമകാഴ്ചകളല്ലാതെ ഒന്നും കാണ്മാനില്ലായിരുന്നു. നരകത്തിൽ സൎവ്വ കലഹങ്ങൾ, സകലവിധ പാതകങ്ങൾ, നിൎമ്മര്യാദകൾ ദുഷ്ടതകൾ എന്നിവയുടെ ഊഹ്യമായ സകല അരോചകവിരൂപങ്ങളും

അവസ്ഥയും ഘോരശിക്ഷകളും സൂചിപ്പിക്കുന്ന ഒരു നാടകം സദാ കാണിക്കപ്പെടുന്നു. ഈ ഭയങ്കരപാറാവിൽ കാണുന്നതൊക്കെയും ബോധത്തെ ഞെരുക്കി ബാധിക്കുന്നവയാകയാൽ ഒരു അല്പ ആശ്വാസകരവ്വാക്കൊ ചിന്തയൊ അതിൽ ഒരിക്കലും ഉണ്ടായിരുന്നില്ല.

എന്നുമാത്രവുമല്ല സർവ്വവല്ലഭനായ ഒരു ദൈവത്തിന്റെ ഭേദമററ നീതിയാകുന്നു അവരെ ഇങ്ങനെ ശിക്ഷിക്കുന്നതു് എന്ന ഈ ഭയങ്കരവിചാരം അവരോരോരുത്തന്റെ ഹൃദയത്തിൽ മാഞ്ഞുപോകാത്തവണ്ണം ആഴമായി പതിഞ്ഞിരുന്നതിനാൽ ഇതു് ഇടവിടാതെ ക്രൂരമായി അവരെ ബാധിച്ചിരുന്നു. ഇതുകൂടാതെയും അപ്പോഠം ഈലോകത്തിൽ മറഞ്ഞിരിക്കുന്ന ആ പാപം അതിന്റെ സ്വന്ത അരോചകരൂപത്തിലും നിറത്തിലും അവിടെ എങ്ങും കാണപ്പെടുകയും ആ ഭയങ്കര നരകസർപ്പം ഇഹത്തിൽ വെച്ചു് അതിനെ സേവിച്ചവരെ ഒക്കെയും വിഴുങ്ങുകയും ചെയ്തിരുന്നു. ഒററവാക്കായി പറഞ്ഞാൽ ദൈവരാജിതം സകല ഭാഗ്യങ്ങളും നിറഞ്ഞ ഒരു സമാധാനരാജിതവും, നരകം സകല ദുരിതങ്ങളുടെ ഒരു ആലയവുമാകുന്നു; പക്ഷെ ഇവ ഒക്കെയും ബുദ്ധിയാൽ കണ്ടു് ഗ്രഹിക്കുന്നതുപോലെ വാക്കാൽ തെളിവായി വിവരിച്ചു പറവാൻ അസാദ്ധ്യംതന്നെ.

മാലാഖാമാർ നരകവാതിൽ തുറന്നപ്പോഠം ഇടിമുഴക്കംപോലെ കേഠക്കപ്പെട്ട ആ നരകവാസികളുടെ പ്രാക്കം. ശരണക്കേടമായ നിലവിളികഠ, അട്ടഹാസങ്ങഠ, അലച്ചകഠ മുതലായ ഭയങ്കരമുഴക്ക ശബ്ദങ്ങഠ ബോധംകൊണ്ടു് ഊഹിപ്പാൻകൂടെ ഒരുവനാലും സാദ്ധ്യമല്ല. എന്നാൽ നമ്മുടെ കർത്താവു് ആദ്യം യൂദായുടെ ആത്മാവിനോടു് ചില വാക്യങ്ങഠ അരുളിച്ചെയ്തപ്പോഠം അതിലെ സകല ദുഷ്ടാരൂപികളും കർത്താവിനെ അറിഞ്ഞു് ആരാധിച്ചുവണങ്ങുന്നതിനു് മാലാഖാമാർ അവരെ ബലമായി നിർബ്ബന്ധിച്ചു. എന്നാൽ അവർ ഈ വഴക്കം ചെയ്യുന്നതിനേക്കാഠ, ഈ നരകവേദനകളെക്കാഠ ആയിരം ഇരട്ടി അതി ക്രൂരദുരിതങ്ങഠ സഹിപ്പാൻ ഏററം മനസ്സായിരുന്നെങ്കിലും സകലരും ഈ നീക്കമെററ നിബന്ധനക്കു് ഒഴിവില്ലാതെ കീഴ്പ്പെടേണ്ടിവന്നു.

പല ഉഗ്രപിശാചുക്കളും ഓരോ വൃത്തത്തിനുള്ളിൽ തുടലിട്ടു് പൂട്ടപ്പെട്ടിരുന്നതുകൂടാതെ നരകത്തിന്റെ നടുവിലുള്ള ഒരു ഇരുണ്ട ഭയങ്കരപാതാളത്തിൽ സ്ഥീൽന്യൂറായെന്ന കൊടിയ പൈശാചി

കാര്യക്ഷനെ ക്രൂരതുടലുകളാൽ ബന്ധിച്ചിരുന്നു. അതിൻെറ ഭയങ്കര ആഴങ്ങളിൽനിന്നു കറുത്തിരുണ്ട നിറത്തിൽ പുറപ്പെട്ടിരുന്ന കട്ടിയായ ഗന്ധകപ്പുകയിൽ അവൻെറ ഭയങ്കരമായ വികൃതരൂപം മറഞ്ഞിരുന്നു. ദൈവംതന്നെയാകുന്നു ഇപ്രകാരം പ്രമാണിച്ചു് നിയമിച്ചതു്. എന്നാൽ ക്രിസ്താബ്ദം 2000 വത്സരം തികയുംമുമ്പു് ഒരു അൻപതൊ അറുപതൊ വഷ്ത്തെ ഇടയിൽ സ്കീൽനൂറായെ തുടലഴിച്ചു് വിടുമെന്നും, മററ ചില പിശാചുക്കാം മനുഷ്യരെ പരീക്ഷിക്കുന്നതിനും ഈശ്വരപ്രതികാരത്തിൻെറ കരുക്കളാകുന്നതിനുമായി അതിനു മുമ്പെതന്നെ തുടലിൽനിന്നു് വിടപ്പെട്ടുമെന്നും എന്നോട്ടു് പറഞ്ഞുവെന്നു് ഞാനോക്കുന്നു. എന്നുമാത്രവുമല്ല ചിലർ ഈ നാളുകളിൽതന്നെയും വിടപ്പെട്ടുമിരിക്കുന്നു. മററ ചിലർ താമസിയാതെ വിടപ്പെട്ടുമെന്നും തോന്നുന്നു.

ഇതുപോലെയുള്ള അനേക സംഗതികളുടെ ദിവസങ്ങളും നേരങ്ങളും എനിക്കു് അറിയിക്കപ്പെട്ടിട്ടുണ്ടായിരുന്നു എങ്കിലും എനിക്കു് അറിയിക്കപ്പെട്ട സംഗതികളെല്ലാം ക്രമമായി വിവരിക്കുന്നതിനു് നിശ്ചയമായിട്ടു് ഞാൻ ത്രാണിയററവളാകുന്നു. എന്തെന്നാൽ ഈവക ദശ്നവിവരങ്ങാം പറയുമ്പോാം അവയെ ബോധത്തിൽ വീണ്ടും തെളിവായി ഞാൻ കാണുകയാൽ മരിക്കത്തക്ക ക്ഷീണം എൻെറ ദേഹത്തിൽ ഉളവാകുന്നു. അതിൻെറ ശേഷം നമ്മുടെ കത്താവു് ശുദ്ധീകരണസ്ഥലത്തിൽനിന്നും അബ്രാഹത്തിൻെറ മടിയിൽനിന്നും രക്ഷിച്ച അസംഖ്യം ആത്മാക്കളുടെ പരിവാരമദ്ധ്യേ സ്വഗ്ഗീയ ഓററശ്ലത്തിനു് മേലുള്ള ഒരു ഇമ്പമുള്ള സ്ഥലത്തേക്കു് എഴുന്നരുളി; അവിടെ അല്പം മുമ്പു് കത്താവിൻെറ ഒരുററ സ്നേഹിതൻെറയും ആ പരിശുദ്ധ കള്ളൻെറയും ആത്മാക്കളെ ഞാൻ കണ്ടു; ആകയാൽ "ഇന്നു എന്നോടൊരുമിച്ചു് പറുദീസായിൽ നീ ആകും" എന്നു് നമ്മുടെ കത്താവു് അവനോടു് ചെയ്ത വാഗ്ദാനം നിറവേറി.

എന്നാൽ ഞാൻ കാണുകയും കോംക്കയും ചെയ്ത സംഗതികളിൽ പകുതി വിവരിപ്പാനൊ, അവ നിറവേറിയ സൂക്ഷ്മ സമയം നിണ്ണയിപ്പാനൊ എന്നാൽ തീരെ അസാദ്ധ്യംതന്നെ. എന്തെന്നാൽ അവയിൽ ചിലതു് എനിക്കു് ഗ്രാഹ്യമല്ലാത്ത പരമരഹസ്യ വിഷയങ്ങളും, ചിലതു് വെളിപ്പെടുത്തിയാൽ തെററായി ഗ്രഹിക്കാവുന്നവയുമാകുന്നു. എന്നു മാത്രവുമല്ല അവ വിവരിക്കുമ്പോാം മനോദൃഷ്ടിയാൽ വീണ്ടും അവ ഞാൻ കാണുകയാൽ എനിക്കുണ്ടാ

കുന്ന പരിഭ്രമം മരിക്കത്തക്കവണ്ണം ഭയങ്കരമാകുന്നു. നമ്മുടെ കർത്താവു് സകല സൃഷ്ടികളേയും ശുദ്ധീകരിച്ചു് രക്ഷിപ്പാനായി കരയ്ക്കും കടലിലുംകൂടെ അനേക സ്ഥലങ്ങളിൽ എഴുന്നരുളുകയും അപ്പോൾ ദുഷ്ടാരൂപികൾ ഒളിച്ചോടി ഇരുളുള്ള പാതാളങ്ങളിൽ വീഴുകയും ചെയ്തിരുന്നു.

അതുപോലെതന്നെ ഗാഗുൽത്തായിൽ നന്നാ ആഴത്തിലായിരുന്ന ആദത്തിൻെറയും ദീഘദർശികളുടെയും കവറിടങ്ങൾ കർത്താവു് സന്ദർശിച്ചു് ചില വാക്യങ്ങൾ അവരോടു് അരുളിച്ചെയ്തപ്പോൾ ആ ആത്മാക്കൾ അവരവരുടെ ദേഹം ധരിക്കയും മഹാ ആശ്ചര്യകര പരമരഹസ്യങ്ങൾ അവക്കു അവിടുന്നു് വെളിപ്പെടുത്തുകയും ചെയ്തു. അതിൻെറശേഷം ദാവീദു് മുതലായ ദീഘദർശികളുടെ പരിവാരമദ്ധ്യേ ഭൂമിയിൽ തൻെറ അത്യുന്നത അത്ഭുതങ്ങളാലും പാടുകളാലും ശുദ്ധീകരിച്ച സ്ഥലങ്ങളെ സന്ദർശിപ്പാനായി എഴുന്നരുളി. അവിടുന്നു് അത്യന്ത സ്നേഹത്തോടും, ഔദാര്യത്തോടും കൂടെ വരുവാനിരുന്നവയെ സൂചിപ്പിക്കുന്നതായി പഴയ വേദത്തിൽ ഉണ്ടായിരുന്ന സകല ലക്ഷ്യങ്ങളേയും അവരുടെ സകല ദീഘദർശനങ്ങൾ താൻ നിവത്തിച്ചപ്രകാരവും അവക്കു് ചൂണ്ടിക്കാണിച്ചു.

അവിടത്തെ ദിവ്യആത്മാവു് ആ കണക്കററ പരിശുദ്ധ മാലാഖാമാർ ആദിയായവരുടെ പരിവാരമദ്ധ്യേ ഇടിമിന്നുന്ന നിമിഷതയോടും പ്രഭയോടുംകൂടെ ഭൂമണ്ഡലമദ്ധ്യേയും അതികഠിന പാറകളിൽകൂടെയും, കടലിലും കരയ്ക്കും എഴുന്നരുളുന്നതു കണ്ടാൽ അതു് നിശ്ചയമായിട്ടു് എത്രയും ഭംഗിയും ആശ്ചര്യവും ഇമ്പവും ജനിപ്പിക്കുന്ന സംഗതിതന്നെ എന്നതിനു് സന്ദേഹമില്ല. അബ്രാഹത്തിൻെറ മടിയിൽ, കർത്താവിൻെറ വരവു് പാത്തിരുന്ന ആ ബാവാന്മാക്കു് അദ്ദേഹത്തിൻെറ തിരുപ്പാടുകളാലും തിരുമരണത്താലും സമ്പാദിച്ച ആ രക്ഷണീയഫലം നൽകുന്നതിനായി എഴുന്നരുളിയ സംഗതി സംബന്ധിച്ചു് ഇപ്പോൾ പറഞ്ഞവ ഒരു ക്ഷണമെന്നു് എനിക്കു് തോന്നത്തക്ക ചുരുങ്ങിയ നേരത്തിനിടയിലാണു് ഞാൻ കണ്ടതു്.

ഇതുകൂടാതേയും ഈ നാളുകളിലും കർത്താവു് ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കൾക്കു് നൽകുന്ന കണക്കിലടങ്ങാത്ത അനുഗ്രഹങ്ങളും എൻെറ മുമ്പാകെ കാണിച്ചുതന്നു. എങ്ങനെയെന്നാൽ: തിരുസ്സഭ ആണ്ടുതോറും കർത്താവിൻെറ തിരുമരണത്തിൻെറ ആ സ്ത

ത്യപരമരഹസ്യം കൊണ്ടാടുന്ന ആ മഹാ ദിവസത്തിൽ എല്ലാ യ്പ്പോഴും അവിടുന്നു് ഈ ആത്മാക്കളെ മഹാ സഹതാപത്തോടെ തൃക്കണ്പാർത്തു് തൻെറ കുരിശുമരണത്തിനുമുമ്പു് തന്നെ ഉപദ്രവിച്ച അനേകംപേരെ അതിൽനിന്നു് രക്ഷിച്ചുവരുന്നതും, ദുഃഖവെള്ളി യാഴ്ചയായ ഇന്നു് വളരെ ആത്മാക്കളെ ആ പാറാവിൽനിന്നു് വിടുവിച്ചതും ഞാൻ കണ്ടു. അവരിൽ ചിലരു് ഞാനറിയുന്നവരും മററു ചിലരു് ഞാനറിയാത്തവരുമാണെങ്കിലും ആരുടേയുംപേർ എനിക്കു് പറഞ്ഞുകൂടാ.

കത്താവു് പാതാളത്തിലേക്കു് എഴുന്നരുളിയപ്പോഠം തിരുസ്സ ഭയെന്ന ജ്ഞാനതോട്ടത്തിൽ ഒരു പരമരഹസ്യവൃക്ഷം നട്ടു്, തൻെറ തിരുപ്പാടുകളുടെ യോഗ്യതകഠം എന്ന അതിൻെറ ഫലങ്ങ ളെ പാവപ്പെട്ട ശുദ്ധീകരണാത്മാക്കളുടെ ഇടവിടാതുള്ള ആശ്വാ സത്തിനായി നിയമിക്കയും ചെയ്തു. എന്നാൽ യുദ്ധത്തിലിരിക്കു ന്ന തിരുസ്സഭയുടെ അവയവങ്ങളായ നാം അത്രെ ആ പരമ വൃക്ഷ ത്തെ പാലിച്ചുവളത്തി സൽക്രിയകഠം, ദണ്ഡവിമോചനങ്ങഠം എന്ന അതിൻെറ പഴങ്ങഠം ശേഖരിച്ചു് തങ്ങഠംക്കുവേണ്ടി ഒന്നും ചെയ്വാൻ വശമില്ലാത്തവരായ പാടുകഠം സഹിക്കുന്ന തിരുസ്സഭ യുടെ ആ അംശത്തിനു് സമപ്പിക്കേണ്ടതു്. ഇങ്ങനെ ചെയ്തുകൊ ണ്ടു് കത്താവിൻെറ ഈ യോഗ്യതകളിൽ നമ്മുടെ ഭാഗം നാം പ്രാ പിക്കുന്നതിനായി അദ്ദേഹത്തോടൊരുമിച്ചു് എരിവോടെ നാം പ്രയത്നിക്കേണ്ടതാകുന്നു. നമ്മുടെ നെററിയിലെ വിയപ്പുകൊ ണ്ടു് നമ്മുടെ അന്നന്നെയപ്പം നാം പ്രാപിക്കണം. എന്നാൽ നമ്മു ടെ രക്ഷകൻ നമുക്കായി നിറവേററിയവ ഒക്കയും തക്കസമയങ്ങ ളിൽ നിത്യഫലം നമുക്കു് വരുത്തും എന്നതിനു് സംശയമില്ല.

പക്ഷെ ഈ ഫലങ്ങളെ തക്കസമയത്തു് നാംതന്നെ പെറു ക്കി ശേഖരിക്കാതെ നിത്യത്വത്തിൽ അവയെ നാം പ്രാപിക്കയില്ല. എന്നാൽ എത്രയും വിവേകമുള്ള മാതാവായ തിരുസ്സഭയുടെ വത്സരവൃത്തമാണു് ഈ വിശേഷതോട്ടം. ഇതിൽ ഓരോ വത്സ രത്തിൽ ഓരോരുത്തരുടെ ആവശ്യമനുസരിച്ചു് വേണ്ടുന്ന ഫല ങ്ങളെല്ലാം ഉണ്ടു്. ഓരോരുത്തർ തന്നെ ഏല്പിച്ചിരിക്കുന്ന തോട്ട ങ്ങളിൽനിന്നു് തൻെറ സൂക്ഷക്കേടുനിമിത്തം ഒരു ഒററപ്പഴംമാത്രം നാശമാക്കുന്ന തോട്ടക്കാരനു് ഹാ കഷ്ടം. ഒടുക്കത്തെ വിധിദിവ സത്തിൽ തോട്ടത്തിൻെറ യജമാനനായ നിത്യന്യായാധിപതി കണക്കു് ചോദിപ്പാനായി വരുമ്പോഠം രോഗികഠംക്കു് സൌഖ്യ

ഖ്യം, ബലഹീനക്കു് ശക്തിയും, വിശക്കുന്നവക്കു് ഭക്ഷണവും ധാരാളമായി നൽകത്തക്കതായിരുന്ന ആ വരപ്രസാദങ്ങളുടെ സൂക്ഷക്കണക്കു് ബോധിപ്പിക്കേണ്ടിവരും. ആ നിത്യന്യായാധിപതി ഓരോരോ വൃക്ഷത്തിന്റെ കണക്കല്ല, പിന്നെയോ ഓരോ പഴത്തിന്റെ കണക്കത്രെ സൂക്ഷമായി ചോദിക്കുന്നതു്.

# അദ്ധ്യായം 59

## വിശുദ്ധ ശനിയാഴ്ച അസ്തമയം

ശനിയാഴ്ച അസ്തമയത്തോടെ പത്രോസും, യോഹന്നാനും, യാക്കോബും പരിശുദ്ധ നാരീഗണത്തിൽ വന്നു് ആശ്വാസപ്രദവാക്കുകൾ പറഞ്ഞെങ്കിലും അവക്കും കണ്ണുനീർ നിർത്തുവാൻ സാധിക്കായ്കയാൽ അവരുടെ മുറികളിൽ മടങ്ങിപ്പോയി മൂടിപ്പുതച്ചു് ചാരത്തിൽ ഇരുന്നു് കരഞ്ഞിരുന്നു. പരിശുദ്ധ കന്യക ഇടവിടാതെ നമസ്കരിച്ചിരുന്നു. അവളുടെ ആത്മീയനേത്രങ്ങൾ ഈശോയുടെ നേരെ തിരിച്ചു് ആ പ്രിയതിരുക്കുമാരനെ ഒന്നുകൂടെ കാണ്മാനുള്ള വർണ്ണിക്കാവതല്ലാത്ത ദാഹത്താൽ മയങ്ങി തളർന്നിരുന്നു. ആ സമയം ഒരു മാലാഖാ പെട്ടെന്നു് മാതാവിന്റെ പക്കൽവന്നു് “കർത്താവു നന്നാ അടുത്തിരിക്കുന്നു; നിക്കോദെമോസിന്റെ ഭവനസമീപമുള്ള ആ കോട്ടവാതിൽക്കലേക്കു് നിമിഷം ചെല്ലുക” എന്നു് അറിക്കയാൽ അവളുടെ ഹൃദയം ആനന്ദത്താൽ പൂരിക്കപ്പെട്ടു

ആകയാൽ മാതാവു് സാലുവാ എടുത്തു് പുതച്ചു് ആരോടും ഒന്നും മിണ്ടാതെ പുറപ്പെട്ടു് കല്ലറയിലേക്കു് അവർ പോകുമാറായിരുന്ന ആ ഉൾവാതിലിങ്കലേക്കു് ധൃതിയായിപ്പോയിരുന്നു. രാത്രി ഉദ്ദേശം ഒമ്പതുമണിസമയത്തു് ആ വാതിൽക്കൽ എത്തിയക്ഷണം പെട്ടെന്നു് അവൾ നിന്നു് ആനന്ദപരവശയായി മേല്പോട്ടുനോക്കി. എന്തെന്നാൽ ആ കോട്ടമതിലിന്റെ മുകളിൽ കർത്താവിന്റെ തിരുആത്മാവു് പ്രഭയോടും ബാവാന്മാരുടെ പരിവാരത്തോടുംകൂടെ മുറിവുകൾ ഒന്നുമില്ലാതെ കാണപ്പെട്ടു് അവളുടെ പക്കലേക്കു് ഇറങ്ങി വന്നിരുന്നു. അവിടുന്നു് കൂടെയുള്ള ബാവാന്മാരോടു് “ഇതാ എന്റെ സ്നേഹംനിറഞ്ഞ അമ്മ” എന്നു് അരുളിച്ചെയ്തു്, വിനയപൂർവ്വം അവളെ മുത്തി സ്വസ്തി ചൊല്ലിക്കൊ

ണ്ടു് മറഞ്ഞുപോയി. എന്നാൽ മാതാവു് മുട്ടുകുത്തി, അവിടുന്നു് നിന്ന ആ കല്ലിനെ വണക്കത്തോടെ മുത്തിയപ്പോൾ അവളുടെ കരങ്ങളും മുട്ടുകളും അതിന്മേൽ പതിഞ്ഞു. മാതാവു് ഉടനെ ആനന്ദത്താൽ പൂരിതയായി കൂട്ടുകാരത്തികളുടെ പക്കലേക്കു് പിന്തിരിഞ്ഞപ്പോൾ മഗ്ദലേന, ശാലോം മറിയം, കലിയോപ്പാമറിയം, യോവാന്നാ മുതലായവർ പുലർച്ചക്കു് തിരുക്കല്ലറിടത്തിലേക്കു് കൊണ്ടുപോകുന്നതിന്നായി സുഗന്ധസസ്യങ്ങൾ, മൂലികകൾ, പുഷ്പങ്ങൾ മുതലായവയെ പരിമളത്തൈലങ്ങളും തളിച്ചു് തയ്യാറാക്കിയിരുന്നു.

# അദ്ധ്യായം 60

## റാംസയൌസേപ്പു് അത്ഭുതകരമായി രക്ഷപ്രാപിക്കുന്നു.

മാതാവു് തിരുപ്പുത്രനെക്കണ്ടു് പിന്തിരിഞ്ഞു് അല്പം കഴിഞ്ഞപ്പോൾ യൌസേപ്പിനെ ഇട്ടിരുന്ന പാറാവിൽ അയാൾ എരിവോടെ പ്രാർത്ഥിച്ചിരുന്നതു് ഞാൻ കണ്ടു; തൽക്ഷണം ആ പാറാവു് പ്രകാശിക്കുകയും, അതിൻെറ മേല്പുരത്തുറന്നു് ഒരു തിളങ്ങുന്ന രൂപം കാണപ്പെട്ടു് അയാളുടെ പേരു് വിളിച്ചു്, അയാൾ കർത്താവിൻെറ തിരുമേനിയെ പൊതിഞ്ഞ ആ വക്കസാല്വവാഴ്ചു് തുല്യമായ ഒരു സാല്വാ നീട്ടിക്കാണിക്കയുംചെയ്തു. അയാൾ ആ ശീലമേൽ ഇരുകൈകൾകൊണ്ടും മുറുക്കിപ്പിടിക്കവെ ആയാളെ എടുത്തു് പുറത്തുവെച്ചു. അതു് നമ്മുടെ കർത്താവുതന്നെയൊ ഒരു മാലാഖായൊയെന്നറിഞ്ഞില്ല; അയാൾ കോട്ടമതിൽവഴി നടന്നു് സമീപമായ വിരുന്നുശാലയിൽ എത്തിയപ്പോൾ അവർക്കുണ്ടായ സന്തോഷം എത്രയൊ വലിയതായിരുന്നു.

അയാൾ ആ രാത്രിതന്നെ അറിമാത്തി എന്നയാളുടെ സ്വദേശത്തിൽ പോയി അപകടം തീരുംവരെ അവിടെ വസിക്കയും ചെയ്തു. ശനിയാഴ്ച അസ്തമയം കയ്യാപ്പാ നിക്കാദെമ്മോസിൻെറ ഭവനത്തിൽചെന്നു് അയാളോടു് അനേകസംഗതികൾ ചോദിക്കുന്നതും അയാൾ അസാമാന്യ ധൈര്യത്തോടെ സകലത്തിനും ഉത്തരിക്കുന്നതും കർത്താവിൻെറ പരിശുദ്ധതയെ സാക്ഷീകരിച്ചുറപ്പിക്കുന്നതും ഞാൻ കണ്ടു.

# അദ്ധ്യായം 61

## ഉയപ്പു രാത്രി.

അതിൻെറശേഷം ഞാൻ നമ്മുടെ കൎത്താവിൻെറ തിരുക്കവെറിങ്കൽ നോക്കിയപ്പോഠം അവിടെ എല്ലാം നല്ല സമാധാനമായി 6 സേവകർ അതിൻെറ വാതിലിന്നുമുമ്പിൽ നിലത്തിരിക്കുകയോ, നില്ക്കുയോ ചെയ്തിരുന്നതും, ലൊങ്കീനോസ്സ് ധ്യാനത്തിൽ മുഴുകിയ ദൃഷ്ടിയോടെ ഒരു മഹാ സംഭവം പാൎത്തിരിക്കുന്നതും കണ്ടു. മാത്രവുമല്ല തിരുക്കവെറിടത്തിനുഠംഭാഗം അത്യന്തം പ്രകാശിച്ചു് വക്കുശീലകളിൽ ഭദ്രമായി പൊതിഞ്ഞിരിക്കുന്ന തിരുമേനിയുടെ കാല്ക്കലും തലക്കലും രണ്ടു ദൈവദൂതന്മാർ ഗുരുക്കളെപ്പോലെ വസ്ത്രങ്ങളും അണിഞ്ഞു് കരങ്ങളുംകൂപ്പി അത്യന്ത വിനയപൂൎവ്വം ആരാധിച്ചുനില്ക്കുന്നതും കണ്ടു. ആദ്യം തിരുമേനി അവിടെ സ്ഥാപിച്ച ക്ഷണംമുതൽ ഇളക്കമില്ലാതെ ആരാധിച്ചിരുന്ന ഈ ദൈവദൂതന്മാർ, വാഗ്ദത്തപെട്ടകത്തിൻെറ മീതെ നില്ക്കുന്ന ആ ക്രോവേന്മാക്കു് തുല്യമായ ഭാഷയിലായിരുന്നു നിന്നിരുന്നതു്.

ലൊങ്കീനോസും ഇവ കണ്ടിരിക്കണം. എന്തെന്നാൽ ദിവ്യകാരുണ്യസന്നിധിയിൽ ധ്യാനിക്കുന്ന ഭക്തഭാവത്തിലത്രെ അയാഠം നിന്നിരുന്നതു്. അതിൻെറശേഷം കൎത്താവിൻെറ തിരുആത്മാവു് അവിടുന്നു് രക്ഷിച്ച ബാവാന്മാരുടെ പരിവാരസമേതം ആ പാറയിൽക്കൂടി കവറിടത്തിൽ പ്രവേശിച്ചു് അവരെ രക്ഷിക്കുന്നതിനു് താൻ സഹിച്ച പാടുകഠം അറിയിപ്പാനായി ആ തിരുമേനിയിൽ നിറഞ്ഞിരിക്കുന്ന മുറിവുകഠം അവക്കു് ചൂണ്ടികാണിച്ചു; എന്നുമാത്രവുമല്ല ആ തിരുമേനി മുഴുവൻ തേജോമയമായിരുന്നതിനാൽ മുറിവുകളുടെ ആഴം തെളിവായും കാണാമായിരുന്നു.

ഈ കാഴ്ചയാൽ അവർ സഹതാപത്താലും നന്ദിയാലും നീറഞ്ഞു് കരഞ്ഞിരുന്നു. ആ സമയം ഞാൻ കണ്ടവ ആശ്ചൎയ്യകരം തന്നെ. ആരാധനക്കാരായ ആ രണ്ടു മാലാഖാമാർ ആ തിരുമേനിയെ സകലമുറിവുകളോടെ അതി വിനയപൂൎവ്വം എടുത്തു് ബാവാതമ്പുരാൻെറ തിരുസന്നിധിയിൽ കൊണ്ടുപോകയും കൎത്താവു്

തന്റെ സകല പാടുകളും പിതാവിനു് കാണിച്ചശേഷം തിരികെ കൊണ്ടുവന്നു് അവിടെ സ്ഥാപിക്കയും ചെയ്യുന്നതും, കവറിടം തുറക്കാതെ ആ പാറയിൽക്കൂടെയുള്ള ആ പ്രവേശനസമയം കവറിടം കുലുങ്ങി വിറച്ചു് മൂന്നു കാവല്ക്കാർ ഉരുണ്ടുവീഴുന്നതും ലൊങ്കീനോസു് അത്യന്തം ആശ്ചര്യപ്പെടുന്നതും കണ്ടതായി എനിക്കു് തോന്നി. എന്നാൽ വിരുന്നുശാലയിലെ ഭക്തനാരീഗണം സൌരഭ്യങ്ങൾ തയ്യാറാക്കിയശേഷം ശത്രുക്കളെ ഭയപ്പെട്ടിരുന്നതിനാൽ പുലച്ചക്കു മുമ്പു് കവറിടത്തിൽ പോകണമെന്നു കരുതി കിടക്കാതെ ചാരിക്കൊണ്ടു് ഉറങ്ങിയിരുന്നു. അപ്പോൾ പുത്രനെക്കണ്ടു് ധൈര്യം പ്രാപിച്ച പരിശുദ്ധമറിയം അവരെ ആശ്വസിപ്പിച്ചു് കുറെനേരം കിടന്നുറങ്ങിയിട്ടു് ഒന്നും ഭയപ്പെടാതെ കവറിടത്തിങ്കലേക്കു് പോകാമെന്നും ഒരു ഉപദ്രവവും ഇനി ഉണ്ടാകയില്ലെന്നും പറകയാൽ അവർ ആശ്വസിച്ചുറങ്ങി. പതിനൊന്നുമണി ആയപ്പോൾ മാതാവു് പുത്രന്റെ നേരെയുള്ള അടക്കരുതാത്ത സ്നേഹത്താൽ ആകർഷിക്കപ്പെട്ടു് സാലുവാ പുതച്ചു് തനിയെ പുറപ്പെടുന്നതുകണ്ടു്, ഇത്ര ക്ഷീണിച്ചിരിക്കുന്ന ഈ അമ്മ ഈ സമയത്തു് തനിയെ പുറപ്പെടുന്നതു് എങ്ങനെയെന്നു് ഞാൻ ആശ്ചര്യപ്പെട്ടുപോയി.

അവൾ ആദ്യം കയ്യാപ്പായുടെ വീട്ടു്, നന്നാ അകലെയായിരുന്ന പീലാത്തോസിന്റെ അരമന, കർത്താവു് കുരിശുചുമന്നുപോയ വഴി മുതലായ സ്ഥലങ്ങളിലെല്ലാം ധ്യാനിച്ചുകൊണ്ടുപോയി. കർത്താവു് പ്രത്യേക ബാധ സഹിച്ച സ്ഥലങ്ങളിൽ അവൾ നിന്നു് അദ്ദേഹത്തിന്റെ തിരുരക്തം പുരണ്ട കല്ലുകളെ എടുത്തു് മുത്തിയിരുന്നു. ഈ തിരുയാത്ര മുഴവനിലും അവളെ ഞാൻ പിന്തുടന്നു് ഗാഗുൽത്തായിൽ എത്തിയക്ഷണം അവൾ പെട്ടെന്നു് നിന്നപ്പോൾ ഈശോ, കവറിടത്തിൽ ആരാധിച്ചു നില്ക്കുന്ന ആ രണ്ടു ദൈവദൂതന്മാർ തനിക്കു് ഇടവും വലവും, വേറൊരുവൻ മുമ്പുമായി ബാവാന്മാരുടെ പരിവാരത്തോടെ എഴുന്നെള്ളിവന്നു് അവൾക്കുമുമ്പിൽ നിന്നു.

അവിടുന്നു് അബ്രാഹത്തിന്റെ മടിയിൽ നിറവേററിയതു് സകലവും അവൾക്കു് വിവരിക്കയും തന്റെ മിന്നുന്ന തിരുമേനിയോടെ ഉയിർത്തുടൻ അവൾക്കു് കാണപ്പെട്ടുമെന്നു് വാക്കുകൊടുക്കയും അതു കാണുന്നതിനായി ഗാഗുൽത്തായിൽ താൻ വീണ്ടും ആ കല്ലിനരികെ പാർത്തിരിക്കണമെന്നു് കല്പിക്കയുംചെയ്തു. പിന്നീ

ട്ട് അവിടുന്നു് ഓറസ്ലത്തേക്കു് എഴുന്നരുളുമ്പോൾ മാതാവു് തിരുപ്പുത്രൻ കാണിച്ച ആ സ്ഥലത്തു ചെന്നു് സാഷ്ടാംഗം വീണു കിടന്നിരുന്നു; അപ്പോൾ അർദ്ധരാത്രി കഴിഞ്ഞിരുന്നു. കർത്താവു് രക്ഷിച്ച ബാവാന്മാരുടെ ആ പരിശുദ്ധ ഗണം താൻ അവരെ പ്രതി സഹിച്ച വർണ്ണിക്കാവതല്ലാത്ത പാടുകളെ ചിന്തിച്ചുകൊണ്ടു് കുരിശിൻെറ വഴിയെ സന്ദർശിപ്പാനായി പോയി. ആ പ്രദക്ഷിണ പരിവാരത്തിൽകൂടെ ഉണ്ടായിരുന്ന ദൈവദൂതന്മാർ കർത്താവു് പീഡിതനായി കുരിശു് ചുമന്നുപോയ ആ വഴിയിൽ അവിടുത്തെ തിരുമേനിയിൽനിന്നു് വീണ രക്തം, മാംസത്തുണ്ടുകൾ മുതലായവ ഒക്കെയും അതിവണക്കത്തോടെ എടുത്തു് കൂട്ടിയിരുന്നു.

ആ തിരുമേനി മഞ്ചത്തിൽ കിടത്തിയിരുന്ന സ്ഥിതിയിൽ ഒരിക്കൽകൂടെ ഞാൻ കണ്ടപ്പോൾ മാലാഖാമാർ ആ തിരുമേനിയിൽനിന്നു് പോയ കഷണങ്ങളെ പ്രത്യേക ദൈവാനുമതിയാൽ അതിൽ കൂട്ടിച്ചേർത്തിരുന്നു. ആ സമയം തിരുമേനി പൊതിഞ്ഞിരുന്ന വക്കശീലയും മറവും വളരെ ശോഭിച്ചു് തിളങ്ങി പ്രകാശിച്ചിരുന്നു.

ഇവയൊക്കെയും മഹാ പരമരഹസ്യങ്ങളാകയാൽ മാനുഷബോധത്താൽ ഗ്രഹിപ്പാൻ ബഹു പ്രയാസംതന്നെയാണെങ്കിലും ഞാൻ അവകണ്ടപ്പോൾ പ്രത്യേക ദൈവാനുമതിയാൽ സകലവും പൂർണ്ണതെളിവോടെ ഗ്രഹിച്ചിരുന്നു. എങ്കിലും വാക്കാൽ വിവരിപ്പാൻ ആരംഭിക്കുമ്പോൾ ബഹുപ്രയാസമായ പരമരഹസ്യമായിതന്നെ തോന്നിയിരുന്നു. കിഴക്കു് അല്പം പ്രകാശിച്ചുതുടങ്ങിയപ്പോൾ മഗ്ദലേന, കലിയോപ്പാമറിയം, ശാലോം, യോവാന്ന, ചൂസാ മുതലായവർ സാല്വവാ പുതച്ചു് ഒരു വിളക്കു് മൂടിപ്പിടിച്ചുകൊണ്ടു് ഭയത്തോടെ ഉറംകോട്ടവാതിൽവഴി പുറപ്പെട്ടതു് ഞാൻ കണ്ടു.

# അദ്ധ്യായം 62

## ന. കർത്താവിൻെറ ഉയിർപ്പു്.

നമ്മുടെ കർത്താവിൻെറ തിരു ആത്മാവു് മദ്ധ്യാഹ്നസൂര്യനെക്കാളും പ്രഭയോടും ശോഭയോടുംകൂടെ പടയാളികളുടെ വസ്ത്രമണിഞ്ഞ രണ്ടു ദൈവദൂതന്മാരുടെ മദ്ധ്യേ എഴുന്നെള്ളിവന്നു് ആ

പാറയിൽക്കൂടി കവറിടത്തിൽ കടന്നു് അവിടത്തെ ആ ദിവ്യതിരുമേനിയിൽ പ്രവേശിച്ച ക്ഷണത്തിൽ രണ്ടും ഒന്നായി ഏകോപിച്ചു് അവയവങ്ങൾ ഇളകിത്തുടങ്ങിയതു് ഞാൻ കണ്ടു. ഇങ്ങനെ ആ തിരുമേനി തിരു ആത്മത്തോടും ദൈവികത്വത്തോടും ഒന്നായിച്ചേർന്നു് ഉയിത്തപ്പോൾ ആ കവറിടഗുഹ മുഴുവൻ പ്രകാശിച്ചു തിളങ്ങിയിരുന്നു. ആ സമയം സപ്പത്തെപ്പോലെ വാലും മനുഷ്യമുഖഛായയിൽ പെരുമ്പാമ്പുപോലെ തലയുള്ള ഒരു ഭയങ്കര വികൃതജന്തു നമ്മുടെ കത്താവിനെ ഉപദ്രവിപ്പാനെന്ന ഭാവത്തിൽ കവറിടത്തിനടിയിൽനിന്നു് ഉഴഞ്ഞു ചാടി പുറത്തുവന്നു.




എന്നാൽ കത്താവു് തൻെറ തൃക്കാലുകൊണ്ടു് ആ പെരുംപാമ്പിൻെറ തലമേൽ ചവിട്ടിയതുകൂടാതെ തൃക്കരങ്ങളിൽ പിടിച്ചിരുന്ന സ്ലീവാക്കൊടിയുടെ നീണ്ട കാലുകൊണ്ടു് അതിൻെറ വാലിന്മേൽ മൂന്നു പ്രാവശ്യം അടിക്കയും ചെയ്തയുടൻ അതു് മറഞ്ഞുപോയി. ഈ ഭയങ്കരജന്തുവിനെ പല പ്രാവശ്യവും പ്രത്യേകിച്ചു് നമ്മുടെ കത്താവു് മാതാവിൻെറ ഉദരത്തിൽ ഉത്ഭവിച്ച സമയവും ഞാൻ കണ്ടപ്പോൾ അതു് തന്നത്താൻ ഒളിപ്പാൻ നന്നാ പ്രയത്നിച്ചിരുന്നു; എന്നുമാത്രവുമല്ല അതു് പറദീസായിൽ നമ്മുടെ ആദിമാതാവായ ഹാവായെ പരീക്ഷിച്ച സപ്പത്തിൻെറ തുല്യ

സാദൃശ്യവുമായിരുന്നതിനാൽ "സ്ത്രീയിൽനിന്നുള്ള സന്തതി സർപ്പത്തിന്റെ തല തകർക്കും" എന്ന ആ തിരുവാക്യമാണ് ഇവിടെ നിറവേറിയതെന്നും മരണത്തോടുള്ള അവിടുത്തെ പൂർണ്ണജയം ഇവയാൽ ദൃഷ്ടാന്തീകരിക്കുന്നു എന്നും ഞാൻ ഗ്രഹിച്ചു. എന്തെന്നാൽ തൽക്ഷണം കർത്താവ് അതിന്റെ തല തകർത്തു. അതിന്റെശേഷം അദ്ദേഹം ആ കട്ടത്തപാറയിൽക്കൂടെ പ്രയാസംകൂടാതെ കടന്ന് മേല്പോട്ട് എഴുന്നരുളിയപ്പോൾ ഭൂമി കുലുങ്ങുകയും ആകാശത്തിൽനിന്ന് ഒരു ദൈവദൂതൻ വന്ന് കവറിടത്തിൽ പ്രവേശിച്ച്, ആ ബ്രഹ്മാണ്ഡക്കല്ലെടുത്ത് വലത്തുവശത്തുവെച്ച് അതിന്മേൽ ഇരിക്കയും ചെയ്തു.

ഇതുകളാൽ കാവൽസേവകന്മാർ ഭയപ്പെട്ട് ഉരുണ്ടുവീണ് ചത്തപോലെ കിടക്കുമ്പോൾ, ലൊങ്കീനോസ് കവറിടത്തിലെ പ്രകാശം കണ്ട്, അകത്തുകടന്ന് ആ വക്കശീലതൊട്ട് പരിശോധിച്ചാറെ, ഈശോയെ കാണായ്കയാൽ ഇനിയും വല്ലതും സംഭവിക്കുമൊ എന്ന് സംശയിച്ച് കുറച്ചുനേരം നിന്നശേഷം സകല വിവരങ്ങളും പീലാത്തോസിന് അറിയിപ്പാനായിപോയി. മാലാഖാ ഇറങ്ങി ഭൂകമ്പമുണ്ടായ ക്ഷണത്തിൽ നമ്മുടെ കർത്താവ് ഗാഗുൽത്തായിൽ തന്റെ പരിശുദ്ധമാതാവിന് പ്രത്യക്ഷനായി; ആ സമയം ആ തിരുമേനിയിൽ വിളങ്ങിയിരുന്ന പ്രഭയും ശോഭയും, അത്യന്ത മോക്ഷമഹിമയും അതി മനോഹരമായിരുന്നു. ഇതുകൂടാതെ ആ തിരുമേനിയിൽ ധരിച്ചിരുന്ന മാർവവും നിർമ്മലവുമായ സാല്വാ നേരിയ കാററത്ത് ഓളംപോലെ അങ്ങോട്ടുമിങ്ങോട്ടും പറക്കുമ്പോൾ തട്ടുന്ന സൂര്യരശ്മികളാൽ വിവിധവർണ്ണങ്ങളിൽ അതി കൌതുകമായി പ്രകാശിച്ചുമിരുന്നു.

ഇതു കൂടാതേയും അഞ്ച് മുറിവുകളിൽനിന്ന് മഹാ ശോഭയും പ്രകാശവും വീശിയിരുന്നതു കൂടാതെ ഒരു വിരൽ കടക്കത്തക്ക വലിപ്പമുള്ള കരങ്ങളിലെ ആ തിരുമുറിവുകളിൽ സൂര്യക്കതിരുകൾ പ്രവേശിച്ച് വിരലുകളെ അത്യന്തം ശോഭിപ്പിച്ചുമിരുന്നു. പൂർവ്വബാവാന്മാർ നമ്മുടെ ദിവ്യരക്ഷിതാവിന്റെ മാതാവിനെ അതി വിനയപൂർവ്വം വണങ്ങി ആചരിച്ചപ്പോൾ കർത്താവ് അവരോട് തന്റെ ഉയിർപ്പ് സംബന്ധിച്ച് അനേക സംഗതികൾ അരുളിച്ചെയ്തുകൊണ്ട് തിരുമുറിവുകൾ അവർക്ക് കാണിച്ചു; അതിന്റെ ശേഷം കന്യകാമറിയം സാഷ്ടാംഗംവീണ് തൃപ്പാദങ്ങൾ മുത്തിയ

പ്പോൾ അവിടുന്നു് അവളുടെ കരങ്ങൾ പിടിച്ചു് എഴുന്നേല്പിച്ചു ടൻ മറഞ്ഞുപോയി. ഈ സമയം തിരുക്കവറിടം അത്യന്തം പ്രകാശിച്ചിരുന്നതു കൂടാതെ ഓറശ്ലത്തിനു നേരെ ഉന്നതിയിൽ ഒരു മഹാപ്രകാശവും ഞാൻ കണ്ടു.

# അദ്ധ്യായം 63

## പരിശുദ്ധ സ്ത്രീകൾ കവറിടത്തിൽപോയതു്.

പരിശുദ്ധ സ്ത്രീകൾ ഈ ആശ്ചര്യകര സംഭവസമയം കവറിടത്തിൻെറ സമീപമായിരുന്നെങ്കിലും ഇതു് ഒന്നും അവർ അറിഞ്ഞില്ല; എന്നുമാത്രമല്ല ശനിയാഴ്ച അശേഷം പുറത്തിറങ്ങായ്കയാൽ കവറിടത്തിൽ കാവൽക്കാർ ഉള്ള വിവരവും അറിഞ്ഞിരുന്നില്ല. ആകയാൽ കവറിടവാതുക്കലുള്ള ആ ബ്രഹ്മാണ്ഡകല്ലു് ആരാണു് നമുക്കു് മാററിത്തരുന്നതെന്നു് അന്യോന്യം ആശയോടെ ചോദിച്ചു. ആരെങ്കിലും അതു് മാററിത്തരുംവരെ പുഷ്പങ്ങൾ ആ കല്ലിന്മേൽവെച്ചു് കാത്തിരിക്കണമെന്നു് പറഞ്ഞിരുന്നു. എന്തെന്നാൽ അവരുടെ ദിവ്യഗുരുവിൻെറനേരെ സകലവിധ വണക്കങ്ങളും പ്രദർശിപ്പിക്കുന്നതിനായി അവർ കൊണ്ടുവരുന്ന വിശേഷതരം പുഷ്പങ്ങളും പരിമളങ്ങളും ആ തിരുമേനിയിൽ തളിക്കണമെന്നത്രെ അവർ കരുതിയിരുന്നതു്. എല്ലാവരിലും അധികസാമാനങ്ങൾ കൊണ്ടുവന്ന ശാലോം ഓറശ്ലംപുരിയിലുള്ള നാരിമാരിൽ സമ്പത്തുള്ളവളും, മാർ യൌസേപ്പിൻെറ സംബന്ധക്കാരിയുമായിരുന്നു. എന്നാൽ യോഹന്നാൻെറ അമ്മ ഇവളല്ല.

അവർ വന്നെത്തിയപ്പോൾ കാവല്ക്കാർ പരിഭ്രമത്താൽ മയങ്ങി വീണുകിടക്കുന്നതും, ആ ബ്രഹ്മാണ്ഡകല്ലു് ഒരുവശത്തു് മാറിക്കിടക്കുന്നതുംകണ്ടു് ആശ്ചര്യഭരിതരായി ഭയന്നു് പുറത്തു നില്ക്കുമ്പോൾ മഗ്ദലനായും ശാലോമും തുനിവോടെ അകത്തുകടന്നു് നോക്കി. അപ്പോൾ തിരുമേനി അവർ സ്ഥാപിച്ചിടത്തു് ഇല്ലായിരുന്നതുകൂടാതെ അതു് പൊതിഞ്ഞിരുന്ന വക്കശീലകൾ മുതലായവ അവിടെ ചിതറിക്കിടക്കയും, ഒരു മോക്ഷപ്രകാശം അതിൽ

നിറഞ്ഞു്, വലത്തുവശത്തു് ഒരു ദൈവദൂതൻ ഇരിക്കയും ചെയ്യുന്നതുകണ്ടും അത്യന്തം വിസ്മയിച്ചു. ആകയാൽ മഗ്ദലേനായോടു ആ മാലാഖാ പറഞ്ഞതൊന്നും അവൾക്കു് മനസ്സിലാകാതെ ഭ്രമം പിടിച്ചവളെപ്പോലെ വിവരങ്ങൾ മററുള്ളവരെ അറിയിപ്പാനായി പട്ടണത്തിലേക്കു് ഓടിപ്പോയി. ശാലോം സംഭവങ്ങൾ മററുള്ളവൎക്കു് അറിയിക്കയാൽ അവർ എന്തുചെയ്യണമെന്നു് അറിയാതെ ഭ്രമിച്ചിരുന്നു. എന്നാൽ ലൊങ്കീനോസു് കരുതിയതുപോലെ ഈശോയെ കാണായ്ക നിമിത്തം ഇച്ഛാഭംഗപ്പെട്ടു് പീലാത്തോസിൻെറ പക്കൽ പോകുംവഴിക്കു് എതിരെ വന്നിരുന്ന ഒരു നാരീഗണത്തോടു് വിവരംപറകയാൽ അവർ ശീഘ്രം വന്നുനോക്കി. അപ്പോൾ രണ്ടു ദൈവദൂതന്മാർ ഗുരുക്കളെന്നതുപോലെ നിൎമ്മലവസ്ത്രങ്ങളണിഞ്ഞു് കവറിടത്തിൽ ഇരിക്കുന്നതുകണ്ടു് അത്യന്തം വിസ്മയിച്ചു. അവർ വിനയപൂൎവ്വം മുഖംമറച്ചു് സാഷ്ടാംഗം വീണപ്പോൾ "സ്ത്രീകളെ നിങ്ങൾ ഭയപ്പെടേണ്ട, കുരിശിൽ തൂങ്ങിയ ഈശോയെ ഇവിടെ നിങ്ങൾ അന്വേഷിക്കണ്ട, അവിടുന്നു് ഉയിൎത്തെഴുന്നള്ളി. അദ്ദേഹം ഇവിടെയില്ല; നിങ്ങൾ കണ്ടതും കേട്ടതും എല്ലാം പോയി ശിഷ്യൎക്കു് അറിയിപ്പിൻ" എന്നു് അവരോടു പറഞ്ഞുകൊണ്ടു് കവറിടം അവൎക്കു് കാണിച്ചു. അതിൻെറശേഷം ആ ദൈവദൂതന്മാർ അദ്ദേഹം നിങ്ങൾക്കുമുമ്പു് ഗ്ലീലായ്ക്കു് പോകുമെന്നും "മനുഷ്യപുത്രൻ പാപികളുടെ കരങ്ങളിൽ ഏല്പിക്കപ്പെട്ടു് കുരിശിന്മേൽ പതിക്കപ്പെട്ടു് മൂന്നാംനാൾ വീണ്ടും ഉയിൎക്കും" എന്നു് നിങ്ങളോടു് അദ്ദേഹം അരുളിച്ചെയ്തിരുന്ന വാക്കുകൾ ഓൎപ്പിൻ എന്നും പറഞ്ഞു് മറഞ്ഞുപോയി.

അപ്പോൾ നാരീഗണം അത്യന്തം സന്തോഷിച്ചുകൊണ്ടു് മടങ്ങിപ്പോന്നെങ്കിലും കൎത്താവിനെ അല്ലെങ്കിൽ മഗ്ദലേനായെയെങ്കിലും കാണായ്കയാൽ പലപ്പോഴും പുറകോട്ടു് തിരിഞ്ഞുനോക്കിയിരുന്നു. അതിനിടയിൽ മഗ്ദലേന വിരുന്നുശാലയിൽ ഓടിച്ചെന്നു് ധൃതിയായി കൊട്ടിവിളിച്ചു്, പത്രോസു്, യോഹന്നാൻ മുതലായവരോടു് "അവർ എൻെറ കൎത്താവിൻെറ തിരുമേനിയെ എടുത്തുകൊണ്ടു് പൊയ്ക്കളഞ്ഞു. അദ്ദേഹത്തെ അവർ എവിടെയാണു് വെച്ചിരിക്കുന്നതെന്നു് എനിക്കറിഞ്ഞുകൂടാ" എന്നു മാത്രം ഒരു ഭ്രാന്തിയെപ്പോലെ പറഞ്ഞുംവെച്ചു് വീണ്ടും തോട്ടത്തിലേക്കു് പിന്തിരിഞ്ഞു ഓടിപ്പോയി. ഈ ശിഷ്യർ മററു ശിഷ്യരോടു്

ചില വാക്കുകൾ ഉച്ചരിച്ചശേഷം അവരും അവളെ പിന്തുടർന്നു് ഓട്ടമ്പോൾ യോഹന്നാൻ പത്രോസിനു മുൻപു് ഓടിക്കടന്നു തോട്ടത്തിൽ എത്തി. അപ്പോൾ മഗ്ദലേന തോട്ടത്തിലേക്കു് കടന്നു ചെന്നപ്പോൾ ദുഃഖത്താലും ഓട്ടത്താലും നന്ന വശംകെട്ടുകയും, മഞ്ഞാൽ വസ്ത്രം മുഴുവൻ നനയുകയും ചെയ്തിരുന്നു.

അവൾ തനിയെ ആകയാൽ കവറിടത്തിൽ കടക്കുന്നതിനു് ശങ്കിച്ചു് അല്പം നിന്നിട്ടു് കവറിടത്തിനുള്ളിൽ നല്ലവണ്ണം നോക്കുന്നതിനായി മുട്ടുകുത്തി മുഖത്തേക്കു വീണിരുന്ന തലമുടിമാററി സൂക്ഷിച്ചു നോക്കിയപ്പോൾ അതിൽ ഇരുന്നിരുന്ന രണ്ടു മാലാഖാമാർ "സ്ത്രീയെ എന്താ നീ കരയുന്നതു്" എന്നു ചോദിച്ചതിനു് അവൾ അദ്ദേഹത്തിൻെറ തിരുമേനിയെ കാണായ്കയാൽ അതി ദുഃഖം നിറഞ്ഞ സ്വരത്തിൽ "അവർ എൻെറ കർത്താവിനെ എടുത്തുകൊണ്ടു് പൊയ്ക്കളഞ്ഞു; അദ്ദേഹത്തെ അവർ എവിടെവെച്ചു എന്നറിഞ്ഞില്ല" എന്നുത്തരിച്ചു. എന്നാൽ വക്കുശീലയും മററും കവറിടത്തിൽ ചിതറിക്കിടക്കയാൽ മററൊന്നും മിണ്ടാതെ പുറത്തിറങ്ങി അത്യാശയോടെ തോട്ടത്തിൽ മററ സ്ഥലങ്ങളിൽ അദ്ദേഹത്തെ അന്വേഷിപ്പാൻ അവൾ ആരംഭിച്ചു. അദ്ദേഹത്തെ അവൾ കണ്ടെത്തും എന്നുമാത്രമല്ല അദ്ദേഹം നന്നാ അടുക്കലായിരിക്കുന്നു എന്ന ഒരു രഹസ്യസ്വരം അവളുടെ ഹൃദയത്തിൽ നിലവിളിക്കയാൽ മാലാഖാമാരെ കണ്ടതിൽ ഒരുവക ആശ്ചര്യവും അവൾക്കു തോന്നിയില്ല; എന്നുതന്നെയുമല്ല ഈശോയെ കാണായ്കയാലുള്ള താപശക്തിയാൽ അവർ മാലാഖാമാരാണെന്നുകൂടെ തിരിച്ചറിഞ്ഞുമില്ല.

അവളുടെ മുഖത്തു് വീണിരുന്ന തലമുടി പിന്നെയും കോപത്തോടെ മാററി തോളിൽ ഇരുവശവും വകഞ്ഞിട്ടു് തല ഉയർത്തി സൂക്ഷിച്ചപ്പോൾ കവറിടത്തിൽനിന്നു് പത്തടി കിഴക്കോട്ടുമാറി അല്പം ഉയരത്തിൽ നില്ക്കുന്ന ഒരു വൃക്ഷത്തിൻെറ മറവിൽ പൊക്കമുള്ള ഒരാൾ വെണ്മയുള്ള വസ്ത്രം ധരിച്ചു് നില്ക്കുന്നതു് വിസ്മയത്തോടെ അവൾ കണ്ടു. കർത്താവിൻെറ പാടുകൾക്കു മുൻപു് ബേസനിയായിൽവെച്ചു് ആ പരിശുദ്ധ സ്ത്രീകളോടുള്ള അദ്ദേഹത്തിൻെറ ഉപദേശത്തിൽ പറഞ്ഞ ഉപമയിലെ തോട്ടക്കാരനെപ്പോലെ കരങ്ങളിൽ മൺവെട്ടിയോടും തലയിൽ ഒരു തോട്ടക്കാരൻെറ വലിയ തൊപ്പിയോടുംകൂടെ കാണപ്പെട്ട ആ ആൾ "സ്ത്രീയെ, നീ കരയു,

ന്നതെന്തു്? നീ ആരെയാണു് അന്വേഷിക്കുന്നതു്" എന്നു ചോദിച്ചു. അതിനു് അവരം പെട്ടെന്നു് "നാഥാ, താങ്കരം ഇവിടെനിന്നു് അദ്ദേഹത്തെ എടുത്തിട്ടുണ്ടെങ്കിൽ എവിടെയാണു് വെച്ചിരിക്കുന്നതെന്നു് എന്നോടു് പറയണമെ; ഞാൻ പോയി എടുത്തുകൊള്ളട്ടെ" എന്നു പറഞ്ഞുകൊണ്ടു് പുറം നോക്കിയിരുന്നു.

ഈശോ അവളെ, മറിയമേ! എന്നു് വിളിച്ച ഉടനെ അവിടുത്തെ സ്വരം അവരം തിരിച്ചറിഞ്ഞു് (റബ്ബീ) ഗുരുവേ, എന്നുത്തരിച്ചുകൊണ്ടു് അവിടുത്തെ സന്നിധിയിൽ സാഷ്ടാംഗം വീണു് തൃപ്പാദം തൊടുന്നതിനു് കരങ്ങരം നീട്ടവെ, അവിടുന്നു് അകലുവാൻ കാണിച്ചുകൊണ്ടു് അരുളിച്ചെയ്തതായതു്: "ഞാൻ ഇതുവരെ എൻെറ പിതാവിൻെറ പക്കൽ കയറിയിട്ടില്ലായ്കയാൽ നീ എന്നെ തൊടരുതു്. നീ എൻെറ സഹോദരരുടെ പക്കൽച്ചെന്നു് ഞാൻ എൻെറയും നിങ്ങളുടെയും പിതാവിൻപക്കലേക്കും എൻെറയും നിങ്ങളുടേയും ദൈവത്തിൽപക്കലേക്കും കയറുന്നു എന്നറിയിക്ക" എന്നു പറഞ്ഞുകൊണ്ടു് മറഞ്ഞുപോയി.

"എന്നെ തൊടരുതു്" എന്ന വാക്യംകൊണ്ടു്, അവളുടെ വിചാരത്തിൻെറ ഉഗ്രതനിമിത്തം ഈ നിറവേറിയിരിക്കുന്ന പരമരഹസ്യങ്ങരംമറന്നു് അദ്ദേഹത്തിൻെറ ആ പൂർവ്വമർത്ത്യദേഹം തന്നെയാണു് ഇപ്പോഴും അദ്ദേഹം ധരിച്ചിരിക്കുന്നതെന്നു് കരുതരുതെന്നും, "ഞാൻ ഇതുവരെ എൻെറ പിതാവിൻെറ പക്കൽ കയറിയില്ല" എന്ന വാക്യങ്ങളാൽ അദ്ദേഹം ഉയിർത്തശേഷം, അദ്ദേഹം നിറവേററിയ ഈ രക്ഷണീയവേലയും മരണത്തിന്മേൽ പ്രാപിച്ച പൂർണ്ണജയവും നിമിത്തം പിതാവിനു് സ്തോത്രം ചെയ്യുന്നതിനായി അദ്ദേഹത്തിൻെറപക്കൽ കയറിയില്ലെന്നും ആണു് സൂചിപ്പിച്ചിരുന്നതു്. എന്നുമാത്രവുമല്ല നമ്മുടെ സകല സന്തോഷങ്ങളുടേയും ആദ്യഫലം ദൈവത്തിനു് ചെല്ലേണ്ടതാകയാൽ ഈ നിറവേറിയ സംരക്ഷണവും മരണത്തോടുള്ള ജയവും നിമിത്തം ദൈവത്തിനു് സ്തോത്രം ചെയ്യണമെന്നും ഈ വാക്യങ്ങളാൽ അവളെ ഗ്രഹിപ്പിക്കണമെന്നു് അദ്ദേഹം കരുതിയിരുന്നു.

എന്നാൽ മുൻപോലെ ആ തൃപ്പാദങ്ങരം മുത്തുന്നതിനു് അദ്ദേഹം സമ്മതിച്ചിരുന്നെങ്കിൽ അവളുടെ പൂർവ്വ ദിവ്യഗുരു എന്നു

മാത്രം അദ്ദേഹത്തെ കരുതുന്നതല്ലാതെ മോക്ഷത്തിൽ ഇത്ര ആനന്ദകരമായ ഈ ആശ്ചര്യകരസംഭവം ഒന്നും ഓക്കാഞ്ഞേതന്നെ. മഗ്ദലേന ഉടൻ എഴുന്നേററു് ഇതു് ഒരു സ്വപ്നമൊ കാഴ്ചയൊ എന്നു സംശയിച്ചു് കവറിടത്തിൽപോയി വീണ്ടും നോക്കിയപ്പോൾ ആ രണ്ടു മാലാഖാമാർ മററു സ്ത്രീകളോടു പറഞ്ഞവതന്നെ അവളോടും പറകയാൽ അവൾ കണ്ടതു് സത്യമായി കത്താവുതന്നെ ആയിരുന്നു എന്നുറച്ചു് അവളെ അന്വേഷിച്ചു് വിഷാദിച്ചു നടന്നിരുന്ന മററവരെ അന്വേഷിച്ചു് ഗാഗുൽത്തായിലേക്കു് പോയി. ഇവയെല്ലാം മൂന്നു മണിക്കൂറു് നേരത്തിനിടയിൽ മൂന്നരമണിസമയത്തത്രെ സംഭവിച്ചതു്.

മഗ്ദലേന പോയ ഉടൻ പത്രോസും യോഹന്നാനും കവറിടത്തിൽവന്നു് എത്തിനോക്കിയപ്പോൾ വക്കശീലയും മററും ചിതറിക്കിടക്കുന്നതുകണ്ടു്, ഈശോ സത്യമായി ഉയിത്തു എന്നു് വിശ്വസിച്ചതുകൂടാതെ അദ്ദേഹത്തിൻെറ ഉയിപ്പു സംബന്ധിച്ചു് അദ്ദേഹം അവരോടു് അരുളിച്ചെയ്തിരുന്നവയും അതുസംബന്ധിച്ചു് വേദാഗമങ്ങളിൽ എഴുതപ്പെട്ടവയും അപ്പോഴാണു് പൂണ്ണമായി അവർ ഗ്രഹിച്ചതു്. ഒടുക്കം ആ വക്കശീല മുതലായവ പത്രോസു് എടുത്തു് വസ്ത്രത്തിനുള്ളിൽ വെച്ചുകൊണ്ടു് കോട്ടയുടെ രഹസ്യവാതിൽവഴി പട്ടണത്തിലേക്കു് പോകയും ചെയ്തു. അതിൽ ഇരുന്നിരുന്ന രണ്ടു മാലാഖാമാരെ യോഹന്നാൻമാത്രം കണ്ടിരിക്കണം. എന്തെന്നാൽ അമ്മാവോസിനു് പോകുന്ന മററു ശിഷ്യരോടു് അയാൾ ആ വിവരം പറയുന്നതു് ഞാൻ കേട്ടു. അതിൻെറശേഷം കാവൽപടയാളികൾ മയക്കം തെളിഞ്ഞു് എഴുന്നേററു് കുന്തങ്ങളും വിളക്കും മററും എടുത്തു് മഹാ ഭയത്തോടെ പട്ടണത്തിലേക്കു് പോയി.

മഗ്ദലേന പരിശുദ്ധ നാരീഗണത്തെക്കണ്ടു് വിവരങ്ങൾ അറിയിച്ചപ്പോൾ അവരും തങ്ങളോടു് മാലാഖാമാർ പറഞ്ഞതെല്ലാം വിവരിച്ചു് കേൾപ്പിച്ചശേഷം മഗ്ദലേന ഓരല്ലത്തേക്കും മററവർ പത്രോസിനേയും യോഹന്നാനേയും കാണ്മാനായി കവറിടത്തിലേക്കും തിരിച്ചു. ഇവർ അവിടെ എത്തുന്നതിനു് അല്പം മുമ്പു് കത്താവു് ഒരു വെണ്മയുള്ള നീണ്ട വസ്ത്രത്തിനുള്ളിൽ തൻെറ തൃക്കരങ്ങൾ മറച്ചുകൊണ്ടു് അവക്കു് പ്രത്യക്ഷനായി "നിങ്ങൾക്കു് സമാധാനം" എന്നരുളിച്ചെയ്തു. അപ്പോൾ അവർ ആനന്ദ

പരവശരായി അവിടുത്തെ തൃപ്പാദങ്ങളിൽ സാഷ്ടാംഗം വീണ പ്പോഠം അവിടുന്നു് എന്തൊ ചുംബിക്കാണിപ്പാനെന്ന ഭാവത്തിൽ കരങ്ങഠം നീട്ടിക്കൊണ്ടു് മറഞ്ഞുപോയി.

അതിൻെറശേഷം നാരീഗണം വിരുന്നുശാലയിൽ കൂടിയിരുന്ന ശിഷ്യരുടെ പക്കൽച്ചെന്നു് സകല വിവരങ്ങളും അറിയിച്ചെങ്കിലും അവർ ഇരുവരും മഗ്ദലേനായും പറഞ്ഞ വൃത്താന്തങ്ങഠം ഒന്നും വിശ്വസിക്കാതെ അവയെല്ലാം സ്ത്രീകഠംക്കുടുത്ത മിത്ഥ്യാസങ്കല്പങ്ങളാണെന്നു് കരുതിയിരുന്നു. പക്ഷെ അല്പം കഴിഞ്ഞു് പത്രോസും യോഹന്നാനും വന്നു് വിവരങ്ങഠം പറകയാൽ പ്രത്യുത്തരമില്ലാതെ ആശ്ചര്യത്താൽ നിശ്ശബ്ദരായി നിന്നുപോയി. പത്രോസും യോഹന്നാനും ഈ വിസ്മയകര സംഭവങ്ങളാൽ ചിന്താനിമഗ്നരായി മിണ്ടാതെ വിരുന്നുശാലവിട്ടു് ഇറങ്ങുമ്പോഠം ചെറിയ യാക്കോവും, തദ്ദെയും വന്നു അല്പം മുമ്പു് തങ്ങഠം കർത്താവിനെ കണ്ട വൃത്താന്തം ആനന്ദപൂരിതരായി പറഞ്ഞു കേഠംപ്പിച്ചു. പത്രോസും കർത്താവിനെ കണ്ടിരിക്കണം; എന്തെന്നാൽ അല്പം മുമ്പു് കർത്താവു് അവരുടെ നന്നാ അരികിൽക്കൂടെ കടക്കുന്നതും പത്രോസു് പെട്ടെന്നു് നിൽക്കുന്നതും ഞാൻ കണ്ടു. പക്ഷെ യോഹന്നാൻ കർത്താവിനെ കണ്ടുവൊ എയന്നു് അറിഞ്ഞില്ല.

# അദ്ധ്യായം 64

## കവറീടക്കാവൽക്കാരുടെ വാമൊഴി

ലൊങ്കീനോസു് നന്നാ കാലത്തെതന്നെ പീലാത്തോസിൻെറ അരമനയിൽ വന്നപ്പോഠം അവൻ കിടക്കയിൽനിന്നു് എഴുന്നേററിട്ടുകൂടെ ഇല്ലായിരുന്നു; എങ്കിലും അവൻെറ ശയനമുറിയിൽ എപ്പോഴെങ്കിലും കടന്നുചെല്ലുന്നതിനു് ഇവനുള്ള പ്രത്യേക അനുമതിപ്രകാരം ചെന്നു് സംഭവിച്ച സകല വിവരങ്ങളും പാറ പിളുന്നതും മാലാഖാ ഇറങ്ങി ബ്രഹ്മാണ്ഡകല്ലു് എടുത്തുമാററിയതും, വക്ഷശീലകഠം ചിതറിക്കിടക്കുന്നതും, അവനിമിത്തം

അവനുള്ള മനോചിന്തകളും എത്രയും ഹൃദയമിളക്കുന്ന വിധത്തിൽ പറഞ്ഞുകേൾപ്പിച്ചു; എന്നുമാത്രവുമല്ല നിശ്ചയമായിട്ടു് ഈശോ ദൈവകുമാരനായിന്നു എന്നും അദ്ദേഹം സത്യമായിട്ടു് ഉയൎത്തിരിക്കുന്നു എന്നുറപ്പായി സാക്ഷീകരിക്കയും ചെയ്തു.

പീലാത്തോസു് ഈ വിവരങ്ങൾ കേട്ടു് ഭയത്താൽ ഞടുങ്ങി വിറച്ചിരുന്നെങ്കിലും പാടുള്ളേടത്തോളം തന്റെ സംഭ്രമം മറച്ചുകൊണ്ടു് "നീ ഒരു മഹാ മൂഢഭക്തനാകുന്നു, ആ ഗലിലേയന്റെ കുഴിമാടത്തിൽ നീ പ്രവേശിച്ചതുതന്നെ ബഹു മൂഢത്വമായിപ്പോയി: എന്തെന്നാൽ ആ ഗലിലേയന്റെ ദേവതകൾ നിന്റെ ബലക്ഷയമറിഞ്ഞു് ഈ തരംപിടിച്ചു് ഈ കാഴ്ചകളാൽ നിന്നെ നന്നാ കലക്കിക്കളഞ്ഞു" എന്നും "ഈ കഥയില്ലാത്ത വൃത്താന്തങ്ങൾ ആരോടും പറയരുതു്: അല്ലാഞ്ഞാൽ ശ്രേഷ്ഠാചാൎയ്യർ നിനക്കു ദോഷം വരുത്തും, എന്നു് നിന്നോടു് ഞാൻ ഗുണദോഷിക്കുന്നു" എന്നും പറഞ്ഞു. ഇതിനാൽ കൎത്താവിന്റെ ശിഷ്യർ അദ്ദേഹത്തിന്റെ തിരുമേനി എടുത്തുകൊണ്ടുപോയിട്ടു് ഇപ്രകാരമൊക്കെ പറവാനായി കാവല്ക്കാൎക്കു് കൈക്കൂലികൊടുക്കയൊ ക്ഷുദ്രപ്രയോഗത്താൽ അവരെ കൈവശപ്പെടുത്തുകയൊ ചെയ്തതാണെന്നു് കരുതുന്നുവെന്നു് പീലാത്തോസു് നടിച്ചിരുന്നു.

പീലാത്തോസു് ഈ സംഗതി സംബന്ധിച്ചു് പറവാനുള്ളവ എല്ലാം പറഞ്ഞശേഷം അവന്റെ ദേവകൾക്കു് പൂജസമൎപ്പിപ്പാൻ പോയപ്പോൾ ലൊങ്കീനോസും അവനെവിട്ടു് പൊയ്ക്കളഞ്ഞു. അല്പം കഴിഞ്ഞപ്പോൾ കവറിടകാവല്ക്കാരായ നാലു പേർ പീലാത്തോസിന്റെ പക്കൽ വന്നു് ലൊങ്കീനോസു് പറഞ്ഞവതന്നെ പറഞ്ഞുതുടങ്ങിയപ്പോൾ അവൻ ഒന്നും ശ്രദ്ധിക്കാതെ കയ്യാപ്പായുടെ പക്കലേക്കു് അവരെ പറഞ്ഞയച്ചു.

മററു രണ്ടു കാവല്ക്കാരെ ദേവാലയസമീപെ ഒരു മുററത്തുക്കൂടി ആലോചിച്ചിരുന്ന പല പ്രധാന യൂദന്മാർ തടുത്തുനിറുത്തി മറവിൽ കൊണ്ടുപോയി "ഞങ്ങൾ ഉറങ്ങിക്കിടക്കുമ്പോൾ ഈശോയുടെ ശിഷ്യർവന്നു് അവന്റെ പ്രേതം കട്ടുകൊണ്ടു് പൊയ്ക്കളഞ്ഞു" എന്നു് പറവാനായി കൈക്കൂലികൊടുത്തും ഭീഷണി ഭാവിച്ചും പ്രയത്നിച്ചു.

പക്ഷെ ആ കാവല്ക്കാർ ഈ അസത്യവാൎത്ത മററവർ പീലാത്തോസിനോട്ട് പറഞ്ഞതിനു വിരോധമാകുമല്ലൊ എന്നു പറഞ്ഞപ്പോൾ യൂദഗണം "അവ സകലവും ഞങ്ങൾ ധ്യായാധിപനോട്ട് ആലോചിച്ച് നിങ്ങൾക്ക് ഒരു കുററവും വരാതെ ചട്ടം കെട്ടിക്കൊള്ളാം" എന്നു് ഏല്ക്കയും ചെയ്തു. എന്നാൽ ഇവ പറഞ്ഞു നില്ക്കുന്നതിനിടയ്ക്കു് മററവർ പീലാത്തോസിന്റെ പക്കൽ നിന്നു് പിന്തിരിഞ്ഞപ്പോൾ പ്രീശർ അവരോടും പറഞ്ഞു് സത്യത്തെ മറപ്പാൻ പ്രയത്നിച്ചെങ്കിലും അവർ അതിന്നു് സമ്മതിക്കാതെ ഞങ്ങളുടെ ആദ്യസത്യവിവരണത്തിന്നു് അല്പവ്യത്യാസമായ വാക്കു് ഒരിക്കലും തങ്ങൾ പറയുന്നതല്ല, എന്നു് ധൈൎയ്യത്തോടെ തീൎച്ചയായി പറഞ്ഞു.

അപ്പോൾ പ്രീശർ കുററം മുഴുവൻ കാവല്ക്കാരുടെമേൽ ആരോപിക്കുന്ന ഭാവത്തിൽ "നിങ്ങളെ കാവലേല്പിച്ച ഈശോയുടെ പ്രേതം അവന്റെ ശിഷ്യർ എടുത്തുകൊണ്ടുപോകുന്നതിന്നു് നിങ്ങൾ സമ്മതിച്ചു എന്നു് തെളിവാകയാൽ ആ പ്രേതം കാണിച്ചു തരാത്തപക്ഷം നിങ്ങൾ നാലുപേരും വളരെ കഠിനശിക്ഷകൾ സഹിക്കേണ്ടിവരും" എന്നു് കോപത്തോടെ പറഞ്ഞു. അപ്പോൾ റാംസയൌസേപ്പ് പാറാവിൽനിന്നു് അത്ഭുതമായി രക്ഷ പ്രാപിച്ച വൎത്തമാനം ജനങ്ങളിൽ പരന്നിരിക്കയാൽ ഈ കാവൽക്കാർ "ഞങ്ങൾ ഈശോയുടെ പ്രേതം കാണിക്കുന്നതിന്നു് ബാദ്ധ്യസ്ഥരാകണമെങ്കിൽ യൌസേപ്പിന്റെ കാവല്ക്കാർ അവനേയും വീണ്ടും പാറാവിൽ കൊണ്ടുവരേണ്ടിയിരിക്കുന്നു" എന്നു് മഹാധൈൎയ്യത്തോടെ പറഞ്ഞു. ഇതു കൂടാതെ പ്രീശരുടെ ഭീഷണികളും കൈക്കൂലി ഉടമ്പടികളും ഒന്നും അശേഷം ഗണ്യമാക്കാതെ തങ്ങൾ സത്യമല്ലാതെ ഒരു വാക്കുപോലും ഉച്ചരിക്കയില്ലെന്നും, ഈശോയെ മരണത്തിന്നു വിധിച്ചതു് തീരെ അനീതിയും ദുഷ്ടതയും ആയി എന്നും, അദ്ദേഹത്തെ കൊന്നതുനിമിത്തമാണു് ഈ ഭയങ്കരസംഭവങ്ങളാലെ പെസഹാബലി തടവായതെന്നും മററും പറഞ്ഞിരുന്നു.

ആകയാൽ പ്രീശർ ഉഗ്രകോപംകൊണ്ടു് ആ നാലു കാവൽക്കാരെപ്പിടിച്ച് പാറാവിലടക്കയും മററവരെക്കൊണ്ടു് അവരുടെ കരുതൽപോലെ പറയിക്കയുംചെയ്തു. എന്നു തന്നെയുമല്ല പ്രീശരും, സന്ദുക്കായരും, ഹേറോദീയരും ഒന്നിച്ചുകൂടി ഈ കള്ള

വൎത്തമാനവും കൎത്താവിൻെറനേരെ മററനേക വ്യാജങ്ങളും ജനങ്ങളിൽ പരത്തുന്നതിന്നു അത്യന്തം പ്രയത്നിച്ചിരുന്നു. എന്നാൽ മുൻപോലെതന്നെ ഉയിൎപ്പിൻെറശേഷവും പല മരിച്ചവർ പലേടത്തു് അവരുടെ സ്നേഹിതൎക്കും സംബന്ധികൾക്കും ധൈൎയ്യംകെട്ടു് ഓടിയൊളിച്ച ശിഷ്യൎക്കും, ഹൃദയം തീരെ വഷളാകാത്തവൎക്കും കാണപ്പെട്ടു്, മനസ്സു് തിരിയുന്നതിന്നു് ഉപദേശിച്ചിരുന്നതിനാൽ അനേകർ നല്ലവഴിക്കു് തിരിഞ്ഞിരുന്നു. പക്ഷെ ഈ ഉപദേശത്തിനായി മാത്രമുള്ള ഇവരുടെ ഉയിൎപ്പു് താല്ക്കാലികമായിരുന്നു.

# അദ്ധ്യായം 65

## വലിയനോമ്പിലെ ധ്യാനാവസാനം

യൂദന്മാർ പിറെറ ഞായറാഴ്ച ദേവാലയം കഴുകി ശുദ്ധിവരുത്തിക്കൊണ്ടു് ഭൂകമ്പത്താൽ ഇടിഞ്ഞുവീണതുകളൊക്കെയും നീക്കി വെടിപ്പുവരുത്തുകയും, ചുമരിലെ വിള്ളലുകളിലും മററും മരക്കഷണങ്ങൾവെച്ചു് മീതെ പരവതാനികൾ തറെക്കുകയും ചെയ്യുന്നതും പരിഹാരബലി അണെക്കുന്നതും ഞാൻ കണ്ടു. എന്നു മാത്രമല്ല, ചത്ത മനുഷ്യപ്രേതങ്ങളുടെ അശുദ്ധാരൂപികളെ ഒഴിക്കുന്നതിനായി ഇടക്കു് നിൎത്തലാക്കിയ പെസഹാബലി വീണ്ടും ആരംഭിക്കുന്നു എന്നു അറിയിച്ചുകൊണ്ടു് അവയെ വീണ്ടും തുടങ്ങുകയും ചെയ്തു. ഇതുകൂടാതെയും കഴിഞ്ഞ സംഭവങ്ങൾ സംബന്ധിച്ചു് ഒരക്ഷരം മിണ്ടുന്നവരെ സഭാഭ്രഷ്ടരാക്കുമെന്നു പറഞ്ഞു് ഭയപ്പെടുത്തിയിരുന്നു; എങ്കിലും ഈ വാക്യങ്ങൾ ഹൃദയം കടുത്തവരെ മിണ്ടടക്കിയതല്ലാതെ സൽഗുണഹൃദയമുള്ളവരെ അടക്കുന്നതിന്നു് മതിയായിരുന്നില്ല.

അവർ ഈശോയുടെനേരെയുള്ള തങ്ങളുടെ വിശ്വാസത്തെ ഒരു ഭയവുമില്ലാതെ ലോകമെങ്ങും പ്രസിദ്ധീകരിച്ചിരുന്നതും, ക്രിസ്തുവിൻെറ പഠനം ഇത്ര നിമിഷത്തിൽ നാടെങ്ങും പരക്കുന്നതും കണ്ടു് ശ്രേഷ്ഠാചാൎയ്യർ ഭ്രമിച്ചിരുന്നു. ആദ്യപട്ടക്കാരനായ വിശുദ്ധ എസ്തപ്പാനോസിൻെറ കാലത്തുതന്നെ ഓഫെൽ, സിയോൻ

എന്ന ദിക്കുകളിൽ ക്രൈസ്തവർക്കു് സ്ഥലം മതിയാകായ്കയാൽ ഓറശ്ലത്തിനും ബെസനിയായ്ക്കുംമദ്ധ്യേ കടന്നു് ഭവനങ്ങൾ ഏല്പ്പെടുത്തേണ്ടിവന്നു. അന്നാസു് ഒരിക്കലും വെളിയിൽ കാണപ്പെടാതെ അടച്ചിരിക്കത്തക്ക വിലാപകരസ്ഥിതിയിലായിപ്പോയി. കയ്യാപ്പാ പുറമെ അത്ര വ്യസനം കാണിച്ചിരുന്നില്ലെങ്കിലും ഒടുവിൽ ഒരു ഭ്രാന്തനെപ്പോലെ ആയിത്തീൎന്നു.

പീലാത്തോസു് ഉയിപ്പുകഴിഞ്ഞു് വ്യാഴാഴ്ച അവന്റെ ഭാൎയ്യ ക്ലാവുദിയായെ അതി ശ്രദ്ധയോടെ അന്വേഷിച്ചെങ്കിലും അവളെ കണ്ടെത്തുവാൻ കഴിഞ്ഞില്ല; അവൾ ഓറശ്ലത്തു് ലാസറിന്റെ വീട്ടിൽ ഒളിച്ചിരിക്കയായിരുന്നു. ആ വീട്ടിൽ വേറെ സ്ത്രീകൾ പാൎപ്പില്ലായിരുന്നതിനാൽ ആൎക്കും അവിടെ നോക്കാൻ തോന്നിയില്ല. എന്നാൽ വിശുദ്ധ എസ്തപ്പാനോസു് അവൾക്കു് ഭക്ഷണം കൊണ്ടുവന്നു് കൊടുക്കുമ്പോൾ പട്ടണത്തിലെ സകല വിവരങ്ങളും അവളെ അറിയിച്ചിരുന്നു. വി: എസ്തപ്പാനോസും, വി: പൌലോസും ഭ്രാതാപുത്രരായിരുന്നു. വിശുദ്ധ ശനിയാഴ്ച കഴിഞ്ഞിട്ടു് കെവുറിനക്കാരൻ ശെമയോൻ ശ്ലീഹന്മാരുടെ പക്കൽ ചെന്നു് ഉപദേശം കൈക്കൊണ്ടു് ജ്ഞാനസ്നാനപ്പെടുന്നതു് ഞാൻ കണ്ടു. 1823 കുംഭം 18-ാംനു- മുതൽ മേടം 6-ാംനു- വരെ ഉണ്ടായ എമ്മരിച്ചുസഹോദരിയുടെ പീഡാനുഭവകാഴ്ചകൾ ഇവിടെ അവസാനിച്ചിരിക്കുന്നു.

St. Joseph's I. S. Press, Elthuruth,
Trichur, (S. India.)
1960.